
ശ്രീരാമവർമ്മ ഗ്രന്ഥാവലി

എഴുത്തച്ഛന്റെ രത്നങ്ങൾ



894-8121
EZH

"കവിതാപഥത്തിൽ എഴുത്തച്ഛൻ അംഗീകരിച്ചുകാണുന്ന രീതി പല പൂർവകവികളിലും അനന്തരകവികളിലുംനിന്നു ഭിന്നമാകുന്നു. വിവക്ഷിതത്തിന്റെ പ്രതീതിക്കു ഭാവനിബന്ധനമാണ് പ്രധാനമെന്നുള്ള പ്രസ്ഥാനം കാളിദാസപ്രഭൃതിമഹാകവികൾ അല്ലാതെ വേണ്ടപോലെ ഗ്രഹിക്കയും പ്രയോഗത്തിൽ സാധിക്കയും ചെയ്തിട്ടുള്ളതായി കാണുന്നില്ല. എഴുത്തച്ഛനും ആ പന്ഥാവുതന്നെ ആശ്രയിച്ചു.....അതിനെയുള്ള ഭാവങ്ങളിൽനിന്നു സഹൃദയന്മാർക്കു രസാസ്വാദനമുണ്ടാകുന്നു. ഭാവപ്രകാശനത്തിനു വാക്കുകളുടേയും വാക്യങ്ങളുടേയും ശക്തിതന്നെയാണ് എഴുത്തച്ഛന്റെ ഉപകരണം. അല്ലാതെ അലങ്കാരശബളതയല്ല.


കേരള സാഹിത്യ
അക്കാദമി

എഴുത്തച്ഛൻറെ രത്നങ്ങൾ

Sree Rama Varma Grandhavali

[*Malayalam*]

Ezhuthachante Ratnangal

(Selections from Ezhuthachan's Poetry)

Book of the Erstwhile Malayalam Improvement Committee
Published by the Kerala Sahitya Akademi

Revised Second Edition, 1960 September.
Copies: Two Thousand.

RIGHTS HELD BY
KERALA SAHITYA AKADEMI

PRINTED AT
THE GEETHA PRESS, TRICHUR

Price: Rs. 3

ശ്രീരാമവർമ്മഗ്രന്ഥാവലി

എഴുത്തച്ഛന്റെ രത്നങ്ങൾ

കേരളസാഹിത്യ അക്കാദമിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന
കൊച്ചിഭാഷാപരിഷ്കരണക്കമ്മിറ്റിവക ഗ്രന്ഥം

14237



[പകർപ്പവകാശം കേരളസാഹിത്യ അക്കാദമിക്ക്]

വിതരണം

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം

വില ക. 3.00

പരിഷ്കരിച്ച രണ്ടാംപതിപ്പ്
രണ്ടായിരം കോപ്പി

തൃശ്ശിവപേരൂർ ഗീതാ പ്രസ്സിൽ
അച്ചടിച്ചതു്

കവർ:
കൃഷ്ണാ & കമ്പനി
തൃശ്ശൂർ

പുതിയ പതിപ്പിന്റെ

പ്രസ്താവന

പഴയ മണിപ്രവാളശൈലിയിൽനിന്നു വേറിട്ടു സ്വതന്ത്രമായൊരു മലയാളശൈലിക്കു ജാതകം കുറിക്കുക, സംസ്കൃതേതിഹാസങ്ങളെ നാടൻശീലുകളിലൊതുക്കി സരസമുപപാദിക്കുക, ആര്യദ്രാവിഡസങ്കരത്തിനു വ്യാപ്തിയും ഊട്ടും കൈവരുമാറ് അവയും അവയിലുന്നീതങ്ങളായ ധർമ്മാധർമ്മങ്ങളും മലയാളികൾക്കു നിത്യപാരായണാർഹങ്ങളാക്കുക—ഈ മൂന്നു നേട്ടത്തിന്റെയും തലപ്പെട്ട കാരണവരാണല്ലോ തുഞ്ചത്തെഴുത്തച്ഛൻ. ഈ ഒട്ടുവിൽപ്പുറത്തു സംഗതി പെട്ടന്നാളുകൾക്കുള്ളിൽത്തട്ടിയില്ലെന്നു വരാം. പക്ഷേ അതു വലിയൊരു വാസ്തവമാണ്. കേരളത്തിലെ രാജ്യഭരണത്തിൽ നമ്പൂതിരിമാർക്കു സാരമായ കൈ ഉണ്ടായിരുന്നോയ്ക്കാം; കേരളത്തിലെ ദ്രാവിഡരിൽ എണ്ണപ്പെട്ടവരുമായി കുടുംബബന്ധം വരെ സ്ഥാപിക്കാൻ നമ്പൂതിരിമാർക്കു കഴിഞ്ഞിരി

ക്കാം; കേരളത്തിലെ പ്രാകൃതാരാധനാകേന്ദ്രങ്ങൾക്കു മീതേ ബ്രാഹ്മണമര്യാദയിലുള്ള ക്ഷേത്രങ്ങളും ക്രിയാവിധികളും ഏർപ്പെട്ടുത്തിയിരിക്കാം—ഇതെല്ലാമുണ്ടായിട്ടും, സംഭവിച്ചിട്ടില്ലാത്തൊരു സാംസ്കാരികസങ്കരമാണു് എഴുത്തച്ഛന്റെ കൃതികൾ കേരളത്തിൽ പരക്കേ വരുത്തിവെച്ചതു്. അനാര്യവർഗ്ഗങ്ങളിൽ ഏറ്റവും അടിപറ്റിക്കിടക്കുന്നവർതൊട്ടു മേല്പന്തിക്കാർവരെ ഏതാണ്ടെല്ലാവരും എഴുത്തച്ഛന്റെ രാമായണഭാരതാദികളുടെ പാരായണത്തിലൂടെ, അറിഞ്ഞും അറിയാതെയും, ആര്യസംസ്കാരനിഷ്ണാതരായിട്ടുണ്ടു് എന്നതു നിസ്തർക്കമാണു്. അനന്തരകാലത്തെ മലയാളസാഹിത്യത്തിൽ ആ സംസ്കാരത്തിന്നോ കമ്പോളമുണ്ടായിട്ടുള്ളൂ. കേരളീയസംസ്കാരമെന്നുവെച്ചാൽ മറ്റൊന്നുമല്ലെന്നുവരെ തോന്നിക്കാൻ എഴുത്തച്ഛൻകൃതികൾക്കു കഴിഞ്ഞിട്ടുണ്ടു്. ഇത്ര വലിയൊരു സാംസ്കാരികപരിവർത്തനമവകാശപ്പെടാൻ കഴിയുന്ന കേരളീയകവി വേറെയില്ല; ഇന്നുമില്ല.

എഴുത്തച്ഛന്റെ രാമായണഭാരതാദികൃതികൾ സംഗ്രഹപ്രായങ്ങളായിട്ടും കമ്പോട്ടകമ്പു വായിച്ചു പരക്കേ ആസ്വദിക്കാൻ കഴിയാത്തവിധം ബൃഹത്തുക്കളാണു് എന്നു പറയേണ്ടതില്ല. ആ സ്ഥിതിക്കു മലയാളികൾക്കാബാലവൃദ്ധം എഴുത്തച്ഛൻകവിതകളുമായി പരിചയപ്പെടാൻ ഉപകരിക്കണമെന്നു കരുതി കൊച്ചിഭാഷാപരിഷ്കരണക്കമ്മിറ്റിക്കാർ

ആ കൃതികളിലെ സവിശേഷസന്ദർഭങ്ങളെ തിര
ഞ്ഞെടുത്തു സങ്കലനംചെയ്തു തയ്യാറാക്കിയതാണു്
ഈ 'എഴുത്തച്ഛന്റെ രത്നങ്ങൾ.' ഭാഷാപരിഷ്ക
രണക്കമ്മിറ്റിയുടെ ചുമതലകളേറ്റെടുത്ത കേരള
സാഹിത്യ അക്കാദമി പ്രസ്തുതപ്രസിദ്ധീകരണത്തി
ന്റെ പരിഷ്കരിച്ചൊരു പതിപ്പു സഹൃദയസമക്ഷം
സമർപ്പിക്കുകയാണു്. മുമ്പത്തേതിനെപ്പോലെ ഈ
പതിപ്പിനേയും കേരളീയർ സൌഹൃദപൂർവ്വം സ്വാഗ
തംചെയ്യുമെന്നു വിശ്വസിക്കുന്നു.

തൃശ്ശിവപേരൂർ,
23_10_1960.

കേരളസാഹിത്യ അക്കാദമി

ഒന്നാം പതിപ്പിന്റെ

മുഖവുര

ഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്നു് ഇതിനുമുമ്പു പ്രസിദ്ധപ്പെടുത്തിയ "നമ്പ്യാരുടെ രതനങ്ങൾ" എന്ന പുസ്തകത്തിൽ "എഴുത്തച്ഛൻ മുതലായ മറ്റു മഹാകവികളുടെയും ഗ്രന്ഥങ്ങളിൽ നിന്നുള്ള തിരുവുകൾ യഥാക്രമം പ്രകാശിപ്പിക്കണ"മെന്നു കമ്മിറ്റി ഉദ്ദേശിക്കുന്ന വിവരം പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുപ്രകാരം തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളിൽനിന്നു തിരഞ്ഞെടുത്ത രതനങ്ങൾ വിഷയംതിരിച്ചു വിനിവേശിപ്പിച്ചു തയ്യാറാക്കിയതാണു് ഈ "എഴുത്തച്ഛന്റെ രതനങ്ങൾ". ഈ രതനസംഗ്രഹത്തെക്കുറിച്ചു പറവാനുള്ളതു പ്രസ്താവിക്കുന്നതിനു മുമ്പായി ഇതിലടങ്ങിയ രതനങ്ങളുടെ ആകരമായ എഴുത്തച്ഛന്റെ കാലം, ദേശം, നാമം, കൃതികൾ മുതലായവയെപ്പറ്റി ചുരുക്കത്തിൽ ഒന്നു നിരൂപിക്കുന്നതു് അസ്ഥാനത്താകയില്ലെന്നു വിശ്വസിക്കുന്നു.

മലയാളികളുടേയും മലയാളഭാഷയുടേയും ഗുരുവായ തുഞ്ചത്തെഴുത്തച്ഛന്റെ കാലദേശനാമങ്ങളേയും ആ മഹാൻ നിർമ്മിച്ച ഗ്രന്ഥങ്ങളേയും കുറിച്ചു ചരിത്രലക്ഷ്യങ്ങളോടുകൂടിയ അറിവു് ആർക്കുമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും പരമ്പരയായി പറഞ്ഞുവരുന്ന ഐതിഹ്യങ്ങളേയും മറ്റും ആസ്പദമാക്കി പലമഹാന്മാരും എഴുത്തച്ഛന്റെ കാലദേശാദികളേയും മറ്റും കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അവരിൽ ഓരോരുത്തരുടേയും അഭിപ്രായങ്ങൾ ഭിന്നങ്ങളായിട്ടാണു് കാണുന്നതു്. അവിതർക്കിതമായി ഏതെങ്കിലും ഒരഭിപ്രായം പറയുന്നതിനു് ഇനിയും ചില തെളിവുകൾ കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്.

കാലം

എഴുത്തച്ഛൻ ജീവിച്ചിരുന്നതു് ക്രിസ്താബ്ദം ൧൬–ാംശതവഷ്ത്തിലാണെന്നു് ഡാക്ടർ ഗുണ്ടർട്ട്, മിസ്റ്റർ ലോഗൻ, മിസ്റ്റർ ബണ്ണൽ മുതലായ പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കൊല്ലവഷ്ം ൯൨൦–ാമാണ്ടിടയ്ക്കാണെന്നു 'കേരളകൌമുദീ'കത്താവായ കോവുണ്ണിനെടുങ്ങാടിയും ൭൦൦–നും ൮൨൦–നും മദ്ധ്യേയാണെന്നു ഭാഷാചരിത്രകത്താവായ മിസ്റ്റർ പി. ഗോവിന്ദപ്പിള്ളയും പറയുന്നു. ഗോവിന്ദപ്പിള്ളയുടെ ഊഹം ഇങ്ങനെയാണു്:—

"മേപ്പത്തൂർ നാരായണഭട്ടതിരിയുടെ യൌവനകാലത്തു് എഴുത്തച്ഛനു മദ്ധ്യവയസ്സായിരുന്നു. ഈ ഭട്ടതിരിപ്പാട്ടിലെ പ്രധാന കവിതയായ നാരായണീയം കൃതീത്തതു് ൧൫൭൨ വൃശ്ചികം ൨൭–ാംനു- ആകുന്നു എന്നു് അതിൽ ഒടുവിലത്തെ ശ്ലോകത്തിൽ "ആയുരാരോഗ്യസൌഖ്യം" എന്ന കലികൊണ്ടു നിശ്ചയിക്കാം. ഉത്തരദേശത്തുനിന്നും ഒരു വീരാഗിബ്രാഹ്മണൻ അദ്ധ്യാത്മരാമായണം അമ്പലപ്പുഴ രാജാവിന്റെ അടുക്കൽ കൊണ്ടുവന്നതു് ൭൨൭–ാമതു് കൊല്ലം തുടങ്ങുന്ന ചിങ്ങമാസത്തിലാണെന്നും അന്നത്തെ കലി "പവിത്രകരഃ സൂയ്യഃ" എന്നാണെന്നും അദ്ധ്യാത്മരാമായണത്തിന്റെ വ്യാഖ്യാനം കട്ടയാട്ട ഗോവിന്ദമേനോൻ മലയാള അക്ഷരത്തിൽ തജ്ജിമചെയ്തിട്ടുള്ളതിൽ കാണുന്നു. അതിനാൽ എഴുത്തച്ഛന്റെ കാലം ൭൦൦–നും ൮൨൦–നും മദ്ധ്യേതന്നെ ആയിരിക്കണം."

ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം ശരിയായിരിക്കുമെന്നാണു് വിചാരിക്കേണ്ടതു്. അതിനുള്ള തെളിവുകളാവിതു്:—അദ്ധ്യാത്മരാമായണം മൂലത്തിനു പണ്ടു കേരളത്തിൽ പ്രചാരമില്ലായിരുന്നു. അതു് ഇവിടെക്കൊണ്ടുവന്ന ദിവസത്തെ കലി "പവിത്രകരഃ സൂയ്യഃ" എന്നാകയാൽ ൭൨൭ ചിങ്ങം ൨൭–ാംനു-യാണു് അതുണ്ടായതെന്നു തീച്ചയാക്കാം. ഈ ഗ്രന്ഥം അമ്പലപ്പുഴ രാജാ

വിന്റെ ആവശ്യപ്രകാരം എഴുത്തച്ഛൻ തജ്ജീമചെയ്തുവെന്നാണ് ഐതിഹ്യം. തജ്ജീമ അവസാനിച്ച ദിവസത്തെ കലി ''പവിത്രം പരമം സൌഖ്യ''മെന്നാണെന്നു ചിലർ പറഞ്ഞുവരുന്നു. അദ്ധ്യാത്മരാമായണത്തിന്റെ അവസാനത്തിൽ ഫലശ്രുതി പറയുന്നേടത്തു്,

''ദീഘ്രായുരത്ഥപ്രദം പവിത്രം പരം
സൌഖ്യപ്രദം സകലാഭീഷ്ടസാധകം''

എന്നുള്ളതിൽ ''പവിത്രം പരം സൌഖ്യ''മെന്നതു് ആ ഗ്രന്ഥം കൂറതീന്ന ദിവസത്തെ കലിയായി എടുക്കുന്നതിനു വിരോധം തോന്നുന്നില്ല. ''പവിത്രകരഃ സൂര്യഃ'' എന്നതും ''പവിത്രം പരം സൌഖ്യ''മെന്നതും ഒരേ ദിവസത്തെ കലിദിനസംഖ്യയെയാണല്ലൊ കുറിക്കുന്നതു്. ആകയാൽ മൂലഗ്രന്ഥം തജ്ജീമചെയ്ത തീന്ന ദിവസത്തെ കലിയെ അതു കൊണ്ടുവന്ന ദിവസത്തേതായി കട്ടയാട്ട ഗോവിന്ദമേനോൻ ധരിച്ചതായിരിക്കാനിടയുണ്ടു്. ഒവ്വ ചിങ്ങം ഋ്വ-ാംനു-യാണു് രാമായണം എഴുതിത്തീന്നതെന്നു വന്നാൽ ഗോവിന്ദപ്പിള്ള പറയുന്ന കാലം യോജിക്കുകയും ചെയ്യും.

എഴുത്തച്ഛനും മേപ്പത്തൂർ നാരായണഭട്ടതിരിയും തമ്മിൽ സ്നേഹിതന്മാരായിരുന്നുവെന്നു് ഐതിഹ്യമുണ്ടല്ലൊ. ഭട്ടതിരിയുടെ നാരായണീയം ഉണ്ടാക്കിത്തീന്നതു് 'ആയുരാരോഗ്യസൌഖ്യ'മെന്ന കലികൊണ്ടു കിട്ടുന്ന ഒന്യഠ-ാമതു വൃശ്ചികം ഋവ്-ാംനു-യാണു്. ഭട്ടതിരിയുടെ പ്രക്രിയാസവ്വസ്വം ഒൻഥ-ാമതു മകരം ന്ഠ-ാംനു-എഴുതിത്തുടങ്ങുകയും, ടി മീനം ർ-ാംനു- എഴുതിത്തീരുകയും ചെയ്തുവെന്നു പ്രക്രിയാസവ്വസ്വത്തിലുള്ള * കലിദിനസംഖ്യ

---

* അയമച്യുതഗുരുകൃപയാ
പാണിനികാത്യായനാദികാരുണ്യാൽ
''യത്നഃ ഫലപ്രസൂഃ സ്യാൽ''
''കൃതരാഗരസോദ്യ'' ശബ്ദമാത്രാജ്ജുഷാം.

ഇതിലെ 'യത്നഃ ഫലപ്രസൂഃ സ്യാൽ' തുടങ്ങിയ ദിവസത്തെ കലി, 'കൃതരാഗരസോദ്യ' അവസാനിച്ച ദിവസത്തെ കലി.

കളേക്കൊണ്ട് കിട്ടുന്നുണ്ട്. ഭട്ടതിരിയുടെ ജനനം ൧൩൪–ാമാണ്ടും മരണം വ്യ്ക്ര–ാമാണ്ടും ആണെന്നും അദ്ദേഹം ക്ഠ൩ വയസ്സു ജീവിച്ചിരുന്നുവെന്നും ചില ഗ്രന്ഥവരികളെക്കൊണ്ട് കാണുന്നുണ്ട്. നാരായണീയത്തിലും സഭ്വസ്വത്തിലുമുള്ള കലിദിനസംഖ്യകളും ഈ കാലത്തിന്നിടയിലാകയാൽ ഗ്രന്ഥവരിയെ വിശ്വസിക്കുന്നതിനും വിരോധവുമില്ല. അതുകൊണ്ട് ഭട്ടതിരിയും എഴുത്തച്ഛനും ഒരേ കാലത്തു ജീവിച്ചുവന്നുവെന്നു വ്യക്തമാകുന്നുണ്ട്.

എന്നാൽ ഭട്ടതിരിയുടെ യൌവനകാലത്തു് എഴുത്തച്ഛൻ മദ്ധ്യവയസ്കനായിരുന്നിരിക്കണമെന്ന ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം എല്ലാവരും സമ്മതിക്കുന്നില്ല. ൧൭൯–ൽ ഭട്ടതിരിക്കു തന്നെ ൪൨ വയസ്സു പ്രായമുണ്ടായിരുന്നുവല്ലൊ. അന്നാണു് എഴുത്തച്ഛൻ രാമായണം നിർമ്മിച്ചതെന്നു വന്നാൽ അതദ്ദേഹത്തിന്റെ മദ്ധ്യകാലത്തെ കൃതിയാകുവാൻ യുക്തിയില്ല. അതിനാൽ എഴുത്തച്ഛന്റെ കാലം ൧൦൦–നും ൭൦൦–നും മദ്ധ്യത്തിലെന്നുള്ള ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം മാറ്റി ൧൪൦–നും, ൭൨൪–നും മദ്ധ്യത്തിലായിരിക്കണമെന്നു ചിലർ അഭിപ്രായപ്പെടുന്നു. അങ്ങനെ വന്നാൽ എഴുത്തച്ഛന്റെ യൌവനകാലത്തു ഭട്ടതിരിയാണു് മദ്ധ്യവയസ്കനായിരിക്കാനിടയുള്ളതു്.

ജനനസ്ഥലം

എഴുത്തച്ഛന്റെ ജന്മഭൂമി ബ്രിട്ടീഷു മലബാർ പൊന്നാനി താലൂക്കിൽ ചേന്ന തിരുരിൽ തൃക്കണ്ടിയൂർ ക്ഷേത്രത്തിന്റെ അല്പം പടിഞ്ഞാറുഭാഗത്തും തിരുർ തീവണ്ടി ആപ്പീസ്സിന്റെ അല്പം തെക്കുവശത്തുമായി സ്ഥിതിചെയ്യുന്ന തുഞ്ചൻപറമ്പു് എന്ന സ്ഥലമാകുന്നു. ഈ പറമ്പിന്റെ നടുവിൽ എഴുത്തച്ഛൻ താമസിച്ചിരുന്ന ഗൃഹത്തിന്റെ അവശിഷ്ടമെന്നു വിചാരിക്കപ്പെടുന്ന ഒരു പുരത്തറ ഇപ്പോഴും കാണ്മാനുണ്ട്. ആ പുരത്തറമേൽ ഒരു മാവും അവിടെ വിളക്കുവെപ്പും ഉണ്ട്. ഒരു വീടായാൽ അത്യാവശ്യം

വേണ്ടതായ കുളം, കിണർ എന്നിവയും ഈ പറമ്പിൽ ഉണ്ട്. പറമ്പിനു തെക്കുവടക്കു ഏഴു ദണ്ഡും കീഴക്കുപടിഞ്ഞാറ് ഉദ്ദേശം പതിനാലു ദണ്ഡും വിസ്താരമുണ്ട്. പറമ്പിൽ എഴുത്തച്ഛന്റെ പേരിൽ ഒരു പ്രാഥമികപാഠശാലയും സ്ഥാപിച്ചിട്ടുണ്ട്. തുഞ്ചൻപറമ്പിനെ നാട്ടുകാർ ഒരു പുണ്യസ്ഥലംപോലെയാണു കരുതിവരുന്നതു്. അവിടെനിന്നു മണൽ കൊണ്ടുപോയിട്ടാണു് അടുത്ത പ്രദേശത്തുകാർ വിജയദശമിദിവസം വിദ്യാരംഭം നടത്താറുള്ളതെന്നു പറഞ്ഞുവരുന്നു.

ഉദ്ദേശം ഒരു കാൽ നൂറ്റാണ്ടിനുമുമ്പു് മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്ന പ്രസിദ്ധനായ തീപ്പെട്ട വിദ്വാൻ സാമൂതിരിപ്പാട്ടിലെ അദ്ധ്യക്ഷതയിൽ മേൽക്കാണിച്ച പറമ്പിൽവച്ചു് അക്കാലത്തെ ചില വിദ്വാന്മാരും കവികളും നാട്ടുകാരും ചേർന്നു് ഒരു സഭകൂടുകയും അതിൽവച്ചു് എഴുത്തച്ഛന്റെ ജനനസ്ഥലമായ തുഞ്ചൻപറമ്പിൽ കാണുന്ന പുരത്തറ മുതലായവയെ അദ്ദേഹത്തിന്റെ സ്മാരകമായി എന്നും കാണത്തക്ക വിധത്തിൽ സംരക്ഷിച്ചു് നിലനിറുത്തേണമെന്നും മറ്റും ചില തീരുമാനങ്ങളും ചെയ്കയും ഉണ്ടായി. ആ സഭ അല്പം കാലത്തേയ്ക്കു വിദ്വാന്മാരുടെ ഇടയിൽ എഴുത്തച്ഛനെപ്പറ്റി ആലോചിപ്പാനും അറിവാനും ഉള്ള ഒരുൽക്കണ്ഠയെ അങ്കുരിപ്പിക്കുകയും തൽഫലമായി മഹാകവി വള്ളത്തോൾ നാരായണമേനോനവർകളുടെ ആധിപത്യത്തിൽ ''രാമാനുജൻ'' എന്ന മാസികപത്രഗ്രന്ഥം ആയിടയ്ക്കു തുടങ്ങുകയും കുറേക്കാലം അതു നല്ലനിലയിൽ നടക്കുകയും ചെയ്കയുണ്ടായി. രാമാനുജൻ മാസികയിൽ തുഞ്ചൻപറമ്പിനെപ്പറ്റി എഴുതിയിരുന്ന ലേഖനത്തിന്റെ ഒരു ഭാഗം ഇങ്ങനെയാണു്:—''ഈ സ്ഥലത്തിൽ ഒരു പ്രത്യേക തേജസ്സു് വിളയാടുന്നുണ്ടെന്നു് അവിടെയുള്ള ജനങ്ങൾ പറഞ്ഞുവരുന്നുണ്ടു്. അങ്ങനെയല്ലാതെ വരാൻ തരമില്ലല്ലോ. അദ്ദേഹത്തിന്റെ വസതിയുടെ അടിത്തറയിലും അദ്ദേഹം നിത്യം ഉപയോഗിച്ചുവന്ന വാപീകൂപാദികളിലും അദ്ദേഹത്തിന്റെ

പാദസ്പർശംകൊണ്ടു പാവനങ്ങളാക്കപ്പെട്ട മണൽത്തരികളിലും അദ്ദേഹം നട്ടുവളർത്തിയതോ പോഷിപ്പിച്ചതോ ആയ വൃക്ഷങ്ങളിലും അദ്ദേഹത്തിന്റെ ചൈതന്യം പ്രതിഫലിച്ചുകാണുന്നതുതന്നെ. ഇപ്രകാരമുള്ള ഈ സ്ഥലത്തേയും അവിടെക്കാണുന്ന അടിത്തറ മുതലായവയേയും ഏതു വിധത്തിലും സംരക്ഷിക്കേണ്ടതു കേരളീയരായ നമ്മുടെ എല്ലാവരുടേയും കടമയാണു്."

നാമധേയം

എഴുത്തച്ഛന്റെ ജാതിനാമാദികളെപ്പറ്റി വിമർശകന്മാർ വളരെ വിസ്തരിച്ചു് എഴുതിയിട്ടുണ്ടെങ്കിലും നിസ്സംശയമായ ഒരഭിപ്രായം അവരിൽ ആരും പറഞ്ഞതായിക്കാണുന്നില്ല. പേർ എന്താണെന്നു നിർണ്ണയിപ്പാൻ രേഖാലക്ഷ്യങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. ശങ്കരൻ എന്നായിരുന്നുവെന്നു ചിലർ പറയുന്നു. അതിനു തെളിവില്ല.

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉപംക്രുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും
മുഖ്യന്മാരായ ഗുരുഭ്രതന്മാർ മറവുള്ളോരും"

എന്നു് അദ്ധ്യാത്മരാമായണത്തിന്റെ ആദിയിൽ കവി പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു് എഴുത്തച്ഛനു രാമൻ എന്നു പേരായ ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നുവെന്നും 'രാമ'ന്റെ അനുജനാകയാൽ ജനങ്ങളും അദ്ദേഹത്തെ രാമാനുജനെന്നു വിളിച്ചുവന്നുവെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം സംഭാവ്യാവസ്ഥകം കൂ് അനുസരിച്ചിരിക്കുന്നില്ലെന്നു തോന്നുന്നു. ജ്യേഷ്ഠനു രാമൻ എന്നു പേരുണ്ടായിരുന്നതുകൊണ്ടു് അനുജനു രാമാനുജൻ എന്നു പേർ വരുന്നതു നാട്ടുനടപ്പിനും ലോകവ്യവഹാരത്തിനും യോജിക്കുന്നില്ല. മലയാളത്തിൽ ഏതു ജാതിയിലും ഒരാളുകൂ് ഇന്നാളുടെ അനുജൻ എന്നു പേർപറയുന്ന സമ്പ്രദായം നടപ്പില്ലല്ലോ.

ഇനി അങ്ങനെ പേർ വരാമെന്നു വാദത്തിനുവേണ്ടി സമ്മതിക്കുന്നതായാൽത്തന്നെ രാമാനുജൻ എന്നു പേർ വരേണമെങ്കിൽ ആ ജ്യേഷ്ഠന്മായ രാമൻ അനുജനേക്കാളും അധികം ശ്രേഷ്ഠനായ ഒരാളായിരിക്കണം. എഴുത്തച്ഛന്റെ 'അഗ്രജ'നു് അതുപോലുമാത്രം വലിയ ഒരു പ്രസിദ്ധിയുണ്ടെന്നു കാണുന്നുമില്ല.

"അഗ്രജൻ മമ സതാം" എന്നു തുടങ്ങിയ വരികൾക്കു് "വിദുഷാമഗ്രേസരനായ എന്റെ അഗ്രജനും രാമനാമാചാര്യനും ഉപകരുന്നിങ്കൽ വാഴ്ക" എന്നേ അർത്ഥമുള്ളു. ഇതിലെ "അഗ്രജ"നും "രാമനാമാചാര്യനും" ഭിന്നന്മാരാകുന്നു. അല്പാത്തപക്ഷം മൽഗുരുനാഥൻ, ആചാര്യൻ എന്ന രണ്ടു പദം ഒരേ അർത്ഥത്തിൽ ഒരേ വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്നതു പുനരുക്തമായിത്തീരും. "സതാം വിദുഷാമഗ്രേസരനായി" "മൽഗുരുനാഥ"നായിരിക്കുന്ന എന്റെ അഗ്രജനും രാമനാകുന്ന ആചാര്യനും "മുഖ്യന്മാരായ ഗുരുഭ്രന്മാർ മറവുള്ളോരും" "ഉപകരുന്നിങ്കൽ വാഴ്ക" എന്നാണു് ഈ വരികളുടെ സ്വരസമായ അർത്ഥം. അദ്ധ്യാത്മരാമായണത്തിന്റെ ആരംഭത്തിൽ കവി "കാരണനായ ഗണനായകൻ ബ്രഹ്മാത്മകൻ" എന്നു തുടങ്ങി ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ, വേദവ്യാസൻ മുതലായ ഇഷ്ടദേവതകളേയും ഗുരുക്കന്മാരേയും മറ്റും വന്ദിക്കുന്ന കൂട്ടത്തിൽ ഗുരുവന്ദനപരമായിട്ടുള്ളതാണു് "അഗ്രജൻ മമ" എന്നാദിയായ വരികളും. അവ ഗ്രന്ഥകർത്താവിന്റെ പേർ കണ്ടുപിടിക്കുവാൻ സഹായിക്കുമെന്നു തോന്നുന്നില്ല. യഥാർത്ഥത്തിൽ എഴുത്തച്ഛൻ തന്റെ പേർ എവിടേയും പ്രസ്താവിച്ചിട്ടുള്ളതായി അറിവില്ല. "ജാതിനാമാദികൾക്കല്ല ഗുണഗണ"മെന്നു വിശ്വസിച്ചും പേരിനും പെരുമയ്ക്കും ഭ്രമമില്ലാതെയും വിനയശാലിയായി ജീവിച്ചുവന്ന ആ മഹാൻ സ്വന്തം പേർ പറയുക എന്നതു ഒരുവക അഹംഭാവത്തിന്റെ ലക്ഷണമാണെന്നു കരുതി ആ വിഷയത്തിൽ ഔനമവലംബിച്ചിരിക്കുമെന്നാണു് തോന്നുന്നതു്.

രാമാനുജൻ എന്ന നാമമുണ്ടായ്വാൻ യുക്തിയുക്തമായ യാതൊരു കാരണവും കാണുന്നില്ല.

എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യനെന്നു ജനങ്ങൾ വിശ്വസിച്ചുവരുന്ന കരുണാകരനെഴുത്തച്ഛൻ നിർമ്മിച്ച ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ടിൽ,

> "ധാത്രീദേവേന്ദ്രശ്രേഷ്ഠനാകിയ തപോനിധി
> നേത്രനാരായണനന്തന്നാജ്ഞയാ വിരചിതം
> രാമഭക്താഢ്യനായ രാമശിഷ്യനാലിദം"

എന്നു പ്രസ്താവിച്ചിട്ടുണ്ട്. നേത്രനാരായണന്റെ (ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ) ആജ്ഞപ്രകാരം "രാമശിഷ്യ"നാൽ വിരചിക്കപ്പെട്ടതാണിതു് എന്നാണല്ലൊ മേൽക്കാണിച്ച വരികളുടെ അർത്ഥം. ഇതിൽ കവി രാമന്റെ ശിഷ്യനാണു് താനെന്നു പറഞ്ഞതിൽനിന്നു് ആ ശിഷ്യത്വംകൊണ്ടാണു് തനിക്കു ജനങ്ങളുടെ ഇടയിൽ പ്രസിദ്ധിയുള്ളതെന്നു സൂചിപ്പിച്ചിരിക്കുന്നു. കരുണാകരനെഴുത്തച്ഛൻ തുഞ്ചത്തെഴുത്തച്ഛന്റെ ശിഷ്യനാണെന്നും ബ്രഹ്മാണ്ഡപുരാണം അദ്ദേഹത്തിന്റെ കൃതിയാണെന്നും സർവ്വസമ്മതമായിരിക്കുന്ന സ്ഥിതിക്കു് തുഞ്ചത്തെഴുത്തച്ഛന്റെ പേർ രാമനെന്നായിരുന്നുവെന്നു് ഊഹിക്കാം.

മേൽക്കാണിച്ചതിനെ ഉറപ്പിക്കുന്നതിനു വേറെയും ഒരു തെളിവു കാണുന്നുണ്ട്. കൊല്ലവർഷം പത്താംനൂറ്റാണ്ടിനിടയ്ക്കു ജീവിച്ചിരുന്ന ശ്രീമാൻ പുന്നശ്ശേരി ശ്രീധരൻ നമ്പി ഭാഗവതം ഏകാദശസ്കന്ധം കിളിപ്പാട്ടായി തർജ്ജിമ ചെയ്തിട്ടുള്ളതിൽ,

> "തുഞ്ചത്തുമേവും രാമദാസനാമെഴുത്തച്ഛ-
> നച്യുതൻതങ്കൽ ഭക്തി മുഴുക്കനിമിത്തമായ്
> നവമസ്കന്ധത്തോളമുള്ളോരു കഥയെല്ലാം
> ഭാഷയിലൊരു ഗീതമായുരചെയ്താൻ മുന്നം"

എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ 'രാമദാസനാമെഴുത്തച്ഛൻ' എന്നതിലെ രാമദാസപദംകൊണ്ടു് എഴുത്തച്ഛനു ഭേദാ രാമദാസത്വം വിചാരിക്കാം. ഒന്നാമതു് എഴുത്തച്ഛൻ ശ്രീരാമഭക്തനാകയാൽ ശ്രീരാമന്റെ ദാസനെന്നർത്ഥം. പിന്നെ ചതുർവ്വർണ്ണങ്ങളിൽ ബ്രാഹ്മണനു് ശർമ്മാ എന്നും ക്ഷത്രിയനു വർമ്മാ എന്നും വൈശ്യനു ഗുപ്തനെന്നും ശൂദ്രനു ദാസനെന്നും പേരിന്റെ ഉപപദമായി ചേർത്തു പറയുക സാധാരണമാകയാൽ രാമനെന്നു നാമമായ ശൂദ്രനെന്നും അർത്ഥം. "പാദസേവകനായ ഭക്തനാം ദാസൻ ബ്രഹ്മപാദജനജ്ഞാനിനാമാദ്യനായുള്ളോരു ഞാൻ" എന്നു എഴുത്തച്ഛൻ തന്നെപ്പറ്റി പറഞ്ഞിട്ടുള്ളതിൽ 'ദാസൻ' എന്നും 'ബ്രഹ്മപാദജൻ' എന്നും വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്കു ശ്രീധരൻനമ്പിയുടെ രാമദാസപദപ്രയോഗത്തിനു മേൽക്കാണിച്ചപ്രകാരം അർത്ഥമാക്കാവുന്നതുമാണു്.

ജനനവും ജീവിതവും

തുഞ്ചത്തെഴുത്തച്ഛന്റെ ജാതി, മാതാപിതാക്കന്മാർ, ജനനം, ബാല്യം, ജീവിതം മുതലായി ഒരു ജീവചരിത്രത്തിൽ അവശ്യം പറയേണ്ടുന്ന അംശങ്ങളൊക്കെയും പലപ്രകാരമുള്ള ഐതിഹ്യപരമ്പരകളാൽ ആവൃതമായിട്ടാണു് കിടക്കുന്നതു്. ഐതിഹ്യം എല്ലാ രാജ്യങ്ങളിലും നടപ്പുള്ള ഒന്നായിരിക്കാം. പക്ഷേ ഐതിഹ്യം വിളയുന്നതിനു കേരളംപോലെ ഇത്ര വളപ്പറവുള്ള മണ്ണു മറെറവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണു്. മലയാളത്തിൽ പണ്ടുണ്ടായിരുന്ന പ്രസിദ്ധന്മാരായ കവികളും, പ്രശസ്തന്മാരായ വിദ്വാന്മാർ, പ്രബലന്മാരായ രാജാക്കന്മാർ, പ്രഖ്യാതന്മാരായ പടയാളികളും, പ്രഗത്ഭന്മാരായ വൈദ്യന്മാർ മുതലായവരെയെല്ലാംപറ്റി എത്രയെത്ര ഐതിഹ്യമാലകളാണു് നാട്ടിൽ നടപ്പുള്ളതെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാകുന്നു. ഈ ഐതിഹ്യങ്ങളും ഭിന്നഭിന്നങ്ങളാണെങ്കിലും അവയിലെല്ലാം ഒരു ധർമ്മം പ്രായേണ സമാനമായി കാണുന്നുണ്ടു്. ഐതിഹ്യനായക

നെ അമാനുഷനായ ഒരാളാക്കി കാണിക്കുവാൻ എല്ലാ ഐതിഹ്യങ്ങളുടേയും കർത്താക്കന്മാർക്കു് വിശേഷാൽ ഒരു വാസന കാണുന്നുണ്ടു്. ഐതിഹ്യത്തിൽ പറയുന്ന ആദ്യം അമാനുഷമായ വല്ല അപദാനങ്ങളും പ്രവൃത്തിച്ചതായി വർണ്ണിക്കുന്നില്ലെങ്കിൽക്കൂടി കഥാനായകനെ സാധാരണമനുഷ്യരിൽനിന്നു് അതീതനായിട്ടാണു് ഐതിഹ്യകാരൻ കാണിച്ചിരിക്കുക. ആകയാൽ ഐതിഹ്യങ്ങളെ അങ്ങനെതന്നെ കണ്ണടച്ചു വിശ്വസിക്കുന്നതു വലിയ സാഹസമായിരിക്കും.

ഐതിഹ്യപ്രകാരം എഴുത്തച്ഛൻ ഒരു ചക്കാലനായരായിരുന്നു. എന്നാൽ അങ്ങനെ വിചാരിപ്പാൻ തെളിവു കാണുന്നില്ല. "ബ്രഹ്മപാദജൻ" എന്നു തന്നെപ്പറ്റി കവി പറയുന്നതിൽനിന്നു് അദ്ദേഹം നായരായിരുന്നുവെന്നു വിചാരിക്കാം. നായന്മാരെ പണ്ടു ശൂദ്രവർഗ്ഗക്കാരായിട്ടാണു് ഗണിച്ചുവന്നിരുന്നതു്. 'ബ്രഹ്മപാദ ജ'ശബ്ദം ശൂദ്രപര്യായവുമാണു്. താൻ ശൂദ്രനാണെന്നു സ്വയം പ്രസ്താവിച്ച കവിക്കു്, വാസ്തവത്തിൽ ചക്കാലനായരായിരുന്നുവെങ്കിൽ, ആ സംഗതി വ്യക്തമാക്കുന്നതിനു് വിരോധമുണ്ടായിരുന്നില്ല. അദ്ദേഹം ചക്കാലനായരാണെന്നും "തന്റെ ചക്കിൽ ആറും നാലും ആട്ട"മെന്നു് അദ്ദേഹം ചില ബ്രാഹ്മണരോടു പറഞ്ഞുവെന്നും ചില ടീക്കുകളിലെ ചക്കുകം പറിപ്പിച്ചുവെന്നും മറ്റുമുള്ള ഐതിഹ്യങ്ങൾക്കു യാതൊരടിസ്ഥാനവുമില്ല.

എഴുത്തച്ഛന്റെ അച്ഛൻ ഒരു നമ്പൂരിയായിരുന്നുവെന്നും വഴിയാത്രക്കാരനായി വന്ന അദ്ദേഹം ഒരു രാത്രിയിൽ ചക്കാലനായരുടെ വീട്ടിൽ കയറിക്കിടന്നു എന്നും, അദ്ദേഹത്തിനു് ആ വീട്ടിലെ യുവതിയിൽ ജനിച്ച പുത്രനാണു് എഴുത്തച്ഛനെന്നും ചില ഐതിഹ്യങ്ങളിൽ പറഞ്ഞുകാണുന്നു. നമ്പൂരിമാർ നായർസ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുക പതിവുള്ളതുകൊണ്ടു് എഴുത്തച്ഛൻ ഒരു നമ്പൂരിയുടെ മകനാണെന്നു വന്നാൽ അതിൽ യാതൊരു അസംഭാവ്യതയുമില്ല. പക്ഷേ ആ നമ്പൂരി എഴുത്തച്ഛനെ ഗ

ഭാധാനംചെയ്ത രാത്രിയിൽ മാത്രമാണു് അദ്ദേഹത്തിന്റെ മാതാവിനെ സംബന്ധംചെയ്തതു് എന്നു പറഞ്ഞാൽ സ്പഷ്ടമായ അയുക്തിയുണ്ടു്. എഴുത്തച്ഛനു ''സതാം വിട്ടിഷാമഗ്രേസരൻ'' ആയ ഒരു ''അഗ്രജൻ'' ഉണ്ടായിരുന്നുവെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹം വഴിപോക്കൻനമ്പൂരിയുടെ പ്രഥമപുത്രനാണെങ്കിൽ ഇങ്ങനെ ഒരഗ്രജൻ ഉണ്ടായിരിക്കുവാൻ ഇടയില്ല. അതുകൊണ്ടു് എഴുത്തച്ഛൻ അന്നു നായർവീട്ടുകളിൽ വിവാഹംചെയ്ത പതിവുള്ള ഒരു നായരുടേയോ അല്ലെങ്കിൽ നമ്പൂതിരി പിഷാരോടി മുതലായ മറവു വല്ല ജാതികളിലുംപെട്ട ഒരു പുരുഷന്റെയോ പുത്രനായിരുന്നിരിക്കണം എന്നു മാത്രമേ ഊഹിപ്പാൻ തരമുള്ളൂ.

അദ്ദേഹത്തിന്റെ മാതാവു് ഈശ്വരഭജനത്തിൽ അത്യന്തനിഷ്ടയുള്ള ഒരു ഭക്തയായിരുന്നു. ആ മഹതി മകനെ പതിവായി ക്ഷേത്രത്തിൽ കൊണ്ടുപോയി തൊഴുവിച്ചിരുന്നു. മത്സ്യമാംസാദികഠം കൊടുക്കാതെ സാത്ത്വികമായ ആഹാരം മാത്രം കൊടുത്താണു് അമ്മ അദ്ദേഹത്തെ വളത്തിയിരുന്നതു്; എന്നാണു് ഐതിഹ്യത്തിൽ പറയുന്നതു്. ഇതു തികച്ചും വിശ്വാസയോഗ്യംതന്നെ. ബാലപരിചരണത്തിൽ മാതാവു് കാണിക്കുന്ന ആദർശമാണു് പുത്രനിൽ പ്രതിബിംബിക്കുക. ബാല്യത്തിൽത്തന്നെ ക്ഷേത്രദർശനം മുതലായവ അനുഷ്ഠിപ്പിച്ചാൽ അങ്ങനെയുള്ള പുത്രന്മാർ മുതിർന്നവരുമ്പോഠം ഭക്തന്മാരായി തീരുന്നതുമാണു്. ബാല്യം മുതൽക്കേ സാത്ത്വികമായ ആഹാരംമാത്രം ഭക്ഷിച്ചു ശീലിക്കുന്നവർ സത്ത്വഗുണപ്രധാനന്മാരായി ഛമയുകയും ചെയ്യും. എഴുത്തച്ഛന്റെ കൃതികളിൽനിന്നു അവയുടെ കർത്താവിനുള്ളവയായി നമുക്കനുമീക്ഷിക്കുവാൻ കഴിയുന്ന ഗുണങ്ങളുടെ ബീജാവാപം ബാല്യത്തിൽതന്നെ ചെയ്യുകഴിഞ്ഞിരിക്കുമെന്നു നിസ്സംശയമാകുന്നു.

അമ്മ അമ്പലത്തിൽ കൊണ്ടുപോയി തൊഴുവിച്ചിരുന്ന കാലത്തു് ഒരു ദിവസം ചില നമ്പൂരിമാർ വേദോച്ചാരണം ചെയ്തിരു

ന്നതിൽ തെറ്റു പറ്റിയെന്നും അതു കേട്ട നമ്മുടെ ബാലൻ "കാ ട്ട് കാട്ട്" എന്നു പറഞ്ഞുവെന്നും അപ്പോഴാണ് തങ്ങളുടെ അബദ്ധം മനസ്സിലാക്കിയ നമ്പൂരിമാർ "ഇവൻ ഈ പ്രായത്തിൽത്തന്നെ ഇ ത്രത്തോളം ജ്ഞാനിയാണെങ്കിൽ വലുതായി വരുമ്പോഴേക്കും നമ്മെ ധിക്കരിക്കും, സംശയമില്ല" എന്നു വിചാരിച്ച് അസൂയനിമി ത്തം കൂട്ടിയുടെ ബുദ്ധിശക്തിയെ കെടുത്തുവാൻവേണ്ടി ദുർമ്മന്ത്രം കൊണ്ട് അഭിമന്ത്രണംചെയ്ത മലർ കൊടുത്തുവെന്നും അതു തി ന്നതിനുശേഷം കൂട്ടി ബുദ്ധി ക്ഷയിച്ച കേവലം ജഡനായിത്തീർ ന്നുവെന്നും അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ പിതാവായ ആ വഴിപോക്കൻ നമ്പൂരി ബ്രാഹ്മണരുടെ ദുർമ്മന്ത്രത്തിനു പ്രതിവിധി യായി കൂട്ടിക്കു മദ്യം കൊടുത്തു ശീലിപ്പിക്കുവാൻ അമ്മയോടുപ ദേശിച്ചുവെന്നും, അമ്മ ആ ഉപദേശപ്രകാരം പ്രവർത്തിക്കുകയാൽ ബാലന്റെ ബുദ്ധി തെളിഞ്ഞുവെന്നും ഐതിഹ്യത്തിൽ പറയു ന്നു. ഈ കഥ ആപാദചൂഡം അസംബന്ധമാണെന്ന് അല്പം ആ ലോചനയുള്ളവർക്ക് ബോധപ്പെടുവാൻ പ്രയാസമില്ല. ഒന്നാമ തു്, അമ്പലത്തിൽ ഓർത്തു ചൊല്ലുന്ന നമ്പൂരിമാർ കാണാത്തക്ക വി ധത്തിൽ ഒരു നായർക്ക് പ്രവേശിക്കുവാൻ സൌകര്യമില്ല. രണ്ടാ മതു് ഒന്നരരണ്ടു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലൻ വേദോച്ചാ രണത്തിലുള്ള തെറ്റു കണ്ടുപിടിച്ച് അതിനെ "കാട് കാട്" എന്നു പരിഹസിക്കുവാൻ ശക്തനാകയില്ല. ഈ രണ്ടു സംഗതി യും സംഭവിക്കാത്തപക്ഷം ഐതിഹ്യത്തിലെ ശേഷം ഭാഗങ്ങൾക്കു പ്രസക്തിയുമില്ല. ദുർമ്മന്ത്രംകൊണ്ടുണ്ടായിത്തീർന്ന ബുദ്ധിമാ ന്ദ്യം മദ്യപാനംകൊണ്ടു ശമിച്ചുവെന്നു പറയുന്നതിനും അടിസ്ഥാ നമില്ല.

എഴുത്തച്ഛനു ദുർമ്മന്ത്രവാദം ചെയ്ത മാത്രമല്ല നമ്പൂരിമാർ ചെയ്തതെന്നും അവർ അദ്ദേഹത്തിന്റെ അഭിവൃദ്ധിമാർഗ്ഗത്തിൽ ച ളിവാരി എറിയുകകൂടി ചെയ്തുവെന്നും ഐതിഹ്യകാരൻ നിഷ്കർ ഷിക്കുന്നുണ്ട്. എന്നാൽ എഴുത്തച്ഛനു നമ്പൂരിമാരോടു യാതൊ

രു വിരോധവും ഉണ്ടായിരുന്നില്ലെന്നു് അദ്ധ്യാത്മരാമായണത്തിൽ നിന്നതന്നെ തെളിയുന്നുണ്ടു്. നമ്പൂരിമാർ അദ്ദേഹത്തെ വല്ലവിധവും ദ്രോഹിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അതിന്റെ ഒരു ചെറിയ സൂചനയെങ്കിലും അദ്ദേഹത്തിന്റെ കൃതികളിലെങ്ങാനും നിഴലിച്ചു കാണുവാൻ ഇടയാകുമായിരുന്നു. എഴുത്തച്ഛന്റെ കാലത്തു നമ്പൂരിമാർ വിശിഷ്ടബ്രാഹ്മണരായിരുന്നുവല്ലൊ. എഴുത്തച്ഛനു ബ്രാഹ്മണരെക്കുറിച്ചുള്ള ഭക്തിബഹുമാനങ്ങളും എത്രത്തോളമുണ്ടായിരുന്നുവെന്നു് അദ്ധ്യാത്മരാമായണത്തിലുള്ള ഈ വരികളിൽനിന്നു വ്യക്തമാകുന്നതാണു്:—

"കാരണഭൂതന്മാരാം ബ്രാഹ്മണരുടെ ചര—
ണാരുണാംബുജലീനപാംസുസഞ്ചയം മമ
ചേതോദപ്പണത്തിന്റെ മാലിന്യമെല്ലാംതീർത്തു
ശോധനചെയ്തീടുവാനായോളം വന്ദിക്കുന്നേൻ;
ആധാരം നാനാജഗന്മയനാം ഭഗവാനും
വേദമെന്നല്ലോ ഗുരുനാഥൻതാനരുൾചെയ്തു
വേദത്തിന്നാധാരഭൂതന്മാരിക്കാണായോരു
ഭൂദേവപ്രവരന്മാർ, തദ്വരശാപാദികം
ധാതൃശങ്കരവിഷ്ണുപ്രമുഖന്മാക്കും മതം
വേദജ്ഞോത്തമന്മാർ മാഹാത്മ്യങ്ങളാക്കു ചൊല്ലാം!
പാദസേവകനായ ഭക്തനാം ദാസൻ ബ്രഹ്മ—
പാദജനജ്ഞാനിനാമാദ്യനായുള്ളോരു ഞാൻ

....

വേദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നതോർത്തു
ചേതസി സർവ്വം ക്ഷമിച്ചീടുവിൻ കൃപയാലേ"

ബ്രാഹ്മണരെക്കുറിച്ചു് ഇത്രയധികം ഭക്തിബഹുമാനങ്ങളോടുകൂടി കീർത്തിച്ച മഹാകവിക്കു് ബ്രാഹ്മണോത്തമന്മാരായ നമ്പൂരിമാരുടെ പേരിൽ ഈഷ്ട്യുണ്ടായിരുന്നുവെന്നു് എങ്ങനെ ഊഹിക്കാം?

ബ്രാഹ്മണർ അദ്ദേഹത്തെ വല്ലവിധവും ദ്രോഹിച്ചിരുന്നുവെങ്കിലും അവരെ ആക്ഷേപിക്കുവാൻ സാത്വികബുദ്ധിയായ അദ്ദേഹം തുനിയുകയില്ലായിരുന്നു എന്നു സമ്മതിക്കാം. അങ്ങനെയാണെങ്കിൽ ആക്ഷേപിക്കുന്നതിനു പകരം അവരെപ്പറ്റി ഒന്നും പറയാതെ മൌനമവലംബിക്കുകയെങ്കിലും ചെയ്യുമായിരുന്നു.

നമ്പൂരിമാർ അദ്ദേഹത്തിന്റെ ഉപരിവിദ്യാഭ്യാസത്തിനു പ്രതിബന്ധമായി നിന്നുവെന്നും തന്നിമിത്തം അദ്ദേഹം മലയാളം വിട്ടു് കിഴക്കൻദിക്കിലേയ്ക്കു പോയി പരദേശബ്രാഹ്മണരുടെ അടുക്കൽനിന്നു വിദ്യാഭ്യസം ചെയ്തുവെന്നും ഐതിഹ്യത്തിൽ പറയുന്നുണ്ടു്. എഴുത്തച്ഛന്റെ കാലത്തു നമ്പൂരിമാരായിരുന്ന കേരളത്തിൽ പ്രധാനപണ്ഡിതന്മാർ എന്നുള്ളതിനു തർക്കമില്ല. അവർ നായന്മാരെ ശാസ്ത്രം മുതലായവ പഠിപ്പിക്കുന്നതു നിഷിദ്ധമായി കരുതിയിരുന്നുവെന്നും വിചാരിക്കാം. പക്ഷേ നമ്പൂരിമാരല്ലാതെയും ചില പണ്ഡിതന്മാർ അക്കാലത്തുണ്ടായിരുന്നുവെന്നു നിസ്സംശയം പറയാം. മേപ്പത്തൂർ ഭട്ടതിരിയുടെ ഗുരുനാഥൻ തൃക്കണ്ടിയൂർ പിഷാരത്തു് അച്യുതപ്പിഷാരോടിയായിരുന്നു. ഭട്ടതിരിയും തുഞ്ചത്തെഴുത്തച്ഛനും ഒരേകാലത്തു ജീവിച്ചിരുന്നവരാണെന്നും അവർ തമ്മിൽ വലിയ താൽപര്യമായിരുന്നുവെന്നും സർവ്വസമ്മതമാണല്ലൊ. ഈ സ്ഥിതിക്കു എഴുത്തച്ഛനും അച്യുതപ്പിഷാരോടിയും സമകാലികന്മാർതന്നെ ആയിരുന്നിരിക്കണം. പിഷാരോടിക്കു ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, അലങ്കാരശാസ്ത്രം, വ്യാകരണം മുതലായ വിഷയങ്ങളിൽ തികഞ്ഞ വ്യുൽപത്തിയുണ്ടായിരുന്നുവെന്നു് ഭട്ടതിരിയുണ്ടാക്കിയ,

"ഹാ ശബ്ദാഗമ! നിർദ്ദയം വിബുധതാ—
ലൂബ്ബൈന്നിപീഡിഷ്യസേ
ഹന്ത ജ്യൌതിഷതന്ത്ര! പര്യവസിതാ
തിത്ഥുർക്ഷയോസ്തേ കഥാ

ധാർഷ്ട്യകപ്രവണാസി വൈദ്യസരണേ!
നഷ്ടോസ്യലങ്കാര! ഭോ
'വിദ്യാത്മാ സ്വരസപ്പ'ദ്യേ ഭവതാ–
മാധാരഭ്രതോച്യുതഃ''

എന്ന പിഷാരോടിയുടെ ചരമശ്ലോകംകൊണ്ടു വ്യക്തമാകുന്നുമുണ്ടു്. അച്യുതപ്പിഷാരോടി ശിഷ്യന്മാരെ വിദ്യയഭ്യസിപ്പിച്ചിരുന്ന ആളായിരുന്നു. എഴുത്തച്ഛന്റെ ഗൃഹത്തിൽനിന്നു പിഷാരോടിയുടെ ഭവനത്തിലേക്കു അരനാഴികയിലധികം അകലമില്ല. എഴുത്തച്ഛനു വേണമെങ്കിൽ അച്യുതപ്പിഷാരോടിയുടെ ശിഷ്യനായിത്തന്നെ വിദ്യാഭ്യാസംചെയ്വാൻ വിരോധമില്ലായിരുന്നു. എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം നിർമ്മിച്ചതു് കൊല്ലം ൭൭൯–ാമതിലാണെന്നു പ്രസിദ്ധിയുണ്ടല്ലൊ. പിഷാരോടി മരിച്ചതു പിന്നേയും ഒമ്പതു കൊല്ലത്തോളം കഴിഞ്ഞിട്ടാണെന്നു ''വിദ്യാത്മാ സ്വരസപ്പൽ'' എന്ന അദ്ദേഹത്തിന്റെ ചരമശ്ലോകത്തിലെ കലിദിനസംഖ്യകൊണ്ടു കിട്ടുന്നുണ്ടു്. ഈ സ്ഥിതിക്കു് പ്രായംകൊണ്ടും എഴുത്തച്ഛനു പിഷാരോടിയുടെ അടുക്കൽ പഠിക്കുന്നതിനു യോജിപ്പുണ്ടു്. പക്ഷെ അദ്ദേഹത്തിന്റെ ജ്യേഷ്ഠൻതന്നെ നല്ല വിദ്വാനായിരുന്നു. പിന്നെയെന്തിനു മറെറാരു ഗുരുവിനെത്തേടുന്നു? ഈ ജ്യേഷ്ഠൻതന്നെയായിരിക്കണം അദ്ദേഹത്തെ ആദ്യപാഠങ്ങൾ പഠിപ്പിച്ചതു്. അതിനുശേഷം അദ്ദേഹം നീലകണ്ഠൻ എന്നു പേരായ ഒരു ഗുരുവിന്റെ അടുക്കൽ വിദ്യാഭ്യാസം ചെയ്തുവെന്നു വിചാരിച്ചുവരുന്നുണ്ടു്. ഹരിനാമകീർത്തനത്തിൽ ''അമ്പേണമെന്മനസി ശ്രീനീലകണ്ഠഗുരു'' എന്നിങ്ങനെ ഈ ഗുരുവിന്റെ പേർ കവി കീർത്തിക്കുന്നുണ്ടല്ലൊ. ഈ ശ്രീനീലകണ്ഠഗുരു ആരായിരിക്കും? ഒരു നമ്പൂരി ആയിരിപ്പാനിടയില്ല. നമ്പൂരിമാർ നായന്മാരെ പഠിപ്പിക്കുവാൻ മടിക്കുമല്ലൊ. മൂസ്സതു്, നമ്പീശൻ, വാരിയർ മുതലായി മറേറതെങ്കിലും ഒരു ജാതിയിൽ പെട്ട ദേഹമായിരിക്കണം ഈ ശ്രീനീലകണ്ഠഗുരു. തൃക്കണ്ടിയൂരിൽ മൂസ്സേന്മാരു

ടെ ഇല്ലങ്ങളും ഇപ്പോഴുണ്ട്. ശിവദ്വിജന്മാരെന്നു പറയപ്പെടുന്ന അവർക്ക് നീലകണ്ഠനെന്ന പേർ പ്രധാനവുമാണ്. ഒരു ഐതിഹ്യകാരൻ എഴുത്തച്ഛനെ ഒരു നീലകണ്ഠൻ മൂസ്സതിന്റെ പുത്രനായും ആ മൂസ്സതിനെ ചെമ്പകശ്ശേരി, തൃപ്പൂണിത്തുറ മുതലായ കോവിലകങ്ങളിൽ മാന്യത സിദ്ധിച്ച മഹാവിദ്വാനായും പറയുന്നുണ്ട്. എന്നാൽ "ശ്രീനീലകണ്ഠഗുരു"വിനെ ഗുരുനാഥനായിട്ടല്ലാതെ പിതാവായിട്ട് വിചാരിപ്പാൻ വഴിയില്ല. അതിനാൽ, ഒരു നീലകണ്ഠൻ മൂസ്സതായിരിക്കും ഈ ശ്രീനീലകണ്ഠഗുരുവെന്നു വിചാരിക്കുന്നതിനു വിരോധമില്ല.

എഴുത്തച്ഛൻ ഒരു എഴുത്തുപള്ളി സ്ഥാപിച്ചു ശിഷ്യന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുകയും ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തുവന്നുവെന്നു് ഐതിഹ്യങ്ങളെക്കൊണ്ടും ഗ്രന്ഥങ്ങളെക്കൊണ്ടും വിചാരിക്കാം. എഴുത്തുപള്ളിവെച്ചു കുട്ടികളെ പഠിപ്പിക്കുന്നവർക്കാണു് സാധാരണയായി എഴുത്തച്ഛൻ അല്ലെങ്കിൽ എഴുത്തശ്ശൻ എന്ന പേർ പറയാറുള്ളതു്. തുഞ്ചത്താചാര്യനുള്ള എഴുത്തച്ഛൻ എന്ന സംജ്ഞ പ്രവൃത്തിമൂലം സിദ്ധിച്ചതായിരിക്കണം. അതല്ലെങ്കിൽ അദ്ദേഹം എഴുത്തിന്റെ (അക്ഷരമാലയുടെ) അച്ഛൻ (പിതാവു്) ആയിരുന്നതുകൊണ്ടാണു് ഈ പേരുണ്ടായതെന്നും പറയാം. 'എഴുത്തച്ഛൻ' എന്നല്ല, 'എഴുത്തച്ചൻ' എന്നാണു് എഴുതുകയും ഉച്ചരിക്കുകയും വേണ്ടതെന്നു് ഈയിടയിൽ ഒരു മാന്യൻ അഭിപ്രായപ്പെട്ടുകാണുന്നു. എന്നാൽ, വിദ്യാദാനം ചെയ്യുന്ന ഗുരുവിനെ പിതാവെന്നതന്നെ പറയേണമെന്നു പ്രമാണമുള്ളതിനാൽ 'എഴുത്തച്ഛൻ' അഥവാ 'എഴുത്തശ്ശൻ' എന്നു പറയുന്നതാണു് സാധുവായിരിക്കുക എന്നു തോന്നുന്നു. എഴുത്തച്ഛൻ ആദ്യം കുറേക്കാലം എഴുത്തുപള്ളിയും ശിഷ്യരുമായി സ്വദേശത്തുതന്നെ താമസിച്ചതിനുശേഷം ചിറ്റൂരിൽപോയി അവിടേയുള്ള ഗുരുമഠം സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ വാർദ്ധക്യകാലവും പരലോകഗതിയും ചിറ്റൂർ ഗുരുമഠത്തിൽവച്ചാണു്

ഉണ്ടായതെന്നു ഗ്രന്ഥമാത്തെ സംബന്ധിച്ച ചരിത്രംകൊണ്ട് അറിയുന്നുണ്ട്.

അക്ഷരമാലാനിർമ്മാണം

എഴുത്തച്ഛൻ മലയാള അക്ഷരങ്ങളുടേയും ലിപികളുടേയും കർത്താവാണെന്നു മലബാർ ഗസറ്ററിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രസ്താവം അതിശയോക്തിയാണെന്നു ഗസറ്റിയർ മലയാളത ജ്ജിമയുടെ രണ്ടാംഭാഗത്തിനു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുതിയ അവതാരികയിൽ പറയുന്നുണ്ട്. "അദ്ദേഹം മലയാളഭാഷയിൽ ഉത്തമരീതി പിടിച്ചു പല വിശിഷ്ടഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ടെന്നു മാത്രമേ അതിനു താൽപര്യമുള്ള. പെരുമാക്കന്മാരുടെ കാലത്തു നടപ്പുണ്ടായിരുന്ന ചാക്കിയാർകൂത്തിൽ ഉപയോഗിച്ചുവന്നിരുന്ന ഗദ്യപദ്യങ്ങളുടെ രീതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് എഴുത്തച്ഛൻ കവിതയെഴുതീട്ടുള്ളതു്.....മലയാളലിപിയിലും വ്യ00 കൊല്ലം പഴക്കമുള്ള ചില ഗ്രന്ഥങ്ങൾ കാണുന്നുണ്ട്. കാലദേശഭേദങ്ങളെയനുസരിച്ചു് എഴുത്തിന്റെ വടിവിനു മാത്രം ഭേദമുണ്ടായിരിക്കാം, അത്രതന്നെ. ഇങ്ങനെയിരിക്കെ തുഞ്ചനു് ഇവയുടെ ആദികർത്താവു് എന്ന സ്ഥാനം അതിശയോക്തിസിദ്ധമെന്നേ പറയുവാൻ കാണുന്നുള്ള" എന്നാണു് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അഭിപ്രായം.

എന്നാൽ, അക്ഷരമാലയുടേയും ലിപികളുടേയും കർത്താവു് എന്നു പറയുന്നതിനു് അക്ഷരമാലയേയും ലിപികളേയും പരിഷ്കരിച്ച മഹാനെന്നേ അർത്ഥമാക്കേണ്ടതുള്ള. ഒരു വസ്തുവിനെ ഒന്നാമതു കണ്ടുപിടിച്ച ആളെക്കെന്നപോലെ അതിനെ പരിഷ്കരിച്ചു നന്നാക്കിയ ദേഹത്തിനും അതിന്റെ കർത്താവാകുവാൻ അർഹതയും, അങ്ങനെ ലോകവ്യവഹാരവും ഉണ്ടു്. അക്ഷരമാലയേയും കവിതയേയും സംബന്ധിച്ചു് എഴുത്തച്ഛൻ മുമ്പു നടപ്പില്ലാതിരുന്ന ചില പരിഷ്കാരങ്ങളും വരുത്തിയതായി പ്രൊഫസർ രാജരാജവർമ്മത മ്പുരാൻ തന്റെ കേരളപാണിനീയത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"അദ്ദേഹം ചെയ്ത ഏറ്റപ്പാടുകളും ആവിതു:—ക. മണിപ്രവാളത്തിൽ എന്നപോലെ പാട്ടുകളിലും ആവശ്യം അനുസരിച്ച് ലളിതസംസ്കൃതവിഭക്തൃന്തങ്ങളെ ഉപയോഗിക്കാം. ഖ. വിഭക്തൃന്തങ്ങളായാലും പ്രകൃതികളും മാത്രമായാലും സംസ്കൃതശബ്ദങ്ങളെ സൈരമായി ഉപയോഗിക്കുന്ന സ്ഥിതിക്ക് അതുകളിൽ അക്ഷരസ്ഫുടതയ്ക്കുവേണ്ടി സാഹിത്യമെല്ലാംതന്നെ ആയ്യ് എഴുത്തിൽ എഴുതണം. ഗ. ഭാഷാദ്വയസങ്കരത്തിൽ സംസ്കൃതപ്രകൃതികളെ മലയാളവിഭക്തികളും ചേർത്തു പ്രയോഗിക്കുന്നതു ശരിയായ വഴി; നേരേമറിച്ചു മലയാളപ്രകൃതികളെ സംസ്കൃതവിഭക്തി ചേർത്തു് "മാടമ്പീനാം" "പിന്നിടേഥാഃ" ഇത്യാദിപോലെ പ്രയോഗിക്കുന്ന വിലോമസമ്പ്രദായം തെറ്റു്. ഘ. സംസ്കൃതച്ഛന്ദശ്ശാസ്ത്രത്തിലെ വർണ്ണനിയമത്തേയും മാത്രാനിയമത്തേയും തമിഴ്വൃത്തങ്ങളിൽകൂടി പ്രവേശിപ്പിച്ചു് പുതുതായി കിളിപ്പാട്ടു മുതലായ മലയാളവൃത്തങ്ങളെ നടപ്പിൽ വരുത്തി"......"എഴുത്തച്ഛന്റെ കാലംവരെ മലയാളികളും വട്ടെഴുത്താണു് ഉപയോഗിച്ചിരുന്നതു്. അടുത്ത കാലംവരെ മലയാളദേശത്തിൽ ഈ എഴുത്തിനു പ്രചാരമുണ്ടായിരുന്നു. ഇന്നും ചില പുരാതനങ്ങളായ പ്രമാണങ്ങളും മറ്റും ഈ അക്ഷരത്തിൽ എഴുതിയതായിട്ടു് ഗൃഹസ്ഥന്മാരുടെ ആധാരപ്പെട്ടികളിൽ കാണും. വട്ടെഴുത്തു തമിഴരുടെ അക്ഷരമാലയായിരുന്നതിനാൽ അതിൽ തമിഴക്ഷരങ്ങളും മാത്രമേ ഉള്ളൂ. സംസ്കൃതാക്ഷരങ്ങൾക്കു ലിപികളും ഏർപ്പെട്ടിട്ടില്ല. ശാസനങ്ങളിലും മറ്റും ആവശ്യപ്പെട്ടാൽ തമിഴഗ്രന്ഥാക്ഷരത്തിൽനിന്നു കടം വാങ്ങി ഉപയോഗിച്ചു കാണും. ഈ ന്യൂനത പരിഹരിക്കാൻ വേണ്ടിയാണു് എഴുത്തച്ഛൻ ഗ്രന്ഥാക്ഷരങ്ങളെ എടുത്തു് തലയും വാലും മുറിച്ചു മേനിയാക്കി മലയാളത്തിൽ ഇപ്പോഴും നടപ്പുള്ള അക്ഷരമാല തീർത്തതു്."

മേൽപറഞ്ഞതിൽനിന്നു് എഴുത്തച്ഛൻ മുമ്പു നടപ്പിലിരുന്ന തമിഴക്ഷരമാലയെ മാറ്റി ആയ്യ് എഴുത്തു് എന്നു പറയുന്ന ഇപ്പോ

ഴത്തെ മലയാള അക്ഷരമാലയേയും ലിപികളേയും നിർമ്മിച്ച നടപ്പിൽവരുത്തി എന്നു സ്പഷ്ടമാകുന്നുണ്ട്. ഈ അക്ഷരമാലയുടെ ആരംഭത്തിൽ ഈശ്വരനാമകീർത്തനമായിട്ട് "ഹരിഃ ശ്രീഗണപതയെ നമഃ" എന്നെഴുതുന്നതു സാധാരണമായി സംസ്കൃതാക്ഷരമാലയിൽ നടപ്പില്ലാത്ത സമ്പ്രദായമാകുന്നു.

കൃതികൾ—അഭിപ്രായഭേദം

തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളെ ബാല്യകൃതികൾ, മദ്ധ്യകാലകൃതികൾ, വാർദ്ധക്യകൃതികൾ എന്നിങ്ങനെ മൂന്നിനമായി തിരിക്കാം. ഹരിനാമകീർത്തനം, രാമായണം ഇരുപത്തിനാലുവൃത്തം എന്നിവ ബാല്യകൃതികളാകുന്നു. അവ അദ്ദേഹം കവിതാഭ്യാസം ചെയ്യുന്ന കാലത്തു നിർമ്മിച്ചവയാണെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. സാധാരണമായി കവിതാനിർമ്മാണം ആരംഭിക്കുന്ന ഒരാൾ നല്ല വന്ദനശ്ലോകങ്ങളോ ഈശ്വരനാമം പ്രധാനമായിട്ടുള്ള കൃതികളോ ആണ് ഗണപതിക്കയ്യായി നിർമ്മിക്കുക പതിവു്. അങ്ങനെ ചെയ്യുന്നതു സാഹിത്യജീവിതയാത്രയിൽ ഏറ്റപ്പെട്ടന്നവർ ഈശ്വരാനുഗ്രഹത്തിനു കാരണമായി കരുതുക പതിവാണു്. ഹരിനാമകീർത്തനം വേദാന്തശാസ്ത്രസാരങ്ങളും അടങ്ങിയതും നാമകീർത്തനത്തിനു പ്രാധാന്യമുള്ളതുമായ ഒരു കൃതിയാകുന്നു. ഇരുപത്തിനാലുവൃത്തം കഥാവർണ്ണനപരമാണെങ്കിലും അതിൽ ഓരോ വൃത്തത്തിനേറയും ആദ്യവസാനങ്ങളിൽ നാമസങ്കീർത്തനരൂപത്തിലുള്ള പദ്യങ്ങളും നിബന്ധിച്ചിട്ടുണ്ട്. ആകയാൽ ഈ രണ്ടു കൃതികളും ബാല്യകൃതികളുടെ കൂട്ടത്തിലാണു് സ്ഥാനം കൊടുക്കേണ്ടതു്. അദ്ധ്യാത്മരാമായണം, ശ്രീമഹാഭാരതം എന്നീ കിളിപ്പാട്ടുകളാണു് മദ്ധ്യകാലത്തുണ്ടാക്കിയ പ്രൌഢകൃതികൾ. നിരന്തരമായ കാവ്യഭാവനകൊണ്ടു ബുദ്ധിക്കും കവിതയ്ക്കും നല്ല പരിപാകത സിദ്ധിച്ചതിനു ശേഷമാണു് കവി ഈ രണ്ടു മഹാഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുള്ളതെന്നു നിസ്സംശയം പറയാം. ഉത്തിഷ്ഠമാനനായ

ഒരു കവി ബുദ്ധിശക്തി കത്തിനിൽക്കുന്ന കാലത്തു നിർമ്മിച്ച കവിതകളിൽ കാണാവുന്നതായ തഴക്കവും പഴക്കവും സാരവും സാരസ്യവും രാമായണത്തിലും ഭാരതത്തിലും സാമാന്യത്തിലധികം കാണുന്നുണ്ട്. ശ്രീമഹാഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം എന്നിവ വാർദ്ധക്യത്തിലെ കൃതികളായിരിക്കണം. കവി, തന്റെ വാർദ്ധക്യത്തിൽ ആമുഷ്മികസൌഖ്യത്തിനുപകരിക്കുന്ന ഭാഗവതമഹാപുരാണവും തത്പരചിന്താപരമായ ചിന്താരത്നവും മുക്തിമാർഗ്ഗപ്രദീപമായ കൈവല്യനവനീതവും നിർമ്മിച്ചുവെന്നു വന്നാൽ അതിൽ അസാംഗത്യമില്ല.

തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളുടെ കാര്യത്തിൽ ഭാഷാചരിത്രകാരന്മാരുടേയും സാഹിത്യവിമർശകന്മാരുടേയും ഇടയിൽ പല വിധത്തിലുള്ള അഭിപ്രായഭേദങ്ങളും കാണുന്നുണ്ട്. ചിലർ ഇവയിൽ ചിലതു് എഴുത്തച്ഛന്റെ കൃതികളല്ലെന്നു പറഞ്ഞുതള്ളുകയും മറ്റുചിലർ വേറേ ചില ഗ്രന്ഥങ്ങളെക്കൂടി അദ്ദേഹത്തിന്റെ പേരിൽ പതിക്കുകയും ചെയ്യുന്നുണ്ട്. ആദ്യം പറഞ്ഞവർ ഹരിനാമകീർത്തനം, രാമായണം ഇരുപത്തിനാലുവൃത്തം, ശ്രീമഹാഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം എന്നിവ തള്ളുന്നു. മറ്റവർ ദേവീമാഹാത്മ്യം, ശതമുഖരാമായണം അല്ലെങ്കിൽ സീതാവിജയം, ശിവപുരാണം മുതലായ കിളിപ്പാട്ടുകളുടേയുംകൂടി കർത്തൃത്വം എഴുത്തച്ഛനിൽ ആരോപിക്കുകയും ചെയ്യുന്നു.

ഹരിനാമകീർത്തനം

ഹരിനാമകീർത്തനം എഴുത്തച്ഛന്റെ ഒന്നാമത്തെ കൃതിയാണെന്നുറപ്പിക്കുവാൻ കാരണമുണ്ട്. മലയാള അക്ഷരമാലയുടെ നിർമ്മാതാവും എഴുത്തുപള്ളി സ്ഥാപിച്ചു വിദ്യാദാനം ചെയ്തിരുന്ന ദേശഗുരുവുമായ എഴുത്തച്ഛൻ ആ അക്ഷരമാലയെ ഉദാഹരിച്ചു കാണിപ്പാനും ശിഷ്യന്മാരെ പഠിപ്പിക്കുവാനും ഭക്തന്മാർക്കു പാരായണം ചെയ്യാനും വേണ്ടി ഹരിനാമകീർത്തനം എന്ന അക്ഷരമാലാ

സ്തോത്രം നിർമ്മിച്ചുവെന്നു വരുവാൻ ധാരാളം യുക്തിയുണ്ട്. ഈ കീർത്തനത്തിൽ അക്ഷരമാലയിലെ ആദ്യക്ഷരങ്ങൾ ക്രമത്തിൽ ഓരോ കീർത്തനത്തിന്റെയും ആദ്യക്ഷരങ്ങളായി പ്രയോഗിച്ചിരിക്കുന്നു. ആദിയിൽ നാലു കീർത്തനം കഴിഞ്ഞാൽ "ഹരിഃ ശ്രീ ഗണപതയേ നമഃ" എന്ന വന്ദനവാക്യവും, തദനന്തരം അകാരംമുതൽ ക്കുള്ള സ്വരങ്ങളും, പിന്നീട 'ക' മുതൽ 'ക്ഷ'വരെയുള്ള അക്ഷരങ്ങളും, ഒടുവിൽ വന്ദനപരമായിട്ടുള്ള രണ്ടു കീർത്തനങ്ങളുമാണ് ഈ കീർത്തനത്തിൽ അടങ്ങിയിരിക്കുന്നതു്. ഈ അക്ഷരമാലാസ്തോത്രംകൊണ്ടു് കവി ഉദാഹരിച്ചു കാണിച്ചിട്ടുള്ളതു് ആയ്യ് എഴുത്തു് എന്നു പറയപ്പെട്ടുന്നതും ഇപ്പോൾ മലയാളത്തിൽ നടപ്പിലിരിക്കുന്നതുമായ അക്ഷരമാലയെയാണെന്നു സ്പഷ്ടമാകുന്നുണ്ടു്. അക്ഷരമാലാകർത്തൃത്വം സമ്മതിക്കുന്നപക്ഷം അക്ഷരമാലാസ്തോത്രമായ ഹരിനാമകീർത്തനത്തിന്റെ പ്രണേതൃത്വവും അദ്ദേഹത്തിനു കൊടുക്കാവുന്നതാകുന്നു.

രാമായണം ഇരുപത്തിനാലുവൃത്തം

രാമായണം ഇരുപത്തിനാലുവൃത്തം രണ്ടാമത്തെ കൃതിയാണെന്നു വിചാരിപ്പാൻ കാരണമുണ്ടു്. ഇതും ഹരിനാമകീർത്തനംപോലെ നാമകീർത്തനത്തിനു പ്രാധാന്യമുള്ള ഒരു സ്തോത്രമാകുന്നു. "ഹരിനാരായണായ നമഃ" "ഹരി ഗോവിന്ദ" രാമരഘുനാഥജയ" "ഹരിനമ്മോ" * എന്നാദിയായി ഏതെങ്കിലും വിധത്തിൽ ഒരു നാമസങ്കീർത്തനമായിട്ടാണു് ഇതിലെ എല്ലാ പദ്യങ്ങളും അവസാനിക്കുന്നതു്. രാമായണം കഥയാണെങ്കിലും ഒരു കീർത്തനത്തി

---

* 'ഹരിനംബോ' എന്നാണു് ചില പുസ്തകങ്ങളിലെ പാഠം. 'ഹരിനമോ' എന്നതു് സംഗീതരീതിയിൽ ചൊല്ലുമ്പോൾ അന്ത്യാക്ഷരം ഇരട്ടിച്ചു് 'നമ്മോ' എന്നായി വരുന്നു. ഡോക്ടർ ഗുണ്ടർട്ട് 'ഹരിനമ്മോ' എന്നു് ഇരട്ടിച്ച മകാരത്തോടുകൂടിയ പാഠമാണു് സ്വീകരിച്ചിട്ടുള്ളതു്. ഹരിനമോ എന്ന പാഠമാണു് ഈ പുസ്തകത്തിൽ അംഗീകരിച്ചിട്ടുള്ളതു്.

ന്റെ നിലയിലാണ്. ഇതിനു പ്രാധാന്യം കാണുന്നതു്. ഡോക്ടർ ഗുണ്ടർട്ട് ഇരുപത്തിനാലുവൃത്തമെന്നല്ല രാമനാമകീർത്തനമെന്നാണു് ഇതിനു പേർതന്നെ പറഞ്ഞിട്ടുള്ളതു്.

ഹരിനാമകീർത്തനത്തിനും ഇരുപത്തിനാലുവൃത്തത്തിനും തമ്മിൽ രചനാസാദൃശ്യവും കാണുന്നുണ്ടു്.

"മാലാകുമാരരിയ രാമായണം കഥയെ
ബാലാദിപോലുമുരചെയ്താൽ ത്രിലോകപെരു—
മാളാമവൻ പരനൊടേകീഭവിപ്പതിനു—
മാളായ്പരുന്നു ഹരിനാരായണായ നമഃ"

എന്നവസാനിക്കുന്ന ഇരുപത്തിനാലുവൃത്തത്തിലെ അന്തിമവൃത്തത്തിലുള്ള എല്ലാ പദ്യങ്ങളും

"ഓങ്കാരമായ പൊരുൾ മൂന്നായ് പിരിഞ്ഞുടനെ
ആങ്കാരമായതിനു താന്തന്നെ സാക്ഷിയതു
ബോധംവരുത്തുവതിനാളായിനിന്നപര—
മാചായ്പുരുപഹരിനാരായണായനമഃ"

ഇത്യാദി ഹരിനാമകീർത്തനത്തിലുള്ള പദ്യങ്ങളും കൂട്ടി ഒത്തുനോക്കുമ്പോൾ രചനകൊണ്ടു ക്ഷീരനീരന്യായേന യോജിച്ചിരിക്കുന്നതിനാൽ അവ രണ്ടിന്റെയും കർത്താവു് ഒരാൾതന്നെയാണെന്നു വിചാരിക്കാം. മലയാളത്തിലെ ഗ്രാമവൃദ്ധന്മാർ ഈ കൃതി എഴുത്തച്ഛന്റേതാണെന്നു വിശ്വസിച്ചു് ബാലന്മാരെ, വിശേഷിച്ചു ബാലികമാരെ, ഇന്നും പഠിപ്പിച്ചുവരുന്നു. കുഞ്ചൻനമ്പ്യാരുടെ പതിനാലു വൃത്തത്തിനും പൂന്താനത്തു നമ്പൂതിരിയുടെ ജ്ഞാനപ്പാട്ടുകൾക്കും മാർഗ്ഗദർശി ഇരുപത്തിനാലുവൃത്തമാണെന്നു സൂക്ഷ്മപരിശോധകന്മാർക്കു സുഗ്രഹമാകുന്നു.

കോവുണ്ണി നെടുങ്ങാടി, പി. ഗോവിന്ദപ്പിള്ള, ആർ. ഈശ്വരപ്പിള്ള മുതലായവർ പ്രസ്തുതകൃതി എഴുത്തച്ഛന്റേതാണെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. ശ്രീമാന്മാരായ ആർ. നാരായണപ്പണിക്കർ,

പി. കെ. നാരായണപ്പിള്ള എന്നിവർ ആ അഭിപ്രായക്കാരല്ല. ഇരുപത്തിനാലുവൃത്തത്തിൽ പല സന്ദർഭങ്ങളിലും അനുകവികളുടെ ആശയങ്ങളും കാണുന്നുണ്ട്. രാമായണം ഭാഷാചമ്പുവിലെ ഛായയും ആശയങ്ങളും മറ്റും അതിൽ പല സ്ഥലത്തും കാണുന്നു. അതുകൊണ്ട് അതിന്റെ അവകാശം ചമ്പൂകാരനെന്നു വിശ്വസിക്കപ്പെടുന്ന പുനംനമ്പൂരിയുടെ പേരിൽ പതിക്കുകയാണ് നാരായണപ്പണിക്കർ ചെയ്തിട്ടുള്ളതു്.

ഇരുപത്തിനാലുവൃത്തം ആദ്യന്തം വായിക്കുന്ന ഒരാൾക്കു് അതു സംസ്കൃതത്തിലോ മലയാളത്തിലോ ഉള്ള ഏതെങ്കിലും ഒരു ഗ്രന്ഥത്തെ സമഗ്രമായി അനുകരിച്ചു നിർമ്മിച്ചതല്ലെന്നു ബോധപ്പെടുന്നതാണ്. കവി രാമായണം കഥയുടെ മാതൃകയായി ഏതു ഗ്രന്ഥത്തേയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഓരോ കഥാസന്ദർഭത്തിനേറയും വർണ്ണനയിൽ രഘുവംശം, രാമായണചമ്പു, മഹാനാടകം മുതലായ സംസ്കൃതഗ്രന്ഥങ്ങളിലെ ആശയങ്ങളും സ്വീകരിച്ചിട്ടില്ലെന്നുമില്ല. ആവക ഘട്ടങ്ങളിൽ സംസ്കൃതശ്ലോകങ്ങളും ഏതേതിൽ കിടന്നു കളിക്കുകയാൽ അവയിലെ ആശയങ്ങളെപ്പറ്റി തനിക്കുള്ള ബഹുമാനാതിരേകംകാരണം കവി അവയെ അനുകരിച്ചതായിരിക്കണം.

എന്നാൽ ഭാഷാചമ്പുക്കളിലെ ആശയങ്ങളെ അങ്ങനെതന്നെ അനുകരിച്ചുവെന്നു പറയുന്നതു ശരിയാണോ എന്നു സംശയിക്കുന്നു. സീതാപരിത്യാഗചമ്പുവിലെ 76–ാമത്തേയും 77–ാമത്തേയും ശ്ലോകങ്ങളുടെ സംഗ്രഹമാണ്

"വിമലഗുണകീർത്തേ മമ ജനനിമാരോ–
ടിതി ബത വിശേഷിച്ചവരൊട്ടുപറഞ്ഞി–
ട്ടുദരഗതം മമ പതിനിഷേകം
തദപി വചനീയം പരപുരുഷ വിശ്ലോ!
മമ വചനഹേതോരവനിപതിതന്നോ–
ടിതു പറക നീതാനനലനിൽ വീഴുമാം

അഹിതവചനാൽ മാം കളക കുലയോഗ്യം
ശ്രുതിസദൃശമെന്നോ പരപുരുഷ വിശ്ലേഷ!''

എന്നീ രണ്ടു പദ്യങ്ങളും എന്നു ശ്രീമാൻ പണിക്കർ പറയുന്നു. പക്ഷെ ഇവ രഘുവംശത്തിലുള്ള

''ശപശ്രുജനം സ്വമനുക്രമേണ
വിജ്ഞാപയ പ്രാപിതമൽപ്രണാമഃ
പ്രജാനിഷേകം മയി വർത്തമാനം
സൂനോരനൃധ്യായത ചേതസേതി.

വാചൃസ്ഥയാ മദ്വചനാൽ സ രാജാ
വഹ്നൗ വിശുദ്ധാമപി യത്സമക്ഷം
മാംലോകവാദശ്രവണാദഹാസീഃ
ശ്രുതസ്യ കിം തൽ സദൃശം കുലസ്യ.''

എന്ന പ്രസിദ്ധപദ്യങ്ങളുടെ സ്വതന്ത്രപരിഭാഷയാകുന്നു. ഇരുപത്തിനാലുവൃത്തത്തിന്റെ പ്രണേതാവു സീതാപരിത്യാഗഘട്ടത്തിൽ രഘുവംശത്തിലെ പല ശ്ലോകങ്ങളും അനുകരിച്ചിട്ടുണ്ടു്. സീതാപരിത്യാഗചമ്പൂകാരനും ഇരുപത്തിനാലുവൃത്തകാരനും രഘുവംശാശയം ഒരുപോലെ പകർത്തുകയാണു് ചെയ്തിട്ടുള്ളതു്. രഘുവംശാശയത്തെ ചമ്പൂകാരൻ എടുത്തു; ചമ്പുവിലെ ആശയത്തെ ഇരുപത്തിനാലുവൃത്തകാരനും സ്വീകരിച്ചു; എന്നു പറയുന്നതായാൽ അതു ഒരുതരം ശിരോവേഷ്ടനപ്രാണായാമം തന്നെയാകും.

ഭാഷാചമ്പുവിലെ ആശയങ്ങളാണു് ഇരുപത്തിനാലുവൃത്തത്തിൽ ചിലേ സ്ഥലങ്ങളിൽ അനുകരിച്ചിട്ടുള്ളതെന്നു വന്നാൽ അതുകൊണ്ടതന്നെ ഇരുപത്തിനാലുവൃത്തത്തിന്റെ കർത്താവു പുനംനമ്പൂരിയല്ലെന്നു വിചാരിപ്പാനാണു് യുക്തിയുള്ളതു്. പുനംനമ്പൂരി രാമായണചമ്പുവിൽ പ്രയോഗിച്ച ആശയങ്ങളൊന്നുതന്നെ ഇരുപത്തിനാലുവൃത്തത്തിലും പ്രയോഗിച്ചു എന്നു പറയുന്നതു് അദ്ദേഹത്തിനു വലിയ ലാഘവവും അശക്തിയുമായിട്ടാണു് വരിക.

'പുളകോൽഗമകാരിവചഃ പ്രസരംപുനമേവ പുനഃപുനരാസ്മമഹേ' എന്നു് ഉദ്ദണ്ഡശാസ്ത്രികളുടെ പ്രശംസയ്ക്കു പാത്രമായ പുനം ഒരേ ആശയംതന്നെ പല കൃതികളിലും പ്രയോഗിച്ചു കവിസാമ്രാജ്യം കയ്യ്ലാക്കുവാൻ ശ്രമിച്ചുവെന്നു പറയുന്നതു വലിയ സാഹസമായിരിക്കും.

ശ്രീമാൻ പി. കെ. നാരായണപിള്ള പറയുന്നതു്, രാമരാവണന്മാർ തമ്മിലുണ്ടായ സംഭാഷണത്തിൽ എഴുത്തച്ഛന്റെ സ്വാഭാവികമായ ഗൌരവത്തിനു പകരം അതിയായ ലാഘവം തോന്നിക്കുന്ന ഭാഗങ്ങളും രാമായണം ഇരുപത്തിനാലുവൃത്തത്തിലുണ്ടെന്നും അതിലെ ശ്രീരാമൻ സീതാപഹരണത്തിനുശേഷം വിരഹാതുരനായി വിലപിക്കുന്ന ക്ലൂട്ടത്തിൽ കുറെ അധികം ചാപല്യം കാണിച്ചിട്ടുണ്ടെന്നും എഴുത്തച്ഛനാണെങ്കിൽ ശ്രീരാമനെക്കൊണ്ടു സഹോദരസമക്ഷത്തിൽവച്ചു ചാപല്യം പ്രകടിപ്പിക്കയില്ലെന്നും മറുമാണു്. എന്നാൽ അദ്ധ്യാത്മരാമായണത്തിലെ പ്രൌഢതയും ഗൌരവവും കേവലം ബാല്യകൃതിയായ ഇരുപതിനാലുവൃത്തത്തിൽ ഉണ്ടായിരിപ്പാൻ ന്യായമില്ല. ശ്രീരാമന്റെ വിരഹവർണ്ണനയിൽ മദനദശയുടെ ഉൽക്കടാവസ്ഥയെ കവി വൃ-ാംവൃത്തത്തിൽ 'പ്രണതജനപാലൻ ദശരഥതനൂജൻ' എന്നാദിയായി ൨൦ പദ്യങ്ങളെക്കൊണ്ടു ഹൃദ്യമായി വർണ്ണിച്ചിട്ടുണ്ടു്. അതിൽ ഉൽക്കടമായി വ്യഞ്ജിക്കുന്ന രാമന്റെ സീതാവിഷയകമായ പരിശുദ്ധരതിഭാവത്തെ വെറും കാമചാപല്യപ്രകടനമായി വ്യാഖ്യാനിക്കുന്നതു ശരിയാണോ എന്നും സംശയിക്കുന്നു.

ശ്രീമഹാഭാഗവതം

എഴുത്തച്ഛനേറതല്ലെന്നു വാദിക്കുന്ന മറെറാരു ഗ്രന്ഥം ശ്രീമഹാഭാഗവതം കിളിപ്പാട്ടാകുന്നു. രാമായണത്തിലേയും ഭാരതത്തിലേയും രചനയോടൊത്തുനോക്കുമ്പോൾ ഭാഗവതത്തിൽ രചനാഗുണം വളരെ കുറവാണെന്നു പറയാതെ കഴികയില്ല. ചില സ്ഥ

ലങ്ങളിൽ സ്ഖലിതപദങ്ങളും വ്യാകരണവിരുദ്ധമായ പ്രയോഗങ്ങളും കടന്നുകൂടീട്ടുണ്ട്. ഇങ്ങനെയിരിക്കുന്ന ഒരു കൃതി രാമായണവും ഭാരതവും നിർമ്മിച്ച കവിയുടേതാണെന്നു് എങ്ങനെ വിചാരിക്കാമെന്നാണു് വാദം. ഈ അഭിപ്രായം ഒന്നാമതു പുറപ്പെടുവിച്ചതു മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പണ്ഡിതരായിരുന്ന ശ്രീമാൻ സത്യാർത്ഥിയായിരുന്നു. പിന്നീടു പലരും സത്യാർത്ഥിയുടെ അഭിപ്രായക്കാരായി തീർന്നിട്ടുണ്ടു്.

ശ്രീമാൻ പി. കെ, നാരായണപ്പിള്ള ഇങ്ങനെ പറയുന്നു:— "സംസ്കൃതസാഹിത്യത്തിൽ ഗ്രന്ഥകർത്താവു് ഇന്നവനെന്നു നിർണ്ണയമില്ലാത്ത അനേകം കൃതികളുടെ കർത്തൃത്വം കാളിദാസപ്രഭൃതികളിൽ ആരോപിക്കാറുള്ളതുപോലെ, നമ്മുടെ സാഹിത്യത്തിൽ എഴുത്തച്ഛൻമുതൽപേക്കം ചില ആളും പേരുമില്ലാത്ത ഉരുപ്പടികളും വന്നുകൂടീട്ടുണ്ടു്. ആ കൂട്ടത്തിലാണു് ഭാഗവതം." ഈ അഭിപ്രായത്തിനു് അദ്ദേഹം പറയുന്ന കാരണങ്ങൾ (1) മൂലത്തിനും ഭാഷയ്ക്കും തമ്മിൽ മഹത്തായ അന്തരമുണ്ടു്. (2) സംസ്കൃതഭാഷയിൽ സാമാന്യപരിചയമുള്ളവർക്കുപോലും വരാത്ത വലിയ തെറ്റുകളും കിളിപ്പാട്ടിൽ വന്നുപോയിട്ടുണ്ടു്. (3) അനുചയിക്കാത്ത വാക്യങ്ങളും ശ്രുഷ്ടങ്ങളായ വർണ്ണനകളും കിളിപ്പാട്ടിൽ ധാരാളമുണ്ടു്. (4) ഭാഗവതം എഴുത്തച്ഛനേറ്റതാണെന്നുള്ളതിലേയ്ക്കു ഐതിഹ്യമല്ലാതെ വേറെ തെളിവൊന്നുമില്ല—എന്നിവയാകുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളും ബലവത്തുക്കളാണെന്നു സമ്മതിക്കാതെ കഴികയില്ല. പക്ഷെ ചില സ്ഥലങ്ങളിലെ പരിഭാഷ മൂലത്തോടു യോജിക്കുന്നില്ലെന്നോ ചില അബദ്ധപ്രയോഗങ്ങളും അനുചയിക്കാത്ത വാക്യങ്ങളും ശ്രുഷ്ടവർണ്ണനകളും ഉണ്ടെന്നോ ഉള്ള കാരണംകൊണ്ടു ഭാഗവതത്തിന്റെ കർത്തൃത്വംതന്നെ എഴുത്തച്ഛന്നില്ലെന്നു കല്പിക്കാവുന്നതല്ല. ചില സ്ഥലങ്ങളിൽ മൂലത്തിലെ പാഠഭേദംകൊണ്ടു പരിഭാഷ ശരിയായില്ലെന്നു തോന്നാം.

ഗ്രന്ഥങ്ങളിൽ അക്ഷരത്തെറ്റുകൊണ്ടും അബദ്ധപ്രയോഗങ്ങളും കാണാം. ഭാഗവതത്തെസ്സംബന്ധിച്ചേടത്തോളം ഇതു രണ്ടും സംഭവിക്കാവുന്നതാണു്. അച്ചടിച്ച പുസ്തകങ്ങളിൽ മാത്രമല്ല താളിയോലഗ്രന്ഥങ്ങളിലുംകൂടി അനേകം അപപാഠങ്ങളും ആവാപോദ്വാപങ്ങളും കാണുന്നുണ്ടു്. ഇപ്പോഴും പ്രചാരത്തിലിരിക്കുന്ന ഭാഗവതപുസ്തകങ്ങളിൽ കലപ്പില്ലാത്തവ വളരെ കുറവാണു്. നാലഞ്ചു താളിയോലഗ്രന്ഥങ്ങളും പരിശോധിച്ചു ശരിയായ ഒരു പുസ്തകം കണ്ടുപിടിച്ചതിനു ശേഷമല്ലാതെ ഭാഗവതം കിളിപ്പാട്ടിൽ തെറ്റുകളുണ്ടെന്നു സമർത്ഥിക്കുവാനൊ അതിന്റെ കർത്തൃത്വകാശം എഴുത്തച്ഛനില്ലെന്നു തീർച്ചപ്പെടുത്തുവാനൊ പാടുണ്ടെന്നു തോന്നുന്നില്ല

ഇനി ഒരു സംഗതിയുംകൂടി ആലോചിക്കേണ്ടതുണ്ടു്. ഒരേ കവിയുടെതന്നെ പല കൃതികളും അവ നിർമ്മിച്ച പ്രായത്തിന്റെയും പരിസരത്തിന്റെയും വ്യത്യാസംകൊണ്ടു രചനാരീതിയിലും കവിതാഗുണത്തിലും വലിയ അന്തരം വരാവുന്നതാണു്. ഒരു കവി ബാല്യത്തിലും വാർദ്ധക്യത്തിലും എഴുതുന്ന കൃതികളിൽ രചനാഭംഗിയും കവിതാഗുണവും പ്രായേണ കുറഞ്ഞിരിക്കും. ബാല്യത്തിൽ പരിചയക്കുറവും വാർദ്ധക്യത്തിൽ മനസ്സിരിക്കായ്മയും മറവുള്ളവക്കെന്നപോലെ കവികൾക്കും സ്വാഭാവികമായിരിക്കും. വാർദ്ധക്യം മനുഷ്യന്റെ രണ്ടാം ബാല്യമാകുന്നു. ബാലന്മാരുടെ പദന്യാസത്തിൽ സന്നിവേശഭംഗി കുറവായിരിക്കും. പലപ്പോഴും പദസ്ഖലിതംതന്നെ വന്നുകൂടായ്കയുമില്ല. കവികളുടെ പ്രായഭേദമനുസരിച്ചു് അവരുണ്ടാക്കുന്ന കവിതകളിൽ ഗുണഭേദം പ്രായേണ കണ്ടുവരുന്നുണ്ടു്. കാളിദാസമഹാകവിയുടെ വിക്രമോർവ്വശീയം, അഭിജ്ഞാനശാകുന്തളം, മാളവികാഗ്നിമിത്രം എന്ന മൂന്നു നാടകങ്ങളും രചനാഗുണംകൊണ്ടും കവിതാഗുണംകൊണ്ടും ഒരുപോലെയല്ലാതിരിക്കുന്നതു് അവയുണ്ടാക്കിയ പ്രായത്തിന്റെ വ്യത്യാസംകൊണ്ടാകുന്നു.

എന്നാൽ, ദശാവിശേഷത്താലുള്ള അനവധാനതയും അശക്തിയും വകവച്ചാലും കവിതയിലെ പാകത്തിനും ഒഴുക്കിനും മറവും പരിചയാധിക്യത്തിൽ മാറാ കൂട്ടുകയാണു് ചെയ്യുക എന്നും ഭാഗവതത്തിൽ ഒഴുക്കും പാകവും വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ടു് അതു മറ്റൊരാളുടെ കൃതിയായിരിക്കണമെന്നും ചിലർക്കഭിപ്രായമുണ്ടു്. ഈ അഭിപ്രായം നിസ്സാരമായ ഒന്നല്ല. പക്ഷെ, ഭാഗവതത്തിൽ നല്ല ഒഴുക്കും പാകവുമുള്ള ചില ഭാഗങ്ങളും ഇല്ലെന്നു പറഞ്ഞുകൂടാ; സാവ്വത്രികമായി ആ ഗുണങ്ങളും ഇല്ലെന്നേയുള്ളൂ. ആകയാൽ, ശ്രീമാൻ ആർ. ഈശ്വരപ്പിള്ള ബി. എ. പറയുമ്പോലെ "അതിൽ എഴുത്തച്ഛന്റെയല്ലാതെ മറ്റൊരാളിന്റെ കൈകടത്തുകൂടി പ്രവർത്തിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു. പക്ഷെ അദ്ദേഹത്തിന്റെ ശിഷ്യവയ്ക്കൽകൂടി ഇടയ്ക്കിടെ സഹായിച്ചുവെന്നു വന്നേക്കാം" എന്നു വിചാരിക്കാവുന്നതാണു്. ഈ രണ്ടു സംഗ്രഹത്തിൽ ഭാഗവതത്തിൽനിന്നു സംഗ്രഹിച്ചു ചേർത്തിട്ടുള്ള സ്തുതികളും, തത്തേപാകൃതികളും മുതലായവ എഴുത്തച്ഛന്റെ കവിതയ്ക്കുള്ള മാധുര്യമുള്ളവയാണെന്നു രസചവ്വണയിൽ സഹൃദയജനങ്ങൾക്കു തോന്നുമെങ്കിൽ ഈ ഊഹം വളരെ പിഴച്ചുപോയിരിക്കയില്ല.

ഭാഗവതം നവമസ്കന്ധത്തോളം മാത്രമേ എഴുത്തച്ഛൻ നിർമ്മിച്ചിട്ടുള്ളുവെന്നു പുന്നശ്ശേരി ശ്രീധരൻ നമ്പി തന്റെ ഏകാദശം കിളിപ്പാട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ അഭിപ്രായം ചിന്തനീയമാണെന്നുമാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു.

ചിന്താരത്നം — കൈവല്യനവനീതം

ചിന്താരത്നവും കൈവല്യനവനീതവുമാണു് എഴുത്തച്ഛന്റേതല്ലെന്നു പറയുന്ന മറ്റു രണ്ടു കൃതികളും. എന്നാൽ 'ചിന്തിക്കുന്തോറും സാരമുള്ള ചിന്താരത്നവും' പരമനിർവ്വാണത്തിനുള്ള വഴികളുപദേശിക്കുന്ന കൈവല്യനവനീതവും കവി തന്നിക്കു പരലോകയാത്രയിലേയ്ക്കുള്ള പാഥേയമായി നിർമ്മിച്ചുവെന്നു വിചാരി

പ്പാൻ വലിയ വൈഷമ്യം തോന്നുന്നില്ല. കവിതാഭംഗിയുടെ കുറവു രണ്ടു കൃതികളിലും കാണുന്നതിനു വിഷയകാഠിന്യമായിരിക്കണം കാരണം. എന്നാൽ, വിഷയകാഠിന്യം എത്രതന്നെയുണ്ടെങ്കിലും സാഹിത്യഭംഗിയെ തീരെ നോക്കാതെ വല്ലതും എഴുതുന്ന സ്വഭാവം എഴുത്തച്ഛനില്ലായ്കയാൽ ഇവ രണ്ടും അദ്ദേഹത്തിന്റെ കൃതികളല്ലെന്നു വാദിക്കുന്നവരുടെ അഭിപ്രായവും ചിന്തനീയമാകുന്നു.

മറ്റു ചിലർ കൈവല്യനവനീതത്തിന്റെ അവസാനത്തിൽ

"സാനന്ദരൂപം സകലപ്രബോധ–
മദ്വൈതമാനാമൃതപാരിജാതം
മനുഷ്യരൂപേഷു രവിസ്വരൂപം
പ്രണൌമി തുഞ്ചത്തെഴുമാര്യപാദം"

എന്നൊരു ശ്ലോകം അച്ചടിച്ചുകാണുന്നതിൽ തുഞ്ചത്തെഴുത്തച്ഛനെ വന്ദിച്ചിരിക്കുന്നതു കൈവല്യനവനീതം എഴുത്തച്ഛന്റേതല്ലെന്നുള്ളതിലേക്ക് ഒരു തെളിവായി പറയുന്നുണ്ട്. ഈ ശ്ലോകം കൈവല്യനവനീതത്തിൽ മാത്രമല്ല എഴുത്തച്ഛന്റെ മറ്റു ചില കൃതികളിലും എഴുതിക്കാണുന്നുണ്ട്. ഗ്രന്ഥം പകർത്തിയ എഴുത്തുകാർ ആരെങ്കിലും എഴുതിച്ചേർത്തതായിരിക്കണം ഇതു്. എഴുത്തച്ഛന്റെ കൃതികളിലല്ലാതെ ഈ ശ്ലോകം എഴുതിക്കാണാത്തതുകൊണ്ടു് ഇതുതന്നെ കൈവല്യനവനീതത്തിന്റെ കർത്തൃത്വം എഴുത്തച്ഛനിൽ അപ്പിക്കുവാൻ സാധകമായിട്ടാണിരിക്കുന്നതു്.

അന്യകൃതികൾ

ദേവീമാഹാത്മ്യം, ശിവപുരാണം, ശതമുഖരാമായണം എന്നിവയാണു് ചില വിമർശകന്മാർ എഴുത്തച്ഛന്റേതായി പറഞ്ഞുവരുന്ന മറ്റു കൃതികൾ. ഇവ മൂന്നും കിളിപ്പാട്ടുകളാകയാലും കവിതകൊണ്ടു് ഒരുവിധം നല്ല നിലയിലിരിക്കുന്നവയാകയാലും സാധാരണന്മാർക്കു തെറ്റിദ്ധാരണ വരുവാൻ മാർഗ്ഗമുണ്ടു്. ദേവീ

മാഹാത്മ്യത്തിൽ ''രാമനാമാചായ്യനമാവോളം തുണയ്ക്കേണം'' എന്നിങ്ങനെ കവി ഒരു 'രാമനാമാചായ്യ'നെ വന്ദിക്കുന്നുണ്ട്. ''ഉഗ്രം ക്ഷമിക്കുന്നിങ്കൽ വാഴ്ക രാമനാമാചായ്യനും'' എന്നും അദ്ധ്യാത്മരാമായണത്തിലുമുണ്ടല്ലൊ. ഇതും വിമർശകന്മാരെ വഴി തെറ്റിച്ചിരിക്കാം. എന്നാൽ കവിതയുടെ ആകപ്പാടെയുള്ള സ്വഭാവവും യുദ്ധവർണ്ണനാദികളിൽ കാണുന്ന ബാലിശത്വവും മറവും നോക്കുമ്പോഴും എഴുത്തച്ഛനു സഹജമായ ശൈലിയും ഗാംഭീര്യവും ദേവീമാഹാത്മ്യത്തിൽ ഉണ്ടെന്നു പറഞ്ഞുകൂടാ. എഴുത്തച്ഛന്റെ പേർ രാമൻ എന്നായിരിക്കയാലും ബ്രഹ്മാണ്ഡപുരാണത്തിൽ കരുണാകരനെഴുത്തച്ഛൻ ആ പേർകൊണ്ടു ഗുരുവന്ദനം ചെയ്തതുപോലെ ഇതിലും ചെയ്തിരിക്കയാലും ഇതു് എഴുത്തച്ഛന്റെ ശിഷ്യന്മാരിൽ ആരുടെയെങ്കിലും കൃതിയായിരിക്കുവാൻ അവകാശമുണ്ടു്.

ശിവപുരാണം എഴുത്തച്ഛനേറ്തല്ലെന്നു പല സംഗതികളെക്കൊണ്ടും തെളിയിക്കുവാൻ കഴിയും. അതിൽ ഒരു മനക്കോട്ടച്ചെമ്മനെ സ്തുതിച്ചുകാണുന്നുണ്ടു്.

''ചന്ദ്രചൂഡപ്രസാദത്തെച്ചന്തമോടേ ലഭിക്കുന്ന
ചന്ദ്രബിംബാനനൻ വീരൻ മനക്കോട്ട ബാലരാമൻ''

എന്നാദിയായ മനക്കോട്ട ബാലരാമസ്തുതി എഴുത്തച്ഛന്റെ സ്ഥിതിക്കു് അനുചിതമാണു്. ഭക്താഗ്രേസരനും അദ്ധ്യാത്മനിഷ്ഠനുമായ എഴുത്തച്ഛന്റെ മനസ്സു് ഈശ്വരന്റെ ദിവ്യസന്നിധിയിലല്ലാതെ പ്രാകൃതന്മാരുടെ മുമ്പിൽ ഒരിക്കലും കുനിയുന്നതല്ല. എഴുത്തച്ഛൻ ഒരു സ്ഥലത്തും നരസ്തുതി ചെയ്തതായി കാണുകയുമില്ല.

ശിവപുരാണം കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നു വിശ്വസിപ്പാനിടയുണ്ടു്. അതിലെ പല ഭാഗങ്ങളിലും തുഞ്ചന്റെ പൈങ്കിളിയുടെ കളനാദത്തിനു പകരം കുഞ്ചന്റെ തുള്ളലിലെ തുള്ളിച്ചാട്ടമാണു് അനുഭവപ്പെടുന്നതു്.

"വിടന്മാരും ഭടന്മാരും ജഡന്മാരും ശഠന്മാരും
നടന്മാരും ചേജന്മാരും ഭൂജോരുപാദജന്മാരും"

"ചാക്ഷും പലതരം വാക്ഷും ഭയപ്പെട്ടു
നോക്ഷും പിടിച്ചുന്തിനീക്ഷംവിധങ്ങളും"

ഇത്യാദി വരികളും അവയുടെ കത്താവു നമ്പ്യാരാണെന്നു വിളിച്ചു പറയുന്നുണ്ട്.

ശിവപുരാണത്തിലെ ചില വരികളും നളചരിതം തുള്ളലി ലേയും മറ്റും വരികളോടു് ആകൃതിയിലും പ്രകൃതിയിലും തുല്യ ങ്ങളായിക്കാണുന്നു.

"വിദ്വാൻ വിവേകി വിനീതൻ വിശുദ്ധിമാൻ
വിദ്വേഷ്യഭീഷ്ണൻ വീരൻ വിശാംപതി"

എന്നു ശിവപുരാണത്തിലും

"വിദ്വാൻ വിനീതൻ വിശാലവിലോചനൻ
വിദ്യോതമാനൻ വിദശ്ധൻ വിമത്സരൻ"

എന്നു നളചരിതത്തിലും ഏകദേശം സദൃശമായി പ്രയോഗിച്ചു കാണുന്നു. വേറെയും നമ്പ്യാരുടെ ശൈലിയെ പ്രസ്പഷ്ടമാക്കുന്ന അനേകം വരികളും ശിവപുരാണത്തിൽ കാണാം.

ശതമുഖരാമായണം എഴുത്തച്ഛന്റെ കൃതിയാണെന്നു കവിതി ലകൻ ഉള്ളൂർ.എസ്സ്. പരമേശ്വരയ്യരവർകളും അതിന്റെ അവതാ രികയിൽ പ്രസ്താവിച്ചിട്ടുണ്ടു് എന്നാൽ എഴുത്തച്ഛനു സ്വാഭാ വികമായ ഗാംഭീര്യം ശതമുഖരാമായണത്തിൽ കാണുന്നില്ല. ഒരു വരിയുടെ അവസാനത്തിൽ 'കാ' എന്നു പറഞ്ഞുവച്ചു് അടുത്ത വരിയിൽ 'കുൽസ്ഥൻ' എന്നു തുടരുന്നതും മറ്റുമായ വികൃതപ്ര യോഗങ്ങളും എഴുത്തച്ഛന്റെ രീതികളെ ചേരുന്നതുമല്ല.

"കൂട്ടമൊരുമിച്ചു നില്പിനെല്ലാവരും
കോട്ടയഴിപ്പിൻ കിടങ്ങു തൂത്തീടുവിൻ"
"ചിന്തയുണ്ടാകൊലാ കാരുണ്യവാരിധെ!
ചിന്തയാകുന്നു കായ്വിനാശിനി"

എന്നു തുടങ്ങി ചില ഘട്ടങ്ങളിൽ എഴുത്തച്ഛന്റെ ഛായ ധാരാളമുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതു മാത്രംകൊണ്ടു് ഇതിന്റെ കർത്തൃത്വം എഴുത്തച്ഛനിൽ സമർപ്പിക്കുവാൻ പാടുണ്ടോ എന്നു സംശയമാണു്.

രാമായണവും ഭാരതവും

അദ്ധ്യാത്മരാമായണം, ശ്രീമഹാഭാരതം എന്നീ കിളിപ്പാട്ടുകൃതികൾ എഴുത്തച്ഛന്റെ യൌവനകാലത്തെ കൃതികളാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ രണ്ടു മഹാഗ്രന്ഥങ്ങളാണു് മലയാളഭാഷയ്ക്കു് ഇന്നുള്ളതു മഹത്വം വരുവാൻ കാരണമായതെന്നു സർവ്വരും സമ്മതിക്കുന്നുണ്ടു്. രചനാഗ്രഹണംകൊണ്ടും കല്പനാസാമർത്ഥ്യംകൊണ്ടും ഭാരതം രാമായണത്തെക്കാൾ ഒരുമാറു മേലെയാണെന്നു പറയുവാൻ വിരോധമില്ല. രാമായണം പ്രൌഢതകൊണ്ടു മുന്നിട്ടു നില്ക്കുന്നു. ഭാരതം സാരസ്യംകൊണ്ടു മികച്ചുനില്ക്കുന്നു. ഈ വ്യത്യാസം രാമായണത്തിലേയും ഭാരതത്തിലേയും കഥകഥിക്കുന്നതെന്നെയുള്ളതാണു്. കഥയിലുള്ള ഈ വ്യത്യാസം എഴുത്തച്ഛന്റെ കവിതയിലും കാണുന്നുണ്ടു്.

അദ്ധ്യാത്മരാമായണം മലയാളത്തിൽ കുടിൽതൊട്ടു കൊട്ടാരംവരെ എല്ലായിടത്തും പ്രചുരപ്രചാരമുള്ള ഒരു കൃതിയാകുന്നു. ഭാരതവും ഏകദേശം അതുപോലെതന്നെ പ്രചാരമുള്ള ഒരുൽകൃഷ്ടഗ്രന്ഥമത്രെ. ലോകത്തിലെ മഹാഗ്രന്ഥങ്ങളിൽവെച്ചു് ഏറ്റവും അധികം വലുപ്പമുള്ള വേദവ്യാസപ്രണീതമായ മഹാഭാരതമാകുന്ന മഹാസമുദ്രത്തെ തന്റെ മനോധർമ്മമായ മന്ഥദണ്ഡംകൊണ്ടു് മഥനംചെയ്തു് എഴുത്തച്ഛൻ മലയാളികൾക്കു സമ്മാദിച്ചുതന്ന മധുര

തരമായ അമൃതമാണ് മഹാഭാരതം കിളിപ്പാട്ട്. വ്യാസരുടെ വ
ലിയ ഭാരതത്തിൽനിന്നു സാരവും സാരസ്യവും കൂടിയ ഭാഗങ്ങ
ളെല്ലാം സംഗ്രഹിച്ചു സാഹിത്യഗുണം തികഞ്ഞ ആശയങ്ങളെ
ലേശംപോലും കൈവിടാതെ സ്വതന്ത്രമായി പരിഭാഷപ്പെടുത്തി
യ ഒരു ചെറുഭാരതമാണിതു്. മൂലത്തിൽ പ്രസക്തമാനപ്രസക്ത
മായുള്ള ഉപകഥകളെ വിസ്തരിക്കാതെ സൂചിപ്പിച്ചു് ആധികാരി
കമായ പ്രധാനകഥയെ മാത്രം വിസ്തരിക്കുകയാണു് എഴുത്തച്ഛൻ
ചെയ്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ ചെറുഭാരതംകൊണ്ടു സുകുമാര
മതികളായ സാധാരണജനങ്ങൾക്കുംകൂടി മഹാഭാരതത്തിന്റെ മാ
ധുര്യം ആസ്വാദ്യമായി പരിണമിച്ചു.

കിളിപ്പാട്ടിന്റെ ഉത്ഭവം

അദ്ധ്യാത്മരാമായണത്തിന്റെ അവതാരം മലയാളത്തിൽ
കിളിപ്പാട്ടു് എന്ന മഹത്തായ ഒരു കവിതാപ്രസ്ഥാനത്തിന്റെ
പ്രാരംഭമായിത്തീർന്നു. കവി ഒരു കിളിയെക്കൊണ്ടു കഥ പറയി
ക്കുന്നതായിട്ടാണല്ലൊ കിളിപ്പാട്ടുകളുടെ രചന. കഥാകഥന
ത്തിൽ ശ്രോതാക്കൾക്കു് ആഭിമുഖ്യം ജനിപ്പിക്കുവാൻവേണ്ടി കവി
കൾ കാവ്യമുഖത്തിൽ പല പ്രരോചനങ്ങളും ചെയ്യുക പതിവുണ്ടു്.
ഗ്രന്ഥം കവിവാക്യമായിട്ടാരംഭിക്കാതെ മറെറാരാളെ മദ്ധ്യസ്ഥ
നാക്കി നിർത്തി ആയാളെക്കൊണ്ടു കഥ പറയിക്കുന്നതു് ഒരുവക
പ്രരോചനതന്നെയാകുന്നു. ഒരു മദ്ധ്യസ്ഥനെ വരിക്കുന്നപക്ഷം
ശബ്ദമാധുര്യത്തിൽ പ്രസിദ്ധിയുള്ള പൈങ്കിളിയെയായാൽ ശ്രോ
താക്കളുടെ ശ്രദ്ധയെ ആകഷ്ടിക്കുവാൻ അധികം നന്നായിരിക്കും.
പൈങ്കിളിക്കു മനുഷ്യവാക്കിനെ അനുകരിച്ചു പറവാനുള്ള സാമ
ർത്ഥ്യം സ്വാഭാവികമായിട്ടുണ്ടെന്നുള്ള സംഗതിയും കിളിയെക്കൊ
ണ്ടു കഥ പറയിച്ചതിൽ എഴുത്തച്ഛനു പ്രേരകമായിരുന്നിരിക്കാം.

കവി വേദശാസ്ത്രങ്ങളുടെ പരിജ്ഞാനം സിദ്ധിച്ചവനാണെ
ന്നിരിക്കിലും ജനനംകൊണ്ടു "വേദശാസ്ത്രങ്ങൾക്കധികാരിയല്ല"

എന്നു് അദ്ദേഹത്തിനു് അഭിപ്രായമുണ്ടായിരുന്നതും കിളിപ്പാട്ടു് എന്ന പ്രസ്ഥാനത്തിന്റെ ഉൽപത്തിക്കു കാരണമായിരുന്നിരിക്കാം. ഇതിനെപ്പറ്റി ശ്രീമാൻ ആർ. ഈശ്വരപിള്ള പറയുന്ന അഭിപ്രായം സവിശേഷം ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നു:—"ഇപ്രകാരം ഭാവനാസൃഷ്ടയായിരിക്കുന്ന ഒരു കിളിയുടെ സഹായം അവലംബിച്ചതു് ഒരുദ്ദേശ്യവുംകൂടാതെ ആയിരിക്കുവാൻ തരമില്ല. ഇതരഭൂഷ്ടിയിൽ എഴുത്തച്ഛൻ ജാതികൊണ്ടും മറ്റും വേദശാസ്ത്രങ്ങൾക്കധികാരിയല്ലായിരുന്നുവല്ലൊ. അധികാരമില്ലാത്ത പ്രവൃത്തി മേൽപറഞ്ഞവരുടെ ദൃഷ്ടിയിൽ ആക്ഷേപാർഹവുമാണല്ലൊ. ഇതുകൊണ്ടായിരിക്കാം വിനയാനതബുദ്ധിയായ തുഞ്ചൻ 'വേദസമ്മിതമായ' രാമായണാദിപുരാണകഥകളെ താൻതന്നെ നേരിട്ടു പറയാതെ തന്റെ പ്രതിനിധിയായി സങ്കല്പിക്കപ്പെട്ട കിളിയെക്കൊണ്ടു പറയിച്ചിരിക്കുന്നതു്. കിളി പാട്ടുന്നതുകൊണ്ടു് ഇവയ്ക്കു് 'കിളിപ്പാട്ടു്" എന്നു പേരു സിദ്ധിച്ചു." തനിക്കധികാരമില്ലാത്ത ഒരു സംഗതി പറയേണ്ടിവരുമ്പോൾ വക്താവു് ഒരു തിരശ്ശീലകൊണ്ടു് മറഞ്ഞിരുന്നു പറയുകയായിരുന്നു പണ്ടത്തെ പതിവു്. എഴുത്തച്ഛന്റെ കിളി ഇങ്ങനെയുള്ള ഒരു തിരശ്ശീലയുടെ സ്ഥാനമായിരിക്കാം വഹിക്കുന്നതു്. അല്ലെങ്കിൽ, പറയുന്ന തത്ത്വങ്ങളൊ സംഗതികളൊ ഒന്നും തന്റെ വകയല്ലെന്നും ഒരു കിളി പറയുന്നതുപോലെ വിദ്വാന്മാർ പറഞ്ഞതിനെ പറയുന്നതേയുള്ളുവെന്നും വരുത്തുവാൻ വിനയദ്യോതകമായി സ്വീകരിച്ചതാണു് ഈ രീതി എന്നും പറയാം.

എഴുത്തച്ഛനെക്കുറിച്ചു പറഞ്ഞുതുടങ്ങിയാൽ അവസാനമില്ലാത്തതുകൊണ്ടു് ഇനി ആ ഭാഗം വിസ്തരിക്കാതെ ഈ പുസ്തകത്തെപ്പറ്റി ചില സംഗതികളും പ്രസ്താവിച്ചുകൊള്ളുന്നു. ഈ രത്നങ്ങളും തിരയുന്നതിനു് അദ്ധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീമഹാഭാഗവതം, ചിന്താരത്നം, കൈവല്യനവനീതം എന്നീ കിളിപ്പാട്ടുകളും രാമായണം ഇരുപത്തിനാലുവൃത്തം, ഹരിനാമകീർത്ത

നം എന്നിവയുമാണ് വിഷയമാക്കീട്ടുള്ളതു്. രതഞ്ജം തിരഞ്ഞു പിടിക്കുന്നതിലും വിശകലനംചെയ്യ ഗണംതിരിക്കുന്നതിലും "നമ്പ്യാരുടെ രതഞ്ജ"ളിൽ അവലംബിച്ച മാതൃകയെത്തന്നെയാണു് ഇതിലും അനുസരിച്ചിട്ടുള്ളതു്. സ്തുതികഥ, തത്തോപാക്ഥാനികഥ, സാരോക്തികഥ, ലോകോക്തികഥ, ഹാസ്യോക്തികഥ, നീത്യുക്തികഥ, വർണ്ണന, വിവരണം, ചിത്രണം, സന്ദേശം, ആഖ്യാനം, വിപ്രകീർണ്ണം എന്നിങ്ങനെ നാനാജാതിധമ്മങ്ങളെപ്പുരസ്കരിച്ചുള്ള വർഗ്ഗീകരണം നമ്പ്യാരുടെ രതഞ്ജളിലും എഴുത്തച്ഛന്റെ രതഞ്ജളിലും സമംതന്നെ. നമ്പ്യാരുടേതിൽ പരാവർത്തനം എന്നൊരിനം കൂടുതലുള്ളതിനാണ് എഴുത്തച്ഛന്റേതിൽ കീർത്തനങ്ങളും കൂടുതലായി വന്നിട്ടുണ്ടു്.

എഴുത്തച്ഛന്റെ സ്തുതികഥ ഗഹനങ്ങളായ വേദാന്തതത്വങ്ങളെ പ്രതിപാദിക്കുന്നവയും വായിക്കുന്നവരുടെ മനസ്സിനെ വിഗളിതവേദ്യാന്തരമായ ആനന്ദത്തിൽ ലയിപ്പിക്കുന്നവയുമാകുന്നു. അദ്ദേഹത്തിന്റെ കീർത്തനങ്ങൾ ഗാനമാധുര്യംകൊണ്ടും ഭക്തിരസംകൊണ്ടും അദ്വിതീയങ്ങളത്രെ. അദ്ദേഹത്തിന്റെ തത്തോപാക്ഥാനികഥ ഏതു കാലത്തും ഇളക്കമില്ലാത്തവയാണു്. അദ്ദേഹത്തിന്റെ സാരോക്തികഥ സർവ്വദാ സ്മരണീയങ്ങളും ലോകോക്തികഥ ലൌകികജീവിതത്തിൽ അത്യന്തം ഉപകരിക്കുന്നവയും ഹാസ്യോക്തികഥ ഹാസ്യരസത്തിന്റെ നിർമ്മലഭാഗത്തെ വ്യഞ്ജിപ്പിക്കുന്നവയുമാകുന്നു. അദ്ദേഹത്തിന്റെ നീത്യുക്തികഥ നീതിശാസ്ത്രത്തിലേയും ധർമ്മശാസ്ത്രത്തിലേയും തത്ത്വങ്ങളെ ഒരുപോലെ പ്രതിപാദിക്കുന്നവയാണു്. അദ്ദേഹത്തിന്റെ വർണ്ണന ശബ്ദം കുറഞ്ഞും അർത്ഥം നിറഞ്ഞുമിരിക്കുന്നതും ശൃംഗാരാദികളായ എല്ലാ രസങ്ങളുടേയും പരിസ്ഫുർത്തി വന്നിട്ടുള്ളതുമാകുന്നു. അദ്ദേഹത്തിന്റെ വിവരണം ആ നാമത്തെ തികച്ചും അർഹിക്കുന്നതും ചിത്രണം നല്ല ജീവനും മിഴിവുമുള്ളതും സന്ദേശം അത്യന്തമനോഹരവും, ആഖ്യാനം രസിപ്പിച്ചുകൊണ്ടു കഥ പറയുന്നതിനു് ഉത്ത

മമാത്രകയായിട്ടുള്ളതുമാകുന്നു. വിപ്രകീർണ്ണത്തിലും ഈവക ഗുണങ്ങളും ചിന്നിച്ചിതറിക്കിടക്കുന്നുണ്ട്.

എഴുത്തച്ഛന്റെ പ്രശാന്തഗംഭീരമായ സാഹിത്യസമുദ്രത്തിൽ ഇറങ്ങി മുങ്ങിത്തപ്പി എടുത്തു് ഈ രത്നസമുച്ചയത്തിൽ അടുക്കിവച്ചിട്ടുള്ള രത്നങ്ങളും യഥാർത്ഥത്തിൽ രത്നങ്ങളെന്ന സംജ്ഞയെ അർഹിക്കുന്നുണ്ടോ അതോ ഇവയിൽ ചില കാചമണികളുംകൂടി പെട്ടുപോയിട്ടുണ്ടോ എന്നു പരിശോധിച്ചു് അഭിപ്രായം പറയേണ്ടതു നോട്ടക്കാരായ വിമർശകന്മാരുടെ ഭാരമാണു്. ഒന്നുമാത്രം ഇവിടെ പറയേണ്ടതായിട്ടുണ്ടു്. സാരോക്തി മുതലായ ഉക്തികളിൽപെട്ട ചില വരികളും മറ്റുചില വിഷയങ്ങളിൽ ആവർത്തിച്ചിട്ടുള്ളതായി ഉർല്ലഭം ചിലേടത്തു കാണാവുന്നതാണു്. അങ്ങനെ വന്നതിന്റെ കാരണം മറ്റൊന്നുമല്ല. ഉക്തികളുടെ നിലയ്ക്കു അവയെ സ്വീകരിക്കാതിരിപ്പാൻ വയ്യ. വണ്ണനാടികളിൽ മദ്ധ്യത്തിൽനിന്നു ആവരികളും എഴുത്തുകളഞ്ഞാൽ ആകപ്പാടെ സന്ദർഭഗൌരവത്തിന്നു മതിയാവുകയുമില്ല. ആകയാൽ അവ സ്വീകരിക്കയും ആവർത്തിച്ചുവന്നവയെന്നു വലയചിഹ്നംകൊണ്ടു് വേർതിരിച്ചു കാണിക്കുകയുമാണു് ചെയ്തിട്ടുള്ളതു്.

എന്നു്,

കമ്മിറ്റിക്കുവേണ്ടി

പണ്ഡിതർ

കെ. വാസുദേവൻ മൂസ്സതു്.

ഭാഷാപരിഷ്കരണകമ്മിറ്റി
ആപ്പീസു്
തൃശ്ശിവപേരൂർ.
൨൮—൫൨—൫൦൭

വിഷയവിവരം

	ഭാഗം
മംഗളം	1—2
പ്രാരംഭം	3
സ്തുതികഥം	4—29
ശ്രീരാമൻ	
കൌസല്യാസ്തുതി	4
അഹല്യാസ്തുതി	6
ജടായുസ്തുതി	9
നാരദസ്തുതി	12
വിരാൾപുരുഷൻ	
കബന്ധസ്തുതി	14
ശ്രീകൃഷ്ണൻ	
യുധിഷ്ഠിരസ്തുതി	16
ബ്രഹ്മസ്തുതി	22
നൃസിംഹൻ (നരസിംഹാവതാരം)	25
കീർത്തനങ്ങൾ	30—36
തത്ത്വോക്തികഥം	37—63
ശ്രീരാമോക്തി (ലക്ഷ്മണസാന്ത്വനം)	37
വസിഷ്ഠോക്തി (ഭരതസാന്ത്വനം)	40
സുഖദുഃഖവിവേചനം (ഗുഹലക്ഷ്മണസംവാദം)	43
ജീവപരമാത്മൈക്യം (ലക്ഷ്മണോപദേശം)	45

	ഭാഗം
സാധുസമാഗമം (അഗസ്ത്യോക്തി)	47
കാലനേമിയുടെ ഉപദേശം	48
കാലചക്രഭ്രമം (വിദുരോക്തി)	50
ആത്മവിജയം	53
'ഏകം സദ്വിപ്രാ ബഹുധാ വദന്തി'	54
ജന്മസാഫല്യം	57
വിദ്വാൻ ആർ?	58
ആശാപാശം	59
മായാമോഹം	62
സാരോക്തികഥ	64—85
ലോകോക്തികഥ	86—95
ഹാസ്യോക്തികഥ	96—106
നീത്യുക്തികഥ	107—150
ദുർജ്ജനസംസർഗ്ഗം	107
ക്രോധോപാലംഭം	,,
ബാലിയുടെ ധർമ്മവാദം	108
രാമന്റെ സമാധാനം	109
സുഗ്രീവോൽബോധനം	110
മന്ത്രം മൂന്നുവിധം	112
കർമ്മബലം	113
മാതൃവ്യുർഗ്ഗസമ്പാദനം (കമോക്തി)	,,
ശകുന്തളാവാക്യം	114
'നന്നല്ല മഹദ്വൈരം'	121

	ഭാഗം
വിദുരവാക്യം	
അനിദ്രന്മാർ	122
വ്യക്തിവൈലക്ഷണ്യം	,,
പണ്ഡിതശ്രേഷ്ഠൻ	123
മൂഢൻ	125
പാപകർമ്മം	127
മന്ത്രച്ഛിദ്രം	,,
ഏകം	,,
രണ്ടു്	128
മൂന്നു്	129
നാലു്	130
അഞ്ചു്	131
ആറു്	,,
ഏഴു്	132
എട്ടു്	133
ഒമ്പതു്	134
പത്തു്	,,
വേണ്ടതും വേണ്ടാത്തതും	135
രാജധർമ്മം	136
സാമാന്യധർമ്മം	138
ബന്ധുശത്രുതാപം	148
രാജദൂന്യായം	149
രാജനീതി	,,
വർണ്ണന	151—305
(സാമാന്യം)	
രാമാവതാരം	151
മന്ഥരയുടെ ദുർബ്ബോധന	152

	ഭാഗം
സീതയുടെ ശാഠ്യം	156
കപടഭിക്ഷു	160
ബലപരീക്ഷ	163
മുഷ്ടിയുദ്ധം	165
ലങ്കാദഹനം	166
രാവണന്റെ പടപുറപ്പാട്	170
രാമരാവണയുദ്ധം	171
ഗാംഗേയൻ പ്രത്യക്ഷനാകുന്നതു്	173
പാണ്ഡുവിന്റെ ഗ്രഹപ്പിഴ	175
ലക്ഷ്യവേധം	178
സുഭദ്രാസ്വയംവരം	180
ഗദായുദ്ധം (ജരാസന്ധവധം)	182
ധർമ്മപരീക്ഷ	184
കീചകവധം	188
ഭഗവാന്റെ എഴുന്നള്ളത്തു്	190
യുദ്ധസന്നാഹം	192
ഹസ്തിയുദ്ധം	194
യുദ്ധരംഗം	198
യുധിഷ്ഠിരന്റെ രാജ്യഭാരം	199
ഭീഷ്മഭഗവദ്ധ്യാനം	201
ഭഗവത്സമാധി	204
അമ്പാടിയിലേക്കുള്ള എഴുന്നള്ളിപ്പു്	205
ശ്രീകൃഷ്ണലീല	207
കാളിയമർദ്ദനം	210
മല്ലയുദ്ധം	213

	ഭാഗം
ഉദ്യാനഭഞ്ജനം	214
സേതുനിർമ്മാണം	215
(വസ്തു)	
ലങ്കാപുരം	218
കാശ്യപാശ്രമം	219
പ്രതിഷ്ഠാനപുരം (ദുഷ്യന്തനഗരി)	224
ഇന്ദ്രദ്യുമ്നൻ (ഗജേന്ദ്രമോക്ഷം)	226
ത്രികൂടപർവ്വതം	227
അയോദ്ധ്യാപുരി	229
(ഭാവം)	
സീതാസ്വയംവരം	230
പുരവാസികളുടെ ഔത്സുക്യം	232
ദശരഥന്റെ പാരവശ്യം	235
രാമശപഥം	236
രാമന്റെ മാതൃദർശനം	237
ലക്ഷ്മണക്രോധം	240
'യാതൊരേടത്തുറങ്ങീ രഘുനായകൻ'	241
ഭരതൻ ചിത്രകൂടത്തിൽ രാമനെ കാണുന്നതു്	243
'എന്നെക്കണക്കേ പിരിഞ്ഞിതോ നിങ്ങളും?'	245
സീതയുടെ അടയാളവാക്യം	247
ഒരു വീർസംവാദം	249
ഉദ്ധതവിലാപം	251
വ്യാസോൽപത്തി	252
ശമ്മിഷ്ഠ ജയിച്ചു	255
മത്തവിലാസം	257

	ഭാഗം
'തുഷ്ട്യാ വാഴ്വിൻ നിങ്കൾ'	259
സുഭദ്രാജ്ജുനം	260
കീചകന്റെ പൊല്ലിയാട്ടം	264
'ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ!'	265
അഭിമന്യു	267
താപവും കോപവും	276
ദുശ്ശാസനവധം	278
ഗാന്ധാരിവിലാപം	282
താടകാവധം	287
വിരഹതാപം	288
സീതാപരിത്യാഗം	293
(പ്രകൃതി)	
ബാലലീലകൾ	295
ഗ്രീഷ്മം	301
വർഷം	302
ശരത്തു്	304
വിവരണം	306—313
പ്രകൃതിസാധനം	306
കൃതയുഗം	307
അവതാരങ്ങൾ	309
കലിയുഗം	310
സാധനചതുഷ്ടയം	311
സന്ദേഹനിവൃത്തി	312

	ഭാഗം
ചിത്രണം	314—326
ശ്രീരാമൻ	
അവതാരം	314
ബാലക്രീഡ	315
അഹല്യാമോക്ഷം	316
ബാലിവധം	317
വിരാധൻ	,,
പൊന്മാൻ	318
ഹനുമാൻ സമുദ്രം ചാടുന്നതു്	,,
ഹനുമാൻ അശോകവനികയിൽ സീതയെ കാണുന്നതു്	319
സീതാവിലാപം	,,
ശകുന്തളയുടെ ക്രോധം	320
യന്ത്രവേധം (പാഞ്ചാലീസ്വയംവരം)	321
വിശ്വരൂപം	322
പാർത്ഥസാരഥി	323
ഭീഷ്മരുടെ ശരശയനം	325
സന്ദേശം	327—336
സഞ്ജയന്റെതു്	327
ഭഗവദ്ദൂതു്	330
ആഖ്യാനം	337—352
വാല്മീകി	337
സുന്ദോപസുന്ദന്മാർ	342

	ഭാഗം
വിപ്രകീർണ്ണം	353—360
കുംഭകർണ്ണോപദേശം	353
കമനം ദേവയാനിയും	355

തിരുത്തി വായിക്കുക:—

ഭാഗം	വരി	അബദ്ധം	സുബദ്ധം
28	4	പുരോഷത്തമ	പുരുഷോത്തമ
68	19	ലക്ഷം	നൂറുകോടി
72	18	മനഃ	നഃ
73	16	വദ്ധിച്ച	വർദ്ധിച്ചു
105	15	ഭാഗവതം	ഭാരതം
241	23	കുശാസ്ഥതം	കുശാസ്തൃതം
242	20	ആസ്ഥതം	ആസ്തൃതം
256	5	അന്നവളുത്ത ധമ്മം	അന്നവളൃതുധമ്മം

എഴുത്തച്ഛന്റെ രത്നങ്ങൾ

മംഗളം

ഗണപതിവന്ദനം

കാരണനായ ഗണനായകൻ ബ്രഹ്മാത്മകൻ
കാരുണ്യമൂർത്തി ശിവശക്തിസംഭവൻ ദേവൻ
വാരണമുഖൻ മമ പ്രാരബ്ധവിഘ്നങ്ങളെ
വാരണംചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ.

കാരണൻ=എല്ലാ കാര്യങ്ങൾക്കും കാരണമായിട്ടുള്ളവൻ. ഗണനായകൻ=ഗണപതി. ബ്രഹ്മാത്മകൻ=ബ്രഹ്മമാകുന്ന ആത്മാവോടുകൂടിയവൻ. എല്ലാ ദേവന്മാരുടേയും അന്തര്യാമി ഒരേ ബ്രഹ്മംതന്നെയാണെന്നു വിശിഷ്ടാദ്വൈതമതം. കാരുണ്യമൂർത്തി=ദയാമയസ്വരൂപൻ. ശിവശക്തിസംഭവൻ=ശിവപാർവ്വതീപുത്രൻ. വാരണമുഖൻ=ഗജമുഖൻ. മമ=എന്റെ. പ്രാരബ്ധവിഘ്നങ്ങളെ=തുടങ്ങിയ കാര്യത്തിനുള്ള മുടക്കങ്ങളെ. വാരണംചെയ്തീടുവാൻ=തടയുവാൻ. ആവോളം=വീണ്ടും വീണ്ടും. വന്ദിക്കുന്നേൻ=ഞാൻ വന്ദിക്കുന്നു.

സരസ്വതീവന്ദനം

വാണിട്ടുകനാരതമെന്നുടെ നാവുതന്മേൽ
വാണിമാതാവേ വർണ്ണവിഗ്രഹേ വേദാത്മികേ!
നാണമെന്നിയേ മുദാ നാവിന്മേൽ നടനംചെ-
യ്യേണാങ്കാനനേ! യഥാ കാനനേ ദിഗംബരൻ;
വാരിജോത്ഭവമുഖവാരിജവാസേ ബാലേ!
വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നേണം കാലേ കാലേ
പാരാതേ സലക്ഷണം മേന്മേൽ മംഗലശീലേ!

അനാരതം=എപ്പോഴും. വാണിമാതാവേ=സരസ്വതീദേവി! വർണ്ണവിഗ്രഹേ=അക്ഷരസ്വരൂപിണി! വേദാത്മികേ=വേദതത്വസ്വരൂപേ! മുദാ=സന്തോഷത്തോടുകൂടി. നടനംചെയ്യുക=നൃത്തം വെക്കുക. ഏണാങ്കാനനേ=ചന്ദ്രമുഖി! യഥാ കാനനേ ദിഗംബരൻ=കാട്ടിൽ ശിവനെന്നപോലെ. നടരാജനായ പരമേശ്വരൻ കൈലാസവനത്തിൽ നാണം കൂടാതെ നൃത്തം ചെയ്യുന്നതുപോലെ, അല്ലയോ സരസ്വതീദേവി! അവിടുന്ന് എന്റെ നാവിന്മേൽ നാണം കൂടാതെ നൃത്തം ചെയ്യേണമേ എന്നാണ് പ്രാർത്ഥന. വാരിജോത്ഭവമുഖവാരിജവാസേ = വിഷ്ണുവിന്റെ നാഭിപദ്മത്തിൽ നിന്നുൽഭവിച്ച ബ്രഹ്മാവിന്റെ നാലു മുഖപദ്മങ്ങളിൽ വസിക്കുന്നവളേ! വാരിധി=സമുദ്രം. ഭാരതീപദാവലി=ഭാഷാപദസമൂഹം. കാലേ കാലേ=വേണ്ട സമയത്തെല്ലാം. പാരാതെ=അമാന്തം കൂടാതെ. സലക്ഷണം=ലക്ഷണമൊത്തവിധം.

പ്രാരംഭം

കിളിപ്പാട്ടിന്റെ മാധുര്യം

പഞ്ചവർണ്ണക്കിളിപ്പൈൺകിടാവേ! തെളി-
ഞ്ഞെഞ്ചെവി രണ്ടും കൂർപ്പിച്ചുറക നീ,
നെഞ്ചം തെളിഞ്ഞു, കുറുക്കിക്കൊഴുത്ത പാൽ
പഞ്ചസാരപ്പൊടി കൂട്ടിക്കഴമ്പാക്കി
നല്ല കദളിപ്പഴങ്ങൾ തെരിഞ്ഞു ഞാൻ
മെല്ലെത്തിരുമ്മിയുടച്ചു തേനും വീഴ്ത്തി
വെല്ലുവും ശർക്കരയും പൊടിച്ചിട്ടതിൽ
വെള്ളിത്തളികയിൽ മേളിച്ചൊരുമിച്ചു
വെച്ചിരിക്കുന്നതെടുത്തു ഭുജിച്ചാലു-
മിച്ഛയാകുന്നതു, ദാഹമുണ്ടെങ്കിലോ,
നീലക്കരിമ്പിന്റെ ചാറുമിളന്നീരും
പാലും മധുവും കൂടിച്ചാലുമാവോളം.

പഞ്ചവർണ്ണക്കിളിക്ക് വിശിഷ്ടങ്ങളായ ഇത്രയധികം മധുര പദാർത്ഥങ്ങൾ ഇണക്കിച്ചേർത്തു സൽക്കരിക്കുന്ന കവിയുടെ ഉദ്ദേശ്യം, തന്റെ കിളിപ്പാട്ടിൽ അവയ്ക്കുള്ള ചേർച്ചയും തെളിവും മാധുര്യവും ഉണ്ടായ്വരണമെന്നുള്ളതാവണം.

സ്തുതികൾ

ശ്രീരാമൻ

കൌസല്യാസ്തുതി

നമസ്തേ ദേവദേവ ശംഖചക്രാബ്ജധര!
നമസ്തേ വാസുദേവ മധുസൂദന ഹരേ!
നമസ്തേ നാരായണ നമസ്തേ നരകാരേ!
സമസ്തേശ്വര ശൌരേ നമസ്തേ ജഗൽപതേ!
നിന്തിരുവടി മായാദേവിയെക്കൊണ്ടു വിശ്വം
സന്തതം സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്നു.
സത്ത്വാദിഗുണത്രയമാശ്രയിച്ചെന്തിന്നിതെ-
ന്നുത്തമന്മാക്കുപോലുമറിവാൻ വേലയത്രേ;
പരമൻ പരാപരൻ പരബ്രഹ്മാഖ്യൻ പരൻ
പരമാത്മാവു പരമപുരുഷൻ പരിപൂർണ്ണൻ
അമൃതനനന്തനവ്യക്തനവ്യയനേകൻ
നിശ്ചലൻ നിരുപമൻ നിർവ്വാണപ്രദൻ നിത്യൻ
നിർമ്മലൻ നിരാമയൻ നിർവ്വികാരാത്മാ ദേവൻ
നിർമ്മമൻ നിരാകുലൻ നിരഹങ്കാരമൂർത്തി
നിഷ്കളൻ നിരഞ്ജനൻ നീതിമാൻ നിഷ്കല്മഷൻ
നിർഗ്ഗുണൻ നിഗമാന്തവാക്യാർത്ഥവേദ്യൻ നാഥൻ

നമസ്തേ=അവിടുത്തേക്ക് നമസ്കാരം. സത്ത്വാദിഗുണത്രയം= സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളും. വേല=പ്രയാസം. നിർവ്വാണപ്രദൻ=മോക്ഷം നൽകുന്നവൻ. നിർവ്വികാരാത്മാ= കാമക്രോധാദിമനോവികാരങ്ങളില്ലാത്തവൻ. നിഗമാന്തവാക്യാർത്ഥവേദ്യൻ=വേദാന്തവാക്യങ്ങളുടെ അർത്ഥംകൊണ്ട് അറിയപ്പെടാവുന്നവൻ.

നിഷ്ക്രിയൻ നിരാകാരൻ നിർജ്ജരനിഷേവിതൻ
നിഷ്കാമൻ നിയമിനാം ഹൃദയനിലയനൻ
അപരിണതജനമൃതാനന്ദൻ നാരായണൻ
വിദ്വന്മാനസപത്മമധുപൻ മധുവൈരി
സത്യജ്ഞാനാത്മാ സമസ്തേശ്വരൻ സനാതനൻ
സത്ത്വസഞ്ചയജീവൻ സനകാദിഭിസ്സേവ്യൻ
തത്ത്വാത്മബോധരൂപൻ സകലജഗന്മയൻ
സത്താമാത്രകനല്ലോ നിന്തിരുവടി നൂനം;
നിന്തിരുവടിയുടെ ജഠരത്തിങ്കൽ നിത്യ-
മനന്തമില്ലാതോളം ബ്രഹ്മാണ്ഡങ്ങൾ കിടക്കുന്നു
അങ്ങനെയുള്ള ഭവാനെന്നുടെ ജഠരത്തി-
ലിങ്ങനെ വസിപ്പതിനെന്തു കാരണം പോററി?
കേതന്മാർവിഷയമായുള്ളോരു പാരവശ്യം
വ്യക്തമായ്ക്കാണായ്വന്നു മുഗ്ധയാമെനിക്കിപ്പോൾ;

നിർജ്ജരനിഷേവിതൻ=ദേവന്മാരാൽ ഭജിക്കപ്പെടുന്നവൻ. നിയമിനാം ഹൃദയനിലയനൻ=യോഗികളുടെ മനസ്സിൽ പാർക്കുന്നവൻ. അജൻ=ജനിക്കാത്തവൻ. അമൃതാനന്ദൻ=അമൃതസ്വരൂപനും ആനന്ദസ്വരൂപനുമായിട്ടുള്ളവൻ. വിദ്വന്മാനസപത്മമധുപൻ=വിദ്വാന്മാരുടെ മനസ്സാകുന്ന മാനസസരസ്സിലെ പത്മത്തിൽ വണ്ടായിട്ടുള്ളവൻ. സത്ത്വസഞ്ചയജീവൻ=പ്രാണിവർഗ്ഗത്തിന്റെ ജീവൻ. സനകാദിഭിഃ സേവ്യൻ=സനകൻ തുടങ്ങിയ മഹർഷിമാരാൽ സേവിക്കപ്പെടുന്നവൻ. സത്താമാത്രകൻ=ഉണ്ട് എന്ന രൂപത്തിൽ അറിയപ്പെടുന്നതെല്ലാമായിട്ടുള്ളവൻ. ജഠരം=വയർ. പോററി=രക്ഷക! കേതന്മാർവിഷയമായുള്ള=കേതന്മാരെക്കുറിച്ചുള്ള. പാരവശ്യം=ദയ. മുഗ്ധ=മൂഢ.

ഭർത്തൃപുത്രാത്മാകുലസംസാരദുഃഖാംബുധൌ
നിത്യവും നിമഗ്നയായത്യത്മം ഭ്രമിക്കുന്നോൻ;
നിന്നുടെ മഹാമായതന്നുടെ ബലത്തിനാ-
ലിന്നു നിൻപാദാംഭോജം കാണ്മാനും യോഗംവന്നു.
തൽകാരുണ്യത്താൽ നിത്യമുൾക്കാമ്പിൽവസിക്കേ
മിക്കാണാകിയ രൂപം ദുഷ്കൃതമൊട്ടുണ്ടുവാൻ.(ണാ-
വിശമോഹിനിയായ നിന്നുടെ മഹാമായ
വിശേശ മോഹിപ്പിച്ചീടായ്ക മാം ലക്ഷ്മീപതേ!

അഹല്യാസ്തുതി

ഞാനഹോ കൃതാത്മയായേൻ ജഗന്നാഥ നിന്നൊ-
ക്കാണൊയ്യുന്നതുമൂലമത്രയുമല്ല പൊല്ലാം
പത്മജരുദ്രാദികളാലപേക്ഷിതം പാദ-
പത്മസംലഗ്നപാംസുലേശമിന്നെനിക്കല്ലോ
സിദ്ധിച്ചു ഭവൽപ്രസാദാതിരേകത്താലതി-
ന്നെത്തുമോ ബഹുകല്പകാലമാരാധിച്ചാലും?
വിത്രമെത്രയും തവ ചേഷ്ടിതം ജഗൽപതേ!
മർത്ത്യഭാവേന വിമോഹിപ്പിച്ചീടുന്നിതേവം.
ആനന്ദമയനായോരതിമായികൻ പൂർണ്ണൻ
ന്യൂനാതിരേകശൂന്യനചലനല്ലോ ഭവാൻ;

ഭർത്തൃപുത്രാത്മാകുലം=ഭർത്താവ്, പുത്രൻ, ധനം ഇവയാൽ കലങ്ങിമറിഞ്ഞത്. ദുഃഖാംബുധൌ=ദുഃഖസമുദ്രത്തിൽ. മാം=എന്നെ.

പത്മജരുദ്രാദികം=ബ്രഹ്മാവ് ശിവൻ തുടങ്ങിയവർ. പാദ പത്മസംലഗ്നപാംസുലേശം=കാലിൽ പറ്റിയ ലേശം പൊടി. അതിമായികൻ=മായയെ അതിക്രമിച്ചവൻ.

തവൽപാദാംബുജപാംസുപവിത്രാ ഭാഗീരഥീ
സപ്പുഭ്രഷണവിരിഞ്ചാദികളെല്ലാരേയും
ശുദ്ധമാക്കീടുന്നതും തവൽപ്രഭാവത്താലല്ലോ,
സിദ്ധിച്ചേനല്ലോ ഞാനും തവൽപാദസ്പർശമിപ്പോഥം.
പണ്ടേ ഞാൻ ചെയ്ത പുണ്യമെന്തു വർണ്ണിപ്പതു വൈ-
കുണ്ഠ തൽകണ്ണാത്മനാം ദുർല്ലഭമൂർത്തേ വിഷ്ണോ!
മത്സ്യനായവതരിച്ചോരു പുരുഷം ദേവം
ചിത്തമോഹനം രമണീയദേഹിനം രാമം
ശുദ്ധമത്ഭുതവീര്യം സുന്ദരം ധനുർദ്ധരം
തത്ത്വമദ്വയം സത്യസന്ധമാദ്യന്തഹീനം
നിത്യമവ്യയം ഭജിച്ചീടുന്നേനിനി നിത്യം
ഭക്തൈവ മറാരെയും ഭജിച്ചീടുന്നേനല്ല;
യാതൊരു പാദാംബുജമാരായുന്നിതു വേദം
യാതൊരു നാഭിതന്നിലുണ്ടായി വിരിഞ്ചനും
യാതൊരു നാമം ജപിക്കുന്നിതു മഹാദേവൻ
മേതസാതത്സ്വാമിയെഞാൻനിത്യംവണങ്ങുന്നേൻ.
നാരദമുനീന്ദ്രനും ചന്ദ്രശേഖരൻതാനും
ഭാരതീരമണനും ഭാരതീദേവിതാനും
ബ്രഹ്മലോകത്തിങ്കൽനിന്നനവരതം കീർത്തിക്കുന്ന
കല്മഷഹരം രാമചരിതം രസായനം;

ഭാഗീരഥീ=ഗംഗ സപ്പുഭ്രഷണൻ=ശിവൻ. തൽകണ്ണാത്മനാം ദുർല്ലഭമൂർത്തേ!=അത് (പൂവ്വപുണ്യം) ഇല്ലാത്തവക്ക് ലഭിക്കാത്ത ശരീരത്തോടുകൂടിയവനേ! ഭജിച്ചീടുന്നേനല്ല=ഞാൻ ഭജിക്കയില്ല. ചന്ദ്രശേഖരൻ=ശിവൻ. ഭാരതീരമണൻ=ബ്രഹ്മാവ്. ഭാരതീദേവി=സരസ്വതി.

കാമരാഗാദികൾ തീർന്നാനന്ദം വരുവാനായ്
രാമദേവനെ ഞാനും ശരണം പ്രാപിക്കുന്നേൻ.

ജഗദാശ്രയൻ ഭവാൻ ജഗത്തായതും ഭവാൻ
ജഗതാമാദിഭൂതനായതും ഭവാനല്ലോ;
സർവ്വഭൂതങ്ങളിലുമസക്തനല്ലോ ഭവാൻ
നിർവ്വികാരാത്മാ സാക്ഷിഭൂതനായതും ഭവാൻ
അജനവ്യയൻ ഭവാനജിതൻ നിരഞ്ജനൻ
വചസാം വിഷയമല്ലാതൊരാനന്ദമല്ലോ;
വാച്യവാചകോഭയഭേദേന ജഗന്മയൻ
വാച്യനായ്വരേണമേ വാക്കിനു സദാ മമ.
കാര്യകാരണകർത്തൃഫലസാധനഭേദം
മായയാ ബഹുവിധരൂപയാ തോന്നിക്കുന്നു
കേവലമെന്നാകിലും നിന്തിരുവടിയതു
സേവകന്മാർക്കുപോലുമറിവാനരുതല്ലോ;
തവ മായാവിമോഹിതചേതസാമജ്ഞാനിനാം
തവ മാഹാത്മ്യങ്ങൾ നേരെയറിഞ്ഞുകൂടയല്ലോ;
മാനസേ വിശ്വാത്മാവാം നിന്തിരുവടിതന്നെ
മാനുഷനെന്നു കല്പിച്ചീടുവോരജ്ഞാനികൾ;
പുറത്തുമകത്തുമെല്ലാടവുമൊക്കെ നിറ-
ഞ്ഞിരിക്കുന്നതു നിത്യം നിന്തിരുവടിയല്ലോ.
യത്രകുത്രാപി വസിച്ചീടിലുമെല്ലാ നാളും
പൊൽത്തളിരടികളിലിളക്കം വരാതോരു

വചസാംവിഷയമല്ലാതെ=പറയാനാവാത്ത. വാച്യവാചകോഭയ ഭേദേന=അർത്ഥം ശബ്ദം എന്നു രണ്ടു തരത്തിൽ. വാച്യൻ=പറയപ്പെടാവുന്നവൻ. യത്രകുത്രാപി=എവിടെയെങ്കിലും.

ഭക്തിയുണ്ടാകവേണമെന്നൊഴിഞ്ഞപരം ഞാ-
നത്ഥിച്ചീടുന്നേനല്ല നമസ്തേ നമോ നമഃ.
ജന്മനമരണദുഃഖാപഹം ജഗന്നാഥം
ദിനനായകകോടിസദൃശപ്രഭം രാമം
കരസാരസയുഗസുധൃതശരചാപം
കരുണാകരം കാളജലദഭാസം രാമം
കനകരുചിരദിവ്യാംബരം രമാവരം
കനകോജ്ജ്വലരത്നകുണ്ഡലാഞ്ചിതഗണ്ഡം
കമലദലലോലവിമലവിലോചനം
കമലോത്ഭവനതം മനസാ രാമമീഡേ.

ജടായുസ്തുതി

അഗണ്യഗുണമാദ്യമവ്യയമപ്രമേയ-
മഖിലജഗൽസൃഷ്ടിസ്ഥിതിസംഹാരമൂലം
പരമം പരാപരമാനന്ദം പരാത്മാനം
വരദമഹം പ്രണതോസ്മി സന്തതം രാമം;
മഹിതകടാക്ഷവിക്ഷപിതാമരശ്രുചം
രഹിതാവധിസുഖമിന്ദിരാമനോഹരം
ശ്യാമളം ജടാമകുടോജ്ജ്വലം ചാപശര-
കോമളകരാംബുജം പ്രണതോസ്മ്യഹം രാമം;

ദിനനായകൻ=സൂര്യൻ. സാരസം=താമര. കാളജലദഭാസം=കാർമേഘനിറം പൂണ്ട. കമലോത്ഭവനതം=ബ്രഹ്മാവിനാൽ വന്ദിക്കപ്പെടുന്നവനായ. രാമം ഈഡേ=രാമനെ ഞാൻ സ്തുതിക്കുന്നു.

അഹം സന്തതം രാമം പ്രണതഃ അസ്മി=ഞാൻ എപ്പോഴും രാമനെ നമസ്കരിക്കുന്നു. വിക്ഷപിതാമരശ്രുചം=ദേവന്മാരുടെ സങ്കടംതീർത്ത.

ഭുവനകമനീയരൂപമീഡിതം ശത-
രവിഭാസുരമഭീഷ്ടപ്രദം ശരണദം
സുരപാദപമൂലരചിതനിലയനം
സുരസഞ്ചയസേവ്യം പ്രണതോസ്മ്യഹം രാമം;
ഭവകാനനദവദഹനനാമധേയം
ഭവപങ്കജഭവമുഖദൈവതദേവം
ദനുജപതികോടിസഹസ്രവിനാശനം
മനുജാകാരം ഹരിം പ്രണതോസ്മ്യഹം രാമം;
ഭവഭാവനാദൂരം ഭഗവത്സ്വരൂപിണം
ഭവഭീവിരഹിതം മുനിസേവിതം പരം
ഭവസാഗരതരണാംഘ്രിപോതകം നിത്യം
ഭവനാശായാനിശം പ്രണതോസ്മ്യഹം രാമം;
ഗിരിശഗിരിസുതാഹൃദയാംബുജവാസം
ഗിരിനായകധരം ഗിരിപക്ഷാരിസേവ്യം

സുരപാദപമൂലരചിതനിലയനം=കല്പവൃക്ഷത്തിന്റെ ചുവട്ടിലിരിക്കുന്ന. ഭവകാനനദവദഹനനാമധേയം=സംസാരക്കാടിനു കാട്ടുതീയായ നാമമുള്ള. ഭവപങ്കജഭവമുഖദൈവതദേവം=ശിവൻ ബ്രഹ്മാവ് മുതലായ ദേവന്മാർക്കും ദേവനായിട്ടുള്ള. ദനുജപതികോടിസഹസ്രം=ആയിരംകോടി അസുരന്മാർ. ഭവഭാവനാദൂരം=ശിവനുപോലും സങ്കല്പിക്കാൻ കഴിയാത്ത. ഭവഭീ=സംസാരഭയം. ഭവസാഗരതരണാംഘ്രിപോതകം=സംസാരസമുദ്രം കടക്കാൻ കാലാകുന്ന കപ്പലുള്ള. ഗിരിനായകധരം=മന്ദരോദ്ധാരണംചെയ്ത. കൂർമ്മമായവതരിച്ചതും ശ്രീരാമൻതന്നെയാണെന്നു പറയുന്നു. ഗിരിപക്ഷാരിസേവ്യം=ഇന്ദ്രനാൽ സേവിക്കപ്പെടുന്ന.

സുരസഞ്ചയദനുജേന്ദ്രസേവിതപാദം
സുരപമണിനിഭം പ്രണതോസ്മ്യഹം രാമം;
പരദാരാത്ഥപരിവജ്ജിതമനീഷാണാം
പരപൂരുഷഗുണഭൂതിസന്തുഷ്ടാത്മനാം
പരലോകൈകഹിതനിരതാത്മനാം സേവ്യം
പരമാനന്ദമയം പ്രണതോസ്മ്യഹം രാമം;
സ്മിതസുന്ദരവികസിതവക്ത്രാംഭോരുഹം
സ്മൃതിഗോചരമസിതാംബുദകളേബരം
സിതപങ്കജമാരുനയനം രഘുവരം
ക്ഷിതിനന്ദനാവരം പ്രണതോസ്മ്യഹം രാമം;
ജലപാത്രൌഘസ്ഥിതരവിമണ്ഡലംപോലെ
സകലമാരാചരജന്തുക്കളുള്ളിൽ വാഴ്ം
പരിപൂർണ്ണാത്മാനമദ്വയമവ്യയമേകം
പരമം പരാപരം പ്രണതോസ്മ്യഹം രാമം;
വിധിമാധവശംഭുരൂപഭേദേന ഗുണ-
ത്രിതയവിരാജിതം കേവലം വിരാജന്തം

സുരപമണിനിഭം = ഇന്ദ്രനീലരത്നസദൃശനായ. പരദാരാത്ഥപരിവജ്ജിതമനീഷാണാം = അന്യന്റെ ഭാര്യയിലും ധനത്തിലും ബുദ്ധി ചെല്ലാത്ത. പരപൂരുഷഗുണഭൂതിസന്തുഷ്ടാത്മനാം=അന്യരുടെ ഗുണത്തിലും ഐശ്വര്യത്തിലും സന്തോഷിക്കുന്ന. പരലോകൈകഹിതനിരതാത്മനാം— അന്യജനങ്ങളുടെ ഹിതത്തിൽ മാത്രം തല്പരന്മാരായ. അസിതാംബുദകളേബരം= നീലമേഘശരീരനായ ക്ഷിതിനന്ദനാവരം = സീതാവല്ലഭനായ. ഗുണത്രിതയം=സത്വരജസ്തമോഗുണങ്ങൾ,

ത്രിദശമുനിജനസ്തുതമവ്യക്തമജം
ക്ഷിതിജാമനോഹരം പ്രണതോസ്മ്യഹം രാമം;
മന്മഥശതകോടിസുന്ദരകളേബരം
ജന്മനാശാദിഹീനം ചിന്മയം ജഗന്മയം
നിർമ്മലം ധർമ്മകർമ്മാധാരമപ്യനാധാരം
നിർമ്മമമാത്മാരാമം പ്രണതോസ്മ്യഹം രാമം.

നാരദസ്തുതി

സീതാപതേ രാമ രാജേന്ദ്ര രാഘവ!
ശ്രീധര ശ്രീനിധേ ശ്രീപുരുഷോത്തമ!
ശ്രീരാമദേവ ദേവേശ ജഗന്നാഥ!
നാരായണാഖിലാധാര! നമോസ്തു തേ.
വിശ്വസാക്ഷിൻ പരമാത്മൻ സനാതന!
വിശ്വമൂർത്തേ പരബ്രഹ്മമേ ദൈവമേ!
ദുഃഖസുഖാദികളെല്ലാമനുദിനം
കൈക്കൊണ്ടു മായയാ മാനുഷാകാരനായ്
ശുദ്ധതത്ത്വജ്ഞാനരൂപനായ് സർവ്വദാ
സത്യസ്വരൂപനായ് സർവ്വലോകേശനായ്
സത്ത്വങ്ങളുള്ളിലെ ജീവസ്വരൂപനായ്
സത്ത്വപ്രധാനഗുണപ്രിയനായ് സദാ
വ്യക്തനായവ്യക്തനായതിസ്ഥനായ്
നിഷ്കളനായ് നിരാകാരനായിങ്ങനെ
നിർഗ്ഗുണനായ് നിഗമാന്തവാക്യാത്മനായ്
ചിൽഘനാത്മാവായ് ശിവനായ് നിരീഹനായ്

ത്രിദശന്മാർ=ദേവന്മാർ. ക്ഷിതിജ=സീത. മന്മഥൻ=കാമദേവൻ. സത്ത്വങ്ങൾ=പ്രാണികൾ. നിഗമാന്തം=വേദാന്തം. ചിത്ത്=ജ്ഞാനം.

ചക്ഷുരുന്മീലനകാലത്തു സൃഷ്ടിയും
ചക്ഷുന്നിമീലനംകൊണ്ടു സംഹാരവും
രക്ഷയും നാനാവിധാവതാരങ്ങളാൽ
ശിക്ഷിച്ചു ധർമ്മത്തെയും പരിപാലിച്ചു
നിത്യം പുരുഷപ്രകൃതികാലാഖ്യനായ്
ഭക്തപ്രിയനാം പരമാത്മനേ നമഃ.
യാതൊരാത്മാവിനെക്കാണുന്നിതെപ്പൊഴും
ചേതസി താപസേന്ദ്രന്മാർ നിരാശയാ
തത്സ്വരൂപത്തിനായ്ക്കൊണ്ടു നമസ്കാരം
ചിത്സ്വരൂപ പ്രഭോ! നിത്യം നമോസ്തു തേ;
നിർവ്വികാരം വിശുദ്ധജ്ഞാനരൂപിണം
സർവ്വലോകാധാരമാദ്യം നമോ നമഃ
തവൽപ്രസാദംകൊണ്ടൊഴിഞ്ഞു മറെറാന്നിനാൽ
തവൽബോധമുണ്ടായ്വരികയുമില്ലല്ലോ;
തവൽപാദപത്മങ്ങൾ കണ്ടു സേവിപ്പതി-
നിപ്പോളെനിക്കവകാശമുണ്ടായതും
ചിൽപുരുഷ പ്രഭോ! നിൻകൃപാവൈഭവേ-
മെപ്പോഴുമെന്നുള്ളിൽ വാഴ്ക ജഗൽപതേ!
കോപകാമദ്വേഷമത്സരകാർപ്പണ്യ-
ലോഭമോഹാദിശത്രുക്കളുണ്ടാകയാൽ
മുക്തിമാർഗ്ഗങ്ങളിൽ സഞ്ചരിച്ചീടുവാൻ
ശക്തിയുമില്ല നിൻ മായാബലവശാൽ

ചക്ഷുരുന്മീലനം=കണ്ണിഴിക്കൽ. പുരുഷപ്രകൃതികാലാഖ്യൻ=പുരുഷൻ, പ്രകൃതി, കാലം എന്നെല്ലാം പേരുള്ളവൻ. നിരാശയാ=ആശകൂടാതെ.

തൽകഥാപീയൂഷപാനവും ചെയ്തുകൊ-
ണ്ടുൾക്കാമ്പിൽ നിന്നെയും ധ്യാനിച്ചനാരതം
തൽപൂജയും ചെയ്തു നാമങ്ങളും ജപി-
ച്ചിപ്രപഞ്ചത്തിങ്കലൊക്കെ നിരന്തരം
നിൻചരിതങ്ങളും പാടി വിശുദ്ധനായ്
സഞ്ചരിപ്പാനായനുഗ്രഹിക്കേണമേ.

വിരാൾപുരുഷൻ

കബന്ധസ്തുതി

നിർവ്വികാരബ്രഹ്മണി നിഖിലാത്മനി നിത്യേ
നിർവ്വിഷയാഖ്യേ ലോകമജ്ഞാനമോഹവശാൽ
ആരോപിക്കപ്പെട്ടോരു തൈജസം സൂക്ഷ്മരൂപം
ഹൈരണ്യമതു വിരാൾപുരുഷനതിസ്ഥൂലം
ഭാവനാവിഷയമായൊന്നതു യോഗീന്ദ്രാണാം
കേവലം തത്ര കാണായീടുന്നു ജഗത്തെല്ലാം;
ഭൂതമായതും ഭവ്യമായതും ഭവിഷ്യത്തും
ഹേതുനാ മഹത്തത്ത്വാദ്യാവൃതസ്ഥൂലദേഹേ
ബ്രഹ്മാണ്ഡകോശേ വിരാൾപുരുഷേ കാണാകുന്നു
സന്നയമെന്നപോലേ ലോകങ്ങൾ പതിന്നാലും.
തുംഗനാം വിരാൾപുമാനാകിയ ഭഗവാൻത-
ന്നംഗങ്ങളല്ലോ പതിന്നാലു ലോകവും നൂനം

പീയൂഷം=അമൃതം.

നിർവ്വികാരബ്രഹ്മത്തിന്നു തോജോമയമായ സൂക്ഷ്മരൂപവും ഹിരണ്യഗർഭാത്മകമായ സ്ഥൂലരൂപവുമുണ്ട്. ആ സ്ഥൂലരൂപമാണ് വിരാൾപുരുഷൻ. യോഗീന്ദ്രന്മാർക്കു ഭാവനയിൽ മാത്രം കാണാവുന്നതാണ് ആ രൂപം. ഭവ്യം=വർത്തമാനം. മഹത്തത്വം=അന്തഃകരണം. സന്നയം=ഉള്ളതു്. തുംഗൻ=ഉന്നതൻ.

പാതാളം പാദമൂലം പാർഷ്ണികം മഹാതലം
നാഥ തേ ഗുൽഫം രസാതലവും തലാതലം
ചാരുജാനുക്കളല്ലോ സുതലം രഘുപതേ!
ഊരുകാണ്ഡങ്ങം തവ വിതലമതലവും
ജഘനം മഹീതലം നാഭി തേ നഭഃസ്ഥലം
രഘുനാഥോരഃസ്ഥലമായതു സുരലോകം
കണ്ഠദേശം തേ മഹർല്ലോകമെന്നറിയണം
തുണ്ഡമായതു ജനലോകമെന്നതും നൂനം
ശംഖദേശം തേ തപോലോകമങ്ങതിൻമീതെ
പങ്കജ്യോനിവാസമാകിയ സത്യലോകം
ഉത്തമാംഗം തേ പുരുഷോത്തമ ജഗൽപ്രഭോ!
സത്താമാത്രക! മേഘജാലങ്ങം കേശങ്ങളും
ശക്രാദിലോകപാലന്മാരെല്ലാം ഭുജങ്ങം തേ
ദിക്കുകം കണ്ണുങ്ങളുമശ്വികം നാസികയും
വക്ത്രമായതു വഹ്നി നേത്രമാദിത്യൻതന്നേ
ചിത്രമെത്രയും മനസ്സായതു ചന്ദ്രനല്ലോ
ഭ്രൂഭംഗമല്ലോ കാലം ബുദ്ധി വാക്പതിയല്ലോ
കോപകാരണമഹങ്കാരമായതു രുദ്രൻ
വാക്കെല്ലാം ഛന്ദസ്സുകം ദംഷ്ട്രകം യമനല്ലോ
നക്ഷത്രപംക്തിയെല്ലാം ദ്വിജപംക്തികളല്ലോ

പാർഷ്ണികം=മടമ്പുകം. ഗുൽഫം=ഞരിയാണി. ജാനുക്കളും=കാൽമുട്ടുകം. ഊരുകാണ്ഡങ്ങം=തുടകം. ജഘനം=അരക്കെട്ട്. നഭഃസ്ഥലം=ആകാശം. തുണ്ഡം=മുഖം. ശംഖദേശം=നെറ്റിത്തടം. ഉത്തമാംഗം=ശിരസ്സ്. വക്ത്രം=വായ്. വഹ്നി=അഗ്നി. ഭ്രൂഭംഗം=പുരികം ഇളക്കൽ. ഛന്ദസ്സുകം=വേദങ്ങം. ദ്വിജപംക്തികം=പല്ലിൻവരികം.

ഹാസമായതു മോഹകാരിണീ മഹാമായാ
വാസനാസൃഷ്ടിസ്ഥവാപാംഗമോക്ഷണമല്ലോ
ധർമ്മം നിൻപുരോഭാഗമധർമ്മം പൃഷ്ഠഭാഗം
ഉന്മേഷനിമേഷങ്ങൾ ദിനരാത്രികളല്ലോ
സപ്തസാഗരങ്ങൾ നിൻകുക്ഷിദേശങ്ങളല്ലോ
സപ്തമാരുതന്മാരും നിശ്വാസഗണമല്ലോ
നദികളെല്ലാം തവ നാഡികളാകുന്നതും
പൃഥിവീധരങ്ങൾപോലസ്ഥികളാകുന്നതും
വൃക്ഷാദ്യൗഷധങ്ങൾ തേ രോമങ്ങളാകുന്നതും
ത്ര്യക്ഷനാം ദേവൻതന്നേ ഹൃദയമാകുന്നതും
വൃഷ്ടിയായതും തവ രേതസ്സെന്നറിയേണം
പുഷ്ടിയാം മഹീപതേ! കേവലജ്ഞാനശക്തി;
സ്ഥൂലമായുള്ള വിരാൾപുരുഷരൂപം തവ
കാലേ നിത്യവും ധ്യാനിക്കുന്നവനുണ്ടാം മുക്തി
നിന്തിരുവടിയൊഴിഞ്ഞില്ല കിഞ്ചന വസ്തു
സന്തതമീദൃഗ്രൂപം ചിന്തിച്ചു വണങ്ങുന്നേൻ.

അദ്ധ്യാത്മരാമായണം.

യുധിഷ്ഠിരസ്തുതി

൮

ശരണം മമ തവ ചരണാംബുജദ്വയം
ശരണം മുചുകുന്ദപരമാനന്ദപ്രദ!

അപാംഗമോക്ഷണം=കടാക്ഷമയയ്ക്കൽ. പൃഥിവീധരങ്ങൾ=പർവ്വതങ്ങൾ. ത്ര്യക്ഷൻ=ശിവൻ. രേതസ്സ്=ശുക്ലധാതു. കിഞ്ചന=ഒരു. ഈദൃഗ്രൂപം=ഇതുപോലുള്ള രൂപം.

ശരണം മുരഹര നന്ദനനന്ദന ശൌരേ!
ശരണമരവിന്ദമന്ദിര! നമോസ്തു തേ.
ശരണമരവിന്ദമിത്രചന്ദ്രാക്ഷ വിഷ്ണോ!
ശരണമരവിന്ദനയന മധുരിപോ!
ശരണമരവിന്ദനാഭ നാരദസേവ്യ!
ശരണമരവിന്ദനന്ദകചക്രായുധ!
ശരണം ശംഖധര ശരണം ഗദാധര!
ശരണം പീതാംബര ശരണം ദാമോദര!
ശരണം നാരായണ ശരണം കൃഷ്ണ രാമ!
ശരണം ധനഞ്ജയസാരഥേ ജഗൽപതേ!
ശരണം ദേവപതേ ശരണം വേദപതേ!
ശരണം ലോകപതേ ശരണം ധർമ്മപതേ!
ശരണം മഖപതേ ശരണം ക്ഷമാപതേ!
ശരണം രമാപതേ ശരണം യദുപതേ!
ശരണം വാസുദേവ കരുണാജലനിധേ!
ശരണം ഹൃഷീകേശ മരണവിരഹിത!
ശരണം ദൈത്യാരാതേ ജനനവിരഹിത!
ശരണം നരകാരേ ഗരുഡധ്വജ വിഭോ!

ശരണം വിഷ്വക്സേന മത്സ്യവിഗ്രഹ ഹരേ!
ശരണം ജനാർദ്ദന കൂർമ്മവിഗ്രഹ ഹരേ!

അരവിന്ദമിത്രചന്ദ്രാക്ഷൻ=സൂര്യനും ചന്ദ്രനുമാകുന്ന കണ്ണുകളുള്ളവൻ. അരവിന്ദനന്ദകചക്രായുധൻ—താമരപ്പൂവും നന്ദകമെന്ന വാളും സുദർശനചക്രവും ആയുധമായിട്ടുള്ളവൻ. ധനഞ്ജയസാരഥി—അർജ്ജുനന്റെ തേർതെളിച്ചവൻ. മഖം=യാഗം.

മത്സ്യാവതാരം മുതൽ ഒമ്പതവതാരങ്ങളും നിർദ്ദേശിക്കുന്നു. മത്സ്യവിഗ്രഹൻ=മത്സ്യരൂപി.

ശരണം ചതുർഭുജ കോലവിഗ്രഹ ഹരേ!
ശരണം ഘോരനരസിംഹവിഗ്രഹ ഹരേ!
ശരണം ത്രിവിക്രമ വാമനമൂർത്തേ ഹരേ!
ശരണം ജാമദഗ്ന്യ പരശുരാമമൂർത്തേ!
ശരണം ദശരഥതനയ രാമ രാമ!
ശരണം ദശമുഖശമന രാമ രാമ!
ശരണം കൌസല്യാനന്ദന രാഘവ രാമ!
ശരണം ഭരതലക്ഷ്മണശത്രുഘ്നാഗ്രജ!
ശരണം വിശ്വാമിത്രപ്രിയ രാഘവ രാമ!
ശരണം താടകാരേ യജ്ഞപാലക രാമ!
ശരണം സുബാഹുനാശന രാഘവ രാമ!
ശരണം മാരീചസേവിത രാഘവ രാമ!
ശരണമഹല്യാദുഷ്കൃതനാശനപാദ!
ശരണം ഹരശരാസനഭഞ്ജനകര!
ശരണം സീതാപതേ ഭാർഗ്ഗവദർപ്പാപഹ!
ശരണം സീതാസുമിത്രാത്മജന്മാനുചര!
ശരണം ഗ്രഹസേവ്യ ഭരദ്വാജാരാധിത!
ശരണം ചിത്രകൂടശിഖരിതടവാസ!
ശരണം ശരഭംഗത്രിദിവഗതിപ്രദ!
ശരണം സുതീക്ഷ്ണസേവ്യാംഘ്രിപങ്കജ ജയ

കോലം=പന്നി. ജാമദഗ്ന്യൻ=ജമദഗ്നിമഹർഷിയുടെ പുത്രൻ. രാമാവതാരകഥ മുഴുവനും യഥാക്രമം വിസ്തരിച്ചുനിർദ്ദേശിക്കുന്നു. ദശമുഖൻ=രാവണൻ. ഹരശരാസനഭഞ്ജനകരൻ=ശിവചാപം മുറിച്ചവൻ. ഭാർഗ്ഗവദർപ്പാപഹൻ=പരശുരാമന്റെ അഹങ്കാരം കളഞ്ഞവൻ. സുമിത്രാത്മജന്മാവു്—ലക്ഷ്മണൻ. ശിഖരി=പർവ്വതം. ത്രിദിവം=സ്വർഗ്ഗം.

ശരണം വിരാധനിഗ്രഹപണ്ഡിത രാമ!
ശരണമഗസ്ത്യപാദാംബുജസേവാരത!
ശരണം ജടായുഷ്ടാലോകിതമാർഗ്ഗചര!
ശരണം ദണ്ഡകാരണ്യാവാസപ്രിയ രാമ!
ശരണം പഞ്ചവടീനിലയ രാമ രാമ!
ശരണം ദശമുഖഭഗിനീകുചാരാതേ!
ശരണം ഖരാരാതേ മാരീചമോക്ഷപ്രദ!
ശരണം ജടായുഷേ ഗതിദാനൈകരത!
ശരണം കബന്ധശാപാപഹ രാമ രാമ!
ശരണം കരുണയാ ശബരീഗതിപ്രദ!
ശരണം വാതാത്മജസേവിത രാമ രാമ!
ശരണം സുഗ്രീവസന്താപനാശനകര!
ശരണമംഗുഷ്ടപ്രേരിതദുന്ദുഭിദേഹ!
ശരണമേകശരനികൃത്തസപ്തസാല!
ശരണം ബാലിമദശമന രാമ രാമ!
ശരണമൃശ്യമൂകനിലയ രാമ രാമ!
ശരണം വിസജ്ജിതപ്ലവഗബല രാമ!
ശരണം ഹനുമതാ ശ്രുതസീതാവൃത്താന്ത!

ജടായുഷ്ടാലോകിതമാർഗ്ഗചരൻ=ജടായു കാട്ടിക്കൊടുത്ത വഴിയേ നടക്കുന്നവൻ. ദശമുഖഭഗിനി=ശൂർപ്പണഖ. ജടായുഷേ=ജടായുവിന്ന്. വാതാത്മജൻ=ഹനുമാൻ. അംഗുഷ്ടപ്രേരിതദുന്ദുഭിദേഹൻ=കാലിന്റെ പെരുവിരൽകൊണ്ടു ദുന്ദുഭിയുടെ ദേഹം എട്ടത്തെറിഞ്ഞവൻ. ഏകശരനികൃത്തസപ്തസാലൻ=ഒരു ശരംകൊണ്ടു സപ്തസാലങ്ങളും മുറിച്ചവൻ. വിസജ്ജിതപ്ലവഗബലൻ=വാനരസൈന്യങ്ങളെ പറഞ്ഞയച്ചവൻ. ഹനുമതാശ്രുതസീതാവൃത്താന്തൻ=ഹനുമാൻവഴിയായി സീതാവൃത്താന്തം കേട്ടറിഞ്ഞവൻ.

ശരണം ജലനിധിരമിതസേതോ രാമ!
ശരണം വിഭീഷണപ്രിയ രാഘവ രാമ!
ശരണം ദശാനനവംശനാശന രാമ!
ശരണമഗ്നിശുദ്ധവല്ലഭാനന്ദിത രാമ!
ശരണം പ്രതിഷ്ഠിതശങ്കരലിംഗ രാമ!
ശരണം കൃതാഭിഷേകാഭിരാമാംഗ രാമ!
ശരണം ഹലധര ശരണം നീലാംബര!
ശരണം കൃഷ്ണകൃഷ്ണ ശരണം കൃഷ്ണകൃഷ്ണ!
ശരണം ജിഷ്ണുവന്ദ്യ ശരണം ജിഷ്ണുസൂത!
ശരണം കൃഷ്ണകൃഷ്ണ ശരണം വൃഷ്ണിപതേ!

൩

കരണമായതും നീ കാരണമായതും നീ
കരുണാലയ നാഥ! കർത്താവായതും നീയേ
കർമ്മമായതും നീയേ കർമ്മിയായതും നീയേ
കർമ്മസാധനം നീയേ കർമ്മസാക്ഷിയും നീയേ
കർമ്മണാം ഫലങ്ങളെദ്ദാനംചെയ്വതും നീയേ
കർമ്മണാം ഫലങ്ങളെബ്ഭുജിക്കുന്നതും നീയേ
സ്തോതാവായതും നീയേ സ്തുത്യനായതും നീയേ
സ്തുതിയായതും നീയേ മതിയായതും നീയേ
സ്മൃതിയായതും നീയേ രതിയായതും നീയേ
നീതിയായതും നീയേ നേതാവായതും നീയേ
ജ്ഞാനമായതും നീയേ ജ്ഞേയമായതും നീയേ
ജ്ഞാതാവായതും നീയേ ധാതാവായതും നീയേ

പ്രതിഷ്ഠിതശങ്കരലിംഗൻ=ശിവലിംഗപ്രതിഷ്ഠ നടത്തിയവൻ. ഹലധരൻ=ബലഭദ്രൻ.

ബോധമായതും നീയേ ബോദ്ധ്യമായതും നീയേ
ബുദ്ധിയായതും നീയേ ശാന്തിയായതും നീയേ
ശിവനായതും നീയേ ശക്തിയായതും നീയേ
വേദമായതും നീയേ വേദ്യമായതും നീയേ
വിദ്യയായതും നീയേ മായയായതും നീയേ
ബീജമായതും നീയേ മുളയായതും നീയേ
മൂലമായതും നീയേ ഫലമായതും നീയേ
മാതാവായതും നീയേ താതനായതും നീയേ
സുകൃതമായതും നീ ദുഷ്കൃതമായതും നീ
സുഖമായതും നീയേ ദുഃഖമായതും നീയേ
സ്വർഗ്ഗവും നരകവും ജനനമരണവും
ശീതവുമുഷ്ണവും നീ ശുക്ലവും കൃഷ്ണവും നീ
പുരുഷനായതും നീ യുവതിയായതും നീ
പുരുപുണ്യവാന്മാർക്ക് ഗന്തവ്യനായതും നീ
ബന്ധമായതും നീയേ മോക്ഷമായതും നീയേ
ബന്ധുവായതും നീയേ ശത്രുവായതും നീയേ
ദേഹമായതും നീയേ ദേഹിയായതും നീയേ
ക്ഷേത്രമായതും നീയേ ക്ഷേത്രിയായതും നീയേ
ശാസ്ത്രജ്ഞനായതും നീ ശാസ്ത്രങ്ങളായതും നീ
ശാസ്ത്രവേദ്യനും ശാസ്ത്രപ്രതിഷ്ഠാപകനും നീ
നിഷ്കളനാകുന്നതും സകളനാകുന്നതും
നിർഗ്ഗുണനാകുന്നതും സഗുണനാകുന്നതും
സ്ഥൂലമായതും നീയേ സൂക്ഷ്മമായതും നീയേ
യോഗമായതും നീയേ യോഗിയായതും നീയേ

ക്ഷേത്രം=ദേഹം. ക്ഷേത്രി=ദേഹി.

യോഗജ്ഞനാകുന്നതും യുക്തനായതും നീയേ
ജീവനായതും നീയേ പരനായതും നീയേ
പരമാത്മാവു പരമപുരുഷൻ പരബ്രഹ്മം
പരമൻ പരാപരൻ പരമാനന്ദമൂർത്തി
സത്യജ്ഞാനാനന്താനന്ദാമൃതാമലമേകം
നിത്യനവ്യയൻ നിരാകാരനദ്വയനജൻ
നിശ്ചലൻ നിരുപമൻ നിർമ്മമൻ നിർവ്വികാര-
നച്യുതനമേയനവ്യക്തനാദ്യന്തഹീനൻ
സച്ചിൽബ്രഹ്മാഖ്യൻ ശുദ്ധൻ കൂടസ്ഥൻപരമാർത്ഥ-
വസ്തുതത്ത്വാർത്ഥമായ സാക്ഷി സർവ്വാത്മാ കൃഷ്ണൻ
നിത്യവുമുണർന്നിരുന്നരുളീടുകവേണം
ചിത്തപങ്കജത്തിങ്കലതിനു വന്ദിക്കുന്നേൻ.

ബ്രഹ്മസ്തുതി

നിന്തിരുവടിയുടെ മായാവൈഭവങ്ങൾ ഞാ-
നെന്തറിവതു, മൂഢയോനിയായിങ്ങെങ്ങാനും
ബന്ധുവത്സല! കിടന്നുഴലുന്നിതു, തവ
സന്തതിയെന്നോർത്തനുഗ്രഹിക്ക ദയാനിധേ!
നിന്നുടെ പരമാർത്ഥമറിവാൻ ഭവൽകൃപ-
യൊന്നുകൊണ്ടൊഴിഞ്ഞൊരു ഭ്രതരാലാവൊന്നല്ലേ.
നിർമ്മലാകൃതേ വിരാൾപുരുഷനാകും പര-
ബ്രഹ്മചിന്മയസത്പരമ്യമാനന്ദോദയം
കല്മഷഹരരമണീയപാദാംഭോരുഹ-
മെന്മനക്കാമ്പിലുദിപ്പാനൊരു മിഴിമുന

കല്മഷം=പാപം.

സമ്മാനമാശു മരുളീടുകിലതിനിതെ
നന്മയെന്തെനിക്കു മറവുള്ളതു ജഗൽപതേ!
ഭൂമിയിലുള്ള മണൽത്തരികളെണ്ണിക്കൂട്ടാം
വ്യോമനി നക്ഷത്രങ്ങൾതമ്മെയുമതുപോലെ
തുമയോടെണ്ണിക്കൂട്ടാം, നിന്മഹാമഹിമതൻ
പ്രാമാണ്യങ്ങളെശ്ശണിക്കാവതല്ലാരാലുമേ;
യാതൊരു പുമാൻ ഭക്ത്യാ മാനസവചഃകർമ്മ-
ന്യോദയാദികൾകൊണ്ടു നിന്നെപ്പൂജിച്ചു നിത്യം
ജീവിക്കുന്നതുമവൻ ചെയ്യതൊക്കയും ഭവാ-
നാവീമ്മോദത്തോടനുഭവിച്ചു നൽകീടുന്ന
കാരുണ്യവശവർത്തിയായിരിപ്പവനൊരു
കൂറുണ്ടു മുകിലിപദം തന്നിലെന്നല്ലോ കേൾപ്പൂ;
നീ ജലത്തിങ്കൽ സത്തായുണ്ടെന്നു കല്പിച്ചു ഞാൻ
രാജീവനാളത്തുടേ പോയ് നൂറാണ്ടുനേഷിച്ചേൻ
കണ്ടതില്ലതിങ്കൽനിന്നപ്പൊഴുതുടൻ വീണ്ടു-
കൊണ്ടുനിന്നഥ ഹൃദയസ്ഥനെന്നുറച്ചിങ്ങു
സന്തതമാത്മാവിങ്കൽ ധ്യാനിച്ചേൻ പലകാല-
മന്തരാത്മനി കണ്ടതില്ല ഞാനവിടെയും;
പിന്നെയും ഭക്ത്യാ മനക്കാമ്പു സംഭ്രമിച്ചു ഞാൻ
നിന്നുളവുടനെക്കാണായ്വരികയും ചെയ്തു;
നിന്നുടെ കാരുണ്യമുണ്ടായ്വരികയാലതു-
മെന്നിയേ പുനരാക്കം കണ്ടുകിട്ടുകയില്ല
നിന്നുടെ കാരുണ്യമുണ്ടെന്നു വന്നീടുന്നാകി-
ലന്നേരമവിടെക്കാണായ്വരുമഖിലവും

വ്യോമനി=ആകാശത്തിൽ. കൂറ്=താൽപര്യം. രാജീവനാളം=താമരത്തണ്ടു്.

നിർണ്ണയം ജനനിയാം നന്ദനന്ദിനിക്കു നീ
നിന്നകതാരിൽത്തന്നേ കാട്ടിനാൻ ജഗത്ത്രയം
പിന്നെയിങ്ങെനിക്കിവിടെക്കുറഞ്ഞൊരുനേരം
നിന്നുളവുടൻ കാട്ടിത്തന്നതും കണ്ടേനല്ലോ.
മായാവൈഭവം നിഴൽപ്രായമായിരിപ്പൊന്ന-
തായതിജ്ജഗത്തെല്ലാമസത്യമല്ലോ ദൃഢം
സ്വപ്നസന്നിഭം മിത്ഥ്യാവസ്തുക്കളനിത്യമി-
തെപ്പേരും നീപ്പോളകംപോലെ നിന്നഴിഞ്ഞീടും
സച്ചിദാനന്ദമേകമദ്വയമരൂപക-
മച്യുതമനാധാരമഖിലസമാധാരം
നിശ്ചയം നിഗമാന്തസാരനിർവ്വേദ്യം പരം
നിശ്ചലം നിരാകാരം നിർമ്മലം നിരഞ്ജനം
ശശ്വദ്ധ്യേയം സകലൈകകാരണം ശാന്ത-
മക്ഷരരഹിതമവ്യാകൃതമാത്മാമൃതം
നിത്യനിർഗ്ഗുണം പരബ്രഹ്മം നിന്തിരുവടി
നിത്യമായതു മറ്റില്ലാതൊന്നിക്കണ്ടതെല്ലാം
അങ്ങനെ വിളങ്ങിന നിന്തിരുവടിയെയി-
ന്നെങ്ങനേ തിരഞ്ഞു കണ്ടെത്തുന്നൂ മൂഢാത്മനാം?
സർവ്വജ്ഞന്മാക്കും സർവ്വശാന്തിയിൽ പരമൊരു
സർവ്വാനുഗ്രഹസാദ്ധ്യമില്ലെന്നു ചൊല്ലിക്കേൾപ്പൂ
സർവ്വബാന്ധവനായ നിന്തിരുവടിയെന്റെ
സർവ്വാപരാധങ്ങളും ക്ഷമിച്ചുകൊള്ളണമേ;

നന്ദനന്ദിനി=യശോദ. അഴിഞ്ഞീടും=നശിക്കും.

ദൈവമേ സദാനന്ദപൂർണ്ണ ഭദ്രവേദപ്രിജ-
ദിവ്യഗോകുലചന്ദ്ര ദുർജ്ജനമഹാവന-
ഹവ്യവാഹന യദുവംശപങ്കജസൂര്യ-
ദവ്യയാധർമ്മതിമിരാപഹദിനകര!
നിർവ്വാണപ്രദ നിത്യ നിർമ്മല നിരഞ്ജന!
സർവ്വമംഗല പരിപാലയ കൃപാലയ!
സർവ്വകർത്രേ തേ നമസ്സർവ്വഭർത്രേ തേ നമ-
സ്സർവ്വഹർത്രേ തേ നമസ്സർവ്വസ്മൈ നമോ നമഃ.

നൃസിംഹൻ. (നരസിംഹാവതാരം)

ധൂർജ്ജടിം ലോകൈകനാഥം നരസിംഹ-
മാജ്ജവവീര്യപരാക്രമവാരിധിം
അഗ്നിനേത്രാലോകവ്യാപ്തജിഹ്വാമുഖ-
മഗ്നിവിഭ്രതിസദൃപിണമവ്യയം
അഷ്ടഭുജോഷ്മകാനന്തവിജൃംഭണം
ദുഷ്ടനാശനഖദന്തം നമാമ്യഹം.

ദുർജ്ജനമഹാവനഹവ്യവാഹൻ=ദുഷ്ടന്മാരാകുന്ന കൊടുങ്കാടിന്നു തീയായിട്ടുള്ളവൻ. യദുവംശപങ്കജസൂര്യൻ=യദുവംശമാകുന്ന താമരപ്പൂവിന്റെ സൂര്യത്തും നാശമില്ലാത്തവനും അധർമ്മമാകുന്ന ഇരുട്ടു നശിപ്പിക്കുന്നവനുമായ സൂര്യൻ. നിർവ്വാണം=മോക്ഷം.

ധൂർജ്ജടി=ജടാഭാരമുള്ളവൻ. അഗ്നിനേത്രാലോകവ്യാപ്തജിഹ്വാമുഖൻ=അഗ്നിയെപ്പോലുള്ള കണ്ണിന്റെ പ്രകാശം പരന്ന നാവും മുഖവുമുള്ളവൻ. അഷ്ടഭുജോഷ്മകൻ=എട്ടു കൈകളുടെ പരാക്രമത്തോടുകൂടിയവൻ. അനന്തവിജൃംഭണൻ=അവസാനമില്ലാതെ വളരുന്നവൻ.

ഘോരഹൃദയോരുജാനുജംഘാപദം
ഭൈരവനാദത്രിലോകഭയങ്കരം
ഭ്രരികരുണാജലധിം നമാമ്യഹം
ദൂരീകൃതാഘമനിശം നമാമ്യഹം.
ലോകവിനാശാംബുധിസൂക്ഷ്മബിന്ദുവൽ
സ്ഥൂലവിരാട്ടാം സപ്രശക്തിം നമാമ്യഹം
ആകാശഭ്രമിസ്സുരജ്യോതിരാദിമം
സ്തോകേതരാനന്ദവിഗ്രഹം ശാശ്വതം
പാകാരിഭഗ്നാംബുജാവാസപൂജിതം
ലോകാധിനായകം വിഷ്ണും നമാമ്യഹം.
സംസാരസിന്ധുതരംഗാകുലാത്മനാം
പുംസാം മഹാമോഹനാശനം വേദാന്ത-
വേദ്യസ്വരൂപം വിധിമുഖ്യസേവിത-
മാദ്യമജം തം ജനാർദ്ദനം മാധവം
മീനസ്വരൂപമസുരവിനാശനം
നാനാവിധവേദ്യമംബുജാതസ്ഥിതം
ആനന്ദരൂപമലേപകമവ്യയം
ജ്ഞാനസ്വരൂപമജ്ഞാനവിനാശനം

ഭൈരവനാദം=ഭയങ്കരമായ അട്ടഹാസം. അഘം=പാപം. ലോകവിനാശാംബുധി=പ്രളയസമുദ്രം. ആകാശഭ്രമിസ്സുരജ്യോതിസ്സ്=ആകാശത്തിലും ഭൂമിയിലും തിളങ്ങുന്ന തേജസ്സ്. സ്തോകേതരം=വലിയത്. പാകാരി=ദേവേന്ദ്രൻ. ഭഗ്നൻ=ശിവൻ. അംബുജാവാസൻ=ബ്രഹ്മാവ്. സംസാരസിന്ധുതരംഗാകുലാത്മനാം=സംസാരസമുദ്രത്തിലെ തിരമാലകളിൽ ഉഴലുന്ന. പുംസാം=ജനങ്ങളുടെ. അംബുജാതസ്ഥിതൻ=സമുദ്രസ്ഥൻ. അലേപകൻ=യാതൊന്നും ഇഴകിപ്പിടിക്കാത്തവൻ.

കച്ഛപസൂകരവേഷമനാദ്യന്തം
നിശ്ചലമാശ്രിതകല്പകഭൂരുഹം
കായാംപൂവർണ്ണം കമലവിലോചനം
മായാമയം മധുകൈടഭനാശനം
അസ്മജ്ജനകവിനാശനം നാരസിം-
ഹോദ്യൽകളേബരം മോക്ഷദം ശാശ്വതം
നാരായണം ജഗദാസ്പദം യോഗിനാം
പാരായണം പരാത്മാനം നമാമ്യഹം.
അംബുജനാഭ നാഗേശപര്യ്യങ്കഗ!
ചിന്മയമേ നിൻപദാബ്ജസേവാസ്തു മേ.
ഭീമസത്രുപശാന്ത്യർത്ഥം നതോസ്മി തേ
മാധവ സ്വാമിൻ! പരമാത്മനേ നമഃ
നാഥ! ജയജയ നാരായണ! ജയ
പാഥോജലോചന പത്മനാഭ! ജയ
വിഷ്ണോ! ജയജയ വിശ്വംഭര! ജയ
ജിഷ്ണുമുഖാമരസേവ്യ! ജയജയ
ഭവ്വികരേന്ദ്രശയന! ജയജയ
ശർവ്വവന്ദ്യ ശരണാഗതവത്സല!
ഭക്തപ്രിയ! ജയ പാപവിനാശന!
മുക്തിപ്രദ മുനിവൃന്ദനിഷേവിത!

ആശ്രിതകല്പകഭൂരുഹം=ഭക്തന്മാർക്ക കല്പവൃക്ഷം. യോഗിനാം പാരായണം=യോഗികൾക്ക് അങ്ങേ അറ്റത്തെ പ്രാപ്യസ്ഥാനം. നാഗേശപര്യ്യങ്കൻ=അനന്തനെത്തന്മേൽ ഇരിക്കുന്നവൻ. അസ്മദ്=എനിക്ക് ഉണ്ടാവട്ടെ. ഭീമം=ഘോരം. ജിഷ്ണു=ദേവേന്ദ്രൻ. ഭവ്വികരേന്ദ്രൻ=അനന്തൻ.

സ്ഥാവരജംഗമാത്മായ്! ജയജയ
താപസാന്തഃസ്ഥിത താപാപഹ ജയ
സർവ്വലോകേശ! ജയജയ സന്തതം
പൂർവ്വദേവാരേ പുരോഷത്തമ! ജയ
കാമിതദായക സോമബിംബാനന!
കോമളാകാര! ജയജയ ശ്രീപതേ!
മൂന്നായ്പിളർന്നിനിന്നീടുന്ന ലോകത്തി-
ന്നൂന്നായ്പിളർന്നു തമ്പുരാനേ ഹരേ!
നിന്മഹാമായാഗുണങ്ങളിൽനിന്നുടൻ
ബ്രഹ്മാദിമൂർത്തികളുൽപന്നരായിതു
രാജസമായ ഗുണാശ്രിതൻ ബ്രഹ്മനും
രാജീവനേത്രനാം വിഷ്ണു സത്ത്വാശ്രിതൻ
താമസമായ ഗുണാശ്രിതനായിട്ടു
കാമാരിയും മൂർത്തിഭേദങ്ങളിങ്ങനെ;
ലോകസർഗ്ഗസ്ഥിതിസംഹാരവും പുന-
രേകനായ് നിതന്നെ ചെയ്തപോരുന്നതും.
മൂന്നായ മൂർത്തികളൊന്നായ്പിളർന്നിന
നിന്നെയും നീയൊഴിഞ്ഞാരറിഞ്ഞിടുവോർ?
വേദവുംകൊണ്ടു ജലധിയിൽ പോയൊരു
മേടുരനായ ഹയഗ്രീവനെക്കൊൽവാൻ
മത്സ്യമായന്നു ഭവിച്ചതുമാശ്രിത-
വത്സലനാകുന്ന നാഥ! ഭവാനല്ലോ.
ക്ഷീരാംബുധിമഥനത്തിനു മന്ദരം
നേരേ മുതുകിൽ ധരിച്ചതും നീയല്ലോ.

പൂർവ്വദേവാരി=അസുരശത്രു. കാമാരി=ശിവൻ. സർഗ്ഗം=സൃഷ്ടി. മേടുരൻ=തടിച്ചവൻ.

ഉർവ്വിയുംകൊണ്ടു രസാതലം പുക്കോരു
ഗർവ്വിതനായ ഹിരണ്യാക്ഷനെത്തദാ
ഘോണിയായ് ചെന്നവൻതന്നെ വധിച്ചുടൻ
ക്ഷോണിയെത്തേറ്റമേൽ പൊങ്ങിച്ചതും ഭവാൻ.
ഇന്നു നരസിംഹവേഷം ധരിച്ചതു-
മെന്നെ രക്ഷിപ്പതിനായിട്ടു ദൈവമേ!
അന്നന്നിവണ്ണം ഭവിക്കുന്ന സങ്കട-
മൊന്നെന്നിയേ തീർത്തു ലോകങ്ങൾ പാലിപ്പാൻ
ഇത്ര കാരുണ്യം കലർന്നവരാരു മ-
റിത്രിലോകത്തിങ്കൽ നാഥ! പ്രസീദ മേ.
തവൽപാദപങ്കേരുഹം മമ കേവല-
മെപ്പോഴുമുൾപ്പൂവിൽ വാഴ്ക ധരാപതേ!
മംഗലമൂർത്തേ! നമസ്തേ നമോനമഃ
ശാർങ്ഗപാണേ! തേ നമസ്തേ നമോസ്തു തേ.
സച്ചിന്മയായ നമസ്തേ നമോ നമോ
വിശ്വവന്ദ്യായ നമസ്തേ നമോ നമഃ
സത്യസ്വരൂപായ നിത്യം നമോ നമോ
നിത്യായ നിഷ്കിഞ്ചനാർത്ഥായ തേ നമഃ
വേദാന്തവേദ്യായ വിഷ്ണവേ തേ നമോ
വേദസ്വരൂപായ നിത്യം നമോസ്തു തേ.

ശ്രീമഹാഭാഗവതം

ഉർവ്വീ=ഭൂമി. രസാതലം=പാതാളം. ഘോണി=പന്നി. നിഷ്കിഞ്ചനാർത്ഥൻ=ദരിദ്രന്മാരുടെ സമ്പത്തായിട്ടുള്ളവൻ.

കീ ർ ത്ത ന ങ്ങ ൾ

വെണ്മതികലാഭരണനംബിക ഗണേശൻ
നിർമ്മലഗുണാ കമല വിഷ്ണുഭഗവാനും
നാനുഖനുമാദികവിമാതു ഗുരുഭ്രതർ
നന്മകളം വരുത്തുക നമുക്കു ഹരിരാമ!

അല്ലലകറ്റിടുവതിനാശ്രിതജനാനാം
വില്ലുമമ്പുമായടവിതന്നിലെഴുനള്ളി
കൊല്ലുന്ന രാവണനെക്കൊന്ന രഘുനാഥൻ
നല്ലതു വരുത്തുക നമുക്കു ഹരിരാമ!

രാമ ഹരിരാമ ഹരിരാമ ഹരിരാമ!
രാമ രജനീചരകുലാന്തക തൊഴുന്നേൻ
പ്രാണനകലുമ്പൊഴതു നിന്മഹിതരൂപം
കാണണമെനിക്കു തെളിഞ്ഞാശു ഹരിരാമ!

(ഹ–ാംവൃത്തം)

ഗോവിന്ദാ ഹരിഗോവിന്ദാ ഗോവിന്ദാ!
ഗോവിന്ദാ ഹരിമാധവാ! പാഹി മാം.
ജാനകീനയനാമൃതഭാജന–
രൂപം കാണുമാറാകണം ഗോവിന്ദാ!

(വ–ാംവൃത്തം)

കമലദളലോചനവുമമലതരപാദതല–
മസകലകളാക്ഷരമൊടുരുളിനൊരു ഗീരുകളും

വെണ്മതികലാഭരണൻ=ശിവൻ. അംബിക=പാർവ്വതി. കമല=ലക്ഷ്മീദേവി. ആദികവിമാത°=സരസ്വതി. അടവി=കാട°. ഭാജനം=പാത്രം. അസകലകളാക്ഷരം=അവ്യക്തമധുരാക്ഷരം. ഗീരുകളം=വാക്കുകളും,

അതിവിശദന്തരുചി മുദ്ദഹസിതമാനനവു-
മകതളിരിലാക മമ പരമ രഘുനാഥ! ജയ.

(ന-ാംവൃത്തം)

മണികിരീടവും മകരകുണ്ഡലം
വനമാലാ പാദകമലവും
മലർമാതു മേരും തിരുമാറുമെന്റെ
മനസി തോന്നേണം ഹരിനമോ.
മരതകക്കല്ലിൻ നിറമൊത്ത നിന്റെ
തിരുമേനിയെന്റെ മനക്കാമ്പിൽ
കരുതീടുമാറു വരമരുളേണം
കരുണാവാരിധേ! ഹരിനമോ.

(ർ-ാംവൃത്തം)

സച്ചിൽസ്വരൂപിൻ! ജഗന്നാഥ! വിഷ്ണോ!
സച്ചക്ഷുരാദിത്യ! വന്ദേ ഹി നിത്യം
വച്ചീട്ട നിൻചേവടിത്താരിണോനീം
മച്ചിത്തരംഗേ ഹരേ! രാമ രാമ!

(ള-ാംവൃത്തം)

രാമരാമ ഹരേഹരേ രഘുനാഥ നാഥ ദയാനിധേ!
ജാനകീരമണാരവിന്ദവിലോചനാ! പരിപാഹി മാം
രാമ നീലഘനാഭിരാമ മനോഭിരാമ രമാപതേ!
രാമചന്ദ്ര! ജയിക്ക നീ ശിവരാമരാമ ഹരേഹരേ!

(ന്യ-ാംവൃത്തം)

മലർമാത്=ലക്ഷ്മീദേവി. ഹരിനമോ=വിഷ്ണുഭഗവാനേ! നമസ്കാരം. സച്ചക്ഷുരാദിത്യൻ=ആദിത്യനാകുന്ന നല്ല കണ്ണുള്ളവൻ. വന്ദേ=ഞാൻ വന്ദിക്കുന്നു. ചേവടി=കാല്. പരിപാഹി മാം=എന്നെ രക്ഷിക്കണേ! നീലഘനാഭിരാമ=കാർമേഘസുന്ദര!.

മുകുന്ദരാമ വാസുദേവ കൃഷ്ണരാമ! പാഹി മാം
പ്രപന്നലോകപാരിജാത പദ്മനാഭ! പാഹി മാം
പുരന്ദരാദിദേവവൃന്ദവന്ദ്യമാന! പാഹി മാം
ജഗന്നിവാസ സന്തതം മുകുന്ദ രാമ പാഹി മാം.

(൭-ാം വൃത്തം)

പരമശിവശംഭോ! പരമശിവശംഭോ!
പരമശിവശംഭോ! പരമശിവശംഭോ!
പെരിയ ദുരിതം മേ കളവതിനു നിന്റെ
പദതളിർ തൊഴുന്നോൻ പരമശിവശംഭോ!

(൮-ാംവൃത്തം)

മൽകൃതപാപങ്ങളെണ്ണിക്കൊണ്ടന്തകൻ
നിഷ്കൃപമോടിയണയുന്നേരം
നിൽക്ക ദൂരത്തെന്നു ചൊല്ലിവന്നെന്നെ നീ
രക്ഷിക്ക രാമ! ഹരേ! ശരണം.

(൯-ാംവൃത്തം)

നരഹരിശരീരിണം വാരിദശ്യാമളം
പ്രണതജനകാമപൂരാംഘ്രിപങ്കേരുഹം
നരമമരവന്ദിതം നാരദാദിപ്രിയം
നരകഭയഭഞ്ജനം നൌമി നാരായണം.

(൧൦-ാംവൃത്തം)

പ്രപന്നലോകം=ഭക്തജനം. പുരന്ദരൻ=ദേവേന്ദ്രൻ.

നരഹരി=നരസിംഹം. വാരിദം=മേഘം. പ്രണതജനകാമപൂരാംഘ്രിപങ്കേരുഹൻ=നമസ്കരിച്ച ജനങ്ങളുടെ ആഗ്രഹപൂർത്തി വരുത്തുന്ന പാദാരവിന്ദങ്ങളോടുകൂടിയവൻ. അമരവന്ദിതൻ=ദേവവന്ദിതൻ. നൌമി=ഞാൻ സ്തുതിക്കുന്നു.

ജനിമൃത്യുവാരിനിധിതരണായ ഭാരതര-
ചരണാരവിന്ദയുഗവരപോതമിങ്ങരുൾക
അതിനിന്ദ രാമ തവ നമനങ്ങളായ ഫില
പരമാതരങ്ങളിതു ശിവരാമരാമ ജയ

(ദ്രുത-ാംവൃത്തം)

മത്സ്യകമഠകിടിനരഹരിവാമന!
കൃത്സിതനൃപഹര രാവണശത്രോ!
വത്സകദമന ഹലായുധ മുനിജന-
വത്സല കല്കി നാരായണ! ജയ.

(ദ്രുത-ാംവൃത്തം)

ജയ നിർമ്മല ജയ മംഗല ജയ പങ്കജനയന!
ജയസുന്ദര ജിതമന്മഥ ജയ ചിന്മയ സതതം
ജയ രാവണതിമിരാരുണ കരുണാകര ഭഗവൻ!
ജയ നിൻപദകമലം മമ രഘുനായക! ശരണം

(പഥ്യ-ാംവൃത്തം)

രാമരാമാ ഹരേ! ജാനകീവല്ലഭാ!
രാവണാരേ ഹരേ! രാമരാമാ ഹരേ!
ചിന്തനീയം തവ ശ്രീമുഖം തേജസാ
സന്തതം ചിന്തയേ രാമരാമാ ഹരേ!

(പഥ്യ-ാംവൃത്തം)

ജനിമൃത്യുവാരിനിധിതരണായ=ജനനമരണസമുദ്രം കടക്കാൻ. പോതം=കപ്പൽ. നമനങ്ങൾ=നമസ്കാരങ്ങൾ. പരമാതരങ്ങൾ=മികച്ച കടത്തുകൂലികൾ.

കമഠം=ആമ. കിടി=പന്നി. നരഹരി=നരസിംഹം. കൃത്സിതനൃപഹരൻ=ദുഷ്ടരാജാക്കന്മാരെ നിഗ്രഹിച്ച പരശുരാമൻ. വത്സകദമനൻ=വത്സാസുരനെ വധിച്ച കൃഷ്ണൻ. ഹലായുധൻ=ബലഭദ്രൻ.

രാവണതിമിരാരുണൻ=രാവണനാകുന്ന ഇരുട്ടിന്ന സൂര്യൻ.

മരണസന്താപമെത്തി വശംകെട്ടു
ശരണമില്ലാഞ്ഞു വീണുഴലുന്നേരം
കരുണാവാരിധേ! രാമചന്ദ്രാ! നിന്റെ
ചരിതം തോന്നണം നാരായണാ! നമോ.

(പന്ത്രാംവൃത്തം)

രാമായ നമസ്തേ രഘുനാഥായ നമസ്തേ
രാത്രിഞ്ചരപക്ഷപ്രതിപക്ഷായ നമസ്തേ
ശാഖാമൃഗവൃദ്ധിക്ഷയദക്ഷായ നമസ്തേ
സീതാപതയേ തേ ഹരിനാരായണ! നമോ.

(പതിനാറാംവൃത്തം)

രാമായ സൂര്യകുലജാതായ കാനനനി-
വാസായ യാതുഹൃതദാരായ വീരകപി-
കാലായ രാവണവിനാശായ വിശ്വജന-
പാലായ തേ പരമ നാരായണായ നമഃ
മീനാമപന്നിനരസിംഹായ വാമനന-
ഹാരാമദാശരഥിസീരായുധായ നമഃ

രാത്രിഞ്ചരപക്ഷപ്രതിപക്ഷം=രാക്ഷസപക്ഷത്തിന്റെ ശത്രു. ശാഖാമൃഗവൃദ്ധിക്ഷയദക്ഷൻ=വാനരന്മാർക്ക്__ക്രമത്തിൽ സുഗ്രീവനും ബാലിക്കും__അഭിവൃദ്ധിയും നാശവും നൽകുവാൻ സമർത്ഥൻ.

യാതുഹൃതദാരൻ=രാക്ഷസനാൽ__രാവണനാൽ__അപഹരിക്കപ്പെട്ട ഭാര്യയോടുകൂടിയവൻ. വീരകപികാലൻ=ബാലിയെ കൊന്നവൻ. മഹാരാമൻ=പരശുരാമൻ ദാശരഥി=ശ്രീരാമൻ. സീരായുധൻ=ബലഭദ്രൻ.

കൃഷ്ണായ കൃഷ്ണതനുശുദ്ധായ കല്ക്കിവപു-
ഷേ കാരണായ മമ നാരായണായ നമഃ.

(ഉർ-ാംവൃത്തം)

രാമായണം ഇരുപത്തിനാലുവൃത്തം.

ഓങ്കാരമായ പൊരുൾ മൂന്നായ്പിരിഞ്ഞുടനെ-
യാങ്കാരമായതിനു താൻതന്നെ സാക്ഷിയതു
ബോധം വരുത്തുവതിനാളായിനിന്ന പര-
മാത്മായ്ക്കുരൂപ ഹരി നാരായണായ നമഃ
ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ
പണ്ടേക്കണക്കെ വരുവാൻ നിൻ കൃപാവലിക-
ളുണ്ടാകയെങ്കലിഹ നാരായണായ നമഃ
ആനന്ദമിന്മയ ഹരേ ഗോപികാരമണ!
ഞാനെന്ന ഭാവമതു തോന്നായ്കവേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി
തോന്നോണമേ വരദ നാരായണായ നമഃ
അക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിനു കണ്ണു മനമാകുന്നു, കണ്ണതിനു
കണ്ണായിരുന്ന പൊരുൾ താനെന്നറയ്യുമള-
വാനന്ദമെന്തു ഹരി നാരായണായ നമഃ

കൃഷ്ണതനുശുദ്ധൻ=കറുത്ത ശരീരവും ശുദ്ധമായ ഹൃദയവുമുള്ള വൻ. കല്ക്കിവപുസ്സ്=കല്ക്കിരൂപൻ.

മൂന്നായ്=അ ഉ മ് എന്നിങ്ങനെ മൂന്നായി. ആങ്കാരം=നാദം. അക്കാനലാദിവെളിവ്=സൂര്യൻ, അഗ്നി, മുതലായവയുടെ വെളിച്ചം.

ക്ഷരിയായൊരക്ഷരമതിങ്കനന്നുദിച്ചതിതു
ലിപിയേഴമക്ഷരമിതെന്നങ്ങുരപ്പു ജനം
അറിയാവതല്ല തവ പരമാക്ഷരസ്യ പൊരു-
ളറിയായുമായ്വരിക നാരായണായ നമഃ

ഹരിനാമകീർത്തനം

ക്ഷരിയായൊരു=നശിക്കാത്തൊരു അക്ഷരം=പരബ്രഹ്മം. ഇത്=ഈ ലോകം. ലിപിയേഴം=നാരായണായ നമഃ എന്ന ഏഴ് എഴുത്തും. പരമാക്ഷരസ്യ പൊരുൾ=ഓങ്കാരത്തിന്റെ ശരിയായ അർത്ഥം. അറിയായുമായ് വരിക=അറിയുമാറുമാകേണമേ.

തത്ത്വപ്രകാശിക

ശ്രീരാമോക്തി. (ലക്ഷ്മണസാന്ത്വനം)

ദൃശ്യമായുള്ളോരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്തം,മതല്ലായ്കിലെന്തതിനാൽ ഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.
ചക്ഷുഃശ്രവണഗളസ്ഥമാം ദ്ദ്രുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലമേതസാ ഭോഗങ്ങൾ തേടുന്നു;
പുത്രമിത്രാത്മകളത്രാദിസംഗമ-
മത്രയുമല്പകാലസ്ഥിതമോർക്ക നീ.

ദൃശ്യം=കാണാവുന്നത്. തൽപ്രയാസം=അതിനുവേണ്ടിയുള്ള പ്രയത്നം. യുക്തം=യുക്തമായുള്ള. ഭോഗങ്ങൾ=സുഖങ്ങൾ. ക്ഷണപ്രഭാചഞ്ചലം=മിന്നൽപോലെ ക്ഷണികം. വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ സന്നിഭം=തീയിൽ പഴുപ്പിച്ച ഇരുമ്പിൽ വീഴുന്ന നീർത്തുള്ളിപോലെ. ഭംഗുരം=നശിക്കുന്നത്. ചക്ഷുഃശ്രവണഗളസ്ഥം=പാമ്പിന്റെ തൊണ്ടയിൽപ്പെട്ട. ദ്ദ്രുരം=തവള. കാലാഹിനാ=കാലമാകുന്ന പാമ്പിനാൽ. പരിഗ്രസ്തം=വിഴുങ്ങിയ.

പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ് കൂടി വിയോഗം വരുന്നോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു-
മെത്രയും ചഞ്ചലമാലയസംഗമം.
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ, യൌവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൂനാ-
മല്പമായുസ്സും നിരൂപിക്ക ലക്ഷ്മണ!
രാഗാദിസങ്കുലമായുള്ള സംസാര-
മാകാ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!
കാക്ക ഗന്ധർവ്വനഗരസമമതിൽ
മൂർഖന്മാർ നിത്യമനുക്രമിച്ചീടുന്നു;
ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതു സത്വരം
നിദ്രയും വന്നി,തുദയശൈലോപരി
വിദ്രുതം വന്നിതു പിന്നെയും ഭാസ്കരൻ
ഇത്ഥം മതിഭ്രമമുള്ളോരു ജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

താന്തർ=തളർന്നവർ. നദ്യാം=പുഴയിൽ. കാഷ്ഠങ്ങൾ=മരത്തടികൾ. ആലയസംഗമം=ഗൃഹത്തിലെ കൂടിച്ചേർച്ച. ലക്ഷ്മി=സമ്പത്ത്. അധ്രുവം=അസ്ഥിരം. നൂനാം=മനുഷ്യർക്ക്. രാഗം=ആശ. ഗന്ധർവ്വനഗരം=ആകാശക്കോട്ട. അനുക്രമിക്കുക=ആസക്തരാവുക. യാദഃപതി=സമുദ്രം. ഉദയശൈലോപരി=ഉദയപർവ്വതത്തിന്റെ മുകളിൽ. ജന്തുക്കൾ=ജീവികൾ. കാലാന്തരം=കാലമാറ്റം.

ആയുസ്സു പോകുന്നതേതുമറിവീല
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ;
വാർദ്ധക്യമോടു ജരാനരയും പൂണ്ടു
പീഡിച്ച മോഹേന മരിക്കുന്നിതു ചിലർ
നേത്രേന്ദ്രിയംകൊണ്ടു കണ്ടിരിക്കെപ്പുന-
രോർത്തറിയുന്നീല മായതൻ വൈഭവം.
ഇപ്പോളിതു പകൽ പിൽപ്പാടു രാത്രിയും
പിൽപ്പാടു പിന്നെപ്പകലുമുണ്ടായ്വരും
ഇപ്രകാരം നിരൂപിച്ചു മൂഢാത്മാക്കൾ
പിൽപുരുഷൻ ഗതിയേതുമറിയാതെ
കാലസ്വരൂപനാമീശ്വരൻതന്നുടെ
ലീലാവിശേഷങ്ങളൊന്നുമോരായ്കയാൽ
ആമകുംഭാംബുസമാനമായുസ്സുടൻ
പോമതേതും ധരിക്കുന്നതില്ലാരുമേ;
രോഗങ്ങളായുള്ള ശത്രുക്കളും വന്നു
ദേഹം നശിപ്പിക്കുമേവനും നിർണ്ണയം;
വ്യാഘ്രിയെപ്പോലെ ജരയുമടുത്തു വ-
ന്നാക്രമിച്ചീടും ശരീരത്തെ നിർണ്ണയം.
മൃത്യുവും കൂടൊരുനേരം പിരിയാതെ
ഛിദ്രവും പാർത്തുപാർത്തുള്ളിലിരിക്കുന്നു;
ദേഹം നിമിത്തമഹംബുദ്ധി കയ്യാണ്ടു
മോഹംകലർന്നു ജന്തുക്കൾ നിരൂപിക്കും

ആമകുംഭാംബുസമാനം=പച്ചമൺകുടത്തിലെ വെള്ളംപോലെ. വ്യാഘ്രി=പെൺപുലി. ജര=വാർദ്ധക്യം. മൃത്യു=മരണം. ഛിദ്രം=പഴുത്.

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാദ്രേഡിതം കലന്നീടും ദശാന്തരേ
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തു വെണ്ണീറായ് ഗമഞ്ഞു പോയിടിലാം
മണ്ണിനു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം;
തച്ചങ്മാംസരക്താസ്ഥിവിണ്മൂത്രരേതസാം,
സമ്മേളനം പഞ്ചഭൂതകനിർമ്മിതം
മായാമയമായ്പരിണാമിയായോരു
കായം വികാരിയായുള്ളോന്നിതധ്രുവം;
ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിനു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്മെന്നറിക നീ ലക്ഷ്മണ!

വസിഷ്ഠോക്തി (ഭരതസാന്ത്വനം)

താതനെന്നാകിലും പുത്രനെന്നാകിലും
പ്രേതരായാലതിമൂഢരായുള്ളവർ
മാറത്തലച്ചു തൊഴിച്ചു മുറവിളി-
ച്ചേറത്തളർന്നു മോഹിച്ചു വീണീടുവോർ;

ബ്രാഹ്മണോഹം=ഞാൻ ബ്രാഹ്മണൻ. നരേന്ദ്രൻ=രാജാവ്. ആഢ്യൻ=ധനികൻ. ആദ്രേഡിതം=ഉരുവിടൽ. തച്ചങ്മാംസരക്താസ്ഥിവിണ്മൂത്രരേതസാം=തൊലി മാംസം ചോര എല്ല് മലം മൂത്രം ശുക്ലം എന്നിവയുടെ. പഞ്ചഭൂതങ്ങൾ=മണ്ണ് വെള്ളം തീയ്യ് കാറ്റ് ആകാശം എന്നിവ. കായം=ശരീരം.

നിസ്സാരമെത്രയും സംസാരമോക്കിലോ
സത്സംഗമൊന്നേ ശുഭകരമായുള്ളൂ.
തത്ര സൌഖ്യം വരുത്തീടുവാൻ നല്ലതു
നിത്യമായുള്ളോരു ശാന്തിയറിക നീ.
ജന്മമുണ്ടാകിൽ മരണവും നിശ്ചയം
ജന്മം മരിച്ചവക്കും വരും നിണ്ണയം
ആക്കും തടുക്കരുതാതോരവസ്ഥയെ-
ന്നോക്കേണമെല്ലാം സ്വകർമ്മവശാഗതം.
തത്ത്വമറിഞ്ഞുള്ള വിദ്വാനൊരിക്കലും
പുത്രമിത്രാർത്ഥകളത്രാദിവസ്തുനാ
വേർപെടുന്നോരവും ദുഃഖമില്ലേതുമേ
സോപാധമെന്നാൽ സുഖവുമില്ലേതുമേ.
ബ്രഹ്മാണ്ഡകോടികൾ നഷ്ടങ്ങളായതും
ബ്രഹ്മണാ സൃഷ്ടങ്ങളായതും പാക്കിലോ
സംഖ്യയില്ലാതോളമുണ്ടിതെന്നാൽ ക്ഷണ-
ഭംഗുരമായുള്ള ജീവിതകാലത്തിൽ
എന്തൊരാസ്ഥാ മഹാജ്ഞാനിനാമുള്ളതും
ബന്ധമെന്തീ ദേഹദേഹികർമ്മങ്ങൾക്കെന്നതും
ചിന്തിച്ചു മായാഗുണവൈഭവങ്ങളു-
മന്തർമുദാ കണ്ടവക്കെന്തു സംഭ്രമം?

സത്സംഗം=സജ്ജനസംസർഗ്ഗം. സ്വകർമ്മവശാഗതം=തന്റെ കർമ്മങ്ങൾക്കനുസരിച്ചു വരുന്നതു്. വസ്തുനാ=വസ്തുവിനോടു്. സോപാധം=തന്നോടു ചേർന്നതു്. ബ്രഹ്മണാ=ബ്രഹ്മാവിനാൽ. ക്ഷണഭംഗുരം=ക്ഷണത്തിൽ നശിക്കുന്നതു്. ആസ്ഥ=ആദരം. മഹാജ്ഞാനിനാം=വലിയ ജ്ഞാനികൾക്കു്. അന്തർമ്മുദാ=മനസ്സന്തോഷത്തോടെ.

കമ്പിതപത്രാഗ്രലഗ്നാംബുബിന്ദുവൽ
സമ്പതിച്ചീടുമായുസ്സതിനശ്വരം
പ്രാക്തനദേഹസ്ഥകർമ്മണാ പിന്നെയും
പ്രാപ്തമാം ദേഹിക്കു ദേഹം പുനരപി.
ജീർണ്ണവസ്ത്രങ്ങളപേക്ഷിച്ചു ദേഹികൾ
പൂർണ്ണശോഭം നവവസ്ത്രങ്ങൾ കൊള്ളുന്നു.
ജീർണ്ണദേഹങ്ങളവ്വണ്ണമുപേക്ഷിച്ചു
പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു.
കാലചക്രത്തിൻ ഭ്രമണവേഗത്തിനു
മൂലമിക്കർമ്മഭേദങ്ങളൂഹിക്ക നീ.
ദുഃഖത്തിനെന്തൊരു കാരണം പൊല്ലു നീ
മുഖ്യജനമതം കേൾക്ക ഞാൻ പൊല്ലുവൻ;
ആത്മാവിനില്ല ജനനമരണവു-
മാത്മനി ചിന്തിക്ക ഷൾഭാവവുമില്ല
നിത്യാനന്ദസച്ചിദ്രൂപൻ നിരാകുലൻ
സത്യരൂപൻ സകലേശ്വരൻ ശാശ്വതൻ
ബുദ്ധ്യാദിസാക്ഷി സർവ്വാത്മാ സനാതന-
നദ്വയനേകൻ പരൻ പരമൻ ശിവൻ

കമ്പിതപത്രാഗ്രലഗ്നാംബുബിന്ദുവൽ=ഇളകുന്ന ഇലയുടെ അറ്റത്തു പുറകിനിൽക്കുന്ന നീർത്തുള്ളിപോലെ. കർമ്മണാ=കർമ്മംകൊണ്ട്. ദേഹി=ജീവൻ. പുനരപി=പിന്നെയും. ജീർണ്ണം=പഴയത്. നവം=പുതിയത്. മുഖ്യജനമതം=മഹാത്മാക്കളുടെ അഭിപ്രായം. ആത്മനി=മനസ്സിൽ. ഷൾഭാവം—ജനിക്കുന്നു, ഉണ്ട്, വളരുന്നു, പരിണമിക്കുന്നു, ജീർണ്ണിക്കുന്നു, നശിക്കുന്നു എന്ന ആറവസ്ഥകൾ.

ഇത്ഥമനാരതം ചിന്തിച്ചു ചിന്തിച്ചു
ചിത്തേ ദൃഢമായറിഞ്ഞു ദുഃഖങ്ങളും
ത്യക്ത്വാ തുടങ്ങുക കർമ്മസമൂഹവും
സതതമേതും വിഷാദമുണ്ടാകൊലാ.

സുഖദുഃഖവിവേചനം. (ഗ്രഹലക്ഷ്മണസംവാദം)

കസ്യ ദുഃഖസ്യ കോ ഹേതുർജ്ജഗത്ത്രയേ
കസ്യ സുഖസ്യ വാ കോപി ഹേതുസ്സഖേ!
പൂർവ്വജന്മാർജ്ജിതകർമ്മമത്രേ ഭവി
സർവ്വലോകർക്കും സുഖദുഃഖകാരണം.
ദുഃഖസുഖങ്ങൾ ദാനം ചെയ്വതിന്നാരു-
മുൾക്കാമ്പിലോർത്തുകണ്ടാലില്ല നിർണ്ണയം.
ഏകൻ മമ സുഖദാതാ ജഗതി മ-
റ്റേകൻ മമ ദുഃഖദാതാവിതി വൃഥാ
തോന്നുന്നിതജ്ഞാനബുദ്ധികൾക്കെപ്പൊഴും
തോന്നുകയില്ല ബുധന്മാർക്കതേതുമേ.
ജ്ഞാനതിനിന്നു കർത്താവെന്നു തോന്നുന്നു
മാനസതാരിൽ വൃഥാഭിമാനേന കേവം;
ലോകം നിജകർമ്മസൂത്രബദ്ധം സഖേ!
ഭോഗങ്ങളും നിജകർമ്മാനുസാരികൾ.
മിത്രാര്യുദാസീനബാന്ധവദ്വേഷ്യമ-
ദ്ധ്യസ്ഥസുഹൃജ്ജനഭേദബുദ്ധിഭ്രമം

ഇത്ഥം=ഇപ്രകാരം. ത്യക്ത്വാ=ഉപേക്ഷിച്ചിട്ട്.

ജഗത്ത്രയേ കസ്യ ദുഃഖസ്യ കോ ഹേതുഃ=മൂന്നു ലോകത്തിലും ആരുടെ ദുഃഖത്തിനു് ആർ കാരണമാകുന്നു? കസ്യ സുഖസ്യ വാപി കോ ഹേതുഃ=ആരുടെ സുഖത്തിനും ആർ കാരണമാകുന്നു? ബുധന്മാർ=അറിവുള്ളവർ. കർമ്മസൂത്രം=കർമ്മപാശം.

ചിത്രമത്രേ നിരൂപിച്ചാൽ സചകമ്മങ്ങൾ
യത്ര വിഭാവ്യതേ തത്ര യഥാ തഥാ
ദുഃഖസുഖം നിജകമ്മവശാഗത-
മൊക്കെയെന്നാൽക്കാമ്പുകൊണ്ടു നിനച്ചതിൽ
യദ്യദ്യദാഗതം തത്ര കാലാന്തരേ
തത്തൽ ഭുജിച്ചതിസചസ്ഥനായ്വാഴണം;
ഭോഗത്തിനായ്ചൊണ്ടു കാമിക്കയും വേണ്ട
ഭോഗം വിധികൃതം വർജ്ജിക്കയും വേണ്ട
വ്യർത്ഥമോർത്തോളം വിഷാദപ്രഹർഷങ്ങൾ
ചിത്തേ ശുഭാശുഭകമ്മഫലോദയേ;
മർത്ത്യദേഹം പുണ്യപാപങ്ങളെക്കൊണ്ടു
നിത്യമുൽപന്നം വിധിവിഹിതം സഖേ!
സൌഖ്യദുഃഖങ്ങൾ സഹജമേവക്കുമേ
നിക്കാവതല്ല സുരാസുരന്മാരാലും
ലോകേ സുഖാനന്തരം ദുഃഖമായ്വരു-
മാകുലമില്ല ദുഃഖാനന്തരം സുഖം
ന്യൂനം ദിനരാത്രിപോലെ ഗതാഗതം
മാനസേ ചിന്തിക്കിലത്രയുമല്ലെടോ!
ദുഃഖമദ്ധ്യേ സുഖമായും വരും പിന്നെ
ദുഃഖം സുഖമദ്ധ്യസംസ്ഥമായും വരും
രണ്ടുമന്യോന്യസംയുക്തമായേവരു-
മുണ്ടു ജലപങ്കുമെന്നപോലെ സഖേ!

യത്ര വിഭാവ്യതേ=എവിടെയുണ്ടോ തത്ര യഥാതഥാ= അവിടെ ശരിക്കുള്ള സുഖദുഃഖങ്ങൾ ഉണ്ടാവുന്നു. യദ്യദ്യദ്യദാഗതം=ഏതേതു എപ്പോൾ വരുന്നുവോ. തത്രകാലാന്തരേ=ആ കാലവിശേഷത്തിൽ. തത്തൽ=അതിനെയതിനെ. ജലപങ്കം=വെള്ളവും ചളിയും.

ആകയാൽ ധൈര്യേണ വിദ്വജ്ജനം ഹൃദി
ശോകഹർഷങ്ങൾ കൂടാതെ വസിക്കുന്നു.
ഇഷ്ടമായുള്ളതു തന്നേ വരുമ്പൊഴു-
മിഷ്ടമല്ലാത്തതു തന്നേ വരുമ്പൊഴും
തുഷ്ടാത്മനാ മരുവുന്നു ബുധജനം
ദൃഷ്ടമെല്ലാം മഹാമായേതി ഭാവനാൽ.

ജീവപരമാത്മൈക്യം (ലക്ഷ്മണോപദേശം)

ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ
കേവലം പര്യായശബ്ദങ്ങളെന്നറിഞ്ഞാലും
ഭേദമേതുമേയില്ല രണ്ടുമൊന്നത്രേ നൂനം
ഭേദമുണ്ടെന്നു പറയുന്നതജ്ഞന്മാരല്ലോ;
മാനവും ഡംഭം ഹിംസാ വക്രത്വം കാമം ക്രോധം
മാനസേ വെടിഞ്ഞു സന്തുഷ്ടനായ് സദാകാലം
അന്യാക്ഷേപാദികളും സഹിച്ചു സമബുദ്ധ്യാ
മന്യുഭാവവുമകലെക്കളഞ്ഞനുദിനം
ഭക്തി കയ്ക്കൊണ്ടു ഗുരുസേവയും ചെയ്തു നിജ-
ചിത്തശുദ്ധിയും ദേഹശുദ്ധിയും ചെയ്തുകൊണ്ടു
നിത്യവും സൽക്കർമ്മങ്ങൾക്കിളക്കം വരുത്താതെ
സത്യത്തെസ്സമാശ്രയിച്ചാനന്ദസ്വരൂപനായ്
മാനസവചനദേഹങ്ങളെയടക്കിത്തൻ
മാനസേ വിഷയസൌഖ്യങ്ങളെച്ചിന്തിയാതെ
ജനനജരാമരണങ്ങളെച്ചിന്തിച്ചുള്ളി-
ലനഹങ്കാരത്വേന സമഭാവനയോടും

ദൃഷ്ടമെല്ലാം=കണ്ടതെല്ലാം.

വക്രത്വം=വ്യാജം. മന്യു=കോപം.

സർവ്വാത്മാവാകുമെങ്കിലുറച്ച മനസ്സോടും
സർവ്വദാ രാമരാമേത്യമിതജപത്തോടും
പുത്രദാരാർത്ഥാദിഷു നിഃസ്നേഹത്വംചെയ്തു
സക്തിയുമൊന്നിങ്കലും കൂടാതെ നിരന്തരം
ഇഷ്ടാനിഷ്ടപ്രാപ്തിക്കു തുല്യഭാവത്തോടു സ-
ന്തുഷ്ടനായ്വിവിക്തശുദ്ധസ്ഥലേ വസിക്കേണം
പ്രാകൃതജനങ്ങളുമായ്സഖ്യമരുതൊട്ടു-
മേകാന്തേ പരമാത്മജ്ഞാനതൽപരനായി
വേദാന്തവാക്യാർത്ഥങ്ങളവലോകനംചെയ്തു
വൈദികകർമ്മങ്ങളുമാത്മനി സമർപ്പിച്ചാൽ
ജ്ഞാനവുമകതാരിലുറച്ചു ചമഞ്ഞീടും
മാനസേ വികല്പങ്ങളേതുമേയുണ്ടാകൊലാ;
ആത്മാവാകുന്നതെന്തെന്നുണ്ടോ, കേളതുമെങ്കിൽ,
ആത്മാവല്ലല്ലോ ദേഹപ്രാണബുദ്ധ്യഹങ്കാരം
മാനസാദികളൊന്നു,മിവറ്റിൽനിന്നു മേലേ
മാനമില്ലാതെ പരമാത്മാവു താനേ വേറേ
നിത്യം ചിദാത്മാവു ശുദ്ധമവ്യക്തം ബുദ്ധം,
തൽപദാത്മാ ഞാനിഹ ത്വൽപദാർത്ഥവുമായി
ജ്ഞാനംകൊണ്ടൊന്നൊ വഴിപോലെ കണ്ടറിഞ്ഞീടാം
ജ്ഞാനമാകുന്നതെന്നൊക്കാട്ടുന്ന വസ്തുതന്നേ.

സക്തി=താൽപര്യം. വിവിക്തം=വിജനസ്ഥലം. മാനം=അളവ്. തൽപദാത്മാ=തത്ത്വമസി എന്ന മഹാവാക്യത്തിലെ തത് എന്ന പദത്തിന്റെ അർത്ഥമായ. ത്വൽപദാർത്ഥം=ത്വം (നീ) എന്ന പദത്തിന്റെ അർത്ഥം.

ജ്ഞാനമുണ്ടാകുന്നതു വിജ്ഞാനംകൊണ്ടുതന്നേ
ഞാനിതെന്നറിവിനു സാധനമാകയാലെ.
സർവ്വത്ര പരിപൂർണ്ണനാത്മാവു ചിദാനന്ദൻ
സർവ്വസത്ത്വാന്തർഗ്ഗതനപരിച്ഛേദ്യനല്ലോ
ഏകനദ്വയൻ പരനവ്യയൻ ജഗന്മയൻ
യോഗേശനജനഖിലാധാരൻ നിരാധാരൻ
നിത്യസത്യജ്ഞാനാദിലക്ഷണൻ ബ്രഹ്മാത്മകൻ
ബുദ്ധ്യുപാധികളിൽ വേറിട്ടവൻ മായാമയൻ
ജ്ഞാനംകൊണ്ടുപഗമ്യൻ യോഗിനാമേകാത്മനാം.
ജ്ഞാനമാചാര്യശാസ്ത്രൗഘോപദേശൈക്യജ്ഞാനം
ആത്മനോരേവം ജീവപരയോർമ്മൂലവിദ്യാ
ആത്മനി കാര്യകാരണങ്ങളും കൂടിച്ചേർന്നു
ലയിച്ചീടുമ്പോളുള്ളോരവസ്ഥയല്ലോ മുക്തി
ലയത്തോടാശു വേറിട്ടിരിപ്പതാത്മാവൊന്നോ.

സാധുസമാഗമം (അഗസ്ത്യാകൃതി)

സാധുസംഗതിതന്നേ മോക്ഷകാരണമെന്നു
വേദാന്തജ്ഞന്മാരായ വിദ്വാന്മാർ ചൊല്ലീടുന്നു.

സർവ്വസത്ത്വാന്തർഗ്ഗതൻ=എല്ലാ പ്രാണികളുടേയും ഉള്ളിലുള്ളവൻ. അപരിച്ഛേദ്യൻ=അളന്നു കണക്കാക്കാൻ കഴിയാത്തവൻ. ഉപഗമ്യൻ=പ്രാപിക്കപ്പെടാവുന്നവൻ. ഏകാത്മനാം=ഏകാഗ്രചിത്തന്മാരുടെ. ആചാര്യശാസ്ത്രൗഘോപദേശൈക്യജ്ഞാനം=ആചാര്യോപദേശവും ശാസ്ത്രങ്ങളുടെ ഉപദേശവും ഒന്നാണെന്ന ജ്ഞാനം. ജീവപരയോഃ ആത്മനോഃ ഏവം മൂലവിദ്യാ=ജീവാത്മപരമാത്മാക്കളുടെ ഐക്യജ്ഞാനമാണ് മൂലവിദ്യ ലയം=നാശം.

സാധുസംഗതി=സജ്ജനസംസർഗ്ഗം.

സാധുക്കളാകുന്നതു സമചിത്തന്മാരല്ലോ
ബോധിപ്പിച്ചീടുമാത്മജ്ഞാനവും ഭക്തന്മാക്കായ്.
നിസ്പൃഹന്മാരായ്വിഗതൈഷണന്മാരായ് സദാ
തത്പരഭക്തന്മാരായ് നിവൃത്താഖിലകാമന്മാരായ്
ഇഷ്ടാനിഷ്ടപ്രാപ്തികളിൽ രണ്ടിനും സമന്മാരായ്
നഷ്ടസംഗന്മാരുമായ് സംന്യസ്തകർമ്മാക്കളായ്
തുഷ്ടമാനസന്മാരായ് ബ്രഹ്മതൽപരന്മാരായ്
ശിഷ്ടാചാരൈകപരായണന്മാരായി നിത്യം
യോഗാത്മം യമനിയമാദിസമ്പന്നന്മാരാ-
യേകാന്തേ ശമദമസാധനയുക്തന്മാരായ്
സാധുക്കളവരോടു സംഗതിയുണ്ടാകുമ്പോൾ
മേതസി ഭവൽകഥാശ്രവണേ രതിയുണ്ടാം
തവൽക്കഥാശ്രവണേന ഭക്തിയും വർദ്ധിച്ചീടും
ഭക്തി വർദ്ധിച്ചീടുമ്പോൾ വിജ്ഞാനമുണ്ടായ്വരും
വിജ്ഞാനജ്ഞാനാദികൾകൊണ്ടു മോക്ഷവുംവരും.

കാലനേമിയുടെ ഉപദേശം.

നീയുമേവം സ്വാത്മാനം വിചാരിച്ചു
മായാഗുണങ്ങളിൽനിന്നു വിമുക്തനായ്

നിസ്പൃഹന്മാർ=ആശയറ്റവർ. വിഗതൈഷണന്മാർ=അർത്ഥപുത്രകളത്രങ്ങളിൽ ആഗ്രഹം നശിച്ചവർ. നിവൃത്താഖിലകാമന്മാർ=എല്ലാ ആഗ്രഹങ്ങളും പിന്മാറിയവർ. സന്യസ്തകർമ്മാക്കൾ=എല്ലാ കർമ്മങ്ങളും വെടിഞ്ഞു സന്യസിച്ചവർ. യമനിയമാദികൾ=യമം, നിയമം, ആസനം, പ്രാണായാമം പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ യോഗാംഗങ്ങൾ. ശമദമാദികൾ=ശമം, ദമം, ഉപരതി, തിതിക്ഷ, സമാധാനം, ശ്രദ്ധ എന്ന ശിഷ്യഗുണങ്ങൾ. സദാ=എല്ലായ്പോഴും. ആത്മാനം=ആത്മാവിനെ.

അദ്യപ്രഭൃതി വിമുക്തനാത്മാവിതി
ജ്ഞാതാ നിരസ്താശയാ ജിതകാമനായ്
ധ്യാനനിരതനായ്പ്പാഴകെന്നാൽ വരു-
മാനന്ദമേതും വികല്പമില്ലോക്ക നീ;
ധ്യാനിപ്പതിനു സമർത്ഥനല്ലെങ്കിലോ
മാനസേ പാവനേ ഭക്തിപരവശേ
നിത്യം സഗുണനാം ദേവനെയാശ്രയി-
ച്ചത്യന്തശ്രദ്ധ്യാ സദ്ബുദ്ധ്യാ നിരന്തരം
ഫുൽപത്മകണ്ണികാമദ്ധ്യേ സുവർണ്ണപീ-
ഠോജ്ജ്വലേ രത്നഗണാഞ്ചിതേ നിർമ്മലേ
ശ്ലക്ഷ്ണമൃദുതരേ സീതയാ സംസ്ഥിതം
ലക്ഷ്മണസേവിതം ബാണധനുർദ്ധരം
വീരാസനസ്ഥം വിശാലവിലോചന-
മൈരാവതീതുല്യപീതാംബരധരം
ഹാരകിരീടകേയൂരാംഗദാംഗുലീ-
യോരുരത്നാഞ്ചിതകുണ്ഡലനൂപുര-
ചാരുകടകകടിസൂത്രകൌസ്തുഭ-
സാരസമാല്യവനമാലികാധരം
ശ്രീവത്സവക്ഷസം രാമം രമാവരം
ശ്രീവാസുദേവം മുകുന്ദം ജനാർദ്ദനം

അദ്യപ്രഭൃതി=ഇന്നു മുതൽ. ജ്ഞാതാ=അറിഞ്ഞത്. ശ്ലക്ഷ്ണമൃദുതരേ=ഏറ്റവും മാർദ്ദവമുള്ള. സീതയാ സംസ്ഥിതം=സീതയോടുകൂടി ഇരിക്കുന്ന. ഐരാവതി=മീന്നൽ. ഹാരം=മുത്തുമാല. കേയൂരാംഗദങ്ങൾ=തോൾവളകൾ. നൂപുരങ്ങൾ=തളകൾ. കടകങ്ങൾ=വളകൾ. കടിസൂത്രം=ഒഡ്യാണം. സാരസമാല്യം=താമരമാല.

സർവ്വഹൃദിസ്ഥിതം സർവ്വേശ്വരം പരം
ശർവ്വവന്ദ്യം ശരണാഗതവത്സലം
ഭക്ത്യാ പരബ്രഹ്മയുക്തനായ് ധ്യാനിക്കിൽ
മുക്തനായ്വന്നുകൂടും ഭവാൻ നിർണ്ണയം
തച്ചരിത്രം കേട്ടുകൊണ്ടുകയും മൊൽകയു-
മുച്ചരിച്ചും രാമരാമേതി സന്തതം
ഇങ്ങനെ കാലം കഴിച്ചുകൊള്ളുന്നാകി-
ലെങ്ങനെ ജന്മങ്ങൾ പിന്നെയുണ്ടാകുന്നു?
ജന്മജന്മാന്തരത്തിങ്കലുമുള്ളോരു
കല്മഷമൊക്കെ നശിച്ചുപോം നിശ്ചയം.

അദ്ധ്യാത്മരാമായണം

കാലചക്രഭ്രമം (വിദുരോക്തി)

ജാതനായാൽ മൃതനാമവനെന്നൊരു
നീതി ചമച്ചതു നീരജസംഭവൻ.
കാലചക്രഭ്രമം പാർത്തുകണ്ടാലൊരു-
കാലവും ദുഃഖിപ്പതിനില്ല കാരണം.
ജീർണ്ണവസ്ത്രം കളഞ്ഞൻപോടു മാനുഷർ
പൂർണ്ണശോഭം നവവസ്ത്രം ധരിച്ചീടും
ജീർണ്ണദേഹം കളഞ്ഞവ്വണ്ണം ദേഹികൾ
പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു.
നിത്യമല്ലേതുമേ ദേഹാദികളിതു
നിത്യമാകുന്നതു നിശ്ചയമീശ്വരൻ

കല്മഷം=പാപം

നീരജസംഭവൻ=ബ്രഹ്മാവ്.

ചത്തും പിറന്നുമിരിക്കുമിജ്ജന്തുക്കളം
ചിത്തേ സുഖദുഃഖമെന്തിന്നതിന്നഹോ!
ഏന്നു തുടങ്ങിയതെന്നുമറിഞ്ഞതി-
ല്ലെന്നിനി മാറുന്നതെന്നുമറിഞ്ഞീല
ആദ്യന്തമില്ലാത കേവലൻവേലകളം-
ക്കാദ്യന്തമില്ലെന്നറിക ധരാപതേ!
മുൻപിലിവിടെക്കെവിടെ നിന്നിക്കാല-
മൻപോടു വന്നിതു നീയും ധരാപതേ!
പോകുന്നതിന്നിയെവിടേക്കതോക്ക നീ
ചാകെന്ന കാരിയമില്ലെന്നോ തോന്നുന്നു?
നിന്നുടെ മക്കളോ പണ്ടിവരോക്ക നീ-
യിന്നും നിനക്കിവർ മക്കളായ് വാഴുമോ?
പിന്നാലെ വന്നവർ മുമ്പിലേ പോയിനാർ
മുന്നമേ വന്നവർ പിന്നാലെയായ്വരും
വാട്ടമില്ലാത വേഗേന നദികളിൽ
കാഷ്ഠങ്ങളെന്ന കണക്കേ ധരിക്ക നീ;
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്വന്നുടൻ കൂട്ടമൊരുനേരം
ഓരോ കഥയും പറഞ്ഞു രമിച്ചവർ
പാരം മഴതാൻ വെയിൽതാനിരുട്ടുതാൻ
പോവോളമൊന്നിച്ചിരുന്നാലൊരോ വഴി
പോവോരവരവർ മുമ്പുപിമ്പെന്തന്തിൽ?

കേവലൻവേലകളംക്ക്=കേവലന്റെ പ്രവൃത്തികളംക്ക്. ധരാപതേ=രാജാവേ! കാഷ്ഠങ്ങളം=മരത്തടികളം.

പക്ഷികളൊക്കപ്പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടനേരം വസി-
ച്ചൊക്കയോരോവഴി പിന്നെപ്പറന്നുപോം
ദുഃഖിക്കുമാറില്ലതിന്നിവരാരുമേ;
പണ്ടങ്ങൾ വായുവശത്താലുണങ്ങിയാൽ
വന്നൊരിടത്തു കൂട്ടം മില വായുനാ
പിന്നെയും തങ്ങളിൽ ചേരാമതുപോലെ
വന്നുകൂടീടുമൊരേടത്തു ജന്തുക്കൾ
കർമ്മവശത്താലിതെന്നറി മന്നവ!
കർമ്മക്ഷയം വരുന്നേരം പിരികയും.
അച്ഛനെന്നും പുനരമ്മയെന്നും തനി-
ക്കിച്ഛയേറീടും കളത്രമെന്നും ചിലർ
പുത്രനെന്നും ചിലർ മിത്രമെന്നും ചിലർ
ചിത്തഭ്രമമിദം മിത്രമത്രേ തുലോം.
ജ്യേഷ്ഠകനിഷ്ഠാദിനാനാവിധമായ
ഗോഷ്ഠികളോർക്കിലോ നാണമാമെത്രയും.
ചാച്ചയും ചേച്ചയും കയ്യോണ്ടൊരേടത്തു
വാച്ച കുതൂഹലസ്നേഹബന്ധത്തോടും
കൂട്ടമൊരിത്തിരി നേരമവരവർ
തേടിന കർമ്മഗതിക്കൊത്തവണ്ണമേ
ഓരോരോ നാളിലോരോരോ വഴിയെപ്പോയ്
പോരാ,മതിനെന്തു കാരണം കേഴുവാൻ?
മൂത്തു പഴുത്തു കൊഴിയും ചില ഫല-
മോത്തീടു പൂവൽ കൊഴിഞ്ഞുപോകും ചില

പണ്ടങ്ങൾ=ഇലകൾ. വായുനാ=വായുവിനാൽ

പത്രങ്ങളും പഴത്താൽ കൊഴിയും മിക്ക
പൃത്ഥ്വിപതേ! തളിരും കൊഴിയും മിക്ക
നീർപ്പോളപോലെ ശരീരങ്ങളിങ്ങനേ
വായ്പോട് കാണാം മറയുമുടനവ.

ശ്രീമഹാഭാരതം

ആത്മവിജയം

ദേഹമാകും രഥം വാജികളിന്ദ്രിയ-
മാഹന്ത മാനസമായത്ര വായ്ക്കുയർ
പഞ്ചതന്മാത്രകം തേർപീഠി, സാരഥി
ചഞ്ചലമില്ലാത ബുദ്ധിയാകുന്നതും
പ്രാണങ്ങളക്ഷമാം ധർമ്മമധർമ്മവും
കാണുക തേരുരുളായതഭിമാനം
തേരാളിയായത്ര ജീവൻ, ധനുസ്സത്ര-
മായാമമാം പ്രണവം ശരമാത്മാവും.
ബ്രഹ്മമാകുന്നത്ര ലക്ഷ്യമെന്നാകയാൽ
ബ്രഹ്മലക്ഷ്യത്തോടു ചേർന്നത്ര മുക്തിയും.
മുക്തിക്കു വിഘ്നം വരുത്തുവാനായുള്ള
ശത്രുക്കൾ രാഗാദ്യഭിമാനവൃത്തികൾ
ശത്രുക്കളെജ്ജയിപ്പാനുള്ള മുഖ്യന്മാർ
ശക്തിയാം സാത്ത്വികവൃത്തികളാകുന്നു.
സാത്ത്വികരാം ശമാദ്യന്മാർ പലപ്പോഴും
ശത്രുക്കളെജ്ജയിപ്പാൻ തുനിയുംവിധൌ

വാജികം=കുതിരകൾ. വായ്ക്കുയർ=കടിഞ്ഞാൺ. പഞ്ചതന്മാത്രകം=രൂപരസഗന്ധസ്പർശശബ്ദങ്ങൾ. അക്ഷം=അച്ചുതണ്ട്.

സാത്ത്വികമാം ഗുണം ദേഹരഥം വന്നു
സിദ്ധിക്കുമല്ലോ ഭഗവദനുഗ്രഹാൽ.
ഭക്തിയാകും ബലം, ജ്ഞാനമാം വാളിനാൽ
ശത്രുക്കളെ വെന്നു സച്ചിദാത്മരാജ്യത്തെ
പുക്കു സുഖിക്കാമതല്ലയായ്കിൽ തന്നിൽ
പുക്കു വിഷയദസ്യുക്കൾ ശത്രുക്കളായ്
കൂടിവലിച്ചന്ധകൂപസംസാരത്തിൽ
ചാടിക്കുമല്ലോ രഥത്തോടുകൂടവേ.
കള്ളരായുള്ള വിഷയരാഗാദിക-
ളുള്ളിൽ കടന്നു വശത്താക്കുമാത്മാവെ.
കള്ളരെത്തള്ളിപ്പുറത്താക്കി ഹിംസിപ്പാ-
നുള്ള ബലം ഭക്തി, ജ്ഞാനമാം വാളുമേ.

'ഏകം സദ്വിപ്രാ ബഹുധാ വദന്തി.'

ജന്മമരണങ്ങൾ ദേഹത്തിനേയുള്ളു
നിർമ്മലാത്മാവിനിവയൊന്നുമില്ലല്ലോ
എങ്ങനെയെന്നാകിലഗ്നി വേറിട്ടോരോ
ഭിന്നമാകുന്നോരുപാധിഭേദങ്ങളാൽ
നാനാവിധവർണ്ണരൂപഭേദങ്ങളായ്
തോന്നുന്നതുപോലെ ഭേദഭ്രമമെല്ലാം.
നാനാവിധോപാധികളിലേകം വഹ്നി-
യായതിൽനിന്നതിൽ മേവും ഗുണംപോലെ

ബലം=സൈന്യം. വിഷയദസ്യുക്കൾ=വിഷയങ്ങളാകുന്ന കൊള്ളക്കാർ.

ഉപാധി=ആശ്രയം.

ശോഭിച്ചുനിന്നുപാധിക്കു നാശംവരു-
ന്നേരത്തു തന്നേറ സ്വഭാവവിഷ്ണും വിനാ
നിൽക്കുന്നൊരഗ്നിപോലെ പരമാത്മാവു
നിൽക്കുന്നു താൻ നശിച്ചീടുകയില്ലെന്നും.
നീയൊരുത്തൻതന്നെ പുത്രനായ് പൌത്രനായ്
ജായയ്ക്കു കാന്തനായ് പുത്രനു താതനായ്
ഓരോ ജനത്തിനോരോ വിധമായ്ക്കൊണ്ടു
പേരുകഥം നാനാവിധം നിനയ്ക്കുന്നപോൽ
ഏകനാത്മാ പലതായിരിക്കുന്നിത-
തേകബീജം മുളയായിലയായ്പിന്നെ
വൃക്ഷമായ് നാനാവിധം ശാഖ പത്രമാ-
മിത്യാദിപോലേകനാത്മാ സമസ്തനായ്
കാരണനായിസ്സമസ്തവും താനായി
കായനാമം തനിക്കല്ലാതെ വേറില്ല
എന്നതുകൊണ്ടു പലശരീരാത്മക-
ഭിന്നമെല്ലാമേകനാത്മാവു വേറില്ല.
അഗ്നിയുപാധിക്കൂടാതെ വസിക്കുന്നു
വിഷ്ണുമില്ല പിന്നെയൊന്നോടു കൂടുമ്പോഥം
കാണുന്നതുപോലെയാത്മാ സമസ്തത്തിൽ
വേറിട്ടു നിൽപു നശിക്കയില്ലേതുമേ!
സ്വപ്നത്തിൽ തൻ ശിരശ്ഛേദമായ്തോന്നിലും
ജാഗ്രത്തിൽപ്പിന്നെയും കാണുന്നു തന്നെയും

ഏകബീജം=ഒരു വിത്ത്. ശാഖ=കൊമ്പ്. പത്രം=ഇല.

എന്നതുപോലെ ശരീരാവസാനത്തിൽ
നിന്നുണർന്നോനായ് ഭവിച്ചുകാണും തന്നെ.
എത്രയെത്ര ജനിച്ചാലും മരിച്ചാലും
ചിത്താകുമാത്മാവൊടുങ്ങുകയില്ലെന്നും.
വ്യോമമിടങ്ങഴിവെച്ചളന്നൊക്കെയും
തീർപ്പയാമോ താനൊടുങ്ങുകയില്ലേവം.
ആത്മാ ജനിക്കയുമില്ല മരണവു-
മാത്മാവിനില്ല ഹാനിയൊരുനാളുമേ;
എപ്രകാരം ഘടം ഭിന്നമാകും വിധൌ
തൽഘടാകാശം മഹാവ്യോമ്നി കൂടുന്നു
അപ്രകാരം ശരീരങ്ങൾ നശിക്കുമ്പോൾ
ചിൽപ്രഭാരൂപം പരബ്രഹ്മണി കൂടും.
മാനസംതന്നെ ഗുണങ്ങളെയും കർമ്മ
ദേഹങ്ങളെയുമുണ്ടാക്കുന്നു മറ്റില്ല.
ആത്മാവിനില്ല ഗുണകർമ്മഭേദങ്ങ-
ളാത്മനി മാനസം, മായയാൽ ജീവനും
ഞാനെന്ന തൽസ്മൃതി തന്നെയുണ്ടാകുന്നു.
ഏനമെണ്ണയ്ക്കും തിരിക്കുമധിഷ്ഠാന-
മായിരിക്കും വഹ്നിസംയോഗമെത്രനാൾ
കാണുമതിങ്കലതിനാലുമത്ര നാൾ
ദീപത്തിനു വിളക്കാദിനാമാനിതം
നാമമിരുന്നതുപോലെയാത്മാവിങ്കൽ

വ്യോമം=ആകാശം. ഘടം=കുടം. മഹാവ്യോമ്നി=വലിയ ആകാശത്തിൽ. പരബ്രഹ്മണി=പരബ്രഹ്മത്തിൽ.

നാമാദിദേഹത്രുപാദി ഭവിക്കുന്നു
താമസരാജസസത്ത്വഗുണവൃത്ത്യാ.
അഗ്നിവിയോഗത്തിൽ ദീപമെന്നുള്ള പേർ
വിഷ്ണും വരുംപോലെയാത്മാ നശിക്കുന്നി-
തെന്നു തോന്നുന്നതല്ലാതെയാത്മാവിനു-
മെന്നുമേ നാശവുമില്ലെന്നു നിണ്ണയം.
ആത്മാവു ജ്യോതിഃസ്വത്രുപമായ് വ്യക്തമാ-
യവ്യക്തമായി സ്വത്രുപമാം വിഷ്ണുപോൽ
നിശ്ചലമായി ധ്രുവാധ്രുവാധാരമായ്
ശാശ്വതമായിരിക്കുന്നൊരാത്മാവിങ്കൽ
നാനാത്വമായിട്ടു തോന്നുന്നതൊക്കെയും
മാനസവിഭ്രമമുള്ളതായ്വന്നിടാ.

ശ്രീമഹാഭാഗവതം

ജന്മസാഫല്യം.

മത്ത്യജന്മത്തെ ലഭിച്ചിടുവാൻതന്നെ പാത്താ-
ലെത്രയും ഭാഗ്യോദയമുണ്ടായേ കഴിവത്രു.
തത്ര കേളറിയാതെ മായാമോഹികളായി-
ക്കത്രചിൽ ഭ്രമിക്കുന്നു ജന്മാദിദുഃഖങ്ങളിൽ
പരന്ന ലോകമിരേഴുള്ളതുമതിലുള്ള
ചരവുമചരവും ജന്മാദിദുഃഖങ്ങളും
മായാകല്പിതമെന്നു മാനസേ നിനയാതെ
കായാഭിമാനികളായജ്ഞാനവശന്മാരായ്

ധ്രുവാധ്രുവാധാരം=നിത്യങ്ങളുടേയും അനിത്യങ്ങളുടേയും ആശ്രയം.

കായ്കാരണഭേദഭാവങ്ങളറിയാതെ
കായ്ങ്ങളോരോതരം ചെയ്യ മോഹാന്ധന്മാരായ്
കായത്തിന്നപായമുണ്ടെന്നുമിജ്ജന്മത്തിലു-
ള്ളായുസ്സും പൂർവ്വജന്മകർമ്മവുമറിയാതെ
ജനനജരാമരണാദിദുഃഖങ്ങളെല്ലാ-
മിനിയുമനുഭവമുണ്ടെന്നു നിനയാതെ
കനകധനധാന്യാദികളിൽ മമത പൂ-
ണ്ടനുവാസരം വർത്തിച്ചീടുന്ന ജനങ്ങൾക്കു
നരകനിഷ്കർത്തനനാകിയ ഭഗവാന്റെ
ചരണസരോരുഹഭക്തിയുണ്ടായിവരാ.
പെരുകും ജനിമൃതിജലധിതന്നിലുള്ള
തിരമാലയിൽ കിടന്നുഴലുകെന്നല്ലൊരു
കരയും കാണാതെ വാണീടുവോരവർക്കെന്നു-
മറിവാൻ പണി മുക്തിപദമെന്നറികെടോ!

വിദ്വാൻ ആർ?

വിദ്യയെയറിയാതെ വിദ്വാൻ ഞാനെന്നു ഭാവി-
ച്ചുദ്യോഗിച്ചോരോ കാവ്യനാടകശാസ്ത്രങ്ങളും
അഭ്യസിച്ചനുദിനം ശീലിക്കുന്നവർകഥക്കും
സിദ്ധിക്കുന്നീല മോക്ഷം കർമ്മവാസനാബലാൽ;
അക്ഷരമറിഞ്ഞതുകൊണ്ടു സംസാരമായ
വൃക്ഷമാമജ്ഞാനത്തിനില്ലൊരു നാശമെന്നും.

കനകം=സ്വർണ്ണം. മമത=സ്നേഹം. അനുവാസരം=പ്രതിദിനം.

ലക്ഷം കാവ്യങ്ങം ഗ്രഹിച്ചാലുമക്ഷരത്തിന്റെ
ലക്ഷണം ധരിച്ചാലും ഭക്ഷണം നന്നായ് കിട്ടും.
ക്ഷീരക്ഷണത്തിനുള്ളോരു വേലകളതു
മോക്ഷപ്രാപ്തിക്കുള്ളോരു വേലയല്ലറിഞ്ഞാലും.
നിത്യവുമനിത്യവുമേവമെന്നറിഞ്ഞാത്മ-
സത്തായിട്ടിരിപ്പവൻ വിദ്വാനെന്നറിഞ്ഞാലും.

ആശാപാശം.

മണ്ണിതിൽ പിറന്നാൽ പിന്നഞ്ചു വത്സരത്തോള-
മുണ്ണിയായ്പ്പോകും, പുനരഞ്ചു വത്സരത്തോളം
കൌമാര,മവിട്ടുന്നുമഞ്ചു വത്സരത്തോളം
കൈശോര,മതിന്നകം ക്രീഡയായ്ക്കഴിഞ്ഞീടും
യൌവനം തുടങ്ങീടും ഷോഡശവയസ്സിങ്കൽ
പാവ്വണശശിമുഖിമാരെത്തേടിടുമപ്പോഠം.
മത്തേഭനുടെ നടയൊത്തൊരു തരുണിയി- (യ്
ലുൾപ്രേമം കൈക്കൊണ്ടനംഗാധിയെക്കെട്ടുപ്പാനാ
ചിത്തജനുടെ ചൊല്പാൽ മുഗ്ധയാമവിടത്തനി-
ക്കൊത്തപോലിരുന്നൊരു നാല്പതു വയസ്സോളം
ചിത്തജതാപമൊട്ടു കുറഞ്ഞു ഗൃഹാദിസ-
മ്പത്തുകൾക്കുള്ള പൂത്തി വരുത്തീടണമെന്നു
ചിത്തത്തിലറിവുറിട്ടുദ്യോഗം കലർന്നുടൻ
വിത്തങ്ങൾ നേടിവച്ചുതുടങ്ങിയതു കാലം

അക്ഷരത്തിന്റെ ലക്ഷണം=ബ്രഹ്മത്തിന്റെ ലക്ഷണം.
പാവ്വണശശിമുഖിമാർ=സുന്ദരിമാർ. മത്തേഭൻ=മദിച്ച ആന.
അനംഗാധി=കാമതാപം. ചിത്തജൻ=കാമൻ. മുഗ്ധ=സുന്ദരി.

പുത്രനായൊരു ഗൃഹം തീർപ്പിച്ചീടണമെന്നു-
ള്ളാസ്ഥ പൂണ്ടതിനുള്ള കോപ്പുകളൊക്കെക്കൂട്ടി
പത്തു വത്സരംകൊണ്ടു ഗൃഹവും പണിതീർത്തു
സ്വസ്ഥമാനസനായിപ്പുത്രദാരാദിയോടും
നിത്യവും സുഖേന വാണിരുന്നൊരിരുപതു
വത്സരം ധനധാന്യവൃദ്ധിയോടനുദിനം
ഭൃത്യരുമമാത്യരും പുത്രരും കളത്രവും
പുത്രന്മാരുടെ പുത്രന്മാരും ബാന്ധവന്മാരും
വിത്തവും ഗൃഹങ്ങളുമുൽപത്തിവസ്തുക്കളും
തൽക്കുലജാതന്മാരായേവീടുമവർകളും
ഒക്കയുമെനിക്കുള്ളതെന്നുടെയെന്നും ഞാനി-
ന്നിക്കണ്ട ധനധാന്യവസ്തുക്കളുണ്ടാക്കിയോൻ
ഇനി ഞാൻ നിരൂപിച്ചാലൊന്നുമേ സാധിക്കയി-
ല്ലെന്നുടെ മനസ്സെന്നെ നടപ്പാൻ ശക്തി പോരാ
ദൃഷ്ടിക്കു മുന്നോപ്പോലെ കാഴ്ചയില്ലൊന്നു കണ്ടാൽ
സ്പഷ്ടമേ കാണുന്നീല ശ്രോത്രവുമതുപോലെ
വ്യക്തമായ്ക്കേൾക്കുന്നീല മുക്തമായ് രോമങ്ങളും
വ്യക്തമായ്വരുന്നീല വക്തവ്യവചനവും
ഗന്ധവും വിഹീനമായ് ചന്തവും നശിച്ചുപോയ്
ബന്ധുവായിരുന്നുള്ള ഗണ്ഡവും ഗളിതമായ്
തുണ്ഡവും നീണ്ടു ജര വർണ്ണവും നശിപ്പിച്ചു
വർണ്ണവും കറഞ്ഞു ശോഷിച്ചിരുന്നു ശരീരവും

മുക്തമായ്=കൊഴിഞ്ഞുപോയ്. ഗണ്ഡം=വടി. ഗണ്ഡം=കവിൾ. ഗളിതമായ്=തുങ്ങി. തുണ്ഡം=മുഖം. ജര=മുക്കിച്ചുളിവ്.

ദണ്ഡങ്ങളോരോന്നു വന്നണഞ്ഞിട്ടാത്മാവിനെ-
ട്ടുണ്ടിപ്പിച്ചീടുമെന്നു തോന്നുന്നു നിശ്ചയിച്ചാൽ
എണ്ണുകിൽ വയസ്സുമൊരെഴുപത്തഞ്ചാമിപ്പോ-
ളിന്നിമേലെത്രയിരിപ്പുണ്ടെന്നുമറിഞ്ഞീല
എന്നുടെ കാലം കഴിഞ്ഞാലിവരെന്നെപ്പോലെ
തന്നെയിപ്പരാധീനം രക്ഷിച്ചു പൊറുക്കുമോ?
തങ്ങളിൽ വാശിപിടിച്ചന്യായസ്ഥലത്തെത്തി-
ച്ചെന്നു ഞാൻ നേടിവച്ച ദ്രവ്യങ്ങളും കളയുമോ?
എങ്ങനെ വരുമെന്നതറിഞ്ഞീലെന്നാകിലു-
മിന്നു ഞാൻ ചെയ്യേണ്ടതു ചെയ്യണമെന്നാലിപ്പോൾ
എന്നുടെ ഗൃഹങ്ങളിൽ ഞാൻ പുലർത്തേണ്ടുന്നവ-
രൊന്നൊഴിയാതെ പാത്താലെൺപതുപേരുണ്ടല്ലോ
എന്നതിൽ വിശേഷമുണ്ടെന്മകനിളയവ-
നെന്നോടുകൂടെബ്ഭുജിച്ചല്ലാതെ തൃപ്തിവരാ
നന്ദനന്മാക്കു വേണ്ടുന്നാഭരണങ്ങളെല്ലാം
നന്നായിത്തീർപ്പിച്ചു നൽകീടിനേനിനിയതിൽ
മൂത്തവൻതന്റെ മകൻതനിക്കായൊരു വള
തീർപ്പിച്ചു നൽകീടണമതിന്നുണ്ടുപായവും
സോദരൻ മഹാശുദ്ധാത്മാവതികോപശീല-
നോടനം ഭുജിപ്പാനും കൂടെസ്സാമർത്ഥ്യമില്ല
മുന്നൂറു പറ വിത്തിന്നുള്ളൊരു വിളനില-
മൊന്നായിട്ടിരിപ്പതുകൊണ്ടു ഞാനുണ്ടാക്കിയേൻ
തൊണ്ണൂറു പറയ്ക്കോരിടത്തു കൊണ്ടിട്ടുള്ളതി-
ലൊന്നാകപ്പത്തു പറ കൂടവേ മേത്തീടണം

ദണ്ഡങ്ങൾ=രോഗങ്ങൾ. ആത്മാവ്=മനസ്സ്. പരാധീനം=ദാരിദ്ര്യം. ഓടനം=ചോറ്.

നാലു നാറാകും പത്തു കൂടെച്ചേക്കുമ്പോളതു
കാലത്തിൽ വാണാലുണ്ടായ്വന്നീടും ധാന്യംകൊണ്ടു
നാലഞ്ചു ഗൃഹത്തിലായ്വസിക്കുന്നവക്കില്ലാ-
മാലസ്യമെന്നേയ്ക്കു ഭുജിച്ചാനന്ദിച്ചിരുന്നീടാം
വിത്തൊരു പത്തു പറ വിതപ്പാനുള്ള നിലം
സതചരം കൊണ്ടീടണമതിനുണ്ടുപായവും
ഇത്തരം വിചാരിച്ചങ്ങിരിക്കും ഭശാന്തരേ
ചത്തുപോകുന്നു കമ്മവാസനപോലെ തദാ.

ചിന്താരത്നം

മായാമോഹം.

കലക്കംകോലും നീരിൽ കലക്കും തേറാമ്പൊടി
കലക്കം പോക്കിത്താനും കൂടെപ്പോകുന്നപോലെ
വലയ്ക്കുമജ്ഞാനത്തെയൊട്ടുക്കി വൃത്തിജ്ഞാനം
നിലയ്ക്കുയില്ല കൂടെ നശിക്കുമറിക നീ.
ഏവം നിശ്ചയിച്ചനുഭവിച്ച മരുവുന്ന
ജീവന്മുക്തന്മാക്കടെയാളമെന്തെന്നാകിലോ,
ഭൂവിങ്കൽ സാവ്വഭൌമൻ ശിശ്രൂവുമെന്നപോലെ
മേവും ചിന്തകളകന്നാനന്ദസമ്പൂർണ്ണമായ്.
ബന്ധമോക്ഷങ്ങളെന്ന ഭാവവുമകന്നുപോം
കിന്തു മറേറവനുണ്ടെന്നോതുകിൽ ചിരിച്ചീടും
അന്തരിക്ഷത്തെയൊരു മശകം വിഴുങ്ങുന്നി-
തന്തരമെന്നിയെന്നാൽ ചിരിക്കയില്ലയോവാൻ?

തേറാംപൊടി=തേറാമ്പരലിന്റെ പൊടി. കിന്തു=എന്നാൽ. അന്തരിക്ഷം=ആകാശം. മശകം=കൊതു.

വന്ധ്യാപുത്രനും സ്ഥാണുപുരുഷൻതാനും മോദാൽ
ഗന്ധർവ്വനഗരത്തിലാകാശപുഷ്പം ചൂടി
സന്ധിച്ചു തമ്മിൽ ശുക്തിരജതവിലചൊല്ല-
മന്തരേ രജ്ജുസർപ്പം കടിച്ചു മരിച്ചുടൻ
ഭ്രാന്തുരയാളും പിശാചന്മാരാമെന്നാവൃത്ത-
മന്ധന്മാരറികയില്ലെങ്കിലും ബുധജനം
ഹന്ത സംശയിക്കാറുമില്ലല്ലോ ചെറുപോലും
ചിന്താചാഞ്ചല്യമെല്ലാം വെടിഞ്ഞു തെളിഞ്ഞുടൻ
മായ പൊയ്യെന്നാലതു പെറവ മെയ്യാകുമോ
തായും മക്കളും ജന്തു രണ്ടെന്നു വന്നീടുമോ?
ഹേയമാം സപ്തനരകാദിയോരാതെ നിത്യം
ജ്ഞേയമായ് സച്ചിദാനന്ദാത്മാവായ് വാണീടു നീ.

കൈവല്യനവനീതം

വന്ധ്യാപുത്രൻ=പ്രസവിക്കാത്ത സ്ത്രീയുടെ പുത്രൻ. സ്ഥാണുപുരുഷൻ=മരക്കുറ്റിയാകുന്ന മനുഷ്യൻ. ഗന്ധർവ്വനഗരം=ആകാശക്കോട്ട. ആകാശപുഷ്പം=ആകാശപ്പൂവ്. ശുക്തിരജതം=മുത്തുച്ചിപ്പിയാകുന്ന വെള്ളി. രജ്ജുസർപ്പം=കയറാകുന്ന പാമ്പ്. ഭ്രാന്തുരയാളും=ഭ്രാന്തു പറയുന്ന. തായ്=അമ്മ. ഹേയം=ഉപേക്ഷിക്കേണ്ടതു്.

സാരോക്തികം

കിംക്ഷണന്മാക്കു വിദ്യയുണ്ടാകയില്ലല്ലോ
കിംകണന്മാരായുള്ളോക്കത്ഥവുമുണ്ടായ്വരാ
കിമ്മൂണന്മാക്കു നിത്യസൌഖ്യവുമുണ്ടായ്വരാ
കിംദൈവന്മാക്കു ഗതിയും പുനരതുപോലെ.

കാലാവലോകനം കായ്മസാദ്ധ്യം നൃണാം
കാലസ്വരൂപനല്ലോ പരമേശ്വരൻ.

നിന്ദ്യമായുള്ളതു ചെയ്താലൊടുക്കത്തു
നന്നായ്വരികിലതും പിഴയല്ലല്ലോ.

പാരിൽ സുഖം ദുഃഖമൂലമല്ലോ നൃണാം.

പുന്നാമമാകും നരകത്തിൽ നിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചു ശത-
പത്രസമുദ്ഭവനെന്നതറിക നീ.

കിംക്ഷണന്മാർ=അല്പം സമയത്തെ നിസ്സാരമായിക്കരുതുന്നവർ. കിംകണന്മാർ=അല്പം ധനത്തെ വകവെക്കാത്തവർ. കിമ്മൂണന്മാർ=കടത്തെപ്പറ്റി ഭയമില്ലാത്തവർ. കിംദൈവന്മാർ=ദൈവത്തെ ബഹുമാനിക്കാത്തവർ. നൃണാം=മനുഷ്യർക്ക്. പുന്നാമം=പുത്ത് എന്നു പേരുള്ള. ത്രാണനം=രക്ഷ. ശതപത്രസമുൽഭവൻ=ബ്രഹ്മാവ്.

കായ്മമല്ലാത്തതു ചെയ്യുന്നതാകിലാ-
ചായ്മനും ശാസനം ചെയ്തെന്നതേ വരു.

താതനിയോഗമനുഷ്ഠിക്കയും വേണം
പാതകമുണ്ടാമതല്ലാഞ്ഞിലേവനും.

ഘോരങ്ങളായ നരകങ്ങളിൽ ചെന്നു
ചേരുമസത്യവാക്യങ്ങളം ചൊല്ലീടിനാൽ.

കണ്ണൊഴിയാതെ ഗുണങ്ങളം നരന്മാർക്കു
വന്നുകൂടുന്നു ഗുരുപ്രസാദത്തിനാൽ.

ദുഃഖവും സൌഖ്യവും മൃത്യുവും ജന്മവും
സ്വർഗ്ഗം നരകം ജര നര ശീതോഷ്ണം
ഇത്യാദ്യനേകവിധം ദ്വന്ദ്വജാലങ്ങളം
മിഥ്യയത്രേ മഹാമായാഗുണവശാൽ.

ദുഃഖിയെന്നും സുഖിയെന്നുമെല്ലാമതു-
മൊക്കെയോത്താലബുധന്മാരുടെ മതം.

പഞ്ചപഞ്ചാത്മകതത്ത്വങ്ങളെക്കൊണ്ടു
സഞ്ചിതം പുണ്യപാപങ്ങളാൽ ബദ്ധമായ്
തവങ്ങ്മാംസമേദോസ്ഥിമൂത്രമലങ്ങളാൽ
സമ്മേളിതമതിദുർഗ്ഗന്ധമെത്രയും

ആചായ്മനും=ആചായ്മനേയും. പാതകം=പാപം. ദ്വന്ദ്വജാലങ്ങളം=ഇരട്ടവർഗ്ഗങ്ങളം മിഥ്യ=അയഥാർത്ഥം. അബുധന്മാർ=അറിവില്ലാത്തവർ. പഞ്ചപഞ്ചാത്മകതത്ത്വങ്ങളം = പഞ്ചീകൃതപഞ്ചഭൂതതത്ത്വങ്ങളം. സഞ്ചിതം=നിർമ്മിതം.

ഞാനെന്ന ഭാവമതിങ്കലുണ്ടായ്വരും
ജ്ഞാനമില്ലാത ജനങ്ങൾക്കതോക്ക നീ.

നിത്യവും ചെയ്യുന്ന കർമ്മഫലഗണം
കർത്താവൊഴിഞ്ഞു മറന്യൻ ഭുജിക്കുമോ?

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നോ വരു.

സദ്യഃ ഫലം വരും സജ്ജനസംഗമാ-
ദിദ്വജ്ജനാനാം മഹത്ത്വമേതാദൃശം.

സാധുജനങ്ങൾ നരകത്തിലുമതി-
ഭീതി പൂണ്ടിടുമസത്യത്തിൽ മാനസേ.

തത്ത്വജ്ഞന്മാർക്ക സുഖദുഃഖഭേദങ്ങളൊന്നും
ചിത്തേ തോന്നുകയുമില്ലജ്ഞാനമില്ലായ്കയാൽ.

പുഷ്കരനേത്രൻ പ്രസാദിക്കിലോ ജന്തുക്കൾക്ക
ദുഷ്കരമായിട്ടൊന്നുമില്ലെന്നു ധരിക്കേണം.

അല്പമതികൾ പറഞ്ഞു ബോധിപ്പിച്ചു
ദുർബോധമുണ്ടായ് മമയരുതേതുമേ.

സദ്യഃ=ഉടനെ. ഏതാദൃശം=ഇത്തരത്തിലുള്ളത്. നരകത്തിലും=നരകത്തേക്കാളും.

ആപത്തു വന്നടുത്തീടുന്ന നേരത്തു
ശോഭിക്കയില്ലെടോ സജ്ജനഭാഷിതം.

ദുർജ്ജനത്തെക്കുറിച്ചുള്ള വിശ്വാസവും
സജ്ജനത്തോടു വിപരീതഭാവവും
വർദ്ധിച്ചുവർദ്ധിച്ചു വംശനാശത്തിനു
കർത്തവ്യവും തനിക്കായ്വന്നു കൂടുമേ.

ഉത്തമതാപസന്മാരുടെ വാക്യവും
സത്യമല്ലാതേ വരികയില്ലെന്നുമേ.

ജാതനെന്നാകിൽ വരും സുഖം ദുഃഖവും.

കമലജനുമറിയരുതു കരുതുമളവേതുമേ
കാലസ്വരൂപനാമീശ്വരന്തൻ മതം.

സുരനിവഹമതബലവശാൽ സത്യമായ്വരും
സ്വപ്നം മിലക്കു മിലകാലമോക്കണം.

പരപുരിയിലൊരു നൃപതി കായ്മാത്മമായതി-
പാടവമുള്ളൊരു ദൂതം നിയോഗിച്ചാൽ
സ്വയമതിനൊരഴിനിലയൊഴിഞ്ഞു സാധിച്ചുഥ
സ്വസ്വാമികായ്ത്തിനന്തരമെന്നിയേ

സുരനിവഹമതബലവശാൽ=ദേവന്മാരുടെ അഭിപ്രായത്തിന്റെ ശക്തിയാൽ. ദൂതം=ദൂതനെ. അഴിനില=ദോഷം. അന്തരം=വിഘ്നം.

നിജഹൃദയചതുരതയൊടപരമൊരു കായ്വും
നീതിയോടേ ചെയ്യ പോമവനുത്തമൻ.

ദശനിയുതശതവയസി ജീർണ്ണമെന്നാകിലും
ദേഹികൾക്കേറെ പ്രിയം ദേഹമോർക്ക നീ.

ആത്മഖേദം ധൈര്യശൌര്യതേജോഹരം.

അകതളിരിലറിവു കുറയുന്നവക്കേറെമു-
ള്ളജ്ഞാനമൊക്കെ നീക്കേണം ബുധജനം.

ചിന്തയുണ്ടാകരുതേതുമേ മാനസേ
ചിന്തയാകുന്നതു കായ്വിനാശിനി.

ഇന്ദ്രിയങ്ങൾക്കു വശനാം പുരുഷനു
വന്നിടുമാപത്തു നിർണ്ണയമോർത്തുകാൺ.

ഇന്ദ്രിയനിഗ്രഹമുള്ള പുരുഷനു
വന്നുകൂടും നിജസൌഖ്യങ്ങളൊക്കവേ.

കല്യാണമെന്തു കുലത്തിനെന്നുള്ളതു-
മെല്ലാവരുമൊരുമിച്ചു ചിന്തിക്കണം.

സത്യസങ്കല്പനാമീശ്വരന്തൻ മതം
മിത്ഥ്യയായ്വന്നുകൂടായെന്നു നിർണ്ണയം.

ഹൃദയചതുരത=ബുദ്ധിസാമർത്ഥ്യം നീതി=ന്യായം ദശനിയുതശതം=ലക്ഷം. കല്യാണം=നന്മ,

മുമ്പിലേയുള്ളിൽ വിചാരിച്ചുകൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും.

ശത്രുക്കളല്ല ശത്രുക്കളാകുന്നതു,
മിത്രഭാവത്തോടരികേ മരുവിന
ശത്രുക്കൾ ശത്രുക്കളാകുന്നതേവനും
മൃത്യു വരുത്തുമവരെന്നു നിണ്ണയം.

പൌരുഷംകൊണ്ടു നീക്കാമോ വിധിമതം?

ശത്രുപക്ഷത്തിങ്കലുള്ള ജനങ്ങളെ
മിത്രമെന്നോർത്തുടൻ വിശ്വസിക്കുന്നതിൽ
ശത്രുക്കളെത്തന്നെ വിശ്വസിച്ചീടുന്ന-
തുത്തമമാകുന്നതെന്നതോർക്കണമേ.

ജാതിനാമാദികൾക്കല്ലാ ഗുണഗണ-
ഭേദമെന്നത്രേ ബുധന്മാരുടെ മതം.

ശാശ്വതമായുള്ള ധർമ്മം നൃപതികൾ-
ക്കാശ്രിതരക്ഷണമെന്നു ശാസ്ത്രോക്തിയും.

ഉർവ്വീശനായാലവനാശ്രിതന്മാരെ-
സ്സർവ്വശോ രക്ഷേൽശ്രുനഃ ശപചമാനപി;
രക്ഷിയാഞ്ഞാലവൻ ബ്രഹ്മഹാ കേവലം
രക്ഷിതാവശ്വമേധം ചെയ്ത പുണ്യവാൻ.

ശ്രുനഃ ശപചമാനപി സർവ്വശോ രക്ഷേൽ=ശപാക്കളേയും ശപചന്മാരേയും എല്ലാം രക്ഷിക്കണം ബ്രഹ്മഹാ=ബ്രഹ്മഹത്യാപാപം ചെയ്തവൻ.

നല്ലതും തീയതും താനറിയാത്തവൻ
നല്ലതറിഞ്ഞു ചൊല്ലുന്നവർചൊല്ലുകഥം
നല്ലവണ്ണം കേട്ടുകൊള്ളുകിലും നന്നാ-
തല്ലാതവക്കുണ്ടോ നല്ലതുണ്ടാകുന്നു?

ആഗ്രഹമൊന്നിങ്കലേറിയാലാപത്തു
പോക്കുവാനാവതല്ലാതവണ്ണം വരും.

അദ്ധ്യാത്മരാമായണം

പീയൂഷസമം വാക്യമാത്മാവു വജ്രോപമം,
പീയൂഷസമമാത്മാ വാക്കുകഥം വജ്രോപമം
ഇങ്ങനെയുള്ള രാജാക്കന്മാക്കും ദ്വിജന്മാക്കും.

നിർണ്ണയം നരകമുണ്ടസത്യം ചൊല്ലീടുകിൽ;
സത്യത്തെയുപേക്ഷചെയ്തസത്യം ചൊല്ലുന്നവർ-
പുത്രസന്തതികഥംകുമില്ലൊരുനാളും ഗതി.

.....അദണ്ഡ്യന്മാരെ വൃഥാ
ദണ്ഡിപ്പിച്ചീടുന്നോരെദ്ദണ്ഡഹസ്തനും പിന്നെ
ദണ്ഡിപ്പിച്ചീടും ഘോരനരകങ്ങളിലാക്കി.

ചൊല്ലുന്നവർചൊല്ലുകഥം=ചൊല്ലുന്നവരുടെ വാക്കുകഥം.

പീയൂഷം=അമൃതം. ദ്വിജന്മാർ=ബ്രാഹ്മണർ. അദണ്ഡ്യന്മാർ=ശിക്ഷിക്കേണ്ടവരല്ലാത്തവർ. ദണ്ഡഹസ്തൻ=യമൻ.

സന്തതിയില്ലായ്കിലൊക്കവേ നിഷ്ഫലം
സന്തതികൊണ്ടേ ഗതി വരു നിശ്ചയം.

ധാർമ്മികന്മാരെദ്ദഹിക്കരുതഗ്നിക്കും.

പാരം പരിഹസിച്ചീടുന്നവർകഥക്കു
ഘോരനരകമുണ്ടെന്നു വേദോക്തികഥം.

പാരം പ്രൌഢതപമുണ്ടെന്നാണ്ടിരിക്കിലു-
മാരും കുശന്മാരെ നിന്ദിയായ്ക്കേതുമേ.

ദുർബ്ബോധമുള്ളവരോടു ചൊല്ലായ്കിലോ
സൽബോധമുണ്ടാകയില്ലവക്കെന്നുമേ.

അക്കമസാദ്ധ്യമായില്ലൊരു കാര്യവു-
മോർക്ക വിവേകമുണ്ടെന്നു വരുന്നാകിൽ.

ശാപഭയപരിഹാരം വരുത്തുവാൻ
പാപകരങ്ങളായുള്ളവ നന്നല്ല.

വേലയത്രേ വിവേകം വിനാശത്തിങ്കൽ.

സപ്തവ്യസനങ്ങളുണ്ടാം നൃപന്മാക്ക-
തെപ്പേരുമോർക്കിൽ പ്രജകഥം പൊറുക്കണം.

കുശന്മാർ=സാധുക്കഥം. സപ്തവ്യസനങ്ങഥം=സ്ത്രീസേവ, ചൂതുകളി, നായാട്ട്, മദ്യപാനം, കഠിനവാക്ക്, കഠിനശിക്ഷ, അസ്ഥാനത്ത് ധനവ്യയം ഇങ്ങനെ ഏഴു ദുർവ്വൃത്തികഥം.

ആപത്തിനായുള്ള സപ്തവ്യസനങ്ങൾ
ശോഭിക്കയില്ലാ നൃപോത്തമന്മാക്കേതും.

ശിഷ്യനേയും നിജപുത്രനേയും ഗുരു
ശിക്ഷിക്കവേണം വളർന്നാലുമോക്ക നീ.

മാനസം സംസാരകാരണമായതും
മാനസത്തിനു ബന്ധം ഭവിക്കുന്നതും
ആത്മമനസ്സുമാനതപം ഭവിക്കയാ-
ലാത്മനസ്സിൽകൃതബന്ധം ഭവിക്കുന്നു.

ദേഹികളെപ്പരിപാലിച്ചു കൊള്ളുകി-
ലൈഹികപാരത്രികങ്ങളും സാധിക്കും.

നിർമ്മലതാപസന്മാർ നിനവെന്തെന്നു
ചെമ്മേ തിരിച്ചറിവാൻ പണിയുണ്ടല്ലോ.

വന്മുകൊണ്ടന്യഗ്രഹമകംപൂവതി-
നമ്പർകോനും പണി,നല്ലതറിയണം.

ദുഷ്ടാശ്രിതപരിപാലനം നന്നല്ല
ശിഷ്ടജനത്തിനെന്നും വരും നിർണ്ണയം.

ആത്മമനസ്സുമാനതപം=ആത്മമനസ്സുകൊണ്ട് ഐകുയം. ആത്മമനഃ=ആത്മാവിന്ന്. തൽകൃതബന്ധം=അത് (മനസ്സ്) ഉണ്ടാക്കിത്തീർത്ത ബന്ധം. ഐഹികം=ഈ ലോകത്തിൽ വേണ്ടത്. പാരത്രികം=പരലോകത്തിൽ വേണ്ടത്. ഉമ്പർകോൻ=ദേവേന്ദ്രൻ. ദുഷ്ടാശ്രിതപരിപാലനം=ദുഷ്ടന്മാരായ ആശ്രിതന്മാരെ രക്ഷിക്കൽ.

നല്ലതു ചെയ്യുന്നോർക്കു നല്ലതു വരുമെന്നും
നല്ലതില്ലാകാത്തതു ചെയ്തിടുന്നവർക്കെന്നും.

നല്ലവരോടു കൂടിസ്സംസർഗ്ഗമുണ്ടായ്വന്നാൽ
നല്ലതുമാകാത്തതുമുണ്ടാമെന്നിരിക്കിലും
നല്ലതു പോകയില്ലാ പോകുമാകാത്തതെല്ലാം
നല്ലതില്ലേതും മാറു സത്സംഗത്തിനു സമം.

പ്രകൃതിഗുണവശാലുള്ള വാസനകളെ–
സ്സുകൃതമുള്ളവർക്കും നീക്കുവാൻ വേലയത്രേ.

ജ്ഞാനമില്ലാതവർക്കു ഭേദമെന്തെന്നു തോന്നും
ജ്ഞാനികൾക്കുള്ളിലതു തോന്നുകയില്ലതാനും.

.....രമിച്ചു വസിച്ചോളം
വിരക്തി വരുമെന്നതൊരുത്തൻ നിനയ്ക്കേണ്ട
ത്യജിച്ചീടാഞ്ഞാൽ രാഗം വർദ്ധിക്കും ദിനംപ്രതി
വഹ്നിയിലാജ്യസമിദ്ധോമകർമ്മം വേണ്ടുവോളം
പിന്നെയും ഹോമിച്ചോളം വർദ്ധിച്ചുവരുമത്രേ.

സേവിച്ചോളവും നന്നായ് വർദ്ധിച്ചുവരും കാമം
സേവിച്ചാൽ മതിയാമെന്നാജ്ഞന്മാർ പറഞ്ഞീടും
ആവോളമകലത്തു വെടികയൊഴിഞ്ഞേതു–
മാവതില്ലനുരാഗം വേർവിടവേണമെങ്കിൽ

ഭേദം=രണ്ടെന്ന ബോധം. വിരക്തി=മടുപ്പ്. രാഗം=ആസക്തി. വഹ്നി=തീയ്. ആജ്യം=നെയ്യ്. സമിത്ത്=ചമത (വിറകു്.)

കോപകാമാദികളെ ക്ഷമയാ ജയിപ്പവൻ
താപസശ്രേഷ്ഠനെന്നു ചൊല്ലുന്നു വിദ്വജ്ജനം.

താൻ മരിച്ചൊരുത്തനെ രക്ഷിക്കുമസാരനും;
താൻ മരിയാതെകണ്ടു മറ്റൊരു പുരുഷനെ
ജീവിപ്പിച്ചീടുന്നതു സാമർത്ഥ്യമാകുന്നതു
ജീവരക്ഷണത്തിനുമെന്നാലേ ഫലമുള്ളു.

ഗുണമുള്ളവരുടെ ഗുണത്തെക്കെടുപ്പാനായ്
ഗുണമില്ലാത ജനം ചെയ്തതിൻ ഫലങ്ങളും
ഗുണങ്ങളായേ വരൂ മേൽക്കുമേൽ ഗുണികൾക്കു
ഗുണക്കേടതു ചെയ്യുന്നവക്കേയകപ്പെട്ടു.

കാമിച്ചീടരുതേറെ നാരിമാർ പുരുഷരെ
പ്രേമത്താലല്ലോ നാശമെല്ലാർക്കും വന്നുകൂടി.

ബന്ധുക്കളോടു വൈരം മിന്തിച്ചീടരുതല്ലോ
സന്തതം വണക്കം നല്ലസ്ഥതപം കളഞ്ഞാലും.

പാപികളോടു മേന്മ വസിക്കുന്നവർക്കും
പാപമേയുണ്ടായ്വരൂ കേവലമറിഞ്ഞാലും.

ആപദ്ധർമ്മങ്ങൾക്കേതും ദോഷമുണ്ടാകയില്ല.

കാരോരോ നർമ്മങ്ങളും പറഞ്ഞു വാഴുമ്പോഴും
നാരിമാരോടു വേളി പറയുമ്പോഴും പിന്നെ

അസ്ഥതപം=അജ്ഞത. ആപദ്ധർമ്മങ്ങൾ=ആപത്തുകാലത്തു മാത്രം ധർമ്മമായിട്ടുള്ളവ. നർമ്മങ്ങൾ=നേരമ്പോക്കുകൾ.

തന്നുടെ ജീവനിപ്പോകം പോമെന്നു തോന്നുമ്പോഴു-
മെന്നതുപോലെ ധനമൊക്കെപ്പോയീടുമ്പോഴും
എന്നിവ നാലിങ്കലുമസത്യം പറഞ്ഞാലു-
മെന്നുമേ ദോഷമില്ലയെന്നു കേളിയുമില്ലേ?

സ്വാതന്ത്ര്യം നാരിമാക്കില്ലെന്നല്ലോ ചൊല്ലീടുന്നു
താതനാൻ രക്ഷിക്കേണം കൌമാരവയസ്സിങ്കൽ
ഭർത്താവു രക്ഷിക്കേണം യൌവനവയസ്സിങ്കൽ
പുത്രനാൻ രക്ഷിക്കേണം വാർദ്ധക്യവയസ്സിങ്കൽ.

മൂർഖനാകിലും ഭർത്താ നാരിമാക്കെല്ലാം ദൈവം.

ആത്മാവെ വഞ്ചിച്ചീടും ചോരനുള്ളോരു പാപ-
മാത്മനാ നിരൂപിക്കിൽ മറ്റൊരുവനുമുണ്ടോ?

ഇന്ധനങ്ങളിൽ തൃപ്തി വരുമാറില്ലഗ്നിക്കു
സിന്ധുവിന്നില്ല തൃപ്തി വാഹിനികളിലേതും
അന്തകന്നില്ല സർവ്വജന്തുക്കളിലും തൃപ്തി
ബന്ധുരാംഗികളായ നാരിമാക്കതുപോലെ
പുരുഷന്മാരിൽ തൃപ്തി വരുമാറില്ലയല്ലോ.

ത്യജിച്ചീടേണമൊരു പുരുഷം കുലസ്യാർത്ഥേ*
ത്യജിച്ചീടേണമൊരു കുലത്തെ ഗ്രാമസ്യാർത്ഥേ

കേളി=പ്രസിദ്ധി. സ്വാതന്ത്ര്യം=തന്നത്താൻ പുലരണമെന്ന നില. മൂർഖൻ=അറിവില്ലാത്തവൻ. ചോരൻ=കള്ളൻ. ഇന്ധനങ്ങളും=വിറകുകളും. സിന്ധു=സമുദ്രം. വാഹിനികളും=നദികളും. കുലസ്യാർത്ഥേ=കുലത്തിനുവേണ്ടി.

ത്യജിക്കാം ജനപദസ്യാർത്ഥേ കേവലം ഗ്രാമം
ത്യജിക്കാമാത്മാർത്ഥേ തൻനാട്ടമെന്നറിയേണം.

സ്ത്രീകൾക്കു താന്താൻപെറുപുത്രന്മാരില്ലെന്നാകിൽ
ശോകത്തിന്നൊരിക്കലുമില്ലൊരു ശാന്തി നൂനം.

വിദ്യാർത്ഥശ്രുതപ്രജ്ഞാശൌര്യാദിഗുണങ്ങൾകൊ-
ണ്ടൊത്തവരോടേ സഖ്യമുണ്ടാവിതെല്ലാവർക്കും
പുഷ്ടനുമപുഷ്ടനും തമ്മിൽ സഖ്യവുമില്ല.

ആപായ്നിയോഗത്തെപ്പാലിക്കും ജനങ്ങൾക്കു
നാശങ്ങളൊന്നുമനുഭവിക്കയില്ലയല്ലോ.

ആപത്തു വരുംകാലം താപത്തിൽ മുഴുകായ്ക
പാപത്തെക്കളവാനായീശ്വരസേവ ചെയ്ക
സമ്പത്തു വരുംകാലം സന്തോഷിക്കയും വേണ്ട
തമ്പുരാൻതന്റെയൊരു ലീലകളത്രെയല്ലോ.

ദുർബ്ബലന്മാരായ് ദീനന്മാരായ മനുഷ്യരെ
കർബുരാദികൾ പേടിച്ചീടുകെന്നതേ വരൂ.

പ്രാണരക്ഷണത്തിനു കൂലി വാങ്ങുകയില്ലാ
മാന്യികളായ നൃപവീരന്മാരറിക നീ.

കാമക്രോധാദികളെത്യജിച്ചീടുക വേണം
പ്രേമദ്വേഷാദികളുമാവോളം വേണ്ടീലല്ലോ.

ജനപദം=രാജ്യം. ആത്മാവ്=തന്റെ ജീവൻ. അർത്ഥം=ധനം. ശ്രുതം=ശാസ്ത്രം. പ്രജ്ഞ=ബുദ്ധി. താപം=ദുഃഖം. കർബുരാദികൾ=രാക്ഷസാദികൾ.

വേദത്തിൽ വിധിച്ചതുതന്നെയല്ലെന്നാകിലും
ലോകക്കു കേട്ടാൽ മതമായിരിക്കേണമല്ലോ
വേദത്തിൽ വിധിയില്ലാ ലോകക്കും മതമല്ല
പാതിത്യം വരുമെന്നാൽ നരകമതുമുണ്ടാം.

മന്ത്രികളിഷ്ടം പറയും മിലരവ-
രന്തരമില്ല കൊല്ലിക്കുമതോക്കണം.

ആക്കിഭിമാനക്ഷയവുമാപത്തുമി-
ങ്ങോക്കിൽ മനുഷ്യരായാൽ വരാതേയുള്ളൂ?

സുഖദുഃഖങ്ങളിടതുടരെക്കുടക്കുടെ-
സ്സകലജന്തുക്കഠംക്കുമുണ്ടെന്നു ധരിച്ചാലും.

സത്യധർമ്മാദികളെ രക്ഷിച്ചുപോരുന്നവ-
ക്കത്തലുണ്ടാകയില്ലാ നിശ്ചയമൊന്നുകൊണ്ടും.

ശാശ്വതനുപധർമ്മം, ശത്രുക്കളെന്നാകിലു-
മാശ്രിതന്മാരെ രക്ഷിച്ചീടേണമെന്നാകുന്നു.

മാനുഷജന്മം ലഭിച്ചീടുകിൽ ദുഃഖമുണ്ടാം
മാനസതാരിൽ പരമേശ്വരനെന്നാകിലും.

കാമം മുഴുത്തു തന്നെത്താൻ മറന്നുള്ള
കാമുകന്മാർതൊഴിലിങ്ങനെയെന്നില്ല,
ഇന്ന നേരത്തെന്നുമിന്നവരോടെന്നു-
മിന്നവണ്ണം വേണമെന്നുമില്ലേതുമേ.

മതം=സമ്മതം. പാതിത്യം=ഭ്രഷ്ടത.

ഹൃഷ്ടനായുള്ളവനോടും കിതവനാം
ദുഷ്ടനോടും കൂടി നന്നല്ല ദേവനം.

ചിന്തിക്ക രാജ്യം ലഭിച്ചീടിനാലുള്ള ഫലം
ബന്ധുക്കളുടെ സൌഖ്യം വന്നുകൂടുകയത്രേ.

കാലദേശാവസ്ഥയും ധർമ്മവുമധർമ്മവും
മൂലവും തമ്മിലുള്ള ദൌർബ്ബല്യപ്രാബല്യവും
മൊഴിയും മൊഴിക്കേടും വഴിയും വഴിക്കേട്-
മഴകൊടകതാരിലാവോളമോത്തീടേണം.

ചാക്കില്ലയാതവരാരുമില്ലോക്കെടോ!
ഭോഷ്കല്ല ധാതാവു നിർമ്മിച്ച മൃത്യുവിൻ-
പോക്കലകപ്പെട്ടുമേവരും നിർണ്ണയം.

ജാതനായാൽ മൃതനാം മൃതനായവൻ
ജാതനാമിങ്ങനേ ജന്തുധർമ്മം പുരാ.

വിഷ്ണുവെന്നും ശിവനെന്നും ഭുവനത്തിൽ
വിജ്ഞാനികൾ പറയുന്നതൊരജ്ഞാനം,
കണ്ടവരൊക്കവേ രണ്ടെന്നു ചൊല്ലുവോർ
കണ്ടവരല്ലവരാരുമേ നിർണ്ണയം.

കർമ്മക്ഷയകാലമെന്നിയേ കൊല്ലുവാൻ
ചെമ്മേ പണി പരമേശ്വരനാകിലും.

കിതവൻ=ധൂർത്തൻ. ദേവനം=ചൂതുകളി. ധാതാവ്°=ബ്രഹ്മാവ്°.

ഈശപരേച്ഛാവശന്മാരായ നാമെല്ലാ-
മീശപരന്തൻ മതം പൈയ്തെന്നതേ വരൂ;
പൈയ്ത ശുഭാശുഭകർമ്മാനുഭോഗവും
പൈയ്തേ മതിയാവിതേവനും നിർണ്ണയം.

സത്യസപരൂപനാമീശപരന്തനുടെ
ചിത്തകാരുണ്യമുണ്ടാകിലസാരനും
ചിത്തേ നിനച്ചതു സാധിക്കുമല്ലാഞ്ഞി-
ലത്ഥപുരുഷകാരാദിയും നിഷ്ഫലം.

ഭക്തനാം മത്ത്യനശക്തനെന്നാകിലും
നിർദ്ധനനാകിലും നീചനെന്നാകിലും
ഉത്തമന്മാരിൽവച്ചുത്തമനായ്വന്നു
ഭക്തിയും മുക്തിയും സാധിക്കുമേവനും.

പിണക്കം നല്ലവരൊടു നന്നല്ലേതു-
മിണക്കം വേണ്ടുവതവരൊടു നൂനം.

യുദ്ധത്തിലെത്തി മരിച്ചീടുകെന്നു താൻ
ശത്രുക്കളെക്കൊന്നൊടുക്കീടുകെന്നുതാൻ
പക്ഷമീ രണ്ടുമൊഴിഞ്ഞൊരു ധർമ്മമി-
ല്ലിക്ഷിതിപാലക്കു നിശ്ചയമോർക്കുകിൽ.

പോരിലരികളെക്കൊന്നൊടുക്കീടുക
വീരരായുള്ള നൃപന്മാക്കു ധർമ്മമാം.

അനുഭോഗം=ഫലാനുഭവം. അർത്ഥപുരുഷകാരാദി=ധനപ്രാ
ക്രമാദി.

ഭാഗ്യമില്ലാതവക്കുവേണ്ടി വേലകൾ ചെയ്താൽ
യോഗ്യമായ്വന്നുകൂടാ പാർക്കിണമിനിയും നാം.

കോപമാകുന്നതു വിത്തെന്നറിയേണം
പാപമാകുന്ന മരാമരത്തിന്നൊടോ!

സദ്ധർമ്മംകൊണ്ടേ പരഗതി വന്നീടു നൂനം
വിധർമ്മാധർമ്മാദികൾ നരകഫലങ്ങൾ.

പൃഥിവീപാലകൻ ഗുണവാനെന്നാകിൽ
കൃതയുഗത്തിലും കലിയുഗം നല്ലൂ.

ശ്രീമഹാഭാരതം

വിധിച്ചവണ്ണംതന്നെ ധർമ്മങ്ങൾ ചെയ്തീടിലും
മധുദ്വേഷിയിൽ ഭക്തിയില്ലായ്കിൽ ഫലം വരാ.

ദേഹാഭിമാനികൾക്കുള്ളതത്രേ മഹാ-
മോഹാദിരാഗദ്വേഷങ്ങളുൽഭവം.

ദൈവവിലാസങ്ങളെന്തറിയാവതോ
ദൈവമല്ലോ ജഗത്സാക്ഷിയാകുന്നതും.

സർവ്വകാര്യങ്ങളും സർവ്വജനത്തിനും
ദൈവം വരുത്തുന്നതെന്നി മറെന്തുള്ളൂ?

ദൈവഗതികൾ മറന്നു നടക്കുമ്പോൾ
ദൈവാനുകൂല്യമില്ലെന്നു വന്നീടുന്നു.

മധുദ്വേഷി=വിഷ്ണു.

ദൈവാനുകൂല്യമുണ്ടായ്വരുന്നാകിലോ
ദൈവവിശ്വാസമുണ്ടായ്വരും നിർണ്ണയം.

ഭാഗ്യവാന്മാർക്കു ചെയ്യുന്നതെല്ലാം മഹാ-
ഭാഗ്യമായേ ഫലിക്കൂ നീക്കമില്ലേതുമേ.

ദൂഷണം ചിലർ പറഞ്ഞീടുകിലതുമൊരു
ഭൂഷണമത്രേ ദുരിതങ്ങളും താനേ നീങ്ങും.

കേവലം കാര്യസിദ്ധിക്കായ്ചൊണ്ട ശത്രുക്കളെ-
സ്സേവിക്കെന്നതു സർവ്വലോകസമ്മതംതന്നേ.

നാരിമാർക്കില്ല സത്യം സ്നേഹവുമകതാരി-
ലാരെയുമവർക്കില്ല കാര്യസാദ്ധ്യമേയുള്ളൂ.

നാരിമാരോടും സാലാവൃകങ്ങളോടും സഖ്യ-
മാരുമേ മോഹിക്കൊല്ലാ മഞ്ചലമവർചിത്തം.

ഉൽപലനേത്രമാർക്കു കാന്തപുത്രാദികളെ
സപല്ലമാമത്ഥത്തിനു കൊല്ലുവാൻ മടിയില്ല.

ഉത്തമൻ താതചിന്തയറിഞ്ഞു ചെയ്യുന്നോരു
പുത്രൻ, മദ്ധ്യമനല്ലോ പറഞ്ഞു ചെയ്യുന്നവൻ
ചൊല്ലിയതാസ്ഥയെന്യേ ചെയ്യുവനധമന്താൻ
ചൊൽകിലും ചെയ്യാതവൻ താതന്റെ മലമല്ലോ.

സാലാവൃകങ്ങൾ=ചെന്നായ്ക്കൾ. ഉല്പലനേത്രമാർ=സുന്ദരിമാർ. ആസ്ഥ=ആദരം.

ഭൂമിയിലുള്ള ധനധാന്യാദിപദാർത്ഥവും
കാമിനീജനങ്ങളുമൊക്കവേ ലഭിച്ചാലും
കാമിയായുള്ളവനു തൃപ്തി വന്നീടാ നൂനം
കാമങ്ങൾ സേവിക്കിലോ വർദ്ധിക്കും ദിനന്തോറും.

നാശകാലത്തു വിപരീതങ്ങളൊഴിഞ്ഞൊന്നു-
മാശയം തെളിവുള്ളോരാകിലും തോന്നിക്കൂടാ.

നല്ലതു താനാൻ ചെയ്യുതെന്നിയേ മറിയില്ലെന്നു
നല്ല സജ്ജനങ്ങൾക്കും തോന്നുന്നു മായാവശാൽ.

സൽപുരുഷന്മാരുടെചെയ്തതൊന്നുമേ
നിഷ്ഫലമായ്വരാ നിർണ്ണയമീദൃശം.

സർവ്വജ്ഞന്മാക്കു സർവ്വശാന്തിയിൽ പരമൊരു
സർവ്വാനുഗ്രഹസാദ്ധ്യമില്ലെന്നു ചൊല്ലിക്കേൾപ്പൂ.

കൂടിയല്ലല്ലോ ജനിക്കുന്നതിങ്ങാരും പാർത്താൽ
കൂടിയല്ലാരും പിന്നെ മരിക്കുമ്പോഴും നൃപ!
മദ്ധ്യപക്ഷത്തിൽ ചിലരൊന്നിച്ചുകൂടീടുന്നു
പദ്ധതിമദ്ധ്യത്തിങ്കൽ ജനങ്ങളെന്നപോലെ.

സജ്ജനദർശനത്താൽ സദ്യസ്സംഭവിച്ചീടും
ദുർജ്ജനങ്ങൾക്കു ശുദ്ധിയെന്നതു ചൊല്ലേണമോ?

എന്നുമേ സന്തോഷമായ്വാഴുന്നിതെന്നാകിലും
വന്നീടുമതിനിടേ ശോകമിന്ദ്രനെന്നാലും.

പദ്ധതി=വഴി. സദ്യഃ=ഉടനെ.

നരന്മാക്കോത്താൽ സുഖദുഃഖങ്ങളിടതൂടെ-
ന്നിരിക്കുമിതു യന്ത്രചക്രങ്ങൾപോലെയെടോ!

മാനാപമാനസുഖദുഃഖാദിഭേദമെല്ലാം
മാനസേ തോന്നിടുന്നതജ്ഞാനമറിക നീ.

തങ്ങൾതങ്ങൾക്കു വരമുള്ളതുപോലെ ജഗ-
ന്മംഗലാത്മാവുതന്നെസ്സേവിച്ചാൽ നന്നായ്വരും.

ദുഷ്ടരാകുന്നവർ തന്നെ രക്ഷിപ്പവർ
ദുഷ്ടരാമെന്നു വരുമെന്നു തേറുവിൻ.

ഒരുകനുടെ സുഖദുഃഖഗതികളെ
നൽകുവാനുമൊരുത്തക്കും കഴിവില്ല
തങ്ങൾതങ്ങൾക്കു തൻ കർമ്മാർജ്ജിതമെല്ലാ-
മെന്നു ധരിപ്പിനെല്ലാരും വഴിപോലെ.

ശ്രീമഹാഭാഗവതം

പുണ്യമുണ്ടായാൽ പുരുഷാർത്ഥവും സാധിച്ചീടാ-
മെന്നു ചൊല്ലുന്നു വിദ്വജ്ജനമെന്നറിഞ്ഞാലും.

ഭവസാഗരം കടക്കേണമെങ്കിലോ ഭക്ത്യാ
ഭവസേവയെച്ചെയ്തുകൊള്ളേണം വഴിപോലെ.

ക്ഷോണിയിൽ മർത്ത്യജന്മംകിട്ടിയാൽ ജ്ഞാനോല്പത്തി
വേണമെന്നാകിലവക്കുണ്ടാക്കാം മനോഹരേ!

ഭവസാഗരം=സംസാരസമുദ്രം. ഭവസേവ=പരമേശ്വരഭജനം.

തന്നെത്താനറിയുന്നതാരുവാനവനീശൻ
പിന്നെയില്ലവനൊരു ജന്മവും ദുഃഖങ്ങളും.

വിജ്ഞാനമുണ്ടായ്വന്നാലജ്ഞാനമകന്നീടു-
മജ്ഞാനം നശിക്കുമ്പോൾ ജ്ഞാനവും പ്രകാശിക്കും.

ക്ഷേത്രത്തിനുള്ളിലുണ്ടെന്നോർത്തുകൊണ്ടനുദിനം
ക്ഷേത്രങ്ങൾതോറും വലംവയ്പ്പുന്നെന്തിനു വൃഥാ?
ഗാത്രത്തിലിരിക്കുന്നതറിയപ്പോകായ്കയാൽ
ക്ഷേത്രത്തെ വലംവച്ചാൽ കാണുന്നവാറെങ്ങനെ?

ചിന്താരത്നം

ദേഹമിന്നതിദ്ദേഹിയിന്നതെന്നറിയുന്ന
ദേഹികൾ തന്നെത്തന്നെയറിഞ്ഞോരറിക നീ.

എന്നെന്നാകിലും ചത്തു ശവമാകുന്ന ദേഹം-
തന്നെ താനെന്ന ബോധമകറ്റീടണം മുമ്പിൽ.

മുക്തിയിച്ഛിപ്പവക്കേ വിദ്യാപാഠാദികളും
മുക്തന്മാക്കുണ്ടോ ശാസ്ത്രപാഠത്താലൊരുഫലം?

ചെയ്യാനും ചെയ്യിപ്പാനുമുടനെ മറ്റൊന്നാക്കി-
പ്പെയ്യാനും പോരും കർമ്മം പുരുഷതന്ത്രരൂപത്താൽ.

അറിവേയറിയുന്നോരറിവു വേറൊന്നെന്നു-
മറിയാ കൃതക്കർമ്മന്മാക്കു വക്രാശയം.

ഗാത്രം=ശരീരം പുരുഷതന്ത്രരൂപം=മനുഷ്യാധീനത. വക്രാശയം=വളഞ്ഞ ബുദ്ധി.

വിഷയസുഖങ്ങളിൽ പ്രിയം മാത്രമേയുള്ളൂ
തഴയുമതിപ്രിയമാത്മാവിലെല്ലാവക്കും.

അർത്ഥത്തേക്കാളും പ്രിയനാത്മജൻ പുരുഷനു
പുത്രനേക്കാളും പ്രിയം കായമാം, ദേഹത്തേക്കാൾ
എത്രയും പ്രിയമായതിന്ദ്രിയമതിനേക്കാ-
ളെത്രയും പ്രിയൻ പ്രാണൻ പ്രാണനെക്കാളെന്നുമേ
നിത്യാത്മാവതിപ്രിയതമമാമീവണ്ണമേ.

കൈവല്യനവനീതം.

ഒരുത്തനും തടുത്തുകൂട വന്നുകൂട്ടമാപദം
ഭവിക്കുമത്രെ നിർണ്ണയം മുകുന്ദരാമ പാഹി മാം.

രാമായണം ഇരുപത്തിനാലുവൃത്തം.

തഴയും=വർദ്ധിക്കും. ആത്മജൻ=പുത്രൻ. കായം=ദേഹം.
ആപദം=ആപത്തിനെ,

ലോകോക്തികൾ

ലൌകികമായുള്ള വാക്യങ്ങളെന്നാലും
ലോകോത്തമന്മാക്ക് വേണ്ടിവരുമല്ലോ.

പൈതലേ വേർവിട്ടപോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ.

രക്താദിസാന്നിദ്ധ്യമുണ്ടാക കാരണം
ശുദ്ധസ്ഫടികവും തദ്വർണ്ണമായ്വരും.

സാപത്ന്യജാതപരാഭവംകൊണ്ടുള്ള
താപവും പൂണ്ട ധരണിയിൽ വാഴ്കയിൽ
നല്ല മരണമതിനില്ല സംശയം.

ആരുപദേശിച്ചിതു മൂലനാശനമായ
കാരിയം നിന്നോടവൻ നിന്നുടെ ശത്രുവല്ലോ.

നിനക്കു നാശമടുത്തിരിക്കുന്നതു പാര-
മെനിക്കു നിരൂപിച്ചാൽ തടുത്തുകൂടാതാനും.

തൊട്ടുകൂടുമോ ഹരിപതിയെശ്ശശത്തിനു?

മണ്ണിനായൂഴി കഴിച്ചനേരം നിധി-
തന്നേ ലഭിച്ചതുപോലേ രഘുപതേ!

സാപത്ന്യജാതപരാഭവം=സപത്നിയിൽനിന്നുണ്ടായ അവമാനം. ധരണി=ഭൂമി. കാരിയം=കായ്യം. ഹരി=സിംഹം. ശശം=മുയൽ.

പ്രേമത്തിനേതുമിളക്കമുണ്ടായ്വരാ
ഹേമത്തിലുണ്ടോ നിറക്കേടുകപ്പെട്ടു?

ഉഗ്രതൃഷാത്തമാരായ പശുകുല-
മഗ്രേ ജലാശയം കണ്ടപോലേ തദാ.

അദ്ധ്വരത്തിങ്കൽ ചെന്നു ശുനകൻ മന്ത്രംകൊണ്ടു
ശുദ്ധമാം പുരോഡാശം കൊണ്ടുപോകുന്നപോലെ.

പക്ഷികഥംക്കാശ്രയം പക്ഷമല്ലോ നിജം.

കൊല്ലുമാറില്ല ദൂതന്മാരെയാരുമേ.

ദക്ഷിണനേത്രസ്സ്ഫുരണവുമുണ്ടു മേ
ലക്ഷണമെല്ലാം നമുക്കു ജയപ്രദം.

കാട്ടിയതെല്ലാമപനയം നീയതു
നാട്ടിലുള്ളോക്കുമാപത്തിനായ് നിണ്ണയം.

ദേഹത്തിനന്തരം വന്നുപോംമുന്നമേ
മോഹിച്ചതാഹന്ത സാധിച്ചുകൊഥക നീ.

നല്ലതു ചൊല്ലേണമെല്ലാവരും തനി-
ക്കുള്ളവരോടു ചൊല്ലുള്ള ബുധജനം.

ഹേമം=സ്വർണ്ണം. തൃഷാത്തമാർ=ദാഹിച്ചു വലഞ്ഞവർ. അദ്ധ്വരം=യാഗം. പുരോഡാശം=ഹവിസ്സ്. പക്ഷം=ചിറക്. അപനയം=അനുന്യായം.

കന്നൊഴിയാതെയറിഞ്ഞിരിക്കെത്തവ
നന്നു നന്നാഹന്ത തോന്നുന്നതിങ്ങനേ!

നന്നല്ല സജ്ജനത്തോടു വൈരം വൃഥാ.

നഷ്ടമതികളായീടുമമാത്യന്മാ-
രിഷ്ടം പറഞ്ഞു കൊല്ലിക്കുമതോക്കു നീ.

ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം.

മൃത്യുവശഗതനായ പുരുഷനു
സിദ്ധൌഷധങ്ങളുമേൽക്കയില്ലേതുമേ.

അദ്ധ്വം പുരുഷനു ഭായ്യയല്ലോ ഭുവി.

കണ്ടിതെല്ലാം ഞാനനുഭവിക്കേണമെ-
ന്നുണ്ടു ദൈവത്തിനതാക്കൊഴിക്കാവതും?

അദ്ധ്യാത്മരാമായണം

വ്യാധിയറിഞ്ഞു വേണം ചികിത്സിപ്പതി-
നേതൊരു വൈദ്യനുമെന്നു ധരിക്കണം.

നല്ല രാജാക്കൻമാക്കൊരു പിഴയുണ്ടാകിൽ
നല്ലവരോർത്തു പൊറുക്കേണ്ടതല്ലയോ?

നഷ്ടമതികൾ=ബുദ്ധി നശിച്ചവർ. അമാത്യന്മാർ=മന്ത്രിമാർ.

പണ്ടേ മരിച്ചോരെനിക്കു മരണത്തി-
ലുണ്ടോ ഭയമിന്നു നന്നായിതെത്രയും!

ജ്ഞാനമുണ്ടെന്നാകിലേ രമിപ്പൂ ലോകമിതിൽ
ജ്ഞാനമോ നൂറുപേരിലൊരുത്തനുണ്ടാകിലാം.

പലക്കും തെളിയേണമെന്നു നീ നിനയ്ക്കുണ്ടോ
ചിലക്കു തെളികിലും മതിയെന്നതേ വശ്യം.

ദോഷമില്ലാത നമുക്കൊക്കെയും ക്ഷമിപ്പതു
ഭൂഷണമാകുന്നതു, കോപമുണ്ടായാലാകാ.

സാരസം വിരിയുന്ന നേരത്തെപ്പാത്തുപാത്തു
പാരാതേ മധുപാനം ചെയ്തീടും മധുപന്മാർ.

മഹിമയില്ലാ കുലമാകാ വൃത്തിയും പോരാ
സഹിയാ ശീലവുമെന്നുള്ളിലുള്ളവരുടെ
ഗൃഹത്തിലിരിക്കയിൽ മരിക്കതന്നേ നല്ലൂ,
സഹിച്ചീടുമോ നിന്ദാവചനാദികളെല്ലാം?

വാമമാരെന്നല്ലയോ മാനിനിമാരെച്ചൊൽവൂ
കാമതൽപരമാരായുണ്ടായീ നാരീജനം.

ആടീടുന്നവനിലും പാടീടുന്നവനിലും
ഗൂഢമാം നാരീവൃത്തം മറയ്ക്കുന്നവനിലും
ഇഷ്ടമായുള്ള വസ്തു കൊടുക്കുന്നവനിലു-
മിഷ്ടമായതു തന്നേ പറയുന്നവനിലും

സാരസം=താമര. മധുപന്മാർ=വണ്ടുകൾ. വാമമാർ=വിപരീതകൾ, സുന്ദരിമാർ എന്നു രണ്ടർത്ഥം.

കണ്ട ഭ്രഷണമെല്ലാമണിയുന്നവനിലും
കണ്ടാൽ നല്ലവനിലും കേളിയുള്ളവനിലും
ഉണ്ടാകുമല്ലോ മധുവാണികൾക്കനുരാഗം.

അന്യോന്യം സുഹൃത്ഭാവമുള്ളവരെന്നാകിലും
പെണ്ണുങ്ങൾമൂലം വൈരം വർദ്ധിച്ചവരുമല്ലോ.

കളത്രവാക്യമനുസരിക്കും പുരുഷനു
കളത്രമുണ്ടാകാതെയിരിക്കുന്നോ നല്ലൂ.

മറവുള്ള ജനങ്ങൾക്കു കുറങ്ങൾ പറഞ്ഞിട്ടും
മുറും തന്നുടെ കുറമൊന്നറികയുമില്ല.

ഏകപുത്രത്വമപുത്രത്വമോടൊക്കുമല്ലോ
ഭാഗധേയവുമറിയാവതല്ലൊരുവക്കും.

ഈക്കിൽ കൂപ്പിച്ച മുന്നമീച്ചയെക്കഴുവേറീ
തീക്കണമതിൻ ഫലമെന്നതിന്നത്രേ ചെയ്തു.

ഒരു നാരിയെപ്പലർകൂടി വേൾക്കെന്നുള്ളതി-
ല്ലൊരു കാലത്തുമൊരു ദിക്കിലുമൊരുവക്കും.

ജന്തുക്കൾ ഭക്ഷിച്ചിട്ടു മരിക്കുന്നതിനെക്കാൾ
വെന്തു ചാകുന്നതത്രേ ഗതിയെന്നറിഞ്ഞാലും.

ശാഖിമുരട്ടിൽ നനച്ചാൽ മതിയല്ലോ
ശാഖകൾതോറും നനയ്ക്കുമാറില്ലല്ലോ.

മധുവാണികൾ=തേൻമൊഴിമാർ—സുന്ദരിമാർ. സുഹൃത്ഭാവം=സൌഹാർദ്ദം. കളത്രം=ഭാര്യ. ഭാഗധേയം=ഭാഗ്യം. ശാഖി=മരം.

ദേവഭക്തന്മാക്കുണ്ടോ സങ്കടമുണ്ടാകുന്നു?

പോരിൽ നാം ചെയ്യേണ്ടുന്ന കാരിയമിതുകാല-
മാരാനും ചെയ്യുന്നതു മുടക്കീടരുതല്ലോ.

ചത്തതു കീചകനെങ്കിലോ മാരുത-
പുത്രനത്രേ കൊലചെയ്തതു നിണ്ണയം.

ആചാരം മുമ്പിൽ ക്ഷണിക്കുന്നവരോടുകൂടി-
ച്ചോജനത്തിനും പ്രഥനത്തിനുമെന്നുണ്ടല്ലോ.

ജ്യേഷ്ഠനുമനുജനുംകൂടിയുള്ളതു നേരം
ജ്യേഷ്ഠനോടല്ലോ മുമ്പിലരുൾചെയ്യേണ്ടു നൂനം.

അപ്പോട്ടു രണ്ടു ജനമൊരിക്കൽ വരിക്കുമ്പോൾ
മുമ്പിനാലിളയവൻ വേണമെന്നുണ്ടു ന്യായം.

വരുവാനുള്ളതൊക്കെ വന്നാൽ പിന്നെയുമേതു-
മറിയപ്പോകാതവരെങ്ങനെ പൊറുക്കുന്നു?

ദുശ്ശമാകിലും കയ്ക്കും ദുഷ്ടർ നൽകിയാലെടോ
ഭക്തന്മാർ തരികിലേ ഭക്തിക്കു രസമുള്ളൂ.

ഭർത്തൃപിണ്ഡത്തിൻ പ്രതിക്രിയയെച്ചെയ്തുവേണം
ഭൃത്യനാമവൻ പ്രാണൻപോവോളമെന്നുണ്ടല്ലോ.

മാരുതപുത്രൻ=ഭീമൻ. പ്രഥനം=യുദ്ധം. ദുശ്ശം=പാൽ. ഭർത്തൃപിണ്ഡം=സ്വാമി തന്ന ചോറുരുള. പ്രതിക്രിയ=പ്രത്യുപകാരം.

ഭരതമൊട്ടു പൊരുവതിനു വരിക വരികാശു നീ
ഭാകാത്ത നാളല്ല ഞാനും പിറന്നതു്.

ജീവരക്ഷയ്ക്കസത്യം ചൊൽകയെന്നതു
ദേവമുനീശ്വരന്മാക്കും മതമല്ലോ.

തനിക്കുതാൻ പോന്ന മഹാജനമൊക്കെ-
ത്തനിക്കു വേണ്ടുകിലെളിയതും ചെയ്യും
അതിനു മാനക്കേടകപ്പെടാ താനു-
മതിഗ്രണമുള്ളോക്കതു ധരിച്ചാലും.

പേടിയോടോടി നാം കാടകം തേടുകിൽ
പേടമാൻകണ്ണിമാർ കൂടെ നിന്നിക്കുമേ.

കൊണ്ടും കൊടുത്തും നരന്മാക്കു ചാച്ചയും
ചേച്ചയുമുണ്ടായ്വരുന്നിതു നിർണ്ണയം.

ആപത്തു വന്നാലതിൽ പരമീശ്വര-
നാപത്തുതന്നോ വരുത്തുമേ മേൽക്കുമേൽ.

വല്ലരെദ്ധർമ്മം ചെയ്തവക്പെജയം
വരികയില്ലെന്നതൊരു പൊളിയത്രേ.

നാരിമാർചൊല്ല കേൾക്കും ഭോഷന്മാർ നിമിത്തമാ-
യേറിയോരാപത്തുണ്ടാമേവക്കും കൂടിപ്പിന്നെ.

പേടമാൻകണ്ണിമാർ=സ്ത്രീകൾ.

വിള്ളുന്ന താമരപ്പൂവിൻ മധുരസം
വെള്ളത്തിലുള്ള ജന്തുക്കൾക്കറിയാമോ?

ജ്ഞാനിക്കൊഴിഞ്ഞറിയാമല്ല കേവലം
ജ്ഞാനിയായുള്ളവൻതന്നെയൊരിക്കലും.

ശ്രീമഹാഭാരതം.

കല്ല മുള്ളിത്യാദി ബന്ധഹേതുക്കളാ-
ലില്ല ദുഃഖം മൊരിപ്പിട്ട നടപ്പോർക്ക്.

നല്ലതേ നല്ല പുനരെല്ലാർക്കുമെല്ലാ നാളും
നല്ലതു വേണം ചിന്തിച്ചീടുവാനെല്ലാവരും.

അച്ഛനെന്നാലും പ്രതിബന്ധുവാകിലോ
നിശ്ചയം കൊല്ലുമിതെന്നറിഞ്ഞീടുവിൻ.

ഈശ്വരന്തന്നോടു വൈരം തുടങ്ങിയാൽ
ശാശ്വതദുഃഖമല്ലാതേ സുഖമില്ല.

ഭ്രാതൃബന്ധുക്കൾ ഭാര്യാ താതനെയിഷ്ടബന്ധു
യാതൊരു ജനത്തെയും ശത്രുവാക്കുന്നു ദ്രവ്യം.

ശ്രീമഹാഭാഗവതം.

വിദ്യയെയറിഞ്ഞുപാസിപ്പവർ വിദ്വത്തുകൾ
വിജ്ഞാനജ്ഞാനങ്ങളുമുള്ളവരവരല്ലോ.

പ്രതിബന്ധു=ശത്രു.

കണ്ണില്ലാതതിമോഹാൽ പശുവെന്നുറച്ചൊരു
കന്നിനെക്കൊന്നപോലെ വന്നീടുമറിയാഞ്ഞാൽ.

ചിന്താരത്നം.

കുരലിൻഗ്രഹണം പോരാ സംഗീതത്തിന്നെങ്കിലോ
വിരലെന്നുണ്ടു രണ്ടാം പക്ഷമെന്നതുപോലെ.

ഇല്ലാത്തശക്തിയുണ്ടെന്നിങ്ങനെചൊൽവതെന്നാൽ
പുല്ലാദിയചേതനം പൂത്തു കായ്ക്കുന്നീലയോ?

മുട്ടകളേകവർണ്ണം പക്ഷിക്കു മുട്ടയ്ക്കുള്ളിൽ
കുട്ടികൾ പലനിറമാം മിത്രം കണ്ടാലും നീ.

ദുർജ്ജനം ദുഷിക്കിലും പരിഹാസം ചെയ്തേറെ-
ഗുർജ്ജനം ചെയ്തിടിലും നമുക്കെന്തൊരു ചേതം?

സജ്ജനനിന്ദകൊണ്ടും പരിഹാസങ്ങൾകൊണ്ടും
തജ്ജനംകൊണ്ടുമല്ലോ ദുർജ്ജനം രസിച്ചീടും.

കൈവല്യനവനീതം.

കൊമ്പൻപോകുംവഴി മോഴയ്ക്കെന്തുണ്ടല്ലോ
വൻപാ ധരിച്ചാലും നാരായണ.

വെട്ടുന്ന വാൾകൊണ്ടെയിട്ടുകൊൾകെന്നതേ
മുട്ടുപ്പാൾ ചെയ്യാവൂ നാരായണ.

കന്നു=കാള. കുരൽ=കണ്ഠം—ശബ്ദം.

പവനാശനനിതി ഭുജഗരിപുശ്വാസം
ഭുജഗം ഭുജിക്കുമോ ഹരിനമോ.

ഉടയവർ വെടിഞ്ഞാലവരെപ്പിന്നെ
തൊട്ടുകയില്ലൊരു നായും കിനാവിലും.

രാമായണം ഇരുപത്തിനാലുവൃത്തം.

പവനാശനനിതി=കാറ്റ ഭക്ഷിക്കുന്നവനാണെന്നു വെച്ച്.
ഭുജഗരിപുശ്വാസം=ഗരുഡന്റെ ശ്വാസം. ഭുജഗം=സർപ്പം.

ഹാസ്യാക്തികം

കല്ലകം കനകവുമെന്തിനു ചുമക്കുന്നു—
തല്ലൽപൂണ്ടെല്ലു നുറുങ്ങീടുവാൻ സുയോധനൻ?
പോയിതു രാജസന്ധൻ നാണവും കെട്ടു, ദന്തം
പോയതു മഹാജനമാരുമേയറിയായ്വാൻ.
വിപ്രന്മാരതുനേരം മേൽപ്പുടവയും വീശി
വിഭ്രമം ദ്വിജകുമാരന്നെന്തുണ്ടാവാനെന്നാർ;
അകൃത്യമിദമിദം കൃത്യമെന്നുള്ളതൊന്നും
പ്രകൃത്യാ ബലഹീനനാമിവന്നറിവില്ല
ബാലകനനാഗതശ്മശ്രുവാം വടുവിനു
കാലദേശാവസ്ഥാദിഭേദബുദ്ധിയുമില്ല
ശല്യകർണ്ണാദികളാൽ സാദ്ധ്യമല്ലാതെയുള്ള
വില്ലിതു കലചെയ്യ യന്ത്രത്തെ മുറിപ്പാനായ്
വില്ലൊരുനാളും തൊട്ടിട്ടില്ലാത ഭ്രമിദേവൻ
നിർല്ലജ്ജൻ തുനിഞ്ഞതുമെത്രയുമന്ധകാരം.

*　　*　　*　　*

അക്കഥ കേട്ടരുൾചെയ്തിതു കൃഷ്ണനു—
"മൊക്കുമൊക്കുമതിനുണ്ടവകാശവും

കല്ലകം=രത്നങ്ങൾ. കനകം=സ്വർണ്ണം. ദന്തം=പല്ല്. മേൽപുടവ=രണ്ടാംമുണ്ട്. ദ്വിജകുമാരൻ=ബ്രാഹ്മണകുമാരൻ. ഇദം=ഇത്. കൃത്യം=ചെയ്യാൻ പാടുള്ളത്. അനാഗതശ്മശ്രു=മീശ മുളയ്ക്കാത്തവൻ. വടു=ബ്രാഹ്മണബാലൻ. കലചെയ്ത്=കലച്ച്. ഭ്രമിദേവൻ=ബ്രാഹ്മണൻ. അന്ധകാരം=വിഡ്ഢിത്തം.

പണ്ടു മഥുരയ്ക്കു കൃഷ്ണനോടു പട
കൊണ്ടുചെന്നോരു നാൾ മണ്ടുന്നനേരത്തു
കണ്ടുനിൽക്കുന്നിതു ഞാനുമെന്നാകിലാം
കണ്ടീടുവാനവകാശം ധരാപതേ!"
എന്നതു കേട്ടു ചൊന്നാൻ ജരാസന്ധനും
"അന്നു മമ ബലം കണ്ടതല്ലീ ഭവാൻ?
വീരരെ മണ്ടിച്ചു പോരുന്നാ കൃഷ്ണനും
പാരാതെ പാഞ്ഞുകളഞ്ഞതു കണ്ടീലേ?"
"കണ്ടേനടുത്തതെതിർത്തോരു നേരത്തു
കൊണ്ടൽനേർവർണ്ണനും നീയുമോടുന്നതും
കാടിച്ചതാരെന്നുമോടിയതാരെന്നു-
മൂടേ തിരഞ്ഞപോതേതും തിരിഞ്ഞീല."

* * * *

ക്രുദ്ധനായോരു ശിശുപാലമന്നവ-
നുത്ഥാനവും ചെയ്തിട്ടുചിത്തിൽ ചൊല്ലിനാൻ
"കുണ്ഡിനനന്ദനിൽ നിന്നുണ്ടായതോക്കുമ്പോലം
കുണ്ഡന്മാരായുള്ള പാണ്ഡവന്മാരെയും
കുന്നുണ്ടു തോന്നുന്നതെന്നുള്ളിലിന്നതു
നന്നല്ല ചെയ്തിലോ നിർണ്ണയമെങ്കിലും
ഉള്ളിലറിവില്ലയാതോരു നിങ്ങളി-
ക്കള്ളനായുള്ളോരു ഗോപാലകൻതന്നെ
കാലും കഴുകിച്ചു പൂജിച്ചതോക്കുമ്പോലം
ബാലന്മാരേ പഴുതായ്വന്നു യാഗവും;

ധരാപതേ=രാജാവേ! ഉത്ഥാനംചെയ്യുക=എഴുന്നേൽക്കുക.
കുണ്ഡന്മാർ=ഭർത്താവു ജീവിച്ചിരിക്കെ അന്യൻ ജനിച്ച മക്കൾ.
ബാലന്മാർ=ബാലിശന്മാർ.

ഇന്നവനെന്നുമില്ലില്ലവുമില്ലിവ-
നെന്നുമൊരു ഗുണമില്ല നിരൂപിക്കിൽ
മാതരുമിന്നവരെന്നില്ല ഭോഗിപ്പാൻ
മാതുലനെക്കൊന്ന പാതകവുമുണ്ട്
പെൺകൊലയുംചെയ്ത സാധുജനങ്ങളെ-
ശ്ശങ്കയും കൂടാതെ താന്തോന്നിയായവൻ;
ബ്രാഹ്മണശ്രേഷ്ഠനും പിന്നെ ശപചനും
സാമ്യമത്രേയിവനുള്ളിലോക്കും വിധൌ
ശപാക്കളും ഗോക്കളുമൊക്കുമിവനതി-
ക്രാക്രമറിയാവതില്ലിവൻമായകൻ;
ഇല്ലാത്തതുണ്ടാക്കുമുള്ളതില്ലാതാക്കും
നല്ലതുമാകാത്തതും ഭേദമില്ലേതും
വർണ്ണവിശേഷവുമില്ലിവനേതുമേ
പുണ്യപാപങ്ങളും മിന്തിക്കയില്ലിവൻ;
നിഷ്കിഞ്ചനപ്രിയൻ നിർല്ലജ്ജനെത്രയും
ദുഷ്കുലജാതനാം നിഷ്കാമനെ നിങ്കൾ
യോഗ്യന്മാരൊക്കവേ നോക്കിയിരിക്കവേ
യോഗ്യമല്ലേതുമിച്ചെയ്തതു നിർണ്ണയം."

* * * *

കണ്ണ നീ കേട്ടീലെ നല്ലവിദുരർവാ-
ക്കെന്നെടുഷിച്ചേ പറയുമിവൻ പണ്ടും
ദുശ്ശേഷ്ടയായോരു ദാസീസുതൻതനി-
ക്കെച്ചിൽ കൊടുത്തു വളർത്തതിന്റെ ഫലം;

മാതർ=സ്ത്രീകൾ. പാതകം=പാപം. സാധുജനങ്ങൾ=സജ്ജനങ്ങൾ. വർണ്ണവിശേഷം=ജാതിഭേദം. നിഷ്കിഞ്ചനപ്രിയൻ=ദരിദ്രപ്രിയൻ.

ആക ഞാനെങ്കിലിവിടുന്നു താൻ പോയി
വാഴ്ക തനിക്കു തെളിഞ്ഞൊടത്തെങ്ങാനും
നിൽക്കതെല്ലാം വെളിച്ചത്തിടുന്നീല ഞാൻ
ധിക്കരിച്ചാൽ പിഴച്ചീടുമെല്ലാവനും.

* * * *

എന്നിത്തരം വയ്നു കണ്ണൻ പറയുമ്പോഥം
നിന്ന കൃപരും ചിരിച്ചൊന്നുരചെയ്താൻ
"കണ്ണ മതിമതി പോരും പറഞ്ഞതു
നിന്നുടെ വീര്യങ്ങഥം നാവിന്മലേയുള്ളൂ"
ഇത്തരം മൊന്നതു കേട്ടിട്ടു കണ്ണനു-
മുത്തരം മൊന്നാൻ കൃപാചായ്നോടപ്പോഥം
"പേയായ വാക്കുകഥം പേടിച്ചു മൊല്ലായ്ക
പോയൊരാമന്ത്രണമുങ്കു മടിയാതെ
യാഗാദികമ്മങ്ങഥം ചെയ്തതല്ലായ്തിലോ
പോക വിരവോടു ഭിക്ഷയേറീടുവാൻ"

* * * *

പാത്ഥിവരാത്തതും വാദ്യഘോഷങ്ങളും
പാത്ഥൻ പ്രതിജ്ഞചെയ്താനെന്ന വാർത്തയും
ആത്തി വരുമാറു കേട്ടു ജയദ്രഥൻ
മീത്ത വിഷാദമോടെ പറഞ്ഞീടിനാൻ:—
"മന്നവർമന്നവനായ സുയോധന!
കണ്ണ! കനിവേറുമാചായ്ച! നിങ്ങളും

ആക=നല്ലവനല്ല. പേയായ=ഭ്രാന്തായ. ആമന്ത്രണം=സ
ദ്യ. പാത്ഥൻ=അജ്ജുനൻ.

പാണ്ഡവർകൈനില തന്നിലേ ഘോഷങ്ങൾ
താണ്ഡവംപോലെ ശിവശിവ കേട്ടീലേ?
ഉഗ്രനാം പാർത്ഥൻ പ്രതിജ്ഞചെയ്തീടിനാൻ
നിഗ്രഹിച്ചീടുമവനെന്നെ നിർണ്ണയം;
രക്ഷിപ്പതിന്നു ബലമില്ല നിങ്ങൾക്കു
ശക്രാത്മജനോടു നിൽക്കരുതാർക്കുമേ.
വേഗേന ദൂരത്തു പോയൊളിച്ചാകിലും
ചാകാതെ കാത്തുകൊണ്ടീടുവനെന്നെ ഞാൻ"
എന്നതു കേട്ടു സുയോധനൻ ചൊല്ലിനാൻ
"ഇന്നുമൊരുത്തർ കേൾക്കപ്പുറഞ്ഞീടൊലാ
കാനനം പൂകെന്ന കാര്യമിന്നഭി-
മാനമില്ലാതോരു ദുർബ്ബലന്മാരുടെ
പക്ഷമിതെൻമൊഴി കേൾക്ക നീ ചൊല്ലുകി-
ലൊക്കക്കെഴിഞ്ഞിതു മേലിലെ യുദ്ധവും".

* * * *

"കാൽക്കടോ കണ്ണനെന്നെന്നെ വൃകോദര!
നോക്കു ബകനല്ല കിർമ്മീരനല്ല ഞാൻ
പാർക്കു ഹിഡിംബനും മാഗധനുമല്ല
ഊർക്കു നിണക്കുണ്ടു പാരമെന്നാകിലും
പോർക്കു കരുതി വരായ്ക നീയെന്നോടു
പക്ഷേ വനത്തിനു പോയ്ക്കാഠിക നല്ലതു
ഭക്ഷണമുള്ളോടമെങ്കിലുമാമെടോ!
വല്ലാതെ നിന്നു മറിഞ്ഞു നോക്കായ്ക നീ
കൊല്ലുന്നതില്ല ഞാനെന്നുമേ നിർണ്ണയം.

താണ്ഡവം=നൃത്തകോലാഹലം. ശക്രാത്മജൻ=അർജ്ജുനൻ.
മാഗധൻ=ജരാസന്ധൻ. പോർക്കു=യുദ്ധത്തിനു.

മണ്ടിക്കിതയ്ക്കുന്നും വേണ്ട കിരീടിയും
കൊണ്ടൽനേർവണ്ണനുമെങ്ങിതവരുടെ
പിന്നിലൊളിച്ചുകൊൾ"കെന്നു മൊല്ലുംവിധൗ
മുന്നിലാമ്മാറു വന്നീടിനാൻ പാത്ഥനും.
"എന്തെടോ നില്ലുനില്ലെന്തു പറയുന്ന-
തെന്തു ഞാൻകൂടെയറിയരുതെന്നുണ്ടോ?
പോക്കളം പുക്കു രഹസ്യം പറവതി-
നാക്കു തോന്നും തിരി പോരിനാമെങ്കിലോ?
എന്തിനിവിടേക്കു വില്ലുമായ്വന്നതു
മന്തമുണ്ടെന്നതു കാട്ടുവാനോ ഭവാൻ?"
"നിർണ്ണയം പാണ്ഡവന്മാരെ മുടിപ്പ"നെ-
ന്നാർണ്ണവംപോലെയലറിനാൻ കർണ്ണനും;
എന്നതു കേട്ടരമെയ്ത കൃപാചാര്യർ
"എന്നോ വിശേഷമേ! നന്നിതെടോ സഖേ!
എന്നും കുരയ്ക്കുന്ന പട്ടി കടിക്കയി-
ല്ലെന്നു നീ കേട്ടിട്ടുമില്ലേ സുയോധന!
കൊല്ലുക പാണ്ഡവന്മാരെയെന്നുള്ളതു
മൊല്ലുകയെന്നി മറൊന്നില്ല കർണ്ണനാൽ"
കൊല്ലുന്നതുണ്ടെങ്കിലിന്നു ഞാനെന്തിനു
മൊല്ലുന്നതിത്തരമെന്നിതു കർണ്ണനും.
"കൊല്ലുന്നതുണ്ടെന്നൊഴിഞ്ഞു നീയോ പണ്ടു
മൊല്ലുമാറില്ലയല്ലോ നൃപനോടെടോ!

കിരീടി=അർജ്ജുനൻ. രഹസ്യം=സ്വകാര്യം. അർണ്ണവം=സമുദ്രം. എന്നോ=അത്ഭുതം!

ചെല്ലുകയില്ല കിരീടിതൻ മുന്നിൽ നീ
ചെല്ലുകിൽ നിന്നെ പൊരുകയുമില്ലല്ലോ
നിന്നെ പൊരുന്നാകിലന്നവൻ നിന്നെയും
കൊന്നൊടുക്കീടുമതിനില്ല സംശയം.
ഏറെ നാളൊക്കവേ ഫൽഗുനന്തന്നോടു
തോറുതൊഴിഞ്ഞു ഞാൻ കണ്ടിലെടോ നിന്നെ"

* * * *

പലരൊടുമിത്ഥം പറഞ്ഞു കണ്ണനും
"അലമല"മെന്നെ പറഞ്ഞു ശല്യരും
"പലനാളും നിന്റെ വചനങ്ങൾകൊണ്ടേ
കലഹം കണ്ടു ഞാൻ പൊളിയല്ല കണ്ണ!
മപലമാക്കിത്ഥം പറകെന്ന ശീലം
കപടവും മത്താലൊഴിഞ്ഞുമാവുമോ?
കരു മുഹൂർത്തത്തിനിടയ്ക്കു പാർത്ഥനെ-
ത്തിരമൊട്ടു കാട്ടിത്തരുന്നതുണ്ടു ഞാൻ
അവനെ വില്ലുമായടുത്തു കാണുമ്പോ-
ളവനിമുട്ടിപ്പാഞ്ഞടവി തേടും നീ
അവനുടെ കീർത്തി നടനം ചെയ്യുന്ന
ഭുവനത്തിങ്കലെന്നറിഞ്ഞതില്ലേ നീ.
നരസിംഹത്തിനു സമൻ ധനഞ്ജയൻ
ഹരിയോടൊക്കും നീയവനെയോർക്കുമ്പോൾ
പെരികെ നാണമില്ലയോ നിനക്കുള്ളിൽ
പൊരുവതിന്നവനൊട്ടു സൂര്യാത്മജ!"

ഫൽഗുനൻ=അർജ്ജുനൻ.

അലമലം=മതിമതി. കപടം=കളവ്. മുഹൂർത്തം=രണ്ടു നാഴിക സമയം. അവനി=ഭൂമി. അടവി–കാട്. സൂര്യാത്മജൻ=കർണ്ണൻ.

'ജളമതേ കണ്ണ പുനരിതു കേൾ നീ
കളിയല്ല പണ്ടു നിനക്കു തുല്യനായ്
ഒരു പെരുംകാകനുളവായാനവൻ–
ചരിതങ്ങളെയുമറിയുന്നീലേ നീ?
ദിനന്തോറുമെച്ചിൽ കൊടുത്തൊരു വൈശ്യ–
തനയന്മാരായ കുമാരന്മാർ മുന്നം
വളർത്താരെന്നതു നിമിത്തമായ്കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മടത്തൊട്ടു ചെന്നു വിളിച്ചു "താഴിയെ–
ക്കടക്കണം പറന്നിനി നാമെല്ലാരും;
വെളുത്ത മേനിയും ഞെളിയും വെണ്മയു–
മിളച്ചു മൻപെനിക്കയയ്ക്കയും വേണം"
അതു കേട്ടുള്ളിൽ കൌതുകത്തൊടന്നവു–
മുദധിതന്മീതെ പറന്നിതു മെല്ലെ.
അതിലും മേൽഭാഗത്തധികം വേഗത്തി–
ലതിമോദത്തൊട്ടു പറന്നു കാകനും.
തെളിഞ്ഞു വായസഗണവുമന്നേരം
തളർന്നു കാകനും ചിറകു മന്ദിച്ചു
കുഴഞ്ഞു വെള്ളത്തിൽ പിടഞ്ഞു വീണുടൻ
കഴിഞ്ഞു കാകൻതന്നഹങ്കാരമെല്ലാം
വിധിബലമയ്യോ മരിച്ചാനപ്പോലെ
വിധിവിഹിതം കേൾ നിനക്കുമാകുന്നു;
വിളിച്ചരികെ വച്ചുതളയും തന്നു
വളർത്തു നിന്നെയുമിഹ സുയോധനൻ

ഉദധി=സമുദ്രം. വായസഗണം=കാക്കക്കൂട്ടം.

അഭിമാനിക്കുന്നതതുകൊണ്ടല്ലയോ
കുപിതനാകൊല്ലാ പരമാത്മാ ചൊന്നാൽ."

* * * *

മുറിഞ്ഞിടരൊടേ തിരിച്ചു ധർമ്മജൻ
പറഞ്ഞു കണ്ണനുമവനൊടന്നേരം
"ഉഴറിപ്പോകാതെ തിരിഞ്ഞു നില്ലുനി-
ല്ലുഴകോ ഭൂപതിവരനാക്കോട്ടുക?
നൃപധർമ്മമൊന്നുമറിയുന്നില്ലയോ
നൃപശിഖാമണേ! മരിക്കിലും നന്നു.
മതിമതിയെങ്കിൽ നടന്നാലുമെടോ!
മതിമാനായ നീ മരിച്ചുപോകേണ്ട.
പൃഥിവി പാലിപ്പാനിരിക്ക നല്ലു നീ
പൃഥിവിനാഥ ധർമ്മജ പൃഥാത്മജ!
വൃഥാ കുലധർമ്മപ്രഥനം ചെയ്യായ്ക
കഥകളെല്ലാമിന്നറിഞ്ഞു ഞാൻ നിന്റെ.
തടുത്തുകൂടുമോ മമ ശരങ്ങളെ?
വ്രതയാഗാദികളനുഷ്ഠിച്ചുകൊൾക;
പിതൃപതിക്കേറെ പ്രിയനെന്നാകിലും
മൃതി വരുമെന്നോടടുത്തു പോർചെയ്താൽ.
പടയ്ക്കു ഭാവിച്ചു പുറപ്പെടായ്കേടോ
പഠിച്ചുകൊള്ളുക പലവും ശാസ്ത്രങ്ങൾ.
മിടുക്കുള്ളജ്ജുനനണയത്തില്ലയോ?
തടിച്ച ഭീമനെ നടിച്ചു കണ്ടില്ല.

പ്രഥനം=യുദ്ധം. പിതൃപതി=യമൻ.

ഇനി ഞാനെയ്യയില്ലതു പേടിക്കേണ്ട
എനിക്കു നിന്നെക്കൊന്നൊരു ഫലമില്ല
പതുക്കെപ്പോയാലും ഭയപ്പെടായ്ക"യെ-
ന്നധിക്ഷേപിച്ചംഗനരപതി ചൊന്നാൻ.
തെരുതെരെച്ചില ശരനിരകളെ-
പ്പെരുമഴപോലെ ചൊരിഞ്ഞു മാരുതി.
വിഷണ്ണനായ് നിന്നു വികർത്തനാത്മജ-
നഴന്നതു കണ്ടു പറഞ്ഞു ശല്യരും:—
"വിജയനോടു പോർ കരുതി വന്നൊരു
വിരുതൻ വില്ലാളിവരനല്ലേയിപ്പോഥം
പരിഭ്രമത്തൊടു വയറ്റിൽ കൈവച്ചു
പരുക്കെ നോക്കുന്നതെവിടെക്കു പോവാൻ?
മരിക്കിലും നന്നു ജയിക്കിലും നന്നു
ശരപ്രയോഗം ചെയ്തതുപോലെ നീയും".

ശ്രീമഹാഭാഗവതം

ലങ്കേശ്വര ലോകസന്താപന! നീ
ശങ്കേതരം കേഥിക്ക വാക്യം മദീയം
വൻപൻ ഭവാനെങ്കിലിദ്ധർമ്മദാരാൻ
വഞ്ചിച്ചുവെന്തിനു ശ്രീരാമരാമ.
കേഥംപൂണ്ടു നിന്നെപ്പുരാ രാവണ ഞാൻ
കാത്തവീര്യൻതന്റെ കാരാനിവാസേ

അംഗനരപതി=കണ്ണൻ. മാരുതി=ഭീമൻ. വികർത്തനാത്മജൻ=കണ്ണൻ. ധർമ്മദാരാൻ=ധർമ്മപത്നിയെ. കാരാനിവാസേ=കാരാഗൃഹത്തിൽ.

വീപ്പുണ്ടു മുട്ടിക്കിടക്കുംപ്രകാരം
കേട്ടീടുകോരോന്നു ശ്രീരാമരാമ.
പിച്ചക്കളിപ്രായമക്കാത്തവീയ്മൻ
പച്ചപ്പുകൽ കെട്ടിയിട്ടോരു നേരം
എച്ചിൽക്കു കൊണ്ടോടി നിൽക്കും ദശാസ്യം
കേഠപ്പുണ്ടു പണ്ടേ ഹരേ രാമരാമ.
ഒപ്പാതിരേകേണ കൈലാസശൈലം
കൈൽപ്പോടെട്ടപ്പാൻ തുടങ്ങുന്ന നേരം
അപ്പാണിമേൽ വീണു കേഴും ദശാസ്യം
കേഠപ്പുണ്ടു പണ്ടേ ഹരേ രാമരാമ.
ഊക്കെങ്ങു പോയീ പുരാ ബാലി തന്നോ-
ടേൽക്കുന്ന നേരത്തെടാ രാവണ! കേഠം
വാൽക്കൽ കിടക്കും പ്രകാരങ്ങളോത്താ-
ലോക്കാനമാകുന്നു ശ്രീരാമരാമ.
നേരിട്ടണഞ്ഞിട്ടു പോർചെയ്യുദാരം
ദാരങ്ങളെക്കൊണ്ടു പോയെങ്കിൽ നിന്റെ
വീര്യങ്ങഠം ശൌര്യങ്ങഠം കൊള്ളാന്നു കള്ള!
ദൂരത്തു പോയ് നില്ലു ശ്രീരാമരാമ.

രാമായണം ഇരുപത്തിനാലുവൃത്തം.

ദശാസ്യം=രാവണനെ.

നീതൃക്തികം

ദുർജ്ജനസംസർഗ്ഗം

ധീരനായേറ്റവും ദയാനിധനായ് ഗുണാ-
ചാരസംയുക്തനായ് നീതിജ്ഞനായ് നിജ-
ദേശികവാക്യസ്ഥിതനായ് സുശീലനാ-
യാശയശുദ്ധനായ് വിദ്യാനിരതനായ്
ശിഷ്ടനായുള്ളവനെന്നാകിരിക്കിലും
ദുഷ്ടസംഗംകൊണ്ടു കാലാന്തരത്തിനാൽ
സജ്ജനനിന്ദ്യനായ്ത്തന്നുടെ ദുഷം
ദുർജ്ജനസംസർഗ്ഗമേറ്റവമകലവേ
വർജ്ജിക്കവേണം പ്രയത്നേന സൽപുമാൻ
കുജ്ജളം പറിയാൽ സസ്യവും നിഷ്ഫലം.

ക്രോധോപാലംഭം

തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ
മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും
ശക്തിയുള്ളോന്നതിൽ ക്രോധമറിക നീ;
മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്വരും
ക്രോധമൂലം നൃണാം സംസാരബന്ധനം

ദേശികൻ=ആചാര്യൻ. ശിഷ്ടൻ=ധർമ്മതൽപരൻ. കുജ്ജളം=കരി.

ക്രോധമല്ലോ നിജധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം;
ക്രോധമല്ലോ യമനായതു നിർണ്ണയം
വൈതരണ്യാഖ്യയാകുന്നതു തൃഷ്ണയും
സന്തോഷമാകുന്നതു നന്ദനം വനം
സന്തതം ശാന്തിയേ കാമസുരഭി കേൾ
ചിന്തിച്ചു ശാന്തിയെത്തന്നെ ഭജിക്ക നീ
സന്താപമെന്നാലൊരു ജാതിയും വരാ.

ബാലിയുടെ ധർമ്മവാദം

എന്തു ഞാനൊന്നു നിന്നോടു പിഴച്ചതു-
മെന്തിനെന്നെക്കൊലചെയ്തു വെറുതെ നീ?
വ്യാജേന ചോരധർമ്മത്തെയും കൈക്കൊണ്ടു
രാജധർമ്മത്തെ വെടിഞ്ഞതെന്തിങ്ങനെ?
എന്തൊരു കീർത്തി ലഭിച്ചതിതുകൊണ്ടു?
ചിന്തിക്ക രാജകുലോത്ഭവനല്ലോ നീ
വീരധർമ്മം നിരൂപിച്ചു കീർത്തിക്കെങ്കിൽ
നേരേ പൊരുതു ജയിക്കേണമേവനും;
എന്തൊന്നു സുഗ്രീവനാൽ കൃതമായതു-
മെന്തു മറ്റെന്നാൽ കൃതമല്ലയാഞ്ഞതും?
രക്ഷോവരൻ തവ പത്നിയെക്കട്ടതി-
നക്കാത്മജനെശ്ശരണമായ് പ്രാപിച്ച

വൈതരണി=നരകത്തിലെ അഴുക്കുപുഴ നന്ദനം=സ്വർഗ്ഗോദ്യാനം. കാമസുരഭി=കാമധേനു.
രക്ഷോവരൻ=രാവണൻ. അക്കാത്മജൻ=സുഗ്രീവൻ.

നിഗ്രഹിച്ചു ഭവാനെന്നെയെന്നാകിലോ
വിക്രമം മാമകം കേട്ടറിയുന്നീലേ?
ആരറിയാത്തതു മൂന്നു ലോകത്തിലും
വീരനാമെന്നുടെ ബാഹുപരാക്രമം?
ലങ്കാപുരത്തെ ത്രികൂടമൂലത്തോടും
ശങ്കാവിഹീനം ദശാസ്യനോടും കൂടെ
ബന്ധിച്ചു ഞാനരനാഴികകൊണ്ടു നി-
ന്നന്തികേ വച്ചു തൊഴുതേനുമാദരാൽ;
ധർമ്മിഷ്ഠനെന്നു ഭവാനെ ലോകത്തിങ്കൽ
നിർമ്മലന്മാർ പറയുന്നു രഘുപതേ!
ധർമ്മമെന്തൊന്നു ലഭിച്ചതിതുകൊണ്ടു
നിർമ്മൂലമിങ്ങനെ കാട്ടാളനെപ്പോലെ
വാനരത്തെച്ചതിചെയ്തു കൊന്നിട്ടൊരു
മാനമുണ്ടായതെന്തെന്നു പറക നീ,
വാനരമാംസമഭക്ഷ്യമത്രേ ബത!
മാനസേ തോന്നിയതെന്തിതു ഭൂപതേ!

രാമന്റെ സമാധാനം

ധർമ്മത്തെ രക്ഷിപ്പതിന്നായുധവുമായ്
നിർമ്മത്സരം നടക്കുന്നിതു നീളെ ഞാൻ
പാപിയായോരധർമ്മിഷ്ഠനാം നിന്നുടെ
പാപം കളഞ്ഞു ധർമ്മത്തെ നടത്തുവാൻ
നിന്നെ വധിച്ചിതു ഞാൻ, മോഹബദ്ധനായ്
നിന്നെ നീയേതുമറിയാഞ്ഞതുമൊടോ!

മാമകം=എന്റേത്, മാനം=യോഗ്യത.

പുത്രി ഭഗിനി സഹോദരഭാര്യയും
പുത്രകളത്രവും മാതാവുമേതുമേ
ഭേദമില്ലെന്നല്ലോ വേദവാക്യമതു
ചേതസി മോഹാൽ പരിഗ്രഹിക്കുന്നവൻ
പാപികളിൽവച്ചുമേറ്റം മഹാപാപി
താപമവന്നതിനാലേ വരുമല്ലോ;
മര്യ്യാദ നീക്കി നടക്കുന്നവർകളെ-
ശ്ശൗര്യമേറും നൃപന്മാർ നിഗ്രഹിച്ചുടൻ
ധർമ്മസ്ഥിതി വരുത്തും ധരണീതലേ
നിർമ്മലാത്മാ നീ നിരൂപിക്ക മാനസേ;
ലോകവിശ്രുതി വരുത്തുവാനായ്ക്കൊണ്ടു
ലോകപാലന്മാർ നടക്കുമെല്ലാടവും
ഏറെപ്പറഞ്ഞുപോകായ്കവരോടതും
പാപത്തിനായ്വരും പാപികൾക്കേറവും.

സുഗ്രീവോൽബോധനം.

കേൾക്ക കപീന്ദ്ര നിനക്കു ഹിതങ്ങളാം
വാക്കുകൾ ഞാൻ പറയുന്നവ സാദരം
നിന്നുടെ കാര്യം വരുത്തി രഘൂത്തമൻ
മുന്നമേ സത്യവ്രതൻ പുരുഷോത്തമൻ
പിന്നെ നീയോ നിരൂപിച്ചീലതേതുമെ-
ന്നെന്നുടെ മാനസേ തോന്നുന്നിതിന്നഹോ;

ഭഗിനി=സഹോദരി. പുത്രകളത്രം=പുത്രഭാര്യ. ചേതസി=മനസ്സിൽ. താപം=ദുഃഖം. ലോകപാലന്മാർ=രാജാക്കന്മാർ.

ബാലി മഹാബലവാൻ കപിപുംഗവൻ
ത്രൈലോക്യസമ്മതൻ ദേവരാജാത്മജൻ
നിന്നുടെമൂലം മരിച്ച ബലാലവൻ
മുന്നമേ കായ്മം വരുത്തിക്കൊടുത്തതും.
രാജ്യാഭിഷേകവുംചെയ്ത മഹാജന-
പൂജ്യനായ് താരയുമായിരുന്നീടു നീ;
എത്രനാളുണ്ടിരിപ്പിങ്ങിനിയെന്നതും
ചിത്തത്തിലുണ്ടു തോന്നുന്ന ധരിക്ക നീ
അദ്യ വാ ശ്വോ വാ പരശ്വോഥവാ തവ
മൃത്യു ഭവിക്കുമതിനില്ല സംശയം
പ്രത്യുപകാരം മറക്കുന്ന പുരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും;
പർവതാഗ്രേ നിജസോദരൻതന്നോടു-
മുർവ്വീശ്വരൻ പരിതാപേന വാഴുന്നു
നിന്നെയും പാർത്തു പറഞ്ഞ സമയവും
വന്നതും നീയോ ധരിച്ചതില്ലേതുമേ
വാനരഭാവേന മാനിനീസക്തനായ്
പാനവും ചെയ്ത മതിമറന്നനാഹം
രാപ്പകലുമറിയാതെ വസിക്കുന്ന
കോപ്പുകളെത്രയും നന്നുനന്നിങ്ങനെ
അഗ്രജനായ ശക്രാത്മജനെപ്പോലെ
നിഗ്രഹിച്ചീടും ഭവാനെയും നിർണ്ണയം.

ദേവരാജാത്മജൻ=ഇന്ദ്രപുത്രൻ. അദ്യവാശ്വോവാപരശ്വോഥവാ=ഇന്നോ നാളെയോ മറന്നാളോ. മൃത്യു=മരണം. ഉർവ്വീശ്വരൻ=രാജാവ് രാമൻ. പരിതാപേന=ദുഃഖത്തോടുകൂടി. മാനിനി=സ്ത്രീ പാനം=മദ്യപാനം. അഗ്രജൻ=ജ്യേഷ്ഠൻ. ശക്രാത്മജൻ=ബാലി.

മന്ത്രം മൂന്നു വിധം.

ഉത്തമം മദ്ധ്യമം പിന്നെയധമവു-
മിത്ഥം ത്രിവിധമായുള്ള വിചാരവും,
സാദ്ധ്യമിദമിദം ദുസ്സാദ്ധ്യമാമിദം
സാദ്ധ്യമല്ലെന്നുള്ള മൂന്നു പക്ഷങ്ങളും
കേട്ടാൽ പലക്കുമൊരുപോലെ മാനസേ
വാട്ടമൊഴിഞ്ഞു തോന്നീടുന്നതും മുദാ
തമ്മിലന്യോന്യം പറയുന്ന നേരത്തു
സമ്മതം മാമകം നന്നു നന്നീദൃശം
എന്നുറച്ചൊന്നിച്ചു കല്പിപ്പതുത്തമം;
പിന്നെ രണ്ടാമതു മദ്ധ്യമം പൊല്ലുവൻ
കാരോതരം പറഞ്ഞു നങ്ങളുള്ളതു
തീരുവാനായ് പ്രതിവാദിച്ചനന്തരം
നല്ലതിതെന്നൈകമത്യമായേവനു-
മുള്ളിലുറച്ചു കല്പിച്ചു പിരിവതു
മദ്ധ്യമമായുള്ള മന്ത്രം; അതെന്നിയേ
ചിത്താഭിമാനേന താനാൻ പറഞ്ഞതു
സാധിപ്പതിന്നു ദുസ്സക്കം പറഞ്ഞതു
ബോധിച്ചു മറേവനും പറഞ്ഞീർഷ്യയാ
കാലുഷ്യമേതസാ കല്പിച്ചുകൂടാതെ
കാലവും ദീർഘമായീടും പരസ്പരം
നിന്ദയും പൂണ്ടു പിരിയുന്ന മന്ത്രമോ
നിന്ദ്യമായുള്ളൊരനാധമമതെത്രയും.

ദുസ്സാദ്ധ്യം=സാധിക്കാൻ പ്രയാസമായിട്ടുള്ളതു്. ഊനങ്ങൾ=ദോഷങ്ങൾ. മന്ത്രം=കായ്യവിചാരം. ഈർഷ്യയാകാലുഷ്യമേതസാ=കോപംകൊണ്ടു കലങ്ങിയ മനസ്സുമായി.

കമ്മബലം.

മോഹേന നാദഭേദം കേട്ട ചെന്നുടൻ
ദേഹനാശം മൃഗങ്ങൾക്കു വരുന്നിതു,
മീനങ്ങളെല്ലാം രസത്തിങ്കൽ മോഹിച്ചു
താനേ ബളിശം വിഴുങ്ങി മരിക്കുന്നു,
അഗ്നിയെക്കണ്ടു മോഹിച്ചു ശലഭങ്ങൾ
മഗ്നമായ് മൃത്യു ഭവിക്കുന്നിതവ്വണ്ണം,
ജാനകിയെക്കണ്ടു മോഹിക്കകൊരണം
പ്രാണവിനാശം ഭവാനുമകപ്പെട്ടും;
നല്ലത്തല്ലേതുമെനിക്കിതെന്നുള്ളതു-
മുള്ളിലറിഞ്ഞിരിക്കുന്നിതെന്നാകിലും
ചെല്ലുമതിങ്കൽ മനസ്സുതിൻ കാരണം
ചൊല്ലുവൻ, മുന്നം കഴിഞ്ഞ ജന്മത്തിലേ
വാസനകൊണ്ടതു നീക്കരുതാക്കുമേ
ശാസനയാലുമടങ്ങുകയില്ലതു്.

അദ്ധ്യാത്മരാമായണം

ചതുർവ്വർഗ്ഗസമ്പാദനം (കഥോക്തി)

ധർമ്മാർത്ഥകാമമോക്ഷം നാലിനും വിരോധങ്ങൾ
തമ്മിൽ വാരാതെകണ്ടു സാധിച്ചുകൊൾകേയാവൂ.
ധർമ്മത്തെയുപേക്ഷിച്ചോരർത്ഥകാമങ്ങൾ വേണ്ടാ
ധർമ്മത്തെക്കൊതിച്ചർത്ഥകാമവും കളയേണ്ടാ

മൃഗങ്ങൾ=മാനുകൾ. മീനങ്ങൾ=മത്സ്യങ്ങൾ. രസം=സ്വാദ്. ബളിശം=ചൂണ്ടൽക്കൊളുത്ത്. ശലഭങ്ങൾ=പാറ്റകൾ. മഗ്നമായ്=മുങ്ങി. ശാസന=ഉപദേശം.

ധർമ്മകാമങ്ങൾ വെടിഞ്ഞർത്ഥവുമുണ്ടാക്കേണ്ടോ
ധർമ്മാർത്ഥങ്ങളെ വെടിഞ്ഞുള്ള കാമവും വേണ്ടാ
തങ്ങളിൽ വിരുദ്ധമായിരിക്കുമിവ മൂന്നും
മംഗലശീലേ! നിന്നോടെന്തിനു പറയുന്നു?
ധർമ്മത്തെസ്സാധിക്കുമ്പോളർത്ഥകാമങ്ങളും പോം
ധർമ്മകാമങ്ങളും പോമർത്ഥത്തെസ്സാധിക്കുമ്പോൾ
കാമത്തെസ്സാധിക്കുമ്പോളർത്ഥധർമ്മങ്ങളും പോം
കാമിനിയായ നീയുമതിനു പുറപ്പെട്ടാൽ
ഈശ്വരനേയും ഗുരുവാകും നിന്നച്ഛനേയും
ശാശ്വതമായ ധർമ്മംതന്നെയും പേടിക്കേണം
ഞാനിതു ചെയ്കയില്ല പോയാലുമകത്തിപ്പോൾ
ജ്ഞാനമോ നിന്നോളമിന്നാർക്കുമേയില്ലയല്ലോ.

ശകുന്തളാവാക്യം

ഭാര്യയാകുന്നതവളേവനും മന്ദിരരക്ഷ
ഭാര്യയാകുന്നതവളേവനും സൽപ്രജാവതി
ഭാര്യയാകുന്നതവളേവനും വല്ലഭപ്രാണ
ഭാര്യയാകുന്നതവളതിഥിപ്രിയയല്ലോ.
പാതിയും മനുഷ്യനു ഭാര്യയെന്നറിഞ്ഞാലും
മേദിനീപതേ ഭാര്യ വലിയ സഖിയല്ലോ;

മന്ദിരരക്ഷ=ഗൃഹഭരണത്തിൽ സമർത്ഥ. സൽപ്രജാവതി=നല്ല മക്കളുള്ളവനും. വല്ലഭപ്രാണ=ഭർത്താവിനെ പ്രാണനെപ്പോലെ സ്നേഹിക്കുന്നവനും. അതിഥിപ്രിയ=അതിഥിസൽക്കാരത്തിൽ പ്രീതിയുള്ളവനും. മേദിനീപതി=രാജാവ്.

ധർമ്മാർത്ഥകാമങ്ങഠിക്കു കാരണം ഭാര്യയത്രേ
കർമ്മികളാകുന്നതും ഭാര്യാവത്തുക്കളത്രേ
ബന്ധുമാനാകുന്നതും ഭാര്യയുള്ളവനത്രേ
സന്തതം ഗൃഹസ്ഥന്മാർ ഭാര്യാവത്തുക്കളത്രേ.
ഭാര്യാവത്തുക്കളത്രേ സന്തോഷിച്ചീടുന്നതും
ഭാര്യാവത്തുക്കളത്രേ നിശ്ചലശ്രീമത്തുകഠം
വിവിക്തവാസത്തിങ്കൽ തൃണവും ഭാര്യയത്രേ
പ്രവൃത്തിയ്ക്കുനുകരിക്കുന്നതും ഭാര്യയത്രേ.
അശ്രാന്തം പ്രിയം പറയുന്നതും ഭാര്യയത്രേ
വിശ്വാസ്യനാകുന്നതും ഭാര്യയുള്ളവനത്രേ
സാക്ഷിയായീടുന്നതും ഭാര്യയുള്ളവനത്രേ
മോക്ഷത്തെസ്സാധിപ്പതും ഭാര്യയുള്ളവനത്രേ.

൨

പരബീജത്തെ ഗ്രഹിച്ചീടുന്ന കുലസ്ത്രീകഠം
നരകം പ്രാപിക്കുന്നു കുലവും നശിപ്പിക്കും
പരനാൽ ജനിതന്മാരായുള്ള പുത്രന്മാരെ—
പ്പുനന്മാരെന്നതന്നെ മൊല്ലുകേ വേണ്ടൂ നൂനം
പുത്രന്മാരായീടുന്ന ശത്രുക്കളവരല്ലോ
വൃദ്ധനെന്നവമാനിച്ചെത്രയും ദ്വേഷിക്കയും
ധിക്കരിക്കയും മൊന്നാലൊന്നുമേ കേളായ്കയും
ദുഃഖം വർദ്ധിക്കുംവണ്ണം ശുശ്രൂഷിക്കയും പക്ഷേ

നിശ്ചലശ്രീമത്തുകഠം=ഉറച്ച ഐശ്വര്യമുള്ളവർ വിവിക്തവാസം=വിജനസ്ഥലത്തു താമസം. അശ്രാന്തം=എപ്പോഴും. പുനൻ=അനുജൻ.

"മക്കളായുണ്ടാക്കുവാൻ ഞങ്ങൾപണ്ടേതാ ചൊല്ലി
ശിക്ഷിപ്പാനെന്തു മൂലം ഞങ്ങളെയിവനെന്നും
മന്മഥവിവശനായമ്മയെക്കണ്ട മോഹി-
ച്ചുന്മദമോടു ചെയ്ത സമ്മതക്കേടിന്നിപ്പോൾ
കല്മഷമാകുന്നതു ധർമ്മത്തെ മറക്കയാൽ
മന്മങ്ങൾ ഞങ്ങളോടു പറഞ്ഞാലെന്തു ഫലം?"
ഇത്തരം ഭർത്സിച്ചീടും പരജാതന്മാരായ
പുത്രന്മാരവരേയും പാലിക്കും പിതാവേറും.

൩

കണ്ടാലും പിപീലികാജാതികൾപോലും പുന-
രണ്ഡങ്ങൾ കളയാതെ സംഭരിക്കുന്നുവല്ലോ
കോകിലാണ്ഡവും ഭരിച്ചീടുന്നു വാത്സല്യത്താൽ
കാകന്മാരാത്മീയമെന്നോർത്തതുമെത്ര മിത്രം.
സർവ്വജ്ഞനായ ഭവാനിങ്ങനെയിരിക്കുന്ന
ദിവ്യനാം പുത്രന്തന്നെബ്ഭരിച്ചീടായ്വാനെന്തേ?
മലയോത്ഭവമായ ചന്ദനത്തിലുമേറെ-
മലിയും തപഗിന്ദ്രിയം സുതനെപ്പുൽകുന്നോരം.
സ്നിഗ്ധമാരായ വേശ്യമാരുടെ ശരീരവും
സ്നിഗ്ധമാം വാസോരത്നജലമെന്നിവറിലും

മന്മഥവിവശൻ=കാമതാപം പൂണ്ടവൻ. കല്മഷം=പാപം. ഭർത്സിച്ചീടും=അധിക്ഷേപിക്കും.

പിപീലിക=എറുമ്പ്. അണ്ഡങ്ങൾ=മുട്ടകൾ. സംഭരിക്കുന്നു=ഒരുക്കൂട്ടുന്നു. കോകിലം=കുയിൽ ആത്മീയം=തന്റേത് മലയോത്ഭവം=മലയപർവ്വതത്തിലുണ്ടായത്. വാസോരത്നജലം=വസ്ത്രവും രത്നവും വെള്ളവും.

പുത്രദേഹാലിംഗനമെത്രയും സുഖമേറും
പുത്രസ്പർശത്തിൽപരം സ്പർശനസുഖമില്ല.
കാലു രണ്ടായുള്ളോരിൽ ശ്രേഷ്ഠൻ ബ്രാഹ്മണനല്ലോ
നാലുകാലുള്ളവരിൽ ശ്രേഷ്ഠതപം പശുവിനും
ഗൌരവമുള്ളവരിൽ ശ്രേഷ്ഠതപം ഗുരുവിനും
കാരുണ്യമുള്ളവരിൽ ശ്രേഷ്ഠതപം മുകുന്ദനും
സ്പർശനവസ്തുക്കളിൽ ശ്രേഷ്ഠതപം തനയനും
സ്പർശനസുഖമനുഭവിക്ക ഭവാനിപ്പോൾ.

൪

കടുകിന്മണിമാത്രമുള്ളോരു പരദോഷ-
മുടനേ കാണുന്നു നീ നിന്നുടെ ദോഷം പിന്നെ
കണ്ടാലും ഗജമാത്രം കാണുന്നീലേതുമതു
പണ്ഡിതന്മാക്കുപോലുമുള്ളോരു ശീലമത്രേ;
നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം
മന്നിടത്തിങ്കലെന്നി നിനക്കു മറിക്കാമോ?
മന്നവ ഭ്രവിങ്കലുമന്തരിക്ഷത്തിങ്കലും
ഭേദമെന്നിയെ മറിച്ചീടാമീയെനിക്കെടോ!
ഭേദവും നമ്മിലെത്ര പാരമുണ്ടോക്കുന്തോറും
ചേതസി വിചാരിക്ക ഭ്രപതിതിലകമേ!
മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ
സാരജ്ഞനല്ലൊട്ടുമോത്തോളം ധാത്രീശ! ഭവാൻ

കടുകിൻമണിമാത്രം=കടുകുമണിയോളം. ഗജമാത്രം=ആനയോളം. അന്തരിക്ഷം=ആകാശം.

ഏതാനും വിചാരമുണ്ടെന്നാകിലെന്നോടിതു
ഭ്രഷ്ടേവേന്ദ്രന്മാർ കേൾക്കെച്ചൊൽവാനില്ലവകാശം
നിന്നുടെ പൂർവ്വപിതാമഹനാമായുസ്സാമാ-
തന്നോളം മഹത്ത്വമുണ്ടായിട്ടില്ലാരും,മവൻ-
തന്നുടെ ജന്മം കേട്ടിട്ടില്ലേ നീ നൃപോത്തമ!
മുന്നാമാദിയേ ശശാങ്കാന്വയജാതനായാൻ
ഉർവ്വീശൻ പുരൂരവാ, തൽസുതനായിട്ടവ-
നുർവ്വശിപെറുണ്ടായിട്ടെന്നതോർത്തുരചെയ്ക.
അത്ഭുതപരാക്രമമുള്ള രാജാക്കന്മാരു-
ണ്ടപ്സരസ്ത്രീകളെ പെറിട്ടുമമുനിമാരും.
മാതൃദോഷംകൊണ്ടില്ല ദിവ്യന്മാക്കൊരുദോഷം
മേദിനീപതേ! തവ ചേതസി നിരൂപിക്ക.

൫

കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെന്നുമേ വിരൂപന്മാർ.
മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞീടും
മുറ്റും തന്നുടെ കുറ്റമൊന്നറികയുമില്ല.
കുറ്റമില്ലാത ജനം കുറ്റമുള്ളവരേയും
പെറ്റു നിന്ദിക്കയില്ല തമ്മുടെ ഗുണങ്ങളാൽ.

ഭ്രഷ്ടേവേന്ദ്രന്മാർ=ബ്രാഹ്മണ ശ്രേഷ്ഠന്മാർ. പൂർവ്വപിതാമഹൻ= പണ്ടത്തെ മുത്തച്ഛൻ. ആയുസ്സാമാ=ആയുസ്സെന്നു പേരുള്ളവൻ. ശശാങ്കാന്വയം= ചന്ദ്രവംശം.

മത്തേഭൻ പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പു
നിത്യവും സച്ഛജലത്തിലേ കുളിച്ചാലും
സജ്ജനനിന്ദകൊണ്ടേ ദുർജ്ജനം സന്തോഷിപ്പൂ
സജ്ജനത്തിനു നിന്ദയില്ല ദുർജ്ജനത്തേയും.
ക്ഷീരമാംസാദി ഭുജിച്ചീടിലുമമേദ്ധ്യത്തെ-
പ്പാരാതേ ഭുജിക്കേണം സാരമേയങ്ങൾക്കെല്ലാം.
സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറാവും പേടിക്കേണം
നാസ്തികന്മാരായുള്ളോർ തങ്ങളുമെല്ലാം പുന-
രാസ്തികന്മാരോ പറയേണമെന്നില്ലയല്ലോ.
നാസ്തികന്മാരായുള്ളോരസത്യവാദികളി-
ലാസ്ഥയാ വസിക്കുന്നു കലിയെന്നറിഞ്ഞാലും
നിർമ്മലമനസ്സോടു ധർമ്മമാരികളായോർ
തമ്മോടങ്ങെങ്ങുമേട്ടുത്തീടുകയില്ല കലി.

൩൯

മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ-
മാഖ്യാനംചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും
അന്നവും പുരീഷവും കൂടവേ നൽകീടുകിൽ
തിന്നീടും പുരീഷത്തെപ്പന്നിയെന്നറിഞ്ഞാലും.

മത്തേഭൻ=മദിച്ച ഗജം. പാംസുസ്നാനം=പൊടിയിൽകുളി. അമേദ്ധ്യം=മലം. സാരമേയങ്ങൾ=നായ്ക്കൾ. നാസ്തികന്മാർ=ദൈവവിശ്വാസമില്ലാത്തവർ.

ആഖ്യാനം ചെയ്യുക=പറയുക. പുരീഷം=മലം.

നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്നുമെന്നതുപോലെ.
ദുർജ്ജനം ചൊല്ലീടുന്നു സജ്ജനത്തേയുമെല്ലാം
ദുർജ്ജനമെന്നതെനിക്കെത്രയും ചിത്രമോത്താൽ
സജ്ജനമാകുന്നതു തങ്ങളെന്നാക്കീടുന്നു
ദുർജ്ജനമാകാത്തവരെന്നറിഞ്ഞതുമൂലം;
ഇത്തരമെന്തിന്നു ഞാൻ വളരെപ്പറയുന്നു
തത്ത്വമായതു പറഞ്ഞീടുവൻ കേൾക്കുന്നാകിൽ.

൭

ശതകൂപത്തിൽ പരം വാപിയൊന്നറിഞ്ഞാലും
ശതവാപിയിൽ പരം യാഗമൊന്നെന്നു കേൾപ്പൂ
ശതയാഗത്തിൽ പരം പുത്രനൊന്നല്ലോ നൂനം
ശതപുത്രരിൽ പരം സത്യമൊന്നെന്നു കേൾപ്പൂ;
സഹസ്രമശ്വമേധത്തോടൊരു സത്യന്തന്നെ—
സ്സഹസ്രപത്രോത്ഭവൻ തൂക്കി പണ്ടെന്നു കേൾപ്പൂ
അന്നെത്തുലങ്ങിയതു സത്യമെന്നറിഞ്ഞാലും
മന്നവ! സത്യത്തേക്കാൾ വലുതല്ലൊന്നുമോത്താൽ;
സർവ്വേദവുമൊക്കെ നിത്യവും ജപിക്കിലും
സർവ്വതീർത്ഥങ്ങളിലും നിത്യവും കുളിക്കിലും
സത്യത്തിൻ ഫലസഹസ്രാംശമില്ലറിഞ്ഞാലും
സത്യത്തിൽ പരമൊരു ധർമ്മമില്ലോർക്കണം നീ;

അന്നം=അരയന്നം. ശതകൂപം=നൂറു കിണർ. വാപി=കുളം. സഹസ്രപത്രോത്ഭവൻ=ബ്രഹ്മാവ്.

എന്നതുപോലെതന്നെ കണ്ടുകൊൾകസത്യവും
മന്നവ! നിന്നോടേറെ ഞാൻ പറഞ്ഞീടേണമോ?.

'നന്നല്ല മഹദ്വൈരം'

ധന്യന്മാരോടു പാരം മത്സരമുണ്ടായ്വരും
ദുർന്നയമുള്ളിലേറും ദുർഭഗന്മാർക്കു നിത്യം.
വിദ്യാഭിജാത്യവിത്തവൃത്തശീലൌദാര്യാസ്യാ-
മിത്രരൂപാദിഗുണകീർത്തികൾ കാണുന്തോറും
മാനസേ സഹിയാഞ്ഞു സാധുക്കൾക്കുള്ള ഗുണ-
ഹാനിയെ വരുത്തുവാനെന്താവതെന്നു തന്നെ
സന്തതം ചിന്തിച്ചോളം സാദ്ധ്യമല്ലെന്നു കണ്ടാ-
ലന്തരം പാർത്തുപാർത്തു മരുവീടിനകാലം
ഛിദ്രമേതാനും കാണായ്വന്നീടുമപ്പോളേറെ-
മുദ്യോഗം കയ്ക്കാണ്ടതിസാഹസചേതസ്സോടും
തന്നെക്കാൾ വലിയവനെന്നെയും ഭേദിപ്പിച്ചു
തന്നെത്താൻ പ്രശംസിച്ചുള്ളന്യായകർമ്മം ചെയ്താൽ
തന്നുടെ മിത്രത്തോടു കൂടവേ താനും ചീർന്നു
സന്നമായ്പോകുമല്ലോ പിന്നെയെന്നതുനേരം.
നന്നല്ല മഹദ്വൈരമാക്കുമെന്നറിയേണം
വന്ദ്യന്മാരായവരെ വന്ദിച്ചീടുക നല്ലു
നിന്ദ്യന്മാരായുള്ളോരെ നിന്ദിച്ചീടേണ്ടതാനും
നിന്ദ്യനായ്പരികയില്ലാരാലുമെന്നാലവൻ.

ധന്യന്മാർ=പുണ്യവാന്മാർ. ദുർഭഗന്മാർ=ദുഷ്ടന്മാർ. ആഭിജാത്യം=കുലീനത. വിത്തം=ധനം. വൃത്തം=ആചാരം. രൂപം=സൌന്ദര്യം. അന്തരം, ഛിദ്രം=പഴുത്. ഉദ്യോഗം=ഉത്സാഹം. സന്നമായ്പോകും=നശിക്കും.

വിദുരവാക്യം.

അനിദ്രന്മാർ

ബലവാന്തന്നാലഭിയുക്തനായ് ചമഞ്ഞോരു
ബലഹീനനും വൃത്തിസാധനവിഹീനനും
പ്ലുതദ്രവ്യനുമതികാമിക്കും തസ്കരനും
ക്ഷിതിനായക! നിദ്രയില്ലെന്നു കേൾപ്പു ഞാനോ.

വ്യക്തിവൈലക്ഷണ്യം

ഒരു വംശത്തിങ്കൽനിന്നുണ്ടായ ജനങ്ങളിൽ
പെരികെഗുണവാന്മാർ ചിലർ ദുഷ്ടന്മാർ ചിലർ
എന്നുണ്ടോ വരുന്നിതെന്നോർക്കേണ്ട ഭവാനതി-
നൊന്നുണ്ടു പറയുന്നു ഞാനുമിന്നുപമയായ്.
തക്ഷന്മാർ വനഭൂവി ചെന്നുടൻ നോക്കിയൊരു
വൃക്ഷത്തെ വെട്ടിക്കുറച്ചതിനെക്കൊണ്ടതന്നെ
കട്ടോടം മരക്കൊട്ട തോണിയുമുലയ്ക്കുയു-
മൊട്ടേടംകൊണ്ടു യാഗപാത്രങ്ങളായ്മേവീടും
സ്രുവവും ജുഹുവുമിത്യാദികളും പണിചെയ്യും
നൃവരശിഖമാണേ! കേട്ടാലുമതുപോലെ
ഒരുവന്തന്റെ പുത്രന്മാരായിട്ടുണ്ടായ്വന്ന
പുരുഷന്മാരും വരുമീവണ്ണമറിക നീ.

അഭിയുക്തൻ=എതിർക്കപ്പെട്ടവൻ. വൃത്തിസാധനവിഹീനൻ=നിത്യവൃത്തിക്കു വകയില്ലാത്തവൻ. പ്ലുതദ്രവ്യൻ=ദ്രവ്യം കളവുപോയവൻ. തസ്കരൻ=കള്ളൻ. ക്ഷിതിനായക=രാജാവേ! നിദ്ര=ഉറക്കം.

തക്ഷന്മാർ=ആശാരിമാർ. കട്ടോടം=പ്രസവമുറിയിൽ ഉപയോഗിക്കുന്ന മരപ്പാത്രം. മരക്കൊട്ട=തുലാംകൊണ്ടു വെള്ളം കോരുവാനുള്ള കൊട്ട. നൃവരശിഖാമണേ=രാജശ്രേഷ്ഠ!

പണ്ഡിതശ്രേഷ്ഠൻ

അത്യർത്ഥം പ്രശസ്തങ്ങളായവ സേവിച്ചീടും
നിത്യവും നിന്ദിതങ്ങളായവ വർജ്ജിച്ചീടും
അശ്രദ്ദധാനനല്ല നാസ്തികത്വവുമില്ല
വിദ്വാനാകുന്നതവൻ പണ്ഡിതശ്രേഷ്ഠനല്ലോ;
ക്രോധദർപ്പാതിഹർഷസ്തംഭലജ്ജാദികളാ-
ലേതുമേ വിഘ്നം കാര്യസാദ്ധ്യത്തിനുണ്ടാകാതെ
സച്ചുമാമാത്മാവോടും മാന്യമാനിത്വംകൊണ്ടേ
നിശ്ചലനാകുന്നവൻ പണ്ഡിതശ്രേഷ്ഠനല്ലോ;
ശീതോഷ്ണഭയരതിസമൃദ്ധിദാരിദ്ര്യാദി-
ഹേതുനാ കൃത്യത്തിനു വിഘ്നത്തെ വരുത്താതെ
നിത്യവും കർത്തവ്യാനുഷ്ഠാനം ചെയ്തീടുന്നവൻ
വിദ്വാനെന്നുമവൻ പണ്ഡിതശ്രേഷ്ഠനല്ലോ;
നഷ്ടമായതു ചിന്തിച്ചേതുമേ ദുഃഖിയാതെ
തുഷ്ടനായപ്രാപ്യമായുള്ളതു കാമിയാതെ
ആപത്തു വരും കാലമേതുമേ മോഹിയാതെ
താപത്തെ ത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ;
കാലത്തെ നിരൂപിച്ചു കല്പിച്ച നിശ്ചയിച്ചൊ-
രാലസ്യം മദ്ധ്യേ തുടർന്നിടാതെ കർമ്മംചെയ്യ
കാലവുമവന്ധ്യമാക്കിക്കൊണ്ടു വശ്യാത്മാവായ്
പാലിച്ചു പുരുഷാർത്ഥം വാണീടുന്നവൻ വിദ്വാൻ;

അശ്രദ്ദധാനൻ=ശ്രദ്ധയില്ലാത്തവൻ. സ്തംഭം=അമ്പരപ്പ്. ആത്മാവ്=മനസ്സ് രതി=സ്നേഹം. അപ്രാപ്യം=കിട്ടാത്തത്. മോഹിയാതെ=അധൈര്യപ്പെടാതെ. ആലസ്യം=മടി. അവന്ധ്യം=സഫലം. വശ്യാത്മാവ്=ജിതേന്ദ്രിയൻ.

അന്യായകമ്മം വാചാ മനസാ ചെയ്യാതെക-
ണ്ടന്യേഷാം ഹിതത്തിങ്കലീഷ്യുമുണ്ടാകാതെ
ആയ്കമ്മണാ രഞ്ജിപ്പേറിയ സൽകമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ;
സമ്മാനത്തിങ്കലുള്ളിൽ സമ്മോദമുണ്ടാകാതെ
നിർമ്മൂലമവമാനത്തിങ്കലും ഖേദിയാതെ
അക്ഷോഭ്യനായിഗ്ഗംഗതന്നിലെ ഹ്രദംപോലെ
രക്ഷിച്ച ധർമ്മത്തെയും വാണീടുന്നവൻ വിദ്വാൻ;
സമ്പ്രവൃത്തോക്തിമാനായ്വിചിത്രകഥനമായ്
സമ്പ്രതിഭാനവാനായ് ശ്രുഭോക്തിവക്തൃതാവുമായ്
ഊഹാപോഹാദികളിൽ ചതുരഹൃദയനായ്
മാഹാത്മ്യത്തോടു വാണീടുന്നവൻ മഹാവിദ്വാൻ;
സകലഭൂതങ്ങഠംക്കുമെത്രയും മനോജ്ഞനായ്
സകലകമ്മങ്ങഠംക്കുമുചിതയോഗജ്ഞനായ്
സകലപുരുഷരിൽവച്ചുപായജ്ഞനുമായ്
സകലവിജ്ഞാനിയായുള്ളവൻ മഹാവിദ്വാൻ;
പ്രജ്ഞാനുഗതമായ വിശ്രുതമുണ്ടു പിന്നെ
പ്രജ്ഞയും ശ്രുതാനുഗയാംവണ്ണമുണ്ടതാനും

അനുഷ്ഠാം=അനുരൂടെ. ആയ്കമ്മണാ=നല്ല പ്രവൃത്തി കൊണ്ട്. സമ്മാനം=ബഹുമാനം. അക്ഷോഭ്യൻ=അകം കലങ്ങാത്തവൻ. ഹ്രദം=കയം. സമ്പ്രവൃത്തോക്തിമാൻ=പ്രകൃതം മാത്രം പറയുന്നവൻ. വിചിത്രകഥൻ=വാക്കിനു ഭംഗിയുള്ളവൻ. സമ്പ്രതിഭാനവാൻ=വേണ്ടതു വേണ്ട സമയത്തു തോന്നുന്നവൻ. ശ്രുഭോക്തി=വ്യുക്തവാക്ക്. ഉചിതയോഗം=തക്ക ഉപായം. പ്രജ്ഞ=ബുദ്ധി. വിശ്രുതം=ശാസ്ത്രജ്ഞാനം. ശ്രുതാനുഗ=ശാസ്ത്രാനുസാരി.

അസംഭിന്നാന്യജനമന്യാദയോടും നിത്യ-
മസന്ദിഗ്ദ്ധാത്മാവായുള്ളവനും മഹാവിദ്വാൻ;
അത്ഥമാകിലും ബലാലൈശ്വര്യമെന്നാകിലും
വിദ്യയാകിലും തനിക്കറിയൊന്നുണ്ടായ്വന്നാൽ
എത്രയും വിനീതനായസമുന്നദ്ധനായ
വിദ്വാനു സമനായിട്ടില്ല വിദ്വാന്മാരാരും.

മൂഢൻ

അശ്രാന്തം ദരിദ്രനായുള്ളവൻ മഹാമന-
സ്സശ്രുതനായുള്ളവനത്യത്ഥം സമുന്നദ്ധൻ
അത്ഥാശ പാരം പ്രവൃത്തിക്കയില്ലേതും താനു-
മെത്രയും മൂഢനവനെന്നല്ലോ ബുധമതം;
അത്ഥത്തെത്തനിക്കുള്ളതഴിച്ചു പരാത്ഥമായ്
മിത്രാത്ഥം മിത്ഥ്യാചാരം ചെയ്തീടുന്നവൻ മൂഢൻ;
തന്നെക്കാമിച്ചീടാത നാരിയെക്കാമിക്കയും
തന്നെക്കാമിച്ചവളെത്താൻ പരിത്യജിക്കയും
തന്നെക്കാൾ ബലവാനോടേറെ മത്സരിക്കയും
തന്നെത്താനറിയാതെ ചെയ്തീടുന്നവൻ മൂഢൻ;
മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
പ്രത്യഹം ദുഷ്കർമ്മം ചെയ്തീടുന്നവൻ മൂഢൻ;
ഉഗ്രപ്രഭാവിൽ കൃത്യങ്ങളെസ്സംശയിച്ചനുദിനം
ക്ഷിപ്രാത്ഥം കർമ്മം ചിരാൽ ചെയ്തീടുന്നവൻ മൂഢൻ;

അസംഭിന്നം=കൂടിക്കലരാത്തത്. അസന്ദിഗ്ദ്ധാത്മാവ്=സംശയമില്ലാത്തവൻ അസമുന്നദ്ധൻ=അഹങ്കരിക്കാത്തവൻ.

മഹാമനസ്സ്=ഉദാരഹൃദയൻ അത്യുത്ഥം=ഏറ്റവും. അമിത്രൻ=ശത്രു ക്ഷിപ്രാത്ഥം കർമ്മം=വേഗം വേണ്ട കാര്യം. ചിരാൽ=അമാന്തമായി.

അന്യമന്ദിരത്തിങ്കൽ ചൊല്ലാതെ ചെല്ലുകയും
തന്നോടു ചോദിക്കാതെ താനേപ്പെറുകയും
ഉദ്ധതനായുള്ളവന്തന്നെ വിശ്വസിക്കയും
ബദ്ധമോദേന ചെയ്തീടുന്നവൻ മഹാമൂഢൻ;
അന്യദോഷങ്ങൾ പറഞ്ഞാറവുമാക്ഷേപിക്കും
തന്നുടെ വർത്തമാനമവണ്ണന്തന്നേ താനും
പിന്നെത്താനൊരുവനുമീശനല്ലാതെയുള്ളോ-
നനവധം കോപിക്കയും ചെയ്തീടുന്നവൻ മൂഢൻ;
തന്നുടെ ബലമറിയാതെ ധർമ്മാർത്ഥം വിനാ
തന്നാൽ സാദ്ധ്യവുമല്ലയാത കർമ്മങ്ങൾ ചെയ്വാൻ
അന്നന്നു തുടങ്ങിയുമന്നന്നു മുടങ്ങിയും
പിന്നെയുമതിന്നാരംഭിച്ചീടുന്നവൻ മൂഢൻ;
ശിഷ്യനല്ലാതവനെ വെറുതെ ശാസിക്കയും
നിസ്സ്വനായുള്ളവനെ നിയതം സേവിക്കയും
ദുഷ്ടനെ ഭുജിക്കയും ശിഷ്ടനെ നിന്ദിക്കയും
കഷ്ടമോർത്താളമവനെത്രയും മഹാമൂഢൻ;
സമ്പന്നമാകുംവണ്ണം തനിക്കു ഭുജിക്കേണം
ശുഭമന്ദിരത്തിങ്കൽ വാസവും ചെയ്തീടേണം
തന്നുടെ പുത്രമിത്രകളത്രഭൃത്യാദികൾ-
ക്കെന്നുമേ പൊരുതിക്കു കൊടുക്കയില്ലതിനും
അങ്ങനെയുള്ള നരനന്നോളം ദുഷ്ടനായി-
ട്ടെങ്ങുമേ നിരൂപിച്ചാലാരുമില്ലറിഞ്ഞാലും

ഉദ്ധതൻ=അഹങ്കാരി. ഈശൻ=മീതെയുള്ളവൻ സമ്പന്നം=സ്വീവപൂർണ്ണം.

പാപകർമ്മം

ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും
കാലത്താൽ മോചിച്ചീടുമാപത്തു മറ്റുള്ളോർക്കും
മേലിൽ താൻതന്നെയനുഭവിക്കും ചിരകാലം.

മന്ത്രച്ഛിദ്രം

ഏകനെ ഹനിച്ചീടുമത്രേ കാകോളരസ-
മേകനെത്തന്നെയൊരു ശസ്ത്രവും ഹനിച്ചീടും
അന്തരമേതുമില്ല സപ്രജം സരാഷ്ട്രകം
മന്ത്രവിസ്രവം രാജാവിനെയും ഹനിച്ചീടും.

ഏകം

ഏകനായതിസ്വാദു ഭുജിച്ചീടരുതല്ലോ
ഏകനായ് ചിന്തിച്ച കല്പിക്കരുതൊരു കാര്യം
ഏകനായ് പെരുവഴി പോകയുമരുതല്ലോ
ഏകവേശ്മനി പലരും കിടന്നുറങ്ങുമ്പോൾ
ഏകനായ്ത്തന്നെയുണർന്നിരുന്നീടരുതു കേ-
ളേകമിന്നിയുമുണ്ടു ഭൂപാലശിഖാമണേ!
ഏകമേയുള്ള പിന്നെ രണ്ടാമതില്ല ചൊൽവാൻ
നാകലോകത്തിനു സോപാനമായ് നരപതേ!

കാകോളരസം=വിഷരസം. സപ്രജം=ജനങ്ങളോടുകൂടെ. സരാഷ്ട്രകം=രാഷ്ട്രത്തോടുകൂടെ. മന്ത്രവിസ്രവം=കാര്യവിചാരങ്ങൾ പുറമെയറിയുന്നത്.

ഏകവേശ്മനി=ഒരു ഗൃഹത്തിൽ. നാകലോകം=സ്വർഗ്ഗം. സോപാനം=കൽപ്പടി.

സത്യമായുള്ള വസ്തു തരണിപോലേ പുന-
രബ്ധിക്കു മതിമതാം പ്രവര കുരുപതേ!
ഏകമേ ദോഷമുള്ളൂ സന്തതം ക്ഷമാവതാം
ലോകരുമശക്തരെന്നാക്കുവോരൊട്ടു ചെന്നാൽ.
ഏകമാം ധർമ്മം പരം ശ്രേയസ്സാകുന്നതോർത്താ-
ലേകൈവ ക്ഷമാ ശാന്തിയായതെന്നതു ന്യൂനം
ഏകൈവ വിദ്യാ പരാ തുഷ്ടിയെന്നറിയേണ-
മേകൈവാഹിംസാ സതതം നിജസുഖാവഹാ.

രണ്ട്

രണ്ടുകമ്മങ്ങൾ ചെയ്താകൊണ്ടിഹ ലോകത്തിങ്കൽ
കണ്ടവർ കൊണ്ടാടുവാൻ കാരണം മഹീപതേ!
പാരുഷ്യവാക്കു പറയായ്കയും ദുഷ്ടന്മാരോ-
ടേറെച്ചെന്നൊന്നുമർത്ഥിച്ചീടാതെ കഴിക്കയും;
രണ്ടു ജാതികൾ പരപ്രത്യയകാരികളാ-
യുണ്ടവ രണ്ടും കേട്ടുകൊള്ളുക നരപതേ!
ചേൽക്കണ്ണാരെല്ലാമൊക്കെക്കാമിതകാമിനിമാർ
മൂർഖന്മാരെല്ലാമൊക്കെപ്പൂജിതപൂജകന്മാർ;

തരണി=കപ്പൽ. അബ്ധി=സമുദ്രം. മതിമതാം പ്രവര=ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠ! കുരുപതേ=കൌരവാധിപതിയായ ധൃതരാഷ്ട്ര! ക്ഷമാവതാം=ക്ഷമയുള്ളവർക്ക്. ഏകൈവ=ഒന്നുമാത്രം. തുഷ്ടി=സന്തോഷം. നിജസുഖാവഹാ=തനിക്കു സുഖമുണ്ടാക്കുന്നത്.

അർത്ഥിച്ചീടാതെ=ആവശ്യപ്പെടാതെ. പരപ്രത്യയകാരികൾ=മറ്റുള്ളവരെ വിശ്വസിക്കുന്നവർ. ചേൽക്കണ്ണാർ=സ്ത്രീകൾ. കാമിതകാമിനിമാർ=കാമിക്കപ്പെട്ടവരെ കാമിക്കുന്നവർ. പൂജിതപൂജകന്മാർ=പൂജിക്കപ്പെട്ടവരെ പൂജിക്കുന്നവർ.

രണ്ടുണ്ടു ശരീരത്തെശ്ശോഷിപ്പിച്ചീടുവാനായ്
കണ്ടകജാതികൾ, കേൾക്കേണമോ നരപതേ!
നിർദ്ധനൻ കാമിക്കയുമസ്വാമി കോപിക്കയും
പൃഥ്വീന്ദ്ര! ചൊല്ലീടുവൻകേൾക്കേണമെങ്കിലിന്നും;
രണ്ടുപേരുണ്ടല്ലോ സത്യത്തിനും മീതെ ലോകേ
കുണ്ഠത നീക്കിസ്സുഖിച്ചീടുന്ന സദാകാലം:
പ്രഭുവാകിലും ക്ഷമാപരനായിരിപ്പോനും
വിഭവഹീനൻ ദാനശീലനായിരിപ്പോനും;
അർത്ഥത്തിന്നതിക്രമമായിട്ടു രണ്ടുണ്ടല്ലോ
നിത്യന്യായാർജ്ജിതമാം ദ്രവ്യമെന്നിരിക്കിലും:
പ്രതിപത്തിയുമപാത്രത്തിങ്കൽ പാത്രത്തിങ്ക-
ലതിനെപ്പോലേ പുനരപ്രതിപാദനവും.

മൂന്ന്

മൂന്നുപേരധമന്മാരാകുന്നിതവനിയിൽ
മൂന്നുപേരെയുമഹം വെവ്വേറെ ചൊല്ലാമല്ലോ
ഭൃത്യനില്ലാതവനും പത്നിയില്ലാതവനും
പുത്രനില്ലാതവനുമെത്രയും ദരിദ്രന്മാർ.

കണ്ടകജാതികൾ=ക്ഷുദ്രശത്രുക്കൾ. അസ്വാമി=മേലധികാരമില്ലാത്തവൻ. കുണ്ഠത=ദുഃഖം. വിഭവം=ധനം. അർത്ഥം=ധനം. നിത്യന്യായാർജ്ജിതം=നിത്യവും ന്യായമായി സമ്പാദിക്കപ്പെട്ടത്. പ്രതിപത്തി=ദാനം. അപാത്രം=ദാനത്തിന്നർഹനല്ലാത്തവൻ. പാത്രം=ദാനാർഹൻ. അപ്രതിപാദനം=ദാനം ചെയ്യാതിരിക്കൽ.

അഹം=ഞാൻ.

നാല'

നാലുണ്ട രാജാവിനാൽ വജ്ജ്യങ്ങളായിട്ടവ
നാലും പണ്ഡിതന്മാരായുള്ളവരറിഞ്ഞീടും:
അല്പപ്രജ്ഞന്മാരോടും ഭീഗ്വലസൂത്രന്മാരോടു-
മെപ്പൊഴുമലസന്മാരോടും ചാരണരോടും
കൂടി രാജാവു കാര്യമന്ത്രത്തെച്ചെയ്തീടരു-
താടൽ പൂണ്ടുഴന്നീടുമാറു വന്നീടുമെന്നാൽ;
നാലുപേരെയും ശ്രീമാനെങ്കിലോ ഗൃഹസ്ഥൻ ത-
ന്നാലയത്തിങ്കൽ കൂടെവെച്ചു പാലിച്ചീടേണം:
ജ്ഞാതിയാമവനതിശ്രാന്തനായ്വരികിലും
നീതിമാൻ കുലശ്രേഷ്ഠൻ നിസ്സ്വനായ്വരികിലും
പുത്രരില്ലെങ്കിൽ സ്വസാവിനേയും നിജസഖി-
യത്യർത്ഥം ദരിദ്രനായ്വരികിലവനെയും.
പണ്ടു ദേവേന്ദ്രനോടാചാര്യനാം ബൃഹസ്പതി-
യുണ്ട നാലുപദേശം ചെയ്തിട്ടിന്നതും ചൊല്ലാം
ദേവതാസങ്കല്പവും ബുദ്ധിമാന്മാരിലനു-
ഭാവവും വിദ്വാന്മാരോടേറവും വിനയവും
പാപകർമ്മണാം വിനാശത്തെയുമിവ നാലും
താപത്തെയണയാതെ കളഞ്ഞീടുവാനുള്ള.

അല്പപ്രജ്ഞന്മാർ=അല്പബുദ്ധികൾ. അലസന്മാർ=മടിയന്മാർ. ചാരണർ=സഞ്ചാരികൾ. ശ്രീമാൻ=സ്വത്തുള്ളവൻ. ജ്ഞാതി=ബന്ധു. അതിശ്രാന്തൻ=വളരെ തളർന്നവൻ. നിസ്വൻ=നിർദ്ധനൻ. സ്വസാവ്=സോദരി. സഖി=സുഹൃത്ത്. പാപകർമ്മണാം വിനാശം=പാപപ്രവൃത്തികൾ ചെയ്യാതിരിക്കൽ.

അഞ്ച്

അഞ്ചുണ്ടു രക്ഷിക്കേണ്ടുമഗ്നികഥ ഗൃഹസ്ഥനു-
തഞ്ചും വെവ്വേറെ കേട്ടുകൊള്ളുക ധരാപതേ!
താതനും ജനനിയുമാത്മാവുമഗ്നിതാനും
പ്രീതനാമാചായ്യനുമഞ്ചിതെന്നറിഞ്ഞാലും.
അഞ്ചുപേരെയും പൂജിച്ചീടിന പുരുഷനാൽ
സഞ്ചിതം യശസ്സെന്നതറിക ധാത്രീപതേ!
ഭൃത്യന്മാർ സന്ന്യാസികഥ ദേവകഥ പിതൃക്കളും
നിത്യമാഗമിച്ചീടുമതിഥിജനങ്ങളും.

ആറ്

ദോഷങ്ങളാറുണ്ടുകലെക്കളയേണ്ടുന്നവ
ദോഷജ്ഞോത്തമ ഭൂമിപാലക! കേട്ടീടേണം:
നിദ്രയും തന്ദ്രി ഭയം ക്രോധവുമാലസ്യവും
പ്രത്യഹം ദീർഘസൂത്രതയെയും ത്യജിക്കേണം.
ബുദ്ധിമാനിവയാറുപേരെയുമുപേക്ഷിക്കു-
മബ്ധിയിൽ സംഭിന്നയാം തരിയെപ്പോലെതന്നെ:
അപ്രവക്തായാമാചായ്യനേയും സദാകാല-
മപ്രിയവാദിനിയായീടിന പത്നിയേയും
അദ്ധ്യയനം ചെയ്യാത ശിഷ്യനാമവനെയും
സതതരമരക്ഷിതായ രാജാവിനേയും

സഞ്ചിതം=സമ്പാദിക്കപ്പെട്ടത്.

ദോഷജ്ഞോത്തമ=പണ്ഡിതശ്രേഷ്ഠ! തന്ദ്രി=മടി. ആലസ്യം=അശ്രദ്ധ. സംഭിന്ന=പൊളിഞ്ഞത്. തരി=കപ്പൽ. അപ്രവക്താവ് = പഠിപ്പിക്കാത്തവൻ.

ഗോപാലൻ ഗ്രാമകാമനായീടിലവനെയും
നാവികൻ വനകാമനായീടിലവനെയും.
ആറുണ്ടു ഗുണമുപേക്ഷിക്കരുതാതെ പുംസാ-
മാറും ചൊല്ലുവൻ, സത്യം ദാനവുമനാലസ്യം
അനസൂയയും ക്ഷമാ ധൃതിയുമിവയെല്ലാം
മനസാ ചിന്തചെയ്തു ധരിച്ചുകൊൾകവേണം.
ആറുപേരുണ്ടു ജീവിച്ചീടുന്നിതനാരത-
മാറുപേരിലും പിന്നെയേഴാമതാരുമില്ല:
തസ്കരൻ പ്രമത്തങ്കൽ വൈദ്യൻ വ്യാധിതങ്കലും
മൈക്കണ്ണിമാരെല്ലാരും കാമയാനന്മാരിലും
യാചകന്മാരെല്ലാരുമൈശ്വര്യമാനന്മാരിലും
രാജാവു വിവദമാനന്മാരാമവരിലും
വിദ്വാന്മാരെല്ലാം നിത്യം മൂർഖന്മാരിലുമല്ലോ
നിത്യവും ജീവിക്കുന്നു ഭൂപാലശിഖാമണേ!

ഏഴ്

ദോഷങ്ങളുപേക്ഷിക്കേണ്ടുന്നവ രാജാവിനാ-
ലേഴുണ്ടു സപ്തവ്യസനങ്ങളെന്നല്ലോ ചൊല്ലൂ:
പരസ്ത്രീജനസേവ ദേവനം മൃഗയയും
വിരക്തിവരാതോരു മദ്യപാനവുമേറ്റം

ഗോപാലൻ = മാട്ടിടയൻ. ഗ്രാമകാമൻ=ഗ്രാമത്തെ ആഗ്ര ഹിക്കുന്നവൻ. നാവികൻ=കപ്പൽക്കാരൻ. വനകാമൻ=കാട്ട കൊതിക്കുന്നവൻ. ധൃതി=സന്തോഷം. തസ്കരൻ=കള്ളൻ. പ്രമത്തൻ=സൂക്ഷിക്കാത്തവൻ. വ്യാധിതൻ=രോഗി. മൈക്കണ്ണിമാർ=സ്ത്രീകൾ. കാമയാനന്മാർ=കാമുകന്മാർ. വിവദമാനന്മാർ=കലഹിക്കുന്നവർ. മൂർഖന്മാർ=അറിവില്ലാത്തവർ.

ദേവനം=ചൂതുകളി. മൃഗയ=നായാട്ട്.

വാക്പാരുഷ്യവും ദണ്ഡപാരുഷ്യമാകുന്നതും
വായ്പോട്ട നിത്യമർത്ഥദൂഷണംചെയ്യുന്നതും.

എട്ട്

നാശംവന്നടുത്തിരിക്കുന്ന രാജാവുതനി-
ക്കാശു മുന്നിലെയുണ്ടാമെട്ട കാരണങ്ങളും:
ബ്രാഹ്മണദ്വേഷം മുമ്പിൽ ബ്രാഹ്മണവിരോധവും
ബ്രാഹ്മണസ്വങ്ങളുപാദാനംചെയ്തീടുകയും
ബ്രാഹ്മണരെത്തന്നെ ഹിംസിക്കയുമതുമൂലം
ബ്രാഹ്മണനിന്ദഹേതുവായിട്ടു രമിക്കയും
ബ്രാഹ്മണപ്രശംസ കേൾക്കുന്നേരമക്ഷാന്തിയും
ബ്രാഹ്മണരെക്കൂടാതെ നിത്യാനുഷ്ഠാനങ്ങളും
ബ്രാഹ്മണരപേക്ഷിക്കുന്നേരമഭ്യസൂയയും
ബ്രാഹ്മണശാപത്തിനു കാരണമിവയെല്ലാം;
ആയോളം വിചാരിച്ചു മുമ്പിലേ കളയേണ-
മാവതില്ലിവയകപ്പെട്ടാലൊന്നാക്കം പിന്നെ.
എട്ടു വസ്തുക്കളിവയുണ്ടേറെറം പ്രമോദത്തെ-
പ്പുഷ്ടമാക്കീടുവാനായുർത്ഥിനു പൃഥ്വീപതേ!
തന്നുടെ സഖികളോടുള്ളോരു സമാഗമം
പിന്നെയൊട്ടതിയായിട്ടുള്ളോരു ധനാഗമം
ധന്യനാം തനയനാലുള്ളോരു പരിഷ്വംഗം
സന്നിപാതവും സുരതത്തിങ്കലൊരുപോലെ

വാക്പാരുഷ്യം=കടുത്ത വാക്ക്. ദണ്ഡപാരുഷ്യം=കടുത്ത ശിക്ഷ. അർത്ഥദൂഷണം=പണം മുടിക്കൽ. ബ്രാഹ്മണസ്വങ്ങൾ= ബ്രാഹ്മണസ്വത്തുക്കൾ. ഉപാദാനംചെയ്യുക=സ്വീകരിക്കുക. അക്ഷാന്തി=സഹിക്കായ്ക. ധനാഗമം=ധനലാഭം. പരിഷ്വംഗം=ആലിംഗനം. സന്നിപാതം=ചേർച്ച.

കാലാതിക്രമവിരഹേ നിജപ്രിയലാഭം
മാലോകർ കൂട്ടുനോരം തന്നിലേ സമ്മാനവും
തന്നുടെ ജാതിതന്നെക്കണ്ടുള്ള സന്നാമവും
തന്നാൽ പണ്ടഭിപ്രേതമായതിനുടെ ലാഭം
എന്നിവയെട്ടും സദ്യസ്സമ്മോദം വളത്തിടും
മന്നവർകുലമകുടത്തിൻ നായകക്കല്ലേ!

ഒമ്പതു്

ക്ഷേത്രജ്ഞനന്നാലധിഷ്ഠിതമായിരിക്കുമി-
ക്ഷേത്രത്തെ നവദ്വാരം പഞ്ചസാക്ഷികമെന്നും
ത്രിസ്ഥൂണമെന്നുമറിയുന്നവൻ മഹാവിദ്വാ-
നെത്രയുമവൻ ക്ഷേത്രക്ഷേത്രജ്ഞവേദിയല്ലോ.

പത്തു്

പത്തുപേരുണ്ടു ഭുവി ധർമ്മത്തെയറിയാതെ
മത്തനും പ്രമത്തനും ക്രുദ്ധനുന്മത്തനും
ക്ഷിന്താശ്രാന്തനും ത്വരമാണനും ബുഭുക്ഷിതൻ
ലുബ്ധനും ഭീരുതാനും കാമിയായുള്ളവനും;

കാലാതിക്രമവിരഹേ=കാലംതെറ്റാതെ. സന്നാമം=നമസ്കാരം. അഭിപ്രേതം=ആഗ്രഹിച്ചതു്. സദ്യഃ=ഉടനെ.

ക്ഷേത്രജ്ഞൻ=ജീവൻ. ക്ഷേത്രം=ശരീരം. നവദ്വാരം=ഒമ്പതു പ്രവേശമാർഗ്ഗമുള്ളതു്; മുഖത്തേഴും കീഴോട്ടു രണ്ടും. പഞ്ചസാക്ഷികം=അഞ്ചു സാക്ഷികളുള്ളതു്; കണ്ണു്, മൂക്കു്, നാവു്, ചെവി, തൊക്കു്. ത്രിസ്ഥൂണം=മൂന്നു തൂണുള്ളതു്; ഇഡ, പിംഗല, സുഷുമ്ന എന്ന നാഡികളാം. ക്ഷേത്രക്ഷേത്രജ്ഞവേദി=ക്ഷേത്രത്തെയും ക്ഷേത്രജ്ഞനേയും അറിയുന്നവൻ.

മത്തൻ=അഹങ്കാരി. പ്രമത്തൻ=മനസ്സിരുത്താത്തവൻ. ഉന്മത്തൻ=ഭ്രാന്തുപിടിച്ചവൻ. ക്ഷ്രാന്തൻ=തളർന്നവൻ. ത്വരമാണൻ=ബദ്ധപ്പാടുകാരൻ. ബുഭുക്ഷിതൻ=വിശന്നവൻ. ലുബ്ധൻ=പിശുക്കൻ. ഭീരു=ഭയശീലൻ.

ആകയാലീവണ്ണമെല്ലാമുള്ള ഭാവങ്ങളി-
ലേകനിഷ്ഠയാ വിദ്വാനില്ലേതും പ്രമാദങ്ങൾ.

വേണ്ടതും വേണ്ടാത്തതും

പുത്രാർത്ഥം പുരാ സുധനാവിനാൽ ഗീതമാകും
ചിത്രമാമിതിഹാസം കേട്ടിട്ടില്ലയോ ഭവാൻ?
ഉദ്ധതജനവേഷം കയ്ക്കൊണ്ടീടരുതല്ലോ
കത്ഥനംചെയ്തീടരുതാത്മപൌരുഷത്തേയും
തന്നുടെ സുഖത്തിങ്കൽ മോദിച്ചീടരുതൊട്ടു-
മന്യദുഃഖത്തിങ്കലുണ്ടാകേണം കരുണയും
ദത്തമായതു ചിന്തിച്ചനുതാപവുമരു-
തുത്തമനെങ്കിലതു ചൊൽകയുമരുതല്ലോ
ദേശാചാരവും ജാതിധർമ്മവും ചെയ്തീടേണ-
മാശു വർജ്ജിച്ചീടേണം ദുർജ്ജനവിവാദവും
ഡംഭം മത്സരം മോഹം പൈശുന്യം പാപകൃത്യം
സമ്പ്രതി വർജ്ജിക്കേണം ഭൂപതിദ്വിഷ്ടനേയും
മത്തോന്മത്തന്മാരോടുമുത്തരം പറയരു-
തുത്തമന്മാരെപ്പുരസ്കരിച്ചു നടക്കേണം.
സഖ്യവും വിവാഹവും വ്യവഹാരവും തനി-
ക്കൊക്കുമൊട്ടാഭിജാത്യമെന്നവരോടു വേണം

ഭാവങ്ങൾ=സ്ഥിതിവിശേഷങ്ങൾ.

പുത്രാർത്ഥം=മക്കൾക്കുവേണ്ടി. ഗീതം=പറയപ്പെട്ടത്. ഇതിഹാസം=കഥ. ഉദ്ധതൻ=അഹങ്കാരി. കത്ഥനം ചെയ്യുക=ആത്മപ്രശംസ ചെയ്യുക. പൈശുന്യം=കുഷണി. ഭൂപതിദ്വിഷ്ടൻ=രാജാവിനു് വിരോധമുള്ളവൻ. പുരസ്കരിക്കുക=ബഹുമാനിക്കുക.

ഹീനന്മാരോടുകൂടിസ്സംസർഗ്ഗമരുതൊട്ടും
ദാനവും ചെയ്തീടേണമാശ്രിതന്മാക്ക് നിത്യം.
പ്രിയമാകിലും പുനരപ്രിയമെന്നാകിലും
നയമാകിലുമപനയമാകിലുമതി-
ശ്രുഭമാകിലുമേറമശ്രുഭമെന്നാകിലു-
മഭിമോദേന ചോദ്യം ചെയ്കിലേ പറയാവൂ.

രാജധർമ്മം

ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലം
പിന്നെ മൂന്നിനെ നാലാൽ വശത്തു വരുത്തേണം
അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ട
വഞ്ചനാദികളെല്ലാം വെടിഞ്ഞു വഴിപോലെ
ഏഴിനെയുപേക്ഷിച്ചു സൌഖ്യത്തെ ലഭിക്കേണം
കേളിയേറീടും നൃപന്മാരായാലവനിയിൽ;
പ്രാപ്തമായിതു രാജ്യമെനിക്കെന്നകതാരി-
ലോത്തു വത്തിച്ചീടരുതുവ്വീശനസാമ്പ്രതം
പിന്നെയുമവിനയം സമ്പത്തെ ഹനിച്ചീടും
നിർണ്ണയമല്ലോ നല്ല രൂപത്തെജ്ജരപോലെ;
പാടപഫലം പഴുക്കുംമുമ്പേ ഭുജിച്ചീടിൽ
സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെവരും

ഒന്ന്=മന്ത്രവിചാരം. രണ്ട്=സ്വപക്ഷവും ശത്രുപക്ഷവും. മൂന്ന്=പ്രഭുശക്തിയും ഉത്സാഹശക്തിയും മന്ത്രിശക്തിയും. നാല്=സാമം ദാനം ഭേദം ദണ്ഡം എന്ന നാലുപായങ്ങളും. അഞ്ച്=അഞ്ചിന്ദ്രിയങ്ങളും. ആറ്=സന്ധി വിഗ്രഹം യാനം ആസനം ദ്വൈധീഭാവം സമാശ്രയം എന്ന ആറു ഗുണങ്ങളും. ഏഴ്=സപ്തവ്യസനങ്ങളും.

ഉവ്വീശൻ=രാജാവ്. അസാമ്പ്രതം=അയുക്തം. രൂപം=ആകൃതി. പാടപഫലം=മരത്തിൻ കായ്.

പകപമായതു ഭുജിച്ചാലതിരസമുണ്ടാം
വൃക്ഷവുമുണ്ടാം പിന്നൊപ്പലവുമുണ്ടായ്വരും.
പുഷ്പങ്ങഥംതോറും ചെന്ന നിത്യവുമുള്ള മധു
ഷഥംപദമുരുക്കുട്ടി രക്ഷിച്ചു വർദ്ധിപ്പിക്കും
അപ്പോലേ നൃപവരനെപ്പോഴുമഹിംസയാ
തൽപ്രജകളിൽനിന്നാജ്ജിക്കേണമർത്ഥമേറ്റവും;
വിരിഞ്ഞ വിരിഞ്ഞ പൂവറുത്തുകൊഥംകേയാവൂ
വിരഞ്ഞു മൂലച്ഛേദം ചെയ്വരുതൊരിക്കലും
ആരാമത്തിങ്കൽ ചെന്ന മാലാകാരനെപ്പോലെ,
ദാരുമൂലാർത്ഥിയാകുമംഗാരകാരകന്റെ
കാരിയം കാട്ടീടരുതേതുമേ നരപതി
സാരനായിരിക്കിലെന്നറിക കുരുപതേ;
അനർത്ഥം പ്രജകഥംക്ക വരുത്തും നിരർത്ഥകൻ
തനിക്കൊരർത്ഥലാഭം വരികയില്ലതാനും
കുണ്ഠനാം ഭൂപാലനെയാക്കുമേ വേണ്ടിലെന്നാൽ
ഷണ്ഡനാം ഭർത്താവിനെ നാരിമാക്കെന്നപോലെ;
കർമ്മങ്ങഥംകൊണ്ടും നോക്കുകൊണ്ടും വാക്കുകഥം
സമ്മാനിച്ചീടുകിലേരഞ്ജിപ്പു ലോകംതങ്കൽ(കൊണ്ടും
പീഡിപ്പിച്ചീടുന്നാകിൽ പേടിക്കും പ്രജകളും
വേഗത്തിലോടും മൃഗം വ്യാധനെക്കാണുന്നേരം;
കർത്തവ്യം പരരാജമർദ്ദനംപോലെതന്നെ
നിത്യവും നിജരാഷ്ട്രരക്ഷണം രാജാവിനാൽ.

പകപം=പഴുത്തത്. മധു=തേൻ. ഷഥംപദം=വണ്ട്. ആരാമം=പൂന്തോട്ടം. ദാരുമൂലം=മരത്തിന്റെ കട. അംഗാരകാരകൻ=ഇരുമ്പൻ (കരി) ഉണ്ടാക്കുന്നവൻ. കുണ്ഠൻ=ബുദ്ധിഹീനൻ. ഷണ്ഡൻ=നപുംസകൻ. വ്യാധൻ=വേടൻ.

സാമാന്യധർമ്മം

ഉന്മത്തനെന്നാകിലും ബാലകനെന്നാകിലും
സമ്മതമായ സാരവാക്കു കയ്ക്കാംകേ വേണ്ട
ശങ്കിക്കവേണ്ടാ സുവർണ്ണത്തെക്കയ്ക്കാംകേ വേണ്ട
പങ്കത്തിൽ കിടക്കുന്നതെങ്കിലുമതിദ്ധതം.

ശോക്കളോ ഗന്ധംകൊണ്ടും ബ്രാഹ്മണർ വേദംകൊ
ണ്ടോഷ്ടല്ല ചാരന്മാരെക്കൊണ്ടു ഭൂപാലന്മാരും (ണ്ടും
നോക്കിക്കാണുന്ന കണ്ണുകൊണ്ടു മറവുള്ള ജനം
നീക്കമില്ലതിന്നൊട്ടും ഭൂപാലചൂഡാമണേ!

മിത്രബാന്ധവന്മാരായുള്ള ഭൂപാലേന്ദ്രന്മാർ
ഭർത്തൃബാന്ധവമാരായുള്ള നാരികളെല്ലാം,
ദേവബാന്ധവന്മാരായുള്ള ഭൂദേവേന്ദ്രന്മാർ
മേദിനീശ്വര! ശോക്കാം പർജ്ജന്യബാന്ധവന്മാർ.

സത്യത്തെക്കൊണ്ടു ധർമ്മമഭ്യാസംകൊണ്ടു വിദ്യ
വൃത്തത്തെക്കൊണ്ടു കുലം മജ്ജനംകൊണ്ടു രൂപം
രക്ഷിച്ചുകൊൾകവേണം മാനത്തെക്കൊണ്ടു ധാന്യം
രക്ഷിക്കാമനുക്രമംകൊണ്ടു വാജികളെയും

അന്തികേ വിലോകനംകൊണ്ടു ഗോകുലം രക്ഷ്യം
സന്തതം കൂടേലകൊൾകൊണ്ടു നാരികളേയും.

ഉന്മത്തൻ=ഭ്രാന്തൻ. പങ്കം=ചളി. ചാരന്മാർ=ഗൂഢപുരുഷന്മാർ. പർജ്ജന്യം=മേഘം. അഭ്യാസം=ഉരുക്കഴിക്കൽ. വൃത്തം=സദാചാരം മജ്ജനം=കുളി. മാനം=അളവ്. അനുക്രമം=അടുത്തു പെരുമാറ്റം. കൂടേലകം=ചീത്ത വസ്ത്രങ്ങൾ.

വൃത്തഹീനനു കുലമപ്രമാണമ്പോൽ നല്ല
വൃത്തവാനെങ്കിലന്ത്യജാതനും നന്നുതാനും.

പരന്മാരുടെ വിത്തരൂപവീര്യാഭിജാത്യ-
ഗുരുസൌഭാഗ്യസുഖസൽകാരാദികഥം കണ്ടാൽ
ചിത്തത്തിലസൂയ വഢ്ചിച്ചിടും പുരുഷനു
നിത്യവുമാധിയൊഴിഞ്ഞില്ലെന്നു ധരിക്കേണം.

ഉത്തമാശനം മാംസോത്തരമെന്നറിയേണം
മദ്ധ്യമാശനമല്ലോ ഗോരസോത്തരം നൂനം
അധമാശനം ലവണോത്തരമേവം മൂന്നു
വിധമായുള്ള ഭുവി ഭോജനം നരപതേ!

അത്യന്തമധമന്നാക്ശനാൽ ഭയം പിന്നെ
മദ്ധ്യമന്നാക്ശ മരണത്തിങ്കൽനിന്നു ഭയം.
ഉത്തമന്നാക്ശ ഭയമവമാനത്തിങ്കലു-
മിത്തരമിനിയും ഞാൻ ചൊല്ലുവൻ വേണമെങ്കിൽ.

കായ്ങ്ങൾ ചെയ്യായ്കിലും ചെയ്കിലുമകായ്ങ്ങ-
ളായ്വന്മാർ ഭയപ്പെട്ടമെപ്പോഴും രണ്ടിങ്കലും.

മാനസേ മദകരമായുള്ള പേയങ്ങളെ-
പ്പാനവും ചെയ്തിടുമാറില്ലല്ലോ മഹത്തുകഥം.
അത്ഥാഭിജാത്യവിദ്യാദികളാലുള്ള മദ-
മെത്രയും വിരയപ്പോം സജ്ജനസംഗത്തിനാൽ.

വൃത്തം=ആചാരഗുണം. അന്ത്യജാതൻ=ശൂദ്രൻ. ഉത്തമാശനം=ഉത്തമഭക്ഷണം മാംസോത്തരം=മാംസത്തോടുകൂടിയത്. ഗോരസം=നെയ്യും. തൈരും. ലവണം=ഉപ്പ്. അശനം=ഭക്ഷണം. മദകരം=ലഹരിയുണ്ടാക്കുന്നത്, പേയം=പാനീയം.

സത്തുകളസത്തുകളോടു ചെന്നേതാനുമൊ-
ന്നത്ഥിച്ചാലസജ്ജനം സൽഭാവം നടിച്ചീടും.

വസ്രുവാനായുള്ളവനാൽ ജിതയല്ലോ സഭ
സത്വരഗതിമതാ നിജ്ജിതമദ്ധ്വാതാനും
ഗോമതാ ജിതമശ്നാഗ്രഹം ശീലവതാ
ശ്രീമതാ സർവ്വം ജിതമുർവ്വീശശിഖാമണേ!

ശീലമെത്രയും പ്രധാനം പുരുഷനു നൂനം
ശീലമില്ലായ്കിൽ മിത്രാർത്ഥങ്ങൾകൊണ്ടെന്തു ഫലം?

ഐശ്വര്യമത്തൻ പാപിഷ്ഠൻ മധുമത്തനിലു-
മൈശ്വര്യമത്തനൗദ്ധ്വഗതിയുമില്ലയല്ലോ.

ധർമ്മാർത്ഥങ്ങളെത്യജിച്ചിന്ദ്രിയവശഗനായ്
ദുർമ്മദത്തോടു വർത്തിച്ചീടിന പുരുഷനു
വിത്തവും ധാന്യങ്ങളും ജീവനും നശിച്ചുപോ-
മുത്തമനാകുന്നവനിന്ദ്രിയജയം വേണം
അർത്ഥശനിന്ദ്രിയേശനല്ലെങ്കിലവനുള്ളോ-
രർത്ഥവും നശിച്ചുപോം ക്ഷിപ്രമെന്നറിഞ്ഞാലും.

സത്യമാർജ്ജവം ശൌചം സന്തോഷമനസൂയ
മിത്രശാന്ത്യനായാസപ്രിയവാക്യാദിഗ്രഹണം

ജിത=ജയിക്കപ്പെട്ടത്. സത്വരഗതിമതാ=വേഗം നടക്കുന്നവനാൽ. അധ്വാ=വഴി. ഗോമതാ=പശുവുള്ളവനാൽ. ശീലവതാ=സ്വഭാവഗുണമുള്ളവനാൽ. മധുമത്തനിലും=മദ്യംകൊണ്ടു മദിച്ചവനെക്കാളും. അർത്ഥശൻ=ധനവാൻ. ക്ഷിപ്രം=വേഗത്തിൽ. ആർജ്ജവം=തുറന്ന പെരുമാറ്റം. ശൌചം=ശരീരമനഃശുദ്ധി.

ഉണ്ടാകയില്ലയല്ലോ നിണ്ണയം ദുരാത്മനാ-
മുണ്ടാകിലതു പരപീഡയ്ക്കായ്ത്തന്നാനും.

* * * *

ഭൂപതേ! ഹിംസ ബലം കേവലമസാധുനാം
ഭൃത്യതാം ബലം ദണ്ഡവിധിയെന്നാറിഞ്ഞാലും
സ്ത്രീണാം ശുശ്രൂഷ ബലം ഗുണിനാം ക്ഷമ ബലം
പ്രാണിനാം ബലം ജലം പാർത്ഥിവകുലപതേ!

അടവി മഴകൊണ്ടു വെട്ടിയാലകച്ചീടും
കഠിനവാമാ വെട്ടിമുറിച്ചാലകച്ചീടാ
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തീടാം
ക്രൂരവാക്കുശല്യമെടുക്കും ഭിഷക്കനില്ല.

* * * *

എത്രനാളേക്കു കീർത്തി നിൽക്കുന്നിതവനിയി-
ലത്രനാളേക്കും സച്ഛ്രവാസമുണ്ടവനോർത്താൽ.

* * * *

രൂപത്തിൻ ഗുണമപഹരിച്ചീടുന്നു ജര
കോപമത്ഥത്തെയെല്ലാം പ്രത്യപഹരിക്കുന്നു
ശീലത്തെയപഹരിച്ചീടുന്നു ഖലസേവ
കാലൻ പ്രാണനെയപഹരിച്ചീടുന്നുവല്ലോ
ആശ താനപഹരിച്ചീടുന്നു ധൈര്യത്തെയു-
മാശു കന്ദർപ്പനപഹരിച്ചീടുന്നു നാണം

ദുരാത്മനാം=ദുഷ്ടന്മാക്ക്. അസാധുനാം=ദുർജ്ജനങ്ങൾക്ക്. ഭൃത്യതാം=രാജാക്കന്മാക്ക്. ദണ്ഡം=ശിക്ഷ. അടവി=കാട്. നാരാചശല്യം=ക്രൂരമ്പ്.

ധർമ്മമായ്വെയെയപഹരിക്കുമസൂയയും
നിർമ്മലമതേ! സർവ്വം ഹരിക്കുമതിമാനം.

ക്രോധിക്കുമ്പോലുമില്ല ശത്രു മിത്രമില്ല
ക്രൂരനു നാരിയില്ല സുഖിക്കു വിദ്യയില്ല
കാമിക്കു നാണമില്ല കോശമില്ലലസനു
സർവ്വവുമില്ല ന്യൂനമനവസ്ഥിതനോത്താൽ.

കൃതജ്ഞതപവും പരാക്രമവും വിനയവും
മിതഭാഷണം ദാനമനപായവിശുദ്ധിയും
ശ്രുതവും സൽപ്രജ്ഞയുമുള്ളവൻ ശോഭിക്കുന്നു;
ഇച്ചൊന്ന ഗുണമെട്ടുമില്ലാത പുരുഷനെ-
സ്സജ്ജനമേതും ബഹുമാനിക്കയില്ലയല്ലോ.

സർവ്വലോകത്തിനു നിദർശനങ്ങളായിട്ടുണ്ടു
മൊല്ലുന്നിതെട്ടു ഗുണമറിക ധാത്രീപതേ!
അനപവേദങ്ങളും നാലുമനപവായങ്ങളും നാലും
മന്നവ! മൊല്ലീടുവൻ കേട്ടാലും യഥാസൌഖ്യം:
യജ്ഞദാനാദ്ധ്യയനതപസാം നിഷ്ഠ നാലും
വിജ്ഞാനിജനമനപവേദങ്ങളെന്നു മൊല്ലും,

അതിമാനം=അതിയായ ദുരഭിമാനം. കോശം=ഭണ്ഡാരം—ഈട്ടവെപ്പുമുതൽ. അനവസ്ഥിതൻ=സ്ഥിരതയില്ലാത്തവൻ. മിതഭാഷണം=പാകത്തിൽ സംസാരിക്കുക. അനപയവിശുദ്ധി=വംശവിശുദ്ധി. ശ്രുതം=ശാസ്ത്രജ്ഞാനം. നിദർശനങ്ങളും=കാരണങ്ങളും.

സത്യമാജ്ജവം ദമമാനൃശംസ്യമുമിവ
ചതുരി ബുധമതമനുവായങ്ങളെന്നും.

വൃദ്ധന്മാരില്ലാതോരു സഭയും സഭയല്ല
വൃദ്ധന്മാരല്ല ധർമ്മത്തെച്ചൊല്ലീടാതവരും
സത്യമില്ലാത ധർമ്മം ധർമ്മവുമല്ലയല്ലോ
സത്യവും സത്യമല്ല മായാനുവിദ്ധമായാൽ.

സത്യവും രൂപം ശ്രുതം വിദ്യയും കുലം ശീലം
ശക്തിയും ധനം ശൌര്യം വിചിത്രഭാഷ്യമിവ
പത്തുണ്ട സംസർഗ്ഗയോനികളെന്നറിയേണം
പൃഥ്വീശതിലകമേ! കേട്ടാലുമിനിയും നീ.

വാസരത്തിങ്കൽ പ്രവൃത്തിക്കിലേ രാത്രൌ പിന്നെ
വാസംചെയ്തീടാവിതു സുഖമായെന്നു നൂനം,
എട്ടു മാസവും പ്രവൃത്തിക്കിലേ പുനരതി-
വൃഷ്ടിമാസങ്ങളും നാലും സുഖമായ്വസിക്കാവൂ,
യൌവനത്തിങ്കൽ പ്രവൃത്തിച്ചുയ്ത്മാജ്ജിക്കിലേ
ചൊവ്വോടെ വാർദ്ധക്യത്തിൽ സുഖമായ്വസിക്കാവൂ,
ജീവപര്യന്തം പ്രവൃത്തിക്കിലേ മരിച്ചാലും
ദേവലോകാദികളിൽ സൈരമായ്വസിക്കാവൂ.

ദമം=മനോനിയന്ത്രണം. ആനൃശംസ്യം=ദയ. ചതുരി=നാല്. ബുധമതം=പണ്ഡിതമതപ്രകാരം. മായാനുവിദ്ധം=വ്യാജം കലർന്നത്. രൂപം=സൌന്ദര്യം. ശ്രുതം=ശാസ്ത്രം. വിചിത്രഭാഷ്യം=ഭംഗിയായി പറയുക. സംസർഗ്ഗയോനികം=സംസർഗ്ഗം കൊണ്ടുണ്ടാവുന്നവ. വാസരം=പകൽ.

ആത്മവതാം ശാസ്താവു ദുരാത്മനാം
രാജാവു ശാസ്താ പിന്നെച്ചെന്നപാപന്മാക്കെല്ലാം
അന്തകൻതന്നെ ശാസ്താവാകുന്നതറിഞ്ഞാലു-
മെന്തിനു വളരെ ഞാനിത്തരം പറയുന്നു?

താപസന്മാരുടേയും വാഹിനിമാരുടേയും
ശോഭ തടിട്ടം മഹാത്മാക്കൾവംശത്തിന്റെയും
ഉത്ഭവസ്ഥാനമനേഷിക്കേണ്ട ദിവ്യന്മാക്കി-
ല്ലൽപത്തിദോഷമെന്നതറിക നരപതേ!

വ്യാഹൃതത്തെക്കാൾ ശ്രേയസ്സാകുന്നതവ്യാഹൃതം
വ്യാഹൃതം രണ്ടാമതു സത്യത്തെ വദിക്കെന്നും
വ്യാഹൃതം പിന്നെ പ്രിയം വദിക്ക മൂന്നാമതും
വ്യാഹൃതം ധർമ്മം വദിക്കെന്നതു നാലാമതും.

ഉത്തമന്മാരെ വേണം സേവിച്ചുകൊള്ളുവാനും
മദ്ധ്യമന്മാരെക്കായ്കകാലേ സേവിക്കേ വേണ്ടേ
സേവിച്ചീടരുതധമന്മാരെയൊരിക്കലും
ഭാവിച്ചീടരുതവരോടാഭിമുഖ്യം പോലും.

മാനസതാപംകൊണ്ടു ബലവും ശരീരവും
ജ്ഞാനവും ക്ഷയിച്ചുപോം വ്യാധിയും വർദ്ധിച്ചീടും.

ആത്മവതാം=തന്റേടമുള്ളവർക്ക്. ശാസ്താവ്=ശാസിക്കുന്നവൻ. ചെന്നപാപന്മാർ=പാപങ്ങൾ മറച്ചുവെച്ചിട്ടുള്ളവർ. വാഹിനിമാർ=നദികൾ. വ്യാഹൃതം=വാക്കുപറയൽ. ശ്രേയസ്സ്=അധികം നല്ലതു.

പെരികെ വിശ്വസ്തനെറ പതിനെയെ പ്രാപിപ്പവൻ
ഗുരുതല്പഗൻ വൃഷലീപതിയാകും ദ്വിജൻ
ശരണാഗതഹന്താ മദ്യപനിവരെല്ലാം
കരുതീടേണം ബ്രഹ്മഹന്താപിനൊക്കുമല്ലോ.

എപ്പോഴും പ്രിയം പറഞ്ഞിടുവാൻ പലരുമു-
ണ്ടപ്രിയമെന്നാകിലും പത്ഥ്യത്തെച്ചൊല്ലീടുവാൻ
സൽപുരുഷന്മാരില്ല കേൾപ്പാനുമാരുമില്ല
ദുർബ്ബോധമുള്ള ജനമെന്നിയില്ലൊരേടത്തും.

ഭർത്താവിൻ പ്രിയാപ്രിയമനേഷിയാതേ ധർമ്മ-
തത്വവുമറിഞ്ഞുകൊണ്ടപ്രിയമെന്നാകിലും
പത്ഥ്യത്തെച്ചൊല്ലുമമാത്യൻ വേണം രാജാവായാ-
ലെത്രയും വന്നുകൂടുമഭ്യുദയവുമെന്നാൽ.

സർവ്വവുമുപേക്ഷിച്ചുമാത്മാവെ രക്ഷിക്കേണ-
മുർവ്വിയെയുപേക്ഷിച്ചു മിത്രത്തെ രക്ഷിക്കേണം
ഗ്രാമത്തെയുപേക്ഷിച്ചു രാജ്യത്തെ രക്ഷിക്കേണം
ഗ്രാമത്തെയൊരു ഗൃഹം കളഞ്ഞു രക്ഷിക്കേണം
കരുവൻതന്നെക്കളഞ്ഞൊരിടം രക്ഷിക്കേണം
കരുതീടുക മനതാരതിലിവയെല്ലാം
പുത്രനെയുപേക്ഷിച്ചും വംശത്തെ രക്ഷിക്കേണ-
മുത്തമന്മാരായുള്ളോരിങ്ങനെ ചെയ്ത ന്യായം.

ഗുരുതല്പഗൻ=ഗുരുപത്നിയെ പ്രാപിച്ചവൻ. വൃഷലീപതി=ശൂദ്രസ്ത്രീയുടെ ഭർത്താവ്. ശരണാഗതഹന്താവ്=ശരണം പ്രാപിച്ചവനെ കൊല്ലുന്നവൻ. പത്ഥ്യം=ഹിതം. ഭർത്താവ്=സ്വാമി അമാത്യൻ=മന്ത്രി.

അർത്ഥത്തെ രക്ഷിക്കേണമാപത്തു വരുമ്പോഴെ-
ക്കർത്ഥത്തെക്കാളും ധർമ്മദാരങ്ങൾ രക്ഷിക്കേണം
ദാരാർത്ഥങ്ങളെക്കാളുമാത്മാവെ രക്ഷിക്കേണം
ധീരന്മാരായുള്ളവരിങ്ങനെ ചെയ്യുന്നു ന്യായം.

ഭർത്താവിന്നഭിമതമറിഞ്ഞു കായ്യങ്ങളെ
നിത്യവുമവക്രബുദ്ധ്യാ സ്വയം ചെയ്തുകൂട്ടി
പത്ന്യങ്ങൾ വഹിച്ചീടുന്നരകനായ് ശക്തിജ്ഞനാം
ഭൃത്യൻ, തന്നോടുതന്നെ തുല്യനായനുകമ്പ്യൻ.

ഭർത്താവിൻ നിയോഗത്തെയാദരിയാതെയതിൻ
പ്രത്യുക്തി പറഞ്ഞൊറമാത്മാഭിമാനത്തോടും
ചിത്തത്തിൽ പ്രതികൂലമായ്പറഞ്ഞീടുന്നോരു
ഭൃത്യനെ ത്യജിക്കേണം ബുദ്ധിമാനായ നൃപൻ.

സകലഭൃതങ്ങൾക്കും ഹിതമായാത്മാവിനും
സുഖമായിരിപ്പതേ ചെയ്യാവൂ ഭൂപാലനും.

ബുദ്ധിയും പ്രഭാവവും തേജസ്സുമുത്ഥാനവും
സത്യവുമേറെയും വ്യവസായവുമുള്ളവനു
വൃത്തിക്കു ഭയമൊരുനാളുമുണ്ടാകയില്ല
വൃത്തിക്കു ഭയമായാൽ നിഷ്ഫലം ഗുണമെല്ലാം.

ധർമ്മദാരങ്ങൾ=ധർമ്മപത്നി. അവക്രബുദ്ധ്യാ=ബുദ്ധികൌടില്യം കൂടാതെ. അനുകമ്പ്യൻ=ദയചെയ്യപ്പെടേണ്ടവൻ. ഉത്ഥാനം=ഉൽഗതി. വ്യവസായം=പ്രയത്നം. വൃത്തി=നിത്യജീവിതം.

നാരിമാരെയും നൃപന്മാരെയും സപ്പ്ത്തെയും
വൈരിപക്ഷികളെയും സ്വാദ്ധ്യായത്തേയും നിജ-
ഭോഗാനുഭവത്തെയും ജീവിതകാലത്തെയും
ഭാഗധേയത്തേയും വിശ്വാസമുണ്ടാകവേണ്ട.

സപ്പ്ാഗ്നിസിംഹങ്ങളും കുലപുത്രനുമുള്ളിൽ
സ്വല്പവുമവജ്ഞേയന്മാരല്ലെന്നറിയേണം.

വിദ്യാഭിജനവയോബുദ്ധ്യുത്ഥശീലങ്ങളാൽ
വൃദ്ധന്മാരവമന്തവ്യന്മാരല്ലൊരിക്കലും.

ശിഷ്ടനാമവനന്നെ ദ്വേഷമുണ്ടെന്നാകിലും
തുഷ്ടനായ്പരിഗ്രഹിച്ചീടുകെന്നതേ വരു
ആത്തനായിരിപ്പവനൌഷധം കയ്ക്കുന്നതു-
മാസ്ഥയാ സേവിച്ചീടുമാറല്ലോ കണ്ടുപോരുു.

ദുഷ്ടനാമവനന്നെ സ്നേഹമുണ്ടെന്നാകിലും
പെട്ടെന്നു പരിത്യജിച്ചീടുകെന്നതേ വരു.

മക്കളെ ലാളിക്കരുതാകയെന്നതു കണ്ടാൽ
ശിക്ഷിച്ചു തന്നെറ കാലം കഴിച്ചുകൊൾകേയാവൂ.

ശ്രീമഹാഭാരതം

സ്വാധ്യായം=തന്നെറ പഠിപ്പ്. ഭോഗാനുഭവം=സുഖാനുഭവം. ഭാഗധേയം=ഭാഗ്യം. അവജ്ഞേയന്മാർ=അവഗണിക്കത്തക്കവർ. അഭിജനം=വംശം. അവമന്തവ്യന്മാർ=അവമാനിക്കുത്തക്കവർ. ആത്തൻ=രോഗി. ആകു=നല്ലവനല്ല.

ബന്ധുശത്രുതാപം.

പരമേശ്വരൻ സതീദേവിയോട് പറയുന്നു—

ബന്ധുക്കളെച്ചെന്നു കാണേണമെന്നു നി-
ന്നന്തർമ്മനസി ഭവിച്ച വിചിന്തിതം
പണ്ടേ പരക്കെയെല്ലാർക്കുമുള്ളാനാതി-
നുണ്ടാകവേണമവർക്കുമങ്ങാഗ്രഹം;

ബന്ധമുണ്ടല്ലായ്കിലും ചെല്ലുവാനതി-
ബന്ധുതാപമായതെന്നുള്ളതു നിർണ്ണയം;

ബന്ധുതാപമായതു വാത്സല്യലക്ഷണം
ബന്ധമില്ലാത വൈരാങ്കമരിതാവും
ബന്ധുക്കൾ തമ്മിൽ വാത്സല്യമില്ലെങ്കിലോ
ബന്ധുക്കളല്ലവരെന്നുമറിക നീ;

ബന്ധുവാത്സല്യമദ്ദക്ഷനു നമ്മിലി-
ല്ലന്ധതാപമതേ നമുക്കു തോന്നുന്നതും
ബന്ധുതാപമുണ്ടു ശത്രുതാപത്തിലും, നല്ല
ബന്ധുശത്രുക്കൾ ശത്രുക്കളാകുന്നതും
ബന്ധുതാപമോർത്തു നാം ചെന്നകപ്പെട്ടാൽ
ബന്ധുതാപമാചരിച്ചീടുകയില്ലെടോ!

ബന്ധിച്ചു ധിക്കരിച്ചീടുകയും ചെയ്യും
ബന്ധമില്ലപ്പോളവിടെ നിന്നീടുവാൻ;
സന്ത്യജിച്ചങ്ങു തിരിഞ്ഞുപോരുന്നതും
സന്താപകാരണമായ്വരും വല്ലഭേ!

വൈരാങ്കം=വൈരം ലക്ഷണമായിട്ടുള്ളത്. ദക്ഷൻ=നിന്റെ അച്ഛനായ ദക്ഷപ്രജാപതിക്ക്.

ചിന്തിക്കവല്ലാത ധിക്കൃതിയിങ്കൽ മ-
റന്തമ്മനസി മുഴുക്കുമമർഷവും
ഏറുമമർഷം മുഴുത്തു വരുമ്പൊഴ-
തറുപോം ബന്ധുതവും മറന്നഞ്ജസാ
ചീറ്റം തിരണ്ടടനേറു നിൽക്കുന്നവർ
തോറ്റീടരുതെന്നൊരുമ്പെട്ടുമേവരും
അപ്പോളവിടെ ബന്ധുക്കളായുള്ളവർ
ശില്പമാക്കീടുവാനുള്ളവരല്ലെടോ.

രാജദുന്നയം.

ദുന്നയകൃതന്മാരായനഹം താന്താൻ ചെയ്ത-
തെന്നിയേ മറ്റില്ലൊന്നു നല്ലതെന്നറിഞ്ഞീടും
മന്നവന്മാക്കു ശരീരാർത്ഥങ്ങളിടയിട്ടു
തന്നുടെ മാതാപിതാക്കന്മാരാമവരെയും
കൊന്നീടാമെന്നോയുള്ളൂ കേവലം നിങ്ങൾക്കിതു
നന്നല്ലെന്നവരോടു ചൊല്ലുവാനാളില്ലല്ലോ.

രാജനീതി.

ഭൂപതി ഭൂമിതന്നെ ധർമ്മേണ രക്ഷിക്കേണം
പാപകർമ്മങ്ങൾ ചെയ്തീടാതെ വാഴുകയും വേണം

അമർഷം=കോപം. ചീറ്റം=കോപം. ശില്പം=ഗുണം. ധിക്കൃതി=ധിക്കാരം.

ദുന്നയകൃതന്മാർ=ദുന്നയം ചെയ്യുന്നവർ. അനഹം=പാതിവായും. ശരീരാർത്ഥങ്ങളിടയിട്ടു=ശരീരത്തിനും ധനത്തിനുംവേണ്ടി.

രാജാവിനുടെ ഗുണംകൊണ്ടു തൽപ്രജകൾക്കു
യോഗ്യതയുണ്ടാകേണം നല്ലതു മൊല്ലീടേണം;
കർമ്മണാ വാചാ മനസാ നൃപഗുണങ്ങളാൽ
മമതപമുണ്ടാകേണം മത്സരവിഹീനനായ്
പക്ഷഭേദത്തെത്തുടങ്ങിടിന നൃപന്മാരെ—
ത്തൽക്ഷണം ത്യജിച്ചീടും പ്രജകളറിയേണം.

ശ്രീമഹാഭാഗവതം

വർണ്ണന

(സാമാന്യം)

രാമാവതാരം.

ഗർഭചിഹ്നങ്ങളെല്ലാം വർദ്ധിച്ചുവരുന്തോറു-
മുൾപ്രേമം കൂടെക്കൂടെ വർദ്ധിച്ചു നൃപേന്ദ്രനും;
തൽപ്രണയിനിമാർക്കുള്ളാഭരണങ്ങൾപോലെ
വിപ്രാദിപ്രജകൾക്കും ഭൂമിക്കും ദേവകൾക്കും
അല്പമായ് ചമഞ്ഞിതു സന്താപം ദിനന്തോറു-
മല്പഭാഷിണിമാർക്കു വർദ്ധിച്ചു തേജസ്സേറ്റം.
സീമന്തപുംസവനാദിക്രിയകളും ചെയ്തു
കാമാന്തദാനങ്ങളും ചെയ്തിതു നരവീരൻ
ഗർഭവും പരിപൂർണ്ണമായ് ചമഞ്ഞതുകാല-
മർഭകന്മാരും നാൽവർ പിറന്നാരുടനുടൻ;
ഉച്ചത്തിൽ പഞ്ചഗ്രഹം നിൽക്കുന്ന കാലത്തിങ്ക-
ലച്യുതനയോദ്ധ്യയിൽ കൌസല്യാത്മജനായാൻ
നക്ഷത്രം പുനർവ്വസു നവമിയല്ലോ തിഥി
നക്ഷത്രാധിപനോടു കൂടവേ ബൃഹസ്പതി

നൃപേന്ദ്രൻ=ദശരഥരാജാവ്. തൽപ്രണയിനിമാർ=അദ്ദേഹത്തിന്റെ പത്നിമാർ; കൌസല്യ, കൈകേയി, സുമിത്ര. വിപ്രാദിപ്രജകൾ=ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാർ. കാമാന്തദാനങ്ങൾ=മതിയാവോളം ദാനങ്ങൾ. അർഭകന്മാർ=ബാലന്മാർ. പഞ്ചഗ്രഹം=അഞ്ചുഗ്രഹങ്ങൾ; സൂര്യൻ, ചൊവ്വ, വ്യാഴം, ശുക്രൻ, ശനി. പുനർവ്വസു=പുണർതം. നക്ഷത്രാധിപൻ=ചന്ദ്രൻ. ബൃഹസ്പതി=വ്യാഴം.

കക്കടകത്തിലത്യുച്ചസ്ഥിതനായിട്ടല്ലോ
അക്കനുമത്യുച്ചസ്ഥനുദയം കക്കടകം
അക്കജൻ തുലാത്തിലും ഭാഗ്ഗവൻ മീനത്തിലും
വക്രനുമുച്ചസ്ഥനായ് മകരം രാശിതന്നിൽ
നിൽക്കുമ്പോളവതരിച്ചീടിനാൻ ജഗന്നാഥൻ
ദിക്കുകളൊക്കെ പ്രസാദിച്ചിതു ദേവകളും.

മന്ഥരയുടെ ദുർബ്ബോധന.

അപ്പോൾ ത്രിവക്രയാം കുബ്ജയും മാനസേ
കല്പിച്ചുറച്ചുടൻ പ്രാസാദമേറിനാൾ;
വേഗേന ചെന്നോരു മന്ഥരയെക്കണ്ടു
കൈകേയിതാനുമവളോടു ചൊല്ലിനാൾ
"മന്ഥരേ ചൊല്ലു നീ രാജ്യമെല്ലാടവു-
മെന്തൊരു മൂലമലങ്കരിച്ചീടുവാൻ?"
"നാളീകലോചനനാകിയ രാമനു
നാളെയഭിഷേകമുണ്ടെന്നു നിർണ്ണയം
ദുർഭഗേ മൂഢേ മഹാഗർവ്വിതേ കിട-
ന്നെപ്പൊഴും നീയുറങ്ങീടൊന്നറിയാതെ
ഏറിയോരാപത്തു വന്നടുത്തു നിന-
ക്കാരുമൊരു ബന്ധുവില്ലെന്നു നിർണ്ണയം
രാമാഭിഷേകമടുത്ത നാളുണ്ടെടോ!
കുമിനിമാർകുലമൌലിമാണിക്യമേ!"

അക്കൻ=സൂര്യൻ. ഉദയം=ലഗ്നരാശി. അക്കജൻ=ശനി. ഭാഗ്ഗവൻ=ശുക്രൻ. വക്രൻ=ചൊവ്വ. പ്രസാദിച്ചു=തെളിഞ്ഞു.

ത്രിവക്ര=മൂന്നുവളവുള്ളവം. കുബ്ജ=കൂനിയായ മന്ഥര. പ്രാസാദം=രാജഗൃഹം. നാളീകം=താമരപ്പൂവ്.

ഇത്ഥമവൾ ചൊന്നതു കേട്ടു സംഭ്രമി-
ച്ചുത്ഥാനവും ചെയ്തു കേകയപുത്രിയും
ചിത്രമായോരു ചാമീകരനൂപുരം
മിത്തമോദേന നൽകീടിനാളാദരാൽ.
"സന്തോഷമാന്നിരിക്കുന്ന കാലത്തിങ്ക-
ലെന്തൊരു താപമുപഗതമെന്നു നീ
ചൊല്ലുവാൻ കാരണം ഞാനറിഞ്ഞീലതി-
നില്ലൊരവകാശമേതും നിരൂപിച്ചാൽ;
എന്നുടെ രാമകുമാരനോളം പ്രിയ-
മെന്നുള്ളിലാരെയുമില്ല മറേറാക്ക നീ
അത്രയുമല്ല ഭരതനെക്കാൾ മമ
പുത്രനാം രാമനെ സ്നേഹമെനിക്കേറും;
രാമനും കൌസല്യാദേവിയെക്കാളെന്നെ
പ്രേമമേറും ന്യൂനമില്ലൊരു സംശയം
ഭക്തിയും വിശ്വാസവും ബഹുമാനവു-
മിത്ര മറാരെയുമില്ലെന്നറിക നീ;
നല്ല വസ്തുക്കളെനിക്കു തന്നേ മറു
വല്ലവർക്കും കൊടുപ്പൂ മമ നന്ദനൻ
ഇഷ്ടമില്ലാതൊരു വാക്കു പറകയി-
ല്ലൊട്ടുമേ ഭേദമവനില്ലൊരിക്കലും
അശ്രാന്തമെന്നെയത്രേ മടികൂടാതെ
ശുശ്രൂഷചെയ്തു ഞായം പ്രീതിപൂർവ്വകം;

ഉത്ഥാനംചെയ്യുക=എഴുന്നേൽക്കുക. ചിത്രം=വിശേഷപ്പെട്ട തു. ചാമീകരനൂപുരം=സ്വർണ്ണത്തള. ഉപഗതം=വന്നു. ന്യൂനം=തീച്ചു. നന്ദനൻ=പുത്രൻ. അശ്രാന്തം=എപ്പോഴും.

മൂഢേ? നിനക്കെന്തു രാമങ്കൽനിന്നൊരു
പേടിയുണ്ടാവാനവകാശമായതും?
സർവ്വജനപ്രിയനല്ലോ മമാത്മജൻ
നിർവ്വൈരമാനസൻ ശാന്തൻ ദയാപരൻ"
കേകയപുത്രിതൻ വാക്കുകൾ കേട്ടള-
വാകുലചേതസാ പിന്നെയും ചൊല്ലിനാൾ
"പാപേ! മഹാഭയകാരണം കേൾക്ക നീ
ഭൂപതി നിന്നെ വഞ്ചിച്ചതറിഞ്ഞീലേ?
തൽപുത്രനായ ഭരതനേയും ബലാൽ
തൽപ്രിയനായ ശത്രുഘ്നനേയും നൃപൻ
മാതുലനെക്കാണ്മതിന്നായയച്ചതും
ചേതസി കല്പിച്ചുകൊണ്ടതന്നെയിതും;
രാജ്യാഭിഷേകം കൃതം രാമനെങ്കിലോ
രാജ്യാനുഭൂതി സൌമിത്രിക്കു നിർണ്ണയം
ഭാഗ്യമത്രേ സുമിത്രയ്ക്കതും കണ്ടു നി-
ർഭാഗ്യയായോരു നീ ദാസിയായ്നിത്യവും
കൌസല്യതന്നെപ്പരിചരിച്ചീടുക
കൌസല്യാനന്ദനനന്തനെഭ്ഭരതനും
സേവിച്ചുകൊണ്ടു പൊറുക്കെന്നതും വരും
ഭാവിക്കയും വേണ്ട രാജത്വമേതുമേ;
നാട്ടിൽനിന്നാട്ടിക്കളകിലുമാമൊരു
വാട്ടംവരാതെ വധിച്ചീടുകിലുമാം;

ആകുലചേതസാ=മനോദുഃഖത്തോടെ. കല്പിച്ചുകൊണ്ടതന്നെ=കരുതിക്കൂട്ടിത്തന്നെ. കൃതം=ചെയ്യപ്പെട്ടു. സൌമിത്രി=ലക്ഷ്മണൻ. കൌസല്യാനന്ദനൻ=ശ്രീരാമൻ. ഭാവിക്ക=വിചാരിക്ക.

ഉത്സാഹമുണ്ടു നിനക്കെങ്കിലിക്കാലം
തത്സുതന്തന്നെ വാഴിക്കും നരവരൻ
രാമനീരേഴാണ്ടു കാനനവാസവും
ഭൂമിപാലാജ്ഞയാ ചെയ്യുമാറാക്കണം
നാടടക്കം ഭരതന്നും വരുമതി-
പ്രൌഢകീർത്ത്യാ നിനക്കും വസിക്കാം ചിരം.
വേണമെന്നാകിലതിന്നൊരുപായവും
പ്രാണസമേ! തവ ചൊല്ലിത്തരുവൻ ഞാൻ
ധീരതയോടിനി ക്ഷിപ്രമിപ്പോഥം ക്രോധാ-
ഗാരം പ്രവിശ്യ കോപേന കിടക്ക നീ
ആഭരണങ്ങളും പൊട്ടിച്ചെറിഞ്ഞതി-
ശോഭപൂണ്ടോരു കാർകുന്തലഴിച്ചിട്ടു
പൂമേനിയും പൊടികൊണ്ടങ്ങണിഞ്ഞിഹ
ഭൂമിയിൽത്തന്നെ മലിനാംബരത്തോടും
കണ്ണുനീരാലേ മുഖവും മുലകളും
നന്നായ് നനച്ചു കരഞ്ഞു കരഞ്ഞുകൊ-
ണ്ടത്ഥിച്ചുകൊൾക വരദ്വയം ഭൂപതി
സത്യം പറഞ്ഞാലുറപ്പിച്ചു മാനസം"
മന്ഥര ചൊന്നപോലെയതിനേതുമൊ-
രന്തരം കൂടാതെ ചെന്നു കൈകേയിയും

ഭൂമിപാലാജ്ഞയാ=രാജാവിന്റെ കല്പനപ്രകാരം. പ്രാണസമേ=പ്രാണതുല്യേ. ക്ഷിപ്രം=ഉടനെ. ക്രോധാഗാരം=കോപിച്ചിരിക്കാനുള്ള ഗൃഹം. പ്രവിശ്യ=പ്രവേശിച്ച്. മലിനാംബരം=മുഷിഞ്ഞ വസ്ത്രം. അത്ഥിച്ചുകൊൾക=ആവശ്യപ്പെടുക വരദ്വയം=രണ്ടു വരം.

പത്ഥ്യമിതൊക്കെത്തനിക്കെന്നു കല്പിച്ചു
മിത്തമോഹേന കോപാലയം മേവിനാൾ.
കൈകേയി മന്ഥരയോടു ചൊന്നാ"ളിനി
രാഘവൻ കാനനത്തിനു പോവോളവും
ഞാനിവിടെക്കിടന്നീടുവനല്ലായ്കിൽ
പ്രാണനേയും കളഞ്ഞീടുവൻ നിർണ്ണയം
ഭൂപരിത്രാണാർത്ഥമിന്നു ഭരതനു
ഭൂപതി ചെയ്താനഭിഷേകമെങ്കിൽ ഞാൻ
വേറെ നിനക്കു ഭോഗാർത്ഥമായ് നൽകുവൻ
നൂറു ദേശങ്ങളതിനില്ല സംശയം"
"ഏതുമിതിന്നൊരിളക്കം വരായ്കിൽ നീ
ചേതസി ചിന്തിച്ച കാര്യം വരും ദൃഢം"
എന്നു പറഞ്ഞു പോയീടിനാൾ മന്ഥര
പിന്നെയവ്വണ്ണമനുഷ്ഠിച്ചു രാജ്ഞിയും.

സീതയുടെ ശാഠ്യം.

രാഘവനിത്ഥം പറഞ്ഞതു കേട്ടോരു
രാകാശശിമുഖിതാനുമരുൾചെയ്തു
"മുന്നിൽ നടപ്പൻ വനത്തിനു ഞാൻ മമ
പിന്നാലെ വേണമെഴുന്നള്ളുവാൻ ഭവാൻ
ഹന്നെപ്പിരിഞ്ഞുപോകുന്നതുചിതമ-
ല്ലെന്നുകൊണ്ടും ഭവാനെന്നു ധരിക്കണം"

പത്ഥ്യം=ഗുണകരം. കാനനം=കാട്. ഭൂപരിത്രാണാർത്ഥം=ഭൂമി രക്ഷിക്കാൻ. ഭോഗാർത്ഥം=അനുഭവത്തിനു്.

രാഘവൻ=ശ്രീരാമൻ. രാകാശശിമുഖി=പൂർണ്ണചന്ദ്രമുഖി=സീത.

കാകുൽസ്ഥനും പ്രിയവാദിനിയാകിയ
നാഗേന്ദ്രഗാമിനിയോടു ചൊല്ലീടിനാൻ
"എങ്ങനെ നിന്നെ ഞാൻ കൊണ്ടുപോകുന്നതു
തിങ്ങി മരങ്ങളും നിറഞ്ഞ വനങ്ങളിൽ?
ഘോരസിംഹവ്യാഘ്രസൂകരസൈരിഭ-
വാരണവ്യാളഭല്ലൂകവൃകാദികൾ
മാനുഷഭോജികളായുള്ള രാക്ഷസർ
കാനനാന്തന്നിൽ മറവും ദുഷ്ടജന്തുക്കളും
സംഖ്യയില്ലാതോളമുണ്ടവറെക്കണ്ടാൽ
സങ്കടംപൂണ്ട ഭയമാം നമുക്കെല്ലാം
നാരീജനത്തിനെല്ലാം വിശേഷിച്ചുമൊ-
ട്ടേറെയുണ്ടാം ഭയമെന്നറിഞ്ഞീടേടോ!
മൂലഫലങ്ങളും കടുമധുകഷായങ്ങളും
ബാലേ! ഭുജിപ്പതിനാകുന്നതും തത്ര
നിർമ്മലവ്യഞ്ജനപൂപാന്നപാനാദി
സന്മധുക്ഷീരങ്ങളില്ലൊരു നേരവും;

കാകുൽസ്ഥൻ=ശ്രീരാമൻ. പ്രിയവാദിനി=ഇഷ്ടം പറയുന്നവൾ. നാഗേന്ദ്രഗാമിനി=ആനയെപ്പോലെ ചന്തത്തിൽ നടക്കുന്നവൾ. വ്യാഘ്രം=പുലി. സൂകരം=പന്നി. സൈരിഭം=കാട്ടുപോത്ത്. വാരണം=ഗജം. വ്യാളം=സർപ്പം. ഭല്ലൂകം=കരടി. വൃകം=ചെന്നായ. മാനുഷഭോജികൾ=മനുഷ്യരെ തിന്നുന്നവർ. മൂലഫലങ്ങൾ=കിഴങ്ങുകളും കായ്കളും. കടുമധുകഷായങ്ങൾ=എരുവും പുളിയും ചവർപ്പുമുള്ളവ. നിർമ്മലം=നല്ലത്. വ്യഞ്ജനങ്ങൾ=കറികൾ. പൂപം=അപ്പം. സന്മധുക്ഷീരങ്ങൾ=നല്ല തേനും പാലും.

നിമ്നോന്നതഗ്രഹാഗഹചരശക്കരാ-
ദുമ്മാർഗ്ഗമെത്രയും കണ്ടകവൃന്ദവും
നേരെ പെരുവഴിയുമറിയാവത-
ല്ലാരെയും കാണ്മാനുമില്ലറിഞ്ഞീടുവാൻ
ശീതവാതാതപപീഡയും പാരമാം
പാദചാരേണ വേണം നടന്നീടുവാൻ;
ദുഷ്ടരായുള്ളോരു രാക്ഷസരെക്കണ്ടാ-
ലൊട്ടും പൊറുക്കയില്ലാക്രമറികെടോ!
എന്നുടെ ചൊല്ലിനാൽ മാതാവുതന്നെയും
നന്നായ്പരിചരിച്ചിങ്ങിരുന്നീടുക
വന്നീടുവൻ പതിന്നാലു സംവത്സരം
ചെന്നാലതിന്നുടനില്ലൊരു സംശയം"
ശ്രീരാമവാക്കു കേട്ടോരു വൈദേഹിയു-
മാത്രുഢതാപേന പിന്നെയും ചൊല്ലിനാൾ
"നാഥ! പതിവ്രതയാം ധർമ്മപത്നി ഞാ-
നാധാരവുമില്ല മറ്റൊന്നിക്കാരുമേ
ഏതുമേ ദോഷവുമില്ല ദയാനിധേ!
പാദശുശ്രൂഷാവ്രതം മുടക്കായ്ക മേ;
നിന്നുടെ സന്നിധൌ സന്തതം വാണീടു-
മെന്നെ മാറാക്കാനും പീഡിച്ചുകൂടുമോ?

നിമ്നോന്നതഗ്രഹാഗഹചരങ്ങളും=താണും ഉയർന്നുമുള്ള ഗ്രഹകളും. ശക്കര=ചരൽക്കല്ല്. കണ്ടകം=മുള്ള്. ശീതവാതാതപങ്ങളും=തണുപ്പും കാറ്റും വെയിലും. പാദചാരേണ=കാൽനടയായി. വൈദേഹി=സീത. ആത്രുഢതാപേന=വർദ്ധിച്ച ദുഃഖത്താൽ. ആധാരം=രക്ഷ.

വല്ലതും മൂലഫലജലാഹാരങ്ങൾ
വല്ലതോച്ഛിഷ്ടമെനിക്കമൃതോപമം;
ഭർത്താവുതന്നോടുകൂടെ നടക്കുമ്പൊ-
ളെത്രയും കുത്തുമുത്തുള്ള കല്ലും മുള്ളും
പുഷ്പാസ്തരണതുല്യങ്ങളെനിക്കതും
പുഷ്പബാണോപമ! നീ വെടിഞ്ഞിടൊലാ;
ഏതുമേ പീഡയുണ്ടാകയില്ലെന്മൂലം
ഭീതിയുമേതുമെനിക്കില്ല ഭർത്താവേ!
കശ്ചിൽ ദ്വിജൻ ജ്യോതിശ്ശാസ്ത്രവിശാരദൻ
നിശ്ചയിച്ചെന്നോടു പണ്ടരുളിച്ചെയ്തു
'ഭർത്താവിനോടു വനത്തിൽ വസിപ്പതി-
നെത്രയും ഭവതിക്കു സംശയമില്ലേതും'
ഇത്ഥം പുരൈവ ഞാൻ കേട്ടിരിക്കുന്നിതു
സത്യമിതിന്നിയുമെന്നു ചൊല്ലീടുവൻ
രാമായണങ്ങൾ പലതും കവിവര-
രാമോദമോടു പറഞ്ഞുകേൾപ്പുണ്ടു ഞാൻ
ജാനകിയോടു കൂടാതേ രഘുവരൻ
കാനനവാസത്തിനെന്നു പോയിട്ടുള്ളൂ?
ഉണ്ടോ പുരുഷൻ പ്രകൃതിയെ വേറിട്ടു
രണ്ടുമൊന്നായ് വിചാരിച്ചു കാണുകിലോ

വല്ലതോച്ഛിഷ്ടം=ഭർത്താവിന്റെ കഴിഞ്ഞു ബാക്കിയുള്ളത്. പുഷ്പാസ്തരണം=പൂവിരിപ്പ്. പുഷ്പബാണോപമ=കാമതുല്യ! കശ്ചിൽ=ഒരു. ജ്യോതിഃശാസ്ത്രവിശാരദൻ=ജ്യോതിഷപണ്ഡിതൻ. പുരൈവ=പണ്ടതന്നെ.

പാണിഗ്രഹണമന്ത്രാർത്ഥവുമോർക്കണം
പ്രാണാവസാനകാലത്തും പിരിയുമോ?
എന്നിരിക്കെപ്പുനരെന്നെയുപേക്ഷിച്ചു
തന്നോ വനത്തിനായ്ക്കൊണ്ടെഴുന്നള്ളുകിൽ
എന്നുമെൻ പ്രാണപരിത്യാഗവും ചെയ്ത-
നിന്നുതന്നോ നിന്തിരുവടിതന്നാണേ"
എന്നിങ്ങനെ ദേവി ചൊന്നതു കേട്ടോരു
മന്നവൻ മന്ദസ്മിതം പൂണ്ടരുൾചെയ്തു
"എങ്കിലോ വല്ലഭേ പോരിക വൈകാതെ
സങ്കടമിന്നിതു ചൊല്ലിയുണ്ടാകേണ്ട."

കപടഭിക്ഷു

അന്തരം കണ്ട ദശകന്ധരൻ മദനബാ-
ണാന്ധനായവതരിച്ചീടിനാനവനിയിൽ
ജടയും വല്ക്കലവും ധരിച്ച സന്ന്യാസിയാ-
യുടജാങ്കണേ വന്നുനിന്നിതു ദശാസ്യനും;
ഭിക്ഷുവേഷത്തെപ്പൂണ്ട രക്ഷോനാഥനെക്കണ്ടു
തൽക്ഷണം മായാസീതാദേവിയും വിനിതയായ്
നത്വാ സമ്പൂജ്യ ഭക്ത്യാ ഫലമൂലാദികളും
ദത്വാ സ്വാഗതവാക്യമുക്ത്വാ പിന്നെയും ചൊന്നാൾ

പാണിഗ്രഹണമന്ത്രാർത്ഥം=വിവാഹമന്ത്രത്തിന്റെ അർത്ഥം. അന്തരം=അവസരം. ദശകന്ധരൻ=രാവണൻ. മദനൻ=കാമൻ. അവതരിക്കുക=ഇറങ്ങുക. അവനി=ഭൂമി. വല്ക്കലം=മരവുരി. ഉടജാങ്കണം=പർണ്ണശാലയുടെ മുറ്റത്ത്. ദശാസ്യൻ=രാവണൻ. രക്ഷോനാഥൻ=രാക്ഷസാധിപതി. നത്വാ=നമസ്കരിച്ച്. സമ്പൂജ്യ=പൂജിച്ച്. ദത്വാ=കൊടുത്ത്. ഉക്ത്വാ=പറഞ്ഞ്.

"അത്രൈവ ഫലമൂലാദികളും ഭുജിച്ചുകൊ-
ണ്ടിത്തിരി നേരമിരുന്നീടുക തപോനിധേ!
ഭർത്താവും വരുമിപ്പോൾ തൽപ്രിയമെല്ലാം ചെയ്യും
ക്ഷുത്തൃഡാദിയും തീർത്തു വിശ്രമിച്ചാലും ഭവാൻ"
ഇത്തരം മായാസീതാമുദ്ധാലാപങ്ങൾ കേട്ടു
സത്വരം ഭിക്ഷുരൂപി സസ്മിതം മോദ്യംചെയ്താൻ
"കമലവിലോചനേ കമനീയാംഗി! നീയാ-
രമലേ ചൊല്ലീടു നിൻ കമിതാവാരെന്നതും
നിശ്ചരജാതികളാം രാക്ഷസരാദിയായ
ദുഷ്ടജന്തുക്കളുള്ള കാനനഭൂമിതന്നിൽ
നീയൊരു നാരീമണി താനേ വാഴുന്നതെന്തൊ-
രായുധപാണികളുമില്ലല്ലോ സഹായമായ്;
നിന്നുടെ പരമാർത്ഥമൊക്കവേ പറഞ്ഞാൽ ഞാ-
നെന്നുടെ പരമാർത്ഥം പറയുന്നുണ്ടു താനും"
മേദിനീസുതയതു കേട്ടരചെയ്തീടിനാൾ
"മേദിനീപതിവരനാമയോദ്ധ്യാധിപതി
വാട്ടമില്ലാത ദശരഥനാം നൃപാധിപ-
ജ്യേഷ്ഠനന്ദനനായ രാമനത്ഭുതവീര്യൻ-
തന്നുടെ ധർമ്മപത്നി ജനകാത്മജ ഞാനോ
ധന്യനാമനുജനും ലക്ഷ്മണനെന്നു നാമം;
ഞങ്ങളും മൂവരും പിതൃരാജ്ഞയാ തപസ്സിനാ-
യിങ്ങു വന്നിരിക്കുന്നു ദണ്ഡകവനാന്തന്നിൽ

അത്രൈവ=ഇവിടെത്തന്നെ. ക്ഷുത്തൃഡാദി=വിശപ്പ് ദാഹം തുടങ്ങിയത്. കമിതാവ്=ഭർത്താവ്. കാനനം=കാട്. മേദിനീസുത=സീത. മേദിനീപതിവരൻ=രാജശ്രേഷ്ഠൻ. പിതൃ ആജ്ഞയാ= അച്ഛന്റെ നിയോഗത്താൽ.

പതിനാലാണ്ടു കഴിവോളവും വേണ്ടാനാ-
മതിനു പാത്തിട്ടുനു സത്യമെന്നറിഞ്ഞാലും;
നിന്തിരുവടിയെ ഞാനറിഞ്ഞീലെതും പുന-
രെന്തിനായെഴുന്നള്ളീ പൊല്ലേണം പരമാർത്ഥം"
"എങ്കിലോ കേട്ടാലും നീ മംഗലശീലേ ബാലേ!
പങ്കജവിലോചനേ പഞ്ചബാണാധിവാസേ!
പൌലസ്ത്യതനയനാം രാക്ഷസരാജാവു ഞാൻ
ത്രൈലോക്യത്തിങ്കലെന്നെയാരറിയാതെയുള്ളൂ?
നിമ്മലേ! കാമപരിതപ്തനായ് ചമഞ്ഞു ഞാൻ
നിന്മൂലമതിനു നീ പോരണം മയാ സാകം;
ലങ്കയാം രാജ്യം വാനോർനാട്ടിലും മനോഹരം
കിങ്കരനായേൻ തവ ലോകസുന്ദരി നാഥേ!
താപസവേഷം പൂണ്ട രാമനാലെന്തു ഫലം
താപമൊക്കെക്കൊണ്ടു കാട്ടിലിങ്ങനെ നടക്കേണ്ട;
ശരണാഗതനായോരെന്നെ നീ ഭജിച്ചാലു-
മരുണാധരി മഹാഭോഗങ്ങളും ഭുജിച്ചാലും"
രാവണവാക്യമേവം കേട്ടതിഭയത്തോടും
ഭാവവൈവർണ്ണ്യംപൂണ്ടു ജാനകി പൊന്നാൾ മന്ദം
"കേവലമടുത്തിതു മരണം നിനക്കിപ്പോ-
ളേവം നീ പൊല്ലുന്നാകിൽ ശ്രീരാമദേവനന്നാൽ

പഞ്ചബാണാധിവാസേ=കാമന്റെ പാപ്പിടമേ! പൌലസ്ത്യതനയൻ=വിശ്രവസ്സുമഹർഷിയുടെ പുത്രൻ. മയാ സാകം=എന്നോടുകൂടെ. വാനോർനാട്ടിലും=സ്വർഗ്ഗത്തേക്കാളും. അരുണാധരി=സുന്ദരി!, മഹാഭോഗങ്ങളും=മഹാസുഖങ്ങളും. ഭാവവൈവർണ്ണ്യം=കോപം.

സോദരനോടുംകൂടി വേഗത്തിൽ വരുമിപ്പോൾ
മേദിനീപതി മമ ഭർത്താ ശ്രീരാമചന്ദ്രൻ
തൊട്ടുകൂട്ടുമോ ഹരിപതിയെ ശശത്തിനു
കഷ്ടമായുള്ള വാക്കു മൊല്ലാതെ മൂഢാത്മാവേ!
രാമബാണങ്ങൾകൊണ്ടു മാറിടം പിളർന്നു നീ
ഭൂമിയിൽ വീഴ്വാനുള്ള കാരണമിതു നൂനം"
ഇങ്ങനേ സീതാവാക്യം കേട്ടു രാവണനേറ്റം
തിങ്ങീടും ക്രോധംപൂണ്ടു മൂർച്ഛിതനായന്നേരം
തന്നുടെ രൂപം നേരേ കാട്ടിനാൻ മഹാഗിരി-
സന്നിഭം ദശാനനം വിംശതിമഹാഭുജം
അഞ്ജനശൈലാകാരം കാണായനേരമുള്ളി-
ലഞ്ജസാ ഭയപ്പെട്ടു വനദേവതമാരും;
രാഘവപത്നിയേയും തേരതിലെടുത്തു വ-
ച്ചാകാശമാർഗ്ഗേ ശീഘ്രം പോയിതു ദശാസ്യനും.

ബലപരീക്ഷ

"ദുന്ദുഭിതന്റെ തലയിതു കാണൊരു
മന്ദരംപോലെ കിടക്കുന്നതു ഭവാൻ,
ഇന്നിതെടുത്തെറിഞ്ഞീടുന്ന ശക്തനു
കൊന്നുകൂടും കപിവീരനെ നിർണ്ണയം"
എന്നതു കേട്ടു മിരിച്ചു രഘൂത്തമൻ
തന്നുടെ തൃക്കാൽപ്പെരുവിരൽകൊണ്ടതു

ഹരി=സിംഹം. ശശം=മുയൽ. മൂർച്ഛിതൻ=ക്ഷോഭിച്ചവൻ. മഹാഗിരിസന്നിഭം=വലിയ മലപോലുള്ളത്. ദശാനനം=പത്തു മുഖമുള്ളത്. വിംശതിമഹാഭുജം=ഇരുപതു നീണ്ട കയ്യുള്ളത്. അഞ്ജനശൈലാകാരം=അഞ്ജനപർവ്വതംപോലുള്ളത്. അഞ്ജസാ=പെട്ടെന്നു. കപിവീരനെ=വാനരശ്രേഷ്ഠനായ ബാലിയെ.

തന്നെയെടുത്തു മേൽപ്പോട്ടെറിഞ്ഞീടിനാൻ
മെന്നുവീണ ദശയോജനപയ്യന്തം;
എന്നതു കണ്ടു തെളിഞ്ഞു സുഗ്രീവനും
തന്നുടെ മന്ത്രികളും വിസ്മയപ്പെട്ടു
നന്നു നന്നെന്നു പുകഴ്ന്നു പുകഴ്ന്നവർ
നന്നായ് തൊഴുതു തൊഴുതു നിന്നീടിനാർ;
പിന്നെയുമക്കാത്മജൻ പറഞ്ഞീടിനാൻ
"മന്നവ! സപ്തസാലങ്ങളിവയല്ലോ,
ബാലിക്കു മൽപിടിച്ചീടുവാനായുള്ള
സാലങ്ങളേഴുമിവയെന്നറിഞ്ഞാലും
വൃത്രാരിപുത്രൻ പിടിച്ചിളക്കുന്നേരം
പത്രങ്ങളെല്ലാം കൊഴിഞ്ഞുപോമേഴിനും;
വട്ടത്തിൽ നിൽക്കുമിവറെയൊരമ്പെയ്തു
പൊട്ടിക്കിൽ ബാലിയെക്കൊല്ലായ്കയുമുദ്ധം"
സൂര്യാത്മജോക്തികളീദൃശം കേട്ടോരു
സൂര്യാനപായോൽഭ്രതനാകിയ രാമനും
ചാപം കുഴിയെക്കുലച്ചൊരു സായകം
ശോഭയോടേ തൊടുത്തെയ്തരുളീടിനാൻ;

ദശയോജനപയ്യന്തം=പത്തു യോജന ദൂരെ. അക്കാത്മജൻ=സുഗ്രീവൻ. സപ്തസാലങ്ങൾ=ഏഴു വന്മരങ്ങൾ. വൃത്രാരിപുത്രൻ=ബാലി. പത്രങ്ങൾ=ഇലകൾ. വട്ടത്തിൽ നിൽക്കും=നേരെ വരിയായിട്ടല്ലാതെ വട്ടത്തിൽ. സപ്തസാലങ്ങൾ വട്ടത്തിലാണ് നിൽക്കുന്നതെന്നു കമ്പരാമായണത്തിലുണ്ട്. സൂര്യാത്മജോക്തികൾ=സുഗ്രീവവാക്യങ്ങൾ. ഈദൃശം=ഇതരം. സൂര്യാനപായോൽഭ്രതൻ=സൂര്യവംശത്തിൽ ജനിച്ചവൻ. ചാപം=വില്ല്. സായകം=അമ്പ്.

സാലങ്ങളേഴും പിളന്നു പുറപ്പെട്ട
ശൈലവും ഭൂമിയും ഭേദിച്ചു പിന്നെയും
ബാണം ജ്വലിച്ചു തിരിഞ്ഞുവന്നാശു തൻ
തൂണീരമമ്പോടു പുക്കോരനന്തരം
വിസ്മിതനായോരു ഭാനുതനയനും
സസ്മിതം കൂപ്പിത്തൊഴുതു മൊല്ലീടിനാൻ
"സാക്ഷാൽ ജഗന്നാഥനാം പരമാത്മാവു
സാക്ഷിഭൂതൻ നിന്തിരുവടി നിർണ്ണയം,
പണ്ടു ഞാൻ ചെയ്തോരു പുണ്യഫലോദയം—
കൊണ്ടു കാണ്മാനുമെനിക്കു യോഗം വന്നു."

മുഷ്ടിയുദ്ധം

പല്ലും കടിച്ചലറിക്കൊണ്ടു ബാലിയും
നില്ലു നില്ലെന്നണഞ്ഞോരു നേരം തദാ
മുഷ്ടികഠംകൊണ്ടു താഡിച്ചിതു ബാലിയെ
രുഷ്ടനാം ബാലി സുഗ്രീവനേയും തഥാ;
മുഷ്ടി ചുരുട്ടി പ്രഹരിച്ചിരിക്കവേ
കെട്ടിയും കാൽകൈ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
കൊട്ടിയുമേറ്റം പിടിച്ചു കടിച്ചുമ—
ങ്ങൂറത്തിൽ വീണും പുരണ്ടുമുരുണ്ടുമു—
ച്ചീറ്റം കലർന്നു നഖംകൊണ്ടു മാന്തിയും;

ഭേദിച്ചു=പിളർന്നു. തൂണീരം=ആവനാഴി. ഭാനുതനയൻ=സുഗ്രീവൻ. താഡിച്ചിതു=അടിച്ചു. രുഷ്ടൻ=കോപിച്ചവൻ. ചീറ്റം=കോപം.

മാടിപ്പതിക്കയും കൂടെക്കുതിക്കയും
മാടിത്തടുക്കയും കൂടെക്കൊടുക്കയും
ഓടിക്കഴിക്കയും വാടിവിയക്കയും
മാടി വിളിക്കയും കോപിച്ചടുക്കയും
ഊടേ വിയക്കയും നാഡികാ മീക്കയും;
മുഷ്ടിയുദ്ധപ്രയോഗം കണ്ടു നില്പവർ—
ദൃഷ്ടി കൂളുക്കയും വാഴ്ത്തി സ്തുതിക്കയും
"കാലനും കാലകാലന്താനുമുള്ള പോർ
ബാലിസുഗ്രീവയുദ്ധത്തിനൊവ്വാ ദൃഢം;
രണ്ടു സമുദ്രങ്ങൾ തമ്മിൽ പൊരുമ്പോലെ
രണ്ടു ശൈലങ്ങൾ തമ്മിൽ പൊരുമ്പോലെയും"
കണ്ടവരാത്തു കൊണ്ടോടിപ്പുകഴ്ത്തിയും
കണ്ടീല വാട്ടമൊരുത്തനുമേതുമേ.

ലങ്കാദഹനം

പവനജനുമതികൃശശരീരനായിടിനാൻ
പാശവുമപ്പോൾ ശിഥിലമായ്വന്നിതു;
ബലമൊടവനതിചപലമചലനിഭഗാത്രനായ്
ബന്ധവും വേർപെട്ട മേൽപ്പോട്ട പൊങ്ങിനാൻ
പരമഗിരിഗോപുരാഗ്രേ വായുവേഗേന
പാടിനാൻ വാഹകന്മാരെയും കൊന്നവൻ;

കാലകാലൻ=ശിവൻ. ഒവ്വാ=ഒക്കുകയില്ല. പവനജൻ=ഹനുമാൻ. പാശം=കയറ്. ശിഥിലം=അയഞ്ഞത്. അതിചപലം=അതിവേഗം. അചലനിഭഗാത്രൻ=പർവ്വതതുല്യശരീരൻ. ബന്ധം=കെട്ട്. പരമഗിരിഗോപുരാഗ്രേ=പർവ്വതംപോലുള്ള പടിഞ്ഞാറെ ഗോപുരത്തിന്റെ മുകളിൽ. വാഹകന്മാർ=തന്നെ ചുമക്കുന്നവർ.

ഉഡുപതിയൊടുരസുമളവുയരമിയലുന്ന ര-
ത്നൌഘസൌധാഗ്രമേറി മേവിടിനാൻ
ഉദവസിതനികരമുടനുടനുപരി വേഗമോ-
ടുൽപ്ലുത്യ പിന്നെയുമുൽപ്ലുത്യ സത്വരം
കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചു കത്തിച്ചു വർദ്ധിച്ചിതഗ്നിയും;
പ്രകൃതിചപലതയൊടവനചലമോരോ മണി-
പ്രാസാദജാലങ്ങൾ ചുട്ടുതുടങ്ങിനാൻ
ഗജതുരഗരഥബലപദാതികഠംപംക്തിയും
ഗമ്യങ്ങളായുള്ള രമ്യഹർമ്മ്യങ്ങളും;
അനലശിഖകളുമനിലസുതഹൃദയവും തെളി-
ഞ്ഞാഹന്ത! വിഷ്ണുപദം ഗമിച്ചു തദാ
വിബുധപതിയൊടു നിശിചരാലയം വെന്തോരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നു മെന്നു മുദാ;

ഉഡുപതി=ചന്ദ്രൻ. സൌധാഗ്രം=മാളികയുടെ മോന്തായം. ഉദവസിതനികരം=ഗൃഹനിര. ഉൽപ്ലുത്യ=ചാടിയിട്ട്. കനകമണിമയനിലയം=സ്വർണ്ണരത്നഗൃഹം. അനിലാത്മജൻ=ഹനുമാൻ. അചലം=പേടികൂടാതെ. ഗജതുരഗരഥബലം=ആനകുതിരതേർപ്പട. പദാതികഠംപംക്തി=കാലാൾനിര. ഗമ്യങ്ങളം=പൊന്നു കാണേണ്ടുന്നവ. ഹർമ്മ്യങ്ങളം=ധനികഗൃഹങ്ങളം അനലശിഖകളം=അഗ്നിജ്വാലകളം. വിഷ്ണുപദം=ആകാശം, ശ്രീരാമപാദം എന്നു രണ്ടർത്ഥം. വിബുധപതി=ദേവേന്ദ്രൻ. നിശിചരാലയം=രാക്ഷസവസതിയായ ലങ്ക. അഹമഹമികാധിയാ=ഞാൻ മുമ്പെ ഞാൻ മുമ്പെ എന്ന വിചാരത്തോടെ. പാവകജ്വാലകളം=അഗ്നിജ്വാലകളം. അംബരം=ആകാശം.

ഭുവനതലഗതവിമലദിവ്യരത്നങ്ങളാൽ
ഭൃതിപരിപൂർണ്ണയായുള്ള ലങ്കയും
പുനരനിലസുതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൃതിപരിപൂർണ്ണമായ്വന്നിതത്ഭുതം;
ദശവദനസഹജഗൃഹമെന്നിയേ മറ്റുള്ള
ദേവാരിഗേഹങ്ങൾ വെന്തുകൂടീ ജവം
രഘുകുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം;
കനകമണിമയനിലയനിചയമത്ര വെന്തൊരോ
കാമിനീവർഗ്ഗം വിലാപം തുടങ്ങിനാർ
ചികുരഭരവസനചരണാദികൾ വെന്താശു
ജീവനം പേർപെട്ട ഭ്രമൌ പതിക്കയും
ഉടലുരുകിയുരുകിയുടനുഴറിയലറിപ്പാഞ്ഞു-
മുന്നതമായ സൌധങ്ങളിലേറിയും
ദഹനനുടനവിടെയുമടുത്തു ദഹിപ്പിച്ചു
താഴത്തു വീണു പിടഞ്ഞു മരിക്കയും
"മമ തനയ! രമണ! ജനക! പ്രാണനാഥ! ഹാ
മാമകം കർമ്മമയ്യോ വിധി ദൈവമേ!

ഭൃതിപരിപൂർണ്ണം=ഐശ്വര്യപൂർണ്ണം, വെണ്ണീറു നിറഞ്ഞതു് എന്നു രണ്ടർത്ഥം. ദശവദനസഹജൻ=വിഭീഷണൻ. ദേവാരിഗേഹങ്ങൾ=രാക്ഷസഗൃഹങ്ങൾ. ജവം=വേഗത്തിൽ. മാരുതി=ഹനുമാൻ. നിലയനിചയം=ഗൃഹനിര. കാമിനീവർഗ്ഗം=സ്ത്രീവർഗ്ഗം. ചികുരഭരം=കനത്ത തലമുടി. വസനം=വസ്ത്രം ചരണം=കാൽ. ആശു=വേഗത്തിൽ. ദഹനൻ=തീ. രമണ=ഭർത്താവേ!

മരണമുടനടുക്കുകി മുകി വരികെന്നാതു
മാറുവാനാരുമില്ലയ്യോ ശിവ ശിവ!
ദുരിതമിതു രജനിചരവരവിരചിതം ദുഢം
മറെറാരു കാരണമില്ലിതിനേതുമേ;
പരധനവുമമിതപരദാരങ്ങളും ബലാൽ
പാപി ദശാസ്യൻ പരിഗ്രഹിച്ചാൻ തുലോം
അറികിലനുചിതമതിമദേന ചെയ്തീടായ്കി-
നാരുമതിൻെറ ഫലമിതു നിർണ്ണയം;
മനുജതരുണിയെയൊരു മഹാപാപി കാമിച്ചു
മറവുള്ളവക്രമാപത്തായിതിങ്ങനെ
സുകൃതദുരിതങ്ങളും കായ്മകായ്മവും
സൂക്ഷിച്ചു ചെയ്കകൊള്ളേണം ബുധജനം;
മദനശരപരവശതയൊട്ടു മപലനായിവൻ
മാഹാത്മ്യമുള്ള പതിവ്രതമാരെയും
കരബലമൊടനുദിനമണഞ്ഞു പിടിച്ചതി-
കാമി ചാരിത്രഭംഗം വരുത്തീടിനാൻ,
അവർമനസി മരുവിന തപോമയപാവക-
നദ്യ രാജ്യേ പിടിപെട്ടതു കേവലം"
നിശിചരികാം പലവിധമൊരോന്നേ പറകയും
നിൽക്കും നിലയിലേ വെന്തു മരിക്കയും

മറുകി=കഷ്ടപ്പെട്ട്. രജനിചരവരവിരചിതം=രാവണൻ ഉണ്ടാക്കിത്തീർത്തത്. പരദാരങ്ങൾ=അന്യൻെറ ഭാര്യമാർ. അതിമദേന=മൂഴുത്ത ഗർവ്വത്താൽ. മനുജതരുണി=മനുഷ്യസ്ത്രീ. ബുധജനം=അറിവുള്ളവർ. മദനൻ=കാമൻ. ചാരിത്രം=പാതിവ്രത്യം. തപോമയപാവകൻ=തപസ്സാകുന്ന അഗ്നി. അദ്യ=ഇന്നു്. നിശിചരികാം=രാക്ഷസിക്കും.

ശരണമിഹ കിമിതി പലവഴിയുമുടനോടയും
ശാഖികൾ വെന്തു മുറിഞ്ഞുടൻ വീഴുകയും
രഘുകുലവരേഷ്ടഭൂതൻ ത്രിയാമാചര-
രാജ്യമെഴുനൂറുയോജനയും ക്ഷണാൽ
സരസബഹുവിഭവയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും.

രാവണന്റെ പടപുറപ്പാട്

ആരെയും പോരിന്നയയ്ക്കുന്നതില്ലിനി
നേരേ ചൊരുതു ജയിക്കുന്നതുണ്ടല്ലോ
നമ്മോടു കൂടെയുള്ളാർകളം പോന്നീടുക
നമ്മുടെ തേരും വരുത്തുകെന്നാനവൻ,
വെണ്മതിപോലെ കുടയും പിടിപ്പിച്ചു
പൊന്മയമായോരു തേരിൽ കരേറിനാൻ;
ആലവട്ടങ്ങളും വെഞ്ചാമരങ്ങളും
നീലത്തഴകളും മുത്തുക്കുടകളും
ആയിരം വാജികളെക്കൊണ്ടു പൂട്ടിയ
വായുവേഗം പൂണ്ട തേരിൽ കരയേറി
മേരുശിഖരങ്കൾപോലെ കിരീടങ്കൾ
ഹാരങ്ങളാദിയാമാഭരണങ്ങളും
പത്തു മുഖവുമിരുപത്തു കൈകളും
ഹസ്തങ്ങളിൽ ചാപബാണായുധങ്ങളും

കിമിതി=എന്തെന്നു്. ശാഖികൾ=മരങ്ങൾ. ത്രിയാമാചരരാജ്യം=രാക്ഷസരാജ്യം. പാവകദേവൻ=അഗ്നിഭഗവാൻ.

വാജികൾ=കുതിരകൾ. ഹസ്തങ്ങൾ=കൈകൾ.

നീലാദ്രിപോലെ നിശാചരനായകൻ
കോലാഹലത്തോടുകൂടെപ്പുറപ്പെട്ടാൻ;
ലങ്കയിലുള്ള മഹാരഥന്മാരെല്ലാം
ശങ്കാരഹിതം പുറപ്പെട്ടിതന്നേരം
മക്കളും മന്ത്രികാം തമ്പിമാരും മരു-
മക്കളും ബന്ധുക്കളും സൈന്യപാലരും
തിക്കിത്തിരക്കി വടക്കുഭാഗത്തുള്ള
മുഖ്യമാം ഗോപുരത്തുടേ തെരുതെരെ.

രാമരാവണയുദ്ധം

ഇത്ഥം പറഞ്ഞു യുദ്ധത്തിന്നൊരുമ്പെട്ട
ബദ്ധമോദം പുറപ്പെട്ടിതു രാവണൻ
മൂലബലാദികാം സംഗരത്തിന്നു തൽ-
ക്കാലേ പുറപ്പെട്ടു വന്നിതു ഭൂതലേ
ലങ്കാധിപനു സഹായമായ്വേഗേന
സംഖ്യയില്ലാതെ ചതുരംഗസേനയും
പത്തു പടനായകന്മാരുമൊന്നിച്ചു
പത്തുകഴുത്തനെക്കൂപ്പിപ്പുറപ്പെട്ടാർ,
വാരിധിപോലെ പരന്നു വരുന്നതു
മാരുതിമുമ്പാം കപികാം കണ്ടെത്രയും
ഭീതി മുഴുത്തു വാങ്ങീടുന്നതു കണ്ടു
നീതിമാനാകിയ രാമനും ചൊല്ലിനാൻ

നീലാദ്രി=നീലമല. നിശാചരനായകൻ=രാക്ഷസാധിപതി. ബദ്ധമോദം=സന്തോഷത്തോടെ മൂലബലം=പ്രധാനസൈന്യം. സംഗരം=യുദ്ധം. ചതുരംഗസേന=ആന, കുതിര, തേർ കാലാൾ എന്ന നാലുവക സൈന്യം. പത്തുകഴുത്തൻ=രാവണൻ വാരിധി=സമുദ്രം. മാരുതി=ഹനുമാൻ,

"വാനരവീരരേ! നിങ്ങളിവരോടു
മാനം നടിച്ചു മെന്നോൽക്കരുതാരുമേ,
ഞാനിവരോടു പോർചെയ്തൊടുക്കീടുവ-
നാനന്ദമുൾക്കൊണ്ടു കണ്ടുകൊൾകേവരും"
എന്നരുൾചെയ്ത നിശാചരസേനയിൽ
ചെന്നു ചാടീടിനാനേകനാമീശ്വരൻ;
ചാപബാണങ്ങളും കയ്യേറ്റുണ്ടു രാഘവൻ
കോപേന ബാണജാലങ്ങൾ തൂകീടിനാൻ
എത്ര നിശാചരരുണ്ടു വന്നേറതി-
ങ്ങത്ര രാമന്മാരുമെന്നെന്നതുപോലെ
രാമമയമായ് ചമഞ്ഞിതു സംഗ്രാമ-
ഭൂമിയുമെന്തൊരു വൈഭവമന്നേരം;
എന്നോടുതന്നോ പൊരുന്നിതു രാഘവ-
നെന്നു തോന്നി രജനീചരക്കൊക്കവേ,
ദ്വാദശനാഴികനേരമൊരുപോലെ
യാതുധനാവലിയോടു രഘൂത്തമൻ
അസ്ത്രം വരിഷിച്ച നേരമാക്കും തത്ര
ചിത്തേ തിരിച്ചറിയായതില്ലേതുമേ
വാസരരാത്രിനിശാചരവാനര-
മേദിനീവാരിധിശൈലവനങ്ങളും.
ഭേദമില്ലാതെ ശരങ്ങൾ നിറഞ്ഞിതു
മേടുരന്മാരായ രാക്ഷസവീരരും

മാനം=ഗർവ്വം ചാപബാണങ്ങൾ=വില്ലുമമ്പും. സംഗ്രാമഭൂമി=യുദ്ധക്കളം. രജനീചരർ=രാക്ഷസർ. ദ്വാദശ=പന്ത്രണ്ട്. യാതുധാനാവലി=രാക്ഷസസമൂഹം. വാസരം=പകൽ. മേടുരന്മാർ=തടിച്ചവർ.

ആനയും തേരും കുതിരയും കാലാളും
വീണു മരിച്ചു നിറഞ്ഞിതു പോക്കളം.
കാളിയും കൂളികളും കബന്ധങ്ങളും
കാളനിശീഥിനിയും പിശാചങ്ങളും
നായും നരിയും കഴുകുകൾ കാകങ്ങൾ
പേയും പെരുത്തു ഭയങ്കരമാംവണ്ണം;
രാമചാപത്തിൻ മണിതൻ നിനാദവും
വ്യോമമാഗ്മേ തുടരെത്തുടരെക്കേട്ടു
ദേവഗന്ധർവ്വയക്ഷാപ്സരോവൃന്ദവും
ദേവമുനീന്ദ്രനാം നാരദനും തദാ
രാഘവനന്നെ സ്തുതിച്ചുതുടങ്ങിനാ-
രാകാശചാരികളാനന്ദപൂർവ്വകം;
ദ്വാദശനാഴികകൊണ്ടു നിശാചരർ
മേദിനിതന്നിൽ വീണീടിനാരൊക്കവേ,
മേഘത്തിനുള്ളിൽ നിന്നക്ബിംബംപോലെ
രാഘവൻതന്നെയും കാണായിതന്നേരം.

അദ്ധ്യാത്മരാമായണം

ഗാംഗേയൻ പ്രത്യക്ഷനാകുന്നതു്.

മറഞ്ഞു ഗംഗാദേവി നരവീരനുമുള്ളിൽ
നിറഞ്ഞു പരിതാപം വിരഹവ്യാധികൊണ്ടേ;

കബന്ധങ്ങൾ=തലയറ്റ തുള്ളിച്ചാടുന്ന ഉടലുകൾ. കാളനിശീഥിനി=കാളരാത്രി. പേയ്=ഭ്രാന്തു്. വ്യോമമാഗ്മേ=ആകാശമാഗ്മത്തിൽ അക്ബിംബം=സൂര്യബിംബം.

നരവീരൻ=ശന്തനുമഹാരാജാവു്.

പറഞ്ഞവണ്ണന്തന്നേ ഗംഗയും കുമാരനെ-
പ്പറഞ്ഞുകൂടാതോളം വിദ്യയും പഠിപ്പിച്ചു
നിറഞ്ഞങ്ങൊഴുകീടും ജാഹ്നവീതീരത്തിങ്കൽ
പൊരിഞ്ഞ കണ്ണീരോടും കൊണ്ടുവന്നാക്കിടിനാൾ.
പിരിഞ്ഞുകളഞ്ഞെന്നപ്പോകരുതെന്നപോലെ
തെരിഞ്ഞു തൂണിതന്നിൽ നിന്നുടനെടുത്തോരോ
ശരങ്ങൾകൊണ്ടു പുഴനടുവേ ചിറകെട്ടി
നിറഞ്ഞ യൌവനവും കലർന്ന നില്പുന്നേരം
തിരഞ്ഞു മൃഗങ്ങൾതൻ വഴിയേ ശന്തനുവും
വരുന്നനേരം ഭാഗീരഥിയെക്കാണായ്വന്നു
കുറഞ്ഞ ജലത്തോടും മന്ദസ്യന്ദതയോടും
തിരഞ്ഞാനതിനുമൂലമന്നേരം കണ്ടു നൃപൻ
പുരങ്ങളെരിച്ചവൻ നിന്നരുളുന്നപോലെ
പിറന്നനേരം കണ്ട നന്ദനൻതന്നെയെന്നു
ശരങ്ങളോടു വില്ലും പൂണ്ടയൌവനവും ക-
ണ്ടറിഞ്ഞതില്ലയല്ലോ ശന്തനു നന്ദനനേ.
മറഞ്ഞുകളഞ്ഞിതു താതനെ മോഹിപ്പിപ്പാൻ
കുറഞ്ഞൊന്നുള്ളിൽ ശങ്ക ശന്തനുവിന്നുമുണ്ടായ്.
"വിരഞ്ഞു വെളിച്ചത്തു കാട്ടേണം ഗംഗേ ദേവി!
ചിരം ഞാനപേക്ഷിക്കും പുത്രനെബ്ഭക്തപ്രിയേ!"
നിറന്ന രൂപത്തോടും പ്രത്യക്ഷീകരിച്ചവൻ
പറഞ്ഞു ഗംഗാദേവി "നിന്നുടെ പുത്രനിവൻ

പറഞ്ഞുകൂടാതോളം=പറഞ്ഞാലവസാനിക്കാത്തത്ര ജാഹ്നവി=ഗംഗ. തൂണി=ആവനാഴി. ഭാഗീരഥി=ഗംഗ. മന്ദസ്യന്ദത=കുറഞ്ഞ ഒഴുക്ക്. പുരങ്ങളെരിച്ചവൻ=ശിവൻ.

കുറഞ്ഞൊന്നല്ലയല്ലോ ഗുണങ്ങളിവനുള്ള
പിരിഞ്ഞീടാതെ നിത്യമരികെ വച്ചുകൊൾക
മറഞ്ഞു പോകും തവ ശത്രുക്കളെല്ലാ"മെന്നു
പറഞ്ഞു ഗംഗാദേവി മറഞ്ഞു നൃപേന്ദ്രനും,
കുറഞ്ഞു പരിതാപം തന്നുടെ തനയനു
പറഞ്ഞുകൂടാതോളം ഗുണങ്ങൾ കാങ്കയാലെ.

പാണ്ഡുവിന്റെ ഗ്രഹപ്പിഴ.

മാത്താണ്ഡസുതൻ ദാനശീലരിൽ മുമ്പനല്ലോ
കുത്തുമൂത്തോരു വേലും കൊടുത്താനമ്പർനാഥൻ;
അങ്ങനെയുള്ളവനന്നമ്മയാം കുന്തിതാനും
മംഗലാപാംഗിയായ മാദ്രിയുമായിപ്പാണ്ഡു
മന്മഥലീല പൂണ്ടു വസിക്കും കാലത്തിങ്കൽ
നന്മയെന്നിയേ മറു കാണ്മാനില്ലൊരേടത്തും;
പൊല്ലൊണ്ട ഭീഷ്മർതന്റെ ചൊല്ലുൽനിന്നിളകാ
തിക്കുകളൊക്കെജ്ജയിച്ചുഗ്രജന്താനുമായി (തെ
മുഖ്യഭോഗേന സുഖിച്ചിരിക്കും കാലത്തിങ്ക-
ലുൾക്കാമ്പിലൊന്നുതോന്നീപാണ്ഡുവിന്നാപത്തിനാ
കാന്തിയേറിടുന്നോരു കാന്തമാരോടുംകൂടി- (യ്
ക്കാന്താരംതന്നിൽ പുക്കു നന്നായി രമിക്കേണം
വാട്ടമെന്നിയേ മമ നായാട്ടിൻ വൈദഗ്ധ്യവും
കാട്ടേണമിവക്കെന്നു കൌതുകത്തോടുംകൂടി

തനയൻ=പുത്രൻ.

മാത്താണ്ഡസുതൻ=കർണ്ണൻ. വേല്=ശൂലം ഉമ്പർനാഥൻ=ദേവേന്ദ്രൻ. മംഗലാപാംഗി=സുന്ദരി. മന്മഥലീല=കാമകേളി. അഗ്രജൻ=ജ്യേഷ്ഠൻധൃതരാഷ്ട്രൻ. മുഖ്യഭോഗേന=മികച്ച സുഖാനുഭവത്തോടെ. കാന്തമാർ=ഭാര്യമാർ. കാന്താരം=കാട്. വൈദഗ്ധ്യം=സാമർത്ഥ്യം.

ദ്യുമണിതന്റെ രശ്മിപോലുമങ്ങണയാത
ഹിമവാൻതന്റെ തെക്കേപ്പുറത്തെപ്പുരുംകാട്ടിൽ
പെരികെ രസംപൂണ്ടു കളിച്ചു മരുവിനാൻ
ഗിരിശൃംഗങ്ങൾതോറുമതികൌതുകത്തോടെ;
കരിണീയുഗമദ്ധ്യഗതനായുദിച്ചൊരു
കരിവീരനെപ്പോലെ മദനവിവശനായ്
കരിണീഗമനമാരാകിയ ഭാര്യമാരാം
തരുണീമണികളാം കുന്തിയും മാദ്രിതാനും
സരസീരുഹശരസമനാം കാന്തൻതന്നെ-
ശ്ശരത്തുണീരകരാളോജ്വലൽകരവാള-
ധരനായ് ശരാസനകരനായ് കാണുന്തോറും
സരസീരുഹശരനികരപരവശ-
തരമാനസമാരായ് മരുവീടിന നേരം
ഹരിണഹരികരികിരിശാർദ്ദൂലാദിക-
ളുരികേ ദരീമുഖഗതങ്ങളായ് കാണുമ്പോഴം
ശരങ്ങൾകൊണ്ടുവീണു മരണഭയംകൊണ്ടു
മരങ്ങൾ മറഞ്ഞുപോയ് നിന്നുനോക്കീടുന്നതും,

ദ്യുമണി=സൂര്യൻ. കരിണീയുഗം=രണ്ടു പിടിയാനകൾ. കരിവീരൻ കൊമ്പനാന. കരിണീഗമനമാർ=ഗജഗാമിനിമാർ, സുന്ദരിമാർ. സരസീരുഹശരസമൻ=കാമതുല്യൻ. കാന്തൻ ഭർത്താവ്. തൂണീരം=ആവനാഴി. കരാളം=വലിയത്. ഉജ്വലൽകരവാളം=തിളങ്ങുന്ന വാൾ. ശരാസനം=വില്ല്. സരസീരുഹശരനികരപരവശതരമാനസമാർ=കാമന്റെ അമ്പുകളാൽ മനസ്സു തളർന്നവർ. ഹരിണൻ=മാൻ. ഹരി=സിംഹം. കരി=ആന. കിരി=പന്നി. ശാർദ്ദൂലം=പുലി. ദരീമുഖം=ഗുഹാമുഖം.

നിഷ്ടടത്തിങ്കൽ മുന്നമിരുന്നീടിനപോലെ
മക്കടക്രീഡകഥ കണ്ടഥക്കൌതുഹലംപൂണ്ടും
കുക്കുടരതിക്രീഡാദികഥകൊണ്ടാനന്ദിച്ചും,
പൊൽക്കടങ്ങഥക്കു നേരാം തൈക്കൊങ്കനോക്കിക്ക
കോകിലകോകകേകിചാതകശുകാദിസം- (ണ്ടും
ഭോഗഭേദങ്ങഥ കണ്ടു രസിച്ചുമതിൻമദ്ധ്യേ
വേഗമോടമ്പുകൊണ്ടു മാഴ്കിവീണീടുന്നതും,
ശോകമോടിണക്കുടിക്കേണ്ട വീണോടുന്നതും,
കരടിക്കലം തമ്മിൽ കടിച്ചു കളിപ്പതും,
കരിണികളെപ്പൂണ്ടു കരികഥ പുളപ്പതും,
കിടികഥ പിടകളെപ്പിടിച്ചു പുൽകുന്നതും,
പിടകളോടു മോന്ത പക്ഷികഥ കളിപ്പതും,
കണ്ടു കൌതുകംപൂണ്ടു കണ്ടിവാർകുഴലികഥ
കണ്ണാശ്ലേഷവുംചെയ്തു കാന്തനും തങ്ങളുമായ്
കണ്ട കാനനംതോറും രമിച്ചു വസിക്കയും
തണ്ടാർബാണനുമിതു കണ്ടേറ്റം ഹസിക്കയും
മാകന്ദമകരന്ദബിന്ദുപാനവുംചെയ്തു
കൂകുന്ന പികകുലപഞ്ചമം കേട്ടുകേട്ടും,
വണ്ടുകഥ മധുപാനംചെയ്തു മത്തതപൂണ്ടു
കൊണ്ടാടി മുരണ്ടുടൻ കണ്ട പുഷ്പങ്കഥതോറും

നിഷ്ടടം=ഉദ്യാനം. കുക്കുടം=കോഴി. കോകിലം=കുയിൽ. കോകം=ചക്രവാകം. കേകി=മയിൽ. ചാതകം=വേഴാമ്പൽ. ശുകം=കിളി. കിടികഥ=പന്നികഥ. കണ്ടിവാർകുഴലികഥ=സുന്ദരിമാർ. തണ്ടാർബാണൻ=കാമൻ. മാകന്ദമകരന്ദം=മാവിൻപൂന്തേൻ. ബിന്ദു=തുള്ളി. പികം=കുയിൽ.

കണ്ണുഭാവവും നീക്കിസ്സംഭ്രമിച്ചീടുന്നതും
കണ്ടൊരാനന്ദംപൂണ്ടുമധരപാനംചെയ്തും,
മന്മഥലീലകൊണ്ടു കൺമുന മാന്പിച്ചാന്പി-
സ്സമ്മോദം വളർന്നുള്ളിൽ സമ്മോഹം പെരുകിയും,
വന്മല മുകളേറി നിർമ്മലശിലാതലേ
നന്മലർമെത്തതന്മേലുന്മേഷംപൂണ്ടു വാണും,
ഭാമിനിമാരുമായിസ്സാനന്ദമിരിക്കുമ്പോൾ
കാമനു സമനായ പാണ്ഡുവാം നൃപവീരൻ
കലയും മാനുംകൂടിക്കമലശരമേറു
കളിക്കുന്നതു കണ്ടു കൊട്ടുത്തു ശരംകൊണ്ടു.
ശരമേറതുനേരം മൃഗവും മുനിയായി
നരപാലകൻതന്നെശ്ശപിച്ചു മരിക്കുമ്പോൾ
"കനത്ത മുലമാരെക്കളിച്ചു തൊടുന്നാകിൽ
നിനക്കുമെന്നെപ്പോലെ വരികയിനിമേലിൽ"
ശപിച്ച മുനിതാനും മരിച്ചാനതുകൊണ്ടു
മരിച്ചു മരിയാതെ പാണ്ഡുവാം നൃപൻതാനും.

ലക്ഷ്യവേധം

ആക്ക വാസനയേനു ധനുസ്സിങ്കലെയ്ക്കുന്ന
പാക്കേണമെന്നുകല്പിച്ചൊരുനാൾദ്രോണാചാര്യൻ
വൃക്ഷാഗ്രത്തിങ്കലൊരു കൃത്രിമക്കിളിയേയും
നിക്ഷേപിച്ചാചാര്യനും ശിഷ്യരോടൊക്കച്ചൊന്നാൻ

നിർമ്മലശിലാതലേ=നല്ല പാറയിന്മേൽ. ഭാമിനിമാർ=ഭാര്യമാർ. കമലശരം=കാമബാണം.

ധനുസ്സ്=വില്ല്. വൃക്ഷാഗ്രത്തിങ്കൽ=മരത്തിന്റെ അറ്റത്ത്. കൃത്രിമക്കിളി=ഉണ്ടാക്കിയ കിളി. നിക്ഷേപിച്ച്=വെച്ച്.

"ലക്ഷണസ്ഥിതിപ്രയോഗങ്ങളം ഞാൻ ചൊന്നവണ്ണം
ലക്ഷത്തെഭ്ഭേദിക്കേണം നിങ്ങളിന്നെല്ലാവരും"
ലക്ഷത്തെപ്പാത്തു വലിക്കുട്ടി നിത്തിനാനല്ലോ
ശിക്ഷിച്ചു യുധിഷ്ഠിരനന്നെ മുമ്പിനാലവൻ.
"വൃക്ഷവും ലക്ഷവുമിന്നിൽക്കുന്ന ജനങ്ങളു-
മക്ഷിഗോചരമോ ഞാൻ താനുമെന്നതു ചൊൽ നീ"
ദക്ഷനാം ഗുരുവരനിങ്ങനെ ചോദിച്ചപ്പോ-
ളൊക്കവേ കാണാമെന്നു ധർമ്മജൻ ചൊല്ലിടിനാൻ.
"എങ്കിൽ നീ വാങ്ങിനിന്നീടമ്പയയ്ക്കേണ്ട"യെന്നാ-
നങ്ങനെ നിത്തി മറെറല്ലാരോടും ചോദ്യംചെയ്താൻ.
കാരോരോ തരമിഷൽഭേദേന ചൊന്നാരവ-
രാരുമേ സൂക്ഷ്മലക്ഷമാത്രം കണ്ടിലയല്ലോ;
പിന്നെപ്പൽഗ്രനൻതന്നോടവ്വണ്ണം ചോദിച്ചപ്പോ-
ളൊന്നുമേ കണ്ടുകൂടാ ലക്ഷമെന്നിയെയെന്നാൻ.
"ലക്ഷമാം പക്ഷിരൂപമൊക്കവേ കണ്ടായോ നീ"
"കവേ കണ്ടുകൂടാ തൽക്കണ്ണം കാണാ"മെന്നാൻ
"എങ്കിലെയ്തീ"ടെന്നപ്പോൾ പാത്ഥനും പ്രയോഗി
ഭംഗംവന്നിതു ഗളമതു കണ്ടാചായ്വനും (ച്ചാൻ
"വിശൈകധനുർദ്ധരനായ്വരി"കെന്നു ചൊന്നാൻ
വിശ്വാസം വന്നുകൂടി മറുള്ള ജനങ്ങൾക്കും.

ലക്ഷണസ്ഥിതിപ്രയോഗങ്ങളം=നോട്ടം, നില്പ്, ശൽപ്രയോഗം. ലക്ഷം=ലാക്ക്. ഭേദിക്ക=മുറിക്ക. യുധിഷ്ഠിരൻ=ധർമ്മപുത്രൻ. അക്ഷിഗോചരമോ=കാണാനുണ്ടോ? ദക്ഷൻ=ബുദ്ധിമാൻ. സൂക്ഷ്മലക്ഷമാത്രം=ചെറിയ ലാക്കുമാത്രമായിട്ട്. ഫൽഗ്രനൻ=അജ്ഞാനൻ. തൽക്കണ്ണം=അതിന്റെ കഴുത്ത്. ഭംഗംവന്നിതു=മുറിഞ്ഞു ഗളം=കഴുത്ത്. വിശൈകധനുർദ്ധരൻ=ലോകത്തിലെ ഒന്നാമത്തെ വില്ലാളി.

സുഭദ്രാസ്വയംവരം.

സുഭദ്രതന്നെ മെല്ലെ വിളിച്ചുചൊന്നാൻ പാർത്ഥൻ
"സുഭദ്രം ഭവിക്കേണം നമുക്കുമിനി ബാലേ!
ജനകൻ ഭ്രാതാ മാതാ മാതുലൻ പിതൃഭ്രാതാ
ഗുരുവെന്നേവം കന്യാദാനകർത്തൃകക്രമം;
നിന്നുടെ പിതൃാദികൾ പുത്രമിത്രാദിയോട്ടു-
മണ്ണവമദ്ധ്യേ മേവുമന്തർദ്ദീപവും പുക്കാർ
എന്നുടെ ബന്ധുക്കളുമിവിടെയടുത്തില്ല
നിന്നോടൊന്നുണ്ടു പറയുന്നു ഞാനതുമൂലം,
ഗാന്ധർവ്വവിവാഹമഞ്ചാമതെത്രയും മുഖ്യം
കാന്തലോചനേ! പുനരേതുമേ മടിക്കേണ്ടാ
മന്ത്രതന്ത്രങ്ങളെല്ലാമന്യോന്യരാഗംകൊണ്ടേ
സന്ധിക്കും സന്തതിയുമെന്നല്ലോ ചൊല്ലി മനു
പക്ഷവും മാസം തിഥി കരണമയനവു-
മുക്ഷവും ശുഭലഗ്നമെന്നിവ വേണംതാനും;
ഉത്തരായണമിപ്പോൾ വൈശാഖമല്ലോ മാസം,
അത്തമാം നക്ഷത്രവും ശുക്ലപക്ഷവും വന്നു

പാർത്ഥൻ=അർജ്ജുനൻ. സുഭദ്രം=മംഗളം. ഭ്രാതാ=സോദരൻ. പിതൃഭ്രാതാ=അച്ഛന്റെ സോദരൻ. ഗുരു=ആചാര്യൻ. കന്യാദാനകർത്തൃകക്രമം=കന്യാദാനം ചെയ്യുന്നവരുടെ ക്രമം. പിതൃാദികൾ=അച്ഛൻ തുടങ്ങിയവർ. അണ്ണവമദ്ധ്യേ=സമുദ്രമദ്ധ്യത്തിൽ. അഞ്ചാമത്=ബ്രാഹ്മാദികളായി എട്ടുതരം വിവാഹങ്ങളുള്ളതിൽ അഞ്ചാമത്തേതാണ് ഗാന്ധർവ്വം. അന്യോന്യം അനുരക്തന്മാരായ നായികാനായകന്മാർ സ്വയം പറഞ്ഞുറപ്പുചെയ്യുന്ന വിവാഹമാണ് ഗാന്ധർവ്വം. കാന്തലോചനേ=മനോഹരനേത്രേ! രാഗം=പ്രേമം. സന്ധിക്കും=ഉണ്ടാവും. ഋക്ഷം=നക്ഷത്രം. ലഗ്നം=ഉദയരാശി.

തിഥിയും തൃതീയ കേവം വാരണക്കരണവും
മധുരാധരീകുലമൌലിമാലികേ ബാലേ!
മകരമല്ലോ ലഗ്നം പെരികെശ്ശുഭമേതും
മകരവിലോചനേ! മകനുമുണ്ടായ്വരും;
അസ്തമിച്ചിതു സൂര്യനടുത്തു മുഹൂർത്തവു-
മുത്തരം പറയേണമുത്തമേ സുഭദ്രേ! നീ";
മൌനാനുവാദമോടെ നിന്നിതു സുഭദ്രയും
മാനസേ ജനകനെ ധ്യാനിച്ചു കിരീടിയും;
വന്നിതു ശചീദേവിതന്നൊടും വിണ്ണോർനാഥൻ
പിന്നെയുമുള്ള ദേവസ്ത്രീകളുമൊക്കെ വന്നാർ
വസിഷ്ഠനരുന്ധതിതന്നോടും കൂടി വന്നു
വസിച്ച ദേവമുനി നാരദൻതാനും വന്നു
ഭഗിനീമനോരഥമറിഞ്ഞിട്ടെഴുന്നള്ളീ
ഭഗവാൻ, ബലഭദ്രരുറക്കംപുക്ക ശേഷം;
ദേവകീവസുദേവസാത്യകാദികളോടും
ദേവദേവേശനെഴുന്നള്ളിയോരനന്തരം
കാശ്യപമഹാമുനി ഹോതാവായതു പിന്നെ-
ക്കാശ്യപീദേവപ്രൌഢന്മാർ പരികർമ്മംചെയ്താർ
സദസ്യാദികളെല്ലാം നാരദാദികളല്ലോ
തദ്യത്തുഭതരം സുഭദ്രാസ്വയംവരം;
മംഗല്യസ്ത്രീകളും വേണ്ടും കർമ്മങ്ങളരുന്ധതി
മംഗലദേവതയും പൌലോമി ദേവകിയും;

വാരണക്കരണം=ഗജക്കരണം. മകരവിലോചനേ=മത്സ്യനേത്രേ സുന്ദരി! വിണ്ണോർനാഥൻ=ദേവേന്ദ്രൻ. ഭഗിനി=സോദരി. ഭഗവാൻ=ശ്രീകൃഷ്ണൻ. കാശ്യപീദേവപ്രൌഢന്മാർ=ബ്രാഹ്മണശ്രേഷ്ഠന്മാർ. മംഗലദേവത=ലക്ഷ്മീദേവി.

ദേവകളോടും ലോകപാലന്മാരോടുംകൂടി_
ദേവേന്ദ്രനഭിഷേകംചെയ്തിതു തനയനും
ദേവനാരികൾ പാട്ടുമാട്ടവും തുടങ്ങിനാർ
ദേവദുന്ദുഭികളും ഘോഷിച്ചു നാദംപൂണ്ടു;
മകുടാംഗദഹാരകുണ്ഡലകടകാദി
മകനു ശതമഖനണിഞ്ഞാനനവധി;
ഈവണ്ണം സ്വയംവരമുണ്ടായിട്ടില്ലയെന്നു
ദേവകൾപോലുമൊക്കെ സ്തുതിച്ചാരതുനേരം
ദേവദേവേശനായ കൃഷ്ണന്റെ നിയോഗത്താൽ
ദേവേന്ദ്രാദികൾ മെന്നു നാകലോകവുംപുക്കാർ.

ഗദായുദ്ധം. (ജരാസന്ധവധം)

വട്ടത്തിൽനിന്നു പെരുമാറിയും ഗദ
തട്ടിയും തങ്ങളിൽ ദൃഷ്ടി പറിയാതെ
തയ്യാൻ പഴുതുകൾ നോക്കിയുമെതിരേയും
കെൽപ്പു കലർന്നവരത്ഭുതമാംവണ്ണം
മുപ്പുരവൈരിയുമന്തകനും പണ്ടു
മുപ്പാർ നടുങ്ങുമാറുണ്ടായ പോർപോലെ
ഭീമനും ഭീമനാകും ജരാസന്ധനും
ഭൂമി കുലുങ്ങുമാറൊത്തി വീഴുന്നതും
നിങ്ങിക്കളകയും വാങ്ങിച്ചരുങ്ങയും
തുള്ളിയടുക്കയും നിങ്ങാതെ നിൽക്കയും

പൌലോമീ=ഇന്ദ്രാണീദേവി. ദേവദുന്ദുഭികൾ=ദേവവാദ്യങ്ങൾ. മകുടം=കിരീടം. അംഗദം=തോൾവള. ഹാരം=മുത്തുമാല. കടകം=വള. ശതമഖൻ=ദേവേന്ദ്രൻ. നാകലോകം=സ്വർഗ്ഗം.

തയ്യാൻ=തല്ലുവാൻ. മുപ്പുരവൈരി=ശിവൻ. മുപ്പാർ=മൂന്നു ലോകം. ഭീമൻ=ഭയങ്കരൻ.

ചാലനാപാതനോത്ഥാപനഭ്രാമണ-
പാലനാലോകനാലാപനാദ്യങ്ങളാൽ
ഓരോ തൊഴിലുകളും കാട്ടുന്ന നേരത്തു
വീരരായുള്ളവർ കണ്ണു കളിക്കുന്നു,
വാരിജലോചനനും വിജയൻമുഖ-
വാരിജം പാർത്തു കൊണ്ടാടിച്ചിരിക്കുന്നു;
മുഷ്കരമായ ഗദകളും തമ്മിൽ കൊണ്ടു
പുഷ്കരം പൊട്ടുമാറുള്ളോരു ശബ്ദവും
സിംഹവുമാനയുമേറു പൊരുംവണ്ണം
സിംഹനാദങ്ങളും ചെയ്തുചെയ്തങ്ങനെ
പാരമടിക്കയും ഘോരയൊലിക്കയും
വീരർതൊഴിൽ കണ്ടു കണ്ണു കളിക്കയും
കൂടെക്കൊട്ടുക്കയും മൂടിത്തട്ടുക്കയും
ചാടിക്കഴിക്കയും കേടിൽപ്പഴിക്കയും
കോടിയൊഴിക്കയും മാടി വിളിക്കയും
വാടി വിയക്കയുമോടിക്കിഴയ്ക്കയും
"നില്ലെടാ നോക്കുനോ"ക്കെന്നങ്ങുരയ്ക്കയും
തല്ലു വരക്കണ്ടു തുള്ളിപ്പതിക്കയും
വല്ലഭം കയ്ക്കൊണ്ടു വേഗാലെതിക്കയും
ചൊല്ലിക്കൊണ്ടന്യോന്യമാശു താഡിക്കയും;

ചാലനാപാതനോത്ഥാപനഭ്രാമണപാലനാലോകനാലാപനാദ്യങ്ങളും=ഉയ്യുക, വീഴ്ത്തുക, എഴുന്നേൽപ്പിക്ക, ചുഴറുക, കാക്കുക, നോക്കുക, മൊഴിയുക മുതലായവ. വാരിജലോചനൻ=ശ്രീകൃഷ്ണൻ. വിജയൻമുഖവാരിജം=അർജ്ജുനന്റെ മുഖം. മുഷ്കരം=യങ്കരം. പുഷ്കരം=ആകാശം. വല്ലഭം=ഉത്സാഹം.

ഇങ്ങനെ ചൊന്ന പതിനഞ്ചു നാളപ്പോ-
ളെങ്ങനെ വന്ന ഞായമെന്ന സംശയം
അജ്ജുനനുണ്ടായിതുള്ളിലതുനേര-
മച്യുതനോടണത്തിച്ചരുളീടിനാൻ
കൊണ്ടൽനേർവണ്ണനുപദേശവും ചൊന്നാൻ
രണ്ടായ്പൊളിച്ചു മരിച്ചിടുവാനപ്പോൾ
പച്ചില കീറി മരിച്ചിട്ടാനജ്ജുനൻ.
പിച്ചയായ്മാരുതി മാഗധന്തന്നെയും
തച്ചു നിലത്തു പതിപ്പിച്ചൊരു പാദം
നിശ്ചലമാകച്ചവിട്ടി നിന്നപ്പൊഴേ
മറ്റെച്ചരണം പിടിച്ചുയർത്തീട്ട
തെറ്റെന്നു കീന്തിനാൻ മാരുതപുത്രനും
ക്ഷുത്തുകൊണ്ടേറെവുമാർത്തനായേവിന
ഹസ്തിവരൻ പന കീന്തുന്നതുപോലെ.
ക്രുദ്ധതയോടതിശക്തനാം ഭീമനും
മൃത്യുപുരത്തിന്നായച്ചാനവനെയും.

ധർമ്മപരീക്ഷ

അക്കാലം കുരുക്ഷേത്രന്തന്നിലുള്ളൊരു വിപ്ര-
നഗ്നിയും പരിപാലിച്ചുണ്ടനെ മരുവുന്നാൾ
അരണിയെടുത്തുകൊണ്ടോടിപ്പോയൊരു മൃഗ-
മാഹന്യം പുക്കാനെന്നു ബ്രഹ്മവൻ പറഞ്ഞപ്പോൾ

മാരുതി=ഭീമസേനൻ. മാഗധൻ=ജരാസന്ധൻ. പാദം, ചരണം=കാൽ. ക്ഷുത്ത്=വിശപ്പ്. ഹസ്തിവരൻ=വലിയ ആന. മൃത്യുപുരം=യമഗൃഹം.

വിപ്രൻ=ബ്രാഹ്മണൻ. അരണി=തീകടഞ്ഞെടുക്കുവാൻ മരംകൊണ്ടുള്ള ഉപകരണം. അരണ്യം=കാട്.

അടവിതോറും നടന്നരണി തിരഞ്ഞവ-
രിടർപൂണ്ടിതു ദാഹം മുഴുത്തു ധർമകയാൽ
പക്ഷിയായ് ധർമഞ്ഞുടൻ പൊയ്ത്തൻകരെച്ചെന്നു
പുക്കിതു ധർമ്മരാജൻ ധർമ്മത്തെപ്പരീക്ഷിപ്പാൻ;
പാനീയം തിരഞ്ഞു നീ പാരാതെ വരികെന്നു
ദീനതപൂണ്ട സഹദേവനെ നിയോഗിച്ചാൻ;
കുട്ടക്കെന്നവൻ നീളെത്തിരഞ്ഞു പൊയ്ത്ത കണ്ടു
കുടിപ്പാനായിത്തണ്ണീർ കോരിയ നേരത്തിങ്കൽ
"കുടിച്ചീടൊല്ലാ"യെന്നു കേൾക്കായിതൊരു മൊഴി
കുടിച്ചാൻ ദാഹംകൊണ്ടു മരിച്ചാനവനപ്പോൾ;
"കണ്ടീല സഹദേവൻ പോയവൻതന്നെയിന്നു
കൊണ്ടുവാ നകുല! നീ തണ്ണീ"രെന്നിതു നൃപൻ;
എന്നു കേട്ടവനും പോയ് ചെന്നിതു പൊയ്ത്തങ്കൽ
തന്നുടെയനുജനെക്കണ്ടിതു നകുലനും
ദാഹത്തെക്കെടുത്തതിൻ കാരണം തിരയാമെ-
ന്നാവോളം പൊടുക്കനെക്കോരിയാൻ തണ്ണീരവൻ;
"കുടിച്ചിടൊല്ലാ തണ്ണീർ മരിക്കും നീയുമെങ്കിൽ
കുട്ടക്കെപ്പൊയ്ക്കോ"കെന്നു കേൾക്കായിതൊരുമൊ
മരിക്കിൽ ദാഹംപൂണ്ടു മരിച്ചീടുകയല്ല (ഴി;
തെരിക്കെന്നിനിത്തണ്ണീർ കുടിക്കയേയ്തെന്നു
നിനച്ചു നകുലനും കുടിച്ചു മരിച്ചുതേ
മനക്കാമ്പതിലഴൽ മുഴുത്തു നൃപതിയും;

അടവി=കാട്. അവർ=പാണ്ഡവർ. ഇടർ=ദുഃഖം. ധർമ്മരാജൻ=യമൻ. പാനീയം=വെള്ളം. കുട്ടക്കെന്നു, പൊടുക്കനെ=വേഗത്തിൽ.

തമ്പിമാരിരുവരും വന്നതില്ലെന്നു കണ്ടു
സംഭ്രമിച്ചയച്ചിതു ധർമ്മജൻ വിജയനെ;
ചെറുതു നിരൂപിച്ചു നടന്നു വിജയനും
വിരവിൽ പൊയ്കപുക്കിട്ടനുജന്മാരെക്കണ്ടു
ദാഹവേഗത്താൽ തണ്ണീർ കുടിപ്പാൻ തുടങ്ങുമ്പോൾ
"മോഹേന കുടിക്കൊല്ല തണ്ണി"രെന്നതു കേട്ടു
കല്പിച്ചവണ്ണം വരുമെന്നറച്ചിന്ദ്രാത്മജൻ
നിർമ്മലൻ തണ്ണീർ കുടിച്ചപ്പൊഴേ മരിച്ചതേ;
പോയവരാരും വന്നീലെന്നു കണ്ടരമനും
വായുനന്ദനനോടു പോയാലുമെന്നു ചൊന്നാൻ.
ചെന്നവൻ തണ്ണീർ കുടിച്ചപ്പൊഴേ മരിച്ചതേ
മന്നവൻതാനും വന്നാൻ പിന്നാലെയതുനേരം;
തമ്പിമാരുടെ ശവം പൊയ്കതൻ കരെക്കണ്ടു
സംഭ്രമത്തോടുകൂടെക്കർമ്മമെന്നറച്ചവൻ
പാനീയം കോരിക്കുടിച്ചീടുവാൻ തുടങ്ങുമ്പോൾ
"പാനീയം കുടിക്കൊല്ല"യെന്നൊരു മൊഴി കേട്ടു,
എന്തതിൻമൂലമെന്നു തണ്ണീരും കളഞ്ഞവ-
നന്തരാ നോക്കുന്നേരം കാണായി പക്ഷിതന്നെ;
"ആരു നീയെന്തു തണ്ണീർ കുടിപ്പാനരുതായ്ക
നേരേ ചൊ"ല്ലെന്നു ധർമ്മനന്ദനൻ ചോദിച്ചപ്പോൾ
"ഞാനൊരു യക്ഷനെന്റെ ചോദ്യങ്ങളെല്ലാറിനും
ജ്ഞാനിയായുള്ള ഭവാനുത്തരം പറയേണം."

വിജയനെ=അർജ്ജുനനെ. മോഹേന=അറിയായ്കയാൽ. ഇന്ദ്രാത്മജൻ=അർജ്ജുനൻ. അരചൻ=രാജാവു് ധർമ്മപുത്രൻ. വായുനന്ദനൻ=ഭീമസേനൻ. അന്തരാ=ഇടയിൽ.

ധർമ്മജനതു കേട്ടു മൊല്ലുകയെങ്കിലെന്നാൻ
ധർമ്മസൂക്ഷ്മങ്ങളെല്ലാം മോടിച്ച യക്ഷനാനും.
മോദ്യങ്ങളെല്ലാം പരിഹരിച്ച നൃപതിയു-
മാസ്ഥയാ തെളിഞ്ഞിതു ധർമ്മരാജനുമപ്പോൾ;
"ധർമ്മനിഷ്ഠകൾക്കു നീ മുമ്പനെന്നതു നൂനം
നിർമ്മലനായ ഭവാനിനിയുണ്ടൊന്നു വേണ്ട
നാൽവരിലൊരുവനെജ്ജീവിപ്പിച്ചീടുവൻ ഞാ-
നേവനെ വേണ്ടതെന്നു മൊല്ലിക്കൊള്ളുക വേണ്ടു"
"എങ്കിലോ നകുലനെ വേണ്ടു"തെന്നിതു നൃപൻ
ശങ്കകൂടാതെ മൊന്നു നേരത്തു ധർമ്മരാജൻ
എത്രയും തെളിഞ്ഞിതു സൂക്ഷ്മധർമ്മത്തെപ്പാർത്തു
പ്രീത്യാ സത്വരം പിന്നെ പ്രത്യക്ഷവേഷത്തോടെ
തന്നുടെ പരമാർത്ഥമൊക്കവേയറിയിച്ചു
നിന്നുടെയനുജന്മാരേവരും ജീവിയ്ക്കുന്നാൻ;
"നിന്നുടെ മാതാവുതാൻ പെറ്റുള്ള സഹജന്മാർ
മന്നവ! പരാക്രമാഢ്യരിലക്ഷൗണമുള്ളോർ
ശത്രുസംഹാരത്തിനു ശക്തന്മാരത്രയുമ-
ല്ലസ്ത്രജ്ഞന്മാരിൽവച്ചു മുഖ്യന്മാരല്ലോ താനും
കായ്മസാദ്ധ്യവുമവരാലല്ലോ നിനക്കേറും
ശൌര്യവുമവരോളം മറാക്കുമില്ലയല്ലോ
വീര്യപുരുഷന്മാരാം ഭീമപാർത്ഥന്മാരെയും
ധൈര്യേണ പരിത്യജിച്ചൊന്നു നിനച്ച നീ
മാദ്രേയൻ ജീവിക്കേണ്ടതെന്നോടപേക്ഷിച്ച-
തോർത്തതിൻമൂലം നേരെ മൊല്ലേണം നൃപോത്തമ!"

ധർമ്മസൂക്ഷ്മങ്ങൾ=ധർമ്മരഹസ്യങ്ങൾ. പരിഹരിച്ച=ഉത്തരം പറഞ്ഞൊഴിവാക്കി. ആസ്ഥയാ=ആദരത്താൽ. സഹജന്മാർ=അനുജന്മാർ. മാദ്രേയൻ=മാദ്രീപുത്രൻ നകുലൻ.

ധർമ്മരാജോക്തി കേട്ടു ധർമ്മജന്മാവു മൊന്നാൻ
"ധർമ്മസൂക്ഷ്മത്തെ വിചാരിച്ചപ്പോളതു തോന്നീ
അംബമാരിരുവർക്കും പിണ്ഡാദികർമ്മം ചെയ്വാൻ
കർമ്മബന്ധങ്ങൾ വിചാരിച്ചപ്പോളൊന്നു തോന്നി
ഞാനുണ്ടു കുന്തീദേവി പെറ്റതിൽ, മാദ്രിയുടെ
സൂനു മൂത്തവനല്ലോ നകുലനതുമൂലം
മാദ്രിക്കു കർമ്മബന്ധം നകുലനേറുമെന്ന-
തോർത്തു ഞാൻ നകുലനെ പ്രാർത്ഥിച്ചു മറൊന്നല്ല"
ധർമ്മരാജാവുതാനും ധർമ്മനന്ദനനുടെ
ധർമ്മതൽപരത്വം കണ്ടേറ്റവും പ്രസാദിച്ചു.
വിഷ്ണുകൂടാതെ കഴികജ്ഞാതവാസമെന്നു-
മുൾക്കാമ്പു തെളിഞ്ഞു നൽകിടിനാനനുഗ്രഹം.

കീചകവധം.

സൈരന്ധ്രി മൊന്നതു കേട്ടു തെളിഞ്ഞുള്ളിൽ
സൈരം തനിക്കു വരുമെന്നു കല്പിച്ചു
ക്ഷൌരം കഴിച്ചു തൈലാഭ്യംഗവുംചെയ്തു
മൈരേയമായുള്ള മദ്യവും സേവിച്ചു
പല്ലുതേച്ചാമോദതാംബൂലവും തിന്നു
നല്ല മാല്യങ്ങൾ കുസുമങ്ങളും ചൂടി
ദിവ്യാംബരാഭരണാലേപനാദികൾ
സ്വയ്യാംഗമെല്ലാമലങ്കരിച്ചാനവൻ;

ധർമ്മജന്മാവ്=ധർമ്മപുത്രൻ. സൂനു=പുത്രൻ.

സൈരന്ധ്രി=ശില്പകാരികയുടെ വേഷത്തിൽ വിരാടരാജധാനിയിൽ പാർക്കുന്ന പാഞ്ചാലി. സൈരം=സുഖം. തൈലാഭ്യംഗം=എണ്ണതേച്ചുകുളി. മൈരേയം=ഒരുതരം മദ്യം. ആമോദം=സുഗന്ധം. ദിവ്യാംബരം=ദിവ്യവസ്ത്രം. ആലേപനം=കുറിക്കൂട്ട്.

ഉത്തമയായുള്ള പാഞ്ചാലി മൊല്ലിയ
മെത്തമേൽ മെന്നു കിടന്നിതു ഭീമനും
ചിരിത്ത കൌതുഹലം കൈക്കൊണ്ടു കീചകൻ
മത്തനായ് കൂത്തരങ്ങത്തു പുക്കീടിനാൻ
ചിത്തജന്മാവുതന്നസ്ത്രങ്ങളേൽക്കയാൽ
പുത്തൻകുളർമുലത്തൊത്തു പുൽകിടിനാൻ
തങ്ങളിൽ തിങ്ങിവിങ്ങിക്കനംപൊങ്ങിനി-
ന്നങ്ങനേ കണ്ട കുളർമുലക്കോരകം
വിസ്താരമാണ്ടു നിരക്കെപ്പുരുപരെ-
ക്കുത്തുന്ന രോമങ്ങളുംക്കൊണ്ടു കാണായി;
രോമലതാമൂലമായതവിടമാ-
രോമലായുള്ളോരു ദാസിയല്ലോയിവൾ
എങ്കിലതുമൊരു കൌതുകമെന്നോത്തു
പങ്കജബാണമാൽകൊണ്ടു പൊറാഞ്ഞവൻ
നന്നായ് മുകെ മുകെത്തഴുകിനാൻ
മുൻനടന്നിടിനാൻ ഭീമനുമന്നേരം;
എത്തി മുകെമുകെപ്പുണന്നവ-
നസ്ഥി നുക്കി ഞെരിച്ചിതു പിന്നെയും
ചിത്തഭ്രമത്തോടു പത്തുനൂറായിരം
കുത്തിനാൻ മുഷ്ടി ചുരുട്ടിത്തെരുതെരെ;
പ്രേമമില്ലെന്നു വരുമെന്നു ശങ്കിച്ചു
ഭീമൻ നഖങ്ങളുമേല്പിച്ചിതാദരാൽ;

ചിത്തജന്മാവ്=കാമൻ. കോരകം=മൊട്ട്. രോമലതാമൂലം =രോമാവലിയുടെ അടിഭാഗം. ആരോമൽ=സുന്ദരി. പങ്കജബാ ണമാൽ=കാമതാപം. അസ്ഥി=എല്ല്.

"അയ്യോ മതി മതിയയ്യോ മതി പോരും
മയ്യൽമിഴിയാളേ കയ്യയച്ചീടെടോ!
നീയല്ലയോയിതു നീയല്ലയോ ബാലേ!
പൊയ്യേ പറഞ്ഞു ചതിക്കയോ ചെയ്തതും?
മെയ്യെന്നു കല്പിച്ചു വന്നു പുണർന്നു ഞാൻ
മെയ്യല്ല നല്ല കരിങ്കല്ലു നിർണ്ണയം"
പത്നിയുരിത്ഥം പറഞ്ഞു കരഞ്ഞവൻ
ചത്താൻ മിഴികളം തുറിച്ചു വിധിബലാൽ;
വാതാത്മജനായ ഭീമനും പോയിത-
ങ്ങേതുമറിഞ്ഞീല താനെന്നു ഭാവിച്ചു".

ഭഗവാന്റെ എഴുന്നള്ളത്ത".

ദാരുകൻ കൊണ്ടുവന്ന തേരതിൽ കരയേറി-
പ്പാരാതെയെഴുന്നള്ളിത്തുടങ്ങി ഭഗവാനും;
വെൺകൊറക്കുട തഴ വെഞ്ചമരികളം നല്ല
ഭംഗിതേടീടുമാലവട്ടങ്ങളം പലതരം
പന്നഗരിപുതന്നെ ചിഹ്നമായ്പിളങ്ങീടു-
മുന്നതമായ കൊടി മിന്നുന്ന കൊടിക്കൂറ
പങ്കജനേത്രന്റെ ശംഖനാദവും പല
മംഗലസ്തുതികളും വാദ്യങ്ങളംനിനാദവും
കല്മഷം കളയുന്ന ചിന്മയൻ മനോഹരൻ
പൊന്മണികിരീടവും നിർമ്മലചികുരവും

മയ്യൽമിഴിയാൾ=മഷിയെഴുതിയ കണ്ണുള്ളവൾ—സുന്ദരി. വാതാത്മജൻ=വായുപുത്രൻ.

ദാരുകൻ=ശ്രീകൃഷ്ണന്റെ സാരഥി പന്നഗരിപു=ഗരുഡൻ. പങ്കജനേത്രൻ=ശ്രീകൃഷ്ണൻ നിനാദം=ശബ്ദം കല്മഷം=പാപം. ചികുരം=തലമുടി.

മാലേയം മേൽപ്പൊട്ടിട്ട ഫാലവും ത്രിഭുവന-
പാലനാദികഠം ചെയ്യും ചില്ലിയും മകരമാം-
കുണ്ഡലം മിന്നീടുന്ന ഗണ്ഡവും മനോജ്ഞമാം-
കൺമുനവിലാസവും കമ്രമാം നാസികയും
കിഞ്ചന തുളുമ്പീടും പുഞ്ചിരിപ്പൂതുമയും
ചഞ്ചലാക്ഷികഠമനം വഞ്ചിക്കുമധരവും
മുഗ്ധമായുള്ള മുഖപത്മവും ഗളഭുവി
മുത്തുമാലകഠം വനമാലകഠം കൌസ്തുഭവും
ശിഷ്ടരക്ഷണത്തിനു ദുഷ്ടനിഗ്രഹം ചെയ്വാൻ
നിഷ്ഠുരമായ കരപത്മവും ശ്രീവത്സവും
ഇന്ദിരാദേവി ചിത്താനന്ദമോടിരുന്നീടും
സുന്ദരതരമായ മന്ദിരമായിട്ടുള്ള
വക്ഷോദേശവും കമലോത്ഭവൻ പിറന്നോരു
കുക്ഷിയും ബ്രഹ്മാണ്ഡങ്ങളസംഖ്യം കിടക്കുന്നോ-
രുദരോപരി പൊങ്ങും രോമാളിവിലാസവും
മധുരാധരീജനം മയങ്ങും മദ്ധ്യത്തിങ്കൽ
കാഞ്ചനമയമായ കാഞ്ചികളിട്ടമഞ്ഞ-
പ്പൂഞ്ചേലയതിന്മിതെ നാനാശോഭിതങ്ങളായ്
മിന്നുന്ന രത്നങ്ങളുമെന്നുള്ളിൽ വിളങ്ങുന്ന
ധന്യപാദാബ്ജങ്ങളും കണ്ടു മാമുനികളും

മാലേയം=ചന്ദനം. ഫാലം=നെറ്റിത്തടം. കമ്രം=മനോഹരം. നാസിക=മൂക്ക്. കിഞ്ചന=അല്പം. മുഗ്ധം=സുന്ദരം. ഗളഭുവി=കഴുത്തിൽ. നിഷ്ഠുരം=ക്രൂരം. ഇന്ദിരാദേവി=ലക്ഷ്മീദേവി. വക്ഷോദേശം=മാറിടം. കമലോത്ഭവൻ=ബ്രഹ്മാവ്. കുക്ഷി=വയറ്. മധുരാധരീജനം=സുന്ദരിമാർ. കാഞ്ചികഠം=അരഞ്ഞാണകഠം.

വേദവാദികളായ ഭൂദേവവരന്മാരും
വേദത്തിൻ പൊരുളായ വേദാന്തവേദ്യന്തന്റെ
പാദപത്മവും കൂപ്പി സ്തുതിച്ചു പാടിക്കൊണ്ടു
യാദവവീരനെഴുന്നള്ളുന്ന വഴിയേകു-
ടാദരവോടു നടന്നീടിനാർ ഭക്തിയോടെ.

യുദ്ധസന്നാഹം.

കാരോരോ ദിക്കിൽനിന്നങ്ങോരോരോ രാജാക്കന്മാർ
വാരണവാജിരഥകാലാളും പടയോടും
വാരിധിതന്നിൽ നദീപൂരങ്ങൾ ചേരുമ്പോലെ
കൌരവസൈന്യന്തന്നിൽ വന്നൊക്കെക്കൂടീടുന്നു,
ഭൈരവതരങ്ങളാം വാദ്യഘോഷങ്ങളോടും
പോരിനു വിരുതുള്ള രാക്ഷസവീരന്മാരും
ആത്തൊക്കെ നിലവിളിച്ചവ്വണ്ണംതന്നെ വന്നു
പാർത്ഥന്മാരുടെ പടവീട്ടിലും കൂടീടുന്നു;
ഈരേഴു പതിന്നാലു ലോകവും കുലുങ്ങുന്നു
വാരിധികളുമിരച്ചൊക്കവേ കലങ്ങുന്നു
സാരതരേണും ഗിരിജാലങ്ങളും കുലുങ്ങുന്നു
ഘോരമായുള്ള വാദ്യനാദങ്ങളും മുഴങ്ങുന്നു
മേദിനി പൊടിഞ്ഞോരു ധൂളിയും പൊങ്ങീടുന്നു
ഖേദമായെന്നപോലെ ഭാനുവും മറയുന്നു

യാദവവീരൻ=ശ്രീകൃഷ്ണൻ.

വാരണം=ആന. വാജി=കുതിര. രഥം=തേർ. വാരിധി=സമുദ്രം. നദീപൂരങ്ങൾ=നദീപ്രവാഹങ്ങൾ. കൌരവസൈന്യം=നൂറുവരുടെ സൈന്യം. ഭൈരവതരങ്ങൾ=അതിഭയങ്കരങ്ങൾ. പാർത്ഥന്മാർ=പാണ്ഡവർ. ഗിരിജാലങ്ങൾ=പർവ്വതസമൂഹങ്ങൾ. മേദിനി=ഭൂമി. ഭാനു=സൂര്യൻ.

വാസവമുഖപത്മമാവോളം വിളങ്ങുന്നു
വാസവിനയനങ്ങൾ കോപേന ചുവക്കുന്നു
മാരുതദേവൻതാനും മന്ദമായ്വീയിടുന്നു
മാരുതിയുടെ ഗദ വേഗേന ചുഴലുന്നു
ധർമ്മദേവനുമുള്ളിലാനന്ദം വളരുന്നു
ധർമ്മനാശനൻ കലി മന്ദം പോയ്മറയുന്നു
ധർമ്മജന്മാവിൻമുഖമേറവും തെളിയുന്നു
ദുർമ്മതി സുയോധനൻതൻമുഖം വാടീടുന്നു
നിർമ്മലൻ നിരുപമൻ നിത്യനവ്യയൻ പരൻ
ചിന്മയൻ ജഗന്മയൻ കല്മഷവിനാശനൻ
ധർമ്മസ്ഥാപനകരൻ നിഷ്കളൻ നിരഞ്ജനൻ
കൈവല്യൈകസാക്ഷിഭൂതൻ നിർഗ്ഗുണൻ നിരാകുലൻ
സന്മതിനിലയനനെന്നുള്ളിൽ വാഴും കൃഷ്ണൻ
തന്നുഖനളിനവും നന്നായി വിരിയുന്നു
ആമിഷഭോജികളുമാമോദം കലരുന്നു
പോമിനിക്കനെമെന്നു ഭ്രമിയും തെളിയുന്നു;
രാമരാവണരണസന്നാഹമെന്നപോലെ
ഭൂമിയിലുള്ള വീരരൊക്കവേ വന്നുവന്നു
പുക്കിതു കുരുക്ഷേത്രം ദുഃഖവുമുപേക്ഷിച്ചു
പുഷ്കരദേശേ വിമാനങ്ങളുമൊരുമിച്ചു

വാസവൻ=ദേവേന്ദ്രൻ. വാസവിനയനങ്ങൾ=അർജ്ജുനന്റെ കണ്ണുകൾ. മാരുതദേവൻ=കാറ്റ്. മാരുതി=ഭീമൻ. ധർമ്മജന്മാവ്=ധർമ്മപുത്രൻ. സന്മതിനിലയനൻ=സജ്ജനങ്ങളുടെ ബുദ്ധിയിൽ വസിക്കുന്നവൻ. നളിനം=താമര. ആമിഷഭോജികൾ=മാംസം തിന്നുന്ന രാക്ഷസന്മാർ. രണം=യുദ്ധം. പുഷ്കരദേശേ=ആകാശപ്രദേശത്ത്.

നിർമ്മലയായ നദിതന്നിരുകരയും വ-
ന്നുന്മദമോടു പുക്കു വൻപടയതുകാലം.

ഹസ്തിയുദ്ധം.

വാടീ മുഖം ദുരിയോധനസൈന്യവു-
മോടിയതു കണ്ടു വീരൻ ഭഗദത്തൻ
പത്തു സഹസ്രം ഗജത്തിൻ ബലമുള്ള
മത്തഗജത്തിൻ കഴുത്തിൽ കരേറിനാൻ,
അതു ബലമുള്ള വൃത്രാരിജാഗ്രജൻ
പത്തുനൂറാത്തു പാഞ്ഞെത്തിയടുത്തുടൻ;
കുത്തുന്ന കുംഭിയുമൊത്തുന്ന ഭീമനു-
മെത്തിയെതിത്ത പോരെതുയുമത്ഭുതം;
ഹസ്തിതന്നസ്ഥികൾ കുത്തിത്തെരിക്കയും
മസ്തകം കൈത്തലംകൊണ്ടു ഭേദിക്കയും
ചക്രം തിരികയും വക്രിച്ചു വാങ്ങയു-
മഗ്രേ വരുന്നോരമുഗ്രമടിക്കയും
തുമ്പിക്കൈതന്നിലകപ്പെട്ടുന്നോരത്തു
തുമ്പി പറക്കുംപ്രകാരം കഴിക്കയും
കമ്പം വരുമാറു ഭൂമിയിൽ വീഴ്കയും
കൊമ്പു താഴ്ത്തുമ്പോളുരുണ്ടുകളകയും

ഉന്മദം=വർദ്ധിച്ച ഗർവ്വം.

വൃത്രാരിജാഗ്രജൻ=അജ്ജുനജ്യേഷ്ഠൻ ഭീമൻ. കുംഭി, ഹസ്തി =ആന. മസ്തകം=തല. ഭേദിക്കുക=പിളർക്കുക. വക്രിച്ചുവാങ്ങയും=വളഞ്ഞുമാറുകയും.

മദ്ധ്യേ നടയിടപ്പുക്കുദരസ്ഥലേ
കുത്തയും പിന്നിൽ പുറപ്പെട്ട മണ്ടയും
പൃഥ്വീശനാം ഭഗദത്തനെയ്തിട്ടുന്ന
ശസ്ത്രങ്ങൾ പേടിച്ചകന്നു കൂടായ്കയും;
അപ്രതിമപ്രഭാവപ്രബലേന്ദ്രനാ-
മഭ്രമാതംഗവീരഭ്രമണോപമം
സുപ്രതീകക്രമം കണ്ടു വാതാത്മജ-
നത്ഭുതം കയ്ക്കൊണ്ടു വിഭ്രമം തേടിനാൻ;
ഒത്ത ബലമുള്ള ഭീമനുമാനയും
ബദ്ധകോപത്തോടു യുദ്ധം തുടന്നപ്പോൾ
പൃഥ്വി കുലുങ്ങി നടുങ്ങി ജഗത്ത്രയ-
മബ്ധികളേഴുമലറിക്കലങ്ങുന്നു;
യോഗിപ്രതിയോഗി രണ്ടു ജനങ്ങളും
നാകികളും മറു കാണികളായോരും
വിചിത്രം വിചിത്രം വിചിത്രം വിചിത്രമി-
തത്ഭുതമത്ഭുതമത്ഭുതമത്ഭുതം
ഇത്ഥം പുകഴ്ന്ന ശബ്ദവും വാരണൻ
മത്തനായേറുമലറുന്ന ശബ്ദവും

കുത്തയും=കുത്തുകയും. പൃഥ്വീശൻ=രാജാവ്. അപ്രതിമപ്രഭാവപ്രബലേന്ദ്രൻ=അതുല്യപരാക്രമനും പ്രബലനുമായ ഇന്ദ്രനോടുകൂടിയ. അഭ്രമാതംഗവീരഭ്രമണോപമം=ഐരാവതത്തിന്റെ വട്ടംചുറ്റൽപോലെ. സുപ്രതീകക്രമം=സുപ്രതീകമെന്ന പേരായ ഭഗദത്തഗജത്തിന്റെ സഞ്ചരണരീതി. വാതാത്മജൻ=ഭീമൻ. വിഭ്രമം=പരിഭ്രമം. പൃഥ്വി=ഭൂമി അബ്ധികൾ=സമുദ്രങ്ങൾ. യോഗിപ്രതിയോഗികൾ=അടുക്കുന്നവരും ചെറുക്കുന്നവരും. നാകികൾ=ദേവന്മാർ.

ആരവാരങ്ങളും കോലാഹലങ്ങളും
പോരാളിവീരർ നിലവിളിഘോഷവും
ഘോരഘോരം കേട്ടു ഉന്നിമിത്തങ്ങളും
പാരമായുണ്ടു ഭയംപൂണ്ടു ഫൽഗുനൻ

* * * *

കാറിനേക്കാൾ വേഗമോടു തേരോടിച്ചു
കാറിന്മകനും ഭഗദത്തനാനയും
ഊറമായ്പോരിനായേറ പടനില-
ത്തേറമുഴറോടു ചെല്ലുന്നതു കണ്ടു
പോറിവിളിച്ചു സുയോധനനാദിയാം
നൂറുവരോടിനാർ പേടിയോടാകുലാൽ;
ഏറു ഭഗദത്തവീരനും പാർത്ഥനും
കാറിന്മകനോടു കേവലമാനയും

* * * *

അന്നേരമാനയും ഭീമനെക്കയ്യോണ്ടു
നന്നായെടുത്തു മേല്പോട്ടെറിഞ്ഞിട്ടുടൻ
വീഴുന്ന നേരത്തു വാരണൻ കുത്തയും
ഭീഷണൻ ഭീമനുരുണ്ടുകളകയും;
അഭ്രമുകാന്തസമപ്രാണനായോരു
സുപ്രതീകപ്രകോപഭ്രമക്ഷേപണാൽ

ഫല്ഗുനൻ=അർജ്ജുനൻ. പോറിവിളിക്കുക=ശരണംവിളിക്കുക. അഭ്രമുകാന്തസമപ്രാണൻ=ഐരാവതതുല്യബലൻ. സുപ്രതീകപ്രകോപഭ്രമക്ഷേപണം=സുപ്രതീകന്റെ കോപിച്ചു ചുഴറ്റി എറിയൽ.

ഉൾപ്പൂവിലോത്താൽ ജഗൽപ്രാണപുത്രനും
മിൽപുരുഷൻ മരണോൽപലയുഗളം;
പിന്നെയും പിന്നെയും തങ്ങളിലിങ്ങനേ
ഖിന്നതയോടു പൊരുതോരനന്തരം
കുത്തു കൊള്ളാഞ്ഞു കോപിച്ച മദകരി-
യെത്തിപ്പിടിച്ചു മേൽപ്പോട്ടെറിഞ്ഞീടിനാൻ,
കൊമ്പുതന്മേൽ വന്നു വീഴുവാനായിട്ട
കൊമ്പുമുയത്തി നിന്നാനതു കണ്ടിട്ട
സംഭ്രമത്തോടൊരു ബാണം പ്രയോഗിച്ചാ-
നമ്പർകോൻതന്നുടെ നന്ദനനജ്ജുനൻ;
വാരണവീരൻ തലയറു വില്ലറു
വീരൻ ഭഗദത്തനന്തെറ തലയറു
നാലാമതാനതൻ വാലുമരിഞ്ഞിട്ട
കോലാഹലത്തോടു പോയിതു ബാണവും;
നീലമലപോലെ വൻകരി വീണിതു
മാലവേ മാരേ ഭഗദത്തവീരനും
ഭീമനതിന്മീതെ വന്നു വീണീടിനാൻ
പൂമഴ പെയ്താരമരരുമന്നേരം;
ആശ്ചര്യപ്പെട്ട കണ്ടു നിന്നോർകളും
പാച്ചിൽ പിടിച്ചിതു ശേഷിച്ച സൈന്യവും.

ജഗൽപ്രാണപുത്രൻ=ഭീമൻ. മിൽപുരുഷൻ=ശ്രീകൃഷ്ണൻ. മരണോൽപലയുഗളം=രണ്ടു പാദാബ്ജങ്ങളും മദകരി=മത്തഗജം. ഉമ്പർകോൻ=ദേവേന്ദ്രൻ. അമരർ=ദേവന്മാർ.

യുദ്ധരംഗം.

യുദ്ധനിലമായൊരാകാശമൊക്കയും
ഹസ്ത്യശ്വപത്തിമയങ്ങളാം മേഘങ്ങൾ
കുത്തുപരന്നതു നേരത്തു ധൂളിയാൽ
മിത്രബിംബം മറഞ്ഞിട്ടും ദശാന്തരേ
ദിക്കുകളൊക്കവേ ഞെട്ടിമാറങ്ങനെ
വെട്ടുമിടികൾപോലെ പടഹങ്ങളും
സന്നദ്ധരായുള്ള വീരർ കൈവാളായ
മിന്നൽപ്പിണരുകൾ മിന്നുന്നനേരത്തു
കണ്ണുകൾ തങ്ങളേ മിമ്മുന്നിതു മിലർ;
ചാപങ്ങളായ്മികുമിന്ദ്രചാപങ്ങളും
ബാണങ്ങളായുള്ള ധാരാവരിഷവും
ഘോരയായുള്ളോരു വാരിപ്രവാഹവും
പെയ്തു പെയ്താക്കെ നിറഞ്ഞു നദികളാ-
യോരോ വഴിയെയൊലിക്കുന്ന നേരത്തു
വക്ത്രങ്ങളാകിയ പത്മങ്ങളുണ്ടതിൽ
കേശങ്ങളായുള്ള ശൈവാലപൂരവും
ഹസ്തപാദങ്ങളായുള്ള മത്സ്യങ്ങളു-
മസ്ഥികളായുള്ള പാഷാണജാലവും

ഹസ്ത്യശ്വപത്തിമയങ്ങൾ=ആന കുതിര കാലാളുകളാകുന്ന. ധൂളി=പൊടി. മിത്രബിംബം=സൂര്യബിംബം. ദശാന്തരേ=സമയത്ത്. പടഹങ്ങൾ=പെരുമ്പറകൾ. സന്നദ്ധർ=പടച്ചട്ടയണിഞ്ഞവർ. ഇന്ദ്രചാപങ്ങൾ=മഴവില്ലുകൾ. വാരിപ്രവാഹം=ജലപ്രവാഹം. വക്ത്രങ്ങൾ=മുഖങ്ങൾ. കേശങ്ങൾ=തലമുടികൾ. ശൈവാലം=ചണ്ടി. ഹസ്തപാദങ്ങൾ=കയ്യുകളും കാലുകളും. പാഷാണം=പാറ.

സത്യമായുള്ളോരു ശംഖമുക്താദിയും;
മദ്ധ്യയൊഴുകുന്ന ഘോരപ്പുഴ കണ്ടു
ചിത്രം വിചിത്രം വിചിത്രമെന്നു ജനം.

യുധിഷ്ഠിരന്റെ രാജ്യഭാരം.

നഹുഷാദികളം പരിപാലനംചെയ്തപോലെ
മൃഹിരാത്മജസുതൻ പരിപാലിച്ചു നന്നായ്;
കൃഷ്ണഭക്തരിൽ മുമ്പനാകിയ യുധിഷ്ഠിരൻ
കൃഷ്ണസാരഥിയായ ജിഷ്ണുഭീമാദിയോടും
കൃഷ്ണയാം കാന്തയോടും മിത്രവർഗ്ഗങ്ങളോടും
വിഷ്ണുമായയെക്കണ്ടു വിസ്മയമോതസ്സോടും
മന്നവന്മാരെയെല്ലാം തന്നുടെ കാൽക്കലാക്കി
മന്നിടമെല്ലാമൊക്കൈക്കൈത്തലത്തിലുമാക്കി
സത്യത്തെ നാവിന്മേലും കൃപയെച്ചിത്തത്തിലും
വൃത്തത്തെ രാജനീതിതങ്കലുമാക്കി നിത്യം
ഭക്തിയെക്കൃഷ്ണങ്കലും കൃഷ്ണനെ മനസ്സിലും
നിത്യകർമ്മാദികളെപ്പരമാത്മാവിങ്കലും
ഭ്രുതിയെബ്ഭ്രുവിങ്കലും ഫാലദേശത്തും മേത്തു
ഭ്രുതലമേകച്ഛത്രച്ഛായതൻ കീഴമാക്കി
ദാനവാരിയെത്തന്റെയുള്ളിലും കരത്തിലു-
മാനന്ദം വരുമാറു മേത്തു രക്ഷിക്കുംകാലം

ശംഖമുക്താദി=ശംഖ് മുത്ത് മുതലായത്.

മഹിരാത്മജസുതൻ=ധർമ്മപുത്രൻ. കൃഷ്ണസാരഥി=കൃഷ്ണൻ സ്വതനായിട്ടുള്ള. ജിഷ്ണു=അർജ്ജുനൻ. കൃഷ്ണ=പാഞ്ചാലി. വൃത്തം=പ്രവൃത്തി. ഭ്രുതി=ഐശ്വര്യവും ഭസ്മവും. ഫാലദേശം=നെറ്റിത്തടം. ഏകച്ഛത്രച്ഛായ=ഒറ്റക്കുടയുടെ നിഴൽ. ദാനവാരി=അസുരശത്രുവായ ശ്രീകൃഷ്ണനും ദാനജലവും.

പരിപാല്യകളാകും പ്രജകൾക്കൊന്നുകൊണ്ടും
പരിതാപങ്ങളില്ല, പാർത്ഥിവഹ്രണങ്ങളാൽ
അതിവൃഷ്ട്യനാവൃഷ്ടിവഹ്നിവായുക്കളാലു-
മതിക്രൂരങ്ങളായ ദുഷ്ടജന്തുക്കളാലും
ഒരു സങ്കടമില്ല ഭൂമിയിലൊരേടത്തും
മരണം വരുവീല ബാലകന്മാർക്കുമെങ്ങും;

പൈയ്യ്മെന്നുള്ള ശബ്ദമ്പോലുമില്ലെങ്ങുംകേൾപ്പാൻ
ശൌയ്യവുമില്ലാതെയില്ലാരുമേ പുരുഷന്മാർ
കുസുമഫലദലപൂർണ്ണങ്ങളായേ നിൽപ്പു
ലതകളോടുംകൂടി വൃക്ഷങ്ങളെല്ലാനാളും;
സദ്ധർമ്മങ്ങളെപ്പരിപാലിക്കുമെല്ലാവരു-
മധർമ്മങ്ങളുമില്ല വിധർമ്മങ്ങളുമില്ല;

പരദ്രവ്യത്തിലൊരു കാംക്ഷയില്ലൊരുവനും
ദരിദ്രന്മാരുമില്ല കൃപണന്മാരുമില്ല
ഗുരുദ്രോഹികളില്ല സുരദ്വേഷികളില്ല
ഗുരുദ്രോഹവുമില്ല മാനുഷക്കൊരുനാളും;

സചിവപുരോഹിതസാമന്തസഹോദര-
ദ്വിജബാഹുജവൈശ്യപാദജാദികളോടും

പരിപാല്യകം=രക്ഷിക്കപ്പെടേണ്ടവർ. പ്രജകം=ജനങ്ങൾ. അതിവൃഷ്ടി=അധികം മഴ. അനാവൃഷ്ടി=മഴയില്ലായ്മ. വഹ്നി=തീയ്. പൈയ്യ്=കളവ്. കുസുമഫലദലപൂർണ്ണങ്ങൾ=പൂവും കായും ഇലയും നിറഞ്ഞവ. വിധർമ്മങ്ങൾ=മറവുള്ളവർക്കു വിധിച്ച ധർമ്മങ്ങൾ. കൃപണന്മാർ=പിശുക്കന്മാർ. സചിവൻ=മന്ത്രി. ദ്വിജൻ=ബ്രാഹ്മണൻ. ബാഹുജൻ=ക്ഷത്രിയൻ. പാദജൻ=ശൂദ്രൻ.

സൂതമാഗധവന്ദിസ്തുതിപാഠകന്മാരും
നാടമോഹനന്മാരാം ഗായകവരന്മാരും
മൃദംഗപടഹാദിപ്രചണ്ഡവാദ്യങ്ങളും
മതംഗോത്തുവരഥതുരംഗപത്ത്യാദിയും
വേണുവീണാദിമൃദുവാദ്യങ്ങളും മേളത്തോടെ
വീണാവാണികയും നടിച്ചീടിന ലാസ്യങ്ങളും
ദിക്കുകളും മുഴങ്ങുമാറിങ്ങനേ ധർമ്മാത്മജൻ
മുഖ്യസേവകന്മാരുമായ് സഭാതലം പുക്കാൻ
ആസ്ഥാനമണിമയമണ്ഡപമദ്ധ്യേ പര-
മാസ്ഥയാ സിംഹാസനം പുക്കിരുന്നരുളിനാൻ.

ഭീഷ്മഭഗവദ്ധ്യാനം.

കരണങ്ങളിൽ വിഷയങ്ങളെ ലയിപ്പിച്ചു
കരണങ്ങളെപ്പുനരാത്മനി ചേർത്തു നന്നായ്
ഗോവിന്ദൻ സമാധിയിലുറപ്പിച്ചിളകാതേ
ഭാവനാപരനായ് നാരായണൻ വാസുദേവൻ.

* * * *

സന്തതമിരുന്നരുളീടിന നാരായണൻ
തന്തിരുവടിയോടു കൂടവേ ധർമ്മാത്മജൻ:—

സൂതമാഗധാദികം=കഥ പറഞ്ഞും സ്തുതി പാടിയും മറ്റും രാജാവിനെ സേവിക്കുന്നവർ. മതംഗോത്തുവം=ആന. തുരഗം=കുതിര. പത്തി=കാലാൾ. വീണാവാണികം=മധുരമൊഴികൾ, സുന്ദരിമാർ. ലാസ്യങ്ങൾ=നൃത്തവിശേഷങ്ങൾ.

കരണങ്ങൾ=ഇന്ദ്രിയങ്ങൾ. വിഷയങ്ങൾ രൂപരസശബ്ദാദികൾ. ആത്മനി=ആത്മാവിൽ. സമാധി=ഏകാഗ്രധ്യാനം. ഭാവന=ധ്യാനം.

"നിന്തിരുവടിയുടെ ഭക്തന്മാരനുദിനം
നിന്തിരുവടിതന്നെച്ചിന്തിച്ചു വാഴുമ്പോലെ
നിന്തിരുവടിയിരുന്നരുളീടുവാനിപ്പോ-
ളെന്തു കാരണമാരെ ധ്യാനിച്ചെന്നറികയിൽ
ആഗ്രഹമുണ്ടു പാരമരുളിച്ചെയ്യാമെങ്കിൽ
കേൾക്കാമെന്നതേ വേണ്ടു കാരുണ്യവാരാന്നിധേ!"
"മൊല്ലവനെങ്കിലതു കേട്ടാലും പരമാർത്ഥം,
സപ്തർഷ്ലോകനദീസുതനാകിയ വസുശ്രേഷ്ഠൻ
അഷ്ടരാഗങ്ങളെല്ലാം നഷ്ടമായ് മമച്ചുള്ളി-
ലഷ്ടാംഗബ്രഹ്മചര്യനിഷ്ഠയോടനുദിനം
വേദവേദാംഗവേദാന്താദിശാസ്ത്രാർത്ഥശസ്ത്ര-
വേദികളുമുമ്പൻ വിജ്ഞാനാദ്ധ്യാത്മജ്ഞാനത്തോടും

കാരുണ്യവാരാന്നിധേ=ദയാസമുദ്രമേ! സപ്തർഷ്ലോകനദീസുതൻ=ഗംഗാപുത്രൻ. വസുശ്രേഷ്ഠൻ=ഭീഷ്മൻ. അഷ്ടരാഗങ്ങൾ=രാഗം ദ്വേഷം കാമം ക്രോധം ലോഭം മോഹം മദമാത്സര്യം എന്ന എട്ടു മനോദോഷങ്ങൾ. അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ="സ്മരണം കീർത്തനം കേളിഃ പ്രേക്ഷണം ഗ്രഹ്യഭാഷണം സങ്കല്പോദ്ധ്യവസായശ്ച ക്രിയാനിഷ്പത്തിരേവ ച" എന്നിങ്ങനെ എട്ടു വിഷയത്തിലുമുള്ള ബ്രഹ്മചര്യനിയമം. വേദവേദാംഗവേദാന്താദിശാസ്ത്രാർത്ഥശസ്ത്രവേദികൾ=നാലു വേദത്തിന്റെയും ആറു വേദാംഗത്തിന്റെയും വേദാന്തമീമാംസാദിശാസ്ത്രങ്ങളുടെയും അർത്ഥം അറിയുന്നവരിലും ശസ്ത്രപ്രയോഗം അറിയുന്നവരിലും മുമ്പൻ. വിജ്ഞാനം=ശില്പങ്ങളുടെയും ശാസ്ത്രങ്ങളുടെയും അറിവ്. അധ്യാത്മജ്ഞാനം=ആത്മാവിനെക്കുറിച്ചുള്ള അറിവ്.

വിജയപ്രയുക്താസ്യനികരതല്പത്തിന്മേൽ
വിജിതകരണനായ് പരമയോഗത്തോടും
സുഷുമ്നാനാഡിയുടെ മൂലാധാരത്തിങ്കൽനി-
ന്നെഴുന്ന കുണ്ഡലിനീശക്തിയെക്കരയേറി
ചക്രങ്ങളും കടന്നു സൌദാമിനീലതപോലെ
മുഖ്യമാം ബ്രഹ്മരന്ധ്രത്തിങ്കൽച്ചെന്നാശു മുട്ടി
ചന്ദ്രമണ്ഡലത്തിങ്കൽനിന്നൊഴുകീടും സുധാ-
ബിന്ദുക്കളും സുഷുമ്നയിൽ വീണു കീഴ്പോട്ടുവന്നു
മൂലാധാരം പ്രാപിച്ചു പരമാനന്ദംപൂണ്ടു
കാലദേശാവസ്ഥാദിവിസ്മൃതമനസ്സിങ്കൽ
ധ്യേയനാമെന്നെക്കണ്ടു ഭക്തിവിശ്വാസത്തോടെ
മായകൂടാതെ തെളിഞ്ഞേകമായ് നിറഞ്ഞൊക്കെ-
പ്പുറമേ വിളങ്ങീടും നിഷ്കളസ്വരൂപത്തെ-
ത്തിരഞ്ഞു സകളമാം പുരുഷരൂപമാക്കി
തന്നുടെ ഹൃദയത്തിലുറപ്പിച്ചിളകാതെ
നന്നായ്ച്ചെത്തുമൂലമിളകാതിരുന്ന ഞാൻ,
ശന്തനുതനയനന്നന്തർഭാഗത്തിങ്കൽ ചെ-
ന്നന്തരംകൂടാതെകണ്ടിരിക്കുന്നിതുമിപ്പോൾ."

വിജയപ്രയുക്താസ്യനികരതല്പം=അർജ്ജുനൻ നിർമ്മിച്ച ശരശയ്യ. വിജിതകരണൻ=ഇന്ദ്രിയങ്ങളെ ജയിച്ചവൻ. പരമയോഗം=ഉൽക്കൃഷ്ടമായ യോഗാഭ്യാസം. ചക്രങ്ങൾ=മൂലാധാരം സ്വാധിഷ്ഠാനം മണിപൂരം അനാഹതം വിശുദ്ധി ആജ്ഞ എന്നിങ്ങനെ സുഷുമ്നാനാഡിയിലുള്ള ആറു സ്ഥാനങ്ങൾ. സൌദാമിനീലത=മിന്നൽപ്പിണർ. സുധാബിന്ദുക്കൾ=അമൃതബിന്ദുക്കൾ. ധ്യേയൻ=ധ്യാനിക്കപ്പെടേണ്ടവൻ. ശന്തനുതനയൻ=ഭീഷ്മൻ.

ഭഗവത്സമാധി

ഭഗവാനഗ്രജനുടെ ഗതി കണ്ടു
സുഖമേ യോഗംപൂണ്ടിരുന്നരുളിനാൻ;
അവനീഭാരവുമഖിലം തീർന്നതാ-
യവതാരകാര്യം കൃതമായിക്കതും
ഇനി വൈകുണ്ഠമാം പദം പ്രാപിച്ചീടാ-
മെനിക്കു കാലം വൈകരുതല്ലോ വൃഥാ
നിനച്ചേവം ദേവൻ വലത്തെ ശ്രീപാദ-
മണച്ചിടത്തെത്തുത്തുടനമ്മൽ വെച്ചു
നിവിർന്നൃജുദേഹമിരുന്നരുളിനാൻ
പവനനന്നെയുമടക്കി നിശ്ചലം;
അടച്ചു മൂലാധാരവുമുറപ്പിച്ചു
പടുതപമോടു കുണ്ഡലിനിശക്തിയെ
ജ്വലിപ്പിച്ചു മെന്മേൽ സുഷുമ്നയാ ചക്ര-
കുലത്തെയുമൊക്കെദ്ദഹിപ്പിച്ചോരോന്നെ
ദഹനനക്മണ്ഡലത്തൊടു തട്ടി-
ദ്ദഹനമണ്ഡലത്തിനെയും പിന്നിട്ടു
സഹസാ മൂന്നാഗ്നികളുമായ് പീയൂഷ-
കിരണമണ്ഡലത്തൊടു ചെന്നു തട്ടി

ഭഗവാൻ=ശ്രീകൃഷ്ണൻ. അഗ്രജൻ=ജ്യേഷ്ഠൻ, ബലഭദ്രൻ. യോഗം=ധ്യാനം. പദം=സ്ഥാനം. ശ്രീപാദം=തൃക്കാൽ. ഋജുദേഹം=ദേഹം ചൊവ്വിലാക്കി. പവനൻ=പ്രാണവായു. സുഷുമ്നയാ=സുഷുമ്നാനാഡിയിലൂടെ ചക്രകുലം=മൂലാധാരാദികളായ ആറു ചക്രങ്ങളും. ദഹനൻ=അഗ്നി. അക്മണ്ഡലം=സൂര്യമണ്ഡലം പീയൂഷകിരണമണ്ഡലം=ചന്ദ്രബിംബം.

വിയത്തെഴുകീടുമമൃതധാരയാ
ലയിച്ചു മൂലാധാരവും കുളുപ്പിച്ചു
സപദി ബ്രഹ്മരന്ധ്രവുമമത്തുള്ളിൽ
തപസാ യോഗമോടിരുന്നരുളുമ്പോഠം
ത്രിഭുവനമൊക്കെ നിറഞ്ഞു തേജസാ
പവനനെജ്ജയിച്ചമൃതപ്പാവനം
വിരവൊടു മേത്തു നെറുകയിൽനിന്നു
പരിമൊടു ധൂമം പുറപ്പെടുന്നേരം
നിറന്നൊരാൽത്തറമുകളിലാമ്മാറ-
ങ്ങിരുന്നരുളുന്ന ഭഗവൽപാദത്തെ
തൊട്ടുന്നനെക്കാണായിതു കാട്ടാളനു-
മടുത്തിതു മെല്ലെ മറഞ്ഞു വൃക്ഷത്തെ
വിടപികളുടെ കിമപി സൂക്ഷിച്ചാ-
നടവിവാസിനാംകുലജീവാന്തകൻ.

ശ്രീമഹാഭാരതം

അമ്പാടിയിലേക്കുള്ള എഴുന്നള്ളിപ്പ്.

നിറഞ്ഞ കൌതുഹലത്തോടതിനാരംഭിച്ചാ-
നറിഞ്ഞീലേതും കംസഭടന്മാരിവയെല്ലാം
മറന്നുകിടന്നുടനുറങ്ങിപ്പോകകൊണ്ടു-
മുറങ്ങാതിരുന്നവർ മറന്നുപോകകൊണ്ടും;

അമൃതപ്പാവനം=അമൃതത്തിൽ മുക്കൽ. ധൂമം=പുക. വിടപികം=വൃക്ഷങ്ങൾ. അടവിവാസിനാംകുലജീവാന്തകൻ=കാട്ടുജന്തുക്കളുടെ ജീവൻ നശിപ്പിക്കുന്ന കാട്ടാളൻ.

തൽകാലേ വസുദേവൻതന്നുടെ കാൽക്കൽ കൈക്കൽ
ദുഷ്ടമ്മിയായ കംസൻ ബന്ധിച്ച ബന്ധങ്ങളും
തെറ്റെന്നു വേർപെട്ടതിസ്ഥനായ്വന്നീടിനാ-
ന്നാറമേ പുനരിതെന്താശ്ചര്യം നിരൂപിച്ചാൽ?
ഭക്തികൊണ്ടഖിലകർമ്മപ്രബന്ധങ്ങൾ തീർത്തു
മുക്തി നൽകീടുന്നഖിലേശ്വരനിയോഗത്തെ
കയ്യൊണ്ടു വർത്തിക്കുന്ന ഭക്തനു മറ്റെന്തൊരു
ചക്രനിബ്ബന്ധം ഭവിക്കുന്നതു ജഗത്ത്രയേ?
നിൽക്കവെയെല്ലാം, ബന്ധിച്ചിടിന കവാടങ്ങ-
ളൊക്കവേ താഴും തുറന്നകന്നു താനേതന്നെ;
പത്മലോചനനായോരർഭകൻതന്നെക്കര-
പത്മത്തിലെടുത്തുകൊണ്ടന്നേരം വസുദേവർ
സത്വരമമ്പാടിക്കായ്ക്കൊണ്ടെഴുന്നള്ളിപ്പാനാ-
യെത്രയും വേഗാൽ പുറപ്പെട്ടുടൻ നടക്കുമ്പോൾ
പുഷ്കരദേശേ കൃഷ്ണാംഭോധരപടലങ്ങൾ
തൽക്ഷണേ വിതാനിച്ചു ചഞ്ചലാലതകളും

ദുഷ്ടമ്മി=ദുഷ്ടൻ. ഊറമേ=അത്ഭുതമേ. പ്രബന്ധങ്ങൾ=കെട്ടുകൾ. നിയോഗം=കല്പന. ചക്രനിബ്ബന്ധം=പുനരപി ജനനം പുനരപി മരണം പുനരപി ജനനീജാരേ ശയനം എന്ന മാതിരിയുള്ള സംസാരചക്രത്തിന്റെ ദൃഢബന്ധം. കവാടങ്ങൾ=വാതിലുകൾ. താഴ്=പൂട്ട്. അർഭകൻ=ബാലൻ. പുഷ്കരദേശേ=ആകാശദേശത്ത്. കൃഷ്ണാംഭോധരപടലങ്ങൾ=കാർമേഘനിരകൾ. വിതാനിച്ചു=മേലാപ്പുകെട്ടി അലങ്കരിച്ചു. ചഞ്ചലാലതകൾ=മിന്നൽപ്പിണരുകൾ.

പുഷ്പമാലകളിടകലർന്നു നീളെത്തൂക്കി
പുഷ്ടാതി പാഞ്ചജന്യദേവോത്തമനീടാന്നെഴും
വിദ്യുൽപുഞ്ജോദ്യൽപ്രദീപങ്ങൾ ദിക്കുകൾതോറും
സദ്യശ്ചോത്താര മേഘനിഷ്ഠോഷൈരനുക്രമം
മുദ്ധവാദ്യാഘോഷങ്ങളുംപ്രകടിച്ചീടുമ്പോൾ
വിഘ്നമെന്നിയേ ചൊറു വൃഷ്ടിയുമുണ്ടായ്വന്നു;
ചക്രീന്ദ്രൻ ഫണാസഹസ്രങ്ങളാം ഛത്രങ്ങളും
സൽകാരമാനം പരിചോടനുക്രമിക്കുമ്പോൾ
പുഷ്പവൃഷ്ടിയും ചെയ്ത മുപ്പുരാരാതി മുമ്പാം
മുപ്പത്തുമുവ്വായിരക്കോടി നിർജ്ജരന്മാരും
മുഖ്യതാപസന്മാരുമോത്തു വേദാന്തപ്പൊരുൾ
വ്യക്തമായ്കണ്ടുകണ്ടു സുസ്തവങ്ങളും കൃത്വാ
പുഷ്പരമാഗ്രേ നടന്നീടിനാർ മേളത്തോടും
പുഷ്പരാക്ഷികളായ ദേവിമാരോടും ചെമ്മേ.

ശ്രീകൃഷ്ണലീല.

ഹന്ത! പുനരിവണ്ണം പറഞ്ഞോമന-
ദന്താധരങ്ങൾ പിളുത്തി നിന്നീടിനാൻ

പുഷ്ടാതി=പോഷിപ്പിക്കുന്ന. പാഞ്ചജന്യദേവോത്തമൻ=മേഘാധിപതിയായ ദേവേന്ദ്രൻ. വിദ്യുൽപുഞ്ജോദ്യൽപ്രദീപങ്ങൾ=മിന്നലാകുന്ന തെളിവിളക്കുകൾ. സദ്യഃ=വേഗത്തിൽ. മേഘനിഷ്ഠോഷൈഃ=ഇടിമുഴക്കങ്ങളാൽ. ചക്രീന്ദ്രൻ=സപ്തശ്രേഷ്ഠൻ അനന്തൻ. ഫണാസഹസ്രങ്ങൾ=ആയിരം പടങ്ങൾ. ഛത്രങ്ങൾ=കുടകൾ. അനുക്രമിക്കുമ്പോൾ=പിന്തുടരുമ്പോൾ. മുപ്പുരാരാതി=ശിവൻ. നിർജ്ജരന്മാർ=ദേവന്മാർ. സുസ്തവങ്ങൾ=നല്ല സ്തുതികൾ. കൃത്വാ=ചെയ്തിട്ട്. പുഷ്പരമാഗ്രേ=ആകാശമാർഗ്ഗത്തിൽ. പുഷ്പരാക്ഷികൾ=പങ്കജലോചനമാർ—സുന്ദരിമാർ.

ഹന്ത=ആശ്ചര്യം! ദന്താധരങ്ങൾ=പല്ലും ചുണ്ടും.

ചെന്താമരാക്ഷ്യനതു കേട്ടു മാനസേ
ചിന്തയുംപൂണ്ടു പോയ്ചെന്നു യശോദയും
ചെറു നവനീതവും കൊണ്ടുവന്നുടൻ
തെറ്റെന്നു പുത്രൻവലത്തുകരാംബുജേ
വെച്ചാളതു കണ്ടു മന്ദസ്മിതാനന-
മച്യുതനുണ്ണി ചൊന്നാൻ "ഭവതിക്കിഹ
സിദ്ധമല്ലായ്കയുണ്ടായതെന്തെന്നുടെ
ഹസ്തമൊന്നിന്നഹോ വെണ്ണ നൽകീടിനാൽ
മറ്റതിനെന്തു തോന്നും രാമനേതാനു-
മുറു നൽകുമ്പൊഴതേഷ മമേവ തേ"
പുത്രവൈദഗ്ധ്യവാക്യങ്ങളോരോന്നിവ
ചിത്രതരാത്മനാ കേട്ടു യശോദയും
വിസ്മയിച്ചാരോമലുണ്ണിതൻ കോമള-
ഹസ്തമങ്ങേതിലും വെണ്ണ നൽകീടുവാൻ
സത്വരമങ്ങു തിരിഞ്ഞു നടന്നള-
വുത്തമപൂരുഷൻ തങ്കരതാരിലെ
വെണ്ണയുമാസ്വദിച്ചെങ്കയ്യിൽ മേവിന
വെണ്ണ വന്നിന്നൊരു കാകൻ വിരവോടു
കൊത്തി വിഴുങ്ങിപ്പറന്നാനിതെന്തൊരു
ചിത്രം മഹാഭോഷിനായ് ചമഞ്ഞേനഹം"

നവനീതം=പുതുവെണ്ണ. കരാംബുജേ=കയ്യിൽ. സിദ്ധമല്ലായ്ക=ശരിയല്ലായ്ക—തെറ്റ്. ഹസ്തം=കയ്യ്. ഏഷമമേവതേ=നിന്റെ ഈഎനിക്കെന്നപോലെ. (ഏഷഃ എന്ന പ്രഥമ തെറ്റ്) ചിത്രതരാത്മനാ=ഏറ്റവും അത്ഭുതപ്പെട്ട മനസ്സുമായി. ആസ്വദിച്ചു=തിന്നു. മഹാഭോഷൻ=മഹാവിഡ്ഢി.

ഇത്ഥം പറഞ്ഞു കരഞ്ഞു നിന്നീടിനാ-
നത്തൊഴിൽ കണ്ടു മിരിച്ച ജനനിയും
പിന്നെയും നല്ല പുതുവെണ്ണ കൊണ്ടുവ-
ന്നുണ്ണിതൻ പാണികമ്പം രണ്ടിലുമൊപ്പമേ
തിണ്ണമഴകോടുരുട്ടി വെച്ചീടിനാ-
ളുണ്ണോജമാനിനീവല്ലഭനീശ്വരൻ
കണ്ണൻ കരിമുകിൽവണ്ണനതു കണ്ടു
വെണ്ണിലാവിന്നാഴലേകുമാറിടെഴും
മന്ദസ്മിതാമൃതം തൂകിക്കനിവിനോ-
ടന്നേരമങ്ങതുമാസ്വദിച്ചീടിനാൻ;
ചെമ്മേ വിരവോടതുപൊഴുതും മുഹു-
രമ്മായവനൊരു നമ്മവിനോദകം
ചൊന്നാൻ ജനനിയോ"ടമ്മേ! ഭവതിത-
ന്നിന്നു വിഴുങ്ങിയ വെണ്ണ ഞാനെങ്ങുമേ
മുന്നം വിഴുങ്ങിയ വെണ്ണമേലാമ്മാറു
ചെന്നു തടഞ്ഞു വിലങ്ങുന്നിതേറവും
ഇന്നതിന്നാശു ചൂടുള്ള പാൽ ചെന്നൊഴി-
ഞ്ഞെന്നിയേ നീങ്ങുകയില്ലതു നിർണ്ണയം"
എന്നും പറഞ്ഞു കണ്ണും തുറിച്ചുണ്ണിതാ-
നുന്നതഗ്രീവനായ് നിന്നു ഞെളിഞ്ഞതി-
ഖിന്നഭാവത്തെയും കാട്ടിപ്പിരിഞ്ഞുകൊ-
ണ്ടൊന്നൊന്നേ ദീർഘമായ്വീർത്തു തുടങ്ങിനാൻ;
എന്നതു കണ്ടു പരിഭ്രമിച്ചമ്മയും
നന്ദനൻ ചൊന്നതു നേരെന്നതോർത്തു താൻ

അണ്ണോജമാനിനി=ലക്ഷ്മീദേവി. മായവൻ=കപടമാനുഷൻ. നമ്മവിനോദകം=നേരമ്പോക്ക്. ഉന്നതഗ്രീവനായ്=കഴുത്തുയർത്തി.

ചെന്നു വിരവോടു ചൂടുള്ള പാൽ കൊണ്ടു-
വന്നു കൊടുത്തു തലോടിനാൻ മെല്ലവേ;
നന്നായതും നുകർന്നീടിനാനംബുജ-
നന്ദനാവല്ലഭനുണ്ണി നന്ദാത്മജൻ
നിർമ്മലനങ്ങനെ നിന്നനേരം "മുതി-
ന്നെന്മകനുണ്ടായ ദണ്ഡമൊഴിഞ്ഞിതോ"
എന്നമ്മ ചോദിച്ചതു കേട്ടു നന്ദനൻ
നന്നായ് ചിരിച്ചു മാതാവോടു ചൊല്ലിനാൻ
"ഇന്നു ഞാനേവമെല്ലാം പറയായ്കിൽ നീ
തന്നുനിന്നിടുമോ വെണ്ണയും ദുഗ്ധവും?
മന്ദനാമിങ്ങെനിക്കെന്നതോർത്തിങ്ങനെ
ചോന്നോനകം കളഞ്ഞു മമ സാദരം;"
ചെമ്മേ വിരവിനോടമ്മയോടിത്തര-
മുണ്മയെല്ലാം പറഞ്ഞംബുജാക്ഷൻ മുദാ
പിന്നെയുമോരോരു ലീലാവിലാസങ്ങൾ
മുന്നേതിലേറെമനുകരിച്ചീടിനാൻ.

കാളിയമർദ്ദനം.

അപ്പോഴവനെയുപദ്രവിച്ചീടുവാ-
നൊപ്പം പുവിലാമ്മാറവസരം പാർത്തുടൻ
ദുഷ്ടാ കരേണ ഫണങ്ങൾ പിടിച്ചുകൊ-
ണ്ടഷ്ടാംഗയോഗികളുള്ളിൽ നടപ്പവൻ

അംബുജനന്ദനാ=ലക്ഷ്മീദേവി. ദുഗ്ധം=പാൽ. ഉണ്മ=സത്യം.
ദുഷ്ടാ=നോക്കി. കരേണ=കൈകൊണ്ട്. ഫണങ്ങൾ=പടങ്ങൾ. അഷ്ടാംഗയോഗികളുള്ളിൽ=മഹർഷിമാരുടെ മനസ്സിൽ.

പെട്ടെന്നു താഴ്ത്തിക്കരയേറി നിന്നുട-
നൊട്ടേറെയും തദാ നൃത്തം തുടങ്ങിനാൻ;
തൃക്കാലിണ നടയെക്കാളധികമായ്
മുഷ്ടരനാകിയ കാളിയന്തനുടെ
മസ്തകാഗ്രസ്ഥിതരത്നപ്രഭകളാ-
ലെത്രയുമേറെറമേറെറം വിളങ്ങീ തദാ;
ചിത്രമത്യത്ഭുതം നൃത്തപ്രകാരങ്ങ-
ളീദൃങ്മാത്രാലോത്തറിയാവതല്ലേതുമേ,
മൃത്യുഞ്ജയനദ്രിനന്ദനാവല്ലഭൻ
നൃത്തപ്രിയനുടെ നൃത്തഭേദംപോലെ
ചിത്രതരം പരമത്ഭുതമേവമെ-
ന്നിത്രിലോകീജനമൊക്കെ വാഴ്ത്തുംവിധൌ
പുഷ്ടരേ വന്നു നിരന്നിതു ദേവക-
ളൊക്കവേ ദുന്ദുഭി താക്കിനാരാദരാൽ;
മെയ്യണ്ണിമാരാകുമപ്സരസ്ത്രീകളു-
മുൾക്കാമ്പഴിഞ്ഞു സംഗീതം തുടങ്ങിനാർ,
തുംബുരുനാരദനാദികളേവരും
സന്മയം കണ്ടു വന്ദിച്ചു വാഴ്ത്തീടിനാർ;

നടയേക്കാൾ=മുമ്പത്തേക്കാൾ. മുഷ്ടരൻ=ദുഷ്ടൻ. മസ്തകാഗ്രസ്ഥിതരത്നപ്രഭകൾ=തലയിലുള്ള രത്നങ്ങളുടെ ശോഭകൾ. മൃത്യുഞ്ജയൻ=ശിവൻ. അദ്രിനന്ദനാവല്ലഭൻ=പാർവ്വതീപതി. ത്രിലോകീജനം=മൂന്നു ലോകത്തിലുമുള്ള ജനം. പുഷ്ടരേ=ആകാശത്ത്. ദുന്ദുഭി=പെരുമ്പറ. മൈക്കണ്ണിമാർ=സുന്ദരിമാർ. സന്മയം=സത്യസ്വരൂപനായ ഭഗവാനെ.

ചിന്മയനംബുജലോചനൻ മാധവൻ
സന്മയൻ സർവ്വചരാചരദേശികൻ
നിർമ്മലൻ നിർമ്മമൻ ജന്മമൃതിഹരൻ
കർമ്മണാമാധാരമായ ജഗന്മയൻ
പിന്നെയും പിന്നെയുമാനന്ദമുൾക്കൊണ്ടു
പന്നഗനാഥനാം കാളിയന്തന്നുടെ
പൊങ്ങും ഫണങ്ങളാലൊന്നു താഴ്ത്തൊഴ-
തങ്ങേതുയർന്നുകാണാമതിന്മേലുടൻ
ചെമ്മേ പകർന്നഴകോടു നടിച്ചീടു-
മുന്മേഷമോടതു താഴ്വോളം തഥാ
തുംഗമാമങ്ങതു താഴ്ത്തൊഴതേക-
മംഗജതാതനതിന്മേലുഴറോട്ടു
നിന്നുടനന്യേ പകർന്നു താഴ്ത്തൊഴ-
തൊന്നുയർന്നീടുമതിന്മേലുമങ്ങനെ
തന്നേ ഫണങ്ങൾ സഹസ്രങ്ങളിലുമായ്
നിന്നു കടന്നു നടന്നു നടിക്കുമ്പോൾ
ഉണ്ണിതൻ മെല്ലടി കാളിയന്മസ്തകേ
കുന്നുകൾ വന്നുവീഴുന്നു തോന്നീടുന്നു;
മന്ദേതരം തളർന്നീടിനാനേറാമ-
ത്യുന്നതനായ ഫണികുലനായകൻ

ദേശികൻ=ഗുരു ജന്മമൃതിഹരൻ=ജനനമരണങ്ങളില്ലാതാക്കുന്നവൻ. കർമ്മണാം=കർമ്മങ്ങൾക്ക്. പന്നഗനാഥൻ=സർപ്പശ്രേഷ്ഠൻ. നടിച്ചീടും=ഭാവിക്കും. തുംഗം=ഉയർന്നത്. അംഗജതാതൻ=കാമദേവന്റെ പിതാവായ ശ്രീകൃഷ്ണൻ. അന്യേ=മറ്റതിൽ. (അന്യസ്മിൻ എന്നു വേണ്ടതാണ്) മെല്ലടി=മൃദുവായ പാദം. മന്ദേതരം=വളരെയേറെ.

തന്നുടെ ദർപ്പമശേഷം നശിച്ചഥ
വന്നു പൊരിഞ്ഞിതു വക്ത്രേണ രക്തവും.

മല്ലയുദ്ധം.

മുഷ്ടി ചുരുട്ടീട്ടു മുട്ടിലിടിക്കയും
മുഷ്ടിയാൽ മെയ്മേൽ പരസ്പരം മുട്ടയും
ദൃഷ്ടി ചുവക്കയും ദന്തം കടിക്കയും
വെട്ടമിടിക്കുരൽപോലെ ശബ്ദിക്കയും
രുഷ്ടരായ്ത്തമ്മിൽ നഖംകൊണ്ടു മാന്തയും
പൊട്ടിയൊലിക്കുന്നു ഘോര പലവഴി;
തെക്കും വടക്കും കിഴക്കുംപടിഞ്ഞാറും
ദിക്കുകൾ നാലിലും തൊങ്ങി ക്രമോൽക്രമാൽ
ഒത്തുപിടിച്ചുമങ്ങട്ടഹസിക്കയു-
മൊത്തയും മസ്തകം മുട്ടി മറികയും
വാങ്ങയും തൂങ്ങയും ചാടിപ്പതിക്കയു-
മോങ്ങയും തല്ലിത്തടുത്തു തിരിക്കയും
അസ്ഥി ഞെരിക്കയും കുത്തിയമർക്കയും
മസ്തകങ്കൊണ്ടടിച്ചു പൽ ഞെരിക്കയും
നില്ലെടാ നില്ലെടായെന്നങ്ങടുക്കയു-
മുല്ലാസമോടു വാവായെന്നരയ്ക്കയും
കൈകാൽപിടിച്ചൊടിച്ചുങ്ങനെയീഴ്ക്കയും
മൈകഥകൊണ്ടുക്കോട്ട തങ്ങളിൽമുട്ടയും

വക്ത്രേണ=വായിലൂടെ.

ഇടിക്കുരൽ=ഇടിമുഴക്കം. തൊങ്ങി=കുതിച്ചുചാടി ക്രമോൽക്രമാൽ=ക്രമത്തിലും വിപരീതമായും.

രുഷ്ടരാം സിംഹങ്ങൾപോലുള്ളടവുകൾ
രുഷ്ടരാം മത്തഗജങ്ങൾ പൊരുമ്പോലും
ചിത്തമോദത്തോടു മല്ലവീരന്മാരു-
മുത്തമരാമകൃഷ്ണന്മാരുമായിട്ടു
യുദ്ധങ്ങൾ ചെയ്യുന്ന പൊല്ലിയൊപ്പിപ്പതി-
നെത്രയും നമ്മാലരുതെന്നാടങ്ങുന്നു.

ശ്രീമഹാഭാഗവതം

ഉദ്യാനഭഞ്ജനം.

രാക്ഷസരെക്കണ്ടുപോയീല നാമെങ്കി-
ലാക്ഷേപിക്കും നമ്മെ രാക്ഷസരും
മക്കടവീരന്മാരങ്ങു ചെല്ലുമ്പോഴും
ധിക്കരിക്കും നമ്മെ നാരായണ;
ജാനകീമോരനെത്തേജോവധം ചെയ്തു
ഞാനിപ്പുരി ചുട്ടു പോയില്ലെങ്കിൽ
ജാനകീവല്ലഭനുള്ളിലുണ്ടാം ബഹു-
മാനക്ഷയം നമ്മെ നാരായണ;
ഇത്ഥം നിനച്ചവനുദ്യാനത്തിൽ പുക്കു
മത്തഗജം കണക്കേ ഹനുമാൻ
ഉത്തമവൃക്ഷങ്ങൾ പെട്ടെന്നു പൊട്ടിച്ചു
പുത്തൻ പൂവല്ലിയും നാരായണ;
തച്ചിമലരൊക്കെത്തച്ചു പൊടിച്ചിട്ടു-
മുച്ചിമലരി പറിച്ചെറിഞ്ഞും
പിച്ചകവല്ലി പറിച്ചു തിരുമ്മിയു-
മൊച്ച കൊള്ളിപ്പിച്ചു നാരായണ;

ജാനകീമോരൻ=സീതയെക്കട്ട രാവണൻ തേജോവധം=ശകാരിച്ച പരാക്രമം കെടുക്കുക. ജാനകീവല്ലഭൻ=ശ്രീരാമൻ.

ആന കണക്കെ മദിച്ചു തിമിർത്തവൻ
കാനകനാറി പറിച്ചെറിഞ്ഞും
ഊനം വരുത്തിനാൻ ചെമ്പകം മേമന്തി
ചെമ്പരുത്തിയെയും നാരായണ;

ഒപ്പത്തിൽ നട്ട നനച്ചുയർന്നീടുന്ന
കല്പകവൃക്ഷം പറിച്ചെറിഞ്ഞും
ശില്പം പെരുകിന പൂവല്ലിവൃന്ദങ്ങ-
ളെപ്പേരും ഭഞ്ജിച്ചു നാരായണ;

ആനക്കൊമ്പന്മാരെ രാക്ഷസരെ! നിങ്ങ-
ളാമെങ്കിൽ വന്നാലുമെന്നൊടിപ്പോഠം
രാമന്റെ ദൂതൻ ഞാനേവമുൽഘോഷയൻ
കാമാരിസംഭവൻ നാരായണ.

സേതുനിർമ്മാണം.

വരുണനിവണ്ണം പരമപുമാനൊട്ട
വചനമതീവ പറഞ്ഞ ദശായാം
വാനരപാളി മുതിർന്ന സമുദ്രേ
ചിറയിടുവാനായ് നാരായണ ജയ;

കപിജനസഭയോ വടിവൊടൊരുമ്പെ-
ട്ടിടിനിനദങ്ങൾ പൊഴിച്ചു പൊഴിച്ചും
പടുതരനടിച്ചവർ ഗിരിനികരങ്ങളെ-
ടുത്തു നടന്നാർ നാരായണ ജയ;

കാനകനാറി=കൈനാറി. ശില്പം=ഭംഗി. ഭഞ്ജിച്ചു=നശിപ്പിച്ചു. കാമാരിസംഭവൻ=ശിവപുത്രനായ സനൽകുമാൻ. പരമപുമാൻ=ശ്രീരാമൻ.

സകനകധാതുചയാമലപല്ലവ-
വിടപിഗ്രഹാമുഖഭാരി ഗിരീന്ദ്രൻ
പ്രഥമന്നാളനാൽ നമിതോ മംഗല-
കലശമിവാബ്ധിയിൽ നാരായണ ജയ;

അംബരമാശ്ലിമുരുമ്മിപ്പൊങ്ങിന
തുംഗതരംഗപരമ്പരയാഴിയിൽ
മുങ്ങിച്ചെന്നു കപിവീരന്മാ-
രുന്മദശാലികൾ നാരായണ ജയ;

നീളത്തിൽ ചിലർ ചരടു പിടിച്ചും
നീളെക്കതിചന കൂറി തറച്ചും
വാലതുകൊണ്ടേ മലകൾ പറിച്ചും
നാലു ദിഗന്തേ നാരായണ ജയ;

പഴുതേ പഴുതേ പാഴ്ചിറയിട്ടും
വഴിയറിയാതേയാഴിയിൽ വീണും
നാനാജലമാനുഷരെയെടുത്തും
തഴുകിയയച്ചും നാരായണ ജയ;

ബന്ധുരജലനിധിസേതുമുദാരം
ബന്ധും പർവ്വതനികരമെടുത്തും

സകനകധാതുചയം=സ്വർണ്ണവും മനയോല അരിതാരം മുതലായ ധാതുക്കളും. അമലപല്ലവവിടപി=നല്ല തളിരുള്ള മരം. ഭാരി=വഹിക്കുന്നവൻ. പ്രഥമം=ആദ്യം. നമിതം=താഴ്ത്തി. കലശം=കുടം. അബ്ധി=സമുദ്രം. അംബരമാശ്ലിം=ആകാശം. തരംഗപരമ്പര=തിരമാല. കതിചന=ചിലർ. ബന്ധുരജലനിധിസേതും=സമുദ്രത്തിനു നല്ല ചിറയെ. ഉദാരം=വലിയത്. ബന്ധും=ബന്ധിപ്പാൻ

ധുന്ധുന്നെന്നങ്ങിട്ട കപീശവരർ
സിന്ധുവിൽ നടുവേ നാരായണ ജയ;
സപ്തസമുദ്രസമുദ്ദിതധരണീ-
ചക്രമഹീധരചക്രമെടുത്തും
ദുഷ്ടകപീശവരമണ്ഡലമധുനാ
വച്ചു സമുദ്രേ നാരായണ ജയ;
മഹിതമഹേന്ദ്രൻസാനോരുച്ചൈ-
രരിയ സുബേലത്തോളം മുട്ടി
നളകൃതചിറവഴി തദുപരി വീണ
സുരകൃതകുസുമം നാരായണ ജയ;
പന്നഗശായിതനിക്കു ശയിപ്പാൻ
പന്നഗരാജൻ പാതാളതലാൽ
ഉന്നതനായിപ്പൊങ്ങിയപോലെ
തോന്നുന്നിതു ചിറ നാരായണ ജയ.

രാമായണം ഇരുപത്തിനാലുവൃത്തം.

സിന്ധു=സമുദ്രം. സപ്തസമുദ്രസമുദ്ദിതധരണീചക്രമഹീധര ചക്രം=ഏഴു സമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഭൂമണ്ഡലത്തിലുള്ള പർവ്വത ങ്ങളെല്ലാം. ദുഷ്ടർ=മദിച്ചവർ. മഹിതമഹേന്ദ്രൻസാനോഃ=ശ്രേ ഷ്ഠമായ മഹേന്ദ്രപർവ്വതത്തിന്റെതടംമുതൽ. നളകൃതചിറവഴി=ന ളൻ ഉണ്ടാക്കിയ ചിറയാകുന്ന വഴി. തദുപരി=അതിൻമുകളിൽ. സുരകൃതകുസുമം=ദേവന്മാർ ചെയ്ത പൂമഴ. പന്നഗശായി=വിഷ്ണു. പന്നഗരാജൻ=അനന്തൻ.

(വസ്തു)

ലങ്കാപുരം.

മദ്ധ്യേസമുദ്രം ത്രികൂടാചലം വള-
ർന്ത്യുന്നതമതിൻ മൂർദ്ധ്നി ലങ്കാപുരം
പ്രാണഭയമില്ലയാത ജനങ്ങൾക്കു
കാണാം കനകവിമാനസമാനമായ്;
വിസ്താരമുണ്ടഞ്ചെഴുനൂറു യോജന
പുത്തൻകനകമതിലതിൻ ചുറുമേ
ഗോപുരം നാലു ദിക്കിങ്കലുമുണ്ടതി-
ശോഭിതമായതിനേഴ നിലകളും;
അങ്ങനെതന്നെയതിനുള്ളിലുള്ളിലാ-
യ്പൊങ്ങും മതിലുകളേഴുണ്ടൊരുപോലെ
ഏഴിനും നന്നാലു ഗോപുരപംക്തിയും
ചൂഴവുമായിരുപത്തെട്ടു ഗോപുരം
എല്ലാറ്റിനും കിടങ്ങുണ്ടത്യഗാധമായ്
ചൊല്ലുവാൻ വേല യന്ത്രപ്പാലപംക്തിയാൽ;
അണ്ടർകോൻദിക്കിലെഗ്ഗോപുരം കാപ്പതി-
നുണ്ടു നിശാചരന്മാർ പതിനായിരം,
ദക്ഷിണഗോപുരം രക്ഷിച്ചു നില്ക്കുന്ന
രക്ഷോവരരുണ്ടു നൂറായിരം സദാ,
ശക്തരായ് പശ്ചിമഗോപുരം കാക്കുന്ന
നക്തഞ്ചരരുണ്ടു പത്തുനൂറായിരം,

മദ്ധ്യേസമുദ്രം=സമുദ്രമദ്ധ്യത്തിൽ. മൂർദ്ധ്നി=മുകളിൽ. കനകം=സ്വർണ്ണം. അണ്ടർകോൻദിക്ക്=കിഴക്കേദിക്ക്. നിശാചരന്മാർ=രാക്ഷസന്മാർ. ദക്ഷിണം=തെക്കേത്. രക്ഷോവരർ=രാക്ഷസശ്രേഷ്ഠന്മാർ. പശ്ചിമം=പടിഞ്ഞാറേത്. നക്തഞ്ചരർ=രാക്ഷസർ.

ഉത്തരഗോപുരം കാത്തുനില്പാനതി-
ശക്തരായുണ്ടൊരു കോടി നിശാചരർ;
ദിക്കുകൾ നാലിലുമുള്ളതിലർദ്ധമു-
ണ്ടഗ്രുതയോടു നടവു കാത്തീടുവാൻ
അന്തഃപുരം കാപ്പതിനുമുണ്ടത്രുപേർ
മന്ത്രശാലയ്ക്കുണ്ടതിലിരട്ടിജ്ജനം;
ഹാടകനിർമ്മിതഭോജനശാലയും
നാടകശാല നടപ്പന്തൽ പിന്നെയും
മജ്ജനശാലയും മദ്യപാനത്തിനു
നിർജ്ജനമായുള്ള നിർമ്മലശാലയും
ലങ്കാവിരചിതാലങ്കാരഭേദമാ-
നങ്കാപഹം പറയാവല്ലനന്തനും.

അദ്ധ്യാത്മരാമായണം.

കാശ്യപാശ്രമം.

വേഗമേറീടും മൃഗജാലങ്ങൾവഴിയേ പോ-
യേകാകിയായ വസുധേന്ദ്രനാം ദുഷ്മന്തനും
ക്ഷുൽപിപാസാദിപൂണ്ട മാമഞ്ഞോരനന്തര-
മത്ഭുതം വളർന്നീടുമാശ്രമദേശം കണ്ടാൻ;
പുഷ്പങ്ങൾ തളിരുകൾ ഫലങ്ങൾ നിറഞ്ഞോരോ
ഷധിപടശ്രുകപികകേകികൾനാദത്തോടും

ഉത്തരം=വടക്കേത്. അർദ്ധം=പകുതി. ഹാടകം=സ്വർണ്ണം. മജ്ജനശാല=കുളിമുറി. ആതങ്കാപഹം=സങ്കടം തീർക്കുന്നത്.

മൃഗജാലങ്ങൾ=മാൻകൂട്ടങ്ങൾ. വസുധേന്ദ്രൻ=രാജാവ്. ക്ഷുൽപിപാസാദി=വിശപ്പ്, ദാഹം മുതലായത്. ഷധിപടം=വൺപ്. ശ്രുകം=കിളി. പികം=കുയിൽ. കേകി=മയിൽ.

വൃക്ഷങ്ങൾതോറും ചുററിപ്പററീടും വല്ലികളും
യക്ഷകിന്നരസിദ്ധഗന്ധവ്വാദികളാലും
പക്ഷികൾ മൃഗങ്ങളെന്നുള്ള ജന്തുക്കളാലു-
മിക്ഷുജംബീരകേരകദളീവൃന്ദത്താലും
ശീതതപസുഗന്ധമാന്ദ്യാദിയാം ഗുണം തേടും
വാതപോതങ്ങളാലും സേവ്യമാശ്രമദേശം
ചിത്തപ്രഹ്ലാദോത്ഭവമെത്രയുമെന്നു നിന-
ച്ചുത്തമനായ നൃപൻ വിസ്മയം പൂണ്ടാനേരവും;
മാലിനിയായ നദിതന്നുടെ തീരത്തിങ്കൽ
കാലദോഷാദി കൂടാതാശ്രമം മനോഹരം
സതതം നരനാരായണന്മാർ മരുവീടും
ബദര്യാശ്രമം ഗംഗതന്നാലെന്നതുപോലെ
മാലിനീനദിതന്നാൽ ശോഭിതദേശം കണ്ടു
മാലകന്നൊരു നൃപൻ മറവുള്ള പടയെല്ലാം
കാനനദ്വാരത്തിങ്കൽ നിൽക്കെന്നു നിയോഗിച്ചു
താനും തൻപുരോഹിതൻതാനുമായകംപുക്കാൻ
ബ്രഹ്മലോകത്തെ പ്രവേശിച്ചിതു ഞാനെന്നപ്പോൾ
നിർമ്മലനായ നൃപൻതന്നുള്ളിലുണ്ടായ്വന്നു;
മായകൊണ്ടുണ്ടാം മഹാമോഹങ്ങൾ നിക്കി നിത്യം
ന്യായതത്ത്വാത്മവിജ്ഞാനാദിസമ്പന്നന്മാരായ്

ഇക്ഷു=കരിമ്പ്. ജംബീരം=നാരകം. കേരം=തെങ്ങ്. കദളീ=വാഴ. ശീതതപം=കുളിർമ. വാതപോതങ്ങൾ=ഇളങ്കാറ്റുകൾ. സേവ്യം=സുഖവാസയോഗ്യം. ചിത്തപ്രഹ്ലാദം=മനസ്സന്തോഷം. കാനനദ്വാരം=കാട്ടിലേയ്ക്കു കയറുന്ന സ്ഥലം.

ബോധമേറിയ മുനിപ്രവരശിഷ്യന്മാരാ-
ന്വേദപാരഗന്മാരാം ബഹ്വൃചമുഖ്യന്മാരാൽ
പ്രേഷ്യമാണങ്ങളാകും സംഹിതാപദങ്ങളെ-
ദ്ധ്യായ്യമാണാർത്ഥത്തോടും സുസ്വരവ്യക്തിയോടും
കേട്ടുകേട്ടാനന്ദിച്ചു ചെന്നപ്പോൾ കാണായ്വന്നു
വാട്ടമെന്നിയെ യാഗശാലകൾ പലതരം;
യജ്ഞവിദ്യാംഗക്രിയാതൽപരന്മാരായ് നാനാ-
വിജ്ഞാനജ്ഞാനാദികൊണ്ടജ്ഞാനമകന്നീടും
യജ്ഞവേദികളുമുഗ്രേദികളായുള്ളോരു-
മുജ്ജ്വമാഗ്ഗത്തോടതിമധുരഗാനത്തോടും
സാമവേദികളോടു ഭാരുണ്ഡസാമഗന്മാർ
സോമപാനാദികൊണ്ടു പൂതമാനസന്മാരും;
തൈത്തിരീയാദിശാഖാഭേദങ്ങളും ബഹുവിധം
മൗത്തിഭേദങ്ങളും ചൊല്ലും സൂക്തങ്ങളും പലതരം
സൂത്രങ്ങളും ചൊല്ലുന്നോരും ബ്രാഹ്മണവേദികളും
ശാസ്ത്രസിദ്ധാന്തവ്യാഖ്യാനാർത്ഥതൽപരന്മാരും

വേദപാരഗന്മാർ=വേദങ്ങളുടെ മറുകര കണ്ടവർ. ബഹ്വൃചമുഖ്യന്മാർ=വേദത്തിന്റെ ബഹ്വൃചശാഖയുള്ളവരിൽ പ്രധാനികൾ. പ്രേഷ്യമാണങ്ങൾ=ഉച്ചരിക്കപ്പെടുന്നവ. സംഹിതാപദങ്ങൾ=വേദത്തിന്റെ ചൊല്ലുതയും പദവും. ഋജുമാഗ്ഗം=എളുപ്പവഴി. ഭാരുണ്ഡസാമഗന്മാർ=ഭാരുണ്ഡം എന്ന സാമം പാടുന്നവർ. സോമപാനം=യാഗാംഗമായി സോമരസം സേവിക്കൽ. പൂതം=പരിശുദ്ധം. ബ്രാഹ്മണം=വേദത്തിലെ ഒരു വിഭാഗം.

അഥർവ്വർഗ്യജുസ്സാമഭേദസംഹിതാഗാനം
പദസംക്രമസ്വരമാത്രാദിശിക്ഷയോടും
ശബ്ദസംസ്കാരത്തോടും വാക്യഭേദാർത്ഥത്തോടും
സൂചീങ്ഖാദിബോധ്യസൂത്രവൃത്തികളോടും
ശിക്ഷാ വ്യാകരണവും ഛന്ദസ്സും നിരുക്തവും
സൂക്ഷ്മജ്യോതിഷം കല്പമിവറിൻമതഭേദം
മോക്ഷധർമ്മോക്തമീമാംസാദികളുപനിഷ-
ദ്വാക്യാർത്ഥവിശേഷദവ്യാഖ്യാനമതങ്ങളും
ദ്രവ്യഭേദവും കർമ്മഭേദവും കാലഭേദം
ദിവ്യമാനുഷഭേദം സവ്യാപസവ്യഭേദം
കർത്തൃഭേദവും ക്രിയാഭേദവും ഗുണഭേദം
കൃത്യാകൃത്യാചാരപ്രായശ്ചിത്തഗ്രന്ഥങ്ങളും
കാര്യകാരണകരണാദിഭേദങ്ങളുമാ-
ചാര്യഭേദവും വ്യാസഗ്രന്ഥാദിപുരാണവും
ശ്രുതിഗൂഢാർത്ഥഭേദപ്രതിബോധകമായ
സ്മൃതിഭേദങ്ങളിതിഹാസങ്ങൾ പലതരം
വേദാംഗസ്കന്ധഭേദോപാംഗശാഖാദികളും
വേദാന്താദികൾ നാനാശാസ്ത്രങ്ങൾ ബഹുവിധം

അഥർവ്വർഗ്യജുസ്സാമഭേദസംഹിത=അഥർവ്വം, ഋക്ക്, യജുസ്സ്, സാമം എന്ന നാലു വേദത്തിന്റേയും സംഹിത. പദസംക്രമസ്വര മാത്രാദിശിക്ഷ=പദം ക്രമം സ്വരം മാത്ര മുതലായവയുടെ പഠനം. സൂചീങ്ഖാദിബോധ്യസൂത്രവൃത്തികം='സൂചീങ്ഖം പദം' എന്നു തുടങ്ങി അറിയേണ്ടുന്ന സൂത്രങ്ങളും അവയുടെ അർത്ഥവിവരണങ്ങളും. ശിക്ഷ മുതൽ ആറും വേദാംഗങ്ങളാണ്. മോക്ഷധർമ്മോക്ത മീമാംസാദികം=മോക്ഷത്തിനുള്ള ബ്രഹ്മമീമാംസ, പുണ്യത്തിനുള്ള ധർമ്മമീമാംസ തുടങ്ങിയവ. വേദാന്തം മീമാംസ മുതലായവയെന്നർത്ഥം. സവ്യാപസവ്യഭേദം=ഇടം വലം എന്ന ഭേദം.

അഭ്യസിച്ചീടും മുനിവര്യരും ശിഷ്യകളു-
മത്തത്താത്മകജപഹോമാദികർമ്മങ്ങളും
യന്ത്രതന്ത്രാദിയുതമന്ത്രജാപകന്മാരു-
മന്തേവാസികരും പരികർമ്മികരും ഭൃത്യന്മാരും
പവിത്രാലയങ്ങളും വിചിത്രാസനങ്ങളും
ധവിത്രച്ഛത്രണ്ഡപാദുകാപടങ്ങളും
അഷ്ടാംഗബ്രഹ്മചര്യനിഷ്ഠ പൂണ്ടീടുന്നോരു-
മഷ്ടാംഗയോഗത്തോടുകൂടിന യതികളും
ജാത്യാദിവൈരം വെടിഞ്ഞീടിന ജന്തുക്കളും
ജാത്യാദികുസുമിതലതികാവലികളും
പ്രീത്യാ കണ്ടുണ്ടായോരു പരമാനന്ദത്തോടും
ഭീത്യാ സാത്വികമത്യാ മഞ്ജുളതരഗത്യാ
നീത്യാ സജ്ജനരീത്യാ മനസിപൂണ്ണഭക്ത്യാ
സ്വാദ്ധ്യായശ്രവണസന്തുഷ്ടനായുന്ദം മന്ദം
കാശ്യപതപോഗുപ്തമാശ്രമമകംപുക്കാ-
നാശ്ചര്യം മനക്കാമ്പിൽ മേല്ക്കുമേലുണ്ടായ്വന്നു.

മന്ത്രജാപകന്മാർ=മന്ത്രം ജപിക്കുന്നവർ. അന്തേവാസികരും=ശിഷ്യന്മാർ. പവിത്രാലയങ്ങളും=പരിശുദ്ധഗൃഹങ്ങളും. ധവിത്രം=മാൻതോൽവിശറി. ഛത്രം=കുട. ണ്ഡം=വടി. പാദുക=മെതിയടി. പടം=വസ്ത്രം. യതികളും=യോഗികളും. ജാത്യാദികുസുമിതലതികാവലികളും=പിച്ചകം തുടങ്ങിയ പൂത്ത വള്ളികളും. സാത്വികമത്യും=സാത്വികബുദ്ധിയോടുകൂടി. സ്വാധ്യായം=വേദം. കാശ്യപതപോഗുപ്തം=കാശ്യപന്റെ തപസ്സിനാൽ സംരക്ഷിക്കപ്പെട്ടുന്നത്.

പ്രതിഷ്ഠാനപുരം. (ദുഷ്യന്തനഗരി)

ഐളാർത്ഥം ശതക്രതുനിർമ്മിതമായ പുര-
മൈളിബിളൃർത്ഥം മുന്നമളകാപുരമ്പോലെ
പരിഖാപുരാട്ടോപതല്പങ്ങൾ പലതരം
വാരുണീശാലാഭിത്തിചിത്രങ്ങൾ പലതരം
ശതഘ്നീചക്രയന്ത്രശതങ്ങൾ പലതരം
രഥഘ്നതരയന്ത്രപ്പാലങ്ങൾ പലതരം
ഹർമ്മ്യപ്രാസാദങ്ങളും മണ്ഡപവരങ്ങളും
നിർമ്മലപണ്യവീഥിപ്രപകൾ സഭാതലം
കൈലാസശിഖരൌഘാകാരഗോപുരങ്ങളും
ശൈലസന്നിഭകരിപ്രവരാലയങ്ങളും
മന്ദുരകളും പത്തിമന്ദിരങ്ങളും വര-
സുന്ദരീജനം വാഴും മന്ദിരനികരവും
ചന്ദ്രികാപരിലസന്മാളികാഗണങ്ങളും
ചന്ദ്രികാങ്കണങ്ങളും നാടകശാലകളും
ദ്വാരതോരണപരിശോഭിതമായ പുരം
പാരിടത്തിനു തൊടുകുറിയെന്നതുപോലെ;
പുഷ്കരിണികൾ പലവൃദ്ധ്യാനവനങ്ങളും
പുഷ്കരാക്ഷികൾ വാഴുമവരോധനങ്ങളും

ഐളാർത്ഥം=പുരുരവസ്സിനുവേണ്ടി. ശതക്രതുനിർമ്മിതം=ഇന്ദ്രൻ നിർമ്മിച്ചത്. ഐളിബിളൃർത്ഥം=കുബേരനുവേണ്ടി. പരിഖ=കിടങ്ങ്. വാരുണീശാലാ=മദ്യശാല. ശതഘ്നി=നൂററിക്കൊല്ലി എന്ന ആയുധം. പണ്യവീഥി=അങ്ങാടിത്തെരു. പ്രപ=തണ്ണീർപ്പന്തൽ. കരിപ്രവരാലയങ്ങൾ=ആനക്കൊട്ടിലുകൾ. മന്ദുരകൾ=കുതിരപ്പന്തികൾ. പത്തി=കാലാൾപ്പട. ചന്ദ്രികാങ്കണങ്ങൾ=നിലാമുറ്റങ്ങൾ. ദ്വാരം=ഗോപുരം. പുഷ്കരിണികൾ=താമരപ്പൊയ്കകൾ. പുഷ്കരാക്ഷികൾ=സ്ത്രീകൾ.

സപധർമ്മസ്ഥന്മാരായ നാനാവർണ്ണാശ്രമികളും
സുതദാരങ്ങളോടു വാണീടും ഗൃഹങ്ങളും
നിത്യമുത്സവങ്കൊണ്ടു ശോഭിച്ച മന്ദിരങ്ങളും
സത്യതൽപരന്മാരാം വൈശ്യന്മാർഗൃഹങ്ങളും
രത്നകാഞ്ചനധനധാന്യൌഘസമൃദ്ധിയു-
മഗ്നിഹോത്രികളും നല്ലപണ്ഡിതന്മാരായുള്ളോർ
ദാനശീലന്മാരായ കരുണാർദ്രാത്മാക്കളും
മാനശീലന്മാരായ ഭടന്മാരായുള്ളോരും
സതതമകായ്മങ്ങളകലെ വെടിഞ്ഞുള്ളോ-
രധർമ്മഭീരുക്കളാൽ സമ്പൂർണ്ണമായ രാജ്യം
സപ്തഗുമിതിനോടു തുല്യമല്ലെന്നു തോന്നും
സൽഗുണപരിപൂർണ്ണമെത്രയും ചിത്രം പാത്താൽ;
പത്തനമദ്ധ്യേ രാജമന്ദിരം മനോഹരം
വിത്തസഞ്ചയപൂർണ്ണമുത്തമസഭായുതം;
ബ്രാഹ്മണപ്രവരരും ഭൂപതിവീരന്മാരും
ധാർമ്മികന്മാരാം ധനപതികളും വൈശ്യന്മാരും
സദ്വിജഭക്തന്മാരാമുത്തമശൂദ്രന്മാരും
സദ്വൃത്തന്മാരായുറവുമുള്ള വർണ്ണികളുംതാമും
സൂതന്മാർ മാഗധന്മാർ വന്ദികൾ ഗായകന്മാർ
പാദസേവകന്മാരും സ്തുതിപാഠകന്മാരും
നർത്തകന്മാരും നല്ല നർത്തകീജനങ്ങളു-
മുത്തമവാദ്യങ്ങളെ വാദിക്കുന്നവർകളും

നാനാവർണ്ണാശ്രമികളും=ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരും ബ്രഹ്മചാരിഗൃഹസ്ഥവാനപ്രസ്ഥഭിക്ഷുക്കളും. സുതദാരങ്ങളും=മക്കളും ഭാര്യമാരും. പത്തനം=പട്ടണം. വിത്തം=ധനം. വർണ്ണികളും=ബ്രഹ്മചാരികളും.

ആനതേർകുതിരകാലാളായ സൈന്യങ്ങളു-
മാനകപടഹാദിശംഖനാദങ്ങളോടും
ആനന്ദംവരുമാറു സേവിച്ചു സദാകാല-
മാനന്ദംപാരമുണ്ടാമപ്പുരിതന്നിൽച്ചെന്നാൽ.

ശ്രീമഹാഭാരതം.

ഇന്ദ്രദ്യുമ്നൻ (ഗജേന്ദ്രമോക്ഷം)

മത്തവാരണവേഷമായ്ചമഞ്ഞരചനം
വിദ്രുതം കാട്ടിൽ കടന്നീടിനാൻ കാട്ടാനകൾ
തത്സമൂഹത്തോടൊരുമിച്ചു പോയൊരു ദിക്കിൽ
പുക്കുടൻ മരനിര കുത്തിയും പുഴക്കിയും
മുഷ്ടരതരം ഞെരിച്ചൊടിച്ചും മീന്തിത്തിന്നും
തക്കത്തിൽ പിടികളെപ്പിടിച്ചു വൃക്ഷാന്തരം
പുക്കു ഭോഗിച്ചും മദപുഷ്ടരമൊഴുകിയും
പൃഥ്വീചക്രത്തെക്കുത്തിപ്പൊടിച്ചങ്ങാരാധിച്ചും
തൽക്ഷണംപാംസുസ്നാനങ്കൊണ്ടേറംസന്തോഷി
പുഷ്കരിണികൾ പുക്കു കളിച്ചുകുടിച്ചും മ- (ച്ചും
ത്യുഗ്രവേഗേന വനം പുക്കുടൻ വിഹരിച്ചും
മുഷ്ടരൻ വനങ്ങളെല്ലാം തകർത്തചലങ്ങ-
ളൊക്കവേ കുത്തിപ്പൊടിച്ചങ്ങോടിങ്ങോടുപാഞ്ഞും
സശ്രമം നീളെത്തിമർത്തുടപാടോരോ ദിശി
വിശ്രമതരമതിഭീതി മേൽത്തഖിലർക്കും

മത്തവാരണം=മദിച്ച ഗജം. മുഷ്ടരതരം=ഊക്കോടുകൂടി. വൃക്ഷാന്തരം=മരങ്ങളുടെ ഇട. മദപുഷ്ടരം=മദജലം. പാംസുസ്നാനം=പൂഴിവാരാട്ടം. പുഷ്കരിണികൾ=താമരപ്പൊയ്കകൾ. വിഹരിക്കുക=ക്രീഡിക്കുക. അചലങ്ങൾ=പർവ്വതങ്ങൾ.

കാട്ടിൽനിന്നിറങ്ങിവന്നോട്ടമിട്ടുരുതരം
ധാർഷ്ട്യമുഠംക്കൊണ്ടുപ്രജാവൃന്ദത്തിന്നിടേപാഞ്ഞും
കൂട്ടരോടൊരുമിച്ചു കാനനമകംപുക്കും
വാട്ടമെന്നിയെ നാട്ടിലിറങ്ങിപ്പാഞ്ഞും ദൃതം
ഭൂപ്രദക്ഷിണവും ചെയ്തെങ്ങുമേ നടപ്പവൻ
പാപനാശനകരമായുള്ള തീർത്ഥങ്ങളിൽ
സ്നാനപാനങ്ങൾചെയ്തുചെയ്തു സഞ്ചരിച്ചു ത-
ന്മാനസം തെളിഞ്ഞതിപാവിതനായുള്ളവൻ

* * * *

തുംഗമംഗലഗിരിപ്രസ്ഥരംഗവും ദൂരേ
സംഗനാശനകരനാകിയോരിന്ദ്രദ്യുമ്നൻ
കണ്ടതിസുഖകരമിവിടമെനിക്കിനി-
ക്കണ്ടതയൊഴിഞ്ഞു വാണീടുവാനെന്നോർത്തുടൻ
ദന്തിവൃന്ദത്തോടൊരുമിച്ചു ചെന്നകംപുക്കാൻ.

ത്രികൂടപർവ്വതം

ദുഗ്ധാബ്ധി ചുഴന്നതിന്മദ്ധ്യേ മംഗലനായോ-
രദ്രീന്ദ്രൻ ത്രികൂടമെന്നൊരുത്തുംഗപ്രസിദ്ധനായ്
വർത്തിപ്പൊന്നുയർന്നതിമുഖ്യനായനാരതം
രത്നകാഞ്ചനമയശോഭിതം സുഭിക്ഷദം
യക്ഷകിന്നരഗന്ധർവ്വോരഗനിഷേവിതം
ലക്ഷണപ്രഭം നിഖിലാനന്ദദിവ്യസ്ഥലം;
ക്ഷീരവാരിധൌ നിന്നു പൊങ്ങീടും തിരകളാൽ
മാരുതാനന്ദംചേർന്നു കുളിത്ത സാനുസ്ഥലം;

ഗിരിപ്രസ്ഥരംഗം=പർവ്വതപ്രാന്തം. ദന്തിവൃന്ദം=ഗജസമൂഹം.
ദുഗ്ധാബ്ധി=പാൽക്കടൽ. അദ്രീന്ദ്രൻ=പർവ്വതശ്രേഷ്ഠൻ.

തത്ര തൽഗിരിഗ്രഹയിങ്കലുണ്ടപാംപതി-
ക്കെത്രയും ശോഭിച്ചൊരുദ്യാനവും;
സപ്തച്ഛദാഗണപൂർണ്ണമായനന്ദിനം
സപ്തമോഹനതരമാകിയ ദിവ്യസ്ഥലം;
നന്ദനസമാനമാനന്ദദാനാഢ്യം ഹരി-
ചന്ദനാദ്യഖിലവൃക്ഷാനന്വിതം ദിനേശമാ-
ധ്യന്ദിനകരഹരമംബുവാഹാഭം പരം
മന്ദമാരുതശീതസുഗന്ധപരിപൂർണ്ണം
ഭൃംഗാദിവിഹംഗനാനാവിധകളരവം
മംഗലപ്രദം ഭൃജംഗാദിഭിർന്നിഷേവിതം
തുംഗമാതംഗസിംഹകുരംഗസാരംഗാദി-
രംഗമായഭംഗുരഭംഗിഭംഗിതമായി;
ഇത്ഥമത്യാനന്ദൈകസിദ്ധമാമുദ്യാനത്തിൻ
മദ്ധ്യേയുണ്ടല്ലൊ വളർന്നൊരു പുഷ്കരിണിയും
നിർമ്മലായതാഗാധവിസ്തൃതതരതീരം
പൊന്മയാംബുജകുമുദോല്പലകൽഹാരങ്ങൾ
പൊങ്ങിനിന്നതിശയമുജ്ജ്വലിച്ചനന്ദിന-
മങ്ങളിഹംസാദിഭിർമ്മംഗലരവാന്വിതം;

തൽഗിരിഗ്രഹ=തൃക്കുടപവ്വത്തിലെ ഗ്രഹ. അപാംപതി=വരുണൻ. നന്ദനസമാനം=സപ്തച്ഛത്തിലെ നന്ദനോദ്യാനത്തോട് തുല്യം. ദിനേശമാധ്യന്ദിനകരഹരം=സൂര്യന്റെ, ഉച്ചവെയിൽ ഇല്ലാതാക്കുന്നത്. അംബുവാഹാഭം=മേഘംപോലെ കറുത്തത്. വിഹംഗങ്ങൾ=പക്ഷികൾ. കളരവം=മധുരശബ്ദം. ഭൃജംഗാദിഭിഃ=പാമ്പു തുടങ്ങിയവയാൽ. മാതംഗം=ആന. സാരംഗം=മാൻ. അഭംഗുരം=കുറയാത്തത്. പുഷ്കരിണി=താമരപ്പൊയ്ക. അളിഹംസാദിഭിഃ=വണ്ട് അരയന്നം മുതലായവയാൽ

സ്വർന്ദിയോടുംകൂടെ നന്ദനോദ്യാനം ശോഭി-
ക്കുന്നതുപോലെ വിളങ്ങിടിനോരുദ്യാനവും.

ശ്രീമഹാഭാഗവതം

അയോദ്ധ്യാപുരി

സൂര്യവംശേ പിറന്ന ഭൂപാലാനാം
കോസലവിഷയങ്ങളിലുണ്ടായി
നാമധേയമയോദ്ധ്യയെന്നിങ്ങനെ
രാജധാനി പുരാ ഹരിഗോവിന്ദ;

നാലുപാടും വളഞ്ഞൊഴുകീടുന്ന
നീലതോയസരയൂനദികൊണ്ട്
സാരമായ കിടങ്ങുണ്ടതീർത്തിട്ട
ചാരത്താമ്മാറു മേളത്തിൽ ഗോവിന്ദ;

ഇന്ദ്രസമ്പത്തിനേക്കുടെത്താഴ്ത്തീടും
ഭദ്രസമ്പത്തുണ്ടതിലെത്രയും
ചന്ദ്രമണ്ഡലത്തോടുമ്മിടുന്ന
രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദ;

ദിവ്യരത്നങ്ങളെക്കൊണ്ട ദീപങ്ങളും
സവ്യസാചികരം വില്ലാളിവീരന്മാർ
ഹവ്യഗവ്യങ്ങളെക്കൊണ്ട നിത്യവും
ദിവ്യദേവതാപൂജനം ഗോവിന്ദ;

സ്വർന്ദി=ആകാശഗംഗ.

കോസലങ്ങളും=കോസലരാജ്യം. തോയം=വെള്ളം. സവ്യസാചികരം=ഇടങ്കയ്യുകൊണ്ടും അമ്പയയ്ക്കാൻ കഴിവുള്ളവർ. ഹവ്യം=ഹോമദ്രവ്യം. ഗവ്യം=പാൽ നെയ് മുതലായത്.

പത്തരമാറ്റിൽ പൊന്നുകൾ രത്നത്താൽ
വിസ്താരത്തിൽ മമച്ച കിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയും ഗോവിന്ദ;
മന്ദിരന്തോറുമിന്ദിന്ദിരങ്ങളും
മന്ദം മന്ദം മുരണ്ടു നടകൊണ്ടു
സുന്ദരാംഗിമാരാനനത്തെക്കണ്ടി-
ട്ടംബുരുഹങ്ങളെന്നോർത്തു ഗോവിന്ദ;
മന്നീരേഴും കടക്കണ്ണുകൊണ്ടുടൻ
ഖിന്നമാക്കിച്ചമച്ചരികത്താക്കും
കന്നൽക്കണ്ണിമാരുണ്ടായി പണ്ടതിൽ
മിന്നൽപോലെ വിളങ്ങിട്ടു ഗോവിന്ദ.

(ഭാവം)

സീതാസ്വയംവരം.

സത്വരമയ്യായിരം കിങ്കരന്മാരും കൂടി
മൃത്യുശാസനചാപമെടുത്തുകൊണ്ടുവന്നാർ;
ഘണ്ടാസാഹസ്രമണിവസ്ത്രാദിവിഭൂഷിതം
കണ്ടാലും ത്രൈയംബകമെന്നിതു മന്ത്രീന്ദ്രനും.
ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ-
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ;

പത്തനങ്ങൾ=ഗൃഹങ്ങൾ. ഇന്ദിന്ദിരങ്ങൾ=വണ്ടുകൾ. അംബുരുഹങ്ങൾ=താമരപ്പൂക്കൾ.

മൃത്യുശാസനചാപം=ശിവന്റെ വില്ല്. ഘണ്ടാസാഹസ്രം=അസംഖ്യം മണികൾ. ത്രൈയംബകം=ശിവന്റേത്. ചന്ദ്രശേഖരൻ=ശിവൻ.

വില്ലെടുക്കാമോ കുലച്ചീടാമോ വലിക്കാമോ
മൊല്ലുകെന്നതു കേട്ടു മൊല്ലിനാൻ വിശ്വാമിത്രൻ
"എല്ലാമാമാകുന്നതു മെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ"
മന്ദഹാസവുംപൂണ്ടു രാഘവനതു കേട്ടു
മന്ദമന്ദം പോയ് മെന്നു നിന്നു കണ്ടിതു ചാപം
ജ്വലിച്ച തേജസ്സൊടുമെടുത്തു വേഗത്തോടേ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം
നിന്നരുളുന്ന നേരമീരേഴലോകങ്ങളു-
മൊന്നുമാറൊലികൊണ്ടു വിസ്മയപ്പെട്ട ജനം;
പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ
കൂട്ടമേ വാദ്യങ്ങളും മംഗലസ്തുതികളും
ദേവകളൊക്കെപ്പരമാനന്ദംപൂണ്ടു ദേവ-
ദേവനെ സ്തുതിക്കയുമപ്സരസ്ത്രീകളെല്ലാം
ഉത്സാഹം കയ്യ്കൊണ്ടു വിശേഷപരന്തോടെ വിവാ-
ഹോത്സവാരംഭഘോഷം കണ്ടു കൌതുകം പൂണ്ടാർ;
ജനകൻ ജഗൽസ്വാമിയാകിയ ഭഗവാനെ-
ജ്ജനസംസദി ഗാഢാശ്ലേഷവും ചെയ്താനല്ലോ;
ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ,
മൈഥിലിമയിൽപ്പേടപോലെസന്തോഷംപൂണ്ടാഥ
കൌതുകമുണ്ടായ്വന്നു മേതസി കൌശികനും;

ജിതശ്രമം=പ്രയാസംകൂടാതെ. ജനസംസദി=ജനക്കൂട്ടത്തിൽ വെച്ചു്. ഉരഗങ്ങൾ=പാമ്പുകൾ. മേതസി=മനസ്സിൽ. കൌശികൻ=വിശ്വാമിത്രൻ.

മൈഥിലിതന്നെപ്പരിചാരികമാരും നിജ-
മാതാക്കന്മാരുംകൂടി നന്നായിച്ചമയിച്ചാർ,
സച്ചണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സച്ചണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സച്ചണ്ണമാലയും ധരിച്ചാദരാൽ മന്ദംമന്ദ-
മണ്ണോജനേത്രൻമുൻപിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാത്ഥമാലയുമിട്ടീടിനാൾ;
മാലയും ധരിച്ച നിലോല്പലകാന്തിതേടും
ബാലകൻ ശ്രീരാമനുമേറാവും വിളങ്ങിനാൻ;
ഭൂമിനന്ദനയ്ക്കനുരൂപനായ് ശോഭിച്ചീടും
ഭൂമിപാലകബാലന്തന്നെക്കണ്ടവർകളും
ആനന്ദാംബുധിതന്നിൽ വീണുടൻ മുഴുകിനാർ
മാനവവീരൻ വാഴ്ത്തുന്നാശിയും ചൊല്ലീടിനാർ.

പുരവാസികളുടെ കൗതുകം.

സ്ത്രീബാലവൃദ്ധാവധി പുരവാസിക-
ളാബദ്ധകൌതൂഹലാബ്ധിനിമഗ്നരായ്

മൈഥിലി=സീത. ചമയിച്ചാർ=അലങ്കരിപ്പിച്ചു. അണ്ണോജ നേത്രൻ=ശ്രീരാമൻ. സത്രപം=ലജ്ജയോടുകൂടി. നേത്രോല്പലമാല=കരിങ്കുവളപ്പൂപോലുള്ള കണ്ണുകൊണ്ടു നിർമ്മിച്ചമാല—കടാക്ഷമാല വരണാത്ഥമാല=സ്വീകരണത്തിനുള്ള മാല. നീലോല്പലം=കരിങ്കുവളപ്പൂ. ഭൂമിനന്ദന=സീത. ഭൂമിപാലകബാലൻ=രാജകുമാരൻ ആശി=ആശീർവ്വാദം.

കൌതൂഹലാബ്ധി=കൌതുകസമുദ്രം.

രാത്രിയിൽ നിദ്രയും കൈവിട്ട മാനസേ
ചീത്ത പരമാനന്ദത്തോടു മേവിനാർ;
നമ്മുടെ ജീവനാം രാമകുമാരനെ
നിർമ്മലരത്നകിരീടമണിഞ്ഞതി-
രമ്യമകരായിതമണികുണ്ഡല-
സമ്മുഗ്ധശോഭിതഗണ്ഡസ്ഥലങ്ങളും
പുണ്ഡരീകച്ഛദലോമനഭംഗിയും
പുണ്ഡരീകാരാതിമണ്ഡലതുണ്ഡവും
ചന്ദ്രികാസുന്ദരമന്ദസ്മിതാഭയും
കുന്ദമുകുളസമാനദന്തങ്ങളും
ബന്ധൂകസൂനസമാനാധരാഭയും
കന്ധരാരാജിതകൌസ്തുഭരത്നവും
ബന്ധുരാഭം തിരുമാറുമുദരവും
സന്ധ്യാഭ്രസന്നിഭപീതാംബരാഭയും
പൂഞ്ചേലമീതേ വിളങ്ങി മിന്നീടുന്ന
കാഞ്ചനകാഞ്ചികളും തനുമദ്ധ്യവും
കുംഭികുലോത്തമൻതുമ്പിക്കരം കണ്ട
കുമ്പിട്ടകുപ്പീടുമൂരുകാണ്ഡങ്ങളും

മകരായിതം=മകരമത്സ്യത്തിന്റെ ആകൃതിയിലുള്ളത്. ഗണ്ഡസ്ഥലം=കവിൾത്തടം. പുണ്ഡരീകച്ഛദം=താമരയിതൾ പുണ്ഡരീകാരാതിമണ്ഡലം=ചന്ദ്രബിംബം. തുണ്ഡം=മുഖം. കുന്ദമുകുളം=മുല്ലമൊട്ട്. ബന്ധൂകസൂനം=ചെമ്പരത്തിപ്പൂ. അധരാഭ=ചുണ്ടിൻനിറം. കന്ധരാരാജിതം=കഴുത്തിൽ ശോഭിക്കുന്ന ബന്ധുരാഭം=മനോഹരകാന്തിയുള്ള. സന്ധ്യാഭ്രസന്നിഭം=സാന്ധ്യമേഘം പോലെയുള്ള. കാഞ്ചനകാഞ്ചികളും=പൊന്നരഞ്ഞാണകളും. തനുമദ്ധ്യം=കൂടുങ്ങിയ അരക്കെട്ട്. കുംഭി=ആന. ഊരുകാണ്ഡങ്ങളും=തുടക്കാമ്പുകളും.

കുംഭീന്ദ്രമസ്തകസന്നിഭജാനുവു-
മംഭോജബാണനിഷംഗാഭജംഘയും
കമ്പംകലർന്ന കമഠപ്രവരനും
കുമ്പിടുന്നോരു പുറവടിശോഭയും
അംഭോജതുല്യമാമംഘ്രിതലങ്ങളും
ജംഭാരിരത്നം തൊഴും തിരുമേനിയും
ഹാരകടകവലയാംഗുലീയാദി-
ചാരുതരാഭരണാവലിയും പൂണ്ട
വാരണവീരൻകഴുത്തിൽ തിറത്തോട്ട
ഗൌരാതപത്രം ധരിച്ചരികേ നിജ-
ലക്ഷ്മണനാകിയ സോദരൻതന്നോടും
ലക്ഷ്മീനിവാസനാം രാമചന്ദ്രം മുദാ
കാണായ്വരുന്ന നമുക്കിനിയെന്നിദം
മാനസതാരിൽ കൊതിച്ച നമുക്കെല്ലാം
ക്ഷോണീപതിസുതനാകിയ രാമനെ-
ക്കാണായ്വരും പ്രഭാതേ ഖത നിർണ്ണയം;
രാത്രിയാം രാക്ഷസി പോകുന്നതില്ലെന്നു
ചിത്ത വിഷാദമോടൌത്സുക്യമുൾക്കൊണ്ട
മാത്താണ്ഡദേവനെക്കാണാഞ്ഞു നോക്കിയും
പാത്രപാത്രാനന്ദപൂർണ്ണാമൃതാബ്ധിയിൽ

ജാനു=കാൽമുട്ട്. അംഭോജബാണനിഷംഗഭജംഘ=കാമന്റെ ആവനാഴിപോലുള്ള കണങ്കാൽ. കമ്പം=ഭയം. കമഠപ്രവരൻ=വലിയ ആമ. അംഭോജം=താമരപ്പൂ. അംഘ്രി=കാൽ. ജംഭാരിരത്നം=ഇന്ദ്രനീലക്കല്ല്. വലയം=വള. അംഗുലീയം=മോതിരം. വാരണവീരൻ=കൊമ്പനാന. ഗൌരാതപത്രം=വെണ്കൊറ്റക്കുട. ഇദം=ഇതിനെ. ക്ഷോണീപതിസുതൻ=രാജപുത്രൻ. പ്രഭാതേ=രാവിലെ. മാത്താണ്ഡദേവൻ=സൂര്യൻ.

വീണു മുഴുകിയും പിന്നെയും പൊങ്ങിയും
വാണിടിനാർ പുരവാസികളാദരാൽ.

ദശരഥന്റെ പാരവശ്യം

മന്ത്രിപ്രവരവാക്യം കേട്ടു രാഘവൻ
മന്ദേതരമവന്തന്നോടു കൂടവേ
സൌമിത്രിയോടും കരേറി രഥോപരി
പ്രേമവിവശനാം താതൻ മരുവിടം
മന്ദിരേ ചെന്നു പിതാവിൻ പദദ്വയം
വന്ദിച്ചു വീണു നമസ്കരിച്ചീടിനാൻ;
രാമനെച്ചെന്നെടുത്താലിംഗനം ചെയ്വാൻ
ഭൂമിപനാശു സമുത്ഥായ സംഭ്രമാൽ
ബാഹുക്കൾ നീട്ടിയ നേരത്തു ദുഃഖേന
മോഹിച്ചു ഭൂമിയിൽ വീണിതു ഭൂപനും;
രാമരാമേതി പറഞ്ഞു മോഹിച്ചോരു
ഭൂമിപനെക്കണ്ടു വേഗേന രാഘവൻ
താതനെച്ചെന്നെടുത്താശ്ലേഷവും ചെയ്തു
സാദരം തന്റെ മടിയിൽ കിടത്തിനാൻ;
നാരീജനങ്ങളുമതു കണ്ടനന്തര-
മാശ്രുദ്ധശോകാൽ വിലാപം തുടങ്ങിനാർ;

മന്ത്രിപ്രവരൻ=സുമന്ത്രൻ. രാഘവൻ=ശ്രീരാമൻ. സൌമിത്രീ=ലക്ഷ്മണൻ. രഥോപരി=തേരിൽ. പദദ്വയം=കാലിണ. ഭൂമിപൻ=രാജാവ്, ദശരഥൻ. സമുത്ഥായ=എഴുന്നേറ്റ്. ബാഹുക്കൾ=കൈകൾ. മോഹിച്ചു്=മോഹാലസ്യപ്പെട്ടു്. ആശ്രുദ്ധശോകാൽ=വർദ്ധിച്ച ദുഃഖത്താൽ.

രോദനം കേട്ടു വസിഷ്ഠമുനീന്ദ്രനും
ഖേദേന മന്ദിരം പുക്കിതു സത്വരം.

രാമശപഥം

മാതൃവചനശൂലാഭിഹതനായ
മേദിനീപാലകുമാരനാം രാമനും
എത്രയുമേറ്റം വ്യഥിതനായ് ചൊല്ലിനാൻ
"ഇത്രയെല്ലാം പറയേണമോ മാതാവേ!
താതാർത്ഥമായിട്ടു ജീവനെത്തന്നെയും
മാതാവുതന്നെയും സീതയെത്തന്നെയും
ഞാനുപേക്ഷിപ്പനതിനില്ല സംശയം
മാനസേ ഖേദമിതിനില്ലെനിക്കേതും;
രാജ്യമെന്നാകിലും താതൻ നിയോഗിക്കിൽ
ത്യാജ്യമെന്നാലെന്നറിക നീ മാതാവേ!
ലക്ഷ്മണനെന്നെത്യജിക്കെന്നു ചൊൽകിലും
തൽക്ഷണം ഞാനുപേക്ഷിപ്പനറിക നീ;
പാവകൻതങ്കൽ പതിക്കേണമെങ്കിലു-
മേവം വിഷം കുടിക്കേണമെന്നാകിലും
താതൻ നിയോഗിക്കിലേതുമേ സംശയം
ചേതസി ചെറ്റില്ലെനിക്കെന്നറിക നീ;

രോദനം=കരച്ചൽ.

മാതൃവചനശൂലാഭിഹതൻ=കൈകേയിയുടെ വാക്കാകുന്ന ശൂലത്താൽ പ്രഹരിക്കപ്പെട്ടവൻ. വ്യഥിതൻ=ദുഃഖിതൻ. താതാർത്ഥം=അച്ഛനുവേണ്ടി. ത്യാജ്യം=ഉപേക്ഷിക്കാവുന്നത്. പാവകൻ=തീയ്.

താതകായ്മനാജ്ഞപ്തമെന്നാകിലും
മോദേന ചെയ്യുന്ന നന്ദനനുത്തമൻ,
പിത്രാ നിയുക്തനായിട്ടു ചെയ്യുന്നവൻ
മദ്ധ്യമനായുള്ള പുത്രനറിഞ്ഞാലും,
ഉക്തമെന്നാകിലുമിക്കായ്മെന്നാലേ
കർത്തവ്യമല്ലെന്നു വച്ചടങ്ങുന്നവൻ
പിത്രോർമ്മലമെന്നു ചൊല്ലുന്നു സജ്ജന-
മിത്ഥമെല്ലാം പരിജ്ഞാതം മയാധുനാ;
ആകയാൽ താതനിയോഗമനുഷ്ഠിപ്പാ-
നാകുലമേതുമെനിക്കില്ല നിർണ്ണയം,
സത്യം കരോമ്യഹം സത്യം കരോമ്യഹം
സത്യം മയോക്തം മറിച്ചു രണ്ടായ്വരാ.

രാമന്റെ മാതൃദർശനം

ധാർമ്മികയാകിയ മാതാ സുസമ്മത-
ബ്രാഹ്മണരെക്കൊണ്ടു ഹോമപൂജാദികം
പുത്രാഭ്യുദയത്തിനായ്ക്കൊണ്ടു ചെയ്തിച്ചു
വിത്തമതീവ ദാനങ്ങൾചെയ്താദരാൽ
ഭക്തി കയ്ക്കൊണ്ടു ഭഗവൽപദാംബുജം
ചിത്തത്തിൽ നന്നായുറപ്പിച്ചിളകാതെ

അനാജ്ഞപ്തം=നിയോഗിക്കപ്പെടാത്തത്. പിത്രാ=അച്ഛനാൽ. കർത്തവ്യം=ചെയ്യാവുന്നത്. പിത്രോർമ്മലം==അച്ഛനമ്മമാരുടെ മലം. പരിജ്ഞാതം=അറിഞ്ഞിട്ടുള്ളത്. മയാ=എന്നാൽ. അധുനാ=ഇപ്പോൾ. സത്യംകരോമ്യഹം=ഞാൻ സത്യം ചെയ്യുന്നു. മയോക്തം=എന്നാൽ പറയപ്പെട്ടത്.

മാതാ=അമ്മ കൌസല്യ. വിത്തം=ധനം,

നന്നായ് സമാധിയുറച്ചിരിക്കുന്നോരം
മെന്നോരു പുത്രനേയും കണ്ടതില്ലല്ലോ;
അന്തികേ ചെന്നു കൌസല്യയോടന്നേരം
സന്തോഷമോടു സുമിത്ര ചൊല്ലീടിനാൾ
"രാമനുപഗതനായതു കണ്ടീലേ?
ഭൂമിപാലപ്രിയേ നോക്കീടു" കെന്നപ്പോൾ
വന്ദിച്ചു നിൽക്കുന്ന രാമകുമാരനെ
മന്ദേതരം മുറുകെപ്പുണർന്നീടിനാൾ
പിന്നെ മടിയിലിരുത്തി നെറുകയിൽ
നന്നായ് മുകർന്നു മുകർന്നു കുതൂഹലാൽ
ഇന്ദിവരദളശ്യാമകളേബരം
മന്ദമന്ദം തലോടിപ്പുറഞ്ഞീടിനാൾ
എന്തെന്മകനേ മുഖാംബുജം വാടുവാൻ!
ബന്ധമുണ്ടായതു പാരം വിശക്കയോ?
വന്നിരുന്നീടു ഭുജിപ്പതിന്നാശു നീ-
യെന്നു മാതാവു പറഞ്ഞൊരനന്തരം
വന്ന ശോകത്തെയടക്കി രഘുവരൻ
തന്നുടെ മാതാവിനോടരുളിച്ചെയ്തു
"ഇപ്പോളം ഭുജിപ്പാനവസരമില്ലമ്മേ!
ക്ഷിപ്രമരണ്യവാസത്തിനു പോകണം;
മുപ്പാടു കേകയപുത്രിയാമമ്മയ്ക്കു
മൽപിതാ രണ്ടു വരം കൊടുത്തീടിനാൻ

ഉപഗതൻ=വന്നവൻ. ഭൂമിപാലപ്രിയേ=രാജപത്നീ! ഇന്ദീവരദളശ്യാമകളേബരൻ=കരിങ്കുവളപ്പൂവിതളുപോലെ കറുത്ത ശരീരമുള്ളവൻ. അരണ്യവാസം=വനവാസം.

ഒന്നു ഭരതനെ വാഴിക്കയെന്നതു-
മെന്നെ വനത്തിന്നായയ്ക്കുന്ന മറേതും
തത്ര പതിന്നാലു സംവത്സരം വസി-
ച്ചത്ര വന്നീടുവൻ പിന്നെ ഞാൻ വൈകാതെ
സന്താപമേതും മനസ്സിലുണ്ടാകാതെ
സന്തുഷ്ടയായ്വസിച്ചീടുക മാതാവും"
ശ്രീരാമവാക്യമേവം കേട്ട കൌസല്യ
പാരിൽ മോഹിച്ചു വീണീടിനാളാകുലാൽ
പിന്നെ മോഹം തീർന്നിരുന്നു ദുഃഖാർണ്ണവം-
തന്നിൽ മുഴുകിക്കരഞ്ഞുകരഞ്ഞുടൻ
തന്നുടെ നന്ദനനന്തോട്ടു പൊല്ലിനാ-
'ളിന്നു നീ കാനനത്തിന്നു പോയീടുകിൽ
എന്നെയും കൊണ്ടുപോകേണം മടിയാതെ
നിന്നെപ്പിരിഞ്ഞാൽ ക്ഷണാർദ്ധം പൊറുക്കുമോ?
ദണ്ഡകാരണ്യത്തിനാശു നീ പോകിൽ ഞാൻ
ദണ്ഡധരാലയത്തിന്നു പോയീടുവൻ,
പൈതലെ വേരിട്ടുപോയ പശുവിനു-
ള്ളാധി പറഞ്ഞറിയിച്ചീടരുതല്ലോ:
നാടു വാഴേണം ഭരതനെന്നാകിൽ നീ
കാടു വാഴേണമെന്നുണ്ടോ വിധിമതം?
എന്നു പിഴച്ചതു കൈകേയിയോടു നീ
ചിന്തിക്ക് ഭൂപനോടും കുമാര! ബലാൽ;
താതനും ഞാനുമൊക്കും ഗ്രഹിച്ചതുകൊണ്ടു
ഭേദം നിനക്കു ചെറില്ലെന്ന നിർണ്ണയം,

തത്ര=അവിടെ. അത്ര=ഇവിടെ. ദുഃഖാർണ്ണവം=ദുഃഖസമുദ്രം. ക്ഷണാർദ്ധം=അരക്ഷണം. ദണ്ഡധരാലയം=യമഗൃഹം.

പോകേണമെന്നു താതൻ നിയോഗിക്കിൽ ഞാൻ
പോകരുതെന്നു ചൊല്ലുന്നതുണ്ടല്ലോ;
എന്നുടെ വാക്യത്തെ ലംഘിച്ച ഭൂപതി-
തന്നുടെ വാചാ ഗമിക്കുന്നതാകിലോ
ഞാനുമെൻ പ്രാണങ്ങളെ ത്യജിച്ചീടുവൻ
മാനവവംശവുമിന്നേ മുടിഞ്ഞുപോം.

ലക്ഷ്മണക്രോധം.

തത്ര കൌസല്യാവചനങ്ങളിങ്ങനേ
ചിത്തതാപേന കേട്ടോരു സൌമിത്രിയും
ശോകരോഷങ്ങളും നിറഞ്ഞു നേത്രാഗ്നിനാ
ലോകങ്ങളെല്ലാം ദഹിച്ചുപോകുംവണ്ണം
രാഘവന്തന്നെ നോക്കിപ്പറഞ്ഞീടിനാ-
"നാകുലമെന്തിതു കാരണമുണ്ടാവാൻ?
ഭ്രാന്തമിത്തം ജഡം വൃദ്ധം വധൂജിതം
ശാന്തേതരം ത്രപാഹീനം ശഠപ്രിയം
ബന്ധിച്ച താതനേയും പിന്നെ ഞാൻ പരി-
പന്ഥികളായുള്ളവരേയുമൊക്കവേ
അന്തകൻവീട്ടിന്നയച്ചഭിഷേകമൊ-
രന്തരംകൂടാതെ സാധിച്ചുകൊള്ളുവൻ,

വാചാ=വാക്കിനാൽ. മാനവവംശം=വൈവസ്വതമനുവിന്റെ വംശം—സൂര്യവംശം

നേത്രാഗ്നിനാ=കണ്ണിലെ തീകൊണ്ട്. വധൂജിതൻ=സ്ത്രീക്കു കീഴടങ്ങിയവൻ. ശാന്തേതരൻ=അശാന്തൻ—അടക്കമില്ലാത്തവൻ. ത്രപ=ലജ്ജ. പരിപന്ഥികം=ശത്രുക്കൾ.

ബന്ധമില്ലേതുമിതിന്നു ശോകിപ്പതി-
നന്തർമുദാ വസിച്ചീടുക മാതാവേ!
ആര്യപുത്രാഭിഷേകം കഴിച്ചീടുവൻ
ശൌര്യമെനിക്കതിനുണ്ടെന്നു നിർണ്ണയം;
കാര്യമല്ലാത്തതു ചെയ്യുന്നതാകിലാ-
മാര്യനും ശാസനം ചെയ്യുന്നതേ വത്സ.

'യാതൊരേടത്തുറങ്ങീ രഘുനായകൻ'

യാതൊരേടത്തുറങ്ങി രഘുനായകൻ
സീതയോടുംകൂടി നീയവിടം മുദാ
കാട്ടിത്തരികെന്നു കേട്ടു ഗ്രഹൻ തദാ
വാട്ടമില്ലാതോരു സന്തോഷചേതസാ
ഭക്തൻ ഭരതനത്യുത്തമനെന്നു തൻ
ചിത്തേ നിരൂപിച്ചുടൻ നടന്നീടിനാൻ;
യത്ര സുഷ്പോ നിശി രാഘവൻ സീതയാ
തത്ര ഗത്വാ ഗ്രഹൻ സത്വരം ചൊല്ലിനാൻ
"കണ്ടാലുമെങ്കിൽ കുശാസ്തൃതം സീതയാ
കൊണ്ടൽവർണ്ണന്തൻ മഹാശയനസ്ഥലം"
കണ്ടു ഭരതനും മുക്തബാഷ്പോദകം
തൊണ്ടവിറച്ച സഗൽഗദം ചൊല്ലിനാൻ

അന്തർമുദാ=മനസ്സന്തോഷത്തോടെ. ആര്യപുത്രൻ=ജ്യേഷ്ഠനായ ശ്രീരാമൻ. ആചാര്യനും=ആചാര്യനെയും.

യത്രസുഷ്പോനിശീ=രാത്രി എവിടെ ഉറങ്ങിയോ. സീതയാ=സീതയോടുകൂടെ. തത്രഗത്വാ=അവിടെച്ചെന്ന്. കുശാസ്തൃതം=ദർഭവിരിച്ചത്. മുക്തബാഷ്പോദകം=കണ്ണുനീർ വാർത്തുകൊണ്ട്. സഗൽഗദം=ഇടനെഞ്ഞുപൊട്ടിക്കൊണ്ട്

"ഹാ സുകുമാരീ മനോഹരീ ജാനകീ!
പ്രാസാദമൂർദ്ധ്നി സുവർണ്ണതല്പസ്ഥലേ
കോമളസ്നിഗ്ധവളാംബരാസ്തൃതേ
രാമേണ ശേതേ മഹാസുഖം സാ കഥം
ശേതേ കൃശമയവിഷ്ടരേ നിഷ്ഠുരേ
ഖേദേന സീതാ മദീയാഗ്രജന്മനാ?
മദ്ദോഷകാരണാലെന്നതു ചിന്തിച്ചു-
മിദ്ദേഹമാശു പരിത്യജിച്ചീടുവൻ;
കിൽബിഷകാരിണിയായ കൈകേയിതൻ
ഗർഭത്തിൽനിന്നു ജനിച്ചോരു കാരണം
ദുഷ്കൃതിയായതിപാപിയാമെന്നെയും
ധിക്കരിച്ചീടിനേൻ പിന്നെയും പിന്നെയും;
ജന്മസാഫല്യവും വന്നിതനുജനു
നിർമ്മലമാനസൻ ഭാഗ്യവാനെത്രയും,
അഗ്രജന്തന്നെപ്പരിചരിച്ചെപ്പൊഴും
വ്യഗ്രം വനത്തിനു പോയതവനല്ലോ;
ശ്രീരാമദാസദാസന്മാക്കു ദാസനാ-
യാത്രുഢഭക്തി പൂണ്ടേഷ ഞാനും സദാ

പ്രാസാദമൂർദ്ധ്നി=മാളികമുകളിൽ. സുവർണ്ണതല്പസ്ഥലേ=പൊൻമെത്തമേൽ. കോമളസ്നിഗ്ധവളാംബരാസ്തൃതം=പതുപ്പും മിനുപ്പുമുള്ള വെള്ളവസ്ത്രംവിരിച്ചത്. രാമേണ=രാമനോടുകൂടി. ശേതേ=കിടന്നുറങ്ങുന്നു. സാ=അവൾ. കഥം=എങ്ങനെ. കൃശമയവിഷ്ടരേ=ദർഭപ്പുൽവിരിപ്പിൽ. നിഷ്ഠുരം=പരുപരുത്തത്. മദീയാഗ്രജന്മനാ=എന്റെ ജ്യേഷ്ഠനോടുകൂടി. കിൽബിഷകാരിണി=ദുരിതംചെയ്യുന്നവൾ. അനുജൻ=ലക്ഷ്മണൻ. വ്യഗ്രം=വേഗത്തിൽ. ഏഷ ഞാനും=ഈ ഞാനും.

നിത്യവും സേവിച്ചുകൊൾവനെന്നാൽ വരും
മർത്ത്യജന്മത്തിൻ ഫലമെന്നു നിർണ്ണയം"

ഭരതൻ ചിത്രകൂടത്തിൽ രാമനെ കാണുന്നതു്

ഭാഗ്യവാനായ ഭരതനതുനേരം
മാർഗ്ഗരജസി പതിഞ്ഞു കാണായ്വന്നു
സീതാരഘുനാഥപാദാരവിന്ദങ്ങൾ
നൂതനമായതിശോഭനം പാവനം
അങ്കുശാബ്ജധ്വജവജ്രമത്സ്യാദികൊ-
ണ്ടങ്കിതം മംഗല,മാനന്ദമഗ്നനായ്
വീണുരുണ്ടും പണിഞ്ഞും കരഞ്ഞും തദാ
രേണു തന്മൌലിയിൽ കോരിയിട്ടീടിനാൻ;
ധന്യോഹമിന്നഹോ ധന്യോഹമിന്നഹോ
മുന്നം മയാ കൃതം പുണ്യപൂരം പരം
ശ്രീരാമപാദപത്മാങ്കിതം ഭൂതല-
മാരാലെനിക്കു കാണ്മാനവകാശവും
വന്നിതല്ലോ മുഹുരിപ്പാദപാംസുക്ക-
ളന്വേഷണംമെയ്യഴലുന്നിതേറവും

മർത്ത്യജന്മം=മനുഷ്യജന്മം.

മാർഗ്ഗരജസി=വഴിയിലെ പൂഴിയിൽ. നൂതനം=പുതിയതു്. പാവനം=പരിശുദ്ധം. അങ്കുശം=തോട്ടി അബ്ജം=താമര. ധ്വജം=കൊടിമരം. അങ്കിതം=അടയാളപ്പെട്ടതു്. രേണു=പൂഴി. ധന്യോഹം=ഞാൻ ധന്യനായി. മയാകൃതം=എന്നാൽ ചെയ്യപ്പെട്ടു. പാദപത്മാങ്കിതം=കാലടിപ്പാടുകളംകൊണ്ടു് ആരാധ്യമായ. ആരാൽ=ആരുടെ. പാദപാംസുക്കൾ=കാൽപ്പൊടികൾ.

വേധാവുമീശനും ദേവകദംബവും
വേദങ്ങളും നാരദാദിമുനികളും
ഇത്ഥമോത്തുള്ളതപ്രേമരസാപ്ലുത-
മിത്തനായാനന്ദബാഷ്പാകുലാക്ഷനായ്
മന്ദമന്ദം പരമാശ്രമസന്നിധൌ
മെന്നുനിന്നോരു നേരത്തു കാണായിതു
സുന്ദരം രാമമന്ത്രം പരമാനന്ദ-
മന്ദിരമിന്ദ്രാദിവൃന്ദാരകവൃന്ദ-
വന്ദിതമിന്ദിരാമന്ദിരോരസ്ഥല-
മിന്ദ്രാവരജമിന്ദിവരലോചനം
ദൂർവ്വാദളനിഭശ്യാമളം കോമളം
പൂർവ്വജം നീലനളിനദളേക്ഷണം
രാമം ജടാമകുടം വല്ക്കലാംബരം
സോമബിംബാഭപ്രസന്നവക്ത്രാംബുജം
ഉദ്യത്തരുണാരുണായുതശോഭിതം
വിദ്യുത്സമാംഗിയാം ജാനകിയായോരു

വേധാവ്=ബ്രഹ്മാവ്. കദംബം=സമൂഹം. പ്രേമരസാപ്ലുതചിത്തൻ=ഭക്തിയിൽ മുഴുകിയ മനസ്സോടുകൂടിയവൻ ആനന്ദബാഷ്പാകുലാക്ഷൻ=ആനന്ദക്കണ്ണീർകൊണ്ട് കലങ്ങിയ കണ്ണുകളോടുകൂടിയവൻ. വൃന്ദാരകവൃന്ദം=ദേവസമൂഹം. ഇന്ദിരാമന്ദിരോരസ്ഥലൻ=ലക്ഷ്മീദേവിയുടെ വാസസ്ഥലമായ മാറിടത്തോടുകൂടിയവൻ. ഇന്ദ്രാവരജൻ=ഇന്ദ്രന്റെ അനുജൻ (വാമനാവതാരത്തിൽ). ദൂർവ്വാദളം=കറുകനാക്ക്. പൂർവ്വജൻ=ജ്യേഷ്ഠൻ. വല്ക്കലം=മരവുരി. സോമബിംബം=ചന്ദ്രബിംബം വക്ത്രം=മുഖം. ഉദ്യത്തരുണാരുണായുതം=ഉദിച്ചുവരുന്ന പതിനായിരം ബാലസൂര്യന്മാർ വിദ്യുൽസമാംഗി=മിന്നൽപോലുള്ള ശരീരത്തോടുകൂടിയവൾ.

വിദ്യയുമായ്പിനോടിച്ചിരിക്കുന്നൊരു
വിദ്യോതമാനമാത്മാനമവ്യാകുലം
വക്ഷസി ശ്രീവത്സലക്ഷണമവ്യയം
ലക്ഷ്മീനിവാസം ജഗന്മയമച്യുതം
ലക്ഷ്മണസേവിതപാദപങ്കേരുഹം
ലക്ഷണലക്ഷ്യസ്വരൂപം പുരാതനം
ദക്ഷാരിസേവിതം പക്ഷീന്ദ്രവാഹനം
രക്ഷോവിനാശനം രക്ഷാവിചക്ഷണം
ചക്ഷുഃശ്രവണപ്രവരപല്യങ്കഗം
കുക്ഷിസ്ഥിതാനേകപത്മജാണ്ഡം പരം
കാരുണ്യപൂർണ്ണം ദശരഥനന്ദന-
മാരണ്യവാസരസികം മനോഹരം;
ദുഃഖവും പ്രീതിയും ഭക്തിയും കയ്ക്കൊണ്ട
തൃക്കാൽക്കൽ വീണു നമസ്കരിച്ചീടിനാൻ.

'എന്നെക്കണക്കേ പിരിഞ്ഞിതോ നിങ്ങളും?'

"ഞാനൊരവസ്ഥ കണ്ടേനൊരുനാളതു
മാനവവീര! തെളിഞ്ഞു കേട്ടിടണം;

വിദ്യോതമാനം ആത്മാനം=ശോഭിക്കുന്ന പരമാത്മാവിനെ. ലക്ഷണലക്ഷ്യസ്വരൂപൻ=ലക്ഷണങ്ങളെക്കൊണ്ടു മനസ്സിലാക്കാവുന്ന സ്വരൂപത്തോടുകൂടിയവൻ. ദക്ഷാരി=ശിവൻ. പക്ഷീന്ദ്രൻ=ഗരുഡൻ. വിചക്ഷണൻ=നിപുണൻ. ചക്ഷുഃശ്രവണപല്യങ്കഗൻ=അനന്തമെത്തമേൽ വസിക്കുന്നവൻ. പത്മജാണ്ഡം=ബ്രഹ്മാണ്ഡം. ആരണ്യവാസം=വനവാസം.

മന്ത്രികൾ നാലുപേരും ഞാനുമായവ-
ലാന്തേ വസിക്കുന്ന കാലമൊരുദിനം
പുഷ്കരനേത്രയായോരു തരുണിയെ-
പ്പുഷ്കരമാർഗ്ഗേണ കൊണ്ടുപോയാനൊരു
രക്ഷോവരനതുനേരമസ്സുന്ദരി
രക്ഷിപ്പതിന്നാരുമില്ലാഞ്ഞു ദീനയായ്
രാമരാമേതി മുറയിട്ടുനോക്കിനാൾ തവ
ഭാമിനിതന്നെയവളെന്നതേ വരൂ;
ഉത്തമയാമവൾ ഞങ്ങളെപ്പുവ്വതേ-
ന്റോത്തമാംഗേ കണ്ടനേരം പരവശാൽ
ഉത്തരീയത്തിൽ പൊതിഞ്ഞാഭരണങ്ങ-
ളുദ്രീശപ്രോപരി നിക്ഷേപണംചെയ്താൾ;
ഞാനതു കണ്ടിങ്ങെടുത്തു സൂക്ഷിച്ചുവ-
ച്ചേനതു കാരണമെങ്കിലോ കണ്ടാലും,
ജാനകീദേവിതന്നാഭരണങ്ങളോ
മാനവവീര! ഭവാനറിയാമല്ലോ"
എന്നു പറഞ്ഞതെടുത്തു കൊണ്ടുവന്നു
മന്നവന്തൻ തിരുമുമ്പിൽ വച്ചീടിനാൻ;
അബ്ജനേത്രനെടുത്തു നോക്കുന്നേരം
കണ്ണുനീർതന്നേ കുശലം വിചാരിച്ചു,

അചലാന്തേ=പർവ്വതപ്രദേശത്ത്. പുഷ്കരനേത്ര=പദ്മലോചന—സുന്ദരി. പുഷ്കരമാർഗ്ഗേണ=ആകാശമാർഗ്ഗത്തിലൂടെ. രക്ഷോവരൻ=രാക്ഷസേശ്വരൻ. ഭാമിനി=പത്നി. പർവ്വതേന്ദ്രോത്തമാംഗേ, അദ്രീശ്വരോപരി=മലയ്ക്കുമുകളിൽ. നിക്ഷേപണംചെയ്താൾ=ഇട്ടു. അബ്ജനേത്രൻ=ശ്രീരാമൻ. കുശലം വിചാരിച്ചു=കുശലം ചോദിച്ചുവോ എന്നു തോന്നും.

"എന്നെക്കണക്കേ പിരിഞ്ഞിതോ നിങ്ങളും
തനുഭംഗിയാകിയ വൈദേഹിയോടയ്യോ!
സീതേ ജനകാത്മജേ മമ വല്ലഭേ!
നാഥേ നളിനദളായതലോചനേ!"

രോദനംചെയ്തു വിഭീഷണസഞ്ചയ-
മാധിപൂണ്ടം തിരുമാറിലമുഴ്ത്തിയും
പ്രാകൃതന്മാരാം പുരുഷന്മാരെപ്പോലെ
ലോകൈകനാഥൻ കരഞ്ഞുതുടങ്ങിനാൻ.

സീതയുടെ അടയാളവാക്യം

"വിരഹകലുഷിതമനസി രഘുവരനു മാംപ്രതി
വിശ്വാസമാശു വന്നിടുവാനായ്മുദാ
തരിക സരഭസമൊരടയാളവും, വാക്യവും
താവകം ചൊല്ലുവാനായരുൾചെയ്യണം"
ഇതി പവനതനയവചനേന വൈദേഹിയു-
മിത്തിരിനേരം വിചാരിച്ചു മാനസേ
ചികുരഭരമതിൽ മരുവുമമലചൂഡാമണി
ചിന്മയി മാരുതികയ്യിൽ നൽകീടിനാൾ;
"ശൃണു തനയ! പുനരൊരടയാളവാക്യം ഭവാൻ
ശ്രുത്വാ ധരിച്ചു കണ്ണേ പറഞ്ഞീടു നീ,

വിരഹകലുഷിതമനസി=വേർവാട്ടകൊണ്ട കലങ്ങിയ മനസ്സിൽ. മാംപ്രതി=എന്നെക്കുറിച്ച്. താവകം=അവിടുത്തേതായിട്ട്. പവനതനയവചനേന=ഹനുമാന്റെ വാക്കിനാൽ. ചികുരഭരം=തലമുടി. ചിന്മയി=ജ്ഞാനസ്വരൂപിണിയായ സീത. മാരുതികയ്യിൽ=ഹനുമാന്റെ കയ്യിൽ. ശൃണു=കേൾക്കുക. ശ്രുത്വാ=കേട്ട്. കണ്ണേ=ചെവിയിൽ സ്വകാര്യം.

ഭവതി പുനരതുപൊഴുതു വിശ്വാസമെന്നുടെ
ഭർത്താവിനുണ്ടായ്വരുമെന്നു നിർണ്ണയം;
ചിരമമിതസുഖമൊടുരുതപസി ബഹുനിശ്ചയാ
ചിത്രകൂടാചലത്തിങ്കൽ വാഴുംവിധൌ
പലലമതു പരിചിനൊടുണക്കുവാൻ മിക്കി ഞാൻ
പാർത്തതും കാത്തിരുന്നീടും ദശാന്തരേ
തിരുമുടിയുമഴകിനൊടു മടിയിൽ മമ വച്ചുടൻ
തീർത്ഥപാദൻ വിരവോടുറങ്ങീടിനാൻ;
അതുപൊഴുതിലതിചപലനായ ശക്രാത്മജ-
നാശു കാകാകൃതി പൂണ്ടു വന്നീടിനാൻ
പലപൊഴുതു പലലശകലങ്ങൾ കൊത്തീടിനാൻ
ഭക്ഷിച്ചുകൊള്ളുവാനെന്നോർത്തു ഞാൻ തദാ
പരുഷതരമുടനുടനെടുത്തെറിഞ്ഞീടിനേൻ
പാഷാണജാലങ്ങൾകൊണ്ടതു കണ്ടവൻ
വപുഷി മമ ശിതചരണനഖരതുണ്ഡങ്ങളാൽ
വായ്പോടു കീറിനാനേറെക്കുപിതനായ്;
പരമപുരുഷനുമുടനുണർന്നു നോക്കുംവിധൌ
പാരമൊലിക്കുന്ന ഘോര കണ്ടാകുലാൽ
തുണശകലമതികുപിതനായെടുത്തശ്രുമം
ദിവ്യാസ്ത്രമന്ത്രം ജപിച്ചയച്ചീടിനാൻ;

ഭവതി=ഭവാനിൽ. ചിരം=വളരെക്കാലം. ഉരുതപസി=വലിയ തപസ്സിൽ. പലലം=മാംസം. തീർത്ഥപാദൻ=പരിശുദ്ധപാദങ്ങളോടുകൂടിയവൻ. ശക്രാത്മജൻ=ഇന്ദ്രപുത്രൻ. കാകാകൃതി=കാക്കയുടെ രൂപം. പലലശകലങ്ങൾ=മാംസക്ഷണങ്ങൾ. പരുഷതരം=ഉറക്കെ. പാഷാണജാലങ്ങൾ=കല്ലുകൾ. വപുഷി=ശരീരത്തിൽ. ശിതം=മൂർച്ചയുള്ള. ചരണനഖരതുണ്ഡങ്ങൾ=കാൽനഖങ്ങളും കൊക്കും. തുണശകലം=പുൽക്കൊടി.

സഭയമവനഖിലദിശി പാഞ്ഞുനടന്നിതു
സങ്കടംതീർത്തു രക്ഷിച്ചുകൊണ്ടീടുവാൻ,
അമരപതികമലജഗിരീശമുഖ്യന്മാക്കു-
മാവതല്ലെന്നയച്ചോരവസ്ഥാന്തരേ
രഘുതിലകനടിമലരിലവശമൊട്ടു വീണിതു
'രക്ഷിച്ചുകൊള്ളേണമെന്നെക്കൃപാനിധേ!
അപരമൊരു ശരണമിഹ നഹിനഹി നമോസ്തുതേ
ആനന്ദമൂർത്തേ! ശരണം നമോസ്തു തേ'
ഇതി സഭയമടിമലരിൽ വീണുകേണിടിനാ-
നിന്ദ്രാത്മജനാം ജയന്തനുമന്നേരം
സവിതൃകുലതിലകനഥ സസ്മിതം മൊല്ലിനാൻ
'സായകം നിഷ്ഫലമാകയില്ലെന്നുമേ
അതിനു തവ നയനമതിലൊന്നു പോം നിശ്ചയ-
മന്തരമില്ല നീ പോയ്ക്കൊൾക നിർഭയം'
ഇതി സഭയമനുദിവസമെന്നെ രക്ഷിച്ചവ-
നിന്നുപേക്ഷിച്ചതെന്തെന്നുടെ ദുഷ്കൃതം
ഒരുപിഴയുമൊരുപൊഴതിലവനൊട്ടുചെയ്തീല ഞാ-
നോർത്താലിതെന്നുടെ പാപമേ കാരണം."

ഒരു വീരസംവാദം

അമൃതസമവചനമിതി പവനതനയോദിത-
മത്യന്തരോഷേണ കേട്ട ദശാനനൻ

അഖിലദിശി=എല്ലാദിക്കിലും. അമരപതികമലജഗിരീശമുഖ്യന്മാർ=ഇന്ദ്രൻ ബ്രഹ്മാവ് ശിവൻ തുടങ്ങിയവർ. അപരം=വേറെ. നഹിനഹി=ഇല്ല ഇല്ല. സവിതൃകുലതിലകൻ=ശ്രീരാമൻ. സായകം=ശരം. നയനം=കണ്ണ്.

പവനതനയോദിതം=ഹനുമാൻ പറഞ്ഞത്. ദശാനനൻ=രാവണൻ.

നയനമിരുപതിലുമഥ കനൽ ചിതറുമാറുടൻ
നന്നായുരുട്ടി മിഴിച്ചു ചൊല്ലീടിനാൻ
"തിലസദൃശമിവനെയിനി വെട്ടിനുറുക്കുവിൻ
ധിക്കാരമിത്ര കണ്ടീല മറാക്കുമേ;
മമ നികടഭുവി വടിവൊടൊപ്പമിരുന്നു മാം
മറെറാരു ജന്തുക്കളിങ്ങനേ ചൊല്ലുമോ?
ഭയവുമൊരു വിനയവുമിവനു കാണ്മാനില്ല
പാപിയായോരു ദുഷ്ടാത്മാ ശഠനിവൻ;
കഥയ മമ കഥയ മമ രാമനെന്നാരു ചൊൽ
കാനനവാസി സുഗ്രീവനെന്നാരെടോ!
അവരെയുമനന്തരം ജാനകിതന്നെയു-
മത്യന്തദുഷ്ടനാം നിന്നെയും കൊല്ലുവൻ"
ദശവദനവചനമിതി കേട്ടു കോപം പൂണ്ടു
ദന്തം കടിച്ചു കപീന്ദ്രനും ചൊല്ലിനാൻ
"നിനവു തവ മനസി പെരുതെത്രയും നന്നു നീ
നിന്നോടെതിരൊരു നൂറുനൂറായിരം
രജനിചരകുലപതികളായ് ഞെളിഞ്ഞുള്ളോരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും
നിയതമിതു മമ ചെറുവിരൽക്കു പോരാ പിന്നെ
നീയെന്തു ചെയ്യുന്നതെന്നോടു കശ്മല!"

തിലസദൃശം=എള്ളുപോലെ. നികടഭുവി=അടുക്കൽ. മാം=എന്നോട്. കഥയ മമ=എന്നോടു പറയുക. ദശവദനവചനം=രാവണവാക്യം. ദന്തം=പല്ല്. രജനിചരകുലപതികം=രാക്ഷസാധിപതികം.

ഉദ്ധതവിലാപം

ലക്ഷ്മണനോടു മിരിച്ചരുളിച്ചെയ്തു
"ദുഷ്ടരമെത്രയും നീ ചെയ്ത കാരിയം,
രാവണി യുദ്ധേ മരിച്ചതു കാരണം
രാവണന്താനും മരിച്ചാനാകിക നീ,
ക്രുദ്ധനായ് നമ്മോടു യുദ്ധത്തിനായ്വരും
പുത്രശോകത്താലിനിദ്ദശഗ്രീവനും"
ഇത്ഥമന്യോന്യം പറഞ്ഞിരിക്കുന്നേരം
പുത്രൻ മരിച്ചതു കേട്ടോരു രാവണൻ
വീണിതു ഭൂമിയിൽ മോഹംകലർന്നതി-
ക്ഷീണനായ്പിന്നെ വിലാപം തുടങ്ങിനാൻ
"ഹാഹാ കുമാര മണ്ഡോദരീനന്ദന!
ഹാഹാ സുകുമാര വീര മനോഹര!
മൽകുമ്മദോഷങ്ങളെന്തു ചൊല്ലാവതു
ദുഃഖമിതെന്നു മറക്കുന്നതുള്ളിൽ ഞാൻ?
വിണ്ണവക്കും മുനിമാക്കും ദ്വിജന്മാക്കു-
മിന്നു നന്നായുറങ്ങീടുമാറായിതു,
നമ്മെയും പേടിയില്ലാക്കുമിനി മമ
ജന്മവും നിഷ്ഫലമായ്വന്നിതീശ്വര!"
പുത്രഗുണങ്ങളം പറഞ്ഞും നിരൂപിച്ചു-
മത്തൽ മുഴുത്തു കരഞ്ഞുതുടങ്ങിനാൻ
"എന്നുടെ പുത്രൻ മരിച്ചതു ജാനകി-
തന്നുടെ കാരണമെന്നതുകൊണ്ടു ഞാൻ

രാവണി=ഇന്ദ്രജിത്ത്. ദശഗ്രീവൻ=രാവണൻ, വിണ്ണവർ=ദേവന്മാർ. ദ്വിജന്മാർ=ബ്രാഹ്മണർ.

കൊന്നിവൾതന്നുടെ മോരകുടിച്ചൊഴി-
ഞ്ഞെന്നുമേ ദുഃഖമടങ്ങുകയില്ല മേ"
ഖഡ്ഗവുമോങ്ങിച്ചിരിച്ചലറിത്തര
നിഗ്ഗമിച്ചീടിനാൻ ക്രുദ്ധനാം രാവണൻ.

വ്യാസോൽപത്തി.

തരുണീമണി കാളി കാളിന്ദീനദിതന്നിൽ
തരണി വഴിപോലെ കടത്തിത്തുടങ്ങിനാൾ;
കാളിന്ദി കടക്കുന്ന പാന്ഥന്മാക്കെല്ലാവർക്കും
കാളിയിലഴിഞ്ഞിതു മാനസമതുകാലം;
തരണിസുതയായ യമുനാനദിതങ്കൽ
തരണികടപ്പാനായ് ചെന്നിതു പരാശരൻ,
തരണിദേവനുദിച്ചയരുന്നതിനുമ്പേ
തരുണിമണിയെക്കണ്ടവനും മോഹം പൂണ്ടാൻ;
ധരണിതന്നിലവൾക്കൊത്ത നാരികളില്ലാ
ധരണീപതിയുടെ ബീജമായതിനാലേ;
തീരത്തു ചെന്നു പുലർകാലേ മാമുനിവരൻ
ദൂരത്തു തുഴയുമായ്നിന്നിതു കാളിതാനും;
ധീരതാമകന്നോരു മാമുനിവരൻ ചൊന്നാൻ
"പാരത്തു വരിക നീ മറാരുമില്ലയിപ്പോൾ,

ഖഗം=വായം.

തരണി=തോണി. തരണിസുത=സൂര്യപുത്രി—കാളിന്ദി. യമുന=കാളിന്ദി. തരണിദേവൻ=സൂര്യൻ. ധരണി=ഭൂമി. ധരണീപതി=ഉപരിചരരാജാവ്.

നേരത്തു കടക്കണം നിക്കണം തോണി മറു-
തീരത്തു മെന്നു പുനരുക്കണമെനിക്കെടോ!
മാരച്ചൂടകതാരിൽ പൂരിച്ച മൂലം നിന്നിൽ
ഭാരിച്ചൊരാശ വന്നു കുറൊത്തു ചമഞ്ഞിതു
ചോരിച്ചൊവ്വായും നിന്നെറ ചീരൊത്ത മുലകളും
വേരിച്ചൊല്ലാളേ! ഞാൻ വിചാരിച്ചകണ്ടനേരം
കാറൊത്ത കുഴലാളേ! മാരത്തിയാറുമാറെൻ-
മാറത്തു ചേന്നീടുവാൻ യോഗമുണ്ടിപ്പോഠത്തന്നെ;
നേരത്രേ പറഞ്ഞതുമീശചരന്റെ മതം
മാരദ്ധ്വംസനബ്രഹ്മാദികഠക്കും നീക്കാവല്ലേ"
ചാരുതചമുള്ള കാളി പൊല്ലിനാളയ്യോ! രണ്ടു
തീരത്തുമുണ്ടു മുനിമാരും മാമറയോരും,
ചാരിത്രദോഷവുമുണ്ടായ്വരും കന്യക ഞാൻ
ഭാരിച്ച തപസ്സുള്ള മാമുനിശ്രേഷ്ഠൻ ഭവാൻ;
ദൂരത്തു നിൽക്കേണ്ടുന്ന കൈവത്തനാരി ഞാനോ
പാരത്രികാർത്ഥിയായ പാരമാർത്ഥികൻ ഭവാൻ;
വിധിയും നിഷേധവുമറിയാതനുദിനം
പൃഥുരോമാശികളാം നീചജാതികഠം ഞങ്ങഠം,
ശ്രുതിഭേദോത്ഥജ്ഞാന ചതുരമതികളായ്
സ്മൃതികർത്താക്കന്മാരാം താപസരല്ലോ നിങ്ങഠം;

ഭാരിച്ച=വർദ്ധിച്ച. ചോരിച്ചൊവ്വായ്=ചോരപോലെ ചുവന്ന ചുണ്ട്. ചീർ=വലിപ്പം. വേരിച്ചൊല്ലാഠം=തേൻമൊഴിയാഠം. മാരദ്ധ്വംസനബ്രഹ്മാദികഠം=ശിവൻ ബ്രഹ്മാവു മുതലായവർ. മാമറയോർ=മഹാബ്രാഹ്മണർ. കൈവത്തനാരി=മുക്തവനിതി. പാരത്രികാർത്ഥി=മോക്ഷം കൊതിക്കുന്നവൻ. വിധി=ധർമ്മം. നിഷേധം=അധർമ്മം. പൃഥുരോമാശികഠം=മത്സ്യംതിന്നുന്നവർ. ശ്രുതി=വേദം.

എന്തിതു പറവാനും തോന്നീടുവാനുമിപ്പോൾ
ചിന്തിച്ചാലവകാശം ദൈവകല്പിതമെന്നോ?
ആരുമേയറിയാതെ ദോഷവുമിരുവക്കും
വാരാതെയിരിക്കിലോ പൊന്നതു കേൾക്കാമല്ലോ;
ഇങ്ങനെയുള്ള നിങ്ങൾ പൊന്നതു കേളാഞ്ഞാലു-
മെങ്ങനെ വന്നു ഞായമെന്നറിയരുതല്ലോ"
എന്നതു കേട്ടു തെളിഞ്ഞന്നേരം മുനിവരൻ
"എന്നുടെയപേക്ഷ നീയൊക്കവേ വരുത്തിയാൽ
പിന്നെയും കന്യകയായ്തന്നെ വന്നീടുമല്ലോ
നിർണ്ണയമത്രയല്ലാ നല്ലതേ വന്നുകൂടൂ,
ആസന്നദിപ്പതിനിന്നു യോഗമുണ്ടിപ്പോൾ നിന്നെ
വാത്സല്യം നിനക്കെന്നിലുണ്ടാകവേണം ബാലേ!"
ആരുമേ കാണായ്തതിനന്നേരം മുനിവരൻ
ഘോരമായോരു മഞ്ഞു നിർമ്മിച്ചാനത്രയല്ല,
മത്സ്യഗന്ധവുംപോക്കിക്കസ്തൂരിഗന്ധമാക്കീ
സത്സംഗംകൊണ്ടല്ലയോ നല്ലതു വന്നുകൂടൂ?
നദിതൻമദ്ധ്യേ വരദ്വീപവുമുണ്ടായ്വന്നു
മതിനേർമുഖിയാകും വിസ്മയമുണ്ടായല്ലോ;
എന്തിനു പറയുന്നു വെറുതെ ബഹുവിധം
ബന്ധമോക്ഷങ്ങളുടെ ഭേദം കണ്ടോരു മുനി
നല്ലൊരു തീർത്ഥത്രയായോരു യമുനയി-
ലെല്ലാരും കുളിച്ചുത്തു സന്ധ്യയെ വന്ദിക്കുമ്പോൾ
മത്സ്യഗന്ധിനിയായ കൈവർത്തകന്യകയെ
മത്സ്യകേതനശരമേറു പുൽകിനാൻ മുനി;

കൈവർത്തൻ=മുക്കുവൻ. മത്സ്യകേതനശരം=കാമബാണം.

ദിവ്യതീർത്ഥത്തിങ്കൽ ദിവ്യാർക്കൻദിക്കുമ്പോൾ
ദിവ്യനാകിയ മുനി കൈവർത്തകന്യകതൻ
കൊങ്കകൾ പുണർന്നിതു ബാലികതാനുമേതും
ശങ്കിച്ചീലതുനേരമീശ്വരമതമല്ലോ;
ഗർഭവുമുൽപാദിച്ചൊരർഭകനുണ്ടായ്വന്നി-
തപ്പൊഴേ ഭവിച്ചിതു യൌവനം കുമാരനും;
യമുനാദ്വീപമവനയനമാകമൂലം
മുനിയും ദ്വൈപായനനെന്നൊരു പേരുമിട്ടാൻ,
ബദരഷണ്ഡം പുനരയനമാകകൊണ്ടു
മതിമാനാകുമവൻ ബാദരായണനായാൻ;
"ചിന്തിക്ക വലിയൊരു സങ്കടം വരുന്നേര-
മന്തികേ വരുവൻ ഞാനന്തരമില്ലയേതും"
എന്നു യാത്രയും ചൊന്നാനമ്മയോടുടനവൻ
പിന്നെപ്പോയ്തപസ്സിനു കോപ്പിട്ടാൻ വഴിപോലെ.

ശർമ്മിഷ്ഠ ജയിച്ചു

ഇങ്ങനെ ചെന്നു കാലമായിരം സംവത്സര-
മംഗജതാപവും പൂണ്ടിരുന്നു ശർമ്മിഷ്ഠയും,
കുന്നിച്ചു വളർന്നൊരു തന്നുടെ സഖി നന്നായ്
മന്നവനോടുംകൂടി ക്രീഡിക്കുന്നതും കണ്ടു

ദിവ്യാർക്കൻ=സൂര്യൻ. അർഭകൻ=ബാലകൻ. അയനം=ഉൽപത്തിസ്ഥാനം. ബദരഷണ്ഡം=ലന്തക്കാട്.

അംഗജതാപം=കാമതാപം. സഖി=തോഴിയായ ദേവയാനി.

താനൊരു പുരുഷനെക്കാണാതേ ഗൃഹതന്നിൽ
മാനസതാപം പൂണ്ടു മാരമാൽ പിടിപെട്ടു
നാഥനോടുമിരിക്കുന്നോളക്കാലമവളുടൽ
മേതോമോഹനമെന്നേ ചൊല്ലാവൂ കാണുന്തോറും.
അന്നവളുടെ ധമ്മം പ്രാപിച്ചു കുളിച്ചുവ-
ന്നന്നതസ്ഥനങ്ങളും മെല്ലവേ നോക്കിനോക്കി
ദന്തശോധനമെയ്തു ബന്ധൂകസമാധരി
പന്തൊക്കും കൊങ്കത്തടത്തിങ്കൽ കുങ്കുമം മാത്തി,
ഭംഗിയിൽക്കുറിയിട്ടു കുങ്കുമതിലകം തൊ-
ട്ടംഗജന്തഴപോലെ പൂങ്കുഴലഴിച്ചിട്ടു
നിർമ്മലമായുള്ളൊരു വസ്ത്രവുമുടുത്തുംകൊ-
ണ്ടംബുജമിഴികളിലഞ്ജനമതും മേത്തു
കുണ്ഡലയുഗ്മം മിന്നും ഗണ്ഡമണ്ഡലത്തിങ്കൽ
കുണ്ഡലിഫണംപോലെ പത്തിക്കീറതും മേത്തു
സപ്തഭൂഷണങ്ങളുമൊക്കവേയണിഞ്ഞൊരു
കണ്ണാടിതന്നിൽ മുഖപത്മവും നോക്കിനോക്കി
നല്ലൊരു പുരുഷനെച്ചിന്തിച്ചുമിന്തിച്ചുള്ളി-
ലുല്ലാസംമേന്നൊരശോകത്തെയും ചാരിനിന്നു
ദുഃഖിക്കുന്നതുനേരം മന്നവൻ താനേതന്നെ
മയ്യണ്ണിയുടെ മുമ്പിൽ ചെന്നിതു ബലാലപ്പോൾ;
എന്നുടെ ഭർത്താവാകെന്നവളുമപേക്ഷിച്ചാൾ
നിന്നിതു വിഷണ്ണനായുന്നവന്താനുമപ്പോൾ;

ദന്തശോധന=പല്ലുതേപ്പ്. ബന്ധൂകം=ചെമ്പരുത്തിപ്പൂവ്. അഞ്ജനം=മഷി. കുണ്ഡലിഫണം=പാമ്പിൻപടം. വിഷണ്ണൻ=ദുഃഖിതൻ. മന്നവൻ=യയാതിരാജാവ്.

"നിന്നോടുകൂടി രമിക്കുന്നതില്ലെന്നതന്നെ
മുന്നമേ ദേവയാനിതന്നോടു ചൊന്നേനല്ലോ,
സത്യത്തെ ലംഘിക്കരുതെന്നതുകൊണ്ടുംപിന്നെ-
യുത്തമനായ ശുക്രനന്ദനിലെപ്പേടികൊണ്ടും
ഇന്നിതു മടിച്ചു ഞാൻ നിൺപ്രിയം മനോഹരേ!
നിന്നിലുള്ളനുരാഗം കണ്ടന്നേയുള്ളൊന്നല്ലോ"
എന്നതു കേട്ടു ചൊന്നാൾ ശർമ്മിഷ്ഠയതുനേരം
"ഒന്നുണ്ടു പറയുന്നു ഞാനിപ്പോളിതു കേൾക്ക
(കാരോരോ നർമ്മങ്ങളും പറഞ്ഞുവാഴുമ്പോഴും
നാരിമാരോടു വേളി പറയുമ്പോഴും പിന്നെ
തന്നുടെ ജീവനിപ്പോൾപ്പോമെന്നു തോന്നുമ്പോഴു-
മെന്നതുപോലെ ധനമൊക്കെപ്പോയീടുമ്പോഴും
എന്നിവ നാലിങ്കലുമസത്യം പറഞ്ഞാലു-
മെന്നുമേ ദോഷമില്ലയെന്നു കേളിയുമില്ലേ)"
വിസ്തരിച്ചവർണ്ണനയെന്തിനു പറയുന്നു
സിദ്ധിച്ചാർത്ഥം ഭൂപാലനെയന്നവർക്കെന്നേ വേണ്ടു.

മത്തവിലാസം

അങ്ങനെ ചെല്ലുംകാലം ക്ഷോണീന്ദ്രനൊരുദിന-
മംഗനാരത്നമായ ദേവയാനിയും താനും
ഒന്നിച്ചു മധുപാനംചെയ്തിതു വഴിപോലെ
തന്നാത്താൻ മറന്നിതു ദേവയാനിയുമപ്പോൾ
മദിരാപാനംചെയ്തമധരപാനംചെയ്തും
മദനൻ തെരുതെരെ വലിച്ചു ക്രൂരനെയ്തും

ക്ഷോണീന്ദ്രൻ=രാജാവ് യയാതി. മധുപാനം=മദ്യപാനം.
മദിരാപാനം=മദ്യപാനം.

മനസി മദംകലന്നോരനുരാഗംപെയ്യും
കനിവിനൊടു ഗാഢം വാർകൊങ്ക തഴുകിയും
ആനന്ദാമൃതവാരിരാശിയിൽ മുഴുകിയു-
മാനനാരവിന്ദസേചനാമൃതമൊഴുകിയും
പീനവക്ഷോജങ്ങളിൽ കളഭമിഴുകിയും
മാനസത്തിങ്കലേറുമാനന്ദം പെരുകിയും
ചേതസ്സു കനിഞ്ഞുടൻ പുൽകിയും പലതരം,
വേധസ്സിൻവിനോദങ്ങളെത്രയും ചിത്രംചിത്രം!
ആടിയും പാടിയും കൊണ്ടാടിയും നയനങ്ങൾ
വാടിയും കൌതുഹലം തേടിയും മാരപ്പട
കൂടിയും മദനന്റെ ചാപമാം ചില്ലീവല്ലി
കോടിയുമിരുവരും കൂടി വാണീടുന്നേരം
ഭൂപതിവീരനോടു ദേവയാനിയും ചൊന്നാൾ
താപസബുദ്ധ്യാ മദ്ധ്യവ്യാകുലചേതസ്സോടും
"അന്ധനനായ ഭവാനെന്തിനു വന്നതിപ്പോൾ
ബന്ധമെന്തടവിയിൽ വരുവാൻ പറഞ്ഞാലും
ചെന്താമ്പ്രാണാത്തി ഭവാനെങ്കൽ വർദ്ധിച്ചാലതി-
നന്തരം പെരികെയുണ്ടന്ധാത്മാവായുള്ളോവെ!
നേരത്തു പൊയ്ക്കാൾക നീ ദൂരത്തു മടിയാതെ
ചാരത്തിങ്ങണയാതേ, ചാരിത്രഭംഗം വന്നാൽ
പേടിക്കവേണമല്ലോ ഭൂപതി യയാതിയെ
മാടൊത്ത കുളർമുല പുൽകുവാൻ വശമല്ലാ"

ആനനാൽ=മുഖത്തുനിന്ന്. അനംഗസേചനാമൃതം=കാമത്താലുള്ള വിയപ്പ്. പീനം=തടിച്ചത്. വക്ഷോജങ്ങൾ=സ്തനങ്ങൾ. വേധസ്സ്=ദൈവം. താപസബുദ്ധ്യാ=മഹർഷിയാണെന്ന വിചാരത്താൽ. ചെന്താർബാണാത്തി=കാമതാപം.

'തുഷ്ട്യാ വാഴുവിൻ നിങ്ങളം'

അച്ഛനെക്കണ്ടു മിരിച്ചുകുമാരന്മാരെല്ലാ-
മച്ചനാദികളം ചെയ്തു മാരത്തു വരുന്നേരം
അച്ചിരിപൂണ്ടു നിന്നു ഭൂപതിതിലകനു-
മച്ചരിതങ്ങളം കണ്ടു മോദിച്ചു ദേവയാനി
"അച്ഛനെങ്ങോട്ടു പോയി പൊല്ലുവിൻ പൈതങ്ങളേ
പിച്ചകളുണ്ടാക്കുവാൻ പോയിതോ വനങ്ങളിൽ?"
മെല്ലവേ ചൂണ്ടിക്കാട്ടിക്കൊടുത്തു പൈതങ്ങളു-
മല്ലൽപൂണ്ടോരു ദേവയാനിയും കോപത്തോടെ
ദൃഷ്ടിയും ചുവപ്പിച്ചു ഘോഷവും വിറപ്പിച്ചു
പൊട്ടിച്ചുങ്ങെറിഞ്ഞിതു ഭൂഷണങ്ങളുമെല്ലാം
"കല്പിച്ചവണ്ണം വരുമെനിക്കു,മിനി നിങ്ങളം
കല്പിച്ചവണ്ണംതന്നെ വാണാലുമിരുവരും
പൊട്ടക്കുപത്തിൽത്തള്ളിവിട്ടന്നേയുള്ള വൈര-
മൊട്ടുമേ പോയില ശർമ്മിഷ്ഠയ്ക്കന്നോടു ഞാനോ
പെട്ടെന്നു മറന്നിതു പൊട്ടിയായതുമൂലം
പുഷ്ടഭോഗത്തോടേറ്റം തുഷ്ട്യാ വാഴുവിൻ നിങ്ങളം"
ഭൂമിയിൽ വീണും കേണുമുരുണ്ടും നടകൊണ്ടാളം
മാമുനിശുക്രൻതന്നെക്കാണ്മാനായ് വേഗത്തോടെ
ഭൂമിപാലനുമതിവ്യാകുലചേതസ്സോടും
ഭാമിനീകോപം കണ്ടു ഭാവഭൈവർണ്ണ്യം പൂണ്ടു
പേടിച്ചു സരഭസം പിന്നാലെ നടകൊണ്ടു
മാടൊത്തമുലയാളെയെത്തീല യയാതിക്കും.

പിച്ചകളം = കളിക്കോപ്പുകളം. പുഷ്ടഭോഗം = പൂർണ്ണസുഖം. തുഷ്ട്യാ=സന്തോഷത്തോടെ. ഭൂമിപാലൻ=യയാതി. ഭാമിനീ കോപം=ദേവയാനിയുടെ കോപം. സരഭസം=വേഗത്തിൽ.

സുഭദ്രാജ്ജുനം

രമ്യഗാത്രിയെക്കണ്ട മന്മഥവിവശനായ്
ധർമ്മജസഹോദരനെത്രയും താപം പൂണ്ടാൻ,
നിദ്രയുമില്ല പുനരുണ്ണുമില്ലെന്നു വന്നു
നിത്യവും ധ്യാനത്തിനു നിഷ്ഠയുമുണ്ടായ്വന്നു
മറ്റൊരു ചിന്തയുമില്ലുറവരിലുംകൂടെ
മുറുമസ്സുഭദ്രയിലെന്നിയേ നക്ഷത്രദിവം;
ആളികളോടുംകൂടിക്കേളികൾ കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ കാണുമ്പോഴും
പന്താടുന്നതു കണ്ടും പമ്പരക്കളി കണ്ടും
മിന്തുകൾ പാടുന്നതും ചന്തമായാടുന്നതും
ചാതുര്യം കണ്ടും വേണുവീണാദികളിൽ ശീല-
മാധുര്യം കണ്ടും ഭാവഗാംഭീര്യംകണ്ടും നേത്ര-
കാതര്യം കണ്ടും ചേതോവൈധുര്യം കണ്ടും മാര-
വൈകാര്യം കണ്ടും വാഞ്ഛാസൌകര്യം കണ്ടും വേഷ-
സൌകുമാര്യംകണ്ടും തല്ലാവണ്യംകണ്ടും വൃത്തി-
ദാക്ഷിണ്യംകണ്ടുമുള്ളിൽ കാരുണ്യംകണ്ടും നല്ല
താരുണ്യംകണ്ടും സ്മിതഭാഷിതംകേട്ടും ഭാവ-
വൈവർണ്ണ്യം കലർന്നിതു സവ്യസാചിക്കു മേന്മേൽ;

* * * *

രമ്യഗാത്രി=സുന്ദരി, സുഭദ്ര. ധർമ്മജസഹോദരൻ=അർജ്ജുനൻ. ധ്യാനം=ചിന്ത. നക്ഷത്രദിവം=രാപ്പകൽ. ആളികൾ=തോഴികൾ. വ്രീള=ലജ്ജ. കാതര്യം=വീര. വൈധുര്യം=ദുഃഖം. മാരവൈകാര്യം=കാമവികാരം വാഞ്ഛ=ആഗ്രഹം. വൃത്തിദാക്ഷിണ്യം=പെരുമാറ്റത്തിലെ മര്യാദ. ഭാവവൈവർണ്ണ്യം=സ്വഭാവമാറ്റം. സവ്യസാചി=അർജ്ജുനൻ.

രണ്ടുകൈകൾക്കുമുണ്ടു ഞാൺതഴമ്പതുകണ്ടു-
മുണ്ടായീ സന്ന്യാസിയിൽ കൌതുകം ദിനന്തോറും
മിന്തിച്ചുമിന്തിച്ചുള്ളിൽ സംശയം മുഴുക്കയാൽ
പന്തൊക്കുംമുലയാളും മാധവിയൊരുദിനം
മൃഷ്ടഭോജനം കഴിഞ്ഞിഷ്ടമോടിരിക്കുമ്പോൾ
പുഷ്ടകൌതുകത്തോടും മട്ടോലുംമൊഴിയാളും
തുഷ്ടനായിരിപ്പോരു ശിഷ്ടനാം യതിയോടു
കഷ്ടമെന്നിരിക്കിലും മട്ടലർബ്ബാണൻചൊല്ലാൽ
വട്ടൊത്ത മുലകളും ഉഷ്ടിയും കവാടങ്കൊ-
ണ്ടൊട്ടൊട്ടു മറച്ചിട്ടു നിന്നവൾ വിചാരിച്ചാൾ
പെരുതു പറയുമ്പോളറിയാമല്ലോ പക്ഷേ
വെറുതേ മിഥ്യാ മോദ്യം ചെയ്തതെന്നാതേ വരു
"ഭഗവൻ! പ്രസീദ മേ ഭഗവൻ! പ്രസീദ മേ
സുകൃതമല്ലോ മമ ഭവത്സംഗമമിപ്പോൾ
ശൈശവങ്കൊണ്ടു മിഥ കൌതുകമുണ്ടാകയാൽ
വൈശിഷ്ട്യമേറും ഭവാനോടു ഞാൻ ചോദിക്കുന്നു,
ദേശങ്ങൾ സരിത്തുകൾ ശൈലങ്ങൾ സരസ്സുകൾ
ഗ്രാമങ്ങൾ നാനാജനപദങ്ങൾ നഗരങ്ങൾ
രാജ്യങ്ങളരണ്യങ്ങളെന്നിവയെല്ലാമൊക്കെ-
പ്പൂജ്യനാം ഭവാന്താനോ നടന്നുകണ്ടുവല്ലോ,
ഭോജ്യങ്ങളിന്നാദിക്കിലിന്നവയെന്നും പിന്നോ
ത്യാജ്യങ്ങളിന്നാദിക്കിലിന്നവയെന്നുമെല്ലാം

മാധവി=സുഭഗ. മൃഷ്ടഭോജനം=സുഖഭക്ഷണം. മട്ടലർബാണൻ=കാമൻ. കവാടം=വാതിൽ. സരിത്തുക്കൾ=പുഴകൾ. സരസ്സുകൾ=പൊയ്കകൾ. ജനപദങ്ങൾ=രാജ്യങ്ങൾ. അരണ്യങ്ങൾ=കാടുകൾ. ഭോജ്യങ്ങൾ=ഭക്ഷണസാധനങ്ങൾ.

അരുളിച്ചെയ്തീടേണമറിവാൻ തക്കവണ്ണ"-
മരുണാധരി മന്ദമീവണ്ണം ചോദിച്ചപ്പോൾ
അരുണേതരകുലജാതനാകിയ പാർത്ഥൻ
കരുണാരസപരവശമാനസനായേ
സന്തോഷബഹുമാനസ്നേഹകൌതുകരാഗ-
മന്ദാക്ഷവാത്സല്യാനന്ദാകുലഭയാരസ-
പ്രണയസുഖപരമാസ്തിക്യമോടു ചൊന്നാൻ
ഗുണശാലിനിയോടു സകലവൃത്താന്തവും;
അന്യോന്യസല്ലാപവുംചെയ്തു മേവീടുന്നേര-
മന്യോന്യം കൌതുഹലംപൂണ്ടു പുഞ്ചിരിക്കൊണ്ടു
സന്ന്യാസിതന്നെ നോക്കിപ്പിന്നെയും സുഭദ്രയാം
കന്യക സഗൽഗദം മെല്ലവേ ചൊല്ലീടിനാൾ

* * * *

"ഫൽഗുനനപരാധം പോക്കുവാൻ തീർത്ഥത്തിനു
നിർഗ്ഗമിച്ചിരിക്കുന്നിതെന്നതോ കേട്ടിതല്ലോ,
ഇക്കാലമേതുദിക്കിൽ സഞ്ചരിക്കുന്നിതവൻ
ദുഃഖിപ്പാൻ പാത്രമല്ല ഭാഗ്യവാനല്ലോ പാർത്ഥൻ,
അവനെയുണ്ടോ കണ്ടു കേട്ടിതോ വിശേഷങ്ങൾ"
വിവശഭാവത്തോടുമീവണ്ണം ചോദിച്ചപ്പോൾ
അവളോടുരചെയ്തു മന്ദഹാസവും പൂണ്ടു
പവനാത്മജസഹോദരനാം വിജയനും

* * * *

അരുണാധരീ=സുന്ദരി_സുഭദ്ര. അരുണേതരകുലം=ചന്ദ്രവംശം. മന്ദാക്ഷം=ലജ്ജ. പ്രണയം=പ്രേമം

ഫല്ഗുനൻ=അർജ്ജുനൻ. പവനാത്മജസഹോദരൻ=ഭീമനുജൻ.

"ബാലികേ ഞാനിന്നൊരു കിംവദന്തിയും കേട്ടേൻ
കാലംവൈകാതെ പരമാർത്ഥവുമറിഞ്ഞീടാം;
രഹസ്യം ചൊല്ലീടരുതംഗനമാരോടെന്നു
മഹത്സംവാദമെന്നാകിലും ഞാൻ ചൊല്ലീടുവൻ,
ദ്വാരകാപുരത്തന്നിൽ സന്ന്യാസിവേഷംപൂണ്ടു
മാരമാൽ കലന്നിരിക്കുന്നിതു ധനഞ്ജയൻ,
കൃഷ്ണസോദരിയായ സുഭദ്രതന്നിലതി-
തൃഷ്ണപൂണ്ടിരിക്കുന്നോനജ്ജുനനെന്നു കേട്ടു"
മന്ദാക്ഷഭാവങ്കൊണ്ടും പ്രേമാനുരാഗങ്കൊണ്ടും
സുന്ദരി സുഭദ്രയും കുമ്പിട്ടാളപ്പോൾ തന്നേ;
കാൽവിരൽകൊണ്ടു ഭൂവി വരച്ചുവരച്ചുടൻ
കോലമയിക്കൊണ്ടു ചൊറു വിറച്ചുവിറച്ചേവം
നിൽക്കുന്ന സുഭദ്രയിൽ ചെല്ലുന്ന ചിത്തന്തന്നെ
നില്ക്കുന്നു വിലക്കീട്ടു പിന്നെയും ചൊന്നാൻ പാ
"ഞാനന്നേ ധനഞ്ജയനാകുന്നതറിക നീ (ർത്ഥൻ
താനന്നെ വരിക്കേണമെന്നെയെന്നറിഞ്ഞാലും"
പിന്നെപ്പോയ് ലതാഗൃഹം പുക്കിതു ധനഞ്ജയൻ
കന്യക സുഭദ്രയും മന്മഥാതുരയായാൾ,
ശില്പമായിരിപ്പോരു പുഷ്പതല്പത്തിന്മേൽ ചെ-
ന്നത്ഭുതാംഗിയും വീണു മോഹിച്ചാളത്തനേരം.

വീജയൻ=അജ്ജുനൻ. കിംവദന്തി=നാട്ടുവർത്തമാനം. മഹൽസംവാദം=മഹാന്മാരുടെ വചനം. ധനഞ്ജയൻ=അജ്ജുനൻ. ഭൂവി=നിലത്ത്. പുഷ്പതല്പം=പൂമെത്ത. മോഹിച്ചാൾ=മോഹാലസ്യം പൂണ്ടു.

കീചകന്റെ പൊല്ലിയാട്ടം

നല്ല സുദേഷ്ണതൻ ഭ്രാതാവു കീചകൻ
മല്ലാക്ഷിയാകിയ സൈരന്ധ്രിയെക്കണ്ടു
മുല്ലബാണങ്ങളേറല്ലൽ പൊറാഞ്ഞവൻ
പൊല്ലിനാനെത്രയും നല്ല മധുരമായ്
"വല്ലാതിഹിടെ വന്നെല്ലാവരുമൊക്കെ-
പ്പൊല്ലുന്ന വേലകളെല്ലാമൊരുക്കി നീ
അല്ലലായ് വാഴുവാനില്ലൊരു കാരണം
ഫുല്ലാംബുജപ്രൌഢിയെല്ലും ലസന്മുഖി!
മുല്ലബാണന്തന്റെ വില്ലിനെപ്പോർചെയ്തു
വെല്ലുന്ന നിന്നുടെ പില്ലിക്കൊടിയിണ-
ത്തെല്ലുകൊണ്ടെന്നെ നീ തല്ലുന്ന തല്ലുകൾ
കൊല്ലുവാൻതന്നെയെന്നല്ലയല്ലീയെടോ!
പൊല്ലുവൻ ഞാനിനി നല്ലതു നീ മമ
വല്ലഭയാകേണമില്ലൊരു സംശയം;
കല്യതകോലുന്ന കല്യാണശീലവും
പല്ലവമ്പോലെ പതുത്തോരു മേനിയും
മല്ലമിഴിയിണത്തെല്ലിൻ വിലാസവും
മല്ലീശരക്ഷമാപാലാധിവാസവും
ചന്ദ്രികപോലെ ലസന്മൃദുഹാസവും
ചന്ദ്രബിംബാഭിരാമാനനാംഭോജവും

സുദേഷ്ണ=വിരാടരാജാവിന്റെ ഭാര്യ. സൈരന്ധ്രി=ശില്പകാരികാവേഷം പൂണ്ട പാഞ്ചാലി. മുല്ലബാണങ്ങൾ=കാമശരങ്ങൾ. ഫുല്ലാംബുജം=വിടർന്ന താമര. കല്യത=വിശേഷം. പല്ലവം=തളിർ മല്ലീശരക്ഷമാപാലാധിവാസം=കാമനാകുന്ന രാജാവിന്റെ വാഴ്ച.

പങ്കജകോരകം പമ്പരം പന്തു മെം-
കുങ്കുമാലംകൃതകുംഭികുംഭദ്വയം
ശ്രുംഭൽസുവർണ്ണോരുകുംഭമെന്നിത്തരം
കുമ്പിട്ടം കൊങ്കയും രോമാളിഭംഗിയും
കൊണ്ടോടി മാരൻ കുണുങ്ങും നടകളും
കണ്ടാൽ തരിപ്പെട്ടന്നോരു തുടകളും
കണ്ടുകണ്ടേത്രനാളുണ്ടു ഞാനിങ്ങനെ
വണ്ടാർതഴക്കുഴലാളേ പൊറുക്കുന്നു?
ഇന്നിമേലിൽപ്പൊറുക്കേണമെന്നാകിലോ
നിന്നാണ ഞാൻ മരിച്ചീടും പൊളിയല്ല,
നൽകുക ചോരിവാ പുൽകുക പോർമുല
നൽകുവൻ ഞാൻ തവ വേണ്ണതെല്ലാമേ"

'ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ!'

മറുതലകളിരുപുറവുമടൽകരുതി നിന്നതിൻ
മദ്ധ്യേ മഹാരഥം നിർത്തിനാനച്യുതൻ;
സുഹൃദനുജതനയഗുരുജനപിതൃപിതാമഹ-
ന്മാരെയും യുദ്ധസന്നദ്ധരായ്ക്കണ്ടവൻ
ത്രിദശവരതനയനതികരുണയൊടു മൊല്ലിനാൻ
"തേർ പിന്തിരിച്ചു വിടുത്തി നിർത്തീടുക
നിശിതതരവിശിഖഗണമരുതു ഗുരുവപുഷി ഞാൻ
നിഷ്ഫരുണനായ് പ്രയോഗിപ്പതയ്യോ! ഹരേ!

പങ്കജകോരകം=താമരമൊട്ട്. കുംഭികുംഭദ്വയം=ആനയുടെ രണ്ടു മസ്തകം. ശ്രുംഭൽസുവർണ്ണോരുകുംഭം=ശോഭയുള്ള വലിയ പൊൻകുടം. ചോരിവാ=പെണ്ണുണ്ട്.

അടൽ=യുദ്ധം. ത്രിദശവരതനയൻ=ഇന്ദ്രപുത്രൻ അർജ്ജുനൻ. നിശിതതരവിശിഖഗണം=ഏറ്റവും കൂർത്ത അമ്പുകൾ. ഗുരുവപുഷി=ഗുരുക്കന്മാരുടെ ശരീരത്തിൽ.

ഹര വരദ ശിവ ഗിരിശ ദുരിതഹര ശങ്കര!
ഹാഹാ നിനച്ചതതിമോഹമെത്രയും
ഹരുവധമിതതിദുരിതമരുതരുതു മാധവ!
കുട്ടൊല്ല തേർ പിന്തിരിക്കെ”ന്ന ഫൽഗുനൻ
അതികരുണമമരകുലവരനൊടുരചെയ്തു താ-
നായുധം വെച്ചു തേരിൽ കിടന്നീടിനാൻ;
ജഗദുദയഭരണപരിഹരണബഹുലീലയും
ചെയ്താഴിയിൽ പള്ളികൊള്ളുന്ന നാഥനും.
“അലമലമിതരുതരുതു ചപലതകഥം നരപതിക-
ളാക്ഷേപമേ ചൊല്ലുമില്ല കില്ലേതുമേ
അനുചിതമിതറിക നൃപകുലമതിനു നല്ലത-
ല്ലയ്യോ! നിനക്കു ദുഷ്കീർത്തിയുണ്ടായ്വരും
ഫലമിതിനു നരകമൊരു ഗതി വരികയില്ലെടോ!
പാർത്ഥിവന്മാക്കു യുദ്ധം വെടിഞ്ഞീടിനാൽ”
പരമപുരുഷനുമതിനു പരിചൊടരുളീടിനാൻ
പാർത്ഥനദ്ധ്യാത്മമായുള്ളതെപ്പോരുമേ,
വിമലനജനഖിലജഗദധിപനഥ കാട്ടിനാൻ
വിശ്വസിച്ചീടുവാൻ വിശ്വരൂപത്തെയും;
ത്രിഭുവനവുമസുരസുരമനുജഖഗമൃഗഭുജഗ-
ദനുജപശുമുഖബഹുലഭൂതവൃത്താന്തവും

അതികരുണം=ഏറ്റവും സങ്കടത്തോടെ. അമരകുലവരൻ=ശ്രീകൃഷ്ണൻ. ഉദയഭരണപരിഹരണം. സൃഷ്ടിസ്ഥിതിസംഹാരം. അലമലം=മതിമതി. അധ്യാത്മമായുള്ളത്=ആത്മതത്ത്വങ്ങൾ. ഖഗം=പക്ഷി. ഭുജഗം=സർപ്പം. ദനുജന്മാർ=അസുരന്മാർ.

ബഹുചരണബഹുവദനബഹുലകരജാലവും
വിസ്മയത്തോടു കണ്ടീടിനാനജ്ജുനൻ;
ഭയമൊടവനതുപൊഴുതു തെരുതെരെ നമസ്കരി-
ച്ചഭയമരുളെന്നു കൂപ്പി സ്തുതിച്ചീടിനാൻ
"കരുകുലജ! ഭയമൊഴിക കരു സമരമാശു നീ
കുണ്ഠനായിടൊലാ കണ്ടതെല്ലാമഹം"
മധുമഥനനമരവരസുതനൊടുപദേശമായ്
മായാപ്രഭാവമതു നിങ്ങൾപ്രകാരമുടൻ
ഉഴറിയരുളിന മൊഴികളുപനിഷത്താകയാ-
ലോതിനാർ ഗീതയെന്നാദരാൽ ജ്ഞാനികൾ;
അതുപൊഴുതു പലപലതകളഖിലമകലെക്കള-
ഞ്ഞജ്ജുനൻ പോരിനായ് വില്ലെടുത്തീടിനാൻ.

അഭിമന്യു

ഇങ്ങു പദ്മവ്യൂഹവും മമച്ചാമായ്കയ-
നെങ്ങുമിളകാതെ വൻപട നിൽത്തിനാൻ;
ഏറുപൊരുതതുനേരത്തു പാണ്ഡവർ
തോറ്റതു കണ്ടു യുധിഷ്ഠിരൻ മൊല്ലിനാൻ
"മാധവനന്തനെറ മരുമകനാകിയ
വാസവനന്ദനപുത്രനഭിമന്യു
മാധവഫൽഗുനന്മാരോടു തുല്യനെൻ
ബാധ കളുവാനവൻ മതിയായ്വരും;

ചരണം=കാൽ. വദനം=മുഖം. കരു=ചെയ്യു അമരവര സുതൻ=അജ്ജുനൻ.

വാസവനന്ദനപുത്രൻ=അജ്ജുനപുത്രൻ.

വ്യൂഹം വിഷമമായുള്ളോന്നതിൽ പുക്കു
സാഹസത്തോടെ പടയിളക്കിടുവാൻ
ആഹവത്തിങ്കൽ ചതുരനാകും മേഘ-
വാഹനനന്ദനൻ ദൂരെയകപ്പെട്ട
വീര കുമാര കുമാരനു നേരായ
ശൂര സുഭദ്രാത്മജ ശുഭമന്ദിര!
പോരിനാചായ്മൻ വിളിച്ചുനിൽക്കുന്നതിൽ
പോരായ്മയുണ്ടു! നമുക്കു വരും തുലോം
പാത്ഥനു തുല്യനായുള്ള നീയാകിലെ-
ന്നാത്തി കെടുക്ക ജയിക്ക രിപുക്കളെ
നീയൊഴിഞ്ഞാരെയും കണ്ടീല മറിനി-
പ്പോയിതു കൃഷ്ണനും പാത്ഥനും ദൂരവേ"

* * * *

സൂതനായുള്ള സുമിത്രനതുനേരം
നീതിയിൽ സൌഭദ്രനോടു ചൊല്ലീടിനാൻ
"ദ്രോണനും വീരനാം ദ്രൌണിയും കർണ്ണനും
പ്രാണഭയംകൂടാതെ കൃപർ ഭോജനും
മറ്റും മഹാരഥന്മാരായ വൈരികൾ
കുറമൊഴിഞ്ഞു പോർചെയ്യുന്ന നേരത്തു
മുറ്റാത ബാലനായുള്ളോരു നിന്നാലെ
മുറ്റും ജയിപ്പാൻ പണിയെന്നറിഞ്ഞാലും"

വ്യൂഹം=അണി. ആഹവം=യുദ്ധം. മേഘവാഹനനന്ദനൻ=അർജ്ജുനൻ. കുമാരൻ=സുബ്രഹ്മണ്യൻ. ആത്തി=ദുഃഖം രിപുക്കൾ=ശത്രുക്കൾ.

ദ്രൌണി=അശ്വത്ഥാമാവ്.

എന്നു സുമിത്രനാം സാരഥി ചൊന്നതു
നിന്നു സുഭദ്രാത്മജൻ കേട്ടു ചൊല്ലിനാൻ
"ഞാനതിബാലനശക്തനെന്നാകിലും
മാനിയാമെന്നുടെ താതനെയോക്ക നീ;
പിന്നെപ്പിതാവുതന്നഗ്രജൻ മാരുതി
സന്നദ്ധനായ ഘടോൽകചൻ ഭ്രാതാവും
മാതുലനായതു മാധവനെന്നല്ല
വാസവൻ മുത്തച്ഛനായതറിഞ്ഞാലും,
ഞാനൊരുത്തൻ പിടിയാതവനെങ്കിലും
പ്രാണൻ കളവതിന്നായുതിയായ്വരും,
പിന്നെപ്പരിഭവിച്ചീടുവാനാളുക-
ളെന്നെക്കുറിച്ചവരുണ്ടെന്നറിക നീ,
എന്നതല്ലായവർ കാരുണ്യമുണ്ടെങ്കി-
ലിന്നു സമസ്തരേയും ജയിച്ചീടുവൻ
പോക പുറപ്പെട്ടുകൊ"ന്നു പാർത്ഥാത്മജൻ
വേഗേന തേരിൽക്കരേറിനാൻ വില്ലുമായ്
പാണ്ഡവസേനയും മെന്നിതു പിന്നാലെ
ഗാണ്ഡീവധന്വാവുതന്മകൻ തന്നോടും;

* * * *

വൻകടൽപോലെ പരന്നിതു വൻപട
ഹുംകാരമാട്ടമടുക്കുന്നതുനേരം
ദിക്കുകളൊക്കെ മറഞ്ഞു പൊടികൊണ്ടു
ചക്രംതിരിഞ്ഞിതു കൌരവസൈന്യവും;

സുഭദ്രാത്മജൻ=അഭിമന്യു. മാരുതി=ഭീമൻ. വാസവൻ=ഇന്ദ്രൻ. ഗാണ്ഡീവധന്വാവ്=അർജ്ജുനൻ.

വില്ലാളിവീരനാം ദ്രോണരെ കണ്ടു
നില്ലാ പട നമുക്കെന്നൊരച്ചീടിനാൻ
പൊല്ലിനാൻ മാറുള്ളവരോടിതു കാണു
നല്ല വരവു ഭയങ്കരമെത്രയും;
എല്ലാവരുമുറപ്പിച്ചു നിന്നീടുവിൻ
നല്ല ഗജങ്ങളെ മുമ്പിൽ നിറ്ത്തീടുവിൻ
വല്ലാത ധൂളിപ്പടകളകറുവിൻ
വല്ലഭമുള്ളവരൊന്നിച്ചുകൂടുവിൻ
ഇത്തരം പൊല്ലിയുറച്ചു ഭരദ്വാജ-
പുത്രനാം ദ്രോണരൊരുമിച്ചു നിറ്ത്തിനാൻ;
മേഘങ്ങൾ മാരിപൊരിയുന്നതുപോലെ
തുകിത്തുടങ്ങീ ശരങ്ങളതുനേരം,
എയ്തെയ്തടുത്തടുത്തർജ്ജുനനന്ദനൻ
പൈതന്യമുള്ള ജനത്തെയൊടുക്കിനാൻ;
ശക്തരായുള്ളവരെത്തിയെതിറ്ത്തുടൻ
ചത്തും മുറിഞ്ഞുമൊഴിച്ചു തുടങ്ങിനാർ;
മെല്ലെമെല്ലെ ക്രമത്താലെയടുത്തടു-
ത്തല്ലൽ മറുതലയുണ്ടെന്നു കണ്ടപ്പോൾ
ആത്തു പദ്മവ്യൂഹമുക്കോട്ട ഭേദിച്ചു
പാർത്ഥാത്മജൻ കരയേറിനാൻ കൂട്ടത്തിൽ;

* * * *

വൻപടക്കൂട്ടത്തിലൻപോടു പുക്കുകൊ-
ണ്ടുമ്പർകോൻതനുടെ നന്ദനനന്ദനൻ

വല്ലഭം=ഉത്സാഹം.

ഉമ്പർകോൻതനുടെ നന്ദനനന്ദനൻ=അഭിമന്യു.

കമ്പം വരുത്തിച്ചമച്ചോരു നേരത്തു
തുമ്പംകലർന്നു ദുരിയോധനനൃപൻ
ആചായ്മനുമരചന്മാരുമൊന്നിച്ചു
ക്ലേശാതെ നിന്നു പോർ ചെയ്യുന്നനേരത്തു
സൌമിത്രി രാവണിയോടു ചെല്ലുംവണ്ണം
സൌഭദ്രനാത്തങ്ങടുത്താനതുനേരം,
കെട്ടുതിരിച്ചിതു വൻപട തൽക്ഷണേ
പെട്ടെന്നു ശല്യാനുജൻ തിരിഞ്ഞീടിനാൻ
വാട്ടമില്ലാത പാത്ഥാത്മജ"നന്തകൻ-
വീട്ടിലിരിക്ക നീ"യെന്നയച്ചീടിനാൻ;
നിശ്വാസമുഖംക്കൊണ്ടതു കണ്ട നേരത്തു
ദുശ്ശാസനനും ദുരിയോധനന്താനും
"കൊല്ലുക വൈകാതിവനെ"യെന്നാനേരം
ചൊല്ലിയടുക്കുന്നതു കണ്ടഭിമന്യു
"നില്ലു നില്ലാകിൽ നൃപതികുലാധമ!
ശല്യാനുജനു തുണയയച്ചീടുവൻ,
പാഞ്ചാലിയെസ്സഭയിങ്കനു നീ പണ്ടു
പൂഞ്ചായൽ ചുറ്റിയിഴച്ചീലയോ ചൊല്ലു
കൊല്ലുവാൻ ഭീമൻ പ്രതിജ്ഞ ചെയ്തീടിനാൻ
വല്ലായ്മയായ്വരും നിന്നെ ഞാൻ കൊല്ലുകിൽ"
എന്നു ചൊന്നു ശരങ്ങൾ തൂകുന്നവ
നെന്നു തരച്ചതു കണ്ടു ദുശ്ശാസനൻ

തുമ്പം=ദുഃഖം. ക്ലേശാതെ=ഭയംകൂടാതെ. സൌമിത്രി=ലക്ഷ്മണൻ. രാവണി=ഇന്ദ്രജിത്ത്. സൌഭദ്രൻ=അഭിമന്യു. പൂഞ്ചായൽ=തലമുടി.

തന്നുടെ സാരഥി തേരുമോടിച്ചകൊ-
ണ്ടിന്നല്ലിതിനെന്നു കൊണ്ടുപോയീടിനാൻ;
അപ്പോഴം തിരിഞ്ഞിതു കണ്ണനവനോടു
കെല്പോടടുത്തു പോർചെയ്താനഭിമന്യു
വില്ലും കൊടിയും കുടയും കുതിരയും
ചൊല്ലിക്കൊണ്ടെയ്തു മുറിച്ചാനതുനേരം
കൂടിനാൻ പേടിയോടാകുലാൽ കണ്ണനു-
മോടാതെ നില്ലുനില്ലെന്നഭിമന്യുവും
ആലിലപോലെ വിറച്ചരിവാഹിനി
മാലത്തിരിച്ചു നടന്നാരതുനേരം;
ശങ്കരന്തന്റെ വരപ്രസാദത്തിനാൽ
ശങ്കകൂടാതെയടുത്താൻ ജയദ്രഥൻ

* * * *

നോക്കിയ നോക്കിയ ദിക്കിലെല്ലാടവും
നീക്കമൊഴിഞ്ഞഭിമന്യുവിനെക്കണ്ടു
വൈരികൾ വിസ്മയപ്പെട്ടു വാങ്ങിടിനാർ
വൈരംകലർന്നു സുഭദ്രാത്മജൻതാനും
നന്നായുണങ്ങിവരണ്ട വനങ്ങളിൽ
തെന്നുടനഗ്നി പിടിപെട്ടതുപോലെ
കൊന്നുകൊന്നൊക്കെയൊടുക്കുന്നതുകണ്ടു
തെന്നു സുയോധനപുത്രനാം ലക്ഷ്മണൻ
തൊന്നാനതു കണ്ടഭിമന്യു കോപിച്ചു
"നന്നായി കണ്ടതു നില്ലുനില്ലിന്നിനി

അരിവാഹിനി=ശത്രുസൈന്യം.

നീന്നുടെ താതന്റെ മുന്നിലിട്ടാശു ഞാൻ
നിന്നെ യമപുരത്തിന്നയച്ചീടുവൻ"
എന്നതു കേട്ടു ദുരിയോധനസുത-
നിന്ദ്രാത്മജസുതനന്നെയെയ്തീടിനാൻ
പൊന്നമ്പണ്ണംതന്നെ ധാർത്തരാഷ്ട്രൻമുമ്പിൽ
കൊന്നുവീഴ്ത്തീടിനാൻ ലക്ഷ്മണൻതന്നെയും,
പത്തു മനസ്സു ദുരിയോധനന്തനി-
ക്കെത്രയുമത്തൽപൂണ്ടാനതു കാണുകയാൽ;
അർണ്ണവമ്പോലെയലറിയഭിമന്യു
തിണ്ണം പൊരുതങ്ങടുക്കുന്നതുനേരം
കണ്ണിലകപ്പെട്ട വൈരികളെയൊക്കെ-
ക്കണ്ണിമയ്ക്കുന്നതിനുമ്പെയൊടുക്കിനാൻ;
കർണ്ണൻ കൃപർ കൃതവർമ്മാ ബൃഹൽബലൻ
ധനുവിയാം ദ്രോണരും പുത്രനുമെന്നിവർ
ആറു മഹാരഥന്മാരുമൊരുമിച്ചു
വീറോടടുത്തു പൊരുതാരതുനേരം,
എല്ലാവരോടും തടുത്തു പോർചെയ്യടൻ
വില്ലാളിവീരൻ ബൃഹൽബലനെക്കൊന്നാൻ,
പൈവരും പിന്നെ വിഷണ്ണരായാകുലാ-
ലയ്യോ! ശിവശിവയെന്നകന്നീടിനാർ;
പാർത്ഥന്നയനും ഭാസ്കരപുത്രനും
പേർത്തുമടുത്തു പോർചെയ്താർ ഭയങ്കരം
അമ്പുകൊണ്ടുകൊണ്ടംഗം പിളർക്കയാൽ
ചെമ്പരുത്തിപ്പൂവുപോലേ ശരീരവും

ധാർത്തരാഷ്ട്രൻ=ദുര്യോധനൻ. അർണ്ണവം=സമുദ്രം. ധനുവി=വില്ലാളി. ഭാസ്കരപുത്രൻ=കർണ്ണൻ. അംഗം=ശരീരം

വൻപോടു ചോരയാൽ മൂടിതിരുവരു-
മുമ്പരും കണ്ടു തെളിഞ്ഞിതായോധനം.

* * * *

ആചായ്യനംഗേശ്വരനോടു ചൊല്ലിനാ-
"നാഥ നീ വില്ലു ചതിച്ചു മുറിക്കണം
നേരോടിവനെപ്പൊരുതു ജയിപ്പതി-
നാരും കരുതായ്ക, വില്ലു നീ ഖണ്ഡിക്കിൽ
അജ്ജുനനന്ദനനെക്കൊലചെയ്വതി-
നിജ്ജനത്തിന്നു പണിയില്ല നിർണ്ണയം;
ദുർജ്ജനധർമ്മമിതെന്നു വരും നമ്മെ-
സ്സജ്ജനം നിന്ദിക്കുമില്ലൊരു സംശയം.

* * * *

എന്നാലുമിന്നിനി പ്രാണനെക്കാപ്പതി-
നിന്നിതു ചെയ്യെന്നു" കേട്ടോരു കർണ്ണനും
പിന്നാടെ ചെന്നൊളിയമ്പെയ്തു ചാപവും
ഖണ്ഡിച്ചിതശ്വങ്ങൾ കൊന്നിതാചായ്യനും
സൂതനെക്കൊന്നു കൂപരുമതുനേര-
മാദിതേയാധിപപുത്രതനയനും
വാളുംപരിചയും കയ്യേറ്റുതുനേരം
ചിലനു പൊങ്ങിനാനാകാശവീഥിയിൽ;
ചെട്ടകൾ കൊണ്ടതുനേരമരികൾക്കു
തട്ടുകേടുണ്ടായതു പറവാൻ പണി

ഉമ്പർ=ദേവകൾ. ആയോധനം=യുദ്ധം.
ആചായ്യർ=ദ്രോണർ. അംഗേശ്വരൻ=കർണ്ണൻ.
ചാപം=വില്ല്. ആദിതേയാധിപപുത്രതനയൻ=അഭിമന്യു.
അരികൾ=ശത്രുക്കൾ.

മേല്പട്ടുനോക്കിനാരെന്തു ഗതിയെന്നു
പേപ്പെട്ട നിന്നിതു കൌരവസൈന്യവും;
വാളുംപരിചയുമെയ്തു ഖണ്ഡിച്ചിതു
ബാണങ്ങൾകൊണ്ടു ഗുരുവുമംഗേശനും;
പാർത്ഥാത്മജൻ പടക്കുട്ടത്തിലന്നേര-
മാത്തടുത്തീടിനാനായുധംകൂടാതെ,
ശക്രാത്മജസുതൻ വിക്രമംകയ്യാണ്ടു
ചക്രവും ധ്യാനിച്ചടുക്കുന്നതുനേരം
ചക്രായുധന്തന്നുപദേശമായോരു
ചക്രം തിരിഞ്ഞടുക്കുന്നതും കാണായി;
വിത്രസ്തരായരിവഗ്മകന്നപോ-
തസ്സുജ്ഞനായ ഗുരുവെയ്തു ഖണ്ഡിച്ചാൻ;
പിന്നെയൊരു ഗദ കയ്യാണ്ടഭിമന്യു
കൊന്നാൻ ഗജതുരഗാദികളന്തമെയും
തച്ചുതകർത്തു പൊടിച്ചു രഥങ്ങളു-
മച്യുതന്തന്റെ മരുമകനായവൻ.

* * * *

ദുശ്ശാസനസുതനായ ഭരതനും
വിശ്വൈകവീരനോടെയ്തടുത്തീടിനാൻ
മാരിനേരായ ശരങ്ങൾ വരുന്നവ
നേരേ ഗദകൊണ്ടു തട്ടിത്തകർത്തവൻ
പാഞ്ഞടുത്തൊന്നടിച്ചാനവൻ തേരുമ-
ങ്ങാഞ്ഞു പിടിച്ചു ഗദകൊണ്ടടിച്ചുട-
നൊക്കെത്തകർത്തു പൊടിച്ചാൻ ഭരതനു-
മുൾക്കരുത്തോടു കയ്യാണ്ടാനൊരു ഗദ,

ചക്രായുധൻ=ശ്രീകൃഷ്ണൻ. വിത്രസ്തർ=ഭയപ്പെട്ടവർ.

തങ്ങളിൽപ്പിന്നെഴുതകൊണ്ടു ചെയ്ത പോ-
രിങ്ങനെയെന്നു പറവാൻ പണിപണി,
പാരം പരപ്പിൽ പറയുന്നതെന്തിനു
പോരിൽ മരിച്ചാരിരുവർ കുമാരരും;
ഹാഹാ ശിവശിവയെന്നു മഹാജനം
ഹാഹാ ഹരിഹരിയെന്നുരച്ചിടിനാർ.

താപവും കോപവും

വൃത്രാരിപുത്രനു പുത്രൻ മരിച്ചോരു
വൃത്താന്തമത്യാകുലത്തോടു കേട്ടപോ-
ലുത്തരിലുണ്ടായ ദുഃഖം പറവതി-
നിത്രിലോകത്തിങ്കലാർക്കുമാമല്ലെടോ!

* * * *

"അയ്യോ! മകനേ കുമാര! മതിച്ചിതോ
നീയെന്നെയിങ്ങനെയാക്കിച്ചമച്ചിതോ?
സൂര്യസമാന സുകുമാര സുന്ദര!
ശൂര സുഭദ്രാത്മജ മമ നന്ദന!
ഹാഹാ പൊറുക്കുന്നതെങ്ങനെ നിന്നുടെ
ദേഹമെൻ കൺകൊണ്ടു കാണാതെ ഞാനിനി!
ഹാഹാ മറപ്പതെന്തെന്തു ഞാൻ പൈതലേ!
ഹാഹാ വൃഥാഫലമായിതെപ്പേരുമേ;
വേണ്ടീലെനിക്കിനി യുദ്ധവും രാജ്യവും
വേണ്ടീല ഭൂമിയിൽ വാഴ്ചയുമിന്നി ഞാൻ

വൃത്രാരിപുത്രൻ=അർജ്ജുനൻ.
എപ്പേരും=സർവ്വവും.

പ്രാണൻ കളയുന്നതുണ്ടെന്നു" ഫൽഗുനൻ
വീണു മുറയിട്ടന്നേരത്തു കൃഷ്ണനും
"മൂഢരെപ്പോലെ ചമയുന്നതെന്തു നീ
തേടൊലാ ചാപല്യമേതുമേ മന്നവ!

* * * *

രാജധർമ്മങ്ങൾ നിരൂപിക്കിലിന്നതി-
വ്യാജേന പങ്കജവ്യൂഹത്തിലായൊരു
ബാലനെയഞ്ചാറുപേർ കൂടൊർമിച്ചു
കാലപുരത്തിന്നായപ്പാനവകാശം
അന്തകവൈരിവരപ്രസാദത്തിനാൽ
സിന്ധുപതിയാം നൃപനല്ലോ കാരണം,
പെണ്ണുങ്ങളെപ്പോലെ ദുഃഖിച്ചിരിയാതെ
തിണ്ണമടുത്തു ജയദ്രഥനന്നുടെ
കണ്ണും മുറിപ്പതു തക്കതിതി"നെന്നു
കൊണ്ടൽനേർവർണ്ണനരുൾചെയ്തനന്തരം
ചാരുനയനങ്ങൾ ചെങ്കിമറിഞ്ഞിതു
ഘോരം പുരികം ഞെരിഞ്ഞുവളഞ്ഞിതു
പാരം വിറച്ചു ചമഞ്ഞു തിരുവുടൽ
ശൂരനായുള്ള കിരീടികിരീടവും
സൂര്യപ്രഭമായെരിഞ്ഞിളകീ തുലോം
കായ്മംവിഷമത്തിലായീ സമസ്തവും;
നിജ്ജരനായകനന്ദനനാകിയോ-
രർജ്ജുനന്തന്നുടെ ഖേദകോപങ്ങളാൽ

അന്തകവൈരിവരം=ശിവന്റെ വരം സിന്ധുപതി=ജയദ്രഥൻ. കിരീടി=അർജ്ജുനൻ. നിജ്ജരനായകൻ=ദേവേന്ദ്രൻ.

ഉജ്ജ്വലിച്ചുള്ളൊരു തേജസ്സു കാണുകയാൽ
സജ്ജരന്മാരായ് ചമഞ്ഞിതു ലോകരും.

ദുശ്ശാസനവധം

പടയ്ക്കു സങ്കടം പെരുത്തതു കണ്ടു
കടുക്കനേ ദുശ്ശാസനനുമെത്തിനാൻ;
മദിച്ചൊരാനയോടെതിർത്ത സിംഹത്തെ-
ക്കണക്കെ മാരുതി കുതിച്ചുപാഞ്ഞുടൻ
"കൊതിച്ചിരുന്നിതിങ്ങടുത്തു കാണ്മാൻ ഞാൻ
ചതിക്കൊല്ലായിനിപ്പൊടുക്കനവെ നീ
കരുത്തു കാട്ടുവാൻ മനസ്സുണ്ടിനൊന്റെ
കരത്തിന്റെ ഫലം വരുത്തേണമെടോ!"
ഗിരിവരോപരി വരിഷിക്കുമ്പോലെ
ശരവരിഷംചെയ്തിരുവരുമൊപ്പം
പൊരുത പോരുതൻ കടുമ ചൊല്ലുവാ-
നരുതരുതേതുമനിലനന്ദനൻ
വിരവിനോടുകൂടടുത്തു ചൊല്ലിനാൻ
"വരിക വന്മദംകലന്ന ദുർമ്മതേ!
പരിമിഴിയാളാം ദ്രുപദപുത്രിതൻ
പുരികുഴൽ പുറിപ്പിടിച്ചിഴച്ചതും
തെരുതെരെത്തുകിലഴിച്ചതുമോരോ
പരിഭവം ഞങ്ങൾക്കകപ്പെടുത്തതും
മറന്നതില്ല ഞാനതിന്നു നിന്നുടൽ
നരസുരാസുരർ പലരും കാണവേ

സജ്ജരന്മാർ=ഭയപ്പെട്ടവർ. മാരുതി=ഭീമൻ ഗിരിവരോപരി=മലയിന്മേൽ. അനിലനന്ദനൻ=ഭീമൻ. ദ്രുപദപുത്രി=പാഞ്ചാലി.

അടലിടെക്കത്തിപ്പൊടിപ്പനിപ്പൊഴെ"-
ന്നിടിവെട്ടംവണ്ണം പൊടുപൊടെയാത്താൻ;
കുതിരകളെക്കൊന്നൊടുക്കി സൂതനെ-
ക്കൊലചെയ്തു തേരുമഴിച്ചാൻ മാരുതി;
ദുഡപ്രജ്ഞൻ ദുശ്ശാസനനും കോപമോ-
ടടുത്തു ശക്തികഠം ശരങ്ങഠം ചക്രങ്ങഠം
പൊഴിഞ്ഞു ഭീമൻമൈ മുറിച്ചു തേരതു-
മഴിച്ചു ചാടിയൊന്നിടിപോലെയാത്താൻ;
എടുത്തിതു ഗദ പുനരിരുവരും
നടിച്ചു തങ്ങളിൽ പൊരുത പോർപോലെ
അടുത്തൊരു യുദ്ധം നടിച്ചുണ്ടായതി-
ല്ലുടൽക്കളമൊക്കെപ്പൊടിച്ചിരുവരും
അടിച്ചാരന്യോന്യം തടുത്താർ പിന്നെയും
കൊടുത്തുകൊള്ളുവാൻ പഴുതു നോക്കിയും
കൊടുത്തു കൊള്ളാതെകഴിപ്പാൻ നോക്കിയും
തടുത്തു വാങ്ങിയുമടുത്തു തുങ്ങിയും
നടിച്ചിരുവരും പൊരുതതുനേരം
പൊടിച്ചിതു ദുശ്ശാസനനുടെ ഗദ
പിടിച്ചാനന്നേരമണഞ്ഞു ഭീമനെ-
ക്കടിച്ചും മുഷ്ടികഠം ചുരുട്ടിക്കുത്തിയും
പൊടിച്ചൊഴുകിന രുധിരം കൈകൊണ്ടു
വടിച്ചു വീഴ്ത്തിയും മിഴിയിലെച്ചോര
തുടച്ചും മുഷ്ടികൊണ്ടിടിച്ചും പല്ലുകഠം
കടിച്ചുമൂഴിയിൽ പതിച്ചുമപ്പൊഴേ

പതിച്ചും=വീണും.

പുരണ്ടെഴുനീറും തിരണ്ട കോപത്താ-
ലുരുണ്ട കണ്ണിണ പൊടിയാൽ മൂടിയും
കഴത്തിൽ കൂത്തുമുത്തിരിക്കുന്ന നഖം
പതിച്ചും വായ്പൊട്ട പറിച്ചുമെത്രയും
തിരിച്ചു കമ്പംകെട്ടിയും ചരണങ്കൾ
ഞെരിച്ചും കൈത്തലം തിരിച്ചുമാകുലാൽ
പറിച്ചുമൂക്കൊട്ട തലമുടി പോര-
തെറിച്ച നാലുദിക്കിലും ചിതറിയും
ഉരത്തൊട്ട പാഞ്ഞുമുരസ്സു തങ്ങളിൽ
കരത്തൊട്ടുകരമുരച്ചുമൂഴിയിൽ
ഉറച്ചുനിൽക്കയും ചവിട്ടുകൊണ്ടുപോയ്
തെറിച്ച വീണുപോയുരുണ്ടുമപ്പൊഴേ
ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്നു ചിലർ
ജയം വരും വൃകോദരനെന്നു ചിലർ
ഭയം കളഞ്ഞു കാങ്കടവെന്നു ചിലർ
ഭയം വരും കണ്ടാലെനിക്കെന്നു ചിലർ
ഭയങ്കരമിതു സമരമെന്നെല്ലാം
പറഞ്ഞു തങ്ങളിൽ വിവാദിക്കുന്നേരം
കുറഞ്ഞൊന്നു മാറിക്കളഞ്ഞു മാരുതി
ചുവട്ടിൽ മാറിനിന്നടി രണ്ടും വാരി-
ച്ചുവട്ടിലാക്കി മേൽക്കരയേറിക്കര-
മമർത്തു നന്നായിച്ചവിട്ടിനിന്നുകൊ-
ണ്ടമർത്ത്യമർത്ത്യന്മാർ പലരും കാണവേ

തിരണ്ട=വർദ്ധിച്ച. ഉരസ്സ്=മാറിടം. വൃകോദരൻ=ഭീമൻ. അമർത്ത്യമർത്ത്യന്മാർ=ദേവകളും മനുഷ്യരും.

ചളിപ്പു കൈവിട്ടങ്ങെടുത്തു കൈവാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും
തുടുതുടെപ്പൊടിച്ചുടനുടനുടൻ
ചുടുചുടെത്തിളച്ചരുവിയാർപോലെ
തുടുതുടെ വന്ന രുധിരപൂരത്തെ-
ക്കുടുകുടെക്കുടിച്ചലറിച്ചാടിയും
പെരുവെള്ളമ്പോലെ വരുന്ന ശോണിത-
മൊരുതുള്ളിപോലും പുറത്തു പോകാതെ
കവിണ നന്നായിക്കിടന്നുകൊണ്ടുടൻ
കവിഞ്ഞടം നന്നായ് നിറച്ചിറക്കിയും
മദിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ
"മതിയ്ക്കുന്നു നാവുമുരവുമെല്ലാം"
കുടർമാല മെല്ലെന്നൊടുത്തുകൊണ്ടുടൻ
തുടർമാലപോലെ കഴുത്തിലിട്ടുകൊ-
ണ്ടടൽക്കളമെല്ലാം പൊടിപെടുംവണ്ണ-
മുടനുടൻ ചാടിത്തുടമേലേ തച്ചും
"പശുസമർ പാണ്ഡുസുതന്മാരെന്നല്ലോ
പറഞ്ഞിതു മുന്നം പലരും കേട്ടുകവേ
പരിഹാസത്തൊടു മദിച്ചു കൈകൊട്ടി-
ച്ചിരിച്ചു കൂത്താടി നടന്നു നിങ്ങളും
പശുസമന്മാർ കൌരവരെന്നിക്കാലം
പറഞ്ഞുഞാൻ താനുമിതാ കൂത്താടുന്നോൻ;
ഇനിയിക്കള്ളന്മാർകുലത്തിൽ മൂത്തവ-
നെനിക്കൊരു നാളെക്കളിക്കുണ്ടായ്വരും,

ചളിപ്പ്=മടി. രുധിരപൂരം=രക്തപ്രവാഹം. മതിയ്ക്കുന്നു= മധുരിച്ചു. ഒരു നാളെക്കളിക്കു=ഒരു ദിവസത്തെ കളിക്കു.

പൊരുതവനെയുമൊടുക്കി രാജ്യവും
പൊരുളും നൽകുവനരചനുതന്നേ
പൊടുക്കനവെ''യെന്നരത്ത മാരുതി
നടിച്ച നത്കിയൊട്ട കലന്നൊരു
നടപ്രവരനെക്കണക്കെ മത്തനായ്
നരഹരി ഹിരണ്യനെപ്പിളന്നൊരു
കുരുതിയുമണിഞ്ഞിരിപ്പതുപോലെ
നടക്കുന്നനേരമടൽക്കളമെല്ലാം
പൊടിച്ച മാറാരെയൊടുക്കി വേഗത്തിൽ
കുരുവരസഹോദരന്മാരും വന്നു
പൊരുതാർ, മാരുതിയവരെയും കൊന്നാൻ;
പെരുത്ത ദുഃഖവും ഭയവും കയ്ക്കൊണ്ടു
കുരുക്കളൊക്കവേ തിരിച്ചുമണ്ടിനാർ.

ഗാന്ധാരീവിലാപം

"കണ്ടീലയോ നീ മുകുന്ദ ധരിണിയി-
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ,
തൻകരിവീരനരികെ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ!
നല്ല മരതകക്കല്ലിനോടൊത്തോരു
കല്യാണരൂപൻ കുമാരൻ മനോഹരൻ

പൊരുതം=സ്വത്ത്. കുരുതി=രക്തം. മാറാർ=ശത്രുക്കൾ. ധരണി=ഭൂമി കരിവീരൻ=ആന. സംക്രന്ദനാത്മജൻ=അ ർജ്ജുനൻ ശോണിതം=ചോര.

ചൊല്ലെഴുമജ്ജുനന്തന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ
കൊല്ലാതെകൊള്ളാഞ്ഞതെന്തവൻതന്നെ നീ?
കൊല്ലിക്കയത്രേ നിനക്കു രസമെടോ!
അല്ലലാകുന്നിതേ കണ്ടതോറുമെനി-
ക്കെല്ലായിലും, പൊളിയല്ലിതു ദൈവമേ!
മന്ദസ്മിതംപൂണ്ട സുന്ദരമാം മുഖ-
മിന്ദിവരേക്ഷണ! കണ്ടാൽ പൊറുക്കുമോ?
എത്രയും ബാലയായ്മേവിനോരുത്തര
ചിത്തമുഴന്നാലറുന്നതു കാണ്ക നീ,
സുന്ദരിയായ സുഭദ്രയും ഭ്രമിയിൽ
ക്രന്ദനംചെയ്തരുളുന്നതും പാക്ക നീ,
അല്ലൽപൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതു നിന്മാനസേ?
കല്ലുകൊണ്ടോ മനം താവകമെങ്കിലു-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ;
അല്ലേ ഘടോൽകചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം
നീലമലപോലെ കണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരിപുക്കാൻ;
കണ്ണും മുറിഞ്ഞ ജയദ്രഥനന്നുടൽ
കണ്ടാലുമജ്ജുനനെയ്ത ശരത്തിനാൽ

എല്ലായിലും=എല്ലാററിലുമധികം. ഇന്ദീവരേക്ഷണൻ=കരിങ്കുവളപ്പൂപോലെ കണ്ണുകളുള്ളവൻ. ക്രന്ദനം ചെയ്യുക=കരയുക. ആർദ്രത=ദയ.

എന്മകൾ ദുശ്ശള കേഴുന്നതോർത്തെനി-
ക്കെന്മനം വെന്തുരുകുന്നു ശിവശിവ!
ദ്രോണരെസ്സംസ്മരിപ്പിച്ച നിലമതാ
കാണുന്നു ഭാരുണമായതതല്ലയോ?
ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേറവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മറ്റൊരുത്തന്നു തോന്നീടുമോ മാനസേ
മുറ്റുമിവനൊഴിഞ്ഞാക്കിൽ മഹാമതേ!
അയ്യോ പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെന്മകൻ
മാരുതി കീറിപ്പിളർന്നു കുടിച്ചൊരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ!
നീയെന്തിവണ്ണമെൻ മാധവ! കാട്ടുവാൻ
തീയിതാ കത്തുന്നിതെന്നുള്ളിലീശ്വര!
മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെന്മാനസേ ഗോപതേ!
എന്റെ മകൻ ദുരിയോധനൻ തന്മകൻ-
തന്റെ ശരീരമതല്ലോ ദയാനിധേ!
ലക്ഷണമുള്ളോരു പൈതലാമെന്നുടെ
ലക്ഷ്മണ! നീയും ചതിച്ചിതോ ഞങ്ങളെ?
കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളേയെനിക്കെന്തിതു തോന്നുവാൻ?
കണ്ണനാമംഗനരാധിപനെന്നുടെ
ഉണ്ണികൾക്കേറവും പ്രധാനനായുള്ളവൻ

ധൃഷ്ടത=അഹങ്കാരം. ഗോപതി=ശ്രീകൃഷ്ണൻ.

കുണ്ഡലമറ്റതാ വേറെ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു,
വില്ലാളികളിൽ മുമ്പുള്ളവന്തന്നുടെ
വില്ലതാ വേറേ കിടക്കുന്നിതീശ്വര!
കണ്ടാൽ മനോഹരനാമവന്തന്നുടൽ
കണ്ടാലുമമ്പോട്ടു നായും നരികളും
ചെന്നു കടിച്ചുവലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരു കാരണം ദൈവമേ!
പൂരിച്ച ഖേദാൽ കരം മടിയിൽ ചേർത്തു
ഭ്രരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ
ഉന്മൂലനാശനകാരണനാകിയ
ദുർമ്മതിവീരൻ ശകുനിയുടെയുടൽ
പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാൻ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ!
ഉണ്ണി മകനേ ദുരിയോധന! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർകോനൊത്തോരു വൻപും പ്രതാപവും
ഗംഭീരമായോരു ഭാവവും ഭംഗിയും
ഇട്ടുംകളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചുപൊയ്പ്പോണ്ടതെന്തു നീ?
പൊട്ടന്നിതെന്മനം കണ്ടിതെല്ലാമഹോ!

ഗണ്ഡസ്ഥലം=കവിൾത്തടം. പൂരിച്ച=വർദ്ധിച്ച. പ്രണയിനി=ഭാര്യ. പക്ഷം=ഇഷ്ടം.

പട്ടു കിടക്കമേലേ കിടക്കുന്ന നീ
പെട്ടു കിടക്കുമാറായിതു പോരയിൽ
പുഷ്ടകോപത്തോടു മാരുതി തച്ചുടൽ
പൊട്ടിച്ചു കാലുമൊടിച്ചു കൊന്നിങ്ങനെ;
കണ്ടുകൂടായെനി"ക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ,
പിന്നെ മോഹിച്ചാളുണർന്നാൾ പൊട്ടുക്കനെ,
ഖിന്നതപൂണ്ടു കരഞ്ഞവൾ ചൊല്ലിനാൾ:
"ഇത്ര കുടിലതപമുണ്ടായൊരുത്തനെ
പൃത്ഥിയിലിങ്ങനെ കണ്ടിലകേശവ!
പാണ്ഡായൊരുപുറം നിന്നു നീ പോരതിൽ
നീണ്ടാതഭിമാനികളായ ഭൂപരെ
രണ്ടുപുറത്തുമുള്ളോർകളെക്കൊല്ലിച്ചു -
കൊണ്ടതു മറാരുമല്ല നീയെന്നിയെ,
എന്തിനു മറുള്ളവരെപ്പറയുന്നു
ചിന്തിക്കിൽ നിന്മറിമായമിതൊക്കയും"
ഗാന്ധാരി പിന്നെയും ചൊന്നാൾ മുകുന്ദനോ-
"ടാന്തരമിത്രയുള്ളോരു നീയും തവ
വംശവുംകൂടെ മുടിഞ്ഞുപോമില്ലൊരു
സംശയം മൂന്നു പന്തീരാണ്ടു ചെല്ലുമ്പോൾ"
"അങ്ങനെതന്നേ വരേണമെന്നുള്ളതു-
ണ്ടിങ്ങെനിക്കും മനക്കാമ്പിൽ സുബലജേ!
നന്നായിതു ഭവതിക്കുമെനിക്കുമ-
തൊന്നുപോലെ മതമായതുമീശ്വരൻ!"

ശ്രീമഹാഭാരതം

പെട്ട്=മരിച്ച്. കുടിലതപം=കള്ളത്തരം. പാണ്ഡ്=സഹായം. ആന്തരം=പക്ഷഭേദം. സുബലജ=ഗാന്ധാരി.

താടകാവധം

പെരിയ മല കരചരണയുഗളങ്ങളെദ്ധരിച്ചുകൊണ്ടു
വരുന്നപോലെ രജനിചരിവരവു കണ്ടു പറഞ്ഞു മുനി
"നരഭോജിനിയിത താടക വരുന്നു ദശരഥതനയ!
ശരം തൊടുക്ക വിരവിനൊട്ട രാമ രഘുനാഥ ജയ.
അതിചുവന്ന തലമുടിയും വലിയ ഗ്രഹകണക്കെ വായും
ചുവന്ന വട്ടപ്പരിശപോലെ ചുവന്നകണ്ണിന്മിഴികളണ്ടും
പെരിയ വല്ലംകണക്കെ വയറരിയ പദക്രമണംകൊണ്ടു
ധരണീതലം കുലുക്കി വന്നു രാമ രഘുനാഥ ജയ. (ണ്ടു
വീണടിഞ്ഞ മുലകൾകൊണ്ടങ്ങാഞ്ഞടിക്കുമടികൾകൊ
പാഞ്ഞു മൃഗപടലി ദിശി ചാഞ്ഞു തരുനികരങ്ങളും
പാഞ്ഞുവന്നുപിടിച്ചു തൻറെ പ്രാണങ്ങളെക്കളയും മുൻപേ
ബാണംകൊണ്ടു കൊടുക്കുരസി രാമ രഘുനാഥ ജയ.
കരുത്തിയെന്നു നിനച്ചു നീയും വധിപ്പതിന്നു മടിക്കവേണ്ട
പെരുത്ത ദുഷ്ടവധം നിനക്കു വിധിച്ച വിധിയിതെന്നറിക
തടിച്ചി വന്നു പിടിച്ചു നമ്മെക്കടിച്ചു തിന്നുന്നതിനു മുമ്പെ
കൊടുക്കുരസി വിശിഖംകൊണ്ടു രാമ രഘുനാഥ ജയ.
ഭ്രമണ്ഡലം വിഴുങ്ങുവാനായ് വാ പൊളിക്കുമസുരസുത
ദീപ്തജിഹ്വ വിഹതയായി വാസവനാലൊരു ദിവസം
ലോകം മുന്നമനിന്ദ്രമാവാൻ സേവിക്കുന്ന ഭൃഗുപതിയെ
വാസുദേവൻ കഴിച്ച പണ്ടു രാമ രഘുനാഥ ജയ.

കരചരണയുഗളങ്ങൾ=ഈരണ്ടു കയ്യും കാലും. രജനിചരി=രാക്ഷസി താടക. മുനി=വിശ്വാമിത്രൻ. നരഭോജിനി=മനുഷ്യരെത്തിന്നുന്നവൾ. പദക്രമണം=കാൽച്ചുവടു്. മൃഗപടലി=മൃഗസമൂഹം. തരുനികരങ്ങൾ=വൃക്ഷസമൂഹങ്ങൾ. ഉരസി=മാറിൽ. വിശിഖം=ശരം. വിഹതയായി=കൊല്ലപ്പെട്ടു. വാസവൻ=ദേവേന്ദ്രൻ. അനിന്ദ്രം=ഇന്ദ്രനില്ലാത്തതു്. കഴിച്ചു=വധിച്ചു.

മൂത്ത വരപരശുകൊണ്ടു ഭാർഗ്ഗവനും മുറിച്ചു നിജ-
ധാത്രിയുടെ കഴുത്തു പണ്ടിതോക്കെ ഹൃദി രഘുതിലക!
പാക്കരുത കുലയ്ക്ക വില്ലു മേക്ക നല്ല പവഴിതന്നിൽ
രാക്ഷസിയെക്കഴിക്ക ശിവരാമ രഘുനാഥ ജയ.
പിടിച്ചുകൊണ്ടു കടിച്ചു തിന്നുന്നവർകളുടെ കൂടരുനിണ-
മുടലിലണിഞ്ഞിത വരുന്നു തടിച്ചുയർന്ന രജനിചരി
തൊടുക്ക ശരം ചെവികഴിയെ വലിച്ചു നോക്കീട്ടടനയയ്ക്ക
മടിക്കരുത മനുതിലക! രാമ രഘുനാഥ ജയ."
ഇത്ഥം മുനിവചനം കേട്ടു പെൺകൊലയിലുദിച്ച കൃപ
തൻശരത്തിനുനമേൽവച്ചിട്ടൻപിനോടെ വലിച്ചൊ
(ന്നെയ്തു
അമ്പുകൊണ്ടു രജനിചരി മുൻപിൽതന്നെ മരിച്ചുവീണു
വൻപിച്ചൊരു മലകണക്കെ രാമ രഘുനാഥ ജയ.

വിരഹതാപം

പ്രണതജനപാലൻ ദശരഥതനുജൻ
പ്രണയിനിയെ വേറായളവഴലെരിഞ്ഞും
മനസിജശരാർത്ത്യാ മനമുരുകി ചൊന്നും
സകലജനബന്ധു പരമശിവ ശംഭോ!

മൂത്ത=മൂപ്പുള്ള. വരപരശു=വെണ്മഴു. ഭാർഗ്ഗവൻ=പരശുരാമൻ. നിജധാത്രീ=തന്റെ അമ്മ രേണുക. പാക്കരുത്=അമാന്തിക്കരുത്. പവഴി=ശരം. രജനിചരി=രാക്ഷസി. ചെവികഴിയേ=കാതോളം.

പ്രണതജനപാലൻ=ഭക്തരക്ഷകൻ. ദശരഥതനുജൻ=ശ്രീരാമൻ. പ്രണയിനി=ഭാര്യ—സീത. മനസിജശരാർത്ത്യാ=കാമശരദുഃഖത്താൽ.

ചടുലമിഴി സീതാമിടയിടെ വിളിച്ചും
തടമുലകൾ പുൽകാഞ്ഞുടലണി വിയത്തും
കൊടിയ നെടുവീപ്പും തിരുമിഴിയിൽ ബാഷ്പം
തടവീയൊഴുകിച്ചും പരമശിവ ശംഭോ!
മമ തരുണി സീതേ! പുനരെവിടെ നീ പോ-
യരികിൽ മമ വാ വാ സകലഗുണപൂർണ്ണേ!
തവ മുഖസരോജം തരളമിഴി! കാണാ-
ഞ്ഞഴൽ മനസി പാരം പരമശിവ ശംഭോ!
കനകമൃഗത്തുണ്ണാ പെരുത്തു പുനരീരങ്കിൽ
കഴിവതിനുമുണ്ടെന്നാറിക മമ സീതേ!
കമലമുഖി! ചന്ദ്രേ ഹരിണമിത വാവാ
കലഹമിഹ പോരും പരമശിവ ശംഭോ!
മൃഗതരുണിമാലേ! വരികരികിൽ ബാലേ!
മൃഗനയനമാരാഭരണമണി സീതാ
കമലമുഖി ദീനാ പുനരെവിടെ ലീനാ
പറക പരമാത്മം പരമശിവ ശംഭോ.
കുരരി ബത നീയും വയമിവ ചമഞ്ഞോ
പ്രലപസി നിതാന്തം തനുരുചി കുറഞ്ഞും
പ്രിയതമയെയും ഞാൻ വനഭുവി തിരഞ്ഞി-
ങ്ങുഴലുവതിനാഞ്ഞു പരമശിവ ശംഭോ!

സീതാം=സീതയെ. ബാഷ്പം=കണ്ണീർ. കനകമൃഗത്തുണ്ണാ=പൊന്മാനിലുള്ള് ആഗ്രഹം. ചന്ദ്രേ=ചന്ദ്രനിൽ. ഹരിണം=മാൻ. മൃഗതരുണിമാലേ=വിശേഷപ്പെട്ട മാൻപേടേ! മൃഗനയനമാരാഭരണമണി=സുന്ദരീരത്നം. ലീനാ=ഒളിച്ചു. കുരരി=കുരിൽപ്പക്ഷിപ്പിടി. വയമിവ=നമ്മെപ്പോലെ. പ്രലപസി=നീ പ്രലപിക്കുന്നു. തനുരുചി=ശരീരശോഭ.

തുളസി! നറുമുല്ലേ! മുല്ലതനുവല്ലീ!
പരിലസിതചില്ലീയുഗചലിതമല്ലീ
ലതകുലകെല്ലാമഴകിനൊടു വെല്ലു-
ന്നവളരികിലില്ലേ? പരമശിവ ശംഭോ!

ഫലഭരണനമ്രാ ബകുളപനസാമ്രാ
മധുരതരമാമ്രാതക! പരകൃ കമ്രാ
കുചഭരണനമ്രാ മമ തരുണി താമ്രാ-
ധരിയെവിടെ ലീനാ പരമശിവ ശംഭോ!

സ്ഥിരചരജനിത്രീ! വദ വദ ധരിത്രീ!
തവ മഹിതപുത്രീ മധുരതരഗാത്രീ
മമ സുഖജനിത്രീ സുചരിത കളത്രീ-
കൃതയെവിടെ ലീനാ? പരമശിവ ശംഭോ!

അളിപടലമേ! കേളുവളഗതിയെങ്ങോ?
നളിന! വദ നീയും നളിനമുഖിയെങ്ങോ?
കിളി! കുയിലു! കേകീ! കളവചനയെങ്ങോ?
അഴൽ മനസി പാരം പരമശിവ ശംഭോ!

മുല്ലതനുവല്ലീ=സുകുമാരശരീരേ! പരിലസിതചില്ലീയുഗചലിതമല്ലീ ലതകുലം=വള്ളികളെ മനോഹരമായ പുരികങ്ങൾകൊണ്ട് ചലിപ്പിച്ചിരിക്കുന്നു, ഇല്ലേ? ഫലഭരണനമ്രാഃ ബകുളപനസാമ്രാഃ=കായ്കളുടെ കനംകൊണ്ടു താണ ഇലഞ്ഞിപുലാവുമാവുകളേ! ആമ്രാതക=അമ്പാഴമേ! കമ്രാ=സുന്ദരി. താമ്രാധരീ=ചുവന്ന ചുണ്ടുള്ളവൾ. ലീനാ=ഒളിച്ചു. സ്ഥിരചരജനിത്രീ=ചരാചരങ്ങളുടെ അമ്മ. വദ വദ=പറയു പറയു. ധരിത്രീ=ഭൂമിദേവി. കളത്രീകൃത=ഭാര്യയാക്കിയവൾ. അളിപടലം=വണ്ടിൻചാത്ത്. നളിന വദ=താമരേ! പറയു. കേകീ=മയിലേ! കളവചന=മധുരമൊഴി.

കമലമിഴി ഘോരേ പയസി മുഴുകിപ്പോയ്
കരമതിഹ കാണായനുജ കരയേറീ-
ടരിക രഘുനാഥാ കരകമലമല്ലേ
ജലകമലമത്രേ പരമശിവ ശംഭോ!
കമലവനമദ്ധ്യേ കളമൊഴിചിലമ്പിൻ
കളകളനിനാദം ചെവിയിലിത കേൾക്കായ്
പദകമലമഞ്ജീരജനിനദമല്ലേ
കരകയരയന്നം പരമശിവ ശംഭോ!
വദനമിത കാണായ് വിയതി രമണീയം
മുഖകമലമല്ലേ മുഴുമതിയിതത്രേ
വിപിനഭുവി സീതാവചനമിത കേൾക്കാ-
യത്ര പികനിനാദം പരമശിവ ശംഭോ!
വിപിനഭുവി വീക്ഷൻ മുകുളഭരവല്ലീം
യുവതികുചബുദ്ധ്യാ പുണരുവതിനാഞ്ഞും
സജലകമലാക്ഷന്നനുജനിടയിൽ ചെ-
ന്നരുതരുതിതെന്നും പരമശിവ ശംഭോ!
തരുതടമിതല്ലോ തണലിലിഹ പോരേ
ശശികിരണമത്രേ കൊടുവെയിലിതല്ലേ

ഘോരേ പയസി=പെരുവെള്ളത്തിൽ. പദകമലമഞ്ജീരജനിനദം=കാൽച്ചിലമ്പിന്റെ ശബ്ദം. വദനം=മുഖം. വിയതി=ആകാശത്തിൽ. വിപിനഭുവി=കാട്ടിൽ. പികനിനാദം=കുയിലിൻ ശബ്ദം. വിപിനഭുവി മുകുളഭരവല്ലീം വീക്ഷൻ=കാട്ടിൽ മൊട്ടുള്ള വള്ളി കണ്ട്. യുവതികുചബുദ്ധ്യാ=സ്ത്രീയുടെ സ്തനമെന്ന വിചാരത്താൽ. സജലകമലാക്ഷൻ=കണ്ണിൽ വെള്ളം നിറഞ്ഞവൻ. തരുതടം=മരച്ചുവട്. ശശികിരണം=ചന്ദ്രരശ്മി.

ഹിമകരനുദിച്ചാൽ വപുഷി ചുട്ടമോ മേ
അതു മദനതാപം പരമശിവ ശംഭോ!
വിരഹമപി വിദ്ധ്യാവയസി സഹവാസാ-
ദതികലഹമുദ്ദേ വരികരികിൽ നിദ്ദേ!
സകലജനഭദ്ദേ! മയി തവ ഹൃദാർദ്രം
കുരു കൃപ വിനിദ്ദേ പരമശിവ ശംഭോ!
രഘുവരനിവണ്ണം വിരഹതുയിർ പൂണ്ടും
ജനകനൃപപുത്രീമിടയിടെ വിളിച്ചും
വിളിയവളു കേളാഞ്ഞരിശമകതാരിൽ
പെരുകിയുമനേകം പരമശിവ ശംഭോ!
ദശവദനവീരം പ്രതി കുപിതനായി-
ക്കുലമില കുലച്ചും മഹിത ചെറുഞാണിൻ-
ധ്വനികളം മുഹുരിട്ടും ത്രിജഗതി രിപൂണാ-
മഴൽ മനസി ചേർത്തും പരമശിവ ശംഭോ!
കമലനിര കാണുന്നാളവരിയ കണ്ണും
പരിചിനൊട്ടു ചേർത്തും തെരുതെരെ നടന്നും
മലയപവമാനൻ വരുമളവിലയ്യോ!
മരണമുടനെന്നും പരമശിവ ശംഭോ!

ഹിമകരൻ=ചന്ദ്രൻ. വപുഷി=ശരീരത്തിൽ. വിരഹമപി. വേർവാടിനെയും. വിദ്ധ്യാവയസി=ഓടിക്കുന്നു. അതികലഹമുദ്ദേ= ഏറ്റവും കലഹസ്വഭാവമുള്ളവളേ! മയി=എന്നിൽ. തവ ഹൃൽ ആർദ്രം കുരു=നിന്റെ മനസ്സിനെ ദയയുള്ളതാക്കിത്തീർക്കു. തു യിർ=ദുഃഖം. ദശവദനവീരംപ്രതി=രാവണനെക്കുറിച്ച്. കുലചി ല=കുലച്ചവില്ല്. രിപൂണാം=ശത്രുക്കൾക്ക്. മലയപവമാനൻ= തെക്കൻകാറ്റ്.

വനഭുവി നടന്നും ദിശിദിശി തിരഞ്ഞും
അനുജനെ മറന്നും പലവഴി പറഞ്ഞും
ചിലകുറി കരഞ്ഞും നിജതനു മെലിഞ്ഞും
വിവശത പിണഞ്ഞും പരമശിവ ശംഭോ!

സീതാപരിത്യാഗം

ചരണപല്ലവം കുമ്പിട്ട ലക്ഷ്മണൻ
മരമരികെ പോയ്മെല്ലെ മറഞ്ഞപ്പോഠം
അരിയ സീതയ്ക്കുണ്ടായോരു ദുഃഖത്തെ-
പ്പറയാമോ ശിവ നാരായണ നമോ.

പിടകലക്കുട്ടം വേറിട്ട ദൂരത്താം
പിടമാനെപ്പോലെ കണ്ണും മിഴിച്ചിട്ട്
അടവിയിൽനിന്നു വീണ ധരിത്രിയി-
ലുടനെ മോഹിച്ചു നാരായണ നമോ.

ഉടനുണർന്നുമിടയിടെ മോഹിച്ചും
ചുറ്റുചുടെ നെടുവീപ്പിട്ട ജാനകി
കുടിലകുന്തളം ഭൂമിയിലിട്ടവഠം
ജടിലമാക്കിയും നാരായണ നമോ.

ഇടമിടത്തട്ടിയൊന്നുരിയാടുവാ-
നിടയിടെ വശംകെട്ടു വിഷമിച്ചും
തടമുലാനടുവേ സീത കണ്ണുനീർ
കുടുകുടെ വാർത്തും നാരായണ നമോ.

നിജതനു=തന്റെ ശരീരം.

ചരണപല്ലവം=കാൽത്തളിർ. കുടിലകുന്തളം=ചുരുണ്ടും തല മുടി ജടിലം=ജടക്കെട്ടിയത്.

"കരുണോഷ്ണം കൂടാതെന്നെക്കൊണ്ടന്നിട്ടി-
പ്പെരിയ വൻകാട്ടിലിട്ടേച്ചുടൻ പോവാൻ
കരു പുരുഷന്നും തോന്നുമോ ദൈവമേ!
ദുരിതം നമ്മുടെ നാരായണ നമോ.
ഉടയവർ വെടിഞ്ഞാലവരെപ്പിന്നെ-
ത്തൊട്ടുകയില്ലൊരു നായും കിനാവിലും
അടവിയിൽ വീണു ദുഃഖിക്കുമെന്നുടൽ
കടുവായും തൊടാ നാരായണ നമോ.
മുറയിട്ടു കിടന്നിക്കൊട്ടുംകാനനേ
വിരഹതാപവുമേന്തി വശംകെട്ട്
മുകിഞ്ഞുനോ കിടന്നിട്ടു നമ്മുടെ
മരണമാകുന്നു നാരായണ നമോ.
അവനീപുത്രിയോളം ഭാഗ്യമുണ്ടായി-
ട്ടവനിയിലൊരു പെണ്ണില്ലെന്നിങ്ങനെ
സകലലോകർ പുകഴ്ത്തുന്നതുമിന്നു
വിപരീതമായി നാരായണ നമോ.
കുരള കേട്ടു കളഞ്ഞതിന്നേതുമേ
പുരുഷമില്ല നമുക്കു നിരൂപിച്ചാൽ
നരപതികഠംക്കുണ്ടാശ്രിതപാലനം
വിഹിതമായിട്ടു നാരായണ നമോ."
തരുനികരമുത്തു മലർനിര
മുഖതുണങ്ങൾ വെടിഞ്ഞു ഹരിണികൾ

മുകി=ദുഃഖിച്ചു". അവനീപുത്രി=സീത. കുരള=ഏഷണി. തരുനികരം=മരക്കൂട്ടം. മുഖതുണങ്ങൾ=വായിലെ പുല്ലുകൾ. ഹരിണികൾ=പെൺമാനുകൾ.

നടനംചെയ്തീല കേകികഠം സീതേടെ
രുദിതം കേട്ടിട്ടു നാരായണ നമോ.
കുരരീപോലെ കരയുന്ന സീതേടെ
രുദിതം കേട്ടിട്ടു വാല്മീകിമാമുനി
അരികിൽ വന്നവളെക്കൂട്ടിക്കൊണ്ടുപോ-
യുടജസീമനി നാരായണ നമോ.

രാമായണം ഇരുപത്തിനാലുവൃത്തം.

(പ്രകൃതി)

ബാലലീലകഠം

ഛ

അക്കാലമംബുജനേത്രനാമുണ്ണിയു-
മഗ്രജനാകിയ ശ്രീബലഭദ്രനും
നിത്യം വഴിയെ വളർന്നുതുടങ്ങിനാർ
മർത്ത്യവേഷേണ മനോജ്ഞഭാവത്തൊടും
സുസ്മിതവക്ത്രപത്മങ്ങളോടും ബഹു-
വിസ്മയം സർവ്വനേത്രേന്ദ്രിയങ്ങഠംക്കൊരോ
വൃത്തികഠംകൊണ്ടു ചേർത്തമ്മമാർതന്നുടെ
ചിത്താംബുജങ്ങഠം മോദിക്കുമാറങ്ങനെ;
പൃഥ്വീതലത്തിൽ കിടത്തിനാലാശു സു-
വ്യക്തമാമ്മാറു നീന്തിത്തുടങ്ങീടിനാർ.
ധൃഷ്ടതയോടിഴഞ്ഞുതുടങ്ങിനാ-
രൊട്ടൊട്ടു മുട്ടുകളൂന്നിനടക്കയും,

കേകികഠം=മയിലുകഠം. രുദിതം=കരച്ചൽ. കുരരി=കുരൽപ്പക്ഷി. ഉടജസീമനി=പർണ്ണശാലയിൽ.

അംബുജനേത്രൻ=ശ്രീകൃഷ്ണൻ. അഗ്രജൻ=ജ്യേഷ്ഠൻ. മർത്ത്യവേഷേണ=മനുഷ്യരൂപത്തിൽ. വൃത്തികഠം=പ്രവൃത്തികഠം.

പുഷ്ടികലർന്നിഴഞ്ഞോറു കാൽമുട്ടുകൾ
തുഷ്ട്യാ പിടിച്ചുകൊണ്ടോട്ടോട്ടു നിൽക്കയും,
പൊട്ടടിവെച്ചും നടന്നും മറിഞ്ഞുപോ-
യെട്ടനു വിണ്ണും കരഞ്ഞുമെഴുന്നടൻ
ദുഷ്ടികൾക്കേറമാനന്ദവിലാസങ്ങൾ
ദിഷ്ട്യാ ചിരതരമാചരിച്ചീടിനാർ;
അന്നു ദന്തങ്ങളും വന്നു നിഴലിച്ചു
നന്ദിതനന്ദനമാരാം ജനനികൾ
മെന്നൊടുത്താശു മുലകൾ നൽകുംവിധൌ
നന്നായറിയായ്ചമഞ്ഞു മുലകൾക്കും;
മന്ദസ്മിതാനന്ദസുന്ദരവക്ത്രാര-
വിന്ദങ്ങൾ കാണ്മവർ കണ്ണിനാനന്ദവും
വന്നു മുഴുത്തുനിന്നന്യസ്മൃതികളു-
മെന്നിയേ നന്നായ് രമിച്ചാരഖിലരും.

൨

അച്ഛനെപ്പോലെ നടപ്പുനിരിപ്പുനി-
ങ്ങിച്ചയാ നന്നായുടപ്പുനവണ്ണമേ
നിശ്ചയമെന്നു പൊല്ലിപ്പുനരൊക്കയും
പ്രീച്ചയായെല്ലാമനുകരിക്കും ചിരം;
സച്ചിൽപരബ്രഹ്മമൂർത്തി സനാതന-
നച്യുതനച്ഛന്റെ മുമ്പിൽനിന്നാദരാൽ

---

* ദിഷ്ട്യാ=ഭാഗ്യത്താൽ. നന്ദിതനന്ദനമാർ=മക്കളെ ആനന്ദിപ്പിക്കുന്നവർ. അന്യസ്മൃതികൾ=മറ്റു വിചാരങ്ങൾ.

നൃത്തങ്ങളുദ്യൽസുഗീത്യാ മനോഹര-
പദ്യൈസ്സപരക്രമതാളമാശ്ലൈരലം
കൃത്വാ കരചരണാക്ഷഭാവൈരനു
വൃത്താന്തമേകദാപ്യന്യൈസ്സകൂൽപ്രതി-
പക്ഷം നടിച്ചു വാങ്ങിപ്പതിഞ്ഞായത-
ദക്ഷിണപാണി പരത്തി മറേറതു തൻ
വക്ഷസി നേരേ തടുത്തടുത്തേറവും
ശിക്ഷയാ ചെന്നു ജനകനോടങ്ങനെ
നിൽക്കും പടകളിച്ചീടുവാനായ്ത്തുനി-
ഞ്ഞഗ്രേ സകൂൽ കുതുകാശയാ സത്വരം
തൽപ്രഭാവത്തിനച്ഛൻ പ്രതിപക്ഷമായ്
നീല്പാൻ മടിക്കിലടുത്തു പോയ് ചെന്നടൻ
കൈപിടിച്ചിങ്ങു വലിച്ചുതുങ്ങീടുമ-
ക്കൈതവമുൾത്തിതാനെങ്കിലും ചെന്നടൻ.
കാൽപിടിച്ചുടൻ പൊങ്ങിക്കും കളിക്കൊരു
കോൽപിടിച്ചോങ്ങിനാലുമിണങ്ങായ്കിലോ
തോഠംപിടിച്ചാശു താഴ്ത്തിപ്പുറത്തേറിനി-
ന്നാവോളമാനകളിക്കും ചിരതരം;

ഉദ്യൽസുഗീത്യാ=ഉയർന്ന നല്ല പാട്ടോടുകൂടി. പദ്യൈഃ=പദ്യങ്ങളോടുകൂടി. സപരക്രമതാളമാശ്ലൈഃ=സപരക്രമത്തോടും താളങ്ങളോടെ ചിട്ടയോടുംകൂടി. അലം=ഏറവും. കൃത്വാ=ചെയ്ത്. ഏറവും നൃത്തങ്ങൾ ചെയ്ത് എന്നു അന്വയിക്കണം. കരചരണാക്ഷഭാവൈഃ=കയ്യ്, കാല്, കണ്ണ്, മുഖഭാവം എന്നിവയോടുകൂടി. അനുവൃത്താന്തം=കഥയുടെ അനുസരിച്ച്. ഏകദാ=ഒരിക്കൽ. അന്യൈഃ=മറവുള്ളവരോടുകൂടി. സകൂൽ=ഒരിക്കൽ. പ്രതിപക്ഷം=എതിർ. ആയതദക്ഷിണപാണി=വലത്തെക്കൈ നീട്ടി. വക്ഷസി=മാറിൽ. അഗ്രേ=മുമ്പിൽ.

സേവകനിഷ്ടഫലപ്രദനീശ്വരൻ
സേവയിൽ ചെറു തേവാരമുണ്ടിങ്ങഹോ
പൂവുകളെല്ലാമറുത്തുനിന്നിങ്ങനി-
ക്കാവിമ്മുതോ തരികെന്നുള്ളതഞ്ജസാ
ചൊല്ലുമൊരിക്കലങ്ങല്ല ഞാനച്ഛനെ
മെല്ലെയെടുപ്പനെന്നായ്ക്കാണ്ടൊരുമ്പെടും
നല്ല വിളക്കിതാകാശമാം പന്തലി-
ലെല്ലാമെടുത്തുങ്ങു തൂക്കുവാനെന്തൊരു
തെല്ലുമോരാതെ നിൽക്കുന്നതച്ഛാ! നമു-
ക്കല്ലേ വിതാനമിതുള്ളൂ പറക നീ
തന്നിലാമ്മാറു തെളിഞ്ഞുവിളങ്ങുന്ന
ചന്ദ്രദിവാകരന്മാരിവരാക്കള്ളൂ?
നന്നായിരുന്നു കളിപ്പതിന്നായെനി-
ക്കിന്നു നീ ചെന്നു പിടിച്ചുപറിച്ചുടൻ
തന്നാലുമെന്നതാമല്ലെന്നു താതനാൽ
ചൊന്നാലുമിങ്ങനേതന്നേ ദിനമനു
പിന്നെയും പിന്നെയും ചൊല്ലീടുമങ്ങനെ
വന്നുകൂടാതതെന്നുള്ളതു കേട്ടവൻ
തന്നുടെ കയ്യാലവരെ വിളിച്ചുകൊ-
ണ്ടന്യൂനവേഗാൽ വരുത്തിയെടുത്തുടൻ
സമ്മാനമുൾക്കലർന്മ്മാനമാടിനി-
നുണ്മയാമ്മാറങ്ങയച്ചരുളീടിനാൻ
എന്നു തോന്നീ പിതാവിന്നതിനാലതി-
വന്ദ്യനായ് നിന്നാനഖിലജഗന്മയൻ;

ചന്ദ്രദിവാകരന്മാർ=ചന്ദ്രസൂര്യന്മാർ.

ചിന്മയനെന്മകനെന്നറിഞ്ഞനഹം
ജന്മനാശാവഹം കണ്ടു കൊണ്ടാടിനാൻ;
ഇങ്ങനെയെല്ലാം ജനകനു മാനസേ
തിങ്ങിന ഭക്തി വളത്തുവിളങ്ങിന
കന്മഷനാശനനമ്മതന്നാശയ-
മുന്മിഷിക്കും മുദുരമ്യഹാസാഭയാ.
സമ്മാനമായൊരോ ശില്പികഠം നൽകിയ
നിർമ്മലരൂപികളാം മരപ്പാവകഠം-
തമ്മെയുംകൊണ്ടുചെന്നുതസംഗമാരുഹ്യ
ചെമ്മേ മുലകഠം നുകന്നിരിക്കുംവിധൌ
സമ്മോദമോടിവറിന്നുകൂടിപ്പുന-
രമ്മിഞ്ഞ നൽകുകവേണമെന്നിങ്ങനെ
ചൊല്ലിക്കൊടുക്കും ജനനിതൻകയ്യതിൽ
മെല്ലെ മുലകഠം വായിൽകൊടുക്കും ചിരം
പാലും പഴവും ഗ്രുളുമന്നങ്ങളും
ചാലേ ഭുജിക്കുന്ന നേരമവറിനും
കൂടെക്കൊട്ടുക്കേണമെന്നു മൊല്ലും കളി-
ച്ചീടുമ്പൊഴതു കൂടെക്കുളിപ്പിക്കയും-
ചെയ്യും കുറികളിടീപ്പിക്കുമൊക്കവേ
മെയ്യിലലങ്കരണങ്ങഠം മറുള്ളവ
ചെയ്യുന്തെന്തൊന്നു താനൊക്കെയവറിനും
സവ്വമവ്വണ്ണമഭേദമാമ്മാറുടൻ

ജന്മനാശാവഹൻ=മോക്ഷം വൽകുന്നവൻ ഉന്മിഷിക്കും= തെളിയിക്കും. മുദുരമ്യഹാസാഭയാ=മന്ദഹാസശോഭയാൽ. ഉത്സംഗമാരുഹു=മടിയിൽ കയറീട്ട്. അഭേദമാമ്മാറ്=ഭേദംകൂടാതെ.

നിർവ്വഹിക്കും കളിപ്പാനുമെങ്ങും പര-
നവ്യയൻ കൊണ്ടു നടക്കുമെല്ലാടവും.

൩

വിലാമലകഫലങ്ങൾകൊണ്ടമ്മുപൂ-
ണ്ടെല്ലാവരുമായെറിഞ്ഞു കളിക്കയും
തുല്യതരമിരുകൂറായ്പകുത്തവർ
തല്ലുകയും വളന്നല്ലൽപ്പെടുകയും
കല്യാണമൊക്കൊണ്ടൊളിച്ചു കളിക്കയു-
മെല്ലാം തള വള കിങ്ങിണി മാലകൾ
മെല്ലെ മെല്ലെക്കിലുങ്ങാതെയടക്കിയു-
മുല്ലാസമോടൊരോ വാതുകൾ ചൊൽകയും
കാളകൾപോലേ ചമഞ്ഞുകളിക്കയും
ഭ്രേളിയെടുത്തുടൻ മുക്കുറ ചാടിയും
കാലികൾപോലെ നടന്നുകളിക്കയും
ദീപികൾപോലെയിടയിൽ ചിലരങ്ങു
ചാടിയും പേടിയോടോടിയൊളിക്കയും
കാട്ടുകൾതോറും തിരഞ്ഞുനടക്കയും
പാളിയിരുന്നൊരോ നാദങ്ങൾ കാട്ടിയും
ചീളുന്നവരെത്തിരഞ്ഞു കണ്ടെത്തിയും
കൂടിയൊന്നിച്ചു കൈകൊട്ടിച്ചിരിക്കയും
വാടിമാഴ്ന്നിത്തളർന്നോടിക്കിഴയ്ക്കയും
മക്കടവേഷങ്ങൾപോലേ ചമഞ്ഞുകൊ-
ണ്ടൊക്കെ വൃക്ഷാഗ്രങ്ങൾതോറും നടക്കയും

വിലാമലകഫലങ്ങൾ=കുവളക്കായയും നെല്ലിക്കയും. ഭ്രേളി=ഭയസംഭ്രമം. ദീപികൾ=പുലികൾ.

കുക്കുടാകാരേണ കൂകിക്കുഴകയും
വിക്രമിച്ചാഹന്ത തമ്മിലെതിക്കയും
പക്ഷികൾപോലെ തച്ഛബ്ദികരിക്കയും
തൽക്ഷണം മറവുമിത്യാദികളെന്തഹോ!

ഗ്രീഷ്മം

ഗ്രീഷ്മമാം കാലവും വന്നു വർദ്ധിച്ചിത-
ങ്ങുഷ്മകൾകൊണ്ടു പൊറാഞ്ഞിതു മേദിനി,
നിഷ്ഠുരവാരിനിനാദം കുറഞ്ഞിതു
നിർജ്ജലമായി നദീതടാകാദികൾ,
മേഘസഞ്ചാരം കുറഞ്ഞു ചമഞ്ഞിതു
കേകികൾ മന്ദതകൊണ്ടു മാഴ്കി തുലോം,
പത്മകൽഹാരകുമുദാദിപുഷ്പങ്ങ-
ളുല്ലമായ് ഷൾപദഹംസവിനോദവും,
ജല്പിച്ചിരുന്നങ്ങനേകവിധം ഗ്രീഷ്മ-
കല്പനകാലമതും പാർത്തു കാങ്കിലോ
ചിൽപുമാനാകിയ നാരായണൻ പര-
നുല്പലാക്ഷൻ നിജചങ്ങാതിമാരുമായ്
ഒത്തു വൃന്ദാവനം പുക്കു കളിക്കയാ-
ലത്രേ വസന്തകാലംപോലെയായ്വനം.

കുക്കുടാകാരേണ=കോഴിയെപ്പോലെ.

ഉഷ്മകൾ=ചൂട്. വാരിനിനാദം=വെള്ളത്തിന്റെ ശബ്ദം. കേകികൾ=മയിലുകൾ. കല്ഹാരം=സൌഗന്ധികം. കുമുദം=ആമ്പൽ. ഷൾപദം=വണ്ട്.

വർഷം

ഓഷധിസമ്പത്സമൃദ്ധികരം ഭുവി
വർഷകാലം വന്നു വിദ്യുത്തുകൾ പൊങ്ങി
അവ്യക്തമായിരിക്കും പരബ്രഹ്മണി
സുവ്യക്തമാം ത്രിഗുണങ്ങളതുപോലെ,
നിർമ്മലാത്മസഗുണച്ഛായപോലെയും
കർമ്മജാലേന്ദ്രജാലാദികൾ പോലെയും
കാർമ്മേഘമാലകളുത്ഭവിച്ചങ്ങനെ
നിർമ്മലാകാശേ പരന്നു ചമഞ്ഞിതു,
സൂര്യേന്ദുതാരകാശോഭകൾ മന്ദിച്ചു
ക്രൂരമാം വായുവും വീശിതു മേൽക്കുമേൽ,
പ്രാണഭയം വരുമാറങ്ങിടികളും
കാണായി ഘോരമായുള്ള വർഷങ്ങളും,
കാഠിന്യമായിക്കിടന്നോരു മേദിനി
കാഠിന്യമെന്യേ ചളിയായ് ചമഞ്ഞിതു,
സസ്യസമൃദ്ധ്യായ്വന്നു ധരിത്രിയും
മത്സ്യങ്ങൾ ശക്തിവർദ്ധിച്ചു പുളച്ചിതു,
വൃക്ഷലതാദികളൊക്കെത്തളിർത്തിതു
തൽക്ഷണം കർഷകന്മാരേറെ മോദിച്ചു;
കാമ്യതപസ്വികൾ തൽഫലം സിദ്ധിച്ചു
സൗമ്യരാംവണ്ണം തെളിഞ്ഞിതചരങ്ങൾ,

ഓഷധിസമ്പത്സമൃദ്ധി=പച്ചമരുന്നുകളുടെ സമൃദ്ധി. വിദ്യുത്തുകൾ=മിന്നലുകൾ. പരബ്രഹ്മണി=പരബ്രഹ്മത്തിൽ. ത്രിഗുണങ്ങൾ=സത്വരജസ്തമസ്സുകൾ. നിർമ്മലാത്മസഗുണച്ഛായ=നിർഗ്ഗുണനായ ആത്മാവിൽ സഗുണമായ രൂപം. ഇന്ദു=ചന്ദ്രൻ. താരക=നക്ഷത്രം. അചരങ്ങൾ=സ്ഥാവരങ്ങൾ.

ആതതമായുള്ള മേഘനിരകളാൽ
ജ്യോതിർഗ്ഗണങ്ങൾക്കു ശോഭയില്ലാതായി
പാപപാഷണ്ഡികളാലേ കലിയുഗേ
ശോഭിക്കയില്ല വേദങ്ങളതുപോലെ;
മൌനവുംപൂണ്ടു കിടന്ന മണ്ഡൂകങ്ങ-
ളാനന്ദമോടു ഘോഷങ്ങൾ തുടങ്ങിനാർ
അന്തണർ മൌനകർമ്മങ്ങൾ കഴിച്ചതി-
സ്വാന്തമ്മുദാ വാത്ത ഘോഷിപ്പതുപോലെ;
ശുഭ്രതോയങ്ങളുശുഭ്രതോയങ്ങളു-
മെത്രയും തമ്മിൽ കലർന്നുകൊണ്ടങ്ങനെ
ചിത്രമണിമാദിവിദ്യകൾ പോലെയും
ചിത്രപടത്തിലേ വർണ്ണങ്ങൾ പോലെയും
മുഖ്യനദികൾസംഗംകൊണ്ടുദധിയും
വിഖ്യാതമുച്ചലിച്ചൂർമ്മികൾ പൊങ്ങിയും
മിത്തേ പരിപാകമില്ലാത യോഗിക്കു
മിത്തത്തിൽ ഭോഗങ്ങൾ വർദ്ധിപ്പതുപോലെ;
ഗർവ്വിച്ചു മേഘങ്ങൾ വർഷിച്ചതുകൊണ്ടു
പർവ്വതവൃന്ദങ്ങളേതുമിളകീല
നിത്യമുക്തന്മാക്കു മൃത്യുവെന്നുള്ളോരു
മിത്ഭ്രമമുള്ളിലില്ലാത്തതുപോലെ;

ആതതം=പരന്നത്. ജ്യോതിർഗ്ഗണങ്ങൾ=നക്ഷത്രസമൂഹങ്ങൾ. മണ്ഡൂകങ്ങൾ=തവളകൾ. സ്വാന്തമ്മുദാ=മനസ്സന്തോഷത്തോടുകൂടി. ശുഭ്രതോയങ്ങൾ=തെളിഞ്ഞ ജലങ്ങൾ. അണിമാദിവിദ്യകൾ=അണിമ മഹിമ തുടങ്ങിയ അഷ്ടൈശ്വര്യസിദ്ധികൾ. ഉദധി=സമുദ്രം. ഊർമ്മികൾ=തിരമാലകൾ. ഭോഗങ്ങൾ=സുഖേച്ഛകൾ. മൃത്യു=മരണം.

മാർഗ്ഗങ്ങൾ സഞ്ചാരലോപാൽ തൃണംകൊണ്ടു
മാർഗ്ഗമറിവതിനുണ്ടായി സംശയം
വിദ്യാനിരതശീലന്മാക്കുനാരത-
മഭ്യാസമില്ലായ്കയിൽ വന്നുപോം സംശയം;
മേഘങ്ങളേറവും പാഞ്ഞു ഗമിക്കയാ-
ലാകവേ വിദ്യുത്തതിലടങ്ങീടുന്നു
പിന്നെയുമുജ്ജ്വലിച്ചന്യമേഘങ്ങളിൽ
മെന്നു ലയിക്കുന്നു പുംശ്ചലിയെപ്പോലെ;
പാഷണ്ഡികൾ കലൌ വേഷങ്ങൾ വാടിച്ചു
ദൂഷണം ചെയ്തു തള്ളീടുന്നതുപോലെ,
കൂടി നദികളഴിസേതു ഖണ്ഡിച്ചു
തോടും പുഴകളുമൊന്നായൊലിക്കുന്നു.

ശരത്തു്

ചാരുതരമാം ശരൽക്കാലവും വന്നു
പാരം തെളിഞ്ഞു വിളങ്ങി ഗഗനവും;
താരങ്ങളോടും തെളിഞ്ഞിതു ചന്ദ്രനും
പാരം തെളിഞ്ഞു വിളങ്ങി ദിവാകരൻ
നാരായണൻ ഗോപപൈതങ്ങളോടൊത്തു
വാരംപ്രതി നടക്കുമ്പോലം ഗഗനവും
തോയമടങ്ങി നിലപ്പെട്ടിതന്നേരം
തോയജജന്തുക്കളേറ്റുമറഞ്ഞീല
മായയാലായുസ്സു പോകുന്നതുപോലെ
വായുവും മന്ദമായ്വീയിത്തുടങ്ങിനാൻ;

പുംശ്ചലി=കുലട.

ഗഗനം=ആകാശം. താരങ്ങൾ=നക്ഷത്രങ്ങൾ. തോയജജന്തുക്കൾ=ജലജന്തുക്കൾ.

പങ്കങ്ങൾപോയിട്ടുറച്ചിതു മേദിനി
പങ്കജമാദികുസുമങ്ങൾ വർദ്ധിച്ചു
നിർത്ഥരവാരികളേറെം കുറഞ്ഞതി-
സ്വച്ഛമായ്ത്തൽകാരണേ ഗമിച്ചീടുന്നു
സൂരികളേവരും നീതിവാക്യങ്ങളാൽ
കാരണാത്മാവിലടങ്ങുന്നതുപോലെ
ഭൂതലേ രാജാവുതന്നുടെ ശിക്ഷയാ
ഭീതി ദസ്യുക്കളാലില്ലാതപോലെയും
ശീതോഷ്ണതുല്യം ശരൽക്കാലമാകയാൽ
ചേതസി സൌഖ്യമായ് സർവ്വജനങ്ങൾക്കും.

ശ്രീമഹാഭാഗവതം.

നിർത്ഥരവാരികളം=ജലപ്രവാഹങ്ങളിലെ ജലങ്ങളം. സ്വച്ഛം=നിർമ്മലം. തൽക്കാരണേ=ജലകാരണമായ സമുദ്രത്തിൽ. സൂരികളം=പണ്ഡിതന്മാർ. ദസ്യുക്കളം=കൊള്ളക്കാർ. ശീതോഷ്ണതുല്യം=തണുപ്പും ചൂടും തുല്യമായിട്ടുള്ളതു്.

വിവരണം

ഭക്തിസാധനം

ഭക്തിസാധനം സംക്ഷേപിച്ച ഞാൻ പൊല്ലീടുവ-
നുത്തമേ! കേട്ടുകൊൾക മുക്തി വന്നീടുവാനായ്;
മുഖ്യസാധനമല്ലോ സജ്ജനസംഗം പിന്നെ
മൽകഥാലാപം രണ്ടാം സാധനം മൂന്നാമതും
മൽഗുണേരണം പിന്നെ മദ്വചോവ്യാഖ്യാതുത്വം
മൽക്കലാജാതാചാര്യോപാസനമഞ്ചാമതും
പുണ്യശീലത്വയമനിയമാദികളോടു-
മെന്നെ മുട്ടാതെ പൂജിക്കെന്നുള്ളതാറാമതും
മന്മന്ത്രോപാസകത്വമേഴാമതെട്ടാമതും
മംഗലശീലേ! കേട്ടു ധരിച്ചുകൊള്ളേണം നീ
സർവ്വഭൂതങ്ങളിലും മന്മതിയുണ്ടാകയും
സർവദാ മൽഭക്തന്മാരിൽ പരമാസ്തിക്യവും
സർവ്വബാഹ്യാർത്ഥങ്ങളിൽ വൈരാഗ്യം ഭവിക്കയും
സർവ്വലോകാത്മാ ഞാനെന്നെപ്പോഴുമുറയ്ക്കയും
മത്തത്ത്വവിചാരം കേളൊമ്പതാമതും ഭദ്രേ!
ചിത്തശുദ്ധിക്കു മൂലമാദിസാധനം നൂനം;

ഭക്തിസാധനം=ഭക്തിയുണ്ടാവാൻ വേണ്ടതു്. മൽഗുണേരണം=എന്റെ ഗുണങ്ങളും പറയുക. മദ്വചോവ്യാഖ്യാതുത്വം=എന്റെ വാക്കു് വ്യാഖ്യാനിക്കുക. മൽക്കലാജാതാചാര്യോപാസനം=എന്റെ അംശത്തിൽനിന്നു ജനിച്ച ആചാര്യനെ സേവിക്കുക. പുണ്യശീലത്വം=സ്വഭാവശുദ്ധി. യമം—മനോനിയന്ത്രണം. നിയമം—സ്നാനാദിവ്രതചര്യ. ആസ്തിക്യം=വിശ്വാസം. മത്തത്ത്വവിചാരം=എന്റെ തത്വം വിചാരിക്കുക.

ഉക്തമായിത്ര ഭക്തിസാധനം നവവിധം
ഉത്തമേ! ഭക്തി നിത്യമാക്കുള്ള വിചാരിച്ചാൽ
തിയ്യഗ്യോനിജങ്ങൾക്കെന്നാകിലും മൂഢമാരാം
നാരികൾക്കെന്നാകിലും പൂരുഷനെന്നാകിലും
പ്രേമലക്ഷണയായ ഭക്തി സംഭവിക്കുമ്പോൾ
വാമലോചനേ! മമ തത്ത്വാനുഭൂതിയുണ്ടാം,
തത്ത്വാനുഭവസിദ്ധനായാൽ മുക്തിയും വരും
തത്ര ജന്മനി മത്ത്വാനുത്തമതപോധനേ!
ആകയാൽ മോക്ഷത്തിനു കാരണം ഭക്തിതന്നേ
ഭാഗവതാഢ്യേ ഭഗവൽപ്രിയേ മുനിപ്രിയേ!

അദ്ധ്യാത്മരാമായണം

കൃതയുഗം

ചെന്നീടും വയസ്സു നൂറായിരം സംവത്സരം
ചെന്നീടാ മനസ്സുധർമ്മങ്ങളിലൊരുവനും,
കാമക്രോധാദികളാം ദോഷങ്ങളൊന്നുമില്ല
കാമിച്ചവണ്ണന്തന്നെ വന്നീടുമെല്ലാവനും,
പിഴയ്ക്കിലതിനു തക്കോരു ശിക്ഷയുമുണ്ടു
പഴിയ്ക്കയില്ലാ തമ്മിലന്യോന്യമൊരുവനും,
മഴയും വേണമെന്നു തോന്നുമ്പോളുണ്ടായ്വരും
വഴിയെന്നിയേ നടന്നീടുമാറാരുമില്ല,
പരനാരികളിലും പരദ്രവ്യങ്ങളിലു-
മൊരുനേരവുമഭിരുചിയില്ലൊരുവനും,

തിയ്യഗ്യോനിജങ്ങൾ=പക്ഷിമൃഗാദിസന്താനങ്ങൾ. പ്രേമലക്ഷണ=പ്രേമരൂപ.

തത്രജന്മനി=ആ ജന്മത്തിൽ.

വേദവും വഴിപോലെ പഠിക്കും ദ്വിജേന്ദ്രന്മാ-
രാദരവോടു കർമ്മം ചെയ്തീടും നൃപന്മാരും,
പശുപാലനം കൃഷി വാണിഭമിവയെല്ലാ-
മശുഭമെണയാതെ ചെയ്തീടും വൈശ്യന്മാരും,
ശൂദ്രരും ദ്വിജന്മാരെശ്ശുശ്രൂഷിച്ചീടും ഭക്ത്യാ
ശൂദ്രജാതികൾ കേൾക്കെ സ്വാദ്ധ്യായാദിയുമില്ലാ,
രൌദ്രകർമ്മങ്ങൾ ചെയ്കയില്ലതിദീനന്മാരി-
ലാർദ്രഭാവവുമുണ്ടു സത്യമുണ്ടെല്ലാവർക്കും,
കള്ളക്കോൽ കള്ളപ്പെരുനാഴിയും കള്ളനാഴി
കള്ളച്ചോതനയിവയില്ല മന്ത്രകളിലും,
കള്ളമെന്നുള്ളതുള്ളിലെള്ളോളമില്ല ചൊൽവാൻ
കള്ളവാക്കില്ല കള്ളന്മാരില്ല കാട്ടിൽപ്പോലും,
സ്വധർമ്മാനുഷ്ഠാനത്തിൽ നിഷ്ഠയുണ്ടെല്ലാവർക്ക-
മധർമ്മങ്ങളുമില്ല വിധർമ്മങ്ങളുമില്ല,
മറ്റുള്ള വർണ്ണകർമ്മം മറ്റുള്ള ജാതിക്കില്ല
മുറ്റും തങ്ങൾക്കു തങ്ങൾക്കുള്ള കർമ്മമേയുള്ളൂ,
ഗോക്കളും നാരികളും കാലത്തു പെറുമല്ലോ
പൂക്കയും കായ്ക്കയും ചെയ്തീടുമേ മരങ്ങളും,
ഉൽപത്തി വേണ്ടുവോളം വിളയും വഴിപോലെ
കല്പനയ്ക്കിളക്കമില്ലീശ്വരഭക്തിയുണ്ട്,
സൽപുരുഷന്മാരെന്നിയില്ലൊരു വംശത്തിലു-
മുല്പലാക്ഷികളുമില്ലാകാതെയൊരുവരും,

സ്വാധ്യായാദി=വേദപാഠം മുതലായത്. രൌദ്രകർമ്മങ്ങൾ=കടുംപ്രവൃത്തികൾ. ആർദ്രഭാവം=ദയ. വർണ്ണധർമ്മം=ജാതിത്തൊഴിൽ. ഉല്പലാക്ഷികൾ=സ്ത്രീകൾ. ആകാതെ=നല്ലവരല്ലാതെ.

കുത്സിതങ്ങളുമില്ല കുത്സനവാക്കുമില്ല
ഭർത്സനമൊട്ടുമില്ല മത്സരാദിയുമില്ല
ഇങ്ങനേ കൃതയുഗമായുള്ള കാലത്തിങ്കൽ.

അവതാരങ്ങൾ

ദുഷ്ടരെശ്ശിക്ഷിക്കയും ശിഷ്ടരെ രക്ഷിക്കയും
തുഷ്ടനായെല്ലാവർക്കും സൽഗതി കൊടുക്കയും
ദോഷം ചെയ്തവർകൾക്കും നല്ലതു ചെയ്തവർക്കും
ദ്വേഷമുള്ളവർകൾക്കും സ്നേഹമുള്ളവർകൾക്കും
കാമിച്ച ജനങ്ങൾക്കും മോഹിച്ച ജനങ്ങൾക്കും
നാമത്തെച്ചൊല്ലുവോർക്കും രൂപത്തെ ധ്യാനിപ്പോർക്കും
ഭക്തരായുള്ളവർക്കും സക്തരായുള്ളവർക്കും
മുക്തിയെ വരുത്തുവാനോരോരോ തരത്തിലേ
പാരിൽവന്നവതരിച്ചീടിനാൻ നാരായണൻ
താരിൽമാതാദിയാകും പരിവാരങ്ങളോടും;
ശത്രുമിത്രോദാസീനഭേദമില്ലൊരുനാളും
നിത്യനാമീശന്തനിയ്ക്കില്ലൊരുമൊക്കുമത്രേ,
കേവലം ദേവകളെ സ്നേഹമൊട്ടേറെയില്ല
ദേവവൈരികളേയും ദ്വേഷമില്ലൊരുനാളും;
സർവ്വജന്തുക്കളുടെ ജീവനായിരിപ്പതും
ദിവ്യനാം നാരായണൻതാനെന്നു ധരിച്ചാലും
അപ്പോഴേ ഭേദമില്ലെന്നുൾപ്പൂവിലുറച്ചീടാൻ
മുൽപ്പുലനേത്രനന്റെ മായാവൈഭവമെല്ലാം,

കുത്സിതങ്ങൾ=ദുഷ്പ്രവൃത്തികൾ. കുത്സനവാക്ക്=ദുർവ്വാക്ക്. ഭർത്സനം=ശകാരം.

സക്തർ=സുഖതൽപരന്മാർ. താരിൽമാത്=ലക്ഷ്മീദേവീ. ദേവവൈരികൾ=അസുരന്മാർ.

ജ്ഞാനമില്ലാതവൎക്കു ഭേദമുണ്ടെന്നു തോന്നും
ജ്ഞാനികൾക്കുള്ളിലത്തു തോന്നുകയില്ലതാനും,
സമചിത്തന്മാൎക്കൊക്കെസ്സമനെന്നുള്ളിൽ തോന്നും
മമ സിദ്ധാന്തംതന്നെയല്ലിതു ധരാപതേ!
വിഷമചിത്തന്മാൎക്കു വിഷമനെന്നുതോന്നും
വൃഷപാലകനാത്മാവെന്നതിനാലേ നൃനം.

കലിയുഗം

ഇനിയുള്ള കാലം കലിയുഗമത്രേ
മുനിജനങ്ങളും മറഞ്ഞുപോമല്ലോ
മഴയും പെയ്കയില്ലിനി വേണ്ടുന്നേരം
വഴിയെ ഭൂമിയും വിളകയില്ലല്ലോ
കൊടിയ കാറുണ്ടായ്മരങ്ങളും വീഴും
പടുതീയും പിടിപെടും ഗ്രഹന്തോറും
ചതിച്ചു കൊൽകയും പൊളി പറകയും
വിധിച്ച കൎമ്മങ്ങളവ ചെയ്കയും
പിതൃക്രിയകളും വഴിയെ ചെയ്കയി-
ല്ലതിക്രമിച്ചീടും ഗുരുജനത്തെയും
നിജകുലവിദ്യ പഠിക്കയില്ലാരും
പ്രജകളും നന്നായ്ചരികയില്ലല്ലോ
ദ്വിജന്മാർ പൂണൂനൂൽ കളകയില്ലൊരു
ഭജനം മറ്റില്ല കൃപയുമില്ലാൎക്കും
നൃപന്മാർ നാട്ടിലുള്ളവരോടു കട്ടും

വൃഷപാലകൻ=ധൎമ്മസംരക്ഷകൻ.
ദ്വിജന്മാർ=ബ്രാഹ്മണർ.

കവന്നുമാജ്ജിക്കും വെറുതെ വിത്തവും
ഉരുട്ടൊഴിഞ്ഞിട്ടില്ലൊരുവനുമത്ഥം
പറിക്കും കച്ചോടത്തിനും കളവത്രേ—
കലിയുഗത്തിലുള്ളവസ്ഥകളിവ
പലവുമിങ്ങനെ പറയുന്നു പാത്താൽ.

ശ്രീമഹാഭാരതം

സാധനചതുഷ്ടയം

സാധനചതുഷ്ടയമെന്നു മൊല്ലീടുന്നതും
ബോധിച്ചീടുക നാലും തിരിച്ചുമൊല്ലീടുവൻ;
നിത്യവുമനിത്യവുമിന്നതെന്നറിയുന്നു
വസ്തുവൊന്നുപരമായുള്ളതൈഹികംതന്നിൽ
ഐഹികം തന്നിലുള്ള ഭോഗങ്ങളഖിലവു-
മവണ്ണം പരന്തന്നിലുള്ളോരു ഭോഗങ്ങളും
കർമ്മജന്യമാകയാലൊക്കയുമനിത്യങ്ങ-
ളെന്നുള്ളിലറിഞ്ഞു കുത്സിതമാമതുപോലെ
സർവ്വവുമുപേക്ഷിച്ചേകാഗ്രമായ്മനോരഥം
നിർവ്വാണേച്ഛയാ വസിക്കുന്നു സാധനമിഹ
പുത്രാത്ഥഫലഭോഗവിരാഗമെന്നുള്ളതെ-
ന്നോർത്തുകണ്ടാലും രണ്ടുസാധനമായിതിപ്പോൾ,
മൂന്നാമതാകും ശമാദികളാമവയുടെ
നാമങ്ങൾ ശമദമോപരതി സമാധാനം
ശ്രദ്ധയും തിതിക്ഷയുമിങ്ങനെ മൊല്ലീടുന്നി-
തുത്തമേ! ശമാദികളാറുമെന്നറിഞ്ഞാലും,

സാധനചതുഷ്ടയം=ആവശ്യമുള്ള നാലു കാര്യം. അപരമായുള്ളത്=പിന്നത്തേത്. ഐഹികം=ഇഹലോകജീവിതം. ഭോഗങ്ങൾ=സുഖങ്ങൾ. പരം=പരലോകം.

മാനസത്തിനെ ശ്രവണാദിയിൽ നിർത്തുന്നതു
മാനിനി! ശമം ജ്ഞാനേന്ദ്രിയനിഗ്രഹം ദമം
കാമ്യഹീനമാം കർമ്മമെങ്കിലും വ്യവഹാര-
ലോപവും സന്ന്യാസമെങ്കിലുമാമുപരതി
പ്രാരബ്ധവശമായിട്ടെന്തൊന്നു വരുന്നതു
പാരാതെ പോകയില്ലെന്നറിഞ്ഞു ദുഃഖങ്ങളെ
വന്നീടുന്നതു സഹിക്കുന്നതു തിതിക്ഷയും
പിന്നെ മാനസം ശ്രവണാദ്യനുഗ്രഹങ്ങളാം
വിഷയങ്ങളിലാധിക്യം കലർന്നിരിപ്പതു
മുഴുതിങ്കൾനേർമുഖി! കേളിതു സമാധാനം,
ശ്രദ്ധയായതു ഗുരുവേദാന്തവാക്യങ്ങളിൽ
ഭക്തിയും വിശ്വാസവുമുണ്ടായിട്ടിരിപ്പതു
മോക്ഷം വേണമെന്നിച്ഛയുണ്ടാകുന്നതു മുമു-
ക്ഷുത്വമിങ്ങനെ ശമാദികളെന്നറിഞ്ഞാലും
സാധനചതുഷ്ടയമാകുന്നതിവ നാലും.

ചിന്താരത്നം

സന്ദേഹനിവൃത്തി

* * * പത്തുപുരുഷന്മാരൊരാറു നീന്തി
ഉടകതീരത്തിൽ കരേറി നിന്നോരുശേഷം
അതിലേകൻ മറെറല്ലാപേരേയുമെണ്ണിക്കണ്ടാൻ;
കമ്പത്തെന്നെണ്ണിട്ടശമൻ താനെന്നറിയാതെ
അമ്പരന്നവനില്ല കണ്ടില്ലെന്നതിവേലം

മനോരഥം=വിചാരം. നിർവ്വാണം=മോക്ഷം.
ആറ്=നദി. ഉടകതീരം=കര. അതിവേലം=ഏറ്റവും.

തുമ്പിത്താൻ കരഞ്ഞുവിണുരുണ്ടു തൊഴിച്ചതി-
സംഭ്രമം പൂണ്ടനന്തരം കണ്ടാഗന്തുകൻ ചൊന്നാൻ
പത്താമനുണ്ടെന്നപ്പൊഴുണ്ടെന്നു കണ്ടാൻ പിന്നെ-
ച്ചിത്തവിഭ്രമം പോവാനായ്ക്കൊണ്ടു ചൊല്ലീടിനാൻ
പഥ്യമാം വാക്യമൊമ്പതെണ്ണിയ ഭവാൻതന്നോ
പത്താമനെന്നു കേട്ടു തന്നെയും നോക്കിക്കണ്ടാൻ
ക്രന്ദനംചെയ്തനന്തരം വേറിട്ടാശ്വസിച്ചവൻ
സന്ദേഹം തീർന്നുള്ളവും തെളിഞ്ഞാനന്ദം പൂണ്ടാൻ;
ചൊന്ന ദുഷ്ടാന്തങ്ങളും ചേർത്തുശ്രു കാട്ടിത്തന്നീടാ-
മിന്നതും ധരിച്ചുകൊണ്ടാലുമേകാഗ്രബുദ്ധ്യാ;
പത്താമൻതന്നെയറിയാഞ്ഞതജ്ഞാനമല്ലോ
പത്താമനില്ല കണ്ടീലെന്നതാവരണവും
ഉൾത്താപം പൂണ്ടുണ്ടായ രോദനം വിക്ഷേപവും
ഉത്തമൻ പത്താമനുണ്ടെന്നതു ചൊന്നവാക്യം
ഉൾക്കൊള്ളുന്നതു പരോക്ഷജ്ഞാനമനന്തരം (ണ്ണി
ചൊല്ലുള്ളും പുണ്യാധിക്യാലൊമ്പതുപേരെയെ
ണ്ണിനാൽ കാണ്കനിയ്യേ പത്താമനെന്നാനേരം
ചിക്കനെത്തന്നെക്കാണുകയപരോക്ഷജ്ഞാനവും
അനർത്ഥനിവൃത്തിയാം രോദനം മാറുന്നതു
മനസ്സിൽ സന്ദേഹങ്ങളൊക്കെപ്പോയ്തെളിവേറും
ജനിച്ചീടുകതന്നെ ന്യൂനമാനന്ദപ്രാപ്തി
നിനക്കു നേരാംവണ്ണമറിവാനറിയിച്ചേൻ."

കൈവല്യനവനീതം

തുമ്പി=ദുഃഖിച്ചു്. ആഗന്തുകൻ=വഴിപോക്കൻ. പഥ്യം=ഹിതം. ക്രന്ദനം=കരച്ചൽ. ദൃക്കു്=കണ്ണു്. രോദനം=കരച്ചിൽ.

ചിത്രണം

ശ്രീരാമൻ

അവതാരം

ഭഗവാൻ പരമാത്മാ മുകുന്ദൻ നാരായണൻ
ജഗദീശ്വരൻ ജന്മരഹിതൻ പത്മേക്ഷണൻ
ഭുവനേശ്വരൻ വിഷ്ണുതന്നുടെ ചിഹ്നത്തോടു-
മവതാരംചെയ്തപ്പോൾ കാണായി കൌസല്യയ്ക്കും
സഹസ്രകിരണന്മാരൊരുമിച്ചൊരുനേരം
സഹസ്രായുതമുദിച്ചുയരുന്നതുപോലെ;
സഹസ്രപത്രോത്ഭവനാരദസനകാദി-
സഹസ്രനേത്രമുഖവിബുധേന്ദ്രന്മാരാലും
വന്ദ്യമായിരിപ്പോരു നിർമ്മലമകുടവും
സുന്ദരചികുരവുമളകസുഷമയും
കാരുണ്യാമൃതരസസമ്പൂർണ്ണനയനവു-
മാരുണ്യാംബരപരിശോഭിതജഘനവും
ശംഖചക്രാബ്ജഗദാശോഭിതഭുജങ്ങളും
ശംഖസന്നിഭഗളരാജിതകൌസ്തുഭവും
ഭക്തവാത്സല്യം ഭക്തന്മാർക്കു കണ്ടറിവാനായ്
വ്യക്തമായിരിപ്പോരു പാവനശ്രീവത്സവും

ജന്മരഹിതൻ=ജനനമില്ലാത്തവൻ. സഹസ്രകിരണന്മാർ=സൂര്യന്മാർ. സഹസ്രായുതം=കോടി. സഹസ്രപത്രോത്ഭവൻ=ബ്രഹ്മാവ്. സഹസ്രനേത്രമുഖവിബുധേന്ദ്രന്മാർ=ഇന്ദ്രാദിദേവന്മാർ. മകുടം=കിരീടം. ചികുരം=തലമുടി. അളകസുഷമ=കുറുനിരയുടെ ശോഭ. ആരുണ്യാംബരം=മഞ്ഞപ്പട്ട്. ജഘനം=അരക്കെട്ട്. ശംഖസന്നിഭഗളം=ശംഖുപോലുള്ള കഴുത്ത്.

കുണ്ഡലമുക്താഹാരകാഞ്ചിനൂപുരമുഖ-
മണ്ഡനങ്ങളുമിന്ദുമണ്ഡലവദനവും
പണ്ടലോകങ്ങളെല്ലാമളന്ന പാദാബ്ജവും
കണ്ടുകണ്ടുണ്ടായോരു പരമാനന്ദത്തോടും
മോക്ഷദനായ ജഗത്സാക്ഷിയാം പരമാത്മാ
സാക്ഷാൽ ശ്രീനാരായണനാനിതെന്നറിഞ്ഞപ്പോൾ
സുന്ദരഗാത്രിയായ കൌസല്യാദേവിതാനും
വന്ദിച്ചു തെരുതെരെ സ്തുതിച്ചു തുടങ്ങിനാൾ.

ബാലക്രീഡ

ഫാലദേശാന്തേ സപ്തണ്ണാശത്ഥപണ്ണാകാരമായ്
മാലേയമണിഞ്ഞതിൽ പറ്റിട്ടും കുരളവും
അഞ്ജനമണിഞ്ഞതിമഞ്ജുളതരമായ
കഞ്ജനേത്രവും കടാക്ഷാവലോകനങ്ങളും
കണ്ണാലങ്കാരമണികുണ്ഡലം മിന്നീടുന്ന
സപ്തണ്ണദപ്പണസമഗണ്ഡമണ്ഡലങ്ങളും
ശാർദ്ദൂലനഖങ്ങളും വിദ്രുമമണികളും
മേത്തുടൻ കാത്തസപരമണികളും മദ്ധ്യേമദ്ധ്യേ

മുക്താഹാരം=മുത്തുമാല. കാഞ്ചി=അരഞ്ഞാൺ. നൂപുരം=ത
ള. മണ്ഡനങ്ങൾ=അലങ്കാരങ്ങൾ. ഇന്ദു=ചന്ദ്രൻ. വദനം=മുഖം.

ഫാലദേശാന്തേ=നെറ്റിത്തടത്തിൽ. അശ്വത്ഥപണ്ണാകാര
മായ്=അരയാലിലപോലെ. മാലേയം=ചന്ദനം. കുരളം=കുറുനിര.
അഞ്ജനം=മഷി. കഞ്ജം=താമര. സപ്തണ്ണദപ്പണം=പൊൻകണ്ണാടി
ഗണ്ഡം=കവിൾത്തടം. ശാർദ്ദൂലനഖങ്ങൾ=പുലിനഖമോതിരം. വി
ദ്രുമം=പവിഴം. കാത്തസപരം=സപ്തണ്ണം.

നിസ്തുലപ്രഭവത്സലാഞ്ഛനഭ്രമം ചേർത്തു
കോർത്തു ചാർത്തീടുന്നൊരു കണ്ണികാണ്ഡോദ്യോതവും
മുത്തുമാലകൾ വനമാലകളോടും പൂണ്ടു
വിസ്തൃതോരസി ചാർത്തും തുളസീമാല്യങ്ങളും
അംഗദങ്ങളും വലയങ്ങൾ കങ്കണങ്ങളു-
മംഗുലീയങ്ങൾകൊണ്ടു ശോഭിച്ച കരങ്ങളും
കാഞ്ചനസദൃശപീതാംബരോപരി ചാർത്തും
കാഞ്ചികൾ നൂപുരങ്ങളെന്നിവ പലതരം
അലങ്കാരങ്ങൾപൂണ്ടു സോദരന്മാരോടുമൊ-
രലങ്കാരത്തെച്ചേർത്താൻ ഭൂമിദേവിക്കു നാഥൻ.

അഹല്യാമോക്ഷം

താപസശ്രേഷ്ഠനായ കൌശികമുനിയോടും
താപസഭയം നീങ്ങുമാറു സോദരനോടും
ശാപനാശനകരനായൊരു ദേവന്തന്നെ-
ച്ചാപബാണങ്ങളോടും പീതമാം വസ്ത്രത്തോടും
ശ്രീവത്സവത്സത്തോടും സുസ്മിതവക്ത്രത്തോടും
ശ്രീവാസാംബുജദലസന്നിഭനേത്രത്തോടും
വാസവനീലമണിസങ്കാശഗാത്രത്തോടും
വാസവാദ്യമരൌഘവന്ദിതപാദത്തോടും

വത്സലാഞ്ഛനഭ്രമം=ശ്രീവത്സമെവാണെന്ന ഒതറിദ്ധാരണ. കണ്ണികാണ്ഡോദ്യോതം=കഴുത്തിന്റെ ശോഭ. വിസ്തൃതോരസി=വിടർന്ന മാറിടത്തിൽ. അംഗദങ്ങൾ=തോൾവളകൾ. വലയങ്ങൾ=വളകൾ. കാഞ്ചനം=സ്വർണ്ണം.

കൌശികൻ=വിശ്വാമിത്രൻ. താപസഭയം=ദുഃഖസമൂഹം. ശാപനാശനകരൻ=ശാപം തീർത്തവൻ. വത്സം=മാറിടം. ശ്രീവാസാംബുജം=ലക്ഷ്മീദേവി പാർക്കുന്ന താമര. വാസവനീലമണി=ഇന്ദ്രനീലരത്നം. സങ്കാശം=സദൃശം. ഗാത്രം=ശരീരം. വാസവാദ്യമരൌഘം=ഇന്ദ്രാദിദേവസമൂഹം.

പത്തുദിക്കിലുമൊക്കെ നിറഞ്ഞ കാന്തിയോടും
ഭക്തവത്സലന്തന്നെക്കാണായിതഹല്യയ്ക്കും.

ബാലിവധം

മോഹം കലർന്നു മുഹൂർത്തമാത്രം പിന്നെ
മോഹവും തീർന്നു നോക്കീടിനാൻ ബാലിയും,
കാണായിതഗ്രേ രഘൂത്തമനെത്തദാ
ബാണവും ദക്ഷിണഹസ്തേ ധരിച്ചന്യ-
പാണിയിൽ ചാപവും ചീരവസനവും
തൂണീരവും മുടുസ്സേരവദനവും
ചാരുജടാമകുടംപൂണ്ടിടമെട്ട
മാറിടത്തിങ്കൽ വനമാലയും പൂണ്ട
ചാവ്വായതങ്ങളായുള്ള ഭുജങ്ങളും
ദൂർവ്വാദളച്ഛവി പൂണ്ട ശരീരവും
പക്ഷഭാഗേ പരിസേവിതന്മാരായ
ലക്ഷ്മണസുഗ്രീവന്മാരെയുമഞ്ജസാ.

വിരാധൻ

അന്നേരമാശു കാണായ്വന്നിതു വരുന്നത-
ത്യുന്നതമായ മഹാസത്വമത്യുഗ്രാരവം

മോഹം=ബോധക്ഷയം. മുഹൂർത്തമാത്രം=കുറച്ചുസമയം. അഗ്രേ=മുമ്പിൽ. ദക്ഷിണഹസ്തേ=വലത്തു കയ്യിൽ. അന്യപാണി=മറേറക്കയ്യ്. ചീരവസനം=മരവുരി. തൂണീരം=ആവനാഴി. ഇടമെട്ട=വീസ്താരമുള്ള. ചാവ്വായതങ്ങളം=അഴകും നീളവുമുള്ള. ദൂർവ്വാദളച്ഛവി=കറുകനാക്കിന്റെ നിറം. പക്ഷഭാഗേ=രണ്ടുഭാഗത്തും.

മഹാസത്വം=വലിയ ജന്തു. അത്യുഗ്രാരവം=അതിഭയങ്കരമായ ശബ്ദത്തോടുകൂടിയത്.

ഉദ്ധൂതവൃക്ഷം കരാളോജ്ജ്വലദംഷ്ട്രാനിത-
വക്ത്രഗഹ്വരം ഘോരാകാരമാരുണ്യനേത്രം;
വാമാംസസ്ഥലന്യസ്തശൂലാഗ്രത്തിങ്കലുണ്ട
ഭീമശാർദ്ദൂലസിംഹമഹിഷവരാഹാദി
വാരണമൃഗവനഗോചരജന്തുക്കളും
പൂരുഷന്മാരും കരഞ്ഞൊറവും തുള്ളിത്തുള്ളി;
പച്ചമാംസങ്ങളെല്ലാം ഭക്ഷിച്ചുഭക്ഷിച്ചുകൊ-
ണ്ടച്ചത്തിലലറിവന്നീടിനാനതുനേരം.

പൊന്മാൻ

മാരീചൻ മനോഹരമായോരു പൊന്മാനായി
മാരുപുള്ളികൾ വെള്ളികൊണ്ട, നേത്രങ്കൾ രണ്ടും
നീലക്കൽകൊണ്ട മേത്തു, മുഗ്ധഭാവത്തോടോരോ
ലീലകൾ കാട്ടിക്കാട്ടിക്കാട്ടിലുംപ്പുക്കും പിന്നെ
വേഗേന പുറപ്പെട്ടും തുള്ളിച്ചാടിയുമനു-
രാഗഭാവേന ദൂരെപ്പോയ് നിന്നും കടാക്ഷിച്ചും
രാഘവാശ്രമസ്ഥലോപാന്തേ സഞ്ചരിക്കുമ്പോൾ
രാകേന്ദുമുഖി സീത കണ്ട വിസ്മയം പൂണ്ടാൾ.

ഹനുമാൻ സമുദ്രം ചാടുന്നതു്

ഇതി പവനതനയനുരചെയ്ത വാലും നിജ-
മേറുമുയർത്തിപ്പരത്തിക്കരങ്ങളും

കരാളം=ഭയങ്കരം. വക്ത്രഗഹ്വരം=ഗുഹപോലുള്ള വായ. ആരുണ്യനേത്രം=ചുടുകണ്ണുള്ളതു്. ഉദ്ധൂതവൃക്ഷം=മരങ്ങൾ കുലുക്കുന്നതു്. വാമാംസസ്ഥലന്യസ്തശൂലാഗ്രം=ഇടത്തെ തോളത്തു വെച്ച ശൂലത്തിന്റെ തല. ശാർദ്ദൂലം=പുലി. മഹിഷം=പോത്തു്. വരാഹം=പന്നി. വാരണം=ആന. വനഗോചരജന്തുക്കൾ=കാട്ടുജന്തുക്കൾ. പൂരുഷന്മാർ=മനുഷ്യർ. ലീലകൾ=കളികൾ. രാകേന്ദുമുഖി=പൂർണ്ണചന്ദ്രമുഖി.

ഇതി=ഇപ്രകാരം. പവനതനയൻ=ഹനുമാൻ.

അതിവിപുലഗളതലവുമാജ്ജവമാക്കിനി-
ന്നാകുഞ്ചിതാംഘ്രിയായൂർദ്ധ്വനയനനായ്
ദശവദനപുരിയിൽ നിജഹൃദയവുമുറപ്പിച്ചു
ദക്ഷിണദിക്കുമാലോക്യ ചാടീടിനാൻ.

ഹനുമാൻ അശോകവനികയിൽ സീതയെക്കാണുന്നതു്

മലിനതരചികുരവസനംപൂണ്ട ദീനയായ്
മൈഥിലിതാൻ കൃശഗാത്രിയായെത്രയും
ഭയവിവശമവനിയിലുരുണ്ടും സദാ ഹൃദി
ഭർത്താവുതന്നെ നിനച്ചുനിനച്ചലം
നയനജലമനവരതമൊഴുകിയൊഴുകിപ്പതി-
നാമത്തെ രാമരാമേതി ജപിക്കയും
നിശിചരികളനടുവിലഴലൊടു മരുവുമീശ്വരി
നിത്യസത്രുപിണിയെക്കണ്ടു മാരുതി.

സീതാവിലാപം

രജനിചരയുവതികളിതി ത്രിജടാവചോ-
രീതി കേട്ടത്ഭുതഭീതി പൂണ്ടീടിനാർ,

അതിവിപുലഗളതലം=തടിച്ച കഴുത്ത്. ആജ്ജവം=ചൊവ്വ്. ആകുഞ്ചിതാംഘ്രി=കാൽ കുനിച്ചവൻ. ഊർദ്ധ്വനയനൻ=മേലോട്ടു നോക്കുന്നവൻ. ദശവദനപുരി=ലങ്ക. ദക്ഷിണദിക്ക്=തെക്കേ ദിക്ക്. ആലോക്യ=നോക്കി.

മലിനതരചികുരവസനം=ഏറ്റവും മുഷിഞ്ഞ മുടിയും വസ്ത്രവും. കൃശഗാത്രി=ശരീരം ചടച്ചവൾ. അവനിയിൽ=നിലത്ത്. അലം=ഏറ്റവും. നയനജലം=കണ്ണീർ. അനവരതം=എപ്പോഴും. പതിനാമം=ഭർത്താവിന്റെ പേർ. നിശിചരികളം=രാക്ഷസികളം. മാരുതി=ഹനുമാൻ.

രജനിചരയുവതികളം=രാക്ഷസസ്ത്രീകളം. ത്രിജടാവചോരീതി=ത്രിജടയുടെ വാക്കിന്റെ സ്വഭാവം.

മനസി പരവശതയൊടുറങ്ങിനാരേവരും
മാനസേ ദുഃഖം കലർന്നു വൈദേഹിയും
"ഉഷസി നിശിചരികളിവരുടലു മമ ഭക്ഷിക്കു-
മുറവരായിട്ടൊരുത്തരുമില്ല മേ,
മരണമിഹ വരുവതിനുമൊരു കഴിവു കണ്ടീല
മാനവവീരനുമെന്നെ മറന്നിതു,
കളവനിഹ വിരവിനൊടു ജീവനമദ്യ ഞാൻ
കാകുൽസ്ഥനും കരുണാഹീനനെത്രയും"
മനസി മുഹുരിവ പലതുമോർത്തു സന്താപേന
മന്ദമന്ദമെഴുനീറുനിന്നാകുലാൽ
തരളതരഹൃദയമൊടു ഭർത്താരമോർത്തോർത്തു
താണുകിടന്നോരു ശിംശപാശാഖയും
സഭയപരവശതരളമാലംബ്യ ബാഷ്പവും
സന്തതം വാർത്തു വിലാപം തുടങ്ങിനാൾ.

അദ്ധ്യാത്മരാമായണം.

ശകുന്തളയുടെ ക്രോധം

എന്നതു കേട്ടു നൃപനന്നേരമുരചെയ്താൻ
"നിന്നോടു കൂടിയുള്ള സംഗമം തോന്നീലേതും,
ഇക്കഥ നന്നുനന്നിതെത്ര വൈചിത്ര്യമോർത്താൽ
നിൽക്കിലും കണക്കിനിപ്പോകിലും കണക്കിനി,

പരവശത=ക്ഷീണം. വൈദേഹി=സീത. ഉഷസി=രാവിലെ. മാനവവീരൻ=രാജാവ് ശ്രീരാമൻ. അദ്യ=ഇന്ന്. കാകുൽസ്ഥൻ=ശ്രീരാമൻ. തരളതരം=വല്ലാതെ ഇളകുന്ന. ഭർത്താരം=ഭർത്താവിനെ. ശിംശപാശാഖ=ശിംശപാവൃക്ഷത്തിന്റെ കൊമ്പ്. സഭയപരവശതരളം=ഭയദുഃഖങ്ങളാൽ വിറച്ചുകൊണ്ട്. ആലംബ്യ=പിടിച്ചിട്ട്. ബാഷ്പം=കണ്ണീർ.

നൃപൻ=ദുഷ്മന്തരാജാവ്.

കത്തത്ര മെയ്താലും നീയിത്തരം പറയാതെ-
യുത്തമസഭാതലത്തിങ്കൽനിന്നസത്യങ്ങൾ"
ദുഷ്ടന്തനുപവരനീവണ്ണമവളോട
ദുസ്സഹമായ വാക്കു ചൊന്നത്ര കേട്ടനേരം
വ്രീളയുംപൂണ്ടു പാരം ദുഃഖവും മുഴുക്കയാൽ
സാലഭഞ്ജികപോലെ നിന്നിത്ര സല്പനേരം;
സംരംഭരോഷംകൊണ്ടു താമ്രമാം നയനവും
സൌരരശ്മികൾപോലെ തീക്ഷ്ണമാം തേജസ്സോടും
പ്രസ്ഫുരമാണമായോരോഷ്ഠസമ്പുടത്തോടും
പ്രസ്ഫുലിംഗങ്ങളോടും കൂടി നോക്കീടുനേരം
ഭ്രപതി ദഹിച്ചുപോമെന്നു തോന്നിടുംവണ്ണം
താപസി നിന്നു രണ്ടുനാഴിക നേരം; പിന്നെ
സപ്രാകാരം മറച്ചിത്ര തേജസാ ശകുന്തളാ.

യന്ത്രവേധം (പാഞ്ചാലീസ്വയംവരം)

രംഗത്തെ പ്രവേശിച്ചു മെയ്യടൻ പ്രദക്ഷിണ-
മംഗജാരാതിശിഷ്യശിഷ്യനാം ദ്രോണാചാര്യ-
ന്തൻ കഴലിണ ഭക്ത്യാ വന്ദിച്ചു നമസ്കരി-
ച്ചംഗജൻ കരിമ്പുവില്ലെടുത്തു കുലയേറി

വ്രീള=ലജ്ജ. സാലഭഞ്ജിക=മരപ്പാവ. സംരംഭരോഷം=വർദ്ധിച്ച കോപം. താമ്രം=ചുവന്ന. സൌരരശ്മികൾ=സൂര്യരശ്മികൾ. പ്രസ്ഫുരമാണം=വിറയ്ക്കുന്നത്. ഓഷ്ഠസമ്പുടം=ചുണ്ട്. പ്രസ്ഫുലിംഗങ്ങൾ=തീപ്പൊരികൾ. താപസി=താപസസ്ത്രീരൂപംപൂണ്ടവൾ.

അംഗജാരാതിശിഷ്യശിഷ്യൻ=പരശുരാമശിഷ്യൻ. അംഗജൻ=കാമൻ.

ബാണങ്ങളഞ്ചും തൊടുത്തെയ്തതുപോലേ പാർത്ഥൻ
കാണികൾ ചിത്രം ചിത്രമെന്നു കൊള്ളീടുന്നേരം
എടുത്തു ചാപമൊടിതുടച്ചു കുലച്ചുടൻ
തൊടുത്തു ബാണമഞ്ചും വലിച്ചു യന്ത്രമെയ്തു
മുറിച്ചു ജിതശ്രമം നിന്നീടുന്നതുനേരം
കറുത്ത ഭാവം നാനാധരിത്രീശന്മാക്കെല്ലാം,
പുഷ്പവൃഷ്ടിയും ചെയ്താർ ശിരസി ദേവഗണ-
മപ്പൊഴേ പാഞ്ചാലിയും മാലയുമിട്ടീടിനാൾ.

വിശ്വരൂപം

സാത്വികനായുള്ളോരു സാത്യകിയുണർത്തിച്ച
വാർത്ത കേട്ടതുനേരം ഗോവിന്ദൻതിരുവടി
തരുണാദിത്യബിംബം പതിനായിരംകൂടി-
യൊരുമിച്ചുദിച്ചുടനെയരുന്നതുപോലെ
കരുണാകരൻ ദേവൻ കമലവിലോചനൻ
വിരവോടെഴുനീറ്റു പെരികെക്കോപത്തോടെ
'വരിക പിടിക്കെടോ കെട്ടുവാൻ സുയോധന!
പെരികെ വൈകിക്കേണ്ട പക്ഷേ വന്നാട്ടത്താലും'
അസംഖ്യം മുഖങ്ങളുമസംഖ്യം ബാഹുക്കളു-
മസംഖ്യമായുധങ്ങളുമസംഖ്യം ചരണങ്ങൾ
ശങ്കരൻ വിരിഞ്ചനുമിന്ദ്രാദിദേവകളും
പങ്കജവിലോചനന്തങ്കലേ കാണായ്വന്നു,

പാർത്ഥൻ=അർജ്ജുനൻ. ജിതശ്രമം=പ്രയാസംകൂടാതെ. ധരിത്രീശന്മാർ=രാജാക്കന്മാർ.

തരുണാദിത്യബിംബം=ബാലസൂര്യബിംബം. പങ്കജവിലോചനൻ=ശ്രീകൃഷ്ണൻ.

രോമങ്ങൾതോറുമൊക്കെ വാനവരായും വന്നു
കോമളമായ രൂപം ഘോരമായ്ത്താണായ്വന്നു.

പാർത്ഥസാരഥി

വിജയനെത്തേരിൽ വിളങ്ങിക്കാണായി
വിബുധർകളധിപതിയൊട്ടും കൂടി;
തരുണഭാസ്കരനരുണനോടു കൂ-
ടൊരുമിച്ചു തെളിഞ്ഞുദിച്ചതുപോലെ
ഹരിയുതഹരിഹയതനയനെ
ഹരിണവാജിരാജിതരഥോപരി
ഹരിദശാത്മജനൊട്ടു പൊരുവാനായ്
വരുന്നതു കണ്ടു പറഞ്ഞു ശല്യരും
"പലരൊടും കാണാഞ്ഞിഹ ചോദിച്ചൊരു
വലരിപുതനയനെക്കണ്ടാലും നീ,
മുനികഠം മാനസതളിരിലും ഗോപ-
വനിതമാരുടെ മുലത്തടത്തിലും
ഇരുന്നരുളും മാധവനും താനുമായ്
പരന്ന വമ്പടനടുവിലാമ്മാറു
വരുന്നതു നന്നായ് തെളിഞ്ഞു കാണുക നീ;
നിറന്ന പീലികഠം നിരക്കവേ കുത്തി
നെറുകയിൽ കൂട്ടിത്തിറമൊട്ടു കെട്ടി

വിജയൻ=അർജ്ജുനൻ. വിബുധർകളധിപതി=ശ്രീകൃഷ്ണൻ. ഹരിയുതഹരിഹയതനയൻ=ശ്രീകൃഷ്ണനോടുകൂടിയ അർജ്ജുനൻ. ഹരിണവാജികഠം=വെള്ളക്കുതിരകഠം. ഹരിദശാത്മജൻ=കർണ്ണൻ. വലരിപുതനയൻ=അർജ്ജുനൻ. നിറന്ന=നിറമുള്ള. തിറമൊട്ട=ഭംഗിയിൽ.

കരിമുകിലൊത്ത ചികുരഭാരവും
മണികളം മിന്നിടുമണിക്കിരീടവും
കുനുകുനെച്ചിന്നും കുറുനിരത്തന്മേൽ
നനനനെപ്പൊടിഞ്ഞൊരു പൊടി പററി
തിലകവുമൊട്ടു വിയപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും,
അടിയാരെക്കുറിച്ചൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മട്ടുമൊഴിമാരിൽ വളർന്ന രാഗവും
കലഹംകണ്ടൊരത്ഭുതരസങ്ങളും
ചപലന്മാരൊടു കലർന്ന ഹാസവു-
മെതിരിട്ടന്നോക്കു ഭയങ്കരത്വവും
പലവുമിങ്ങനെ നവനവരസ-
മിടയിടെക്കുടിക്കലർന്ന നേത്രവും,
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയപ്പുതുള്ളികളം പൊടിഞ്ഞ നാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളു-
മിളതായിടിന തളിരുകളുമാ-
യിടകലർന്നുടനിളകും മാലകളം
തടവും മുത്തുമാലകളും കൌസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി

മട്ടുമൊഴിമാർ=സുന്ദരിമാർ.

പിടിച്ചൊരു കരതലവും കുങ്കുമം-
മുഴക്കെപ്പൂശിന തിരുമറുമാറും
നിറന്ന മഞ്ഞപ്പൂന്തുകിലും കാഞ്ചികയും
പദസരോരുഹയുഗവുമെന്നുടെ
ഹൃദയന്തന്നിലങ്ങിരിക്കുമ്പോലെയ-
മ്മണിരഥന്തന്നിലകം കുളുക്കവേ
മണിവണ്ണന്തന്നെത്തെളിഞ്ഞു കണ്ടേ ഞാൻ."

ഭീഷ്മരുടെ ശരശയനം

പത്തുസഹസ്രം ഗജാശ്വരഥികളും
പത്തിയും പ്രത്യേകമൂക്കോടടുത്തുടൻ
പത്തുദിവസവും കൊന്ന ദേവവ്രതൻ
പത്തുദിക്കും പുകഴൊങ്കുമഭീഷ്മരും
അസ്രീപ്രവരനാമജ്ജുനന്തന്നുടെ
പത്രികയംകൊണ്ടുടൻ ഛിദ്രമാമംഗവും
ഭക്തപരായണനായ നാരായണൻ-
രക്തസരോജപദങ്ങളിലെത്രയും
ഭക്തി മുഴുത്തതിനിശ്ചലമായോരു
മിത്രവും ബദ്ധാഞ്ജലിപൂണ്ട ഹസ്തവും ..

ഗജാശ്വരഥികയം=ആനകുതിരതേരാളികയം. പത്തി=കാലാംപ്പട. ദേവവ്രതൻ=ഭീഷ്മർ. അസ്രീപ്രവരൻ=വില്ലാളികളിൽ മുമ്പൻ. പത്രികാം=അമ്പുകയം. ഛിദ്രമാം=തുളയുന്ന. അംഗം=ശരീരം.

എത്രയും കൂത്തുമൂത്തുള്ള ശരങ്ങൾകൊ-
ണ്ടുത്തമമായൊരു മെത്തമേലങ്ങനെ
മുകുതിയാം നാരി വരുന്നതും പാത്തുപാ-
ത്തത്യന്തശുദ്ധനായ് മേവുന്ന ഭീഷ്മരെ
ചിത്രഭാവത്തോടു കാണായിതന്തികേ.

ശ്രീമഹാഭാരതം

സന്ദേശം

സഞ്ജയൻ്റെതു്

പാർത്ഥിവനതുനേരം സഞ്ജയനോടു ചൊന്നാൻ
'വാർത്തകളെന്തൊന്നുള്ള വാസ്തവം പറകെടോ!
അംബികാതനയനു സൌഖ്യമോ ഗാന്ധാരിക്കും
നന്മയോ ഭീഷ്മദ്രോണവിദുരാദികൾക്കെല്ലാം? (ഠം
എന്തെല്ലാംചൊല്ലിവിട്ട'തെന്നെല്ലാംചോദിച്ചപ്പോ
കുന്തീനന്ദനനോടു സഞ്ജയനന്താനും ചൊന്നാൻ
'സൈ്വരമായ്വസിക്കുന്നിതെല്ലാരുമിനി മേലിൽ
സൈ്വരമായ്വരുവതിനാഗ്രഹമുണ്ടതാനും'
സൂരികൾമുൻപനായ സൂതൻ ചൊന്നതു കേട്ടു
സൂര്യ്യജതനയനാം ഭൂപനുമുരചെയ്തു
'സൈ്വരമെൻ ജനകനു ഞാൻതന്നെ വരുത്തേണം
സൈ്വരക്കേടുണ്ടതിനെത്തായ്യനിമിത്തമായ്
സന്ന്യസിക്കേണം ഞങ്ങളെങ്കിലേ സുഖം വരൂ
മന്നവനുള്ളിലെന്നു ഞാനറിഞ്ഞിരിക്കുന്നു
എന്നതു ചൊൽവാനല്ലീ വന്നിതു ഭവാനിപ്പോൾ
മന്നവനിയോഗത്താലെന്നു ശങ്കിക്കുന്നോൻ ഞാൻ
വൈഷ്മ്യമതിനുണ്ടു രാജസൂയംചെയ്തേൻ ഞാൻ;
ദോഷമുണ്ടഗ്നിത്യാഗം ചെയ്താലുമെന്നു കേൾപ്പു

പാർത്ഥിവൻ=രാജാവ്—ധർമ്മപുത്രൻ. അംബികാതനയൻ=ധൃതരാഷ്ട്രൻ. കുന്തീനന്ദനൻ=ധർമ്മപുത്രൻ. സൈ്വരം=സുഖം. സൂരികൾ=പണ്ഡിതന്മാർ. സൂതൻ=സഞ്ജയൻ. സൂര്യ്യജതനയൻ=ധർമ്മപുത്രൻ.

എന്നാലും ഞാനോ ചെയ്യാം സന്ന്യാസമെന്നാകിലും
പിന്നെയും വൈഷമ്യമുണ്ടെന്തതെന്നു ചൊയ്യാം;
ഞാൻതന്നെ സന്ന്യസിച്ചാൽ താതനു പോരയല്ലോ
കൌന്തേയൻ ഭീമൻകൂടെസ്സന്ന്യസിക്കിലേ പോരൂ
എന്നതിന്നഷ്ടഗ്രാസി സന്ന്യാസി, ഭീമസേന-
നിന്നുള്ള ജനങ്ങളിലെത്രയും ബഹുഭോക്താ
ഇന്ദ്രപുത്രാദികളുമിന്ദ്രിയവശഗന്മാ-
രെന്നതിൽ പാരമുണ്ടു പിന്നെയുമൊരുദണ്ഡം
ശൂരനാം വിദുരരുംകൂടെസ്സന്ന്യസിക്കേണം
രൌദ്രകർമ്മങ്ങളിത്ഥം ചെയ്താലും മതിവരാ
എന്നിവ നിരൂപിച്ചു ഞാനിവ ചെയ്യായിന്നു
പിന്നെയും ചൊല്ലെന്തൊന്നുചൊല്ലിവിട്ടതുശൻ,
'ചൊല്ലിവിട്ടവസ്ഥകളെല്ലാമേ കേൾക്കയെങ്കിൽ
നല്ലതു നിങ്ങൾക്കിന്നു കാനനവാസംതന്നേ
പാതകഹരങ്ങളാം തീർത്ഥങ്ങളാടിക്കൊൾക
പാതിനാടിനിക്കിട്ടുമെന്നതു മോഹിക്കേണ്ട'
സഞ്ജയൻ പറഞ്ഞതു കേട്ടു ധർമ്മജൻ ചൊന്നാൻ
'മഞ്ജുളമായ വാക്കു കേട്ടുള്ളിൽ സുഖം വന്നു
അദ്ധ്രാജ്യത്തിൽ കൊതിയില്ലെനിക്കൊന്നുകൊണ്ടും
യുദ്ധംചെയ്തൊരുപുറമൊട്ടുങ്ങിശ്ശ്വേഷിച്ചവർ
പാരിതു പരിപാലിച്ചീടുകെന്നതേ വരൂ
പാരാതെയങ്ങു ചെന്നു സഞ്ജയ പറഞ്ഞാലും'

അഷ്ടഗ്രാസി=എട്ടരുള ഉണ്ണുന്നവൻ. ബഹുഭോക്താവ്=വളരെ ഉണ്ണുന്നവൻ. ഇന്ദ്രപുത്രാദികം=അർജ്ജുനാദികം. ചെയ്യായിന്നു=ചെയ്യാതിരിക്കുന്നു. പാതകം=പാപം.

ധർമ്മജൻ പറഞ്ഞതു കേട്ടു സഞ്ജയൻ ചൊന്നാൻ
'നന്മവന്നീടുന്നാളേ നല്ലതു തോന്നിക്കുട്ട
ധാർത്തരാഷ്ട്രരും ഭീഷ്മദ്രോണകർണ്ണാദികളും
പോർത്തലവന്മാരായ മറവുള്ള ബന്ധുക്കളും
ഒക്കവേ മരിച്ചു നീ നാടു വാണിരിക്കുന്നാ-
ളുൾക്കാമ്പിലുള്ള സുഖമെന്തെന്നു പറഞ്ഞാലും.
ചിന്തിക്ക രാജ്യം ലഭിച്ചീടിനാലുള്ള ഫലം
ബന്ധുക്കളുടെ സൌഖ്യം വന്നുകൂടുകയത്രേ
പിന്നെയും ജരാമരശോകങ്ങൾ വന്നുവന്നു
മന്നവ! മരിച്ചുപോകെന്നി മറെന്തൊന്നുള്ളൂ'
ധർമ്മജനതു കേട്ടു മന്ദഹാസവും പൂണ്ടു
സന്മാർഗ്ഗമറിഞ്ഞോരു സഞ്ജയനോടു ചൊന്നാൻ
'പാടവം പാരമുണ്ടു വാക്കിനു നിനക്കെടോ!
മൂഢൻ ഞാൻ വക്രോക്തികളറിയപ്പോകായ്കിലും
വെള്ളയിൽ പറഞ്ഞോരു നിർമ്മലവാക്കതൻറെ-
യുള്ളിൽ നീ സംഗ്രിച്ചോരർത്ഥമൊട്ടറിഞ്ഞു ഞാൻ
കേൾക്ക സഞ്ജയയെങ്കിലുമുള്ള ഭീഷ്മാദികൾ
പോക്കളെന്തന്നിൽ വീണു മരിക്കും മടിയാതെ.
അന്ധനാം നരപതി നന്ദനനന്ദനിക്കുള്ളി-
ലന്ധകാരങ്ങളേതും പോയതില്ലെന്നു വന്നു
ദേവകീദേവി പെറ്റ ദേവകിനന്ദനൻ വാസു-
ദേവനാം കൃഷ്ണൻ തുണയുണ്ടെനിക്കറിഞ്ഞാലും'.

ധാർത്തരാഷ്ട്രർ=കൌരവർ. വക്രോക്തികൾ=വളച്ചുകെട്ടിപ്പറഞ്ഞ വാക്കുകൾ. വെള്ളയിൽ=വ്യക്തമായി. അന്ധകാരങ്ങൾ=അറിവില്ലായ്മകൾ.

ഭഗവദ്ഭൂതൻ"

പരന്ന സഭതന്നിൽ നിറഞ്ഞു മഹാജനം
പറഞ്ഞുതുടങ്ങിനാൻ മാധവൻ കായ്ങ്ങളും
"അംബികാതനയനും തന്നുടെ സുതന്മാരും
നിർമ്മലന്മാരാം മുനിവര്യരും ദ്വിജന്മാരും
ദ്രോണരും കൃപരുമശ്വത്ഥാമാ വിദുരരും
മാനിച്ചു കേൾക്ക ഭീഷ്മർ കണ്ണനും ശകുനിയും;
കഴിഞ്ഞ വൃത്താന്തങ്ങൾ പറഞ്ഞു തുടങ്ങേണ്ട
കിഴിഞ്ഞു ധർമ്മാത്മജൻ പറഞ്ഞ വാക്കു കേൾപ്പിൻ;
സോമവംശത്തിൽ പണ്ടുള്ളാചാരമറിയായ്കിൽ
മാമുനിജനത്തോടു ചോദിക്ക സുയോധന!
നാഴികനേരമ്പോലും മൂത്തവർതന്നോ നാട്ടു-
വാഴകെന്നതേ വഴു നീതി നീ നിരൂപിക്ക,
പൂവ്വന്മാർ പണ്ടു വാണ കേളിയും നിനക്കില്ലേ
സാവ്വഭൌമത്വം തന്നേ ഭാവിച്ചാൽ വന്നുകൂടാ"
എന്നതു കേട്ടു ദുര്യോധനനമുരചെയ്താൻ
"ചൊന്നതു നന്നു നന്നു ദേവകീതനയ! നീ!
പൊല്ലെഴും യയാതിയാം ഭൂപതിതന്റെ മക്ക-
ളല്ലയോ യദു മുതൽ നാൽവരുമിരിക്കവേ
പൂരുവല്ലയോ പണ്ടു പാരിനു പതിയായ-
താരുമേയറിയാതെയല്ലിവയിരിക്കുന്നു"
"നന്നു നിൻ കേട്ടകേളി മന്നവ സുയോധന!
നിന്നോടൊന്നുണ്ടു പറയുന്നു ഞാനതു കേൾ നീ,
പൂജ്യനായ് നൃപഗ്രണയോഗ്യനായുള്ളവനേ
രാജ്യത്തിൽ പ്രാപ്തിയുള്ളിതെന്നതുകൊണ്ടല്ലയോ

നിന്നുടെ താതൻ ധൃതരാഷ്ട്രർതാനിരിക്കവേ
മന്നവനായി വാണു പാണ്ഡുവെന്നറിക നീ,
അപ്പോഴോ പാണ്ഡുപുത്രനാകിയ യുധിഷ്ഠിര-
നെപ്പേരുമടക്കി വാണീടുകയല്ലോ വേണ്ടൂ"
"പാണ്ഡുവിൻപുത്രർതന്നെയല്ലവരെങ്കിൽച്ചൊല്ലാം
പാണ്ഡവന്മാരിൽ പക്ഷപാതി നീ കോപിക്കൊല്ല,
മാമുനിശാപങ്കൊണ്ടു കാനനന്തന്നിൽ പാണ്ഡു
ഭാമിനീജനത്തോടും വേറുപെട്ടിരുന്ന നാൾ
മറ്റു കണ്ടവർകൾക്കു മക്കളായ്ത്തീർന്നവർ
പറ്റുമോ രാജ്യം വാഴ്വാനെന്നു നീ പറഞ്ഞാലും"
"എങ്കിലോ നിൻറെ താതനംബികാസുതൻതാനും
തിങ്കൾതൻ കുലജാതനല്ലെന്നു ധരിക്കേണം
വിചിത്രവീര്യനൃപൻ മരിച്ചശേഷത്തിങ്കൽ
വിചിത്രമത്രേ പിറന്നുണ്ടായ പ്രകാരവും
അക്കഥ നില്ക്കു നിനക്കൊക്കെ മൂളുന്തെങ്കി-
ലിക്കാലം പാതിരാജ്യം പകുത്തുകൊടുക്ക നീ"
"കൊടുക്കയില്ല രാജ്യം പാതി ഞാനൊന്നുകൊണ്ടും
കൊടുപ്പാനവകാശമില്ലവക്കറിഞ്ഞാലും"
"എങ്കിലൊരഞ്ചു ദേശമിരിപ്പാൻ കൊടുക്ക നീ
സങ്കടമാക്കും വേണ്ട നാശവുമുണ്ടാകേണ്ട"
"ആഗ്രഹം പറയാതേ വാക്കുമുട്ടിയാൽപ്പിന്നെ-
യാക്കാര്യം കൊടുക്കേണമെങ്കിലന്തണക്കത്രെ"
"രാജ്യവും പുരം ഗ്രാമം ദേശങ്ങൾ വേണ്ടയെങ്കിൽ
ത്യാജ്യരല്ലവരെന്നു നിന്നുടെ കൃപയാലേ

ഭാമിനീജനം=ഭാര്യമാർ. അംബികാസുതൻ=ധൃതരാഷ്ട്രൻ.
ത്യാജ്യർ=ഉപേക്ഷിക്കേണ്ടവർ.

വസിപ്പാനഞ്ചു ഗൃഹം ചമച്ചു കൊടുക്ക നീ
വസുക്കൾ ധാന്യങ്ങളും പകുത്തു കൊടുക്കേണ്ട,
അതിനും മടിയെങ്കിലൈവക്കും കൂടിയൊരു
സദനം നാട്ടിലൊരുഭാഗത്തു കൊടുക്ക നീ"
അന്ധകകുലജാതനന്തകാന്തകസേവ്യ-
നന്തവുമാദിയുമില്ലാതവൻ പരൻ പുമാൻ
ബന്ധൂകസമമായ ചെന്തളിരടിയുള്ളോൻ
ബന്ധുക്കളില്ലാതോക്കെ ബന്ധുവാകിയ കൃഷ്ണൻ
ബന്ധുരരൂപൻ പാണ്ഡുരാജനന്ദനന്മാക്കെ
ബന്ധുവായൊരു ദൂതനായിതു പറഞ്ഞപ്പോൾ
അന്ധനാം നരപതിനന്ദനനരചെയ്താൻ
"ബന്ധമില്ലെന്നാകിലുമെന്നോടിത്തരം ചൊൽവാൻ
എന്തിനു പലതരമിങ്ങനെ പറയുന്നു
കുന്തിതൻമക്കളെന്നു കൂറുകൊണ്ടതുമെയല്ലീ
സന്തതം പറയുന്നു ദേവകീതനയ! നീ
ബന്ധമെന്തവരോടു വാത്സല്യമുണ്ടായ്വരാൻ?
സൂചകനായ നിന്റെ വാക്കുകൾ കേൾക്കുന്നോരും
സൂചിതനുനകൊണ്ടു കുത്തുവാനുള്ള നിലം
കൊടുക്കും ഞാനെന്നതു നിനച്ചീടേണ്ടയേതും
പടയ്ക്കു വരുന്നാകിൽ കണ്ടുപോകേണംതന്നെ"
"നന്നല്ല സുയോധന! നാശങ്ങളുണ്ടായ്വരും
മന്നവനവകാശമുള്ള നാടയയ്ക്ക നീ

വസുക്കൾ=ധനങ്ങൾ. സദനം=ഗൃഹം. അന്തകാന്തകസേവ്യൻ=ശിവനാൽ സേവിക്കപ്പെടുന്നവൻ. ബന്ധൂകം=ചെമ്പരത്തിപ്പൂ. ബന്ധുരം=സുന്ദരം. സൂചകൻ=ഖലൻ.

ഇല്ലൊരു ഭേദമെനിക്കാരുമെന്നറിഞ്ഞാലും
നല്ലതു ചൊല്ലീടേണമെങ്കിലുമെല്ലാരോടും,
കാലദേശാവസ്ഥയും ധർമ്മവുമധർമ്മവും
മൂലവും തമ്മിലുള്ള ദൌർബ്ബല്യപ്രാബല്യവും
മൊഴിയും മൊഴിക്കേട്ടും വഴിയും വഴിക്കേട്ട-
മഴകോടകതാരിലാവോളമോത്തീടേണം;
കൊടുത്താർ കൊല്ലുവാനായ് ഭീമനു വിഷം മുന്നം
പെടുപ്പാൻ പാമ്പുകൊണ്ടു കുടിപ്പിച്ചിതു പിന്നെ
ഉറക്കത്തോടേ കാലും കരവും വരിഞ്ഞുട-
ന്നറക്കെക്കെട്ടിശ്ശംഗാജലത്തിലെറിഞ്ഞതും
മറപ്പാനരുതാതവണ്ണം നീ പിന്നെ നന്നാ-
യരക്കില്ലത്തിലിട്ടു ചുട്ടതും പിന്നെ നിങ്ങൾ
കള്ളച്ചൂതാലെ നാടുമർത്ഥവും പറിച്ചതും
കള്ളക്കാടതിൽപ്പരം പിന്നെയും കാട്ടി നിങ്ങൾ,
ദുഷ്ടനാം ദുശ്ശാസനൻ പെട്ടന്നു സഭാമദ്ധ്യേ
മട്ടോലുംമൊഴിയായ പഞ്ചാലിതലമുടി
പിടിച്ചു വലിച്ചുടനീഴ്ത്തതുമവളുടെ-
യുടുത്ത പുടവയുമഴിച്ചു കളഞ്ഞതും
ഇത്തരം പരാക്രമമായതു നിങ്ങൾക്കെല്ലാ-
മെത്രയും, പരിഭവമുണ്ടവക്കിവമൂലം,
നിസ്സ്വപം കഷ്ടം നിങ്ങൾ ചെയ്തവയെല്ലുമുള്ളിൽ
ശക്തനാം ഭീമസേനൻ മറന്നല്ലിരിക്കുന്നു;
കൊടുക്ക പാതിനാടുമവക്കിന്നല്ലയാക്കി-
ലൊടുക്കും ഭീമസേനൻ നിങ്ങളെയെല്ലാംകൊണ്ടും

പെടുപ്പാൻ=കൊല്ലുവാൻ. നിസ്സ്വപം=ലജ്ജകൂടാതെ.

മുമ്പിലേ ഹിഡിംബനെക്കൊന്നതും ബകനായ
വമ്പനേ വധിച്ചേകചക്രയിലിരുന്നതും
മാഗധനായ നൃപവീരനെ വധിച്ചതും
വേഗത്തിൽ കിഴക്കുദിക്കൊക്കവേ ജയിച്ചതും
ശകുതനാം കൃമ്മീരനെക്കുത്തിയങ്കമത്തതും
മുത്തണിമുലയാളാം ദ്രൌപദിതന്റെ മൊല്ലാൽ
കല്യാണസൌഗന്ധികം കൊണ്ടുപോരുന്നനേരം
മൊല്ലുള്ള ഗന്ധവ്വവീരന്മാരെജ്ജയിച്ചതും
എത്തിയ ജയദ്രഥനന്നെ മാൽപെടുത്തതു-
മെത്രയും വിരുതുള്ള മല്ലനെ വധിച്ചതും
കീചകനാദികളെക്കാലനുക്കയച്ചതു-
മാശുഗസുതനായ ഭീമനെന്നറിഞ്ഞാലും,
കൊല്ലുമേയവൻ നിങ്ങൾ നൂറുപേരെയുമെടോ!
നല്ലതു പാതിനാട്ടു കൊടുക്ക സുയോധന!
വില്ലെടുത്തവർകളിൽ നല്ലനാം ധനഞ്ജയ-
നല്ലയോ പാഞ്ചാലനാം മന്നനെബ്ബന്ധിച്ചതും
രാത്രിയിലെതിർത്തോരു ഗന്ധവ്വനന്നെ യെന്നാൻ
പാർത്ഥനല്ലയോ യന്ത്രമെയ്തടൻ മുറിച്ചതും
പോക്കൊരുമിച്ചു നമ്മെയൊക്കവേ ജയിച്ചതും
ഭോഷ്കല്ല ബലദേവാദികളും ഞങ്ങളേയും
ജയിച്ചു സുഭദ്രയെക്കൊണ്ടവൻ പോന്നുകൊണ്ടാൻ
ജയിച്ചാൻ വരിഷിച്ചുവന്നോരു ശക്രനേയും,
ഖാണ്ഡവം ദഹിപ്പിച്ചാൻ ശരകൂടത്തെയ്തു
ഗാണ്ഡീവം വാങ്ങിക്കൊണ്ടാനഗ്നിയോടതുമൂലം

മാഗധൻ=ജരാസന്ധൻ. ആശുഗസുതൻ=വായുപുത്രൻ. പാഞ്ചാലൻ=ദ്രുപദൻ. ഖാണ്ഡവം=ഖാണ്ഡവവനം.

ഉത്തരയായ ദിക്കുമൊക്കവേ ജയിച്ചവ-
നുത്തമമായ കൈലാസാചലംതങ്കൽ ചെന്നാൻ
മുക്കണ്ണന്തന്നോടു പോരെത്രയും പാരംചെയ്തു
കയ്യോണ്ടാൻ പാശുപതം വാനുലകത്തു ചെന്നാൻ
ദേവവൈരികളേയും നിഗ്രഹിച്ചവിടന്നു
ദേവകളോടുമസ്സുമെപ്പേരും വാങ്ങിക്കൊണ്ടാൻ
നിന്നെയും കെട്ടിക്കൊണ്ടുപോയോരു ചിത്രരഥ-
നന്നെയും വെന്നു നിന്നെ വീണ്ടുകൊണ്ടതുമവൻ
പോക്കൊരുമിച്ചു നിന്ന നിങ്ങളെയൊക്കെ വെന്നു
ഗോക്കളെ വീണ്ടുകൊണ്ടുപോയതുമവനല്ലോ,
ഇത്തരം പലപല വിക്രമങ്ങളെച്ചെയ്ത
വൃത്രാരിപുത്രൻതന്നേ മിക്കതുമൊടുക്കീടും
അക്കനന്ദനനായ കർണ്ണനെ വിശേഷിച്ചും
ശക്രനന്ദനൻതന്നേ കൊല്ലുമെന്നറിഞ്ഞാലും;
അച്ഛനെപ്പിടിച്ചു കെട്ടിപ്പിച്ച പരിഭവം
വെച്ചുകൊണ്ടിരിക്കുന്നു ധൃഷ്ടദ്യുമ്നനുമെടോ!
നിശ്ചയം ദ്രോണർതന്നെക്കൊന്നീടുമവന്താനും
പിച്ചയായ് ശിഖണ്ഡിയും ഭീഷ്മരെ വധിച്ചീടും
ശല്യരെ യുധിഷ്ഠിരൻ കൊല്ലുമെന്നറിഞ്ഞാലും
കല്യനാം ശകുനിയെക്കൊന്നീടും സഹദേവൻ

ഉത്തര=വടക്കു. വൃത്രാരിപുത്രൻ=അർജ്ജുനൻ. അക്കനന്ദനൻ=സൂര്യപുത്രൻ. കല്യൻ=ആരോഗ്യവാൻ.

മറുള്ള ബന്ധുക്കളും മക്കളും കനിഷ്ഠരും
പറവലർകാലന്മാരാം പാണ്ഡവരൊടുക്കീടും;
നല്ലതു പാതിനാടു കൊടുക്ക സുയോധന!
നല്ലതു വരികയില്ലല്ലായ്കിലൊന്നുകൊണ്ടും."

ശ്രീമഹാഭാരതം

കനിഷ്ഠർ=അനുജന്മാർ. പറവലർകാലന്മാർ=ശത്രുനാശകന്മാർ.

ആഖ്യാനം

വാല്മീകി

ചിന്മയനായ നിൻ നാമമഹിമയാൽ
ബ്രഹ്മമുനിയായ് ചമഞ്ഞിതു ഞാനെടോ!
ദുർമ്മതി ഞാൻ കിരാതന്മാരുമായ്പുരാ
നിർമ്മരിയാദങ്ങൾ ചെയ്തേൻ പലതരം
ജന്മമാത്രാൽ ദ്വിജത്വം മുന്നമുള്ളതും
ബ്രഹ്മകർമ്മങ്ങളുമൊക്കെ വെടിഞ്ഞു ഞാൻ
ശൂദ്രസമാചാരതൽപരനായൊരു
ശൂദ്രതരുണിയുമായ്വസിച്ചേൻ ചിരം,
പുത്രരേയും വളരെജ്ജനിപ്പിച്ചിതു
നിസ്സീമം ചോരന്മാരോടുകൂടെച്ചേന്നു
നിത്യവും ചോരനായ്വില്ലുമമ്പും ധരി-
ച്ചെത്ര ജന്തുക്കളെക്കൊന്നേൻ ചതിച്ചു ഞാൻ;
എത്ര വസ്തു പറിച്ചേൻ ദ്വിജന്മാരോടു-
മത്ര മുനീന്ദ്രവനത്തിൽനിന്നേകദാ
സപ്തമുനികൾ വരുന്നതു കണ്ടു ഞാൻ
തത്ര വേഗേന ചെന്നേൻ മുനിമാരുടെ
വസ്ത്രാദികൾ പറിച്ചീടുവാൻ മൂഢനായ്;
മദ്ധ്യാഹ്നമാർത്താണ്ഡതേജസ്സുചുരുകിയോ

ദ്വിജത്വം=ബ്രാഹ്മണത്വം. ബ്രഹ്മകർമ്മങ്ങൾ=ബ്രാഹ്മണകർമ്മങ്ങൾ. നിസ്സീമം=നിർല്ലജ്ജം. ചോരന്മാർ=കള്ളന്മാർ. ഏകദാ=ഒരിക്കൽ. സപ്തമുനികൾ=മരീചി മുതലായ ഏഴു മഹർഷിമാർ. മൂഢൻ=അറിവില്ലാത്തവൻ. മദ്ധ്യാഹ്നമാർത്താണ്ഡൻ=ഉച്ചസൂര്യൻ.

നിർദ്ദയം പ്രാപ്തനാം ദുഷ്ടനാമെന്നെയും
വിദ്ധതം നിർജ്ജനേ ഘോരമഹാവനേ
ദൃഷ്ട്വാ സസംഭ്രമമെന്നോടരുൾചെയ്തു
"തിഷ്ഠ തിഷ്ഠ തവയാ കർത്തവ്യമത്ര കിം
ദുഷ്ടമതേ പരമാർത്ഥം പറ"കെന്നു
തുഷ്ട്യാ മുനിവരന്മാരരുൾചെയ്തപ്പോൾ
നിഷ്ഠുരാത്മാവായ ഞാനവർകളോ-
ടിഷ്ടം മദീയം പറഞ്ഞേൻ നൃപാത്മജ!
"പുത്രദാരാദികളുണ്ടെനിക്കെത്രയും
ക്ഷുത്തുംപ്രപീഡിതന്മാരായിരിക്കുന്നു,
വൃത്തികഴിപ്പാൻ വഴിപോക്കരോടു ഞാൻ
നിത്യം പിടിച്ചുപറിക്കുമാറാകുന്നു,
നിങ്ങളോടും ഗ്രഹിച്ചീടേണമേതാനും-
മിങ്ങനെ ചിന്തിച്ചു വേഗേന വന്നു ഞാൻ"
മൊന്നാർ മുനിവരന്മാരതു കേട്ടുട-
നെന്നോടു മന്ദസ്മിതംചെയ്തു സാദരം
"എങ്കിൽ നീ ഞങ്ങൾ മൊല്ലുന്നതു കേൾക്കണം
നിൻകുടുംബത്തോടു ചെന്നു ചോദിക്ക നീ
നിങ്ങളെച്ചൊല്ലി ഞാൻ ചെയ്യുന്ന പാപങ്ങൾ
നിങ്ങൾകൂടെപ്പകുത്തൊട്ടുവാങ്ങീടുമോ?

ദൃഷ്ട്വാ=കണ്ടിട്ട്. തിഷ്ഠതിഷ്ഠ=നിൽക്കനിൽക്ക. തവയാ അത്ര കിം കർത്തവ്യം=നിനക്ക് ഇവിടെ എന്തു ചെയ്യണം നിഷ്ഠുരാത്മാവ്=ക്രൂരസ്വഭാവൻ. മദീയം=എന്റേത്. പുത്രദാരാദികൾ=മക്കളും ഭാര്യയും മറ്റും. ക്ഷുത്തുംപ്രപീഡിതന്മാർ=വിശപ്പുകൊണ്ടും ദാഹംകൊണ്ടും വലഞ്ഞവർ. വൃത്തി=നിത്യജീവിതം.

എന്നു നി ചെന്നു ചോദിച്ചവരുവോളം
നിന്നീടമത്രൈവ ഞങ്ങൾ നിസ്സംശയം"
ഇത്ഥമാകണ്ണ്യ ഞാൻ വീണ്ടുപോയ്ചെന്നു മൽ-
പുത്രദാരാദികളോടു ചോദ്യംചെയ്തേൻ
"ദുഷ്കൃമ്മസഞ്ചയം ചെയ്ത ഞാൻ നിങ്ങളെ-
യൊക്കെഭരിച്ചുകൊള്ളുന്ന ദിനംപ്രതി
തൽഫലമൊട്ടൊട്ടു നിങ്ങൾ വാങ്ങിടുമോ?
മൽപാപമൊക്കെ ഞാൻതന്നെ ഭുജിക്കെന്നോ?
സത്യംപറയേണ"മെന്നു ഞാൻ ചൊന്നതി-
നുത്തരമായവരെന്നോടു ചൊല്ലിനാർ
"നിത്യവും ചെയ്യുന്ന കർമ്മഗണഫലം
കർത്താവൊഴിഞ്ഞു മറന്യൻ ഭുജിക്കുമോ?
താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ"
ഞാനുമതുകേട്ടു ജാതനിർവ്വേദനായ്
മാനസേ ചിന്തിച്ചു ചിന്തിച്ചൊരോതരം
താപസന്മാർ നിന്നരുളുന്ന ദിക്കിനു
താപേന ചെന്നു നമസ്കരിച്ചീടിനേൻ,
നിത്യതപോധനസംഗമഹേതുനാ
ശുദ്ധമായുന്നിതെന്നാന്തഃകരണവും,

അത്തൈവ=ഇവിടെത്തന്നെ. ഇത്ഥം ആകണ്ണ്യ=ഇങ്ങനെ കേട്ടിട്ട്. വീണ്ടുപോയ്ചെന്ന്=തിരിച്ചുചെന്ന്. ദുഷ്കൃമ്മസഞ്ചയം=പാപസമൂഹം. കർത്താവ്=ചെയ്യുന്നവൻ. ജാതനിർവ്വേദൻ=വൈരാഗ്യം ജനിച്ചവൻ. നിത്യതപോധനസംഗമഹേതുനാ=ശാശ്വതബ്രഹ്മർഷിമാരുടെ സംസർഗ്ഗംനിമിത്തം. അന്തഃകരണം=മനസ്സ്.

ത്യുക്തവാ ധനുസ്സുരാദ്യങ്ങളും ദൂരെ ഞാൻ
ഭക്ത്യാ നമസ്കരിച്ചേൻ പാദസന്നിധൌ
"ദുഷ്കൃതിസാഗരേ മഗ്നനായ്പ്പീഴവാൻ
നിശ്ചമിച്ചീടുമെന്നെക്കരുണാത്മനാ
രക്ഷിച്ചുകൊള്ളേണമേ ശരണാഗത-
രക്ഷണം ഭൂഷണമല്ലോ മഹാത്മനാം"
സ്പഷ്ടമിത്യുക്തവാ പതിതം പദാന്തികേ
ദൃഷ്ടവാ മുനിവരനാരുമരുൾചെയ്തു
"ഉത്തിഷ്ഠ ഭദ്രമുത്തിഷ്ഠ തേ സന്തതം
സ്വസ്ത്യസ്തു ചിത്തശുദ്ധിസ്സദൈവാസ്തു തേ
സദ്യഃ ഫലം വരും സജ്ജനസംഗമാ-
ദ്വിദ്വജ്ജനാനാം മഹത്ത്വമേതാദൃശം
ഇന്നുതന്നേ തരുന്നുണ്ടൊരുപദേശ-
മെന്നാൽ നിനക്കതിനാലേ ഗതി വരും"
അന്യോന്യമാലോകനംചെയ്ത മാനസേ
ധന്യതപോധനന്മാരും വിചാരിച്ചു
"ദുർവൃത്തനേറെറം ദ്വിജാധമനാമിവൻ
ദിവ്യജനത്താലുപേക്ഷ്യനെന്നാകിലും

ത്യുക്തവാ=ഉപേക്ഷിച്ചിട്ട്. ധനുസ്സ്=വില്ല്. ദുഷ്കൃതിസാഗരേ=പാപസമുദ്രത്തിൽ. മഗ്നൻ=മുങ്ങിയവൻ. മഹാത്മനാം=മഹാത്മാക്കൾക്ക്. ഇത്യുക്തവാ=ഇങ്ങനെ പറഞ്ഞിട്ട്. പദാന്തികേപതിതം=കാൽൽവീണത്. ദൃഷ്ടവാ=കണ്ടിട്ട് ഉത്തിഷ്ഠ=എഴുന്നേല്ക്കൂ. ഭദ്രം=മഗളം വരട്ടെ. തേ സന്തതം സ്വസ്തി അസ്തു=നിനക്ക് എപ്പോഴും നന്മവരട്ടെ. സദൈവതേ ചിത്തശുദ്ധിഃ അസ്തു=എല്ലായ്പോഴും നിനക്ക് മനശ്ശുദ്ധിയുണ്ടാവട്ടെ. സദ്യഃ=ഉടനെ. വിദ്വജ്ജനാനാം=വിദ്വജ്ജനങ്ങളുടെ. ഏതാദൃശം=ഇങ്ങനെയുള്ളത്. ആലോകനംചെയ്തു=നോക്കി. ഉപേക്ഷ്യൻ=ഉപേക്ഷിക്കേണ്ടവൻ.

രക്ഷരക്ഷേതി ശരണംഗമിച്ചവൻ
രക്ഷണീയൻ പ്രയത്നേന ദുഷ്ടോപി വാ
മോക്ഷമാശ്വോപദേശേന രക്ഷിക്കണം
സാക്ഷാൽപരബ്രഹ്മബോധപ്രദാനേന"
ഇത്ഥമുക്ത്വാ രാമനാമവർണ്ണദ്വയം
വ്യത്യസ്തവർണ്ണക്രമേണ ചൊല്ലിത്തന്നാർ
"നിത്യം മരാമരേത്യേവം ജപിക്ക നീ
ചിത്തമേകാഗ്രമാക്കിക്കൊണ്ടനാരതം
ഞങ്ങളിങ്ങോട്ട വരുവോളവും പുന-
രീങ്ങനെതന്നേ ജപിച്ചിരുന്നീട്ട നീ"
ഇത്ഥമനുഗ്രഹം ദത്വാ മുനീന്ദ്രന്മാർ
സത്വരം ദിവ്യപഥാ ഗമിച്ചീടിനാർ;
നത്വാ മരേതി ജപിച്ചിരുന്നേനഹം
ഭക്ത്യാ സഹസ്രയുഗം കഴിവോളവും,
പുറ്റുകൊണ്ടെന്നുടൽ മൂടിച്ചമഞ്ഞിതു
മുറ്റും മറഞ്ഞുചമഞ്ഞിതു ബാഹ്യവും,
താപസേന്ദ്രന്മാരുമന്നെഴുന്നെള്ളിനാർ
ഗോപതിമാരുദയംചെയ്തതുപോലെ
നിഷ്ക്രമിച്ചീടെന്നു ചൊന്നതു കേട്ടു ഞാൻ
നിഷ്ക്രമിച്ചീടിനേനാശു നാക്കുദരാൽ

രക്ഷരക്ഷ=രക്ഷിക്ക രക്ഷിക്ക. രക്ഷണീയൻ=രക്ഷിക്കേണ്ടവൻ. ദുഷ്ടോപിവാ=ദുഷ്ടനാണെങ്കിലും. ഇത്ഥം ഉക്ത്വാ=ഇങ്ങനെ പറഞ്ഞിട്ട്. വർണ്ണദ്വയം=രണ്ടക്ഷരം. വ്യത്യസ്തവർണ്ണക്രമേണ=അക്ഷരങ്ങൾ മരാ എന്നു തിരിച്ചിട്ടിട്ട്. ദത്വാ=കൊടുത്തിട്ട്. ദിവ്യപഥാ=ദിവ്യമാർഗ്ഗത്തിലൂടെ. നത്വാ=നമസ്കരിച്ചിട്ട്. ബാഹ്യം=പുറമെയുള്ളത്. ഗോപതിമാർ=സൂര്യന്മാർ. നാക്കുദരാൽ=പുററിനുള്ളിൽനിന്ന്.

വാല്മീകമഭ്യുതോ നിന്നു ജനിക്കയാ-
ലമ്മുനീന്ദ്രന്മാരഭിധാനവും ചെയ്തവർ
"വാല്മീകിയാം മുനിശ്രേഷ്ഠൻ ഭവാൻ ബഹു-
ലാമ്നായവേദിയായ് ബ്രഹ്മജ്ഞനാക നീ"
എന്നാശംസചെയ്തെഴുന്നള്ളി മുനികളു-
മന്നുതുടങ്ങി ഞാനിങ്ങനെ വന്നതും,
രാമനാമത്തിൻ പ്രഭാവം നിമിത്തമായ്
രാമ! ഞാനിങ്ങനെയായ് ചമഞ്ഞീടിനേൻ.

അദ്ധ്യാത്മരാമായണം

സുന്ദോപസുന്ദന്മാർ

ഹിരണ്യകശിപുതൻ കുലത്തിൽ വന്നു മുന്നം
പിറന്ന നികുംഭനാമസുരവരനുടെ
നന്ദനന്മാരായുണ്ടായ്വന്നിതു വീരന്മാരായ്
സുന്ദോപസുന്ദന്മാരെന്നിരുവരതുകാലം;
വൃന്ദാരകാരികളായ് മുന്നമുണ്ടായിവന്ന
സുന്ദോപസുന്ദന്മാരും വയസ്യന്മാരെപ്പോലെ
അന്യോന്യം ഭ്രാതാക്കന്മാരാമവരിരുവരു-
മൊന്നിച്ചു തമ്മിൽ പിരിയാതെ വാഴുന്നകാലം
ത്രൈലോക്യം ജയിക്കേണം നമുക്കെന്നുറച്ചവർ
ശൈലാഢ്യനായ വിന്ധ്യന്നുടെ മകളിൽ പോയ്
സന്തതം പിതാമഹന്നുടെ പാദാംബുജം
ചിന്തിച്ച ഘോരമായ തപസ്സു തുടങ്ങിനാർ

വാല്മീകമഭ്യുതഃ=പുറ്റിനുള്ളിൽനിന്ന്. അഭിധാനം=പേർ. ബഹ്വലാമ്നായവേദി=വളരെ വേദം അറിയുന്നവൻ.

വൃന്ദാരകാരികൾ=അസുരന്മാർ. വയസ്യന്മാർ=ചങ്ങാതികൾ. ഭ്രാതാക്കന്മാർ = സോദരന്മാർ. ശൈലാഢ്യൻ = പർവ്വതശ്രേഷ്ഠൻ. പിതാമഹൻ=ബ്രഹ്മാവ്.

വായുഭക്ഷണംചെയ്തു പാദാംഗ്രുഷ്ഠവുമൂന്നി-
ക്കായവും മലംപൂണ്ട ജടയും വല്ക്കലവും
ധരിച്ചു കൂപ്പിത്തൊഴുതക്ഷികളിളകാതെ
നിരസ്താശയാ നിത്യവ്രതത്തോടൊരുപോലെ,
ചെന്നിതു കാലമപ്പോഥം പൊങ്ങിയ ധൂമംകൊണ്ടു
നന്നായി വിറച്ചിതു വിന്ധ്യനാം മലയെല്ലാം;
ഉഗ്രമാം തപസ്സുകൊണ്ടക്കാലം ദേവകളും
വ്യഗ്രിച്ചു ഭയപ്പെട്ടു മിന്തിച്ചാർ പലതരം
"എന്തൊന്നുകൊണ്ടു തപോവിഘ്നത്തെ വരുത്താവൂ
പന്തൊക്കും മുലമാരാലേതുമില്ലൊരു ഫലം,
ശൂലവുമോങ്ങിയൊരു രാക്ഷസനടുത്തിതു
കാലനെപ്പോലെ ദേവന്മാരുടെ മായയാലേ
സുന്ദോപസുന്ദന്മാരാമസുരേന്ദ്രന്മാരുടെ
സുന്ദരിമാരാം ഭാര്യാഭഗിനീജനനിമാർ
പേടിച്ചു "പരിപാലിച്ചീടേണ"മെന്നുമൊല്ലി-
യോടിച്ചെന്നതു കണ്ടുമിളകീലവരേതും
കനിവുകൊണ്ടുമേ തപോഭംഗത്തെച്ചെയ്യുകൂടാ-
ഞ്ഞിന്ദ്രാദിദേവഗണമാകുലപ്പെട്ടശേഷം
മുമ്പിലാമ്മാറങ്ങെഴുന്നള്ളിനാൻ പിതാമഹ-
നൻപോടു വേണ്ടും വരം തരുവനെന്നു ചൊന്നാൻ

പാദാംഗ്രുഷ്ഠം = കാലിൻപെരുവിരൽ കായം=ശരീരം. വല്ക്കലം=മരവുരി. അക്ഷികം = കണ്ണുകം. നിരസ്താശയാ = ആശകം വെടിഞ്ഞു്. ധൂമം=പുക. വ്യഗ്രിച്ചു്=പരിഭ്രമിച്ചു് ഭഗിനി= സോദരി.

വന്ദിച്ചു സുന്ദോപസുന്ദന്മാരുമരവിന്ദ-
നന്ദനനന്തനോടത്യാനന്ദമായുരചെയ്താർ
"നിന്തിരുവടിക്കു കാരുണ്യമുണ്ടാകിൽ ഞങ്ങൾ-
ക്കന്തരം വരാതൊരു ദേവതപം തന്നീടേണം"
അന്നേരം വിധാതാവുമവരോടരുൾചെയ്തു
"തന്നുകൂടുമോ മമ ദേവതപം നിങ്ങൾക്കിപ്പോൾ
മറവു വേണ്ടുന്നതെല്ലാം നല്ലവനരചെയ്യിൻ
കുറമുണ്ടമരതപം നിങ്ങൾക്കു തന്നീടിനാൽ"
എന്നതു കേട്ടനേരം സുന്ദോപസുന്ദന്മാരും
നന്നായിക്കുപ്പിത്തൊഴുതജനോടപേക്ഷിച്ചാർ
"സ്ഥാവരജംഗമങ്ങളായുള്ള ഭൂതങ്ങളാ-
ലാവയോരൊരുനാളും മരണമരുതല്ലൊ
ലോകങ്ങൾ മൂന്നിങ്കലുമുള്ളൊരു ജന്തുക്കളാ-
ലേകദാ മൃത്യു ഭവിച്ചീടരുതൊരുനാളും
അന്യോന്യമൊഴിഞ്ഞു മറാരാലുമൊരു നാശം
വന്നുകൂടാതവണ്ണം നല്കേണമനുഗ്രഹം"
ധാതാവും "നാശം നിങ്ങൾ തങ്ങളിലൊഴിഞ്ഞൊരു
ഭൂതങ്ങളാലും വന്നുകൂടായ്കെ"ന്നരചെയ്താൻ
ആസ്ഥയാ, മറഞ്ഞരുളീടിനാൻ വിരിഞ്ചനും
ദൈത്യന്മാർ തപസ്സുമന്നേരത്തു സമർപ്പിച്ചാർ;
സർവ്വജന്തുക്കളാലുമവദ്ധ്യന്മാരായതി-
ഗർവ്വിതന്മാരായ് നിജമന്ദിരം പുക്കാരവർ

അരവിന്ദനന്ദനൻ, വിധാതാവ്=ബ്രഹ്മാവ്. അമരതപം=ദേവതപം. അജൻ=ബ്രഹ്മാവ്. ആവയോഃ=ഞങ്ങൾക്കു രണ്ടാൾക്കും. ഏകദാ=ഒരിക്കൽ. ധാതാവ്=ബ്രഹ്മാവ്. ആസ്ഥയാ=ആദരത്തോടെ. സമർപ്പിച്ചാർ=അവസാനിപ്പിച്ചു. അവദ്ധ്യന്മാർ=കൊല്ലാൻ കഴിയാത്തവർ.

സന്തോഷമുണ്ടായ്വന്നു ബന്ധുക്കൾക്കെല്ലാമുള്ളിൽ
ചിന്തിച്ചവണ്ണം വരം കിട്ടുകനിമിത്തമായ്,
താപസവേഷം പരിത്യജിച്ചു ദിവ്യങ്ങളാ-
മാഭരണാദികളും ധരിച്ചു ദീപിച്ചേറ്റം
സൽക്കാരംചെയ്തീടിനാരത്യർത്ഥം സുഹൃജ്ജനം
തല്ക്ഷ്യമവക്കെല്ലാം സാധിപ്പിച്ചനുദിനം
ഭക്ഷ്യതാം പുനരപി ഭുജ്യതാം യഥാസുഖം
വക്ഷ്യതാം ബഹുവിധം രമ്യതാമിഹൈവ മേ
പീയതാം യഥാകാമം ഗീയതാമുച്ചൈസ്തരം
നീയതാമിതി ഗേഹേഗേഹേ കേൾക്കായി വാക്കും
തത്രതത്രൈവ പാനമത്തചിത്തന്മാരവ-
രെത്രയും വിഹരിച്ചു കഴിഞ്ഞു പലകാലം;
ഹിരണ്യകശിപുതൻ കലത്തിൽ വന്നു മുന്നം
പിറന്ന നികുംഭന്തൻ പുത്രന്മാരായുണ്ടായ
സുന്ദോപസുന്ദന്മാരും ദൈത്യവാഹിനിയുമായ്
വിണ്ണവർപുരംപുക്കു ദേവേന്ദ്രാദികളേയും
വെന്നുടനാട്ടിക്കളഞ്ഞീടിനാരവർകളും
ചെന്നു പുക്കിതു വിധാതാവുതന്നുടെ ലോകം

ഏറ്റം ദീപിച്ചു=ഏറ്റവും വിളങ്ങി. അത്യുത്ഥം=ഏറ്റവും. ഭക്ഷ്യതാം=ഉണ്ടുകൊൾവിൻ. ഭുജ്യതാം=തിന്നുകൊൾവിൻ. വക്ഷ്യതാം=പറഞ്ഞുകൊൾവിൻ. രമ്യതാം=കളിച്ചുകൊൾവിൻ. പീയതാം=കുടിച്ചുകൊൾവിൻ. ഗീയതാം=പാടിക്കൊൾവിൻ. ഉച്ചൈസ്തരം=ഏറ്റവും ഉറക്കെ. നീയതാം=കൊണ്ടുപോയിക്കൊൾവിൻ. ഗേഹേ ഗേഹേ=എല്ലാ ഗൃഹത്തിലും. തത്ര തത്രൈവ=അവിടെയവിടെ. പാനമത്തചിത്തന്മാർ=കുടിച്ചുമദിച്ചവർ. വിഹരിച്ചു=കളിച്ചു. ദൈത്യവാഹിനി=അസുരസൈന്യം. വിണ്ണവർപുരം=സ്വർഗ്ഗം. വിധാതാവ്=ബ്രഹ്മാവ്.

ദന്ദശൂകന്മാരെയും ജയിച്ചു പാതാളവും
ചെന്നവർ ജയിച്ചിതു സമുദ്രദ്വീപങ്ങളും
ംലേച്ഛജാതികളേയും ജയിച്ചു വശത്താക്കി
വാച്ച ശൌര്യേണ ഭൂമി ജയിപ്പാനൊരുമ്പെട്ടാർ
യാഗാദികർമ്മങ്ങളുമൊക്കവേ മുടക്കിനാർ
ശോകംപൂണ്ടിതു മുനിവൃന്ദവും ദ്വിജന്മാരും
കൃഷിഗോരക്ഷാദിയും മുടക്കീ കൃപാഹീന-
മൂഷികഥംതന്മേ വധിച്ചീടിനാർ മടിയാതെ
പിതൃകർമ്മവും ദേവപൂജയുമില്ലാതെയായ്
ദിതിജപ്രവരന്മാരടക്കീ ഭൂചക്രവും
ലോകവാസികളേയുമൊക്കവേയാട്ടിക്കള-
ഞ്ഞേകമാനസന്മാരായവർകളിരുവരും
പർവ്വതവനഗ്രാമനഗരദ്വീപാന്തരേ
സർവ്വദാ ദിവ്യാംഗനമാരുമായ് ക്രീഡിക്കയും
രത്നഭൂതങ്ങളെല്ലാമടക്കിക്കൊണ്ടു ദേവ-
പത്നികളേയുമാട്ടിപ്പിടിച്ചുകൊണ്ടാരല്ലോ;
താപസപ്രവരരുമംബരചാരികളും
താപമുൾക്കൊണ്ടു പുരുഹൂതാദിദേവകളും
സത്യലോകത്തെ പ്രാപിച്ചെത്രയും ഖിന്നന്മാരായ്
ചിത്തതാപം പൂണ്ടേറമത്തലായാപത്തുകൾ

ദന്ദശൂകന്മാർ=സർപ്പങ്ങൾ. ദിതിജപ്രവരന്മാർ=അസുരശ്രേഷ്ഠന്മാർ. ഭൂചക്രം=ഭൂമണ്ഡലം. ദിവ്യാംഗനമാർ=ദിവ്യസ്ത്രീകൾ. രത്നഭൂതങ്ങൾ=ഉൽകൃഷ്ടവസ്തുക്കൾ. അംബരചാരികൾ=ദേവന്മാർ. പുരുഹൂതൻ=ദേവേന്ദ്രൻ.

അംബുജസംഭവനോടറിയിച്ചതുനേര-
മംബരചാരികളോടരുളിച്ചെയ്ത ദേവൻ
"വിശ്വസിച്ചാലും മമ വചനം വൈകാതെ ഞാൻ
നിശ്ശേഷപരിതാപം നിങ്ങൾക്കു തീർത്തീടുവൻ"
വിശ്വകർത്താവുതാനുമുൾക്കാമ്പിൽ നിരൂപിച്ചു
വിശ്വകർമ്മാവുതന്നെ വിളിച്ചു നിയോഗിച്ചു
"നിർമ്മലമായ രൂപലാവണ്യത്തോടുമിപ്പോൾ
നിർമ്മിക്കവേണമൊരു തരുണീരത്നത്തെ നീ"
വിശ്വകർമ്മാവും നമസ്കരിച്ചു ധാതാവിനെ
വിശ്വമോഹനമായ നാരീരൂപവും തീർത്തു
മാനുഷകലർന്നുള്ള മോഹനവസ്തുക്കളി-
ലോരോരോ തിലത്തോളമെടുത്തു സാരാംശത്തെ
മേളിച്ചുകൊണ്ടുരുക്കുട്ടിത്തീർത്തോരു ദിവ്യരൂപം
പാരിച്ചോളം ജഗന്മനോമോഹനതരമല്ലോ
അദ്ഭുതമായ പദാർത്ഥങ്ങൾ സമ്പാദിച്ചതി-
ലുല്പന്നമായ സാരാംശം കടഞ്ഞെടുത്തിതു
ശില്പമായൊരു തിലമാത്രമങ്ങതുകൊണ്ടു
കല്പിതമായ രൂപം പൂർണ്ണമായതുനേരം
ഉല്പലോദ്ഭവൻ തിലോത്തമയെന്നിട്ടു പേരു-
മല്പഭാഷിണികളാം മറുള്ളവർ നാണംപൂണ്ടാർ

അംബുജസംഭവൻ, വിശ്വകർത്താവ്=ബ്രഹ്മാവ്. വിശ്വകർമ്മാവ്=ദേവശില്പി. മോഹനവസ്തുക്കൾ=സുന്ദരവസ്തുക്കൾ. തിലം=എള്ള്. ഉല്പലോദ്ഭവൻ=ബ്രഹ്മാവ്. അല്പഭാഷിണികൾ=സുന്ദരിമാർ.

ഉല്പലോത്ഭവയായ ലക്ഷ്മിയും രുദ്രാണിയും
കർപ്പൂരശുഭ്രഗാത്രിയാകിയ ഭാരതിയും
ദുഷ്പകപ്രാണനാഥയാകിയ രതിതാനും
ദുഷ്പുമാക്കാമിലേറുമപ്സരഃസ്ത്രീവർഗ്ഗവും
സുപ്പ്രഭാഷണപ്രിയയാകിയ ഗംഗതാനും
സുപ്രഭാംഗിയെക്കണ്ടു മോഹിച്ചാരസ്യയായ;
വിശകമ്മാവുതാനും വിസ്മയപ്പെട്ടാനേറ്റം
വിശകത്താവും തലകുലുക്കിത്തുക്കണ്ണൊത്തു;
കണ്ടൊരു പുരുഷന്മാക്കുണ്ടായ പരവശം
തണ്ടലർബാണന്താനും മുഴുവനറിഞ്ഞീല
കുണ്ഠനായിതു നീലകണ്ഠനുമതുനേരം (ച്ചാൻ
കൊണ്ടൽനേർവർണ്ണൻതാനും കൊണ്ടാടിപ്രശംസി
ധാതാവു തിലോത്തമയോടരുൾചെയ്തിടിനാൻ
"ഏതുമേ മടിയാതെ നീയൊരു കായ്മ വേണം
സുന്ദരത്രുപേ! പോയീടേണം വൈകാതെ മെല്ല
സുന്ദോപസുന്ദാസുരേന്ദ്രന്മാരുള്ളവിടെ നീ
നിന്നുടെ ത്രുപശോഭാലാവണ്യംകൊണ്ടു തയോ-
രന്യോന്യവിരോധവുമുണ്ടാക്കിച്ചമയ്ക്കേണം
നിന്നാലേ സാദ്ധ്യമിനിദ്ദേവകളുടെ കായ്മ
പിന്നെ നീ വൈകാതെകണ്ടിങ്ങുപോരിക ബാലേ!"

ഉല്പലോത്ഭവ=താമരയിൽനിന്നുണ്ടായവൾ. രുദ്രാണി=പാർവ്വതി. കർപ്പൂരശുഭ്രഗാത്രി=കർപ്പൂരംപോലെ വെളുത്ത ശരീരമുള്ള. ഭാരതി=സരസ്വതി. ദുഷ്പകപ്രാണനാഥ=കാമദേവന്റെ ഭാര്യ സുപ്പ്രഭാഷണപ്രിയ=ശിവപത്നി. സുപ്രഭാംഗി=നല്ല ശോഭയുള്ള ശരീരത്തോടുകൂടിയ തിലോത്തമ പരവശം=ദുഃഖം. തണ്ടലർബാണൻ=കാമൻ. തയോഃ=അവർക്കു രണ്ടാൾക്കും.

ലോകേശനിയോഗവും കയ്യേറ്റുണ്ട തിലോത്തമ
നാകേശകുലത്തേയും ചെയ്തടൻ പ്രദക്ഷിണം
ആകാശമാർഗ്ഗേ മന്ദമന്ദം പോയ്ച്ചെല്ലുന്നേരം
പാകശാസനവൈരിമാരെയും കാണായ്വന്നു
ഗന്ധമാല്യാലങ്കൃതമാരായ് നത്തകീജന-
മന്തികേ പാടിക്കുത്താട്ടന്നതും കണ്ടുകണ്ടു
ഭക്ഷ്യഭോജ്യങ്ങളോടും സേവകജനത്തോടും
പുഷ്ടലമായ ഭോഗത്തോടുമന്യോന്യം ചേന്നു
ഹൃദ്യമായീടുന്നോരു മദ്യപാനവും ചെയ്ത-
ങ്ങുദ്യാനദേശേ വിന്ധ്യസാനുനി ശിലാതലേ
സ്നിഗ്ധമായീടുന്ന ഭദ്രാസനേ വാഴുന്നേരം
മുഗ്ധയായോരു തിലോത്തമയും മന്ദമന്ദം
രക്തവസ്ത്രവുംപൂണ്ടു മുക്താഹാരാദികളും
രക്തമാല്യാനുലേപനാദിയുമലങ്കരി-
ച്ചെത്രയും മനോഹരമായോരു വേഷത്തോടും
ചിത്രമായിരിപ്പോരു മന്ദസഞ്ചാരത്തോടും
കണ്ണികാരവുമുത്തുന്നതസ്തനങ്ങളും
തനുഭംഗി മദ്ധ്യേമദ്ധ്യേ ചെറുതു കാട്ടിക്കാട്ടി
നിന്നുമെങ്ങൊട്ടു ചെന്നും മെല്ലവേ കടാക്ഷിച്ചും
പിന്നെയുമിടയിടെപ്പിൻനോക്കി വാങ്ങിപ്പോന്നും

ലോകേശൻ=ബ്രഹ്മാവ്. നാകേശകുലം=ദേവസമൂഹം. പാകശാസനവൈരിമാർ=അസുരന്മാരായ സുന്ദോപസുന്മന്മാർ. പുഷ്ടലം=വർദ്ധിച്ചത്. ഭോഗം=സുഖം. വിന്ധ്യസാനുനി=വിന്ധ്യപർവ്വതതടത്തിൽ മുഗ്ധ=സുന്ദരി. രക്തവസ്ത്രം=ചുവന്നപട്ട്. മുക്താഹാരം=മുത്തുമാല. മാല്യാനുലേപനാദി=മാല ചന്ദനം തുടങ്ങിയത്. ചിത്രം=മനോഹരം. കണ്ണികാരം=കണികൊന്നപ്പൂവ്.

വാഹിനീതീരേ വിളയാടുന്ന നാരീമണി-
മോഹനരൂപം കണ്ടു സുന്ദോപസുന്ദന്മാരും
കാഞ്ചനചഷകവും വെടിഞ്ഞു സസംഭ്രമം
വാഞ്ഛയാ മതിമറന്നസുരപ്രവരന്മാർ
ചാഞ്ചാടിച്ചെന്നാരവിന്തന്നുടെ മുൻപിലൊരു
ചാഞ്ചല്യം കലർന്നതിൽ സുന്ദനാം ജ്യേഷ്ഠനപ്പോൾ
ദക്ഷിണകരം പിടിച്ചീടിനാനുപസുന്ദൻ
ദക്ഷിണേതരകരത്തപ്പൊഴേ പിടിപെട്ടാൻ;
മത്തചിത്തന്മാരായ ദൈത്യന്മാരവളുടെ
ഹസ്തപങ്കജം രണ്ടും പിടിച്ച നില്പുനേരം
സുന്ദനുമുപസുന്ദനുന്നോട്ട ചൊല്ലീടിനാൻ
"സുന്ദരിയാകുമിവളെനുടെ ഭാര്യയല്ലോ
നിനുടെ ഗുരുഭ്രുതയാകുന്നതോർത്തീടിവിധം-
തനുടെ കരാംബുജമയച്ചു ദൂരെപ്പോ നീ"
എന്നതു കേട്ടനേരമുപസുന്ദനും ചൊന്നാൻ
"എനുടെ ഭാര്യയിവിധം കൈത്തളിരയച്ചാലും
ചിന്തിച്ചീടുകിൽ വധുവായ്വരും ഭവാനിവ-
ളെന്തറിയാതെ കാട്ടീടുന്നിതന്ധതയാലേ?
എനുടെ ഭാര്യയിവിധം മറവുള്ളതെല്ലാം ഭവാ-
നന്യായം കാട്ടീടാതെ കയ്യയച്ചീടു"കെന്നാൻ
"മൂന്നു ലോകത്തും ജ്യേഷ്ഠനുടയതല്ലോ ധന-
ധാന്യരത്നാദികളുമെനിക്കു വേണ്ടയല്ലോ

വാഹിനീതീരേ=പുഴവക്കത്ത്. കാഞ്ചനചഷകം=പൊൻതളിക ദക്ഷിണകരം=വലത്തു കൈ. ദക്ഷിണേതരകരം=ഇടത്തെ കൈ. വധു=പുത്രഭാര്യ.

ദൈവാനുഗ്രഹങ്കൊണ്ടിന്നെനിക്കു കിട്ടിയോരു
പാവ്വണശശിമുഖിതന്നെയിങ്ങയയ്ക്കേണം"
"എങ്ങനെ കിട്ടി നിനക്കെന്നതു പറയേണം
തിങ്ങിന മദംകൊണ്ടു പേപറയായ്കവേണം"
"അങ്ങുള്ള മദത്തേക്കാളേറയില്ലെനിക്കേതു-
മംഗനാരത്നത്തെ ഞാനയയ്ക്കയില്ലയെന്നും"
"നീയയച്ചീടേണമോ മൽപ്രണയിനിതന്നെ
പേയായ വാക്കു പറയാതെ കയ്യയയ്ക്ക നീ"
"പേയല്ല പറയുന്നതേതും ഞാനെന്റെ ജീവ-
നായികയുടെ കരം പിടിപ്പാനെന്തു മൂലം?"
"ജീവനായികയുണ്ടോ നിനക്കെ"ന്നാശു സുന്ദ-
നാവോളം വേഗാൽ ഗദയെടുത്താനൊരു കയ്യാൽ
സോദരൻതാനും ഗദയെടുത്താനൊരു കയ്യാൽ
ക്രോധംപൂണ്ടിരുവരുമന്യോന്യം പ്രഹരിച്ചാർ;
തല്ലുകൊണ്ടവനിയിൽ വന്മലപോലെ വീണാ-
രല്ലോ സുന്ദനുമുപസുന്ദനുമതുനേരം
അന്തകപുരിപുക്കാരപ്പൊഴേ ദേവാരികൾ
സന്തോഷംവന്നു ജഗദ്വാസികൾക്കതുമൂലം
സന്താപത്തോടെ പരിവാരകന്മാരും പോയാർ
സന്ധിപ്പിച്ചിതു തിലോത്തമയും ദേവകാര്യം;
പാതാളം പുക്കീടിനാർ മറവുള്ള ദൈത്യന്മാരും
പാഥോജഭവനനുമിന്ദ്രാദിദേവകളും

പാവ്വണശശിമുഖി=പൂർണ്ണചന്ദ്രമുഖി. പാഥോജഭവനൻ=ബ്രഹ്മാവ്.

പ്രീതിപൂണ്ടനുഗ്രഹം കൊടുത്തു തിലോത്തമ-
യ്ക്കാദരാൽ സൂര്യപഥം പ്രാപിച്ചാളവൾതാനും;
ഇന്ദ്രനുമടക്കിവാണീടിനാൻ ത്രിഭുവനം
നന്ദിച്ചു സത്യലോകം പുക്കിതു വിരിഞ്ചനും.

ശ്രീമഹാഭാരതം.

സൂര്യപഥം=ആകാശം. വിരിഞ്ചൻ=ബ്രഹ്മാവ്.

വിപ്രകീർണ്ണം

കുംഭകർണ്ണോപദേശം

സീതയെ രാമനു നൽകുകെന്നിങ്ങനേ
സോദരൻ പെന്നാനതിനു കോപിച്ചു നീ
ആട്ടിക്കളഞ്ഞതു നന്നുനന്നോത്തുകാൺ
നാട്ടിൽ നിന്നാശു വാങ്ങീ ഗുണമൊക്കവേ;
നല്ലവണ്ണം വരുംകാലമല്ലെന്നതും
പൊല്ലാമതുകൊണ്ടതും കുറമല്ലെടോ!
നല്ലതൊരുത്തരാലും വരുത്താവത-
ല്ലല്ലൽ വരുത്തുമാപത്തണയുന്ന നാൾ;
കാലദേശാവസ്ഥകളും നയങ്ങളും
മൂലവും വൈരികാം കാലവും വീര്യവും
ശത്രുമിത്രങ്ങളും മദ്ധ്യസ്ഥപക്ഷവു-
മത്ഥപുരുഷകാരാദിഭേദങ്ങളും
നാലുപായങ്ങളുമാറു നയങ്ങളും
മേലിൽ വരുന്നതുമൊക്കെ നിരൂപിച്ചു
പത്ഥ്യം പറയുമമാത്യനൊരെങ്കിലോ
ഭർത്തുസൌഖ്യം വരും കീർത്തിയും വർദ്ധിക്കും;
ഇങ്ങനെയുള്ളോരമാത്യധർമ്മം പെടി-
ഞ്ഞെങ്ങനേ രാജാവിനിഷ്ടമെന്നാലതു
കണ്ണ്സുഖം വരുമാറു പറഞ്ഞുകൊ-
ണ്ടനവഹമാത്മാഭിമാനവും ഭാവിച്ചു

അത്ഥപുരുഷകാരാദി=ധനം പൌരുഷം തുടങ്ങിയത്. നാലുപായങ്ങളും=സാമദാനഭേദദണ്ഡങ്ങളും. ആറു നയങ്ങളും=സന്ധിവിഗ്രഹയാനാസനദ്വൈധീഭാവസമാശ്രയങ്ങളും.

മൂലവിനാശം വരുമാറു നിത്യവും
മൂഢരായുള്ളോരമാത്യജനങ്ങളിൽ
നല്ലതു കാകോളമെന്നതു ചൊല്ലുവോ-
രല്ലൽ വിഷമുണ്ടവക്കെന്നിയില്ലല്ലോ.

* * *

നമ്മുടെ വംശത്തിനും നല്ല നാട്ടിനു-
മുന്മൂലനാശം വരുത്തുവാനായല്ലോ
ജാനകിതന്നിലൊരാശയുണ്ടായതും
ഞാനറിഞ്ഞേനതു രാത്രിഞ്ചരാധിപ!
ഇന്ദ്രിയങ്ങൾക്കു വശനായിരിപ്പവ-
നെന്നുമാപത്തൊഴിഞ്ഞില്ലെന്നു നിർണ്ണയം
ഇന്ദ്രിയഗ്രാമം ജയിച്ചിരിക്കുന്നവ-
നൊന്നുകൊണ്ടും വരാ ന്യൂനമാപത്തുകൾ;
നല്ലതല്ലെന്നതറിഞ്ഞിരിക്കേ ബലാൽ
ചെല്ലുമൊന്നിങ്കലൊരുത്തനഭിരുചി
പൂർവ്വജന്മാർജ്ജിതവാസനയാലതി-
നാവതല്ലേതുമതിൻ വശനായ്വരും;
എന്നാലതിങ്കൽ നിന്നാശു മനസ്സിനെ-
ത്തന്നുടെ ശാസ്ത്രവിവേകോപദേശങ്ങൾ-
കൊണ്ടു വിധേയമാക്കിക്കൊണ്ടിരിപ്പവ-
നുണ്ടോ ജഗത്തിങ്കലാരാനുമോർക്ക നീ;
മുന്നം വിചാരകാലേ ഞാൻ ഭവാനോടു
തന്നോ പറഞ്ഞതില്ലേ ഭവിഷ്യൽഫലം?

അമാത്യജനങ്ങളിൽ=മന്ത്രിമാരേക്കാൾ. കാകോളം=വിഷം.
ഇന്ദ്രിയഗ്രാമം=ഇന്ദ്രിയസമൂഹം. വിധേയം=സ്വാധീനം.
ഭവിഷ്യൽഫലം=ഭാവിഫലം.

ഇപ്പോളുപഗതമായ്വന്നതീശ്വര-
കല്പിതമാക്കും തടുക്കാവതല്ലല്ലോ.

അദ്ധ്യാത്മരാമായണം.

കചനും ദേവയാനിയും

ആയിരത്താണ്ടു കചനിങ്ങനെ വാസംചെയ്തി-
ട്ടാചായ്യനിയോഗത്താൽ പോവാനായ്പുറപ്പെട്ടാൻ,
ആയതമിഴിയാളാം ദേവയാനിയുമപ്പോ-
ളാതുരയായാഥം കചൻതന്നുടെ വിയോഗത്താൽ
"എന്തെടോ! തുടങ്ങുന്നതെന്നെ നീ വെടിയായ്ക
സന്തതമായിരത്താണ്ടൊരുമിച്ചിരുന്നിട്ടും
കണ്ടിട്ടില്ലെന്ന ഭാവം കണ്ടിതു നിനക്കിപ്പോ-
ളിണ്ടലുണ്ടതുകൊണ്ടു പാരമെന്നുടെയുള്ളിൽ;
ഇന്നിന്നു കഴിഞ്ഞീടും നിന്നുടെ വ്രതമെന്ന-
തെന്നുള്ളിൽ നിരൂപിച്ചു പാർത്തു ഞാനിത്രനാളും
ഇന്നിപ്പോഥം നീയോ പോവാനായല്ലോ പുറപ്പെട്ടി-
തെന്നോടു യാത്രപോലും ചൊല്ലുവാൻ ഭാവിച്ചീലാ;
നിന്നോടു പിരിഞ്ഞുഞാനെങ്ങനെ പൊറുക്കുന്നു
എന്നെ നീ പരിഗ്രഹിച്ചീടേണം മടിയാതെ
ആഭിജാത്യവും വയോരൂപലാവണ്യവിദ്യാ-
ശോഭയും നിരൂപിക്ക നമ്മിലെ രാഗങ്ങളും"

ഉപഗതം=വന്നുചേർന്നത്. ആചായ്യനിയോഗം=ശുക്രാചാര്യന്റെ അനുവാദം. ആയതമിഴിയാഥം=നീണ്ട കണ്ണുള്ളവൾ —സുന്ദരി. ആതുര=സങ്കടപ്പെട്ടവൾ. വ്രതം=ബ്രഹ്മചര്യവ്രതം. പരിഗ്രഹിച്ചീടേണം=സ്വീകരിക്കണം. ആഭിജാത്യം=കുലീനത.

ഇത്തരം കേട്ടു കമനനുത്തരമുരചെയ്താ-
നുത്തമകുലസ്ത്രീയാം ദേവയാനിയോടപ്പോൾ
"നിർമ്മലഗുണാകരേ നീതിസമ്മതവരേ!
സൻമൃദുകളേബരേ സാരസ്യപാരാവാരേ!
കന്യകാജനവരേ കാമുകമനോഹരേ!
ധന്യേ സൌജന്യാധാരേ കോരകസ്തനഭരേ!
ബന്ധുരതപോധരേ ബന്ധൂകസമാധരേ!
മന്ഥരവിലോമനേ ശീതാംശുബിംബാനനേ!
ഹന്ത നീ മിന്തിച്ചതിനന്തരം പെരികെയു-
ണ്ടെന്തതെന്നുരചെയ്യാം പന്തൊക്കുംമുലയാളേ!
നിന്നെ ഞാൻ പരിഗ്രഹിച്ചീടുകയെന്നുള്ളതും
നന്നല്ല ഗുരുപുത്രിയല്ലോ നീ മനോഹരേ!"
"ഏതുമേ ദോഷമില്ലാ ചെയ്താലു"മെന്നാളവ-
"ളേതുമേ പറയേണ്ട ചെയ്തായി"ല്ലെന്നു കമൻ
"നിന്നെപ്പണ്ടസുരകൾ രണ്ടുമൂന്നുടെ കൊന്നാർ,
അന്നു ഞാനല്ലോ നിന്നെജ്ജീവിപ്പിച്ചതുമെടോ!
അങ്ങനെയുള്ളോരെന്നെനിർമ്മൂലംവെടികിൽഞാ-
നെങ്ങനെ പൊറുക്കുന്നു ദുഷ്ടത കാട്ടീടൊല്ലാ"
"ദുഷ്ടതയല്ലാ ചൊൽവനൊട്ടുമേ കേട്ടാലും നീ
മട്ടോലുംമൊഴിയാളേ! ധർമ്മത്തെ നിരൂപിക്ക
എന്നെ നീയുണ്ടാക്കുവാൻ കാരണമെങ്കിലിപ്പോ-
ളെന്നുടെ മാതാവെന്നു വന്നീടുമതുകൊണ്ടും

സാരസ്യപാരാവാര=സരസതയ്ക്കു കടലായിട്ടുള്ളവൾ. കോരകം=മൊട്ട്. ബന്ധൂകസമാധര=ചെമ്പരുത്തിപ്പൂപോലെ തുടുത്ത ചുണ്ടുള്ളവൾ. ശീതാംശുബിംബാനന=ചന്ദ്രബിംബമുഖി. മട്ടോലും=തേനൊഴുകുന്ന.

പിന്നെ ഞാൻ നിന്റെ താതന്നുടെ ജഠരത്തിൽ
നിന്നല്ലോ പിറന്നതുമെന്നതു നിരൂപിച്ചാൽ
എന്നുടെ ഭഗിനിയായ്വന്നീടും മനോരമ്യേ!
ഒന്നുകൊണ്ടുമേയരുതിന്നു നീ പറഞ്ഞതു,
നന്നായിട്ടനുഗ്രഹിച്ചീടുകെന്നതേ വേണ്ടൂ
നിന്നെക്കാണ്മതിന്നുഞാൻ വൈകാതെ വന്നീടുവൻ
നാമിരുവരുംകൂടി ക്രീഡിച്ചു വസിച്ചതോ
നാമിരുവരുമുള്ള കാലത്തും മറക്കുമോ?
ഖേദവുമടക്കി നീ യാത്രയുമയയ്ക്കണം
മോദേന പിതാവിനെശ്ശുശ്രൂഷിച്ചിരിക്കെടോ!"
എന്നിതു ബൃഹസ്പതിനന്ദനൻ പറഞ്ഞപ്പോൾ
കണ്ണുനീർ തൂകിനിന്നു ദേവയാനിയും പൊന്നാൾ
"ഏറിയോരനുരാഗത്തോടു വന്നപേക്ഷിച്ച
നാരിതന്നഭിമതം നൽകാത പുരുഷന്മാർ
ഘോരമാം നരകത്തിൽ വീഴുവോരെന്നു കേൾപ്പു
സാരനാകിയ നിന്നോടെന്തിനു പറയുന്നു?
പാരാതെ വെടിഞ്ഞു നീ ദൂരമേ പോയീടുകിൽ
പാരിതിലിരുന്നതു പോരുമെന്നതേ വേണ്ടൂ,
പാരമായുള്ളോരനുരാഗവാത്സല്യാദികം
പാരമാർത്ഥ്യവുമറിഞ്ഞല്ലോ നീയിരിക്കുന്നു,
ആരുവാർമുലപുണർന്നീടുവാൻ നിനക്കകം
താരിലില്ലഭിരുചിയെന്നു വന്നീടുന്നാകിൽ
ആരുടെയുമാപത്തെല്ലാമാരോടു പറയൂ ഞാൻ
മേരുവൻ പോലോകത്തില്ല സംശയമേതും,

ഭഗിനി=സോദരി. ബൃഹസ്പതിനന്ദനൻ=കചൻ. സാധൻ=പണ്ഡിതൻ. ആരുവാർ=മുത്തുമാലകൊണ്ട് ഭംഗിയുള്ള.

മാരുതകലന്ന നീ ധീരത കളഞ്ഞാലും
മാരേ വന്നാലുമതിദൂരെ നില്പായ്ക സഖേ!
മേരാതൊരവസ്ഥ ഞാൻ ചൊല്ലുകയില്ലയല്ലോ
മേരായ്വാനവകാശമെന്തതു നിനക്കിപ്പോൾ,
സാരസം വിരിയുന്ന നേരത്തെപ്പാത്തുപാത്തു
പാരാതെ മധുപാനം ചെയ്തീടും മധുപന്മാർ"
വൈരസ്യം കലർന്നേവം പാരുഷ്യവാക്കു കേട്ടു
സാരസ്യംപാരമുള്ള ഗീഷ്പതിസുതൻ ചൊന്നാൻ
"ആലസ്യമുണ്ടാകേണ്ടാ വൈദുഷ്യം കലർന്നു നീ
കാലുഷ്യം കളയേണം കാവ്യനന്ദനേ ബാലേ!
കാമിച്ചീടരുതേറെ നാരിമാർ പുരുഷരെ
പ്രേമത്താലല്ലോ നാശമെല്ലാർക്കും വന്നുകൂടി
(ധർമ്മാർത്ഥകാമമോക്ഷം നാലിനും വിരോധങ്ങൾ
തമ്മിൽ വാരാതെകണ്ടു സാധിച്ചുകൊൾകേയാവൂ
ധർമ്മത്തെയുപേക്ഷിച്ചോരർത്ഥകാമങ്ങൾ വേണ്ടാ
ധർമ്മത്തെക്കൊതിച്ചർത്ഥകാമവും കളയേണ്ടാ
ധർമ്മകാമങ്ങൾവെടിഞ്ഞർത്ഥവുമുണ്ടാക്കേണ്ടാ
ധർമ്മാർത്ഥങ്ങളെ വെടിഞ്ഞുള്ള കാമവും വേണ്ടാ
തങ്ങളിൽ വിരുദ്ധമായിരിക്കുമിവ മൂന്നും
മംഗലശീലേ നിന്നോടെന്തിനു പറയുന്നു?
ധർമ്മത്തെസ്സാധിക്കുമ്പോളർത്ഥകാമങ്ങളും പോം
ധർമ്മകാമങ്ങളും പോമർത്ഥത്തെസ്സാധിക്കുമ്പോൾ
കാമത്തെസ്സാധിക്കുമ്പോളർത്ഥധർമ്മങ്ങളും പോം)
കാമിനിയായ നിയുമിതിനു പുറപ്പെട്ടാൽ


സാരസം=താമര. മധുപന്മാർ=വണ്ടുകൾ. വൈദുഷ്യം=പാണ്ഡിത്യം. കാവ്യനന്ദന=ശുകപുത്രി.

ഈശ്വരനേയും ഗുരുവാകും നിന്നച്ഛനേയും
ശാശ്വതമായ ധർമ്മംതന്നെയും പേടിക്കേണം,
ഞാനിതു ചെയ്കയില്ല പോയാലുമകത്തിപ്പോൾ
ജ്ഞാനമോ നിന്നോളമിന്നാർക്കുമേയില്ലയല്ലോ”
പണ്ഡിതനായ കണ്വൻ ഖണ്ഡിച്ചു പറഞ്ഞപ്പോൾ
കുണ്ഡത്തിലാജ്യംവീണ കണക്കേ ദേവയാനി
കുണ്ഡലമണ്ഡിതമാം ഗണ്ഡമണ്ഡലലസൽ-
തുണ്ഡവും പ്രചണ്ഡമാമുന്നതസ്തനങ്ങളും
കണ്ണുനീർകൊണ്ടു നനച്ചംഗവും വിയത്തവൾ
കണ്ണുകൾ ചുവപ്പിച്ചു ദേഹവും വിറപ്പിച്ചു
ചണ്ഡദീധിതിയുടെ മണ്ഡലം പൊങ്ങുംപോലെ
ചണ്ഡിക മഹിഷനെക്കണ്ടതുനേരംപോലെ
തന്നുടെ മനോരഥം വാരാഞ്ഞു കോപംപൂണ്ടു
“നിന്നുടെ വിദ്യയെല്ലാം നിഷ്ഫലമാക”യെന്നാൾ;
“മന്മഥാതുരയായ നിന്നുടെ ശാപമുണ്ടോ
ധർമ്മതൽപരനായോരെനിക്കിങ്ങേറീടുന്നു?
എന്നെ നീ ശപിച്ചതു കേട്ടു ഞാൻ പോകയില്ലാ
നിന്നെയുമിന്നു ശപിച്ചീടുവ”നെന്നു കണ്വൻ
“നിന്നുടെ മനോരഥമിന്നു തൊട്ടൊരു നാളും
വന്നുകൂടായ്കയതുമെങ്ങനെയെന്നു കേൾ നീ

കുണ്ഡം=അഗ്നികുണ്ഡം. ആജ്യം=നെയ്യ്. ഗണ്ഡമണ്ഡല
ലസൽതുണ്ഡം=കവിൾത്തടംകൊണ്ടു ശോഭിക്കുന്ന മുഖം. പ്ര
ചണ്ഡം=വ്യാപിയത്. ചണ്ഡദീധിതി=സൂര്യൻ. മഹിഷൻ=മഹി
ഷാസുരൻ. മനോരഥം=ആഗ്രഹം. മന്മഥാതുര=കാമപരവശ.

14237

ആരണരായുള്ളോരും മാമുനിമാരും നിന്നെ-
യാരുമേ കയ്ക്കാള്ളായ്ക”യെന്നരചെയ്യ കമൻ
വിണ്ണവർപുരം പുക്കു വിദ്യയും പഠിപ്പിച്ചാൻ
വന്നിതാനന്ദം തന്റെ താതനും ദേവകഠിക്കും.



ആരണർ=ബ്രാഹ്മണർ. വിണ്ണവർപുരം=സ്വർഗ്ഗം.




കേരള സാഹിത്യ
അക്കാദമി



അർത്ഥം നിറഞ്ഞുതുളുമ്പുന്ന പദങ്ങളും പദങ്ങളുടെ സന്നിവേശവിശേഷംകൊണ്ടു പരമാവധി അർത്ഥം സ്ഫുരിപ്പിക്കുന്ന വാക്യങ്ങളും പ്രായേണ വ്യാപ്തമായിക്കാണാം. എന്നാൽ ഒരു ടിക്കിലും ലാഘവത്തിന്റെ ഛായപോലും ഉണ്ടായിരിക്കയുമില്ല. ഇങ്ങനെയുള്ള ഭാഷാപ്രവാഹത്തിൽ ചിലടത്തു ശബ്ദശക്തി സ്ഫടികപാത്രംപോലെ പരിണമിച്ചു വിവിധരശ്മികളെ ചിതറുന്നതായും കാണാം.....

ദ്രാവിഡവൃത്തങ്ങളേയും സംസ്കൃതസാഹിത്യത്തേയും അദ്ദേഹം (എഴുത്തച്ഛൻ) സംഘടിപ്പിച്ചു. സംസ്കൃതഭാഷയേയും മലയാളഭാഷയേയും അദ്ദേഹം സംയോജിപ്പിച്ചു. അഭ്യാഹമണക്കു് അഭിഗമ്യമല്ലെന്നുള്ള ഭാവനയാ ബന്ധിച്ചിരുന്ന കവാടങ്ങളെ അദ്ധ്യാത്മജ്ഞാനസമ്പാദനത്തിനു് അദ്ദേഹം തുറന്നു.

.....സദാചാരനിഷ്ഠയ്ക്കു് അചഞ്ചല സങ്കേതങ്ങളായ മഹനീയസാഹിത്യാധിഷ്ഠാനഭൂമികളെ അദ്ദേഹം കേരളീയർക്കു സമ്പാദിച്ചുകൊടുത്തു."

സാഹിത്യപഞ്ചാനനൻ

പി. കെ. നാരായണപിള്ള